


ചിത്രമെഴുത്ത് കെ.എം.വറുഗീസ്

കെ. വി. മാമ്മൻ

WWW.POWATHIKUNNEL.COM

ചിത്രമെഴുത്ത്
കെ. എം. വറുഗീസ്

(ജീവചരിത്രം)

(Chithramezhuthu K. M. Varughese — A Biography)

കെ. വി. മാമ്മൻ

By K. V. Mammen

First published 21 July 1993 by Kottakkal Publishers, Manganam, Kottayam.
Printed at Baruch Printing House, Manganam.

This edition was re-typed from a family copy of the 1993 printing for the Powathikunnel family archive, 2026.

ചിത്രമെഴുത്ത് കെ. എം. വറുഗീസ്

(ജീവചരിത്രം)

ഗ്രന്ഥകർത്താവ്: കെ. വി. മാമ്മൻ

(റിട്ട. അസിസ്റ്റന്റ് എഡിറ്റർ, മലയാള മനോരമ, കോട്ടയം)

ഒന്നാം പതിപ്പ് — 21-7-1993

പ്രസാധകർ: കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, മാങ്ങാനം, കോട്ടയം – 18

അച്ചടി: ബാരൂക്ക് പ്രിന്റിംഗ് ഹൗസ്, മാങ്ങാനം

പകർപ്പവകാശം: ഗ്രന്ഥകർത്താവിന്

വില 45 രൂപ

www.powathikunnel.com

വിഷയവിവരം

1.	കുടുംബം	21
2.	മാതാപിതാക്കന്മാർ	61
3.	ബാല്യവും വിദ്യാഭ്യാസവും	74
4.	ഗദ്യകവി	120
5.	മശലന മറിയവും ചിത്രമെഴുത്തും	147
6.	സാഹിത്യ ലേഖനങ്ങളും ചരിത്ര കഥകളും	184
7.	രാഷ്ട്രീയ പ്രവർത്തനങ്ങൾ	212
8.	ക്രൈസ്തവ സമുദായ-സഭാ സേവനങ്ങൾ	249
9.	സഭാ പരിവർത്തനം	289
10.	ബഹുമുഖ പ്രതിഭ	306
11.	കുടുംബ ജീവിതം	333
12.	നന്ദിപ്രകടനം	349

www.powathikunnel.com

ആമുഖം

പ്രസിദ്ധ വാഗ്മിയും കേന്ദ്ര നിയമ മന്ത്രിയുമായിരുന്ന പനമ്പിള്ളി ഗോവിന്ദമേനോൻ, മുപ്പതുവർഷം മുമ്പ് കോട്ടയം തിരുനക്കര മൈതാനത്തു ചെയ്ത ഒരു പ്രസംഗത്തിൽ ''ഒരു നല്ല വക്കീലാകാൻ നിയമം ശരിക്ക് അറിഞ്ഞിരിക്കണമെന്നില്ലെന്നും, നിയമം എവിടെയാണു കിടക്കുന്നതെന്നറിഞ്ഞാൽ മതിയെന്നും'' പറഞ്ഞത് അന്നത്തെ ഒരു ശ്രോതാവായിരുന്ന ഞാൻ ഇന്നും വ്യക്തമായി ഓർക്കുന്നുണ്ട്. പ്രതിഭാധനനായിരുന്ന ചിത്രമെഴുത്ത് കെ. എം. വറുഗീസിന്റെ ജീവചരിത്ര രചനയെപ്പറ്റി ചിന്തിച്ചപ്പോൾ മഹാമേരു തുല്യനായ പനമ്പിള്ളിയുടെ ഈ അർത്ഥനിർഭരമായ വാക്കുകളാണ് എന്റെ മനസ്സിലൂടെ പെട്ടെന്നു കടന്നു പോയത്.

കഴിഞ്ഞ തലമുറയിൽ ജീവിച്ചിരുന്ന അതിപ്രഗത്ഭനായ ചിത്രമെഴുത്തിനെപ്പറ്റി കൂടുതൽ അടുത്തറിയാൻ ഇടയായില്ലെങ്കിലും വിവിധ സാഹിത്യസരണികളിലുള്ള അദ്ദേഹത്തിന്റെ അതുല്യവും അതിമനോഹരങ്ങളുമായ രചനകളും മറ്റും എവിടെയെല്ലാം സ്ഥിതിചെയ്യുന്നു എന്നും അവയുടെ അനുപമ മാഹാത്മ്യം എന്തെന്നും അന്വേഷണ — പഠന — ഗവേഷണങ്ങളിലൂടെ കുറെയെല്ലാം മനസ്സിലാക്കിയപ്പോഴാണ് മഹാനായ ആ സാഹിത്യനായകനെപ്പറ്റി വരും തലമുറയ്ക്കുവേണ്ടി ഇത്രയുമെങ്കിലും

www.powathikunnel.com

കുറിക്കണമെന്ന അദമ്യമായ അഭിലാഷം ഏതാനും വർഷം മുമ്പ് അങ്കുരിച്ചത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലെ പത്ര — മാസികകളിലും പുസ്തകങ്ങളിലും മറ്റുമായി നോക്കെത്താത്ത സാഗരോരം പോലെ കിടക്കുന്ന ചിത്രമെഴുത്തിന്റെ സാഹിത്യ സംഭാവനകളാകുന്ന രത്നഖചിത മണൽത്തരികൾ സമാഹരിക്കുക എന്ന സാഹസിക സംരംഭത്തിനു വേണ്ട സമയമോ, കഴിവോ സാമ്പത്തികശേഷിയോ ഇല്ലാതിരുന്നതിനാൽ ആ മഹാവ്യക്തി അർഹിക്കുന്ന വിധത്തിലുള്ള ഒരു ജീവചരിത്രമാണിതെന്ന് അവകാശപ്പെടാൻ ധൈര്യപ്പെടുന്നില്ല.

എന്നാൽ ഞാൻ ഉൾപ്പെട്ടു നിൽക്കുന്ന പുരാതന സമുദായവും സഭയും അതിലെ ചില നേതാക്കളും ഉന്നത ശീർഷനും തികഞ്ഞ സഭാസ്നേഹിയും കേസാകുന്ന അന്ധകാരത്തിൽ പതിച്ച സമുദായത്തിന്റെ ജീവസ്തംഭവുമായി ദീർഘനാൾ നിലനിന്ന ചിത്രമെഴുത്തിനെ അദ്ദേഹം അർഹിക്കുന്ന വിധത്തിൽ പ്രോത്സാഹിപ്പിക്കുന്നതിലോ ആദരിക്കന്നതിലോ അംഗീകരിക്കുന്നതിലോ ഒട്ടും താൽപര്യം കാണിച്ചില്ലെന്നുള്ള വസ്തുത ഇവിടെ മാപ്പിന് വകുപ്പില്ലാതെ അവശേഷിക്കുകയാണ്. അക്ഷന്തവ്യമായ ഈ അപരാധ ബോധത്തിന്റെ ഒരംശം ഓർത്തഡോക്സ് സഭയിലെ ഒരു അംഗം എന്ന നിലയിൽ സ്വയം ഏറ്റെടുത്തു കൊണ്ടുള്ളതാണ് സാഹസികമായ ഈ ജീവചരിത്രോദ്യമം എന്ന സത്യം മറച്ചു വച്ചിട്ടു കാര്യമില്ല. സഭയ്ക്കു വില മതിക്കാനാവാത്ത

സേവനം ചെയ്ത പ്രശസ്ത ചരിത്രകാരനായ സെഡ്. എം. പാറേട്ട്, 'വിശ്വദീപം' രചിച്ച മഹാകവി പുത്തൻകാവു മാത്തൻ തരകൻ, പ്രസിദ്ധകവിയായിരുന്ന കുന്നംകുളം ജോസഫ് ചെറുവത്തൂർ മുതലായവരെയും സഭയും സമുദായവും സഭാംഗങ്ങൾ നടത്തുന്ന പത്രമാസികകളും വേണ്ടവിധത്തിൽ അംഗീകരിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്തിട്ടില്ലെങ്കിലും അവരുടെ സംസ്കാര ലോപംകൊണ്ടു സാഹിത്യകാരന്മാർക്ക് ഒരു കുറവും സംഭവിച്ചിട്ടില്ല. ഈയിടെ അന്തരിച്ച മാത്തൻ തരകന്റെ ഏഴു ദശാബ്ദം നീണ്ടുനിന്ന സാഹിതീ സേവനങ്ങളെ സംസ്കാര മനസ്കരായ അക്രൈസ്തവർ നടത്തുന്ന പത്രങ്ങൾപോലും മുഖപ്രസംഗങ്ങൾ വഴി അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തപ്പോൾ ക്രൈസ്തവ മാധ്യമങ്ങൾ മുഖപ്രസംഗങ്ങൾ ഇല്ലാതെ തരകനെ തഴയുകയാണുണ്ടായത്. വിശ്വമാനവനായിത്തീർന്ന തരകന്റെ മഹത്വത്തിനു അതുകൊണ്ടൊന്നും ഇടിവു തട്ടുന്നില്ല. സഭാ ചരിത്ര ഗ്രന്ഥങ്ങളും നല്ല മാതൃക വച്ചിട്ടു കടന്നുപോയ സഭാ പിതാക്കന്മാരുടെ ജീവചരിത്രങ്ങളും മറ്റും വരും തലമുറകൾക്കു വേണ്ടി പരപ്രേരണയോ, സാമ്പത്തിക സഹായമോ, സ്ഥാനമാനങ്ങളോ, അഭിനന്ദനമോ തെല്ലും മോഹിക്കാതെ അക്ഷരത്തിലൂടെയുള്ള ഒരു മിഷനറി പ്രവർത്തനം എന്ന നിലയിൽ രചിച്ചു പ്രസിദ്ധപ്പെടുത്തുന്നവരെ ആരുംതന്നെ

www.powathikunnel.com

പ്രോത്സാഹിപ്പിക്കുന്നില്ലെന്നുള്ളതും നിർഭാഗ്യകരമായ ഒരു വസ്തുതയാണ്.

ചിത്രമെഴുത്തിന്റെ സമകാലികരിൽ കഴിവും അർഹതയുമുള്ള ആരെങ്കിലും ചെയ്യേണ്ട ഒരു ചുമതലയാണ് അദ്ദേഹത്തെ മറ്റുള്ളവരിലൂടെ മനസ്സിലാക്കുകയും അദ്ദേഹം വരച്ച പ്രശസ്തമായ ചിത്രങ്ങൾ കാണുകയും പുസ്തകങ്ങളും ലേഖനങ്ങളും മറ്റും വായിച്ചാസ്വദിക്കുകയും ചെയ്ത ഒരാളെന്ന നിലയിൽ പരിമിതികളോടുകൂടി ഞാൻ നിറവേറ്റുന്നതെന്നും അറിയാം.

മലയാള മനോരമയുടെ പത്രാധിപ സമിതിയിൽ ഏതാണ്ടു നാലു ദശാബ്ദക്കാലം അംഗമായിരിക്കുകയും ചിത്രമെഴുത്തിന്റെ പല ആപ്തമിത്രങ്ങളുമായി ഇടപഴകുകയും ചെയ്തിട്ടുള്ളതിനാൽ അദ്ദേഹത്തെപ്പറ്റി പല കാര്യങ്ങൾ മനസ്സിലാക്കാനും സാധിച്ചിട്ടുണ്ട്. ഒരിക്കൽ മാവേലിക്കര പൗവ്വത്തിക്കുന്നേൽ ഭവനത്തിൽ ചെന്ന് അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിച്ചു സംഭാഷണം നടത്തുന്നതിനു ഭാഗ്യം സിദ്ധിച്ചു. ചിത്രമെഴുത്ത് ചർച്ച് വീക്കിലിയിൽ എഴുതിയിട്ടുള്ള ചില ലേഖനങ്ങൾ എഡിറ്റു ചെയ്യുന്നതിനും പത്രാധിപരായിരുന്ന എൻ. എം. ഏബ്രഹാമിനു അദ്ദേഹം അയച്ചുകൊണ്ടിരുന്ന പല കത്തുകളും വായിക്കുന്നതിനും 1950നു ശേഷം എനിക്കവസരം ലഭിച്ചിരുന്നു. സർവ്വോപരി ചിത്രമെഴുത്തു രചിച്ച പൗവ്വത്തിക്കുന്നേൽ കുടുംബ ചരിത്രത്തിൽനിന്നു പല വിവരങ്ങളും

ചേർക്കുന്നതിനും സാധിച്ചു. കൂടാതെ ചിത്രമെഴുത്തിന്റെ പുത്രനും പ്രമുഖ സഭാ ചരിത്രകാരനും എന്റെ ഒരു ബഹുമാന്യ സീനിയർ സുഹൃത്തുമായ ജോർജ്ജ് വറുഗീസ്, മദ്രാസ് അനന്യലബ്ധമായ പല രേഖകൾ അയച്ചു തന്നു എന്നെ സഹായിച്ചിട്ടുണ്ട്. അവയിൽ നിന്നുള്ള ഉദ്ധരണികൾ ഈ പുസ്തകത്തിന്റെ ആധികാരികതയുടെ ആധാരശിലകൂടിയാണെന്നു അഭിമാനപൂർവ്വം ഓർക്കുമ്പോൾ ജോർജ്ജ് വറുഗീസിനോടുള്ള സീമാതീതമായ നന്ദി സ്വയം പ്രകാശിതമാകുകയാണ്.

വള്ളത്തോളിന്റെ വിശ്വപ്രസിദ്ധമായ മഗ്ദലന മറിയം ഖണ്ഡകാവ്യത്തിന്റെ ജനനചരിത്രം, ചിത്രമെഴുത്ത് ആ പുസ്തകത്തിനു മഗ്ദലന മറിയം എന്ന പേരു നൽകി അതുല്യമായ അവതാരികയെഴുതുന്നതിനുള്ള സാഹചര്യം മുതലായവ ഉൾക്കൊള്ളുന്നതും ഈ പുസ്തകത്തിന്റെ അവതാരികാകാരനും എന്റെ ഗുരുസ്ഥാന പദവിയിലുള്ള സീനിയർ സഹപ്രവർത്തകനുമായ പി. സി. കോരുത്തു രചിച്ചതുമായ 'മഗ്ദലന മറിയം ഉത്ഭവ ചരിത്രം' എന്ന കൃതിയിൽ നിന്നു പ്രസക്തമായ ചില ഭാഗങ്ങൾ ഉദ്ധരിച്ചിരിക്കുന്നതു ക്രൈസ്തവർ അക്കാര്യം ശരിക്കറിയാൻ വേണ്ടിയാണ്. പുസ്തകത്തിൽ നിന്നു ചില ഭാഗങ്ങൾ ചേർക്കുന്നതിനനുവദിച്ചതിനും ഒരു നല്ല അവതാരിക എഴുതിത്തന്നതിനും പി. സി. കോരുതിനോടുള്ള നന്ദി ഇവിടെ രേഖപ്പെടുത്തുന്നു.

www.powathikunnel.com

മശലന മറിയത്തിനു 'ഒരു തേവിടിശ്ശിയുടെ പശ്ചാത്താപം' എന്നാണു വള്ളത്തോൾ ആദ്യം പേരിട്ടത്. എന്നാൽ പാപിനിയായ ഒരു സ്ത്രീ യഥാർത്ഥമായി ക്രിസ്തുവിന്റെ മുമ്പിൽ പശ്ചാത്തപിച്ചു പാപമോചനം നേടിയപ്പോൾ അവൾ പുണ്യവതിയായെന്നും തന്നിമിത്തം പുസ്തകത്തിനു കവിയിട്ടപേരു അസ്വീകാര്യമാണെന്നും മശലനമറിയം എന്ന പേരാണു വേണ്ടതെന്നും ചിത്രമെഴുത്തു ചൂണ്ടിക്കാട്ടിയപ്പോൾ വള്ളത്തോൾ അതു സ്വീകരിക്കുകയാണുണ്ടായത്. അങ്ങനെ ആസ്ഥാന കവിയായ വള്ളത്തോളിനെപ്പോലും നേരാംവണ്ണം കാര്യംപറഞ്ഞറിയിക്കാനുള്ള കഴിവു ചിത്രമെഴുത്തിനുണ്ടായിരുന്നു എന്നു വ്യക്തമാണല്ലോ.

മഹാകവി കെ. വി. സൈമന്റെ 'വേദവിഹാരം' രചിക്കുന്നതിനു അദ്ദേഹത്തെ അനുസ്യൂതം പ്രേരിപ്പിച്ചവരിൽ പ്രധാനി ചിത്രമെഴുത്തു കെ. എം. വറുഗീസായിരുന്നു എന്നു വേദവിഹാരത്തിൽ ചേർത്തിട്ടുള്ള സരസകവി മൂലൂർ എസ്. പത്മനാഭപ്പണിക്കരുടെ പ്രസ്താവന ഗ്രന്ഥകർത്താവായ കെ. വി. സൈമന്റെ മുഖവുര എന്നിവകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വാസനാ ധന്യരും സംസ്കാര സമ്പന്നരുമായ മഹാ കവികളെ സദ്ഗ്രന്ഥാത്മക രചനയ്ക്കുവേണ്ടി നിരന്തരം പ്രോത്സാഹിപ്പിക്കുകയും അവരുടെ ഉൽകൃഷ്ട ഗ്രന്ഥങ്ങൾക്കു നീഹാര ശീകരമനോഹരവും കാവ്യാത്മകവും സുലളിത പദവിന്യാസ പ്രധാനവും രുചിരാലങ്കാര മധുരവുമായ ഭാഷാ ശൈലിയിൽ

www.powathikunnel.com

അഴകെഴുന്ന അവതാരികകൾ എഴുതുകയും ചെയ്തുകൊണ്ടാണു ചിത്രമെഴുത്തു സാഹിത്യനായകയായത്.

ചിത്രമെഴുത്തിന്റെ അപാരമായ കലാപാണ്ഡിത്യത്തെയും ലളിതകോമള പദാവലികളുടെ ഉചിത സ്ഥാനസ്ഥിതമായ പ്രയോഗ സ്വാധീനത്തെയും ശരിക്കു മനസ്സിലാക്കി അദ്ദേഹത്തെ അത്യധികം ആദരിക്കുകയും അഭിനന്ദനപൂർവ്വം ബഹുമാനിക്കുകയും ചെയ്തവർ ക്രൈസ്തവരേക്കാൾ കൂടുതൽ തിരുവിതാംകൂർ രാജകുടുംബത്തിൽ പെട്ടവരായിരുന്നു. കൂടാതെ മാവേലിക്കര രാജകുടുംബത്തിലെ കലാകാരന്മാരെയും ഹൈന്ദവ സമുദായത്തിലെ പണ്ഡിതന്മാരായ സാഹിത്യകാരന്മാരേയും ഇവിടെ പ്രത്യേകം സ്മരിക്കേണ്ടതുണ്ട്.

തികഞ്ഞ സഭാസ്നേഹിയും ഓർത്തഡോക്സ് വിശ്വാസത്തിന്റെ കാതൽ ശരിക്കു ഗ്രഹിച്ചിരുന്ന വ്യക്തിയുമായ ചിത്രമെഴുത്തു കെ. എം. വറുഗീസ് ക്ഷിപ്രകോപിയായിരുന്ന ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവായുടെ ഉന്നത പദവിക്കു ഒട്ടും ചേരാത്ത ചില ശകാര വാക്കുകളുടെയും സഭാധ്യക്ഷനു നിരക്കാത്തതരത്തിലുള്ള ഒരു കത്തിന്റെയും പരിണതഫലമായിട്ടാണു ജീവിത സായാഹ്നത്തിൽ മനസ്സില്ലാമനസ്സോടെ സാമൂഹികമായ ഒരു കെട്ടുപാടിനു വേണ്ടി മലങ്കര മാർത്തോമ്മാസഭയിൽ ചേർന്നതെന്നുള്ള അസുഖകരമായ വസ്തുത

www.powathikunnel.com

ഒരുപക്ഷെ പലർക്കും ഇന്നും
അജ്ഞാതമായിരിക്കും. അങ്ങനെ തഴക്കര
മാർത്തോമ്മാപ്പള്ളി സെമിത്തേരിയിൽ
അദ്ദേഹത്തിനു അന്ത്യവിശ്രമം കൊള്ളേണ്ടിവന്നു.
ആത്മാഭിമാനവും അന്തസ്സും അറിവും
ആർജ്ജവത്വവുമുള്ള ഒരുന്നത വ്യക്തിക്കു
അന്നത്തെ ചുറ്റുപാടിൽ ഗത്യന്തരമില്ലായിരുന്നു എന്ന
വസ്തുതയും വിസ്മരിക്കാനാവില്ല.

✦ ✦ ✦

ചിത്രമെഴുത്തു കാലധർമ്മം പ്രാപിക്കുന്നതിനു
ഒരു വർഷം മുമ്പ് 1961 മാർച്ച് 26നു അദ്ദേഹം
സ്വപുത്രൻ ജോർജ്ജ് വർഗ്ഗീസിനു മദ്രാസിലേക്കു
അയച്ചു കൊടുത്ത ഒരു സുദീർഘ കത്തിൽ
ഇങ്ങനെ പറയുന്നു:— ''അസൂയയും ഉൾത്തിക്കും
വച്ചിരുത്തും പകയുമുള്ള ഇന്നത്തെ മാപ്പിളയും,
വർഗ്ഗീയബുദ്ധി കീഴ്പ്പെടുത്തിയ ഇന്നത്തെ നായരും,
എന്തുതന്നെ പറഞ്ഞാലും ഞാൻ കലാപരമായും
രാഷ്ട്രീയമായും ചരിത്രപരമായും പലതും
പ്രവർത്തിച്ചിട്ടുള്ള ഒരു
വ്യക്തിയാണെന്നുള്ളതിനെക്കുറിച്ച് അവർക്കു
ആർക്കും അത്രവേഗം മറുത്തുപറവാൻ സാദ്ധ്യമല്ല.
ആ നിലയിൽ നാളത്തെ കേരളീയർ എന്നെ
കൂടുതലായി മാനിക്കുമെന്നുള്ളത് നിശ്ചയമത്രെ.
ലോകജീവിത രംഗത്തേക്കു ഇറങ്ങി പയറ്റി ജീവിത
വ്യാപാരങ്ങൾക്കും അഭിപ്രായങ്ങൾക്കും ഒരു ഉറപ്പും
വിശ്വാസവും പ്രാപിച്ച ശേഷമെ എന്റെ സ്വന്തം

പുത്രന്മാർക്കു തന്നെയും എന്റെ നേട്ടങ്ങളെ
വിലയിരുത്തുവാൻ കഴിയൂ — അതിനാൽ
ഇന്നത്തെക്കാൾ കൂടുതലായി ഞാൻ എന്റെ
ചരമശേഷം സ്മർത്തവ്യനായിത്തീരുമെന്ന്
തീർച്ചതന്നെ — സാമുദായിക സഹകരണത്തിന് ഒരു
സംഘം ആവശ്യമെന്നു കരുതിയാണ് ഞാൻ
മാർത്തോമ്മായിലേക്കു ചേർന്നത്. പക്ഷെ
അവിടെയും യാക്കോബായ എപ്പിസ്കോപ്പസി
തലയുയർത്തുകയാണ്. എന്നാൽ എനിക്കു അവിടെ
നിന്നു പരസ്യമായി ഉടനെ പിന്തിരിയുവാൻ
നിവൃത്തിയില്ല. (ഞാൻ മനുഷ്യരെ ശങ്കിക്കുന്നു)''

True copy of extract

ചിത്രമെഴുത്തിലും ഗദ്യകവിത തുടങ്ങിയ വിവിധ
സാഹിത്യ ശാഖകളിലും നിറഞ്ഞു തുളുമ്പി നിന്ന കെ.
എം. വറുഗീസിന്റെ സംഭാവനകൾ ഗവേഷണ
കുതുകികളായ ചരിത്ര —
സാഹിത്യവിദ്യാർത്ഥികൾക്കു വറ്റാത്ത ഒരു സ്ഫടിക
സരോവരമായിരിക്കുമെന്നുള്ളതിനു രണ്ടുപക്ഷമില്ല.
ഭാഷാ സ്നേഹികൾക്കും സഹൃദയർക്കും ഈ
ജീവചരിത്രത്തിലൂടെ സ്വാദിഷ്ഠമായ ഒരു സാഹിത്യ
സദ്യയിൽ പങ്കെടുക്കാനുള്ള ഒരവസരം ഞാൻ
സൃഷ്ടിക്കുന്നു എന്നുള്ള ചിന്തയാണ് എന്നെ
പ്രധാനമായും ഭരിക്കുന്നത്. സദ്യവട്ടങ്ങളിൽ
വന്നിട്ടുള്ള കുറവിനു മറ്റാരുമല്ല
ഉത്തരവാദിയെന്നുകൂടി അനുസ്മരിപ്പിച്ചുകൊണ്ടു
മലയാള ഭാഷാ സ്നേഹികൾക്കും വിശിഷ്യ
കേരളത്തിലെ ക്രൈസ്തവർക്കും ഈ ജീവ ചരിത്രം

www.powathikunnel.com

ചിത്രമെഴുത്തിന്റെ 31-ാം ചരമ വാർഷിക ദിനമായ
ഇന്ന് അദ്ദേഹത്തിന്റെ ജന്മദേശമായ
മാവേലിക്കരയിൽവച്ചു ഒരിക്കലും മരിക്കാത്ത
അഭിമാനത്തോടും അതിലുപരി അതിരറ്റ
ആനന്ദത്തോടും തികഞ്ഞ ആത്മ
സംതൃപ്തിയോടുംകൂടി ഞാൻ സമർപ്പിക്കുകയാണ്.

മാങ്ങാനം

കോട്ടയം 18

21-7-'93

കെ. വി. മാമ്മൻ
കോട്ടയ്ക്കൽ

www.powathikunnel.com

അവതാരിക



ക്രൈസ്തവ ചരിത്രാഖ്യായികാ രംഗത്തു വെന്നിക്കൊടി പാറിക്കുകയും, ഹൃദയസ്പൃക്കായ ഗദ്യകവിതകൾ രചിച്ച് സഹൃദയ ലോകത്തെ ഹർഷപുളകിതരാക്കുകയും ചിത്രകലയിലുള്ള ജന്മസിദ്ധമായ വാസനാ വൈഭവം മൂലം തന്മയത്വപൂർണ്ണമായ ഛായാ ചിത്രങ്ങൾ എഴുതി അവയ്ക്കു വിഷയമായ മഹത്തുക്കളുടെയും, ആസ്വാദകരുടെയും പ്രശംസ പിടിച്ചു പറ്റുകയും ചെയ്തിട്ടുള്ള യശോധനനായ ചിത്രമെഴുത്തു കെ. എം. വറുഗീസ് അവർകളുടെ ജീവചരിത്രമാണ് ഈ ഗ്രന്ഥം. ഇതിന് അവതാരിക എഴുതുന്നത് ഒരഭിമാനമായി ഞാൻ കരുതുന്നു. പുസ്തകത്തിന്റെ സംവിധായകനും മലയാള മനോരമയിൽ എന്റെ സഹപ്രവർത്തകനും എഡിറ്റിംഗിൽ പ്രശംസാർഹമായ മികവു പ്രകടിപ്പിച്ചിട്ടുള്ള സുഹൃത്തുമായ ശ്രീ. കെ. വി. മാമ്മൻ, ഞാൻ

www.powathikunnel.com

അവതാരിക എഴുതണമെന്നു താല്പര്യം പ്രകടിപ്പിച്ചപ്പോൾ ഒഴിഞ്ഞു മാറാനുള്ള കാരണങ്ങൾ ഒന്നും തന്നെ കണ്ടെത്താൻ കഴിഞ്ഞില്ല.

ചിത്രമെഴുത്തു കെ. എം. വറുഗീസും ഞാനും തമ്മിൽ കാൽ ശതാബ്ദത്തിലധികം ഉറ്റ സമ്പർക്കം പുലർത്തിയിരുന്നു. അദ്ദേഹം എഴുതിയിട്ടുള്ള മാർ മത്യൂസ് അത്താനാസ്യോസിന്റെ പഞ്ചകല്യാണി, തച്ചിൽ മാത്തു തരകന്റെ തങ്കക്കൊമ്പൻ, വലിയ മാർ ദീവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും, അഞ്ചാം മാർത്തോമ്മായുടെ പീഡനങ്ങൾ, നെല്ലിമൂട്ടിലമ്മച്ചി, വേണാടിന്റെ നടുത്തൂൺ അഥവാ പുണ്യവാളനായ ശൗരിയാർ മുതലായ ചരിത്ര കഥകൾ മലയാള മനോരമയിൽ കൂടിയാണു പ്രകാശിതമായിട്ടുള്ളത്. ഇവയിൽ മാർ മത്യൂസ് അത്താനാസ്യോസിന്റെ പഞ്ചകല്യാണി പ്രസിദ്ധപ്പെടുത്തി കഴിഞ്ഞപ്പോൾ, അതിലെ ഒന്നു രണ്ടു പ്രസ്താവങ്ങളെ സംബന്ധിച്ച ചില ഒച്ചപ്പാടുകൾ ഉണ്ടായി. ആ പ്രതിഷേധങ്ങൾ ഒന്നു രണ്ടു കൊല്ലങ്ങൾക്കുള്ളിൽ കെട്ടടങ്ങി.

തനിക്കു മാത്രം അവകാശപ്പെടാവുന്ന പ്രൗഢ സുന്ദരമായ ഒരു പ്രത്യേക ഗദ്യ ശൈലിയാണു ശ്രീ. വറുഗീസിനു സംലബ്ധമായിരുന്നത്. അദ്ദേഹത്തിന്റെ ഗദ്യ കവിതകളിലും ചെറുകഥകളിലും കഥാഗ്രന്ഥങ്ങളിലെ വർണ്ണനകളിലും അതിമനോഹരമായ ഈ ശൈലി വ്യക്തമായി തെളിഞ്ഞു കാണാം. ചിത്രമെഴുത്തിന്റെ വർണ്ണനാ വൈഭവം, തന്റെ എല്ലാ കൃതികളിലും

www.powathikunnel.com

പ്രകടമാണ്. ചമൽക്കാര സമ്പൂർണ്ണമായ ചില
വർണ്ണനകൾ വായിക്കുമ്പോൾ,
അവയ്ക്കാസ്പദമായ വ്യക്തികളും സ്ഥാപനങ്ങളും
മറ്റും ചിത്രത്തിലെന്നപോലെ വായനക്കാരുടെ
കൺമുമ്പിൽ ദൃശ്യമാകുന്നതായി തോന്നിപ്പോകും.
അവ അതിലധികം തന്മയത്വ പൂർണ്ണങ്ങളാണ്.

കേരളീയ ക്രൈസ്തവരിൽ
ബഹുഭൂരിപക്ഷത്തിനും അജ്ഞാതമായിരുന്ന
ഒട്ടധികം ചരിത്ര വസ്തുതകൾ ഈ
ജീവചരിത്രത്തിലും അദ്ദേഹത്തിന്റെ
ചരിത്രാഖ്യായികകളിലും അനാവരണം
ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത
എടുത്തുപറയേണ്ടതായിട്ടുണ്ട്.

വാസനാ സമ്പന്നനായ ചിത്രകാരൻ,
പണ്ഡിതനായ ചരിത്രകാരൻ, അനുഗൃഹീതനായ
സാഹിത്യകാരൻ എന്നീ വിവിധ നിലകളിൽ
പ്രശോഭിതനും പ്രകീർത്തിതനുമായിരുന്ന ശ്രീ
ചിത്രമെഴുത്തിന്റെ ഈ ചെറിയ ജീവിത ചരിത്ര
ഗ്രന്ഥം മലയാളികൾക്കും മലയാള ഭാഷയ്ക്കും
സംലബ്ധമായ ഒരു വലിയ
കൈമുതലാണെന്നുള്ളതിനു സംശയമില്ല.

പി. സി. കോരുത്

കോട്ടയം

10. 7. 1993

www.powathikunnel.com

ചിത്രമെഴുത്ത്: ഒരനുസ്മരണ

എന്റെ അമ്മയുടെ കസിന്റെ ഭർത്താവ് ശ്രീ. എ. ജി. വറുഗീസ് വക്കീലിന്റെ മാവേലിക്കരയുള്ള ഭവനത്തിൽ വച്ചാണ് ഞാൻ ശ്രീ. ചിത്രമെഴുത്ത് കെ. എം. വറുഗീസിനെ ആദ്യം കണ്ടത്. അന്ന് ഞാൻ വിദ്യാർത്ഥിയായിരുന്നു. 1938-ൽ ഞാൻ മാവേലിക്കര ബാറിൽ ചേർന്ന ശേഷം ആ ബന്ധം ദൃഢതരമായി. ഞങ്ങൾക്ക് പൊതുവായുണ്ടായിരുന്ന ബലഹീനതയായ 'വിക്ക്', ഞങ്ങളെ കൂടുതൽ അടുപ്പിച്ചു എന്ന് എനിക്കു തോന്നിയിട്ടുണ്ട്. പ്രായത്തിൽ വളരെ വ്യത്യാസം ഉണ്ടായിരുന്നെങ്കിലും ഞങ്ങൾ ഉറ്റ സ്നേഹിതരായിരുന്നു.

ചേപ്പാട്ടു ദിവന്നാസ്യോസിന്റെ ജീവചരിത്രം ഞാൻ എഴുതാൻ കാരണക്കാരൻ അദ്ദേഹമാണ്. ആ ചുമതല അദ്ദേഹത്തെ ഏൽപിക്കാനായി ചേപ്പാട്ടു പള്ളിപ്പൊതുയോഗത്തിന് അദ്ദേഹത്തെ ക്ഷണിച്ചിരുന്നു. എന്നാൽ ആ ചുമതല എന്നെ ഏൽപിക്കാൻ അദ്ദേഹം പൊതുയോഗത്തെ പ്രേരിപ്പിച്ചു. ആ ഗ്രന്ഥത്തിന്റെ രചനയിൽ അദ്ദേഹം എന്നെ വളരെ സഹായിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ആത്മാർത്ഥമായ സ്നേഹം കൃതജ്ഞതാ പുരസ്സരം ഞാൻ ഓർക്കുന്നു.

സാഹിത്യകാരനും കലാകാരനും ചരിത്രാന്വേഷിയുമായിരുന്ന ശ്രീ. വറുഗീസിന് അദ്ദേഹം അർഹിക്കുന്ന അംഗീകാരം ലഭിച്ചിരുന്നു

www.powathikunnel.com

എന്ന് തോന്നുന്നില്ല. കേരളത്തിലെ ക്രിസ്ത്യാനികൾ വിദ്യാഭ്യാസത്തിൽ തൽപരരാണെങ്കിലും മലയാള ഭാഷാ സാഹിത്യത്തിൽ അവർ അഭിരുചി കാട്ടിയിരുന്നില്ല. മലയാള ഭാഷയെ പരിപോഷിപ്പിക്കുന്നതിന് കണ്ടത്തിൽ വറുഗീസ് മാപ്പിള, ഭാഷാപോഷിണിയിലും മനോരമയിലും കൂടി ശ്രമിച്ചു. കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള ശ്രീയേശു വിജയം മഹാകാവ്യം രചിച്ചു. ശ്രീ കെ. വി. സൈമൺ, വേദവിഹാരവും. പുത്തൻകാവു മാത്തൻ തരകൻ 'വിശ്വദീപം തെളിച്ചു.' ഇവരൊക്കെ പദ്യസാഹിത്യത്തിന് ചെയ്ത സേവനത്തോട്, കിടപിടിക്കുന്നതാണ് ശ്രീ ചിത്രമെഴുത്തു വറുഗീസിന്റെ ഉജ്ജ്വലമായ ഗദ്യകൃതികൾ. അദ്ദേഹത്തിന്റെ കൃതികൾ ഗദ്യകവിതകളാണ്. പ്രൗഢഗംഭീരമായ ആ ഭാഷാ ശൈലി അദ്ദേഹത്തെ മലയാള ഭാഷയിലെ സാഹിത്യ നായകന്മാരുടെ നിരയിൽ എത്തിച്ചു. ചെറിയ സംഭവങ്ങൾ, എത്ര പ്രൗഢവും മനോഹരവുമായി പ്രതിപാദിക്കാമെന്ന്, അദ്ദേഹത്തിന്റെ 'നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചി'യും മറ്റും വ്യക്തമാക്കുന്നുണ്ട്.

ശ്രീ വറുഗീസിനു ശേഷം ആ ശൈലിയുള്ള ഗ്രന്ഥങ്ങൾ അധികം കണ്ടിട്ടില്ല. ഈ ശൈലീ വല്ലഭനെക്കുറിച്ച് ഇപ്പോഴെങ്കിലും സ്മരിക്കാൻ അവസരം ഉണ്ടാക്കിയ ശ്രീ. കെ വി മാമ്മനും മറ്റും അഭിനന്ദനം അർഹിക്കുന്നു. ഈ ജീവചരിത്രം, ശ്രീ വറുഗീസിന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിനു കൂടുതൽ പ്രചോദനം നൽകുമെന്ന് പ്രത്യാശിക്കുന്നു.

www.powathikunnel.com

പി. എ. ഉമ്മൻ

മുട്ടം

17-6-1993

www.powathikunnel.com

1

കുടുംബം

''അനതിക്രമണീയമായ പ്രപഞ്ചവാരാന്നിധിയുടെ അവസാനമില്ലാത്ത കരപ്പരപ്പിൽ ഏകനായി കുത്തിയിരുന്ന്, ഇക്കാണുന്ന വെൺമേഘയവനികയ്ക്കപ്പുറത്തായി സദാ ഒളിച്ചു കളിക്കുന്ന ആ സർവ്വനിയന്താവായ ഐന്ദ്രജാലികനെ നോക്കി ശിശുസഹജമായ കൗതുകത്തഴപ്പോടുകൂടി ഞാൻ പൂഴിപ്പൊടിയിൽ എന്തൊക്കെയോ വരച്ചും കുറിച്ചും ചിത്രം രചിച്ചും മാച്ചും മണൽ വാരിക്കളിക്കുക മാത്രമാണ് ചെയ്യുന്നതെന്നേ എനിക്കറിവുള്ളു. വരകൾക്കു വിചിത്രതയോ, കുറുക്കുകൾക്ക് കമനീയതയോ, കരവിന്യാസത്തിന് ചാതുര്യമോ, കാൽവെയ്പിനു ക്രമഭംഗിയോ, ഇല്ലെങ്കിലും ബാഹ്യലോകത്തിലെ സുന്ദരതരങ്ങളായ സർവ്വ വസ്തുക്കളിലൂടെ ഏതൊരു പരാശക്തിയുടെ പാദരജസ്സുകളിലേയ്ക്ക് കുതിച്ചു പായുവാൻ എന്റെ അന്തരാത്മാവു കൊതിക്കുന്നുവോ, കലാസ്വരൂപനായ ആ സച്ചിന്മയസാരൻ, ഈ കലാരാധകന്റെ അതിനഗ്നമായ കൈവിരലിലൂടെ ചൊരിയുന്നതായ ഈ പൂഴിത്തരികളെ പുഷ്പാഞ്ജലിയായി കൈക്കൊള്ളാതിരിക്കയില്ലെന്നുള്ള ഒരൊറ്റ സമാധാനമാണ് എനിക്കുള്ളത്.''

ജഗദീശന്റെ പാദയുഗ്മത്തിൽ സമർപ്പിക്കുന്ന തന്റെ എളിയ കവിതകളെ സ്നേഹമൂർത്തിയായ ആ വിശ്വാത്മാവ് പുഷ്പാഞ്ജലിയായി കൈക്കൊള്ളുമെന്നുള്ള സമാധാനത്തോടെ, അനുഗൃഹീത കലാകാരനായ ചിത്രമെഴുത്ത് കെ. എം. വർഗീസ് തന്റെ ''ചെങ്കോലും മുരളിയും'' എന്ന ഗദ്യകവിതാ ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്ന മുഖവുരയിൽ നിന്ന് ഒരു ഖണ്ഡികയാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. കലാദേവത അകമഴിഞ്ഞ് ആ കലാരാധകനെ ആശ്ലേഷിച്ചത്, ജീവിതാവസാനം വരെയുള്ള ആ പ്രതിഭയുടെ ഈശ്വരോപാസനവും ദൈവഭക്തിയും കൊണ്ടായിരുന്നു.

മലയാള സാഹിത്യത്തിലും എണ്ണച്ഛായം കൊണ്ടുള്ള ഛായാചിത്രമെഴുത്തിലും അനിതര സാധാരണമായ വാസനാവൈഭവവും വൈദഗ്ധ്യവും വ്യക്തിപ്രഭാവവും പ്രകടിപ്പിച്ച കലാഭക്തനും, 'ചിത്രമെഴുത്ത്' എന്ന നാടോടിപ്പേരിൽ മലയാള സാഹിത്യ ലോകത്തിലും സമുദായത്തിലും പരക്കെ അറിയപ്പെട്ടിരുന്ന സമുന്നത വ്യക്തിയുമായ ചിത്രമെഴുത്ത് കെ. എം. വർഗീസ് എന്ന മഹാൻ കാലയവനികയ്ക്കുള്ളിൽ മറഞ്ഞിട്ട് ഇന്നു മുപ്പതുവർഷം കഴിഞ്ഞു. മല്ലപ്പള്ളി പൗവ്വത്തിക്കുന്നേൽ കുടുംബത്തിന്റെ ശാഖയായ മാവേലിക്കര തഴക്കര പൗവ്വത്തിക്കുന്നേൽ വീട്ടിൽ 1888 ഏപ്രിൽ 22-ാംനു കുഞ്ഞുനൈനാ മാത്തന്റെയും തഴക്കര അങ്ങാടി വീട്ടിൽ ആച്ചിയമ്മയുടെയും സീമന്ത പുത്രനായാണ് ''കൊച്ചുകുഞ്ഞ്'' എന്ന ഓമനപ്പേർ വിളിച്ചിരുന്ന

നടക്കാവിൽ കാമ്പുശ്ശേരി വടക്കേതിൽ മാത്തൻ വർഗീസ് ജനിച്ചത്.

മലയാള വർഷം 1064 മേടം പതിനൊന്നിന് തിങ്കളാഴ്ച പ്രഭാതത്തിൽ ഉത്രാടം നക്ഷത്രത്തിലെ കൃഷ്ണപക്ഷസപ്തമിയിൽ, ജോത്സ്യൻ ഗണിച്ചുകുറിച്ച ഗ്രഹനിലയിൽ (ജാതകം) വർഗീസിന്റെ ലഗ്നം മേടമാണെന്നും, മേടലഗ്നത്തിൽ രവി, ബുധൻ, കുജൻ (ചൊവ്വാ), ശുക്രൻ എന്നീ ഗ്രഹങ്ങളും, മിഥുനത്തിൽ സർപ്പവും, കർക്കടകത്തിൽ മന്ദനും, ചിങ്ങത്തിൽ മാന്ദിയും, ധനുവിൽ ഗുരുവും (വ്യാഴം) ശിഖിയും, മകരത്തിൽ ചന്ദ്രനും നിൽക്കുന്നതായിട്ടാണ് കാണുന്നത്. രവി — ബുധ — ശുക്ര — കുജന്മാർ ലഗ്നത്തിൽ ഒരുമിച്ചു നിന്നാൽ അതു മഹാഭാഗ്യസൂചകമായ ജാതകമാണെന്നാണ് പണ്ഡിതരായ ജോത്സ്യന്മാർ പറയുന്നത്.

കുടുംബചരിത്രം

മാവേലിക്കര പൗവ്വത്തിക്കുന്നു കുടുംബചരിത്രം ചിത്രമെഴുത്തു തന്നെ സ്വന്തം കൈപ്പടയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽനിന്ന് ഏതാനും ഖണ്ഡികകൾ ചുവടെ ഉദ്ധരിക്കുന്നു:— ''നമ്മുടെ അതിപ്രാചീനമായ മൂലകുടുംബം ദക്ഷിണമലബാറിൽ ചേർന്നതായ പുരാതനമായ നെടുവിരിപ്പ് രാജ്യത്ത് പാലയൂർ ദേശത്ത് സർക്കാർ കണക്കിൽ സർവ്വെ 64-ാം നമ്പരിൽ സബ് ഡിവിഷൻ ഏഴാം നമ്പരിൽപെട്ട പകലോമറ്റം ഇല്ലപ്പറമ്പിൽ ആയിരുന്നതും അവിടെനിന്ന്

പകലോമറ്റം ഇല്ലത്തിലെ
ക്രിസ്തുമതാനുസാരികളായ പലർ രാഷ്ട്രീയവും
മതസഭാപരവുമായ കാരണങ്ങളാൽ
കൊടുങ്ങല്ലൂരേയ്ക്കും അനന്തരം ക്രിസ്ത്വബ്ദം
എഴുനൂറാമാണ്ട് കുറവിലങ്ങാട്ടേക്കും
കുടിയേറിപ്പാർത്തിട്ടുള്ളതും, കുറവിലങ്ങാട്ടുനിന്ന്
ഒരു ശാഖ കൃഷി കച്ചവടസൗകര്യങ്ങളെ
മുൻനിറുത്തി കൊല്ലവർഷാരംഭത്തിന് അൽപം
മുമ്പായി അതിരമ്പുഴ എത്തി താമസം
ഉറപ്പിച്ചിട്ടുള്ളതും, അതിരമ്പുഴയിലെ സ്ഥിരതാമസം
അടിസ്ഥാനപ്പെടുത്തി അതിരമ്പുഴ തെക്കേടത്ത്
തറവാട് തിരുവിതാംകൂറിലെ നമ്മുടെ മൂല
കുടുംബമായി അറിയപ്പെടുകയും
ചെയ്യുന്നതുമാകുന്നു.

മേൽപ്പടി തെക്കേടത്തു തറവാട്ടിൽനിന്നു
ക്രിസ്തുവർഷം എണ്ണൂറാമാണ്ട് അതിരമ്പുഴെ ഒരു
ദേവാലയം സ്ഥാപിക്കുകയും ആയതു ചില
കാരണങ്ങളാൽ ഇടപ്രഭുവായ എട്ടൊന്നുശ്ശേരി
നമ്പ്യാതിരി പൊളിച്ചുകളയുകയാൽ പഴമ്പള്ളി
കൈമ്മളുടെ സഹായത്തോടുകൂടി തെക്കേടത്തു
കുടുംബക്കാർ കൊല്ലവർഷം പത്താമാണ്ട് വീണ്ടും
അവിടെത്തന്നെ ഒരു പള്ളി പണികഴിപ്പിക്കുകയും
ചെയ്തു. പിന്നീട് പ്രസ്തുത ദേവാലയവും
ശവക്കോട്ട നിൽക്കുന്ന സ്ഥലവുംകൂടി പൊതു
ഉപയോഗത്തിലേക്കായി വിട്ടുകൊടുക്കുകയും
ചെയ്തു. തെക്കേടത്തു തറവാട്ടുകാരുടെ ഈ ഒരു
ദാനത്തെ മാനിച്ച് പിൽക്കാലത്ത് വരാപ്പുഴ
മെത്രാസനത്തിങ്കൽനിന്ന് അതിരമ്പുഴ

ഇടവകജനങ്ങളുടെ സമ്മതത്തോടുകൂടി തെക്കേടത്ത് തറവാട്ടിൽ പെട്ടവർ എക്കാലവും ഒരു മാന്യപദവിയായി അനുഭവിച്ചുകൊള്ളത്തക്കവണ്ണം ബഹുമാനസൂചകമായി അവരുടെ തറവാട്ടിൽ പെട്ടവരുടെ വിവാഹകർമ്മത്തിന് പള്ളിയിൽ പതാരവും ശവസംസ്കാര കർമ്മത്തിന് കഴിക്കാണവും ഇളവുചെയ്തു കൊടുത്തിട്ടുള്ളത് അതിരമ്പുഴ തെക്കേടത്തു തറവാട്ടുകാർ ഇന്നും പാരമ്പര്യമായി അനുഭവിച്ചു പോരുന്നു.

ക്രിസ്ത്വബ്ദം പതിനേഴാം ശതകത്തിന്റെ മധ്യപാദമടുപ്പിച്ച് മേൽപ്പറഞ്ഞ തെക്കേടത്തു തറവാട്ടിൽപ്പെട്ട ആയുധാഭ്യാസ വിദഗ്ധരായ നാലു സഹോദരങ്ങൾ ഒരു കൊലക്കേസിനെ തുടർന്നു രാജശിക്ഷയെ ഭയപ്പെട്ട് തെക്കൻ പ്രദേശത്തു കടന്നുകൂടി. [അതിരമ്പുഴ തെക്കേടത്തു കുടുംബത്തിലെ ഒരു യുവതിയെ ഒരാൾ (ഒരു നാടാടിപ്പണിക്കൻ) അപമാനിച്ചു. അയാളെ സഹോദരന്മാർ പിടികൂടി വധിച്ചു. രാജശിക്ഷയെ ഭയന്ന സഹോദരന്മാർ ആ രാത്രിതന്നെ സ്ഥലംവിട്ടു] അതിൽ ഒരാൾ കോട്ടയത്തും, ഒരാൾ ചങ്ങനാശ്ശേരിയിലും, വേറൊരാൾ ചങ്ങനാശ്ശേരിയിൽ തന്നെ ഇത്തിത്താനത്ത് ചാലക്കലും, മറ്റൊരാൾ ചങ്ങനാശ്ശേരിൽനിന്ന് പുളിങ്കുന്നിലും താമസിച്ചു. ചങ്ങനാശ്ശേരിയിൽ താമസിച്ചിരുന്ന വർഗ്ഗീസ് എന്ന ആളിനെ കൊല്ലം എണ്ണൂറ്റൻപതാമാണ്ടിടയ്ക്ക് പൂവനപ്പണിക്കർ എന്നു പ്രസിദ്ധനായി മല്ലപ്പള്ളിയിൽ കൊല്ലും കൊലയും അടക്കി വാണിരുന്ന ഒരു നായർ പ്രഭുവിന്റെ

മെയ്കാവലിനും സ്വന്തം പരദേവതാ
ക്ഷേത്രത്തിലേയ്ക്കും സ്വഗൃഹത്തിലേക്കും
ആവശ്യമുള്ള നെയ്യ്, വെളിച്ചെണ്ണ മുതലായ
സ്നേഹദ്രവ്യങ്ങൾ അക്കാലത്തെ രീതി അനുസരിച്ച്
തൊട്ടുശുദ്ധമാക്കിക്കൊടുക്കുന്നതിനും വേണ്ടി
പണിക്കർ മല്ലപ്പള്ളിയിലേക്ക് കുടുംബസഹിതം
കൂട്ടിക്കൊണ്ടുപോയി പയ്യമ്പള്ളി പുരയിടത്തിൽ
അന്നുണ്ടായിരുന്ന പൂവന വക നെല്ലുപുരയിടത്തിൽ
ആദ്യമായി താമസിപ്പിച്ചു. ഇപ്പോൾ
ചങ്ങനാശ്ശേരിയിലുള്ള അതിരമ്പുഴ തെക്കേടം എന്ന
കുടുംബം, പിൽക്കാലത്ത് അതിരമ്പുഴ തെക്കേടത്ത്
കുടുംബത്തിൽനിന്ന് ചങ്ങനാശ്ശേരിയിൽ
എത്തിച്ചേർന്ന ഒരു പൂർവ്വികനാൽ
പ്രതിഷ്ഠാപിതമാണെന്നും, അതല്ല, ആദ്യഘട്ടത്തിൽ
തന്നെ അതിരമ്പുഴ നിന്നു പുറപ്പെട്ട അഞ്ചു
സഹോദരങ്ങളിൽ ഒരാളാൽ
സ്ഥാപിക്കപ്പെട്ടതാണെന്നും രണ്ടു പക്ഷമുണ്ട്.

പയ്യമ്പള്ളിയിൽ താമസിച്ച ആൾ ഏറെ
താമസിയാതെ അടുത്തുള്ള ദേവങ്കര എന്ന
സ്ഥലത്ത് ക്ഷേത്രത്തിനു സമീപം
പൗവ്വത്തിക്കുന്നേൽ എന്ന ഉയർന്ന പറമ്പിൽ
സ്വകുടുംബസ്ഥാപനം ചെയ്ത് താമസം ഉറപ്പിച്ചു.
പൗവ്വത്തിക്കുന്നേൽ വർഗ്ഗീസ് എന്ന പ്രസ്തുത
പൂർവ്വികന്റെ രണ്ടു സന്താനങ്ങളിൽ ഒന്നാമനായ
ഇസഹാക്ക് പൗവ്വത്തിക്കുന്നേൽ തറവാട്ടിലും
കനിഷ്ഠ പുത്രനായ ഇട്ടിയവിരാ പാലയ്ക്കാമണ്ണിൽ
എന്ന പറമ്പിലും താമസിച്ചുപോന്നു. മേൽപ്പടി
ഇസഹാക്കിന് നെടുങ്കുന്നം പ്രവൃത്തിയിൽ

കുത്തറപ്പള്ളിയിൽ തൊമ്മി എന്ന ആളിന്റെ പുത്രിയായ മറിയാമ്മ എന്ന ഭാര്യയിൽ കൊല്ലവർഷം 912–914–916 എന്നീ കൊല്ലങ്ങളിൽ ജാതരായ വർഗ്ഗീസ്, ഇട്ടിയവിരാ, തൊമ്മി എന്നീ മൂന്നു പുത്രന്മാരിൽ മൂന്നാമനായ തൊമ്മി മാരാമൺ പാലക്കുന്നത്തു മത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ പിതാമഹന്റെ ഏക സഹോദരിയെ അഥവാ നവീകരണ കർത്താവായ അബ്രഹാം മല്പാനച്ചന്റെ പിതൃ സഹോദരിയായ മറിയാമ്മയെ വിവാഹം ചെയ്തതിൽ വർഗ്ഗീസ്, ഇട്ടിയവിരാ, മാത്തൻ എന്നു മൂന്നു പുത്രന്മാരും അഞ്ചു പുത്രികളും ജാതരായി. പെൺമക്കളിൽ ഒരാളെ കാഞ്ഞിരപ്പള്ളിയിൽ കുരിശുംമൂട്ടിലും, വേറൊരാളെ വായിപ്പൂർ എട്ടോർ തരകൻ വീട്ടിലും, മറ്റൊരുത്തിയെ കുഴ കോതപ്പള്ളിയിലും ഇനിയൊരുത്തിയെ കവിയിൽ കൊച്ചിയിലും ഒടുവിലത്തെ പുത്രിയെ പാണ്ടനാട്ടിൽ മുരിങ്ങശ്ശേരിയിലും വിവാഹം ചെയ്തുകൊടുത്തു.

തൊമ്മിയുടെ പ്രഥമ പുത്രനും എന്റെ പ്ര — പ്രപിതാമഹനു (വല്യപ്പന്റെ വല്യപ്പൻ)മായ വർഗ്ഗീസ് മാരാമൺ കുലത്താക്കൽ കുടുംബത്തിലെ ചാക്കോ രാമച്ച എന്ന ആളിന്റെ പുത്രി ഏലിയാമ്മയെ വിവാഹം ചെയ്ത് പിതാവിന്റെ മരണശേഷം പൗവ്വത്തിക്കുന്നേൽത്തന്നെ താമസിച്ച് കുടുംബഭരണം നടത്തിപ്പോന്നു. അക്കാലത്ത് ഭൂസ്വത്തിലും പ്രതാപത്തിലും പൗവ്വത്തിക്കുന്നേൽ കുടുംബത്തെ കവിഞ്ഞു നിൽക്കത്തക്ക ഇതര

ക്രൈസ്തവ കുടുംബങ്ങൾ മല്ലപ്പള്ളിയിലും ഉണ്ടായിരുന്നില്ല.

കുടുംബ പാരമ്പര്യം അനുസരിച്ച് ആയുധാഭ്യാസം പരിശീലിച്ചിരുന്ന വർഗ്ഗീസിന്റെ സഹോദരനും കായിക ശക്തിയിൽ അതുല്യനുമായിരുന്ന ഇട്ടിയവിരാ മാവേലിക്കരത്തമ്പുരാന്റെ ഗുരുകുലത്തിൽ ഇടശ്ശേരി മാടമ്പി വീട്ടിലെ കളരിയിൽ താമസിച്ച് അടവുകളിലും ആയുധ വിദ്യയിലും ഉപരി പരിശീലനം കഴിച്ചു പോന്നു. ഇടയ്ക്കിടയ്ക്ക് അനുജനെയും അയാളുടെ അഭ്യാസ പരിശീലനത്തെയും സംബന്ധിച്ച് അന്വേഷിപ്പാനും അനുജന്റെ ഗുരുക്കന്മാരെ സന്ദർശിച്ച് കാഴ്ചകൾ സമർപ്പിക്കുന്നതിനുമായി ജ്യേഷ്ഠനായ വർഗ്ഗീസ് മാവേലിക്കരെ വന്നിരുന്നതു വഴിക്ക് മാവേലിക്കരയുമായി ഒരുവിധം നല്ല പരിചയവും നേടിയിരുന്നു.

അക്കാലത്ത് തിരുവനന്തപുരവും കൊല്ലവും കഴിഞ്ഞാൽ കൊല്ലത്തോട് ഒട്ടുസമീപിച്ച് പലതുകൊണ്ടും പ്രാധാന്യമർഹിക്കുന്ന സ്ഥലം മാവേലിക്കരയായിരുന്നു. രാജകൊട്ടാരങ്ങൾ, കച്ചേരി, അങ്ങാടികൾ (മറ്റത്തങ്ങാടി, തഴക്കര അങ്ങാടി) ചവുക്ക, കോട്ട, പള്ളി, ആറുവഴിക്കും കരവഴിക്കുമുള്ള ഗതാഗത സൗകര്യങ്ങൾ, വസ്ത്രങ്ങൾ വിലയ്ക്കു കിട്ടുന്നതിനുള്ള സൗകര്യം (പുളിക്കത്തോട്ടിലുള്ള ചാലിയച്ചെട്ടികളുടെ നെയ്ത്തു വ്യവസായം പ്രസിദ്ധമായിരുന്നു. ചെട്ടിത്തെരുവെന്ന പേർ) ഇടപ്പള്ളിത്തമ്പുരാന്റെ

കുടിയാനവന്മാരുമായിട്ടുള്ള പരിചയ ബന്ധം, എന്നിത്യാദി നിരവധി സൗകര്യങ്ങൾ മാവേലിക്കരയ്ക്ക് മുഖം വയ്ക്കുവാൻ വർഗ്ഗീസിനെ വിശേഷിച്ചു പ്രേരിപ്പിച്ചു. മല്ലപ്പള്ളിയിലേക്കാൾ ഏതുകൊണ്ടും ജീവിതസൗകര്യം അധികമുള്ളതും കൂടുതൽ അഭിവൃദ്ധി പ്രാപിക്കാവുന്നതും മാവേലിക്കരയാണെന്ന് വർഗീസ് ബോധിച്ചു. അതനുസരിച്ച് കൊല്ലവർഷം തൊള്ളായിരത്തി എൺപത്തിരണ്ടാമാണ്ട് മകരം 12-നു (എ. ഡി. 1807) മല്ലപ്പള്ളി വർഗീസും നാലു പുത്രന്മാരും കൂടി മാവേലിക്കര എത്തി.

ആയോധനനിപുണനും ഉഗ്രധീരനുമായ ഇട്ടിയവിരാ, ഏഴുവർഷത്തിലധികം നീണ്ടുനിന്ന മാവേലിക്കരയിലെ ആയുധാഭ്യാസപരിശീലനം പൂർത്തിയാക്കി സ്വഗൃഹത്തിൽ മടങ്ങിയെത്തിയശേഷം കുടുംബഭരണം സംബന്ധിച്ചും കുടുംബാദായത്തിന്റെ വരവു ചെലവു കണക്കുസംബന്ധിച്ചും ഇരു സഹോദരങ്ങളുമായി ചോദ്യവും വാക്കേറ്റവും വഴക്കും ഉണ്ടാക്കി. തൽഫലമായി ക്ഷിപ്രകോപിയായ ഇട്ടിയവിരായുടെ വാക്കേറ്റം സാഹസികത്വമായി പരിണമിച്ച് കനിഷ്ഠ സഹോദരനായ മാത്തന്റെ അപമൃത്യുവിന് കാരണമായിത്തീരുകയും ചെയ്തു.

മാത്തന്റെ ഭാര്യയും ജ്യേഷ്ഠസഹോദരനായ വർഗീസും മാതാവും ഇതുമൂലം വളരെയധികം ദുഃഖിക്കുകയും മനപീഡ അനുഭവിക്കയും ചെയ്തു എന്നുമാത്രമല്ല, ഇട്ടിയവിരാ ഒരുപക്ഷമായും

വർഗീസും വർഗീസിന്റെ നാലു പുത്രന്മാരും
വർഗീസിന്റെ മാതാവും മറുപക്ഷമായും തിരിഞ്ഞ്
വീണ്ടും വാഗ്വാദവും കലഹവും നടത്തുകയും
അതിബലവാനും
അഭ്യാസചതുരനുമായിരുന്നെങ്കിലും
ഇട്ടിയവിരായ്ക്ക് കഠിന തോൽവി പറ്റുമാറ് ഒരു
വലിയ അടിപിടിയാൽ കാര്യം കലാശിക്കുകയും
ചെയ്തു.

രോഷാകുലനും പ്രതികാരബുദ്ധിയുമായ
ഇട്ടിയവിരാ ഇതിനു പകരം വീട്ടിയേ അടങ്ങു എന്ന
മട്ടായപ്പോൾ അനുജനു സംഭവിച്ചതുപോലെയുള്ള
ഒരു അകാലമരണം ഇട്ടിയവിരായിൽനിന്ന് തനിക്കോ
പുത്രന്മാർക്കോ നേരിടാവുന്നതാണെന്നുള്ള
പ്രാണഭീതി നിമിത്തം ഇട്ടിയവിരായിൽനിന്ന് മേലിൽ
ഉപദ്രവം തട്ടാത്തതായ ഒരു അഭയസ്ഥാനത്തേക്ക്
ഓടിപ്പോകയാണ് തൽക്കാലനിലയ്ക്ക്
ഉചിതമായിട്ടുള്ളതെന്ന് മാതാവിന്റെയും മറ്റു
കുടുംബാംഗങ്ങളുടെയും നിർബന്ധത്തെ
മുൻനിറുത്തി മാവേലിക്കരത്തമ്പുരാക്കന്മാരുടെയും
ഇടശേരി മാടമ്പിയുടെയും രക്ഷയിൽ
മാവേലിക്കരയാണ് തൽക്കാലത്തേക്കു പറ്റിയ
അഭയസ്ഥാനമെന്നു കരുതി വിഭാര്യനായ വർഗീസ്
തനിക്കു ലഭിച്ചവരിൽ ശേഷിച്ചവരായ ചാക്കോ,
വർക്കി, മാത്തൻ, ചെറിയാൻ, എന്നീ നാലു
പുത്രന്മാരോടുകൂടി അർദ്ധരാത്രിയിൽ കണ്ണുനീരിന്റെ
മധ്യേ മാതാവിനോടും പൗവ്വത്തിക്കുന്നേൽ
തറവാടിനോടും അന്ത്യയാത്ര പറഞ്ഞു.

കൊല്ലവർഷം 982 മകരം 12-നു മാവേലിക്കര എത്തിച്ചേർന്നു.

ഇട്ടിയവിരായേയും മാതാവിനേയും കനിഷ്ഠ സഹോദരനേയും മറച്ച് കുടുംബാദായത്തിൽനിന്നും മറ്റും ഗൂഢമായി സമ്പാദിച്ച് രഹസ്യമായി സൂക്ഷിച്ചിരുന്ന കരുതൽ ധനത്തോടും, ജീവരക്ഷാർത്ഥം വിട്ടുപിരിയുന്ന പുത്രന്റെയും പൗത്രന്മാരുടെയും രക്ഷയെ കരുതി മാതാവ് ഗൂഢമായി നൽകിയ സ്വർണ്ണരാശി നിറച്ചതായ രണ്ടു ജാളികകളോടും കൂടിയായിരുന്നു 'മല്ലപ്പള്ളി വർഗീസ്' മാവേലിക്കര എത്തിച്ചേർന്നത്. ഇങ്ങനെ മാവേലിക്കരവന്നു ചേർന്ന 'മല്ലപ്പള്ളി വർഗീസിന്റെ' മേൽപറഞ്ഞ മൂന്നാമത്തെ പുത്രനായ മാത്തന്റെ പൗത്രപുത്രനായി ഞാൻ അറിയപ്പെട്ടുപോരുന്നു. 'മല്ലപ്പള്ളി വർഗീസിന്റെ ഭാര്യയായ മാരാമൺ കുലത്താക്കൽ ഏലിയാമ്മയെ ഒഴിച്ചാൽ ചെങ്ങന്നൂർ മുക്കത്ത് കുടുംബത്തിൽ പട്ടനാനത്ത് മാമ്മന്റെ പുത്രി ഇളച്ചിയമ്മ, മേലുകര കല്ലാടിക്കുഴിയിൽ നിന്നും പുത്തൻകാവ് ഇടനാട്ടിൽ താമസം ഉറപ്പിച്ച ചെറുതിട്ട 'പാറപിളർപ്പൻ ഇടിക്കുള' യുടെ പുത്രി മറിയാമ്മ, മാവേലിക്കര തഴക്കര അങ്ങാടിക്കൊച്ചുവീട്ടിൽ ദത്തുകയറിയ കരിപിടിവീട്ടിൽ കണക്കൻ കിര്യാന്റെ പുത്രി ആച്ചിയമ്മ എന്നിവർ യഥാക്രമം എന്റെ പ്രപിതാമഹിയും പിതാമഹിയും, മാതാവുമാണ്.

നമ്മുടെ പൂർവ്വകുടുംബത്തിന്റെ ശാഖാ കുടുംബങ്ങളായി ഇപ്പോൾ പൗവ്വത്തിക്കുന്നേൽ

തറവാടുകൂടാതെ വട്ടശേരി, പയ്യമ്പള്ളി എന്നീ കുടുംബങ്ങൾ മല്ലപ്പള്ളിയിൽ നിലനിന്നു പോരുന്നു. അവയുടെ ഉൾപ്പിരിവുകളായി തെക്കേമണ്ണിൽ, വാഴയിൽ, തുരുത്തിപ്പള്ളി, നെടുമ്പിലാക്കൽ എന്നിത്യാദി ഗൃഹങ്ങൾ പ്രായേണ അറിയപ്പെട്ടുപോരുന്നുണ്ട്. അതിരമ്പുഴനിന്ന് തെക്കൻ ദിക്കിലെത്തിയ അഞ്ചു സഹോദരങ്ങളിൽ ഒരാളായി കോട്ടയത്തു താമസിച്ചിരുന്ന ആളിന്റെ പിൻഗാമിയായ ഇട്ടിയവിരാ എന്നയാൾ കൊല്ലവർഷം 1011 ൽ സി. എം. എസ്സ്. മിഷനറിയായി മാവേലിക്കരെവന്ന റവ: പീറ്റുസായിപ്പിന്റെ കൂടെ പ്രായിക്കര എത്തി താമസം ഉറപ്പിച്ചതു വഴിക്ക്, കോന്നാത്ത് നാലുകെട്ടിൽ, തട്ടാശേരി തെക്കേതിൽ, വഞ്ചിപ്പുഴശേരിൽ എന്നീ കുടുംബങ്ങളും ഇട്ടിയവിരായുടെ സന്താനശാഖയിൽപെട്ടവരായി എനിക്കു ബന്ധപ്പെട്ടവരത്രെ.''

മല്ലപ്പള്ളി പൗവ്വത്തിക്കുന്നേൽ കുടുംബത്തിന്റെ ശാഖയായ മാവേലിക്കര പൗവ്വത്തിക്കുന്നേൽ കുടുംബത്തിന്റെ ചരിത്രം എഴുതുന്നതിനു ആവശ്യമായ അറിവുകൾ പ്രധാനമായി തന്റെ പിതൃകുടുംബത്തിൽ തനിക്കു വളരെയധികം പരിചയമുള്ളവരായി മരിച്ചുപോയവരും ജീവിച്ചിരുന്നവരുമായ ഒട്ടുവളരെ ശ്രേഷ്ഠ വ്യക്തികളിൽനിന്നും, കൂടാതെ നേരിട്ടുള്ള അന്വേഷണങ്ങളിൽനിന്നും ലഭ്യമായതാണെന്ന് ചിത്രമെഴുത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. അവരിൽ ഏറ്റുമാനൂർ താലൂക്കിൽ അതിരമ്പുഴ തെക്കേടത്ത് ചാണ്ടി ഔസേപ്പ്, വട്ടശേരിൽ മാർ ദിവന്നാസ്യോസ്

മെത്രാപ്പോലീത്താ തിരുമേനിയുടെ
ജ്യേഷ്ഠസഹോദരപുത്രൻ ഗീവർഗീസ് കത്തനാർ,
ഇടത്താമനയിൽ ജേക്കബ് കത്തനാർ; മല്ലപ്പള്ളിൽ
പൗവ്വത്തിക്കുന്നിലായ നെടുമ്പിലാക്കൽ മത്തായി
വർഗീസ്, ചിത്രമെഴുത്തിന്റെ പിതാവായ
മാവേലിക്കര നടക്കാവിൽ കാമ്പുശേരി വടക്കേതിൽ
കുഞ്ഞുനൈനാ മാത്തൻ, പിതാമഹിയായ
പുത്തൻകാവ് ആറാട്ടുപുഴയിൽ ചുങ്കത്തിൽ
തറവാട്ടിലെ മറിയാമ്മ, എന്നിവരെ കൂടാതെ
മാതൃവഴിയിൽ തഴക്കര ഇടിച്ചാണ്ടിപ്പറമ്പിൽ കോശി
കുഞ്ഞുപോത്ത, തഴക്കര പിലാമ്മൂട്ടിൽ ചാക്കോ
വർഗീസ്, ചിത്രമെഴുത്തിന്റെ മൂത്ത സഹോദരി
മറിയം മത്തായി, മാന്നാർ കടപ്രകാരിക്കോട്ടു
ബർസ്ളീബാ കത്തനാർ എന്നിവരും, ഏറ്റുമാനൂർ
അതിരമ്പുഴെ സി. എം. സെബാസ്റ്റ്യൻ, അതിരമ്പുഴ
പിലാതോട്ടത്തിൽ ലൂക്കാ മത്തായി, തന്റെ
പിതാവിന്റെ മാതുല പുത്രനായ ചെങ്ങന്നൂർ
കോയിപ്പുറം പകുതിയിൽ കടപ്രകല്ലോടിക്കുഴിയിൽ
ചാക്കോ, ആറാട്ടുപുഴ ചുങ്കത്തിൽ ഗീവർഗീസ്
കത്തനാർ, തന്റെ പിതാമഹിയുടെ
സഹോദരീപുത്രനായ കുമ്പനാട്ടു കടപ്ര
പുളിക്കക്കുഴിയിൽ ചാക്കോ, പിതൃസഹോദരീ
ഭർത്താക്കന്മാർ, ബന്ധുകുടുംബമായ നടക്കാവിൽ
പാലമൂട്ടിൽ വടക്കേതിൽ കോശി കോശി,
നടക്കാവിൽ പാലമൂട്ടിൽ കുഞ്ഞുനൈനാ മത്തായി
(പിലാമ്മൂട്ടിൽ ഉണ്ണൂണ്ണി) കല്ലുമ്പുറത്ത്
പോത്തവർക്കി എന്നിവർ ഉൾപ്പെടുന്നു.

മാവേലിക്കരയ്ക്കു പോയ മല്ലപ്പള്ളി വറുഗീസിന്റെ മാതാവായ മറിയാമ്മയുടെ ധൈര്യത്തെപ്പറ്റി കീർത്തിക്കുന്നതായ ഒരു കഥമാത്രം കേട്ടിട്ടുള്ളത് താഴെ ഉദ്ധരിക്കുന്നു. ഒരിക്കൽ മാതാവും കുട്ടികളും മാത്രം വീട്ടിലുണ്ടായിരുന്ന അവസരത്തിൽ ഒരു വലിയ വ്യാഘ്രം ചാവടിയിൽ കടന്നുകൂടി. മല്ലപ്പള്ളിയിലും സമീപ പ്രദേശങ്ങളിലും അക്കാലത്ത് കടുവാ, പുലി, പന്നി എന്നിതൊക്കെ ധാരാളം ഉണ്ടായിരുന്നു. ചാവടിയോട് ചേർന്നു നിന്നിരുന്ന പുരയുടെ വാതിലിൽ കൂടി മാതാവ് ഇതു കാണുകയും തൽക്ഷണം കുട്ടികളെ മുറിക്കുള്ളിലാക്കി കതകടച്ചശേഷം നായാട്ടിനായി ഭർത്താവ് നിറച്ചുവെച്ചിരുന്ന വലിയ തോക്കുമായി അവർ ചാവടിയുടെ മുൻവശത്തേക്കു തഞ്ചത്തിൽ വന്ന് നീക്ക് ഏഴി തള്ളി വാതിൽ അടയ്ക്കുകയും ചെയ്തു. ചാവടിയുടെ മൂന്നു വശങ്ങളും കനത്ത എഴിയായതിനാൽ വാതിൽ അടച്ചതോടെ കടുവാക്ക് പുറമെ പോകുവാൻ നിവൃത്തിയില്ലാതെയായി. ആളിനെ കണ്ടതോടെ പുറത്തുചാടുന്നതിനായി കടുവാ ചാവടിയുടെ എഴിയും തല്ലിപ്പൊളിക്കുവാൻ ശ്രമിച്ചു. ധീരമതിയായ ആ മാതാവ് ഒട്ടുംകൂസാതെ ഒറ്റ വെടിക്ക് ആ ഭയങ്കര വ്യാഘ്രത്തെ തറയിൽ വീഴ്ത്തി. കൃഷിസ്ഥലത്തുനിന്ന് മടങ്ങി ഗൃഹസമീപത്തെത്തിയ ഭർത്താവ് വെടിയുടെ ശബ്ദം കേട്ട് പരിഭ്രമിച്ച് ഓടിയെത്തിയപ്പോൾ തോക്കും താങ്ങിക്കൊണ്ടു പുഞ്ചിരിതൂകി നിൽക്കുന്ന ഭാര്യയേയും ചാവടിക്കുള്ളിൽ ചത്തുകിടക്കുന്ന വലിയ കടുവായെയുമാണ് കണ്ടത്.

കുട്ടികളെല്ലാം സുരക്ഷിതമാണെന്ന് ഭാര്യയുടെ പുഞ്ചിരി വെളിപ്പെടുത്തിയതിൽ പിന്നീടു മാത്രമാണ് ഭർത്താവിന്റെ ശ്വാസം നേരെ വീണത്. ഇക്കഥ ചിത്രമെഴുത്തിന്റെ പിതാമഹി പറഞ്ഞു കേട്ടിട്ടുള്ളതാണ്.

അഞ്ഞൂറ്റി അറുപത്തിരണ്ട് കൈയെഴുത്തു പേജുകൾ വരുന്ന കുടുംബ ചരിത്രത്തിൽ ചിത്രമെഴുത്ത് ഇപ്രകാരം പറയുന്നു;— ''ഈ ചരിത്രം എഴുതുന്നതിലേക്കായി 1090-ാമാണ്ടു ഞാൻ അന്വേഷണം ആരംഭിച്ചിരുന്നു. ഏറ്റുമാനൂർ, അതിരമ്പുഴ, കുറവിലങ്ങാട്, മാന്നാനം മല്ലപ്പള്ളി, കല്ലൂപ്പാറ, ചങ്ങനാശേരി മുതലായ പല സ്ഥലങ്ങളിലും പല സന്ദർഭങ്ങളിലായി സഞ്ചരിച്ച് പല അന്വേഷണം നടത്തുകയുണ്ടായി. സത്യമെന്നും വിശ്വസനീയമെന്നും തോന്നീട്ടുള്ളവയെ മാത്രമെ ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തീട്ടുള്ളു..... തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ രാജ്യങ്ങളെപ്പറ്റിയും, അവയുടെ പൂർവ്വ ചരിത്രത്തെപ്പറ്റിയും സുറിയാനിസഭാ സംബന്ധമായും സ്ഥലത്തും സമുദായത്തിലും രാജ്യത്തും ഉൾപ്പെട്ട പലപല ക്രൈസ്തവ കുടുംബങ്ങളെ സംബന്ധിച്ചും മേലേക്കിടയിൽ ഞാൻ സമ്പാദിച്ചിട്ടുള്ള ചാരിത്രിക പരിജ്ഞാനവും ഈ ഗ്രന്ഥ രചനയിൽ എനിക്കു സഹായകരമായി പരിണമിച്ചിട്ടുണ്ട്.''

ചിത്രമെഴുത്തിന്റെ പ്ര — പ്രപിതാമഹനായ മല്ലപ്പള്ളി വർഗീസ് (മാരാമണ്ണ് പാലക്കുന്നത്തു

മാത്തന്റെ പുത്രിയും അബ്രഹാം മല്പാന്റെ മാതാവുമായ മറിയാമ്മയുടെ പുത്രൻ) പുത്രസമേതം കൊല്ലവർഷം 982 നു തുല്യമായ എ. ഡി. 1807-ൽ മാവേലിക്കര കുടിയേറിയ ശേഷം വർഗീസ് കുറെയധികം നിലം പുരയിടങ്ങൾ മാവേലിക്കര പുതിയകാവ്, നടക്കാവ് ഭാഗങ്ങളിൽ സമ്പാദിച്ചു. കരിപ്പുഴ വെട്ടത്തേരി പുഞ്ചനിലം മുന്നൂറ്റി എൺപതുപറ, വെള്ളൂർ പുരയിടം ഒരേക്കർ, അതോടു ചേർന്ന നാല്പതുപറ ഇരുപ്പൂനിലം, ഒരേക്കറോളം വിസ്തീർണ്ണമുള്ള നടക്കാവിൽ കാമ്പുശേരി പുരയിടവും അതിൽ വർഗീസ് തടിക്കോളൊത്ത് മനോഹരമായി പണികഴിപ്പിച്ച വലിയ നാലുകെട്ടു പുരയും ഒരേക്കർ വിസ്തീർണ്ണമുള്ള പട്ടാരേത്തു പുരയിടവും നാലുകെട്ടുപുരയും കാമ്പുശേരി വടക്കേതിൽ പുരയിടം പുളിനിൽക്കുന്നതിൽ പുരയിടം, കോട്ടയിൽ പുരയിടം അര ഏക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള പാലമൂട്ടിൽ വടക്കേതിൽ പുരയിടം എന്നീ വസ്തുക്കൾ ഇതിൽ ഉൾപ്പെടുന്നു. ഇവയെല്ലാം തന്നെ ഭാഗം ചെയ്യാതെ പൊതുവെ അനുഭവിച്ചു വന്നവയായിരുന്നു.

വർഗീസിന്റെ കാലശേഷം അദ്ദേഹത്തിന്റെ പുത്രൻ ചെറിയാൻ (ഇദ്ദേഹം പറവൂർ ജില്ലാക്കോർട്ടിലെ ഒരു ഉദ്യോഗസ്ഥനായിരുന്നു) നടക്കാവിൽ വൻതോതിൽ ഒരു പുകയില വ്യാപാരം ആരംഭിച്ചു. ചെറിയാന്റെ വന്ധ്യയായ ഭാര്യയുടെ സഹോദരനാണ് കച്ചവടം നടത്തിയത്. ഉദ്യോഗസ്ഥനായ ചെറിയാനു കച്ചവടത്തിൽ

വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുവാൻ കഴിഞ്ഞില്ല. കൊല്ലക്കാരൻ ഹുണപ്പൈ എന്നൊരു കൊങ്കണബ്രാഹ്മണനിൽ നിന്നായിരുന്നു ചെറിയാന്റെ പറ്റുവരവു കണക്കിൽ പുകയില ചിപ്പങ്ങൾ ധാരാളമായി വള്ളത്തിൽ കൊണ്ടിറക്കിയത്. ആദ്യത്തെ രണ്ടുവർഷത്തെ കച്ചോടത്തിൽനിന്നു ഒരു നല്ല ലാഭംകിട്ടി. പിന്നീടുള്ള കച്ചോടത്തിനു ചെറിയാൻ ഹുണപ്പൈയോട് ഓരോ വലിയ സംഖ്യക്ക് പുകയില കടം എടുത്തുകൊണ്ടിരുന്നു. പുകയില ചിപ്പങ്ങൾ ധാരാളമായി സംഭരണം ചെയ്കയാൽ ഏറിയസ്റ്റോക്കും കാലപ്പഴക്കത്താൽ പൊടിഞ്ഞു നഷ്ടപ്പെടുകയും തന്മൂലം ചെറിയാൻ ഹുണപ്പൈയ്ക്കു മൂവായിരത്തോളം രൂപയുടെ കടക്കാരനായിത്തീരുകയും ചെയ്തു.

അക്കാലത്ത് — 168-169 വർഷങ്ങൾ മുമ്പ് മൂവായിരം രൂപ എന്നതു ഭീമമായ ഒരു തുകയായിരുന്നു. ചെറിയാനും സഹോദരന്മാർക്കും തൽക്ഷണം കടം വീട്ടാൻ നിവർത്തിയില്ലായ്കയാൽ ഹുണപ്പൈ മാവേലിക്കര ജില്ലാക്കോർട്ടിൽ പണത്തിനായി വ്യവഹാരപ്പെടുകയും, ഹുണപ്പൈക്ക് അനുകൂലമായ വിധി സമ്പാദിക്കുകയും ചെയ്തു. കോടതിവിധിയനുസരിച്ച് വെട്ടത്തേരി പുഞ്ചനിലങ്ങളും ഏറിയ കരഭൂമിയും ലേലത്തിൽ നഷ്ടപ്പെട്ടു. കാമ്പുശ്ശേരി പുരയിടവും, മല്ലപ്പള്ളി വർഗീസ് വലിയ കണക്കിൽ പണിയിച്ച നാലുകെട്ടും അനന്തപ്രഭു എന്ന പേരുള്ള ഒരു കൊങ്കണ ബ്രാഹ്മണനായിരുന്നു ലേലത്തിൽ പിടിച്ചത്.

തച്ചുശാസ്ത്രത്തിന്റെ ശില്പകലാ മനോഹാരിതയും ഗാംഭീര്യവും ഒത്തിണങ്ങിയ പ്രസ്തുത നാലുകെട്ടുപുര മുഴുവൻ കോട്ടയം കൊച്ചുപുരയ്ക്കൽ കുടുംബത്തിലെ അന്നത്തെ മൂപ്പനാണ് വിലയ്ക്കുപിടിച്ചത്. ചിത്രമെഴുത്തിന്റെ പിതാമഹന്റെ വിവാഹത്തിനു ഏതാനും ആഴ്ചകൾക്കു ശേഷമായിരുന്നു കാമ്പുശ്ശേരി വസ്തുവും കെട്ടിടവും നഷ്ടപ്പെട്ടതെന്ന് ചിത്രമെഴുത്ത് കുടുംബചരിത്രത്തിൽ പറയുന്നു. തന്മൂലം ചിത്രമെഴുത്തിന്റെ പിതാവ് കുഞ്ഞുനൈനാ മാത്തനു സാമ്പത്തികമായ പ്രയാസങ്ങൾ അനുഭവിക്കേണ്ടിവന്നു.

ചിത്രമെഴുത്തിന്റെ പിതാമഹിയായ ആറാട്ടുപുഴ ചുങ്കത്തു തറവാട്ടിലെ മറിയാമ്മ വളരെ ധീരമതിയും ആത്മാഭിമാനിയുമായ ഒരു സ്ത്രീ രത്നമായിരുന്നു. ആ മഹിളയുടെ അഭിമാന തീക്ഷ്ണതയെ കീർത്തിക്കുന്ന ഒരു പ്രസിദ്ധ കഥയുള്ളതു ചുവടെ ചേർക്കുന്നു:— ''തുമ്പുങ്കൽ കുഞ്ഞുകോശി ജഡ്ജിയുടെ [1012-ാമാണ്ട് ജോലിയിൽനിന്നു വിരമിച്ചു] ഭാര്യ പുതിയകാവു പള്ളിയിൽ പോകുന്നതു മേനാവിലായിരുന്നു. മേനാവിനു ഇരുപുറവും ശിപായിമാരും ദാസിമാരും ഉണ്ടായിരിക്ക സാധാരണമാണ്. ഇങ്ങനെ മേനാവു മൂളിച്ചുപോകുമ്പോൾ റോഡിന്റെ ഇരുവശത്തുമുള്ള ഗൃഹങ്ങളിലെ സ്ത്രീകൾ ഇരിക്കുന്നവർ എഴുന്നേറ്റ് ആദരിക്കുമായിരുന്നു. ശിക്ഷാരക്ഷക്ക് അധികാരമുള്ള ജഡ്ജിയുടെ ഭാര്യയല്ലെ. പിതാമഹി ഒരു ദിവസം തിണ്ണക്കിരുന്നു പയർ തൊലിക്കുന്ന

അവസരത്തിലാണ് ജഡ്ജിയുടെ ഭാര്യ മേനാവു മൂളിച്ച് അതുവഴി വന്നത്. തുറന്നു കിടന്നിരുന്ന മേനാവിന്റെ ഉള്ളിലേക്ക് പിതാമഹിയും, പിതാമഹിയുടെ മുഖത്തേയ്ക്ക് ജഡ്ജിയുടെ ഭാര്യയും ദൃഷ്ടി പതിപ്പിച്ചു. താൻ സൂക്ഷിച്ചുനോക്കീട്ടുപോലും എഴുന്നേറ്റ് ആദരിക്കാത്ത ഒരുവളെ നല്ലപാഠം പഠിപ്പിക്കണമെന്ന് ജഡ്ജിയുടെ ഭാര്യ അപ്പോൾത്തന്നെ നിശ്ചയിച്ചു.

വീട്ടിൽ മടങ്ങിയെത്തിയതിനുശേഷം പിതാമഹിയെ വിളിച്ചുകൊണ്ടു ചെല്ലുന്നതിനായി ഏതാനും ആളുകളെ അയച്ചു. കഥയെന്തെന്നറിയാതെ വീട്ടിലുള്ളവരാകമാനം പരുങ്ങി. ഏതോ കാര്യം ചോദിച്ചറിവാനാണെന്ന് വിളിപ്പാൻ വന്നവർ ഉറപ്പിച്ചു പറഞ്ഞതിനാൽ അമ്മായിയമ്മ പറഞ്ഞതനുസരിച്ച് മറിയാമ്മ, തുമ്പുങ്കൽ, അയൽവക്കത്തുള്ള ഒരു സ്ത്രീയേയും കൂട്ടിക്കൊണ്ടുപോയി. കണ്ടപാടെ ജഡ്ജിയുടെ ഭാര്യ ചൊടിച്ചുകൊണ്ടു ''നീ വലിയ അമ്മ തമ്പുരാട്ടിയായി തിണ്ണക്ക് ഞെളിഞ്ഞിരുന്നോണ്ട് മാനമുള്ളവരെ നിന്ദിക്കയാണ് തൊഴിൽ, അല്ലെ. ഏതാണ് നീ'' എന്നു ചോദിച്ചും ''ആണായാലും പെണ്ണായാലും മറ്റുള്ളവർ ഇരിപ്പെടത്തുനിന്ന് എഴുന്നേറ്റ് എന്നെ മാനിക്കുമ്പോൾ നീ ചടഞ്ഞിരുന്ന് നിന്ദിക്കയാണ്. ആകട്ടെ എത്രത്തോളമുണ്ടെന്ന് കാണട്ടെ'' എന്നു വളരെ രൂക്ഷഭാവത്തിൽ പറഞ്ഞു.

പിതാമഹി, ജഡ്ജിയുടെ ഭാര്യയുടെ ഈ അഹങ്കാരത്തെ ഒട്ടുംതന്നെ കൂട്ടാക്കാതെ തൽക്ഷണം പറഞ്ഞ മറുപടി ഇങ്ങനെയാണ്:— ''ഞാൻ അമ്മത്തമ്പുരാട്ടിയാണെങ്കിൽ എന്റെ വീട്ടിലെ അമ്മത്തമ്പുരാട്ടിയാണ്. അക്കാര്യത്തിൽ മറ്റാർക്കും ഒരു നഷ്ടവുമില്ല. നിങ്ങൾ മേനാവിൽ പോയാലും പല്ലക്കിൽ പോയാലും, ചന്തി പൊക്കി ഓഛാനിക്കേണ്ടതു ഞാനല്ല. ഞാൻ അങ്ങനെയൊട്ടു ചെയ്കയുമില്ല. ചെയ്യുമെന്നു കരുതുകയും വേണ്ട. ഞാൻ അങ്ങനെ ചെയ്യുന്നതു വല്യമ്മക്ക് അവമാനമാണ്. എന്റെ അപ്പൻ മേലുകരെ കല്ലോടിക്കുഴിയിലേതാണ്. അമ്മ ആറാട്ടുപുഴ ചുങ്കന്റങ്ങെയുമാണ്. ഞാനും ഒരു മാനമുള്ള തറവാട്ടിൽ ജനിച്ചവളും അങ്ങനെയുള്ള ഒരു തറവാട്ടിൽ വന്നതുമാണ്. ചന്തി പൊക്കുന്നവരുടെ കൂട്ടത്തിൽ എന്നെ മേലിലൊട്ടു കണക്കുകൂട്ടുകയും വേണ്ടാ.''

പിതാമഹിയെ ജഡ്ജിയുടെ ഭാര്യ വിളിപ്പിച്ചതിന്റെ കാരണം എന്താണെന്നറിയുവാനായി അയൽവക്കത്തുള്ള ചിലർ തുമ്പുങ്കൽപടിക്കലേക്കു നടകൊണ്ടു. അമ്മായിയപ്പൻ മാത്തച്ചനും അക്കൂട്ടത്തിലുണ്ടായിരുന്നു. പിതാമഹിയാവട്ടെ, എന്തൊക്കെയോ അവിടെ സംഭവിച്ചുവെന്ന് ആർക്കും തോന്നത്തക്കവണ്ണം വിങ്ങിവീർത്ത മുഖത്തോടും കുറച്ചൊരു രൗദ്രഭാവത്തോടും കൂടി പടിപ്പുരയിലേക്കു വരുന്നതായിട്ടാണ് അവർ കണ്ടത്. ചോദ്യവും ഉത്തരവും എന്തൊക്കെയാണെന്ന്

അല്പസമയത്തിനുള്ളിൽ നടക്കാവു കമ്പോളം ഒട്ടുക്കു പരന്നു. സമീപസ്ഥരും കുടുംബത്തിലെ പ്രായമുള്ള ചിലരും വീട്ടിൽ എത്തി മാത്തച്ചനോടും ഇളച്ചിയോടും [ചെങ്ങന്നൂർ മുക്കത്തു പട്ടന്താനത്തു മാമ്മച്ചന്റെ മകൾ] മാതാമഹിയെ സംബന്ധിച്ച് വളരെ ശ്ലാഘിച്ചു പറഞ്ഞു.

അടുത്ത ഞായറാഴ്ച മുതൽ ജഡ്ജിയുടെ ഭാര്യ മേനാവിൽ പള്ളിയിൽ പോകുമ്പോൾ ആളുകൾ എഴുന്നേറ്റ് മാനിക്കുന്ന രീതി അതോടെ അവസാനിച്ചു. നടക്കാവ്, പുതിയകാവ് കമ്പോളങ്ങളിലെ സ്ത്രീപുരുഷന്മാരും മേലിൽ ആ സമ്പ്രദായം തുടരുകയുണ്ടായില്ല. പിന്നീട് കുറച്ചുകാലത്തേക്ക് മാതാമഹി പള്ളിയിൽ ചെല്ലുന്ന അവസരങ്ങളിൽ മേല്പറഞ്ഞ ചോദ്യോത്തരങ്ങൾ കേട്ടു രസിപ്പാൻ പല സ്ത്രീകളും വട്ടമിട്ടു കൂടുമായിരുന്നു. ഇക്കഥ മാതാമഹി തന്നെയും എന്റെ ചെറുപ്പകാലത്ത് എന്നോടും എന്റെ മൂത്ത സഹോദരി മറിയയോടും പറഞ്ഞിട്ടുള്ളതിനും പുറമെ പ്രായമായ ശേഷം
മാതാപിതാക്കന്മാരിൽനിന്നുതന്നെയും ഞാൻ കേട്ടറിഞ്ഞിട്ടുള്ളതാണ്. ജഡ്ജിയുടെ ഭാര്യ എന്റെ പിതാമഹിയെ അമ്മത്തമ്പുരാട്ടി എന്നു ഭത്സിച്ചതിൽ ഒട്ടും തെറ്റില്ല. 1074-ാമാണ്ട് കുംഭത്തിൽ വാർദ്ധക്യ സഹജമായ രോഗത്താൽ കാലഗതി പ്രാപിക്കുന്നതുവരെ ആകൃതിയിലും നടപ്പിലും ഇരിപ്പിലും മറ്റെല്ലാ ഭാവങ്ങളിലും അവർ ഒരു അമ്മതമ്പുരാട്ടി തന്നെയായിരുന്നു.'' മറിയാമ്മയുടെ

വിവാഹം കഴിഞ്ഞു അധികം വൈകാതെ നടന്ന ഒരു സംഭവമായിരുന്നു ഇത്.

തന്റെ പിതാമഹി മറിയമ്മയെപ്പറ്റി ചിത്രമെഴുത്തു കുടുംബ ചരിത്രത്തിൽ ഇങ്ങനെ പറയുന്നു.

കല്ലോടിക്കുഴിയിൽ പാറപിളർപ്പൻ ഇടിക്കുള വിവാഹം ചെയ്തിരുന്നതു പുത്തൻകാവിനു കിഴക്കുവശം ആറാട്ടുപുഴ പുരാതനത്വം കൊണ്ടും ധനസമൃദ്ധികൊണ്ടും പ്രസിദ്ധമായ ചുങ്കത്തിൽ തറവാട്ടിലെ ഒരു സ്ത്രീയേയായിരുന്നു. ചുങ്കത്തിൽ തറവാട്ടിൽ ഒരാൾക്കു നാലു പുത്രന്മാരും മൂന്നു പുത്രിമാരും ഉണ്ടായിരുന്നതിൽ മൂത്ത പുത്രിയായിരുന്നു ഇടിക്കുളയുടെ ഭാര്യ. അവരുടെ സഹോദരപുത്രൻ ഒരു പട്ടക്കാരനായിരുന്നു. 'ചുങ്കത്തിലച്ചൻ' എന്നും പറയും.

ഇടിക്കുളയുടെ ഭാര്യയുടെ ഇളയസഹോദരിയെ പുത്തൻകാവിനു സമീപം മംഗലത്തിൽ വാഴയിൽ എന്ന ഗൃഹത്തിലും മൂന്നാമത്തെ സ്ത്രീയെ പുത്തൻകാവിൽ പുത്തൻപുരയ്ക്കൽ എന്ന ഗൃഹത്തിലും വിവാഹം ചെയ്തിരുന്നു. ഇടിക്കുളയാവട്ടെ വിവാഹശേഷം ജീവിതസൗകര്യത്തെ കരുതി ഭാര്യാഗൃഹത്തോട് സമീപിച്ച് ആറാട്ടുപുഴയ്ക്കു പടിഞ്ഞാറുവശം ഇടനാട്ടിൽ എന്ന സ്ഥലത്തുവന്ന് താമസം ആരംഭിച്ചു. അദ്ദേഹത്തിനു ഒരു പുത്രനും നാലുപുത്രികളും ജനിച്ചതിൽ മൂന്നാമത്തെ പുത്രിയായ മറിയാമ്മ എന്ന സ്ത്രീരത്നത്തെയായിരുന്നു എന്റെ പിതാമഹനായ

കുഞ്ഞുനൈനാ വിവാഹം ചെയ്തത്. ഒന്നാമത്തെ പുത്രിയെ ഇടനാട്ടിൽത്തന്നെ അതിപ്രസിദ്ധമായ വടക്കേടത്തു കുടുംബത്തിലും രണ്ടാമത്തെ പുത്രിയെ വെണ്മണിയിൽ കുരമ്പിലേത്തു കുടുംബത്തിലും നാലാമത്തെ പുത്രിയെ കുമ്പനാട്ട് കടപ്രപുളിക്കക്കുഴി തറവാട്ടിലും വിവാഹം ചെയ്തുകൊടുത്തു.

പാറപിളർപ്പൻ ഇടിക്കുളയുടെ മൂന്നാമത്തെ പുത്രിയും ഈ എഴുത്തുകാരന്റെ പിതാമഹിയുമായ മറിയമ്മ അസാധാരണ സൗന്ദര്യശാലിയായ ഒരു മഹിളാരത്നംതന്നെയായിരുന്നു. വെളുത്ത് സ്വർണ്ണവർണ്ണമായ അവരുടെ ശരീരം മരണപര്യന്തം ആരോഗ്യനികേതനമായ ഒന്നായിരുന്നു. മറിയമ്മയെ ജയിക്കത്തക്ക ഒരു സൗന്ദര്യമൂർത്തി നടക്കാവിൽ ഇല്ലായിരുന്നുവെന്ന് സർവ്വസമ്മതമത്രെ. അസാധാരണ ദൈർഘ്യമുള്ള കനകവർണ്ണമായ അവരുടെ ശരീരവും ഇടതൂർന്നു നീളമേറിയതായ തലമുടിയും കാണുന്ന ഏതൊരുവനും ആ വനിതാരത്നത്തെപ്പറ്റി എന്തെന്നില്ലാത്ത ഒരു മതിപ്പും ഭക്തിയും തോന്നിപ്പോകുമായിരുന്നു. കൊല്ലവർഷം 1000-ാമാണ്ട് ജനിച്ച അവർ 1074-ാമാണ്ട് കുംഭത്തിൽ മരിച്ചു.

വെള്ളൂരെ കൊച്ചുകുഞ്ഞ്

മല്ലപ്പള്ളി വർഗീസിന്റെ മൂന്നാമത്തെ പുത്രനായ മാത്തൻ സ്വ പിതാവിന്റെ ആജ്ഞാനുസരണം പുതിയകാവ് പള്ളയ്ക്ക് തെക്കുഭാഗത്തായി കിടക്കുന്ന വെള്ളൂർ ഇരുപ്പൂനിലത്തിനു

കിഴക്കുവശത്തുള്ള വെള്ളൂർ പുരയിടത്തിൽ താമസിച്ചു. 1023-ാമാണ്ടിനു മുമ്പുള്ള ഒരു കാലഘട്ടത്തിൽ അദ്ദേഹം നടക്കാവിലേക്ക് താമസം മാറ്റി. വെള്ളൂരെ പുരയിടം, നിലം, ചിത്രമെഴുത്തിന്റെ പ്രപിതാമഹൻ മുതലായവരുടെ വെള്ളൂരെ താമസം എന്നിവയെ ലക്ഷ്യപ്പെടുത്തുന്നതായി നടക്കാവിൽ ചിത്രമെഴുത്തും പിതാവും താമസിച്ചിരുന്ന കാമ്പുശേരി വടക്കേതിൽ പുരയിടത്തിന് വ്യവഹാരത്തിൽ ഇരുന്ന നാടോടിപ്പേർ 'വെള്ളൂരെ പുരയിടം.' 'വെള്ളൂർ' എന്നായിരുന്നു. ചിത്രമെഴുത്തിന്റെ പിതാവിനെ 'വെള്ളൂരെ കൊച്ചുകുഞ്ഞുചേട്ടൻ' എന്നാണ് നടക്കാവിലുള്ള പല മാന്യന്മാരും വിളിച്ചിരുന്നത്. പുതിയകാവിലും കൊറ്റാർ കാവിലുമുള്ള നായന്മാർ ചിത്രമെഴുത്തിന്റെ പിതാമഹനെ 'വെള്ളൂരാൻ' എന്നു സംബോധന ചെയ്തുപോന്നതിനെ തുടർന്നു ചില നായന്മാർ ചിത്രമെഴുത്തിന്റെ പിതാവിനെയും ചിത്രമെഴുത്തിനെയും 'വെള്ളൂരാൻ' എന്നും വിളിച്ചുവന്നു.

'വെള്ളൂരെ കൊച്ചുകുഞ്ഞ്' എന്നാണ് നടക്കാവിലുള്ളവർ ഇന്നും എന്നെ സംബോധി ചെയ്തു സംസാരിക്കാറുള്ളത്'' എന്നു കെ. എം. വറുഗീസ് കുടുംബചരിത്രത്തിൽ പറഞ്ഞിട്ടുണ്ട്.

കലാദേവി കത്തിച്ച കൈത്തിരി

ബാല്യത്തിൽ കൊച്ചുകുഞ്ഞ് നടത്തിയ ഒരു ജലയാത്രയിൽകൂടിയാണ് കലാദേവത അദ്ദേഹത്തെ ആദ്യമായി അനുഗ്രഹിച്ചതെന്ന് അദ്ദേഹം പറയുന്നു.

ആ സംഭവം അദ്ദേഹം ഹൃദയസ്പൃക്കായി
കലാഹൃദയങ്ങളുടെ മുമ്പാകെ തുറന്നുവെയ്ക്കുന്നു.
അതിങ്ങനെയാണ്:— 'എന്റെ എട്ടാമത്തെ വയസ്സിൽ
പിതാവ് എന്നെ ആലപ്പുഴ കാണ്മാനായി
കൊണ്ടുപോയി. വിശാലമായ ജലവേദിയിൽ
വിസ്താരമാർന്ന കരിഞ്ചിറക് വിരിച്ച്
പൊരുന്നിരിക്കുന്ന അന്ധകാരത്തേയും
വിവരിക്കവയ്യാത്ത അതിന്റെ സൗന്ദര്യവും
ജീവിതത്തിൽ ആദ്യമായിട്ട് അന്നാണ് എനിക്ക്
അനുഭവപ്പെട്ടത്. കണ്ണെത്താത്ത
ആകാശതലത്തിലെ നക്ഷത്രകോടികളും
പ്രഭാതത്തിലെ കുളിർകാറ്റും ഇരുണ്ട്
മഞ്ഞിമയങ്ങിയ തീരപ്രദേശങ്ങളും എന്റെ
ഹൃദയത്തിൽ എന്തെന്നില്ലാത്ത ഒരു ഉന്മേഷവും
ആനന്ദവും കൈവളർത്തി. നീലവില്ലൂസ് മെത്തയുടെ
അഗ്രത്തിൽ തലയിണയിൽ ശിരസ്സുപൊന്തിക്കുന്ന
ഒരു രാജാവിനെപ്പോലെ പ്രഭാതസൂര്യന്റെ
സൗന്ദര്യപ്രഭാവം അന്നാണ് ഞാൻ ആദ്യമായി
അനുഭവിക്കുക. അറുതിയില്ലാതെ ഒരു
പട്ടുമെത്തപോലെ പരന്നുകിടക്കുന്ന
പുഞ്ചപ്പാടങ്ങളുടെ തലക്കൽ ചെന്തൊപ്പി ധരിച്ച്
മുഖം ഉയർത്തുന്ന ആ മഹാരാജാവിനെകണ്ട് ഞാൻ
ആനന്ദതുന്ദിലനായി ചമഞ്ഞു. നദീതീരങ്ങളിലെ
പുൽപ്പടർപ്പുകളും മന്ദവായുവിൽ
കുണുങ്ങിച്ചലിക്കുന്ന അലച്ചാർത്തുകളും
തീരപ്രദേശങ്ങളിൽ ഗുഗ്ഗുളു ശബ്ദം ഉണ്ടാക്കി
അമരുന്ന ഓളത്താരകളും എന്റെ ഹൃദയത്തിൽ ഒരു
നവചൈതന്യം ഉണർത്തി. ജീവിതത്തിൽ

അതിനുമുമ്പൊരിക്കലും ഇത്രയധികം ശക്തിയായ ഒരു മനോവികാരം എനിക്കുണ്ടായിട്ടില്ല. മിക്കവാറും പകൽ മുഴുവനും തട്ടുപടിയിൽ ഇരുന്നുകൊണ്ട് വെള്ളത്തിലേക്ക് വിരൽ താഴ്ത്തി ഞാൻ രസിക്കയായിരുന്നു. ഞാൻ വിരൽ താഴ്ത്തി ചലിപ്പിച്ച വെള്ളവും അതിൽ കുരുത്തുയരുന്ന ചെറു കുമിളകളും എന്നെ എപ്പോഴും ഓർമ്മിക്കണമെന്നുള്ളതായിരുന്നു എന്റെ അപ്പോഴത്തെ ആകാംക്ഷ. ഞാൻ ആ വെള്ളപ്പരപ്പിലൂടെ ആലപ്പുഴയ്ക്കു പോയ കഥ ആ തണുത്ത പളുങ്കുവെള്ളം എന്നും ഓർമ്മിക്കണം. ഞാനും ഒരിക്കലും നിന്നെ മറക്കുന്നതല്ലെന്ന് എന്റെ ഹൃദയം പറഞ്ഞു. ആലപ്പുഴത്തോട്ടിലെ ബഹളങ്ങളും തീബോട്ടിന്റെ പാച്ചിലും എണ്ണച്ചക്കപ്പീടികകളിലെ കുഴൽച്ചൂളവും തോടിന്റെ ഇരു വശങ്ങളിലുമുള്ള കെട്ടിടങ്ങളും വിവിധ വേഷങ്ങളിലുള്ള ആളുകളും ഒറ്റക്കാളവണ്ടിയിൽ ഉച്ചി നിർത്തിവടിച്ച തലയും കുടവയറുമായിപ്പോകുന്ന ബന്ന്യാന്മാരും വമ്പിച്ച ഷോപ്പുകളും ജനക്കൂട്ടവും തിക്കും തിരക്കും ഒക്കപ്പാടെകൂടി എന്റെ ഹൃദയമണ്ഡലത്തിൽ ഒരു പുതിയ ലോകം രചിച്ചു.

മടക്കത്തിൽ പുതിയപുതിയ പ്രദേശങ്ങളെ ഞാൻ ജിജ്ഞാസയോടെ നോക്കിക്കൊണ്ടിരുന്നു. വെള്ളി ഉരുക്കി ഒഴിച്ചതുപോലെ മിന്നിത്തിളങ്ങുന്ന തിരമാലകളെ മുറിച്ചു പാഞ്ഞുപോകുന്ന ഓട്ട് പായും കെട്ടിയ വള്ളങ്ങളും, സന്ധ്യാസമയം എണ്ണക്കാട്ടുകൊട്ടാരത്തിനു സമീപം ആറ്റിൽ കൃഷീവലന്മാർ കലപ്പയും തോളിൽ താങ്ങി

ഇറങ്ങിക്കയറുന്നതും, ചിലർ വെള്ളത്തിൽ അടിച്ച് ശബ്ദമുണ്ടാക്കിക്കളിക്കുന്നതും, തോർത്തുമുണ്ടും ഉള്ളംകൈയിലിട്ട് ഒച്ചയുണ്ടാക്കി അടിക്കുന്നതും, സൂര്യൻ ചെമ്മാനത്തിന്റെ വക്കുകളിലൂടെ ഇരുളിലേക്ക് മയങ്ങിമറിഞ്ഞു താഴുന്നതുമൊക്കെ എന്റെ ഹൃദയത്തിൽ പുതിയപുതിയ വികാരങ്ങളെ ഉണർത്തി. വീട്ടിലേക്ക് പോകാതെ അവിടെയെങ്ങാനും താമസിക്കുന്നത് എത്രയോ ആനന്ദപ്രദമായ ഒന്നാണെന്ന് എനിക്ക് തോന്നി. വള്ളം തീരപ്രദേശത്തുള്ള വല്ല പുൽച്ചെടികളെയും ഇലപ്പടർപ്പുകളെയും സ്പർശിച്ചു മുമ്പോട്ടു നീങ്ങുമ്പോഴൊക്കെ ഞാനും അവയെ എത്തിപ്പിടിച്ചുകൊണ്ട് മൂകഭാഷയിൽ അവയോടെല്ലാം യാത്ര ചോദിച്ചു. പ്രഭാതവും അസ്തമയവും ആകാശത്തിലെ നക്ഷത്രകോടികളും എന്നിൽ എന്നേക്കുമായി ഉദിപ്പിച്ച പ്രകൃതിയുടെ നിസർഗ്ഗ സൗന്ദര്യവും, പുതിയ പുതിയ ചിന്തകളും, ഒടുങ്ങാത്ത ജിജ്ഞാസകളും, മതിവരാത്ത ആനന്ദാനുഭൂതിയും, കത്തിജ്വലിക്കുന്ന വികാരങ്ങളും, അപരിചിതമെങ്കിലും കൈനീട്ടിപ്പിടിച്ച ഒരു പുതിയ ലോകവും ചുമന്നുകൊണ്ട് ഒരു പുതിയ ജീവിയായി പുതിയ ദർശനത്തിന്റെ ചൂടുമാറാത്ത ഉണർവ്വോടും ഉന്മേഷത്തോടും കൂടി ഞാൻ വീട്ടിലെത്തി.

എന്നാൽ അടുത്തുതന്നെ അപ്പൻ ആലപ്പുഴക്കു പോയപ്പോൾ എനിക്കു താങ്ങുവാൻ വയ്യാത്ത ദുഃഖമുണ്ടായി. അപരിചിതമായ ആ സ്ഥലങ്ങളിലൂടെ ആ അന്ധകാരത്തിലൂടെ, ആ

ഓളപ്പാത്തികളിലൂടെയാണല്ലോ അപ്പൻ വള്ളത്തിൽ കിടന്നു യാത്രചെയ്യുന്നത്. ആ ആഴമേറിയ നദിയിലൂടെ വള്ളം മുന്നോട്ട് ഇഴയുമ്പോൾ, കണ്ണുംകരയുമെത്താത്ത സ്ഥലങ്ങളിലൂടെ കരിങ്കൂരിരുട്ടിൽ മറ്റൊരു കൂരിരുട്ടായി വള്ളം നീങ്ങുമ്പോൾ ആകാശനിശ്ശബ്ദതയുടെ അധോഭാഗത്ത് അഗാധത്തിന്റെ അടിത്തട്ടിൽ മരണം അതിന്റെ ഭയങ്കരമായ മൗനവ്രതത്തോടുകൂടി പതുങ്ങിക്കിടക്കുമ്പോൾ ചക്രവാളത്തിന്റെയും ജലവേദികയുടെയും ഇടയ്ക്ക് അങ്ങിങ്ങ് ബഹുദൂരം നിരന്ന് കാണുന്ന തീരവൃക്ഷങ്ങളുടെ കറുകറുത്ത വക്കുകരയുടെ മറപറ്റി ചരിക്കുന്ന വള്ളത്തിൽ എന്റെ പിതാവ് കിടക്കുമ്പോൾ സംഭവിക്കാവുന്ന ആപത്തുകളെ ഓർത്ത് എന്റെ ഹൃദയം അസ്വസ്ഥമായിത്തീർന്നു.

എന്റെ അപ്പൻ തിരിച്ചുവരുമോ? അപരിചിതമായ സ്ഥലങ്ങളിൽ, അറിയപ്പെടാത്ത ജനങ്ങളുടെ ഇടയിൽ, അന്ധകാരത്തിൽ, ഇരുട്ടു പൊതിഞ്ഞ ഓളപ്പാത്തികളിൽ അപ്പനുള്ള രക്ഷ എന്താണ്? അപ്പൻ തിരിച്ചുവരുമോ? ഏകാകിത്വത്തിന്റെ ഭയങ്കരതയിൽ ഏതോ ഒരു നദിയുടെ അന്ധകാരത്തിൽ താണിരിക്കുന്ന ആ വള്ളത്തെയും അതിൽ കിടന്നുറങ്ങുന്ന അപ്പനെയും തോഴനേയും കുറിച്ച് വിചാരധാര സ്വയമേ ഒരു രാഗധാര കൈക്കൊണ്ട് അത്യന്തം വ്യസനകരമായ ഒരു ഗാനമായി എന്നിൽനിന്ന് ഉൾഗളിച്ചു.

ആ ഗാനത്തിന് പദ സമൂഹമോ അർത്ഥമോ ഉണ്ടായിരുന്നില്ല എങ്കിലും അവ ഒരു ഗാനമായിരുന്നു. മനസ്സിനെ ആർദ്രമാക്കുന്നവയും ഭീതിയെ അഭിമുഖീകരിച്ച് പ്രകൃതിയോടു നിശ്ശബ്ദ ഭാഷണം ചെയ്യുന്നവയുമായ ഒരു നേരിയ ഗാനം. ആ ഗാനത്തിന്റെ രാഗം എന്റെ സ്വന്തമാണ്. സംഖ്യാതീതമായ രാഗമാലികയിലെ ദുഃഖമയങ്ങളായ വല്ല ഹൃദയസ്പന്ദനങ്ങളും ആ ഗാനത്തിൽ ലയിച്ചിരിക്കാം. എന്റെ എട്ടാമത്തെ വയസ്സിൽ എന്റെ ഹൃദയതന്ത്രിയിൽ നിന്നു ഉതിർന്നതായ ആ ഒരു ഗാനത്തിന്റെ ആർദ്രത സൗന്ദര്യത്തിലും ശോക മാധുര്യത്തിലും താണുമുങ്ങുന്നതായി ഞാൻ ജീവിതത്തിൽ പലപ്പോഴും എന്റെ ഏകാന്തതയോടുകൂടി അവയെ ആശ്ലേഷിച്ചിട്ടുണ്ട്. അവ എന്റെ സ്വന്തം രാഗവും അവ എന്റെ സ്വന്തം ഗാനവും മാത്രമാണ്. അന്നത്തെപ്പോലെ തന്നെ അവ ഇന്നും എനിക്ക് സുപരിചിതമത്രേ. രാത്രിയുടെ ഗാഢ നിശ്ശബ്ദതയും, അന്ധതമസ്സിന്റെ വിഷാദ സൗന്ദര്യവും, നക്ഷത്രപാളികളുടെ മൃദുലവീക്ഷണവും ഇരുൾക്കുഴികളിലെ തരംഗ ഭേരീശബ്ദവും അറിയപ്പെടാത്തതും അപരിചിതവും അതിവിദൂരസ്ഥവുമായ ഒരു നിഗൂഢ ലോകത്തിലെ ചലനവിശേഷങ്ങളുമെല്ലാം ആ ഗാനത്തിൽ മുങ്ങിക്കിടക്കുന്നു. ലിപികളാലും പദസമൂഹങ്ങളാലും നിബന്ധിതമല്ലാത്ത ആ ശൈശവഗാനത്തിന്റെ കർത്താവും ഉപാസകനും ഞാൻ മാത്രമാണ്. അങ്ങനെ ഞാൻ എന്റെ എട്ടാമത്തെ വയസ്സിൽ ശോകാത്മകതയുടെ

മടിത്തട്ടിൽ സ്നേഹമൂർച്ഛയുടെ വിഷാദഭീതിയിൽ വിജനതയിലെ ശൈശവ മുക്തിയിൽ ഒരു ഗാനകർത്താവായി രാഗാലാപകനായി. അങ്ങനെ കലാദേവത എന്റെ കരൾക്കാമ്പിൽ കൈത്തിരി കത്തിച്ചു.''

സംസ്കാരവും കലാപ്രവർത്തനങ്ങളും

ചിത്രമെഴുത്ത് പറയുന്നു:— ''പുരാതനത്വത്തിനും, പാരമ്പര്യത്തിനും സംസ്കാരത്തിനും ഉൽകൃഷ്ട മാനസിക ഗുണങ്ങൾക്കും പ്രത്യേകിച്ച് ശ്രേഷ്ഠവാസനകൾക്കും ഏതു കാലത്തും മാനവും മഹിമയുമുള്ളതാണ്. ഇവകൾ ഒരൊറ്റ ദിവസംകൊണ്ട് സമ്പാദിക്കാവുന്നതോ വിലയ്ക്കു വാങ്ങാവുന്നതോ അല്ല. ശതാബ്ദ പരമ്പരകളുടെ സ്വച്ഛന്ദഗതിയിൽ ബുദ്ധിശക്തിക്കും ചിന്താഗതിക്കും ശ്രേഷ്ഠപരിശീലനം മൂലം സംഭവിക്കുന്ന അനുലോമ സംഘർഷണത്താൽ ശരീരത്തിനും രക്തത്തിനും വാസനയ്ക്കും മനസ്സിനും സ്വതസിദ്ധമായിത്തീരുന്നതായ ആ ഒരു അനുകമ്പാവിശേഷമാണ് സംസ്കാരം.

സംസ്കാരം എന്നാൽ എന്താണ്? അതിന്റെ ബാഹ്യരൂപം എന്താണ്? ഹൃദയലാളിത്യം, മനോമൃദുലത, സത്വഗുണസമ്പന്നമായ ഒരു കരുണാവൈവശ്യം, എല്ലാം ക്ഷമിക്കുന്നു. എല്ലാം സഹിക്കുന്നു. എല്ലാറ്റിലും നന്മ കരുതുന്നു. അപരാധങ്ങളെ വീണ്ടും വീണ്ടും വിസ്മരിക്കുന്നു. സന്മാർഗ്ഗത്തിൽ പ്രതിപത്തി, പാപകർമ്മങ്ങളിൽ വൈമുഖ്യം, ആഹാരകാര്യങ്ങളിൽ

ബുഭുക്ഷയില്ലായ്ക, അശരണരിൽ കാരുണ്യം, മർദ്ദിതരിൽ അനുകമ്പ, ആശ്രിതജനങ്ങളിൽ അതിവാത്സല്യം, നിറപ്പകിട്ടിൽ ഭ്രമമില്ലായ്ക, സൽക്കർമ്മങ്ങളിൽ അത്യാസക്തി, അനുപമമായ സ്നേഹശീലം, അതിരറ്റ ദാനശീലം, ആരിൽനിന്നും ഒന്നുംതന്നെ സൗജന്യമായി വാങ്ങുവാൻ ആഗ്രഹമില്ലായ്ക, അന്യായ കർമ്മങ്ങളുടെ നേരെ അസഹിഷ്ണുത, ഏതുകാലത്തും ഏതുതരം ജീവിതാവസ്ഥയിലും ഔദാര്യബുദ്ധി, അനഹങ്കാരബുദ്ധി, ആരിലും മാനം, ആദരശീലം, ആതിഥ്യ പൂജയിൽ അതിതൽപരത, മിതഭാഷണം, വാഗ്ദാനപാലനത്തിൽ അതിനിഷ്ഠ, വാഗ്ദാനപാലനത്തിൽ നഷ്ടംസഹിക്കുന്നതിൽ മനക്ലേശമില്ലായ്ക, ആഡംബരഭ്രമരാഹിത്യം, തിക്തപദപ്രയോഗവൈമുഖ്യം, സഭ്യവാഗ്പ്രയോഗത്തിൽ നിഷ്ഠ, സദാ ഈശ്വരസ്മരണം, ധർമ്മധീരത, പരിപൂർണ്ണ ഹൃദയ നൈർമ്മല്യം, സത്യസന്ധതയിൽ അതിനിഷ്ഠ, അചഞ്ചല മനസ്ഥിതി, എന്നിതുകളാണ് സംസ്കാരത്തിന്റെ ബാഹ്യരൂപങ്ങൾ. തറവാടിത്തം, കുടുംബശ്രേഷ്ഠത എന്നൊക്കെ പറയുന്നതും ഇവയെ ഉദ്ദേശിച്ചു മാത്രമാണ്. ഈ വക ഗുണസമ്പത്തു കൂടാതെ പണം ഒന്നുകൊണ്ടുമാത്രം പ്രകൃഷ്ടതയും മേന്മയും സംസിദ്ധമാകും എന്നു വിശ്വസിക്കുന്നവർ സമുദായ ശരീരത്തിലെ ശോണിത വ്രണങ്ങളാണ്.''

''ഒരു കുടുംബത്തിന്റെ മാനസികമായ സമ്പത്തുകളിൽ അഥവാ മാനസിക നേട്ടങ്ങളിൽ അദ്വിതീയമായ ഒന്നാണ് സംഗീത സാഹിത്യാദി കലകളിലുള്ള ജന്മസിദ്ധമായ വാസനയും അഭിരുചിയും. കലാവാസനയും കലാസക്തിയുമില്ലാത്ത ഒരു കുടുംബത്തിൽ ഒരിക്കലും മാനസികനന്മയും ലാളിത്യവും ആത്മാർത്ഥതയും, മനോമാധുര്യവും ഉണ്ടായിരിക്കുന്നതല്ല. ജീവിതത്തെ അനുഭവിക്കുന്നതിന് മനുഷ്യനെ ശക്തമാക്കുന്ന പ്രേരണാവൈഭവവും കലാസക്തിയിൽ നിക്ഷിപ്തമായിരിക്കയാണ്. മാനസിക സൗന്ദര്യം, ചിന്താമാധുര്യം, ആദ്ധ്യാത്മിക നിർവൃതി എന്നിവയുടെ ഏകോപിച്ചുള്ള ബഹിർപ്രകാശനമാണ് കലകൾ എന്നു പറഞ്ഞാൽ അതു് ഏറെക്കുറെ ശരിതന്നെയാണ്. കലകൾ ആത്മാവിന്റെ ഭാഷയാണെന്ന് ഒരു നിരൂപകൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. കലയിൽ രസിക്കാത്തവനേയും, കലയെ വെറുക്കുന്നവനേയും യാതൊരുകാലത്തും മിത്രമായും ബന്ധുവായും സ്വീകരിപ്പാൻ പാടില്ലെന്നുള്ള തത്വം എല്ലാ കാലത്തും ഓർമ്മയിൽ വച്ചുകൊള്ളേണ്ടതാണ്. കലാവിദ്വേഷി ഏതു സമുദായത്തിലും ഏതു കാലത്തും ചതിവനും അവിശ്വസ്തനും വഞ്ചകനും പൈശാചികബുദ്ധിയുമായിരിക്കുമെന്നുള്ളതു് നിശ്ചയം.''

''കുടുംബപാരമ്പര്യത്തിന്റെ മഹത്തായ രക്തസംശുദ്ധിയിലും സംസ്കാരവിശേഷത്തിലും

അടിയുറച്ചു നിൽക്കുന്നതായ ഈ ഒരു കലാവാസനയും കലാഭിരുചിയും എല്ലാ കുടുംബങ്ങൾക്കും സിദ്ധിച്ചുവെന്നു വരുന്നതല്ല. കുടുംബത്തിന്റെ പൗരാണികമായ ധാർമ്മിക സൗന്ദര്യത്തിന്റെയും പൂർവ്വപുണ്യപരിപുഷ്ടിയുടെയും പ്രത്യക്ഷഫലമായി അതു് അതതു കാലങ്ങളിൽ കുടുംബാംഗങ്ങളിൽ രൂപം പ്രാപിക്കുന്നു. അങ്ങനെയുള്ള വാസനകൾ മഹത്തായ ഈശ്വരാനുഗ്രഹമാണെന്ന് കരുതണം.''

ഒരു കുടുംബയോഗം

1126 വൃശ്ചികം 17-ാംനു പൗവ്വത്തിക്കുന്നേൽ കുടുംബത്തിന്റെ ഒരു യോഗം പ്രായിക്കര വഞ്ചിപ്പുഴശ്ശേരിയിൽ ഐസക്ക് ഇട്ടിയവിരായുടെ വസതിയിൽവെച്ച് മല്ലപ്പള്ളി വട്ടശ്ശേരിൽ ദിവ്യശ്രീ പീലിപ്പോസ് കത്തനാരുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. കുടുംബാംഗങ്ങളായി ഇരുനൂറിൽപരം ആളുകളെക്കൂടാതെ സ്ഥലത്തെ പ്രമുഖന്മാരായ പല മാന്യവ്യക്തികളും പ്രസ്തുത യോഗത്തിൽ സംബന്ധിച്ചിരുന്നു. വഞ്ചിപ്പുഴശ്ശേരി തറവാടിന്റെ മുറ്റത്ത് അലങ്കരിച്ചിരുന്ന പന്തലിൽ ക്രമീകരിച്ചിരുന്ന പ്ലാറ്റുഫോമിൽ ചിത്രമെഴുത്ത് കെ. എം. വർഗീസ് എഴുതി തഴക്കര എം. എസ്. ഇംഗ്ലീഷ് സ്കൂളിലേക്കു കൊടുത്തിരുന്ന മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ഗീവറുഗീസ് ദീവന്ന്യാസ്യോസ് തിരുമേനിയുടെ ഒരു പൂർണ്ണകായ എണ്ണച്ഛായ ചിത്രം ഒരു ഉയർന്ന പീഠത്തിൽ അലങ്കരിച്ചു വച്ചിരുന്നതു കുടുംബാംഗങ്ങളെയും സന്ദർശകരായ

ബഹുജനങ്ങളെയും ആനന്ദാതിശയ —
ഭക്തിപരവശരാക്കിത്തീർത്തു. രണ്ടുമണിക്കു
കൂടിയ പൊതുസമ്മേളനത്തിൽ ചിത്രമെഴുത്ത്
എഴുതിക്കൊടുത്ത ഒരു ഗദ്യകവിത
കുടുംബത്തിലുള്ള ഒരു പെൺകുട്ടി വായിച്ചതു്
എല്ലാവർക്കും കോൾമയിർ ഉണ്ടാക്കി. പ്രസ്തുത
ഗദ്യകവിത താഴെ ചേർക്കുന്നു:—

മഹനീയ സന്ദേശം

....''അങ്ങനെ നമ്മുടെ പരേതരായ
പാവനാത്മാക്കൾ പറുദീസായിലെ പളുങ്കുമണി
ഗോപുരത്തിന്റെ കനക കവാടത്തിൽ ഒരുമിച്ചുകൂടി.
അവരുടെ ധവള പരിശുഭ്രമായ വെള്ള
നിലയങ്കികളുടെ കലകലധ്വനികൾ പറുദീസയിലെ
സുവർണ്ണവൃക്ഷങ്ങളുടെ കനകദള പാളികളിൽ
മധുരമർമ്മരം പൊഴിച്ചു. അവർ അന്യോന്യം
പറഞ്ഞു:— ''നമുക്ക് അനുവദിച്ചിട്ടുള്ള
മണിക്കൂറുകൾ അല്പമാണ്. എങ്കിലും പരാപരനായ
യഹോവാ നമ്മുടെ ഓമന സന്താനങ്ങളുടെ
മുഖകമലങ്ങൾ ഒരിക്കൽകൂടി വീക്ഷിപ്പാൻ നമുക്ക്
അനുവാദം അരുളിയിരിക്കുന്നു. പുറപ്പെടുക തന്നെ.
എല്ലാവരും അവരവരുടെ കൈത്താലങ്ങളിൽ
അക്ഷയമായ ആശ്ലിസുകളും സൗരഭ്യപൂരിതമായ
സുഗന്ധവർഗ്ഗങ്ങളും, വാട്ടമില്ലാത്ത രത്നദീപങ്ങളും,
പറുദീസായിലെ വാടാത്ത പൂന്തേൻകനികളും
എടുപ്പീൻ. ഇന്നു നമ്മുടെ കുടുംബയോഗമാണ്. ഇന്ന്
നമ്മുടെ മംഗളദിനമാണ്.

കാവൽ മാലാഖമാരുടെ
കാഹളഘോഷങ്ങൾക്കിടയിൽ ഹാലെലൂയ്യാ ശബ്ദം
ഗോപുരദ്വാരത്തിൽ മുഴങ്ങി. അക്ഷയ തേജസ്സിന്റെ
അലതല്ലലിൽ വിഹരിക്കുന്ന ആ ജനസംഘം —
പുരാതനന്മാരും പൂർവ്വന്മാരും അമ്മമാരും
യുവതികളും ബാലന്മാരും ശിശുക്കളുമെല്ലാം
മാലാഖമാരുടെ കണ്ണഞ്ചിക്കുന്ന
പൊൻവിരിച്ചിറകുകളായ നടപ്പന്തലിൻ കീഴിൽ
ആശീർവ്വാദ സംഗീത കളകളം ആലാപിച്ചുകൊണ്ട്
ഭൂമണ്ഡലത്തിലേക്കു പറന്നു. കന്യകമാരുടെ
കനകത്തപ്പുകൾ സുമംഗളസുന്ദരമായ മധുരധ്വനി
ആകാശവീഥിയിൽ മുഴക്കി. ബാലന്മാരുടെ
കൈത്തളിരുകളിൽ രത്നക്കുരുത്തോലകൾ
ചാഞ്ചാടി. ശിശുക്കളുടെ പൂന്തേൻ ചുണ്ടുകൾ
ആർപ്പുവിളികൾ മുഴക്കി. വൈദിക സ്ഥാനികളായ
മേൽപ്പട്ടക്കാരുടെയും പട്ടക്കാരുടെയും
ധൂപകലശങ്ങളിൽനിന്ന് സൗരഭ്യധൂപം
സ്വർഗ്ഗവീഥിയിൽ പരന്നു.

മണിക്കൂറുകളുടെ, ദിവസങ്ങളുടെ,
ആഴ്ചകളുടെ, മാസങ്ങളുടെ, വർഷങ്ങളുടെ,
ശതവർഷങ്ങളുടെ, സഹസ്രാബ്ദങ്ങളുടെ —
അതിർഭിത്തികളെ ഒരു നിമിഷത്തിനുള്ളിൽ ഭേദിച്ച്
ആ പരേതാത്മാക്കളുടെ പുണ്യപാദങ്ങൾ
മാവേലിക്കര പൗവ്വത്തിക്കുന്നേൽ കുടുംബാംഗങ്ങൾ
കൈയോടു കൈകോർത്തിറങ്ങി കൂടിയ
വഞ്ചിപ്പുഴശ്ശേരിയിലെ പൂമണൽ മുറ്റത്ത് പതിഞ്ഞു.
അന്തരീക്ഷം ഒന്നാകെ പൂമ്പുളകത്തിൽ ആറാടി.
മന്ദവായുവിന്റെ മാവിടത്തിൽ ആനന്ദത്തുടിപ്പുകൾ

ഇളകിക്കൂടി. പൂച്ചെടിപ്പൂക്കൾ പൂവിതളുകൾ പരത്തി. ഓലത്തുഞ്ചാണികൾ സന്തോഷനർത്തനം ചെയ്തു.

അദൃശ്യതയുടെ മറവിൽ; മായയുടെ ആ മറശ്ശീലക്കുള്ളിൽ പരേതരുടെയും സജീവരുടെയും കണ്ണ് കണ്ണോടുനോക്കി ആനന്ദം ഉൾക്കൊള്ളുന്നതായ ആ മഹനീയ സന്ദർഭത്തിൽ മലങ്കര സഭാഭാസുരനായ നമ്മുടെ ബാവാ വട്ടശ്ശേരിത്തിരുമേനിയുടെ വെണ്മ തിരളുന്ന വെൺചാമര മീശയിലൂടെ നീരാളക്കുപ്പായത്തിന്റെ വിളുമ്പിലേക്ക് ആചാര്യകുലകൂടസ്ഥനായ അഹറോന്റെ അഭിഷേകതൈലം അറുതിയില്ലാതൊഴുകി വാർന്നു. ഓമനമക്കളെ കണ്ട് ഉള്ള കുളിർത്ത പരേതരായ അമ്മമാരുടെ മുലക്കുടങ്ങൾ ചുരന്നൊഴുകിയ നറുമ്പാൽ പ്രവാഹം വഞ്ചിപ്പുഴശ്ശേരിയിലെ വെണ്മണൽ മുറ്റത്ത് നീളെ നീളെ ചൊരിഞ്ഞു വിളങ്ങി.

അങ്ങനെ ആ ലോകത്തിലെയും, ഈ ലോകത്തിലെയും കുടുംബാംഗങ്ങളുടെ കണ്ണ് കണ്ണത്തിലും, കവിൾത്തടം കവിൾത്തടത്തിലും, അധരം അധരത്തിലും, കരൾക്കാമ്പ് കരൾക്കാമ്പിലും, കരപങ്കജം കരപങ്കജത്തിലും അലിഞ്ഞമർന്നു ചേർന്നു.

അനന്യതയുടെ ആദൃശ്യഷത്തിൽ, ഒരിക്കലും ഒന്നുകൊണ്ടും വേർപെടാത്ത രക്തബന്ധത്തിന്റെ അങ്കതലത്തിൽ, ഏകോദര സാഹോദര്യത്തിന്റെ ഏകോന്മുഖതയിൽ, അവർ ഐകമത്യത്തിന്റെയും, ഏക കുടുംബത്തിന്റെയും

അത്യുൽകൃഷ്ടസ്മരണകളെ ഇളക്കിവിട്ടു. ഹാ അഭിമാനം തുളുമ്പുന്ന അപദാന സ്മരണകൾ!!

ആഗതരായ പരേതർ ഉച്ചത്തിൽ ഉച്ചരിച്ചു.

"ഹാലേലൊയ്യാ! നമ്മുടെ പിതാക്കന്മാരുടെ ദൈവത്തിനു സനാതന മഹത്വം. അവിടുന്നു് ഞങ്ങളുടെ അസ്ഥിയിൽനിന്നു അസ്ഥിയും, മാംസത്തിൽനിന്നു് മാംസവുമായ ഞങ്ങളുടെ പിൻഗാമികളായ നിങ്ങളെ ആചന്ദ്രതാരം അനുഗ്രഹിക്കട്ടെ."

അവർ ശാന്തമായി തുടർന്നു പറഞ്ഞു:—
"ഉദയാസ്തമയങ്ങൾ നിങ്ങൾക്കു് നാഴികകളേയും വർഷങ്ങളേയും സംഭാവന നൽകുന്നു. എന്നാൽ സ്നേഹഭാജനങ്ങളേ, ഞങ്ങൾക്കു് കാലമാവട്ടെ, വർഷമാവട്ടെ, ശതവർഷങ്ങളാവട്ടെ യാതൊന്നുമില്ല. നിങ്ങൾ ഞങ്ങളെ വർഷങ്ങളുടെ പരിഗണനയിൽ പ്രാചീനതയിലേക്കും വിദൂരതയിലേക്കും തള്ളിയിരിക്കുന്നുവെങ്കിലും ഞങ്ങൾ നിങ്ങൾക്കു് എന്നെന്നും ഇദാനീന്തനന്മാരും സമകാലീനന്മാരുമത്രെ. ഞങ്ങളുടെ സ്മരണാകേന്ദ്രത്തിൽ നിങ്ങൾ എന്നും നവീനന്മാർ തന്നെ. ഞങ്ങൾക്കു കാലമില്ല. ദൂരമില്ല. മറവും മതിൽക്കെട്ടും ഞങ്ങൾക്കു് ഒരിക്കലും ബാധകമല്ല. ഞങ്ങൾക്കു് കരച്ചിലില്ല. എന്നാൽ ഞങ്ങൾ കരയുന്ന ഒരു സന്ദർഭമുണ്ടു്. ഞങ്ങളുടെ രക്തത്തിൽനിന്നു് ഉടലെടുത്ത നിങ്ങൾ ഒളിവിലും വെളിവിലും ദുഷ്കൃത്യം ചെയ്യുമ്പോൾ മാത്രം. ഞങ്ങൾക്കു കണ്ണുനീരില്ല. എന്നാൽ ഞങ്ങൾ

കണ്ണുനീരൊഴുക്കുന്ന ഒരു സന്ദർഭമുണ്ടു് ഞങ്ങളുടെ കുടുംബാംഗങ്ങളായ നിങ്ങൾ ദ്രോഹകൃത്യങ്ങളിലും പരപീഡനങ്ങളിലും ഏർപ്പെടുമ്പോൾ മാത്രം. ഞങ്ങൾക്കു് എല്ലാം കാണാം. എന്നാൽ കാണ്മാൻ കഴിയാത്ത ഒരു സന്ദർഭമുണ്ടു്. നിങ്ങൾ സ്വന്തം കുടുംബാംഗങ്ങളെ നിന്ദിക്കയും അപഹസിക്കയും വ്യസനിപ്പിക്കയും ചെയ്യുന്നതായ ഘട്ടങ്ങൾ.

അതിനാൽ വാത്സല്യനിധികളെ, സഹജരെ, അരുമസന്താനങ്ങളെ, നിങ്ങളുടെ ഹൃദയങ്ങൾ സദാചാരങ്ങളിലും കൈകൾ സൽകൃത്യങ്ങളിലും പരിപൂരിതമായിരിക്കട്ടെ സ്വന്തം കുടുംബാംഗങ്ങൾക്കു വേണ്ടിയും അന്യന്മാർക്കുവേണ്ടിയും നിങ്ങൾ എത്രയധികം ത്യജിക്കുന്നുവോ അത്രയധികം ഞങ്ങളുടെ അനുഗ്രഹങ്ങൾക്കു് നിങ്ങൾ അർഹരായിത്തീരുന്നതാണു്. സമ്പത്തും സമാധാനവും സൗഖ്യവും മനുഷ്യന്റെ പ്രയത്നഫലമല്ല. അതിന്റെ പിമ്പിൽ പ്രവർത്തിക്കുന്ന ദൈവഹസ്തത്തിന്റെ പ്രകടനം മാത്രമാണവ. നിങ്ങൾ അന്യോന്യം കരയുകയും അന്യോന്യം കണ്ണുനീർ തുടയ്ക്കുകയും അന്യോന്യം മുറിവു് വെച്ചുകെട്ടുകയും അന്യോന്യം അഭിമാനിക്കയും ചെയ്യുന്നതിലാണു് പാരമ്പര്യ സമ്പന്നമായ നമ്മുടെ കുടുംബത്തിന്റെ വ്യക്തിത്വവും സംസ്കാരവും ചിരസ്ഥായിത്വം വഹിക്കുന്നതു്.

നിങ്ങൾ ആപത്തിൽ അകപ്പെടുമ്പോൾ, നിങ്ങൾ അപകടത്തിൽ കുടുങ്ങുമ്പോൾ, നിങ്ങൾ

രോഗശയ്യയിൽ വീഴുമ്പോൾ, നിങ്ങൾ വിശന്നു കരയുമ്പോൾ, നിങ്ങൾ കണ്ണുനീരൊഴുക്കുമ്പോൾ, നിങ്ങൾ പീഡിപ്പിക്കപ്പെടുമ്പോൾ, ഞങ്ങൾ നിങ്ങളുടെ സമീപത്തു് നിങ്ങളുടെ കാൽ ചുവട്ടിലുണ്ടായിരിക്കും. നമ്മുടെ പിതാക്കന്മാരുടെ ദൈവമായ യാഹിന്റെ തിരുസന്നിധിയിൽ ഞങ്ങൾ നിങ്ങൾവേണ്ടി അഭയ യാചനകൾ അർപ്പിക്കും. അരുമക്കിടാങ്ങളെ, ഞങ്ങളുടെ പ്രിയവത്സരായ നിങ്ങളിൽനിന്നു് ഞങ്ങളും പ്രതീക്ഷിക്കുന്നതു് അതു് മാത്രമാണു്. എന്തെന്നാൽ പാരത്രിക ജീവിതം ഐഹികജീവിതത്തിന്റെ സ്വാതന്ത്ര്യപൂർവ്വമായ ഒരു തുടർച്ചയും പൂർത്തീകരണവുമത്രെ. ഒരിക്കലും ഒരു മൃതാവസ്ഥയോ, സ്തംഭിതാവസ്ഥയോ അല്ല. നിങ്ങൾക്കും പൗവ്വത്തിക്കുന്നേൽ കുടുംബാംഗങ്ങളായ എല്ലാവർക്കും ഞങ്ങളുടെ സുദൃഢമായ ആശിസ്സും അനുഗ്രഹവും. നിങ്ങൾക്കു സ്വസ്തി. നിങ്ങൾക്കു ശുഭം.

മനുഷ്യ കീടങ്ങൾക്കു് ശ്രവണഗോചരമല്ലാത്ത ഒരു കാഹളധ്വനി വഞ്ചിപ്പുഴശ്ശേരി മുറ്റത്തു മുഴങ്ങി. ആഗതസംഘം മടങ്ങിപ്പോകുന്നതിനുള്ള ഒരു സമയ നിർദ്ദേശ സൂചന അതിൽ അന്തർഭവിച്ചിരുന്നു. നമ്മുടെ പരേതരായ വൈദിക പിതാക്കന്മാരുടെ കൈവശമുണ്ടായിരുന്ന ധൂപകലശങ്ങളിൽനിന്നു് സുഗന്ധധൂമം ആകാശമണ്ഡലത്തിലേക്കു് ഉയർന്നു പരന്നു. നമ്മുടെ സഭാ ഭാസുരനായ നമ്മുടെ ബാവാ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ പരിശുദ്ധത്യക്കരം സ്ലീബായോടുകൂടി

നമ്മെ അനുഗ്രഹിപ്പാനായി
അന്തരീക്ഷമണ്ഡലത്തിൽ ഉയർന്നു. നമ്മുടെ
തറവാടിന്റെ വിജയ വൈജയന്തി നഭോ
മണ്ഡലത്തിൽ അങ്ങനെ പാറിപ്പരിലസിച്ചു."

2

മാതാപിതാക്കന്മാർ

ചിത്രമെഴുത്തിന്റെ പിതാമഹൻ കുഞ്ഞുനൈനാ ഒരു കണക്കനും കച്ചവട പ്രമുഖനും സർവ്വോപരി കലാപ്രേമിയും ആയിരുന്നു. പണ്ടു് പള്ളിപ്പെരുന്നാളുകളോടു് അനുബന്ധിച്ചു് നടത്തിപ്പോന്നിരുന്ന 'യാക്കോബു നാടകം', 'യൗസേപ്പു് നാടകം', 'ഉറിശീനാ ആട്ടം' എന്നീ 'ചവിട്ടു നാടകങ്ങളി'ൽ അദ്ദേഹം ഒരു നടൻ ആയി അഭിനയിച്ചിട്ടുണ്ടു്. വെളുത്തു നീണ്ട ശരീരപ്രകൃതിക്കാരനായ അദ്ദേഹം സ്ഥിരവ്രതനും വളരെയധികം വാശിയുള്ള പ്രകൃതക്കാരനുമായിരുന്നു.

അദ്ദേഹത്തിന്റെ വാശിയെയും ദൃഢവ്രതത്തെയും സംബന്ധിച്ചുള്ള ഒരു കഥ ചിത്രമെഴുത്തു് പറയുന്നുണ്ടു്:— 'എന്റെ പിതാമഹൻ ആവശ്യമില്ലാതെ ആർക്കും വഴങ്ങുന്ന ഒരു പ്രകൃതക്കാരനല്ല. മലങ്കര സുറിയാനി സഭയെ പ്രാചീനമായ നടപ്പനുസരിച്ചു് തിരുവെഴുത്തു വിളംബരത്താൽ അവരോധിക്കപ്പെട്ട നിലയിൽ ഭരിച്ചുകൊണ്ടിരുന്ന ധീരാത്മാവായ മാരാമൺ പാലക്കുന്നത്തു മത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ, അന്ത്യോഖ്യാ പാത്രിയർക്കീസായ

പത്രോസ് പാത്രിയർക്കീസിനാൽ മുടക്കപ്പെട്ടു. മാർ അത്താനാസ്യോസിന്നെതിരായി പുലിക്കോട്ടു ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കു് തിരുവെഴുത്തു വിളംബരം കിട്ടിയിരുന്നുമില്ല. അതിനാൽ തിരുവെഴുത്തു വിളംബരത്തിന്റെ ബലത്തിൽ ആശ്രയിച്ചു് ഭരണം നടത്തിപ്പോന്ന മത്യൂസ് മാർ അത്താനാസ്യോസിന്നെതിരായി, സഭയെ നേർവഴിക്കു നയിപ്പാൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിക്കു് കഴിയാതെയുമായി. മത്യൂസ് മാർ അത്താനാസ്യോസിനെ അനുസരിപ്പാൻ മനസ്സില്ലാത്തവർ വേറെ പള്ളി കെട്ടി പൊയ്ക്കൊള്ളണമെന്നു് 1038-ാമാണ്ടു് മാശിമാസം 3-ാനു ദിവാൻ സർ ടി. മാധവറാവു പുറപ്പെടുവിച്ച സർക്കുലർ ഉത്തരവു മൂലം മാർ ദീവന്നാസ്യോസിനെ അനുഗമിപ്പാൻ ഇച്ഛിച്ചവർക്കു വേറെ പള്ളി കെട്ടി മാറേണ്ടതായും വന്നു.

അങ്ങനെ തഴക്കര വടക്കേത്തലക്കൽ യൗനാൻ കത്തനാർ 1038-ാമാണ്ടു് തഴക്കര പുത്തൻപള്ളി സ്ഥാപിച്ചതോടുകൂടി (1038 ധനു 26-ൽ സ്ഥാപനം) തഴക്കര, പുതിയ കാവ്, നടക്കാവ് കമ്പോളങ്ങളിൽ രണ്ടും മൂന്നും നാലും വീട്ടുകാർ മാർ ദീവന്നാസ്യോസിന്റെ പക്ഷത്തേക്കു് ചാഞ്ഞു് പുത്തൻപള്ളിയിൽ ചിലപ്പോഴെല്ലാം പൊയ്ക്കൊണ്ടിരുന്നു.

മാർ ദീവന്നാസ്യോസിന്റെ പ്രസ്ഥാനത്തിന്റെ പരിശുദ്ധി മൂലം, ആ പക്ഷത്തെ അവർ

ഉള്ളുകൊണ്ടു മാനിച്ചിരുന്നുവെങ്കിലും തിരുവെഴുത്തു വിളംബരവും സർക്കുലർ ഉത്തരവും ലഭിച്ചിട്ടുള്ള മത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായിക്ക് പ്രത്യക്ഷത്തിൽ എതിരു നിൽപ്പാൻ അവർക്കു കഴിയാതെയുമായി. വടക്കേത്തലക്കൽ യൗനാൻ കത്തനാർ പ്രബലനായ ഒരാളായിരുന്നുവെങ്കിലും മാർ ദീവന്നാസ്യോസിന്റെ പക്ഷത്ത് പ്രത്യക്ഷമായി ചേർന്നതായി തെളിഞ്ഞാൽ മലങ്കര മെത്രാപ്പോലീത്തായായ മാർ അത്താനാസ്യോസിന്റെ അംശം മുടക്ക് ഉണ്ടാവുമെന്ന് അവർക്കു അറിയാമായിരുന്നു. മാർ ദീവന്നാസ്യോസിന്റെ പക്ഷക്കാരായി വടക്കേത്തലക്കൽ യൗനാൻ കത്തനാരെ ഈ വിധത്തിൽ പരോക്ഷമായി അനുകൂലിച്ചുനിന്നവർ, ജ്ഞാനസ്നാനം, വിവാഹം, കുർബ്ബാന കൈക്കൊള്ളൽ, ശവമടക്കം മുതലായ ആവശ്യം പ്രമാണിച്ച് മാർ ദീവന്നാസ്യോസിന്റെ പക്ഷം പ്രത്യക്ഷമായി അവലംബിച്ചതായി വന്നുകൂടുമ്പോൾ അവരെ മുടക്കുവാൻ പുതിയകാവു പള്ളിയിലുള്ള മറ്റു പട്ടക്കാരും, മത്യൂസ് മാർ അത്താനാസ്യോസും അവസരം പ്രതീക്ഷിച്ചുകൊണ്ടുമിരുന്നു. മുടക്കുകൊണ്ടു വന്നുകൂടാമായിരുന്ന സാമുദായിക ശിക്ഷകളുടെ ഭയങ്കരത എത്രമാത്രമെന്ന് എല്ലാവർക്കും അറിയാമായിരുന്നു. മാർ ദീവന്നാസ്യോസിന്റെ പക്ഷത്തെ ഉള്ളുകൊണ്ട് അവലംബിച്ചു നിന്നവരിൽ ഒരാൾ പാലമ്മൂട്ടിൽ വടക്കേതിൽ കൊച്ചുകോശി (മല്ലപ്പള്ളി വർഗീസിന്റെ നാലാമത്തെ പുത്രനായ ചെറിയാന്റെ

ഭാര്യാസഹോദരന്റെ പ്രഥമ പുത്രൻ) ആയിരുന്നു. മറ്റൊരാൾ കുറ്റിശ്ശേരി വലിയ ചാക്കോച്ചൻ. മറ്റൊരാൾ എന്റെ പിതാമഹൻ കുഞ്ഞുനൈനാ, വേറൊരു വീട്ടുകാരൻ മുളമൂട്ടിൽ കുഞ്ഞച്ചനും ആയിരുന്നു.

ഇങ്ങനെയിരിക്കവെ 1046-ാമാണ്ട് ഒടുവിൽ എന്റെ പിതൃസഹോദരിയായ ഏലിയാമ്മയുടെ വിവാഹകാര്യം ഉറച്ചു. കുഞ്ഞുനൈനായുടെ പിതൃസഹോദരപുത്രന്മാർ വിവാഹം പുതിയകാവു പള്ളിയിൽ വെച്ച് നടത്തണമെന്നു പിതാമഹനെ ഗുണദോഷിച്ചു. പിതാമഹനാവട്ടെ, മത്യൂസ് മാർ അത്താനാസ്യോസ് പാത്രിയർക്കീസിനാൽ മുടക്കപ്പെട്ട ആളാകയാലും, അദ്ദേഹം ക്രമവിരുദ്ധമായി ഭരണം നടത്തിപ്പോരുന്നതിനാലും അദ്ദേഹത്തിന്റെ പക്ഷത്തുനിൽക്കുന്ന പട്ടക്കാരെക്കൊണ്ട് വിവാഹ കൂദാശ നടത്തിക്കുവാൻ മനസ്സില്ലെന്നു തീർത്തുപറഞ്ഞു. ഇതൊരു അസാധാരണ മനോധീരതയായിരുന്നു. കേട്ടവർ കേട്ടവർ കുഞ്ഞുനൈനായെ അതിൽനിന്നു പിന്തിരിപ്പിക്കുന്നതിന് പല തരത്തിൽ ഗുണദോഷിച്ചു. പലരും തന്മൂലം സംഭവിക്കാവുന്ന ശിക്ഷയുടെ കാഠിന്യത്തെ കുറിച്ച് വിവരിച്ചു പറഞ്ഞു. എന്തുതന്നെ വന്നാലും മനസ്സാക്ഷിക്കും നീതിക്കും എതിരായി പ്രവർത്തിക്കുന്നതല്ലെന്ന് പിതാമഹൻ ഖണ്ഡിച്ചുപറഞ്ഞു. അംശം മുടക്കു വന്നുപോയെങ്കിൽ അതിന്റെ ഭയങ്കരത വിചാരിക്കുന്നമാതിരിയല്ലെന്നും, അതിന്റെ ദുഷ്ഫലം

തനിച്ചുതന്നെ അനുഭവിക്കേണ്ടി വന്നുകൂടുമെന്നും, അതിനു പിതാമഹനു ശക്തിയില്ലെന്നും മറ്റും കുടുംബാംഗങ്ങൾ പലതരത്തിൽ ഉപദേശിച്ചിട്ടും പിതാമഹനെ വഴിപ്പെടുത്തുവാൻ സാധിച്ചില്ല. സത്യത്തിനും നീതിക്കും വേണ്ടി ഏതു കഷ്ടതയും സഹിപ്പാൻ എന്റെ പിതാമഹൻ തയ്യാറായി എന്നു പറഞ്ഞാൽ മതിയല്ലോ. അതനുസരിച്ച് കുഞ്ഞുനൈനായുടെ പുത്രിയും എന്റെ പിതൃസഹോദരിയുമായ ഏലിയാമ്മയുടെ വിവാഹം തഴക്കര പുത്തൻപള്ളിയിൽ വെച്ചു നടന്നു [1046-ാമാണ്ട്].

അടുത്ത ആഴ്ചയിൽ കുഞ്ഞുനൈനായേയും ആ കുടുംബത്തേയും [കുടുംബത്തിൽപെട്ട മറ്റു വീട്ടുകാരെ ഒഴിച്ചെന്നു സാരം] മുടക്കിയിരിക്കുന്നുവെന്നും കുഞ്ഞുനൈനായുടെ വീട്ടിലേക്ക് തീയും വെള്ളവും കൊടുക്കരുതെന്നും, അലക്കും ക്ഷൗരവും വിരോധിച്ചിരിക്കുന്നുവെന്നും മാമ്മൂൽ പടിക്കുള്ള മത്യൂസ് മാർ അത്താനാസ്യോസിന്റെ അംശം മുടക്കു കല്പന പുതിയ കാവുപള്ളിയിൽ വായിക്കപ്പെട്ടു. അക്കാലത്ത് തീപ്പെട്ടിയില്ലായിരുന്നു. അലക്കുവാൻ മണ്ണാനും വെളുത്തേടവും, ക്ഷൗരം ചെയ്വാൻ ക്ഷുരകനും വന്നില്ലെങ്കിൽ തന്നത്താൻ അലക്കുന്നതിനോ ക്ഷൗരം ചെയ്യുന്നതിനോ നിവൃത്തിയുമില്ലായിരുന്നു. ഈ വക കാര്യങ്ങളിൽ ആരെങ്കിലും ഞങ്ങൾക്ക് അനുകൂലമായി വർത്തിക്കുന്നപക്ഷം അക്കാലത്തെ നടപ്പനുസരിച്ച് അവരെയും മുടക്കുമായിരുന്നു. തീയും വെള്ളവും

അലക്കും ക്ഷൗരവും കൂടാതെ ഒരു കുടുംബത്തിന് കഴിഞ്ഞുകൂടുക സാദ്ധ്യമല്ലല്ലോ. കുറ്റം സമ്മതിച്ച് കുമ്പസാരിച്ച് പ്രായശ്ചിത്തം ചെയ്തു് മുടക്കിൽനിന്നു രക്ഷപ്പെടുവാൻ പിന്നെയും പലർ ഗുണദോഷിച്ചു.

എന്റെ പിതാമഹനും പിതാവും അശേഷം കൂട്ടാക്കിയില്ല. അക്കാലത്തു പുത്തൻവീട്ടിൽനിന്നായിരുന്നു വെള്ളം കോരി വന്നത്. കാമ്പുശേരിയിൽ കൊങ്ങിണികൾ താമസിപ്പാൻ വന്നതുവരേക്ക് കാമ്പുശേരിയിലെ സ്വന്തം കിണറ്റിൽനിന്നായിരുന്നു വെള്ളം കോരിയിരുന്നത്. [കാമ്പുശ്ശേരി പുരയിടത്തിന്റെ തെക്കെപ്പുരയിടം പുത്തൻവീട്ടിൽ പുരയിടം] കുറ്റിശ്ശേരിയിലെ വലിയ ചാക്കോച്ചനാവട്ടെ, തെക്കോട്ടേക്ക് വെള്ളം കൊണ്ടുപോകുന്നത് ഐശ്വര്യക്ഷയകരമാണെന്നും പറഞ്ഞുതടുത്തു. ഇതുകൂടി ആയപ്പോഴേക്ക് പിതാമഹൻ കാൽവഴുതി കാൽക്കൽ വീഴുമെന്ന് മറുകക്ഷി പ്രമുഖന്മാർ കരുതി. പിതാമഹനാവട്ടെ ഒട്ടും കൂട്ടാക്കാതെ മൂന്നുനാലു വലിയ മൺകുടം വാങ്ങി ദിവസവും ഏഴര നാഴിക വെളുപ്പിന് ആറാട്ടുകടവിൽനിന്ന് പല പ്രാവശ്യമായി വെള്ളംകോരി വീട്ടിൽകൊണ്ടുവന്ന് നിത്യാവശ്യം നടത്തിത്തുടങ്ങി. വളരെനാളുകൾ കഴിഞ്ഞശേഷമെ ആറ്റിൽനിന്നു വെള്ളം കൊണ്ടുവരികയാണെന്നുള്ള രഹസ്യം മറ്റുള്ളവർക്ക് അറിവാൻ കഴിഞ്ഞുള്ളു. തീ ഒരിക്കലും കെടാതവണ്ണം വീട്ടിൽ സൂക്ഷിച്ചുപോന്നു. എന്റെ പിതാമഹനും പിതാവും യഥാകാലം

ഇടനാട്ടിൽപോയി ക്ഷൗരം ചെയ്യിച്ചു. മുണ്ടലക്കും ആ സ്ഥലത്തുള്ള വെളുത്തേടങ്ങളെ ഏൽപിച്ചിരുന്നു.

ഇങ്ങനെ 1046 ഒടുവിൽ തുടങ്ങി 1051 കർക്കടകം 2-നു മത്യൂസ് മാർ അത്താനാസ്യോസിന്റെ നിര്യാണംവരെ 6 വർഷം തികച്ചും അചഞ്ചലനായി ജീവിച്ചു. ഇതിനിടയിൽ പലരും പിന്തിരിവാൻ ഉപദേശിച്ചു. സ്വപക്ഷീയനായ കുറ്റിച്ചേരിൽ ചാക്കോച്ചൻ കുടിവെള്ളം വിലക്കിയ സ്ഥിതിക്ക് ആ പക്ഷത്ത് നിൽക്കുന്നത് എന്തിനാണെന്ന് കുടുംബാംഗങ്ങൾ ചോദിക്കയുണ്ടായി.

'കുറ്റിച്ചേരി ചാക്കോച്ചന്റെ കിണറിനേക്കാൾ ആഴം കുറഞ്ഞതല്ല, എന്റെ നിഷ്ഠയും ആത്മാഭിമാനവും. ഞാൻ ആളിനെ നോക്കിയല്ല, തത്വത്തെനോക്കിയാണ് നിൽക്കുന്നത്' എന്നായിരുന്നു പിതാമഹന്റെ മറുപടി (കുഞ്ഞുനൈനായുടെ പ്രപിതാ മഹന്റെ മാതാവ് മത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ പിതാവിന്റെ പിതൃ സഹോദരിയായിരുന്നതിനാൽ കുഞ്ഞുനൈനായുടെ കക്ഷിമാറ്റം മെത്രാപ്പോലീത്തായ്ക്കും, മെത്രാപ്പോലീത്തായുടെ മുടക്ക് കുഞ്ഞുനൈനാക്കും വാശി ജ്വലിപ്പിച്ചുവെന്നുകൂടി പറയേണ്ടതുണ്ട്.

ഇങ്ങനെ വിവിധങ്ങളായ അസൗകര്യങ്ങളേയും പ്രതിബന്ധങ്ങളേയും സഹിച്ചുകൊണ്ട് ആറുവർഷക്കാലം ഒന്നുപോലെ പിതാമഹൻ

അടിയുറച്ചുനിന്നു. ഒടുവിൽ മത്യൂസ് മാർ അത്താനാസ്യോസിന്റെ ചരമത്തോടുകൂടി പുതിയകാവിൽത്തന്നെ രണ്ടു കക്ഷിയായി ജനം തിരിയുകയും പട്ടക്കാരിൽ മിക്കവരും മാർ ദിവന്നാസ്യോസിന്റെ പക്ഷം അവലംബിക്കയും ചെയ്തതോടെ കാര്യങ്ങൾ നേരെയായിത്തീർന്നു. കുറ്റിച്ചേരിയിലെ വലിയ ചാക്കോച്ചനേയും പാലമൂട്ടിൽ വടക്കേതിൽ കോശിയേയും മത്യൂസ് മാർ അത്താനാസ്യോസ് 1855 നു തുല്യമായ 1030-ാമാണ്ട് ചിങ്ങമാസം 24-ാം നു കോട്ടയത്തു പഴയ സെമിനാരിയിൽനിന്നു പുതിയകാവുപള്ളിക്ക് അയച്ച ഒരു കൽപനവഴി അംശം മുടക്കു കൽപിച്ചിരുന്നതാണ്. കോശിയെ അതിനുമുമ്പുതന്നെ മുടക്കീട്ടുള്ളതായും പ്രസ്തുത കൽപനയിൽ പ്രസ്താവിച്ചിട്ടുണ്ട്.

രണ്ടുവർഷം കഴിഞ്ഞിട്ടും മുടക്കുതീർക്കുവാൻ ചെല്ലായ്കമൂലം പുതിയകാവുപള്ളിയിലുള്ള പട്ടക്കാരും മത്യൂസ് മാർ അത്താനാസ്യോസ് തന്നെയും കേവലം നാമമാത്രമായ ഒരു പ്രായശ്ചിത്തം ചെയ്ത് മുടക്ക് അഴിപ്പിക്കണമെന്ന് ചിലരെവിട്ട് രണ്ടുമൂന്നുപ്രാവശ്യം പിതാമഹനോട് പറയിച്ചു. അതിനു പിതാമഹൻ പറഞ്ഞ മറുപടി ഇങ്ങനെയാണ്:— 'പാലക്കുന്നത്തു മെത്രാച്ചൻ മാത്രമല്ല, ഞാനും ഒരു കുന്നിന്റെ പുറത്ത് തന്നെയാണിരിക്കുന്നത്. അതുകൊണ്ടു തൽക്കാലം താഴോട്ടിറങ്ങുന്നില്ല.' (പൗവ്വത്തിക്കുന്ന് എന്നു വ്യംഗ്യം) 1056-ാമാണ്ട് എന്റെ പിതാവിന്റെ 28-ാം

വയസ്സിൽ എന്റെ പിതാമഹനായ കുഞ്ഞുനൈനാ കാലഗതി പ്രാപിച്ചു.'

തന്റെ പിതാവ് കുഞ്ഞുനൈനാമാത്തനെക്കുറിച്ച് ചിത്രമെഴുത്തു പറയുന്നു; 'അദ്ദേഹം സംഗീതകലയിൽ അത്യാസക്തനായിരുന്ന ഒരു സംഗീതജ്ഞാനിയായിരുന്നു. തമിഴ് കണക്കിലും തമിഴിലും കുഞ്ഞുനൈനാ മാത്തൻ ഒട്ടുംതന്നെ പിന്നോക്കമായിരുന്നില്ല. സംഗീതത്തിലായിരുന്നു കൂടുതൽ പരിചയം സമ്പാദിച്ചിരുന്നത്. പ്രാചീനങ്ങളായ തമിഴ് പാട്ടുകൾ, (ക്രൈസ്തവ ഗീതങ്ങളാണ്) വിദ്വാൻകുട്ടി, മോശവത്സലം, തുടങ്ങിയുള്ള ക്രൈസ്തവ കവികളുടെ മലയാളം കീർത്തനങ്ങൾ, എന്നിവ കുഞ്ഞുനൈനാ മാത്തനു സുപരിചിതമായിരുന്നു. കണ്ഠഗുണമാണെങ്കിൽ ഒന്നു പ്രത്യേകം തന്നെ സംഗീത വിഷയത്തിൽ തഴക്കര അണ്ണാവി, മാത്തനാശാൻ (തഴക്കര) എന്നിവരായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ഗുരുക്കന്മാർ. കഥകളി കാണുന്നതിൽ കുഞ്ഞുനൈനാമാത്തനുണ്ടായിരുന്ന അഭിനിവേശം ഒന്നു പ്രത്യേകമായിരുന്നു. മുദ്രകൈകൾ നിശ്ചയമില്ലായിരുന്നുവെങ്കിലും പാട്ടുകേട്ട് കഥ മനസ്സിലാക്കി കൂടെയുള്ള എന്നോടു അപ്പപ്പോഴത്തെ രംഗം വിവരിച്ച് എനിക്ക് മനസ്സിലാവത്തക്ക ഭാഷയിൽ പറയുമായിരുന്നു.

ചിത്രകലയോട് എന്റെ പിതാവിനുണ്ടായിരുന്ന പ്രതിപത്തി എന്നെ പലപ്പോഴും ആശ്ചര്യപരതന്ത്രനാക്കീട്ടുണ്ട്.... എന്റെ പിതാവ്

നിഷ്കപടനും പരമാർത്ഥിയും
ശുദ്ധാത്മാവുമായിരുന്നു. പെരുമാറ്റങ്ങളിൽ
സത്യമെന്നല്ലാതെ മറ്റു വളപ്പുപുളപ്പുകൾ
ഒന്നുംതന്നെ പ്രയോഗിക്കുന്ന കൂട്ടത്തിലല്ലായിരുന്നു.
പരിചിതന്മാരായ പലരും വിശേഷിച്ച് പല നായന്മാരും
എന്റെ പിതാവിന്റെ സത്യസന്ധത മര്യാദ,
വിനയശീലം എന്നിവയെപ്പറ്റി എന്നോടുതന്നെ
പലപ്പോഴും പല അനുഭവങ്ങളെ മുൻനിർത്തി
ശ്ലാഘിച്ചു പറഞ്ഞിട്ടുണ്ട്. സന്ധ്യാപ്രാർത്ഥനയ്ക്കു,
സമയം തെറ്റിപ്പോകുമെന്നിരുന്നാലും പ്രഭാത
പ്രാർത്ഥന ഒരിക്കലും തെറ്റുമാറില്ല. മനോഹരമായ
ഏതെങ്കിലും ഒന്നു രണ്ടു ക്രൈസ്തവ
ഗാനങ്ങളോടുകൂടിയായിരിക്കും പ്രഭാത പ്രാർത്ഥന
ആരംഭിക്കുന്നത്.

കുഞ്ഞുനൈനാമാത്തൻ സമർത്ഥനായ ഒരു
ശർക്കരവ്യാപാരിയായിരുന്നു. മാതുലന്റെ
സഹായവും സഹകരണവും ഈ പ്രവൃത്തിയിൽ
അദ്ദേഹത്തിനു ധാരാളമായി ലഭിച്ചു.
മാവേലിക്കരയും ചുറ്റുപാടുമുള്ള
കച്ചവടക്കാർക്കുവേണ്ടി ആലപ്പുഴ, കൊച്ചി മുതലായ
സ്ഥലങ്ങളിൽ നിന്നു അവരുടെ ആൾപ്പേരായി
'മേലാളായി' ചരക്കുകൾ ഇറക്കുക എന്ന
അനായാസകരമായ ജോലിയിലായിരുന്നു അദ്ദേഹം
ആദ്യമായി പ്രവേശിച്ചത്. അക്കാലത്ത്
തിരുവിതാംകൂറിൽ ബാങ്കു വ്യാപാരം ഏറ്റവും
ചുരുക്കമായതിനാൽ സാധാരണന്മാർക്കും
സാധാരണ വ്യാപാരികൾക്കും ബാങ്കു
പ്രസ്ഥാനവുമായി യാതൊരു ഇടപാടുകളും

ഉണ്ടായിരുന്നില്ല. അതിനാൽ മാവേലിക്കരയും സമീപസ്ഥലങ്ങളിലുമുള്ള എല്ലാ കച്ചവടക്കാർക്കും ആലപ്പുഴയുള്ള മൊത്തക്കച്ചവടക്കാരുടെ കടകളിൽ പറ്റുവരവു കണക്കനുസരിച്ച് അതതു ആഴ്ചയിൽ അടച്ചുകൊടുക്കേണ്ടിയിരുന്ന തുക മുന്നൂറും, അഞ്ഞൂറും, എഴുനൂറും രൂപ കണക്കിൽ മാത്തനെ ഏൽപിക്കുമായിരുന്നു. അദ്ദേഹം വിശ്വസ്തതയോടു ആ തുകകൾ ആലപ്പുഴ പോകുമ്പോൾ മൊത്തവ്യാപാരികളെ ഏൽപിക്കയായിരുന്നു പതിവ്.

ചിത്രമെഴുത്തിന്റെ അപ്പന്റെ വിശ്വാസ്യത, സത്യസന്ധത എന്നിവയെപ്പറ്റി ആലപ്പുഴയുള്ള എല്ലാ മൊത്തക്കച്ചവടക്കാർക്കും വലിയ മതിപ്പായിരുന്നു. മാവേലിക്കരയുടെ വിവിധ ഭാഗങ്ങളിലുള്ള പറ്റുവരവ് വ്യാപാരികൾക്ക് കടം എത്രത്തോളം കൊടുക്കാം, പണം അടയ്ക്കുവാൻ എത്രത്തോളം സാവകാശം നൽകാം, കടം അടപ്പാനുള്ളവരുടെ പേരിൽ എപ്പോൾ നമ്പർ പതിക്കണം, എന്നിത്യാദി കാര്യങ്ങളിൽ ഈ മൊത്തക്കച്ചവടക്കാർ എല്ലാവരും തന്നെ കുഞ്ഞുനൈനാ മാത്തന്റെ അഭിപ്രായപ്രകാരം മാത്രമെ പ്രവർത്തിക്കുമായിരുന്നുള്ളു. പുതിയ പുതിയ കച്ചവടക്കാർക്ക് ആലപ്പുഴയുള്ള മൊത്തക്കച്ചവടക്കാരിൽ നിന്നു കടം കിട്ടുന്നതിനായി അവർ അദ്ദേഹത്തിന്റെ അടുക്കൽ വന്നു പലപ്പോഴും അപേക്ഷിക്കുമായിരുന്നു.

കൊല്ലവർഷം 1028 ചിങ്ങമാസത്തിലെ മകം നക്ഷത്രത്തിൽ ഭൂജാതനായ കുഞ്ഞുനൈനാ

മാത്തൻ 1095 കുംഭം 16-നു നിര്യാതനായി. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ടു മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനി ഒരു കത്ത് ചിത്രമെഴുത്തിന് അയച്ചുകൊടുത്തു.

പ്രസ്തുത കത്ത്:— ''മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും—

— മുദ്ര —

1095 മീനം 5

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ചിത്രമെഴുത്ത് കെ. എം. വറുഗീസിനു വാഴ്വ്.

പ്രിയനെ,

അപ്പന്റെ മരണത്തെക്കുറിച്ചയച്ച ദുഃഖ കത്തു കിട്ടി, വായിച്ചുകണ്ടതിൽ നിങ്ങളെയേവരോടും കൂടെ നാമും സഹതപിക്കുന്നു. കാരുണ്യവാനായ ദൈവം ഈ അനുഗ്രഹിക്കപ്പെട്ട ആത്മാവിനെ തന്റെ പരമ പാദത്തിൽ ചേർത്തുകൊള്ളുന്നതിനും ദുഃഖത്തിൽ ഇരിക്കുന്നവരായ നിങ്ങൾക്കെല്ലാവർക്കും ആശ്വാസം നൽകി തന്റെ കൃപയാകുന്ന ചിറകിൻ കീഴിൽ നിങ്ങളെ എല്ലാവരെയും പരിപാലിച്ചു കൊള്ളുന്നതിനും ബലഹീനനായ നാം നമ്മുടെ പരമപിതാവിനോടു് അപേക്ഷിക്കയും ദേഹവിയോഗംമൂലം അനുഗ്രഹിക്കപ്പെട്ട ആത്മാവിനെ നമ്മുടെ കുർബ്ബാനകളിലും നമസ്കാരങ്ങളിലും ഓർക്കുകയും ചെയ്യുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹവും സദാ വർദ്ധിച്ചിരിക്കട്ടെ.

എന്നു 1920 നു 1095 മീനം 5-ാംനു
വഞ്ചിത്രപള്ളിയിൽ നിന്നും
മാർ ദീവന്നാസ്യോസ്
(സുറിയാനിയിൽ ഒപ്പ്)

തഴക്കര അങ്ങാടിക്കൊച്ചുവീട്ടിൽ ദത്തുകയറിയ കരിപിടി വീട്ടിൽ നൈനാൻ കിര്യാൻ എന്നയാളിന്റെ മകൾ ആച്ചിയമ്മ എന്ന സ്ത്രീരത്നം ആയിരുന്നു ചിത്രമെഴുത്ത് കെ. എം. വർഗീസിന്റെ മാതാവ്. തഴക്കരത്തെരുവിൽ 'അങ്ങാടിവകക്കാർ' എന്നു പണ്ടു മുതൽക്കെ പ്രസിദ്ധി സമ്പാദിച്ചിട്ടുള്ള അങ്ങാടിവീട്ടിൽ വലിയ ചാക്കോച്ചന്റെ പൗത്രിയായിരുന്നു ആച്ചിയമ്മയുടെ മാതാവ്. വലിയ ചാക്കോച്ചൻ എന്നയാൾ പിൽക്കാലത്തു തഴക്കര അങ്ങാടിവീടോടു ചേർന്ന പിലാമ്മൂട്ടിൽ താമസം ഉറപ്പിച്ച വഴി പിലാമ്മൂട്ടിക്കാർ എന്നും ഇവരെ വീട്ടുപേർ ചേർത്തു വിളിക്കാറുണ്ട്. പാരമ്പര്യം കൊണ്ടും അങ്ങാടി വ്യാപാരം കൊണ്ടും കര പ്രാമാണ്യം കൊണ്ടും അങ്ങാടി വീട്ടുകാർ — വലിയ ചാക്കോച്ചനും പുത്രന്മാരും വിശേഷിച്ച് — വളരെ പ്രസിദ്ധിസമ്പാദിച്ചവരായിരുന്നു. ചിത്രമെഴുത്തിന്റെ മാതാവ് ആച്ചിയമ്മ വളരെയധികം ദൈവ ഭക്തയായിരുന്നു. അവർ 1101 മിഥുനം മൂന്നിന് 63-ാമത്തെ വയസ്സിൽ നിര്യാതയായി.

3

ബാല്യവും വിദ്യാഭ്യാസവും

മാവേലിക്കര കോട്ടയ്ക്കകത്ത് ചാക്കോ ആശാന്റെ കുടിപ്പള്ളിക്കൂടത്തിൽ അക്ഷരാഭ്യാസം ചെയ്തശേഷം 'കൊച്ചുകുഞ്ഞ്' എന്ന കെ. എം. വർഗീസ് പ്രാഥമിക വിദ്യാഭ്യാസത്തിനായി കോട്ടയ്ക്കകം മലയാളം ഹൈസ്കൂളിൽ ചേർന്നു. 'കണ്ണുരുട്ടുകൊണ്ട്' കാര്യക്ഷമത കാട്ടുന്ന പ്രഹര കലാ വിദഗ്ധനായ നാരായണൻ പണ്ടാലസാർ ആണ് ഹെഡ്മാസ്റ്റർ. നടക്കാവിൽ കൊച്ചുകുഞ്ഞിന്റെ സമപ്രായക്കാരായിട്ടുള്ള പലരും കൊച്ചുകുഞ്ഞിന്റെ ക്ലാസ്സിൽ ഉണ്ടായിരുന്നു. ചൊട്ടചൊട്ടപ്പിലും കുരുക്കുവഴിയിലും കൊച്ചുകുഞ്ഞായിരുന്നു സതീർത്ഥ്യന്മാരിൽ മുമ്പൻ. ചെറുപ്പകാലത്തെ തന്റെ കുസൃതികൾ കൂടിപ്പോയെന്നു ചിത്രമെഴുത്ത് ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മലയാളം സ്കൂളിൽ പ്രാഥമിക ക്ലാസ്സിന്റെ താഴെ നാലാം ക്ലാസ്സിൽ കൊച്ചുകുഞ്ഞ് പഠിക്കുകയായിരുന്നു. ക്ലാസ് വാദ്ധ്യാരായ ഒരു ഗോവിന്ദപ്പിള്ള ഒരു നടൻകൂടിയായിരുന്നു. സി. വി. രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മ വെളിയിലിറങ്ങിയ കാലം. അതു് അക്കൊല്ലത്തെ അവരുടെ പാഠ്യപുസ്തകവുമാണ്. കഥാപാത്രമായ ശങ്കു ആശാന്റെ വ്യസന

പരിഭവമായ ഏതാനും വരികൾ അതേഭാവത്തിൽ പറയുവാൻ വാദ്ധ്യാർ ഓരോരുത്തരോടും ആവശ്യപ്പെട്ടു. പലരും പറഞ്ഞിട്ടും വാദ്ധ്യാർക്കു തൃപ്തിപ്പെട്ടില്ല. എന്നാൽ കൊച്ചുകുഞ്ഞിന്റെ വാക്കും ഭാവവും ഗോവിന്ദപ്പിള്ള സാറിനു വളരെ പിടിച്ചു. അദ്ദേഹം മറ്റുള്ളവർക്കു മാതൃക കാണിപ്പാൻ കൊച്ചുകുഞ്ഞിനെക്കൊണ്ട് പലപ്രാവശ്യം അതു് പറയിച്ചു. മിക്കവാറും കരഞ്ഞുകൊണ്ടുള്ള ആ ബാലന്റെ മുഖഭാവവും അതിനു യോജിച്ച വാക്കും അഭിനയവും കണ്ട് വാദ്ധ്യാർ തന്നെയും അത്ഭുതപ്പെട്ടു. അന്നു ചിത്രമെഴുത്തിനു പ്രായം പതിമൂന്നു വയസ്സുമാത്രം.

പ്രാഥമിക വിദ്യാഭ്യാസ കാലത്തു തന്നെ ചിത്രങ്ങൾ വരയ്ക്കുന്നതിൽ കൊച്ചുകുഞ്ഞ് അപ്രതിഹതമായ ആസക്തി പ്രകടിപ്പിച്ചിരുന്നു. അതു് ആ ബാലന്റെ ജന്മവാസനയായിരുന്നു. അക്കാലത്തു മലയാളം പള്ളിക്കൂടത്തിൽ ഡ്രായിംഗ് വരപ്പിക്കൽ ഇല്ലായിരുന്നുവെങ്കിലും ക്ലാസ്സിൽവെച്ചും വീട്ടിൽ വെച്ചും ശ്രീകൃഷ്ണൻ, സരസ്വതി, ലക്ഷ്മി മുതലായവരുടെ ചിത്രങ്ങൾ പെൻസിൽകൊണ്ടു വരച്ചും വരച്ചശേഷം രണ്ടുമൂന്നു നിറത്തിലുള്ള മഷിയിട്ടും ചിലപ്പോൾ ചായപെൻസിൽ ഉപയോഗിച്ചും വർണ്ണപ്പകിട്ട് കാണിച്ച് തൂക്കിയിരുന്നു.

മലയാളം പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം കൊച്ചുകുഞ്ഞ് കോട്ടയ്ക്കകം ഗവൺമെന്റ് ഇംഗ്ലീഷ് ഹൈസ്കൂളിൽ ചേർന്നു പഠിത്തം തുടങ്ങി. ഹെസിംഗ് എന്നൊരു യൂറോപ്യനായിരുന്നു

ഹെഡ്മാസ്റ്റർ. കൊച്ചുകുഞ്ഞ് ഇംഗ്ലീഷ് മൂന്നാം ഫാറംവരെ മാത്രമേ പഠിച്ചിരുന്നുള്ളു.

ചിത്രങ്ങൾ വരയ്ക്കുന്നതിലുള്ള ആസക്തിമൂലം പഠിത്തത്തിൽ ശ്രദ്ധകുറഞ്ഞുതുടങ്ങി. മുന്നോട്ടു പഠിപ്പിക്കാൻ പിതാവിനു കഴിഞ്ഞിരുന്നുവെങ്കിലും ബാലന്റെ വാസനയ്ക്കനുസരണമായി വിടുവാൻതന്നെ അദ്ദേഹം തീർച്ചപ്പെടുത്തി. ഇംഗ്ലീഷ് പഠിത്തം മതിയാക്കി വീട്ടിൽ വന്നശേഷം കൊച്ചുകുഞ്ഞ് ആറാട്ടുകടവിൽ സി. എം. എസ്സ് പള്ളി വികാരി വെനറബിൾ ഉമ്മൻ മാമ്മൻ ആർച്ചുഡീക്കന്റെ ഗുമസ്തനായി അദ്ദേഹത്തിന്റെ സാഹിത്യപ്രവർത്തനങ്ങളെ സഹായിച്ചു കുറച്ചുനാൾ കഴിച്ചുകൂട്ടി. ഇതു കൊച്ചുകുഞ്ഞിന്റെ പതിന്നാലാമത്തെ വയസ്സിന്റെ പ്രാരംഭത്തിലാണ്. 'മലയാളമിത്രം' 'ജ്ഞാനനിക്ഷേപം' 'കുടുംബപ്രിയ വാദിനി' എന്നീ മതസംബന്ധമായ മാസികകൾ അച്ചനു വരുമായിരുന്നു. ഈ മാസികകളുമായിട്ടുള്ള പരിചയം വിജ്ഞാനവിഷയങ്ങൾ ഗ്രഹിപ്പാനുള്ള ഒരാസക്തി കഥാപുരുഷനിൽ ഉദിപ്പിക്കയും ത്വരിപ്പിക്കയും ചെയ്തു. ഒരു വലിയ പരിവർത്തനത്തെയാണ് അതു ആ ബാലനിൽ ഉളവാക്കിയത്.

അക്കാലത്ത് നടക്കാവിൽ വീടുതോറും വേദവായനയും 'കുടിനമസ്കാരവും' ഉണ്ടായിരുന്നു. തങ്ങളുടെ വീടിന്റെ തെക്കുവശമായിട്ടുള്ള കാമ്പുശേരി പള്ളിക്കൂടത്തിൽ ആളുകൾ കൂടി പാട്ടും വേദപുസ്തകവായനയും 'കുടിനമസ്കാരവും'

ഉണ്ടായിരുന്നു. തങ്ങളുടെ വീടിന്റെ
തെക്കുവശമായിട്ടുള്ള കാമ്പുശ്ശേരി പള്ളിക്കൂടത്തിൽ
ആളുകൾ കൂടി പാട്ടും വേദപുസ്തകവായനയും
നടത്തിയശേഷം ഓരോ വീട്ടിലും പോയി
കുടിനമസ്കാരം നടത്തുകയായിരുന്നു പതിവ്.
പാട്ടും വേദപുസ്തകവായനയും ചെറുപ്പക്കാരുടെ
ജോലിയായിരുന്നു. എപ്പോഴും
ചിത്രമെഴുത്തിനായിരുന്നു ഗീതാലാപനത്തിൽ
മുൻഗണന. വായന യോഗത്തിൽ ഇടവകപ്പത്രിക
വായിക്കുന്ന ഒരു ചടങ്ങുണ്ടായിരുന്നു. മലങ്കര
യാക്കോബായ സുറിയാനി സമുദായത്തിന്റെ
നാവായ ഇടവകപ്പത്രികയിൽ, സി. എം. എസ്. ചർച്ചു
നാവായ മലയാള മിത്രത്തിനും നവീകരണ സമയുടെ
നാവായ സഭാതാരകക്കും എതിരായി വിശ്വാസാചാര
പരമായും ചരിത്രപരമായും പലലേഖനങ്ങളും
വാദപ്രതിവാദങ്ങളും പ്രത്യക്ഷപ്പെട്ടു.
ഇവയൊക്കെയും വിശേഷിച്ച് വാദപ്രതിവാദങ്ങൾ
വായിക്കുന്നത് ചിത്രമെഴുത്തിന് ഏറ്റവും
സന്തോഷകരവും വിവിധ സഭകളുടെ
വിശ്വാസാചാരങ്ങൾ തമ്മിലുള്ള ഭേദഗതിയും
സംസ്കാര വ്യത്യാസവും മനസ്സിലാക്കുവാൻ ഇവ
വളരെയധികം സഹായകരമായിരുന്നു.
ചുരുക്കത്തിൽ വാദപ്രതിവാദം ചെയ്യുന്നതിനുള്ള
ഒരു വലുതായ ഔത്സുക്യം അദ്ദേഹത്തിൽ
സംജാതമാക്കി.

മുകുന്ദൻ തമ്പിയുടെ പ്രധാന ശിഷ്യൻ

നന്നെ ചെറുപ്പത്തിൽത്തന്നെ വറുഗീസിനു ചിത്രമെഴുത്തിൽ വാസന പ്രത്യക്ഷപ്പെട്ടു. മലയാളം പള്ളിക്കൂടത്തിൽ പഠിക്കുന്ന കാലത്ത് ഈ വാസന പ്രകടമായിത്തീർന്നു. ക്ലാസ്സിൽ പഠിത്തത്തെക്കാൾ അധികം ശ്രദ്ധ ചിത്രമെഴുത്തിലായിരുന്നതിനാൽ അദ്ധ്യാപകരിൽനിന്ന് ധാരാളം പ്രഹരം വാങ്ങുകയും ചെയ്തിരുന്നു. ചിത്രമെഴുത്തിലുള്ള പ്രഥമ ഗുരു തന്റെ വന്ദ്യനായ പിതാവത്രെ. മകൻ സ്ലേറ്റിൽ ചിത്രം വരയ്ക്കുന്നതു കണ്ട് അപ്പൻ സ്ലേറ്റ് വാങ്ങി 'ഞാൻ ഒരു മയിലിനെ വരച്ചുതരാം' എന്നു പറഞ്ഞു അപ്പൻ ഒരു മയിലിന്റെ രൂപം വരച്ചുകൊടുത്തു. അതൊരു പ്രാകൃതമായ രൂപമായിരുന്നെങ്കിലും അതുനോക്കി കുറെ ചിത്രങ്ങൾ വറുഗീസ് വരച്ചുവെച്ചു. സംഗീതത്തിൽ അസാധാരണ വാസനയുള്ള പിതാവിനു ചിത്രത്തിലും വളരെ കൗതുകമുണ്ടായിരുന്നു. സ്ലേറ്റിലെ ചിത്രമെഴുത്തുകഴിഞ്ഞ് വീടിന്റെ ഭിത്തികളിലും പത്തായത്തിന്റെ പലകയിലുമായി പുത്രന്റെ ചിത്രമെഴുത്ത്.

വിശ്രുത ചിത്രകലാകാരനും, കിളിമാനൂർ ചിത്രമെഴുത്ത് രവിവർമ്മ കോയിത്തമ്പുരാന്റെ ശിഷ്യനുമായ തിരുവിതാംകൂർ പാലസ് ആർട്ടിസ്റ്റ് പി. മുകുന്ദൻ തമ്പിയാണ് കെ. എം. വർഗീസിനെ എണ്ണച്ഛായത്തിൽ ചിത്രമെഴുത്ത് അഭ്യസിപ്പിച്ചത്. മാവേലിക്കര മണ്ണൂർമഠം കൊട്ടാരത്തിലെ മൂത്ത രാജാവായിരുന്ന ദേഹവും സംഗീതകലയിൽ

അപാരപണ്ഡിതനുമായിരുന്ന കൊച്ചുപിള്ള മഠത്തിൽ അവിട്ടം തിരുനാൾ ഉദയവർമ്മ രാജാവിന്റെ മകനായിരുന്നു മുകുന്ദൻ തമ്പി. [രവിവർമ്മ കോയിത്തമ്പുരാന്റെ പത്നി മാവേലിക്കര പൂരുരുട്ടാതി തമ്പുരാട്ടിയുടെ മാതുലനായിരുന്ന ഉദയവർമ്മതമ്പുരാൻ. പൂരുരുട്ടാതി തമ്പുരാട്ടിയുടെ സഹോദരിയായിരുന്ന റാണി ലക്ഷ്മീഭായി] ഇന്ത്യയിൽ അക്കാലത്ത് ജീവിച്ചിരുന്ന ചിത്രമെഴുത്തുകാരിൽ പ്രഥമഗണനീയനെന്ന് ചിത്രകലാനിരൂപകന്മാർ സമ്മതിച്ചിട്ടുള്ള അനുഗൃഹീത ചിത്രകാരനായിരുന്നു അദ്ദേഹം. തമ്പിക്ക് കൽക്കട്ടായിൽവെച്ച് ഇൻഡ്യൻ ഓഫീസേഴ്സ് വകയായി നൽകിയ സ്വീകരണത്തിൽ ഇന്ത്യാ വൈസ്രോയി വെല്ലിംഗ്ടൻ പ്രഭുവിൽനിന്നു സ്വർണ്ണ കീർത്തിമുദ്ര ലഭിച്ചിട്ടുണ്ട്(*). 1080-ാമാണ്ട് ചിങ്ങത്തിൽ തന്റെ പതിനാറാമത്തെ വയസ്സിലാണ് ചിത്രകലാഭ്യസനത്തിനായി കെ. എം. വർഗീസിനെ പിതാവ്, മുകുന്ദൻ തമ്പിയുടെ വസതിയിലേക്കു കൂട്ടിക്കൊണ്ടു പോയത്.

(*) ''പരേതനായ ചിത്രമെഴുത്തു മുകുന്ദൻ തമ്പി'' — ജി. കൃഷ്ണപിള്ള, മാവേലിക്കര — മനോരമ ലേഖനം — 1129. ഇടവം 29 കാണുക.

ചിത്രമെഴുത്തിലുണ്ടായിരുന്ന അതിയായ വാസനയും അഭിനിവേശവുമാണ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കു വർഗീസിനു പ്രധാന തടസ്സമായിത്തീർന്നത്. ചിത്രകലയോടു വർഗീസിന്റെ പിതാവിനുണ്ടായിരുന്ന അപ്രതിഹതമായ താല്പര്യവും ചിത്രകലാമാധുര്യം

ആസ്വദിപ്പാനുമുള്ള ജന്മസിദ്ധമായ
ഹൃദയലാളിത്യവും നിമിത്തം — ചുറ്റുപാടുകളേയും
ഭാവിയേയും കുറിച്ചുള്ള ചിന്തയൊന്നും
കൂടാതെതന്നെ — മകനെ ചിത്രമെഴുത്തു
പഠിപ്പിക്കണമെന്നു അദ്ദേഹം തീർച്ചയാക്കി.
സർക്കാർ ജീവനം, കച്ചവടം എന്നിവയെ
സംബന്ധിച്ചുമാത്രമെ അക്കാലത്തു സാധാരണ
ജനങ്ങൾക്ക് മതിപ്പുണ്ടായിരുന്നുള്ളു.
രാജകുടുംബാംഗങ്ങൾക്കും, ധനസ്ഥിതിയിൽ വളരെ
ഉയർന്നു നിൽക്കുന്നവർക്കും മാത്രം
വിധിക്കപ്പെട്ടിരുന്ന ഒരു നർമ്മവൃത്തി എന്നു മാത്രമെ
ചിത്രമെഴുത്തിനെപ്പറ്റി ഒരു വിധം ഭേദപ്പെട്ടവർ
കൂടിയും കരുതിയിരുന്നുള്ളു, എന്നു പറയുമ്പോൾ
പ്രസ്തുത വിഷയത്തിൽ പിതാവു പ്രദർശിപ്പിച്ച
മനോധീരത പ്രശംസാർഹമാണെന്നു വർഗീസ്
പറയുന്നു.

തിരുവിതാംകൂറിൽ തിരുവനന്തപുരത്തും
കൊല്ലത്തും മാത്രമെ അക്കാലത്തു ഇംഗ്ലീഷ്
ഹൈസ്കൂളുകളിൽ പോലും ഡ്രായിംഗ് ഒരു
പാഠ്യവിഷയമായി സ്വീകരിച്ചിരുന്നുള്ളു.
കൊച്ചുകുഞ്ഞിനെ ചിത്രമെഴുത്തു പഠിപ്പിക്കുവാൻ
മുതിർന്നതു് ഒരു വലിയ ഭോഷത്തമായിപ്പോയി
എന്നു പറഞ്ഞു അയൽക്കാരും ബന്ധുക്കളും
കൊച്ചുകുഞ്ഞിന്റെ പിതാവിനെ കൂടെക്കൂടെ
കുറ്റപ്പെടുത്തിയിരുന്നു. അദ്ദേഹമാവട്ടെ, അതൊന്നും
വകവെച്ചിരുന്നില്ല. ''തിണ്ണയ്ക്ക് ഒരു കച്ചവടത്തിനു
ഇരുത്തുന്നതിനു പകരം മകനെ 'ചിത്രമെഴുത്ത്'
കോയിത്തമ്പുരാനാക്കാൻ പോകയാണെ'ന്നുള്ള

ആക്ഷേപം കേട്ട് കൊച്ചുകുഞ്ഞിന്റെ പിതാവ് പലപ്പോഴും മന്ദഹാസം തൂകീട്ടുണ്ട്.

മുകുന്ദൻ തമ്പിയുടെ അടുത്തേക്ക് കൊച്ചുകുഞ്ഞിനെ ആദ്യമായി കൂട്ടിക്കൊണ്ടു പോയതു് കുടുംബസുഹൃത്തായ കോലേലിൽ ജോസഫ് ഫെർണാണ്ടസ് എന്നൊരു തുപ്പായിയാണ്. ചിത്രമെഴുത്തിലുള്ള കൊച്ചുകുഞ്ഞിന്റെ വാസനയെ സംബന്ധിച്ച് അയാൾ കൊച്ചുകുഞ്ഞിന്റെ പിതാവിനോട് പലപ്പോഴും ശ്ലാഘിച്ചു പറയുമായിരുന്നു.

മുകുന്ദൻ തമ്പിയുടെ ചില എണ്ണഛായാ ചിത്രങ്ങൾ ഇക്കാലത്ത് കൊച്ചുകുഞ്ഞിനു കാണ്മാൻ ഇടയായി. കുംഭഭരണി സംബന്ധിച്ചുള്ള കെട്ടുകാഴ്ചയ്ക്കു തേരിൽ വച്ചിരുന്ന ഒരു മുഖവത്തി, സരസ്വതി എന്നിവരുടെ ചിത്രങ്ങൾ ആ ബാലന്റെ മനസ്സിൽ നല്ലവണ്ണം പതിഞ്ഞു. വീട്ടിൽവന്നശേഷം ബാലൻ അതു് ഓർമ്മയിൽനിന്ന് പല കടലാസുകളിൽ കുറിച്ചുവെച്ചു. ഈവക ചിത്രങ്ങളും, ഇന്ത്യാ ചരിത്രത്തിലെ ചില ചിത്രങ്ങൾ പകർത്തിയതും ഉൾപ്പെടെ ആറേഴ് ചിത്രങ്ങളും എടുത്തുകൊണ്ടാണ് കൊച്ചുകുഞ്ഞ് ഫെർണാണ്ടസിനോടൊരുമിച്ച് മുകുന്ദൻ തമ്പിയെ കാണാൻ പോയത്. കൊച്ചുകുഞ്ഞിന്റെ ചിത്രരചനയിലുള്ള വാസന മുകുന്ദൻ തമ്പിയെ ഹഠാദാകർഷിച്ചു. അടുത്ത ആഴ്ച പിതാവു മകനെ കൂട്ടിക്കൊണ്ട് തമ്പിയെ കാണാൻ പോകയും

അന്നുതന്നെ ശിഷ്യനെ ഗുരു ചിത്രകലാപഠന ദക്ഷിണ വാങ്ങി ഇരുത്തുകയും ചെയ്തു.

മാവേലിക്കര ദളവാപ്പുറം മേടയ്ക്കു തെക്കുവശം കൊട്ടിലപ്പാട്ടു പറമ്പിന്റെ വടക്കു പടിഞ്ഞാറെ മൂലയ്ക്കു സ്ഥാപിച്ചിരുന്ന സ്റ്റുഡിയോയിൽ വച്ചാണ് മുകുന്ദൻ തമ്പി കെ. എം. വർഗീസിനും കണ്ണമംഗലം പേളവടക്ക് അറയ്ക്കൽ (മഠത്തിൽ) കൊച്ചുഗോവിന്ദപ്പണിക്കർ വൈദ്യന്റെ അനന്തരവൻ എം. ആർ. പത്മനാഭമാരാർക്കും ചിത്രകലാപരിശീലനം നൽകിയത്. 1904-ാ മാണ്ടാണ് പരിശീലനം തുടങ്ങിയത്.

രണ്ടു വർഷം കഴിഞ്ഞപ്പോൾ വർഗീസ് എണ്ണച്ഛായത്തിൽ ചിത്രങ്ങൾ എഴുതിത്തുടങ്ങി. ബോംബയിലെ 'ജെ. വി. നാവലക്കി' എന്ന കമ്പനിക്കാർ വരുത്തിയിരുന്ന ഇംഗ്ലണ്ടിലെ 'വിൻസർ ആന്റ് ന്യൂട്ടൻ' കമ്പനിക്കാരുടെ ചായങ്ങൾ, കാൻവാസ്, ബ്രഷുകൾ, ചായപ്പലക, ചായക്കത്തി മുതലായ ചിത്രമെഴുത്തു സാമഗ്രികളായിരുന്നു മുകുന്ദൻ തമ്പി ഉപയോഗിച്ചിരുന്നത്. അതിനാൽ കെ. എം. വർഗീസും ഇംഗ്ലണ്ടിൽ ഉണ്ടാക്കിയിരുന്ന ചായങ്ങൾ, ക്യാൻവാസ് മുതലായവ തന്നെയാണ് ബോംബയിൽനിന്നു വരുത്തി പഠനകാലത്തും പിന്നീടു ജീവിതാവസാനം വരെയും ഉപയോഗിച്ചുവന്നത്. ഇതെല്ലാം വർഗീസിന്റെ പിതാവ് ആരംഭകാലത്തും, പിന്നീടു താൻ തനിച്ചുതന്നെയും ബോംബയിൽനിന്നു വരുത്തുകയായിരുന്നു.

ചിത്രമെഴുത്തു സാമഗ്രികൾ വരുത്തുവാൻ പണം പോരാത്ത അവസരങ്ങളിൽ വർഗീസിനെ സഹായിപ്പാൻ ബന്ധുവായ കല്ലുമ്പുറത്ത് ഇടയിലെ വീട്ടിലെ ഇക്കമാത്തു ഉപ്പാപ്പനും (തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പിതാവ്) നടക്കാവിൽ പിലാമൂട്ടിൽ കുഞ്ഞുനൈനാ മത്തായിയും, പെൺവഴിയിൽ വർഗീസിന്റെ പിതാവിനു ബന്ധപ്പെട്ട മാവേലിക്കര പുത്തൻപുരയ്ക്കൽ കമ്പൗണ്ടർ പീലിപ്പോച്ചനും (ഫിലിപ്പ് മെമ്മോറിയൽ ആശുപത്രിയുടെ ഉടമസ്ഥനായ ഡോക്ടർ എം. പി. ഫിലിപ്പിന്റെ പിതാവ്) ഓരോ അവസരത്തിൽ എത്തിയിട്ടുണ്ട്. (ഇവരിൽ കല്ലുമ്പുറത്തു ഇടയിലെ വീട്ടിൽ ഇക്കമാത്തുവിന്റെ പിതാവുമായി കെ. എം. വർഗീസിന്റെ പ്രപിതാമഹിക്ക് അടുത്ത ബന്ധമാണുണ്ടായിരുന്നത്. പ്രപിതാമഹിയായ ഇളച്ചിയുടെ പിതാമഹി ചെങ്ങന്നൂർ പൂവത്തൂർ ഇക്ക എന്നയാളിന്റെ പുത്രിയായിരുന്നു. ഇവരുടെ പിതൃസഹോദരപുത്രനാണ് തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ)

തിരുവനന്തപുരം യാത്ര

മുകുന്ദൻ തമ്പിയുടെ ശിഷ്യത്വം വരിച്ച് ചിത്രമെഴുത്തു പരിശീലനം ചെയ്യുമ്പോൾ തന്നെ വർഗീസ്, തമ്പിയുടെ അച്ഛനായ ഉദയവർമ്മയോടൊരുമിച്ചു തിരുവനന്തപുരത്തേക്കു ഗുരുവിനെ സന്ദർശിക്കാൻ പോയ ഒരു സംഭവം

വർഗീസ് ഓർമ്മക്കുറിപ്പുകളിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

'' 1081-ാമാണ്ട് മേടം 24-ാംനു നടക്കുന്നതായ പൂരാടം തിരുനാൾ ആറ്റുങ്ങൽ മൂത്ത തമ്പുരാൻ സേതുലക്ഷ്മീഭായി തിരുമനസ്സിലെ പള്ളിക്കെട്ട് സംബന്ധിച്ച് മുകുന്ദൻതമ്പി അദ്ദേഹത്തിന്റെ അച്ഛൻ കൊച്ചുപിള്ള മഠത്തിൽ ഉദയവർമ്മ തമ്പുരാൻ മഹാരാജാവിന്റെ കൽപ്പന പ്രകാരം തിരുവനന്തപുരത്തേക്കു ബോട്ടുമാർഗ്ഗം എഴുന്നെള്ളുന്നുണ്ടായിരുന്നു.

തമ്പി അദ്ദേഹത്തിനെ കാണ്മാൻ പോന്നു കൊള്ളുവാൻ ആജ്ഞാപിച്ചതനുസരിച്ച് ഞാൻകൂടി ബോട്ടിൽ പോയിരുന്നു. വഴിക്ക് ഓരോ താവളങ്ങളിൽ സർക്കാരിൽനിന്ന് അത്താഴ സദ്യയും മുത്താഴ സദ്യയും കാലെ കൂട്ടി തയ്യാറാക്കിയിരുന്നു. തമ്പുരാനും പരിവാരങ്ങൾക്കും സദ്യയോ അല്ലാത്തപക്ഷം പണമൊ കൊടുത്തിരുന്ന രീതിക്ക് എനിക്കും യഥോചിതം ആഹാരവും പണവും കിട്ടിയിരുന്നു. നാലാം പക്കം തിരുവനന്തപുരം ചാക്കയിൽ കടവിലെത്തി. തമ്പുരാനും പരിവാരങ്ങളും കോട്ടക്കകത്തേക്കും ഞാൻ പെരുന്താന്നിയിൽ തമ്പി അദ്ദേഹം താമസിച്ചിരുന്ന സ്ഥലത്തേക്കും പോയി. അമ്മനത്ത് കൊട്ടാരത്തിനടുത്തായിരുന്നു തമ്പി അദ്ദേഹം താമസിച്ചിരുന്നത്. തെങ്ങാംമൂട്ടിൽ എന്നു വീട്ടുപേർ. ഒരു മാസത്തോളം ഞാൻ അവിടെ താമസിച്ച് ചിത്രം എഴുതിക്കൊണ്ടിരുന്നു.

അതിനു മുമ്പ് ഞാൻ അപ്പന്റെ കൂടെ ഒരിക്കൽ തിരുവനന്തപുരത്തേയ്ക്കു പോയിട്ടുണ്ട്. തിരുവനന്തപുരത്തെ താമസം എന്റെ ജീവിതത്തിൽ പല നവീന ചിന്തകളെ ഉദിപ്പിച്ചു. ഉൽക്കർഷത്തിന്റെ ആവശ്യം അക്കാലത്താണ് എന്നിൽ ശക്തിയായി വ്യാപരിച്ചത്. തിരുവനന്തപുരത്ത് തമ്പി അദ്ദേഹത്തിന്റെ ശിഷ്യനായി ഒരു കുഞ്ഞുകൃഷ്ണപിള്ള ഉണ്ടായിരുന്നു. അയാൾ പിൽക്കാലത്ത് ചിത്രമെഴുത്ത് നിറുത്തി കൊട്ടാരം കരിവേലപ്പുരയിൽ ഒരു ജോലി സ്വീകരിച്ചു. പപ്പുപണിക്കരും (കണ്ണമംഗലത്ത് അറക്കൽ ഗോവിന്ദപ്പണിക്കരുടെ അനന്തരവൻ) കുഞ്ഞുകൃഷ്ണപിള്ളയും കൂടി ഒരുമിച്ചാണ് താമസിച്ചിരുന്നത്.

അക്കാലത്ത് പാൽക്കുളങ്ങര ക്ഷേത്രത്തിൽ ഉത്സവമായിരുന്നു. താലപ്പൊലിക്ക് ഉപയോഗിക്കുന്നതിനായി, തുണി, കടലാസ്, ചായം, മുള മുതലായവ ഉപയോഗിച്ച് ഒരു തേരുണ്ടാക്കി കരക്കാർക്ക് കൊണ്ടുപോകേണ്ടിയിരുന്നു. കുഞ്ഞുകൃഷ്ണപിള്ളയുടെ ജ്യേഷ്ഠൻ താമസിച്ചിരുന്ന വീട്ടിൽ വെച്ചായിരുന്നു ഇതു് നിർമ്മിച്ചത്. ഞാൻ ഈ തേരിന്റെ നിർമ്മാണത്തിൽ വളരെ പരിശ്രമിച്ചത് അവിടെയുള്ള നായന്മാർക്ക് വളരെ സന്തോഷകരമായിത്തീർന്നു.

ചെറുപ്പ കാലത്ത് എന്നെ ആളുകൾ കൊച്ചുകുഞ്ഞ് എന്നു സംബോധി ചെയ്തുപോന്ന രീതിക്ക് തമ്പുരാനും തമ്പി അദ്ദേഹവും എന്നെ

സാധാരണ കൊച്ചൂഞ്ഞ് എന്നു വിളിച്ചു പോന്നിരുന്നു. ഒരു പ്രത്യേക ജാതി നാമത്തേയോ മതപരമായ നാമങ്ങളേയോ സൂചിപ്പിക്കാത്തതായ ഈ പൊതുപ്പേരും എന്റെ നിറവും — അൽപ്പം ചുവന്നു വെളുത്തായ വെള്ളനിറം — മുഖാകൃതിയും എന്നെ ഒരു നായരെന്ന് വിചാരിപ്പാൻ ഇടയാക്കിത്തീർത്തു. ഇതു നിമിത്തം പപ്പുപണിക്കർ, കുഞ്ഞുകൃഷ്ണപിള്ള എന്നിവരോടൊരുമിച്ച് ഞാൻ മിക്കപ്പോഴും തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനു കിഴക്കുവടക്കു വശമുള്ള പത്മതീർത്ഥ കുളത്തിൽ കുളിച്ചുപോന്നു. കുളി കഴിഞ്ഞ് കുളത്തിന്റെ വടക്കെ കല്പടിയോടു ചേർന്നുള്ള ഗണപതി ക്ഷേത്രത്തിൽനിന്ന് മലർ, പഴം, മുതലായ പ്രസാദം വാങ്ങി തിന്നുമായിരുന്നു. പള്ളിക്കെട്ടു സംബന്ധിച്ചുള്ള പട്ടണ പ്രദക്ഷിണത്തിലും അന്നു രാത്രി നടന്ന വിശേഷതരമായ കരിമരുന്നു പ്രയോഗത്തിലും പപ്പു പണിക്കർ മുതലായവരോടൊരുമിച്ച് സംബന്ധിച്ചു.'

കരകൗശലശാല'യിൽ സൂക്ഷിച്ചിരുന്ന ചിത്രമെഴുത്തു കോയിത്തമ്പുരാൻ എഴുതിയ ചിത്രങ്ങളും കാഴ്ചബംഗ്ലാവിലിരിപ്പുള്ള ചിത്രങ്ങളും ഞാൻ കൂടെക്കൂടെ പോയി കാണുകയും ചെയ്തിരുന്നു. അന്ന് എനിക്ക് പതിനേഴുവയസ്സു പ്രായം. പള്ളിക്കെട്ട് മുതലായവ കഴിഞ്ഞ് തമ്പുരാനോടൊരുമിച്ച് ബോട്ടിൽ മാവേലിക്കരയ്ക്കു പോന്നു. ഏതാനും മാസം കഴിഞ്ഞ് തമ്പി അദ്ദേഹം മാവേലിക്കരക്കു മടങ്ങി വന്നു. വീണ്ടും കൊട്ടിലപ്പാട്ട് താമസിച്ചു. പഴയപടി ചിത്രമെഴുത്ത് ആരംഭിച്ചു.

ഞാൻ ഈ കാലഘട്ടത്തിനുള്ളിൽ എഴുതിയിരുന്ന ചിത്രങ്ങൾ അദ്ദേഹത്തെ കാണിക്കുകയും അവ അദ്ദേഹം തിരുത്തിത്തരികയും ചെയ്തു. അപ്പോഴും ഞാനും പപ്പുപ്പണിക്കരും മാത്രമെ അവിടെ പഠിപ്പാൻ ഉണ്ടായിരുന്നുള്ളു. ഞങ്ങൾ പരസ്പരം ഗുണപ്രകർഷ മത്സരികളായിരുന്നു. തമ്പി അദ്ദേഹത്തിനു എന്റെ എഴുത്തിനെപ്പറ്റി കൂടുതൽ മതിപ്പുണ്ടായിരുന്നുവെന്നു പലപ്പോഴും മനസ്സിലാക്കുവാൻ സന്ദർഭം ലഭിച്ചിട്ടുണ്ട്.

പ്രാരംഭ ചിത്രരചന

'തമ്പി അദ്ദേഹം ആദ്യകാലത്ത് പല ഭാവങ്ങളിലുള്ള കണ്ണുകൾ മൂക്കുകൾ, വായ്കൾ, ചെവി എന്നിവയൊക്കെത്തന്നെയായിരുന്നു എഴുതിത്തന്നത്. അനന്തരം ലണ്ടനിൽ അച്ചടിച്ചതായ ഡ്രായിംഗ് പാഠ്യപുസ്തകങ്ങളിൽനിന്ന് മൃഗങ്ങൾ, മനുഷ്യർ, കപ്പലുകൾ ഭൂവിഭാഗങ്ങൾ പക്ഷികൾ എന്നിങ്ങനെയുള്ള ചിത്രങ്ങൾ പകർത്തി എഴുതിത്തുടങ്ങി. ഇതിനും പുറമെ പലതരത്തിൽ ഒടിഞ്ഞും ചുരുണ്ടും മടങ്ങിയിരിക്കുന്ന ഉണങ്ങിയ വലിയ വട്ട ഇലകൾ നോക്കി എഴുതുവാൻ പരിശീലിപ്പിച്ചു. ഇവതന്നെ കേവലം ഔട്ട്ലൈൻ മാത്രമായും അനന്തരം ഇരുട്ടും വെളിച്ചവും ചേർത്തും (ഉഴിച്ചിലിട്ടു) എഴുതിക്കൊണ്ടിരുന്നു.' ഔട്ട്ലൈൻ സാമാന്യം നിശ്ചയം വന്നതിനുശേഷം ചായത്തിൽ എഴുതിത്തുടങ്ങി. തമ്പിഅദ്ദേഹം എനിക്കും പപ്പുപണിക്കർക്കും ചായം, ബ്രഷ്, ക്യാൻവസ്സ് മുതലായവ ബോംബെയിൽനിന്നു

വരുത്തിത്തന്നു. അതിനുമുമ്പ് ബോംബയിൽനിന്ന് കടലാസ്, പെൻസിൽ റബർ, ക്രയൺ, സ്റ്റമ്പ് മുതലായവ ഞാൻതന്നെ എഴുതി അയച്ചു വരുത്തുമായിരുന്നു.

'ചായങ്ങൾ വരുത്തിയശേഷം തുടങ്ങുന്നതിനു ഒരു ശുഭ ദിവസം നിശ്ചയിക്കയും അന്നേദിവസം ഞങ്ങളുടെ രക്ഷാകർത്താക്കൾ കൂടിവരണമെന്നു തമ്പി അദ്ദേഹം മുമ്പുകൂട്ടി ചട്ടംകെട്ടുകയും ചെയ്തു. അതനുസരിച്ച് അപ്പനും ഞാനും രാവിലെ പത്തു മണിക്ക് അവിടെ എത്തി. തമ്പി അദ്ദേഹം ചായപ്പലകയിൽ ഫ്ളേക്വൈറ്റ്, റോഅമ്പർ, ഐവറി ബ്ളാക്ക് എന്നീ ചായങ്ങൾവച്ചു് അവ സമ്മിശ്രണം ചെയ്യുന്നരീതി മനസ്സിലാക്കുകയും ഞാൻ മൂന്നു രൂപ ദക്ഷിണ കൊടുത്ത് ചായപ്പലകയും ബ്രഷും വാങ്ങുകയും ചെയ്തു. പപ്പുപണിക്കർ അഞ്ചുരൂപ കൊടുത്തുവെന്നു തോന്നുന്നു. ചിത്രമെഴുത്തു രവിവർമ്മകോയിത്തമ്പുരാൻ എഴുതാറുള്ള ഒരു സ്ത്രീയുടെ പൂർവകായചിത്രം നോക്കിയാണ് ഞങ്ങൾ രണ്ടുപേരും ബ്ളാക്ക് ആന്റ് വൈറ്റിൽ എഴുതിത്തുടങ്ങിയത്. ഏറെ താമസിയാതെ ഞങ്ങൾ നിറങ്ങൾ കൂട്ടി എഴുതുവാൻ പരിശീലനം ആരംഭിച്ചു. സസ്യങ്ങൾ, പഴങ്ങൾ, മനുഷ്യരുടെ ചിത്രങ്ങൾ എന്നിവയൊക്കെ നാലഞ്ചുമാസം എഴുതിക്കൊണ്ടിരുന്നു. അനന്തരം ഫോട്ടോ നോക്കി എഴുതുവാൻ തുടങ്ങി.'

ആദ്യ ചിത്രം

മുകുന്ദൻ തമ്പിയിൽനിന്നു ചിത്രകലാഭ്യസനം പൂർത്തിയാക്കിയശേഷം വർഗീസ് എഴുതിയ ആദ്യത്തെ എണ്ണച്ഛായ ചിത്രം മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് തിരുമേനിയുടേതായിരുന്നു. 1083 മകരത്തിൽ പ്രസ്തുത പെയിന്റിംഗ് കോട്ടയം ചെറിയപള്ളിയിൽവച്ചു മെത്രാച്ചനു സമർപ്പിച്ചു. അന്നു പള്ളിപ്പെരുന്നാൾ ആയിരുന്നു. മെത്രാപ്പോലീത്തായും അവിടെ ഉണ്ടായിരുന്നവർ എല്ലാവരും ചിത്രംകണ്ട് സംതൃപ്തരായി തീർന്നു. 'മെത്രാച്ചൻ ആനന്ദ തുന്ദിലനായി വറുഗീസിനെപ്പറ്റി വളരെയധികം അഭിനന്ദിച്ചു സംസാരിച്ചു.' ഈ ചിത്രത്തിനു മെത്രാച്ചൻ ഒരു സർട്ടിഫിക്കറ്റും പണവും കൽപിച്ചുകൊടുത്തശേഷം, അദ്ദേഹത്തിന്റെ പൂർണ്ണ വലുപ്പത്തിലുള്ള ഒരു ചിത്രം എഴുതുന്നതിലേക്കായി രണ്ടു ഫോട്ടോയും ആൽബവും വറുഗീസിനു കൊടുത്തു. മെത്രാപ്പോലീത്തായുടെ അനുഗ്രഹം ചിത്രമെഴുത്തു കെ. എം. വർഗീസിനു നീണ്ടുഫലിച്ചു. പിന്നീടു അദ്ദേഹം കൈവച്ച മേഖലകളിലെല്ലാം വിജയം നേടി.

ഏറെത്താമസിയാതെ മെത്രാപ്പോലീത്തായുടെ ഒരു പൂർണ്ണകായ ചിത്രം വറുഗീസ് എഴുതി കോട്ടയം പഴയസെമിനാരിയിൽ കൊണ്ടുപോയി മെത്രാച്ചനു സമർപ്പിച്ചു. ചിത്രമെഴുത്തു പറയുന്നു:— 'ചിത്രം എഴുതിത്തീർന്നശേഷം അപ്പനും ഞാനുംകൂടി വള്ളംവഴി കോട്ടയത്തേക്ക് കൊണ്ടുപോയി.

ഉച്ചയോടുകൂടി പഴയ സെമിനാരിയിൽ എത്തി ചിത്രം മെത്രാച്ചന്റെ തിരുമുമ്പിൽവച്ചു. ഗംഭീരനായ മെത്രാപ്പോലീത്തായ്ക്ക് ചിത്രം വളരെ തൃപ്തികരമായിത്തീർന്നു. അദ്ദേഹം സെമിനാരിയിൽ ഉണ്ടായിരുന്ന എല്ലാവരെയും വിളിച്ചു കാണിച്ചു. എല്ലാവരും വളരെ നല്ല അഭിപ്രായം പുറപ്പെടുവിച്ചു. മെത്രാച്ചൻ അകത്തുപോയി എൺപത്തൊന്നു രൂപാ എടുത്തുകൊണ്ടുവന്ന് എന്നെ വിളിച്ച് 'കൈവശം പണം തീർന്നുപോയി ഇപ്പോൾ ഉള്ളതുകൊണ്ടു പോകുക.' എന്നുപറഞ്ഞു മുമ്പോട്ടുനീങ്ങി. ഞാൻ ഭക്തിപൂർവ്വം വാങ്ങിച്ചു പണം അപ്പന്റെ കൈയിൽ കൊടുത്തു.' പുറമെ ഇംഗ്ലീഷിൽ ഒരു സർട്ടിഫിക്കറ്റും എഴുതിത്തന്നു. വർഗീസിനു പ്രായം അന്നു പത്തൊൻപതു വയസ്സ്.

മേൽപറഞ്ഞ ചിത്രത്തെപ്പറ്റി പഴയ സെമിനാരിയിൽനിന്നു പുറപ്പെട്ടിരുന്ന 'സുറിയാനി സുവിശേഷകൻ' എന്ന മാസികയിൽ (1083 മീനത്തിലെ പ്രസ്തുത മാസികയുടെ 6-ാം പുസ്തകം 8-ാം ലക്കം) അതിന്റെ പത്രാധിപർ താഴെവരുന്ന പ്രകാരം ഒരു വാർത്ത അന്നു പ്രസിദ്ധപ്പെടുത്തി.

''ഒരു സന്തോഷവാർത്ത''

നമ്മുടെ വലിയ തിരുമനസ്സിലെ ഛായാപടം എഴുതുവാൻ പല മഹാന്മാരും ശ്രമിച്ചിട്ടുണ്ട്. ഇതുവരെ വരച്ചിട്ടുള്ളതിൽ ശരിയായി ഒത്തതു്

ഒന്നുംതന്നെ ഇല്ലെന്നു പറയാം. ഈ കഴിഞ്ഞ
മാസത്തിൽ മാവേലിക്കര കെ. എം. വറുഗീസ് എന്ന
ഒരു യുവാവ് തിരുമനസ്സിലെ ഒരു പടം വരച്ചു കാഴ്ച
വയ്ക്കുകയും ഇത്ര ചെറുപ്പത്തിലെ ഇവനിൽ
വിളങ്ങുന്ന വാസനാബലത്തെ കണ്ടു
സന്തോഷചിത്തനായി അവനു
പ്രോൽസാഹനാർത്ഥം ഒരു സർട്ടിഫിക്കറ്റ്
കൽപിച്ചുകൊടുക്കുകയും തിരുമനസ്സിലെ
പൂർണ്ണവലിപ്പത്തിൽ ഒരു പടം
വരച്ചുകൊണ്ടുവരുന്നതിനു കൽപിച്ചയക്കുകയും
ചെയ്തിരുന്നു. അതനുസരിച്ചു ഈ കഴിഞ്ഞ
ആഴ്ചയിൽ പടവുംകൊണ്ടു വരികയും കൽപിച്ച്
അതിന്റെ വിലയെ അവനു കൊടുക്കുകയും
ചെയ്തു. തിരുവിതാംകോട്ടെ പ്രസിദ്ധ
ചിത്രമെഴുത്തുകാർ വരച്ചിട്ടുള്ള തിരുമനസ്സിലെ മറ്റു
ആറേഴ് പടങ്ങളിൽ ഒട്ടും പിന്നോക്കമായിട്ടല്ല ഈ
പടവും ഇരിക്കുന്നത്, എന്നുള്ളതിൽ നാം അവനെ
അഭിനന്ദിക്കേണ്ടിയിരിക്കുന്നു. നമ്മുടെ
സുറിയാനിക്കാരിൽ ഇപ്രകാരം
വാസനാബലമുള്ളവർ ഉണ്ടായി വരുന്നതിൽ നാം
എത്രമേൽ സന്തോഷിക്കേണ്ടിയിരിക്കുന്നു. ഈ
ആളിനെ സഹായിക്കുകയും
പ്രോൽസാഹിപ്പിക്കുകയും ചെയ്യേണ്ട ചുമതല
ഇതിനെ വായിക്കുന്ന സുറിയാനിക്കാർക്ക്
ഏവർക്കും ഉള്ളതാണെന്നു പ്രത്യേകം
പറഞ്ഞിട്ടാവശ്യമില്ലല്ലൊ.'

1085-കുംഭത്തിൽ കാർത്തികപ്പള്ളി
അനന്തപുരത്തു മൂത്തകോയിത്തമ്പുരാൻ

രാജരാജവർമ്മയുടെ ഒരുചിത്രം ഇരുപതുകാരനായ വർഗീസ് എഴുതി അദ്ദേഹത്തിനു സമർപ്പിക്കയുണ്ടായി. 'അഭിനവബാഹടൻ' എന്നു പ്രസിദ്ധനായ ആ തിരുമേനി ചിത്രം കണ്ട് വളരെ സന്തോഷിക്കയും മൂന്നു പവൻ കല്പിച്ച് ചിത്രകാരനു സംഭാവന നൽകുകയും ചെയ്തു. സംഭാവനയോടൊരുമിച്ച് അദ്ദേഹം താഴെ കാണുന്നതായ വാചകത്തിൽ ഒരു സർട്ടിഫിക്കേറ്റ് വർഗീസിനു നൽകി. കേരള കാളിദാസനായ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ മൂത്ത സഹോദരനായ മൂത്തകോയിത്തമ്പുരാനു പ്രസ്തുത ചിത്രത്തെക്കുറിച്ചുണ്ടായ മതിപ്പ് ഈ സർട്ടിഫിക്കേറ്റിൽ ഭംഗിയായി രേഖപ്പെടുത്തിയിരിക്കുന്നു.

അനന്തപുരം കൊട്ടാരം
1085 കുംഭം 24

'മാവേലിക്കര കെ. എം. വർഗ്ഗീസ് എന്ന ആൾ പ്രസിദ്ധചിത്രമെഴുത്തുകാരനായ മുകുന്ദൻ തമ്പിയുടെ ശിഷ്യനും ചിത്രമെഴുത്തിൽ നല്ല പരിചയം സമ്പാദിച്ച ഒരാളുമാണ്. ഈ ആൾ എഴുതിയതായ ഒന്നുരണ്ടു എണ്ണച്ഛായാപടങ്ങൾ ഞാൻ കാണുകയുണ്ടായി. അതു് കണ്ടിട്ടുള്ള സന്തോഷംകൊണ്ട് എന്റെ ഒരുപടംകൂടി എഴുതണമെന്ന് ആവശ്യപ്പെടുകയും അതു് എഴുതിക്കൊണ്ടു വരികയും ചെയ്തിട്ടുണ്ട്. ഈ ആളുടെ ചെറുപ്പത്തിന്റെയും പഠിപ്പിന്റെയും സ്ഥിതിയെ തുലോം അതിശയിക്കത്തക്കതായ ബുദ്ധിസാമർത്ഥ്യം അതിൽ പ്രദർശിപ്പിച്ചിട്ടുണ്ടെന്ന്

നമുക്കു ബോദ്ധ്യമായിരിക്കുന്നു. ഈ ആൾ ഒരു വാസനാബലം കൂടിഉള്ള ആളാകയാൽ സ്വദേശസ്നേഹമുള്ള മാന്യന്മാർ ഈ ആൾക്ക് യഥാശക്തി സഹായം ചെയ്യുന്നപക്ഷം അതു് ഈ ആൾക്കും നാട്ടിനും ശ്രേയസ്കരമായിത്തീരുമെന്ന് നാം നിസ്സംശയം അഭിപ്രായപ്പെടുന്നു.

രാജരാജവർമ്മ

(ഒപ്പ്)

മൂത്തകോയിത്തമ്പുരാൻ'

കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ആദരം

1087-ാമാണ്ട് മിഥുനത്തിൽ ഓച്ചിറക്കളിക്ക് ഒരു പ്രദർശനം നടത്തപ്പെട്ടു. തിരുവിതാംകൂറിലെ പല ഉൽപന്നങ്ങളും കലാപരമായ പല നിർമ്മാണങ്ങളും ഇക്കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. എണ്ണച്ചായ ചിത്രങ്ങൾ, തണ്ണിച്ചായ ചിത്രങ്ങൾ മുതലായി പലതും പ്രദർശിപ്പിച്ചിരുന്നതിൽ ഒന്നു വർഗീസ് എഴുതിയതായ ബാലഗോപാലന്റെ എണ്ണച്ചായ ചിത്രമായിരുന്നു. ശ്രീകൃഷ്ണൻ നർമ്മദാ നദീതീരത്ത് പശുക്കളെ മേയിക്കുന്ന ഭാവത്തിൽ സ്വകപോലെ കല്പിതമായി എഴുതിയ ആ ചിത്രത്തിനു രണ്ടാം സമ്മാനമായി മൂന്നുരൂപായും ഒരു സർട്ടിഫിക്കേറ്റും ഒടുവിലത്തെ യോഗത്തിൽ വച്ചു വർഗീസിനു ലഭിച്ചു. 1912 ജൂൺ 19-ാംനു ആയിരുന്നു ഒടുവിലത്തെ യോഗം.

മേൽപ്പറഞ്ഞ പെയിന്റിംഗ്, കേരളവർമ്മ വലിയകോയിത്തമ്പുരാനു തിരുമുൽക്കാഴ്ച സമർപ്പിച്ചാൽ കൊള്ളാമെന്നു വർഗീസ് ആഗ്രഹിക്കയും ആയതിലേക്കു തിരുവനന്തപുരത്തേക്കു അനുവാദത്തിനായി 1088 തുലാം 7-ാംനു കത്തയയ്ക്കുകയും ചെയ്തു. ഏറെത്താമസിയാതെ മറുപടി കിട്ടി. തിരുമനസ്സുകൊണ്ട് വൈക്കത്തഷ്ടമി കഴിഞ്ഞു് മടക്കത്തിൽ 25-ാംനു ഹരിപ്പാട്ടു കൊട്ടാരത്തിൽ വരുമെന്നും അപ്പോൾ ചിത്രം സ്വീകരിപ്പാൻ സന്തോഷമാണെന്നും കാണിച്ചിരുന്നു. അതനുസരിച്ച് നിശ്ചിത ദിവസം മൂന്നുമണിക്ക് വർഗീസ് ഹരിപ്പാട്ട് അനന്തപുരത്തു കൊട്ടാരത്തിൽ എത്തി ചിത്രം തിരുമുൽക്കാഴ്ച സമർപ്പിക്കയും അദ്ദേഹം അത്യന്തം സന്തുഷ്ടനായി പലതും കൽപിച്ചശേഷം മൂന്നു പവൻ പാരിതോഷികമായി വർഗീസിനു നൽകുകയും ചെയ്തു. ഏതാനും ദിവസങ്ങൾ കഴിഞ്ഞു അദ്ദേഹം താഴെ ഉദ്ധരിക്കുന്ന സർട്ടിഫിക്കേറ്റ് വർഗീസിനു അയച്ചുകൊടുക്കയുണ്ടായി.

(മുദ്ര)

Trivandrum

11th November, 1912

"Mr. K. M. Varghese is a young and promising artist. His birthplace like that of a few other distinguished artists is Mavelikkarai. He is able to draw nice pictures in oils, one of which he

was good enough to present to me. I find in it the nicety of his artistic taste of a no mean order. It is under that skilled Artist Mukundan Thampi that he has had his training. I have no doubt therefore he will ere long earn a name and thereby public patronage in a large scale. I wish him all success.

(Sd. Kerala Varma)
Valiya Koil Thampuran
C. S. I."

കേരളവർമ്മ വലിയകോയിത്തമ്പുരാന് അന്ന് 68 വയസ്സും കെ. എം. വർഗീസിനു 24 വയസ്സും.

സ്ഥാനത്യാഗം ചെയ്ത കൊച്ചി മഹാരാജാവിന്റെ ഒരു ചിത്രം 1086 ൽ തന്റെ 22-ാം വയസ്സിൽ വർഗീസ് എഴുതിക്കൊടുത്തു. പ്രസ്തുത പെയിന്റിംഗ് വളരെ നന്നായിട്ടുണ്ടെന്ന് അതു കാണ്മാൻ ഇടവന്ന രാമവർമ്മ അപ്പൻ തമ്പുരാൻ, വിഷവൈദ്യൻ ഒൻപതാംകൂർ കൊച്ചുണ്ണിത്തമ്പുരാൻ മുതലായവർ ഒന്നുപോലെ അഭിപ്രായപ്പെടുകയുണ്ടായി.

ചിത്രമെഴുത്തു പറയുന്നു:— '1088-ൽ മലങ്കരമെത്രാപ്പോലീത്തായായ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസിലെ ചിത്രം എഴുതി പരുമല സെമിനാരിയിൽ കൊണ്ടുപോയി കൊടുത്തു. മെത്രാപ്പോലീത്താക്ക് ചിത്രം കണ്ടിട്ട് അപരിമിതമായ സന്തോഷമുണ്ടായി. സെമിനാരിയിൽ

ഉണ്ടായിരുന്നവരോടെല്ലാം അദ്ദേഹം അഭിപ്രായം ചോദിക്കുകയും എന്നെ പരസ്യമായി ശ്ലാഘിക്കയും ചെയ്തു. ഈ ചിത്രം കുണ്ടറ സെമിനാരി ഹാളിൽ പിന്നീടു സ്ഥാപിച്ചു. അഗാധ ബുദ്ധിമാനും അതിധീരനുമായ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ആയിടക്ക് കൊടുത്തയച്ചതായ സർട്ടിഫിക്കേറ്റും താഴെ പകർത്തുന്നു.

'മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ്
മെത്രാപ്പോലീത്തായിൽ നിന്ന്

[മുദ്ര]

മാവേലിക്കര കെ. എം. വർഗീസ് എന്ന ആൾ ചിത്രശിൽപത്തിൽ വളരെ വാസനാബലവും പരിചയവും ഉള്ള ഒരു ചിത്രകാരനാണെന്ന് നാം എഴുതിച്ചിട്ടുള്ള ഏതാനും എണ്ണച്ചായ ചിത്രങ്ങൾകൊണ്ടും ടിയാന്റെ കൈവേലയായി നാം കണ്ടിട്ടുള്ള വേറെ ചില ചിത്രങ്ങൾകൊണ്ടും നമുക്കു ബോദ്ധ്യമായിട്ടുണ്ട്. ആധുനികകാലത്തെ പുതിയ രീതി അനുസരിച്ചുള്ള ചിത്രമെഴുത്തുതന്നെയാണ് ഈ ആളും സ്വീകരിച്ചിരിക്കുന്നത്. ആരുടെ ചിത്രം എഴുതുന്നുവോ ആ ആളിന്റെ മുഖത്തു സ്ഫുരിക്കുന്ന സ്വഭാവംകൂടി ചിത്രത്തിൽ വരുത്തുന്നതിനു ഈ ആൾ നല്ലവണ്ണം പരിശ്രമിക്കുന്നുണ്ടെന്നു വിശേഷാൽ നാം അഭിപ്രായപ്പെടുന്നു.

1088 മിഥുനം 5
പരുമല സെമിനാരി

ദീവന്നാസ്യോസ്

[ഒപ്പ്]

'വട്ടശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക്, തിരുമനസ്സിലെ കുടുംബത്തിൽപ്പെട്ട ഒരു അംഗം എന്ന നിലയിലും എന്റെ നേരെ അതിയായ സ്നേഹവും വാൽസല്യവുമുണ്ടായിരുന്നു. എന്റെ സാഹിത്യപരവും ചരിത്രപരവുമായ ലേഖനങ്ങളെക്കുറിച്ച് തിരുമനസ്സുകൊണ്ട് പലരോടും പ്രശംസിച്ചു പലതും പറയുകയുണ്ടായിട്ടുണ്ട്. 1107 ൽ തിരുമനസ്സിലെ ഒരു വലിയ ചിത്രം എഴുതണമെന്ന് എന്നോടു കൽപിക്കയും, അന്നു കോട്ടയത്തു താമസിച്ചിരുന്ന ഫോട്ടോഗ്രാഫർ ഈ. വി. ഈശോയെക്കൊണ്ട് ആയതിലേക്കു ഞാൻ രണ്ടു ഫോട്ടോ തിരുമനസ്സിലെ ആവശ്യപ്രകാരം എടുപ്പിക്കയും ചെയ്കയുണ്ടായി. തലയിൽ മസനപ്സായും കറുത്ത ളോഹയുമായിട്ടാണ് പ്രസ്തുത ഫോട്ടോ എടുത്തിട്ടുള്ളതു്. തിരുമനസ്സിലെ ഇരിപ്പ് ശരിപ്പെടുത്തിക്കൊടുത്തതു് ഞാനായിരുന്നു. ഒരു ഫോട്ടോ, ഒരുകാലത്ത് മാർബിൾ പ്രതിമ നിർമ്മിക്കുന്നതിനു കൂടി ഉപയോഗപ്പെടുത്തണമെന്ന കരുതി മുഖത്തിന്റെ അർദ്ധാംശത്തെ മാത്രം കാണിക്കുന്നതുമായിരുന്നു. തിരുമേനിയുടെ ജീവിതത്തിൽ പലപ്പോഴായി എടുത്തിട്ടുള്ള നിരവധി ഫോട്ടോകളിൽ ഇത്രത്തോളം നന്നായിട്ടുള്ള ഫോട്ടോ വേറെയില്ലെന്ന് സർവ്വസമ്മതി ലഭിക്കത്തക്കവണ്ണം മറ്റെ ഫോട്ടോ അത്ര നന്നായിരുന്നു. പ്രസ്തുത ഫോട്ടോ നോക്കി ചിത്രം എഴുതിക്കൊണ്ടിരുന്ന ഘട്ടത്തിൽ മെത്രാപ്പോലീത്താ തിരുമേനി 1109 ൽ

കോട്ടയം പഴയ സെമിനാരിയിൽവച്ച് രക്തസമ്മർദ്ദം മൂലം ചരമഗതി പ്രാപിക്കയാൽ കാതോലിക്കാബാവാ (കല്ലാശേരി) തിരുമനസ്സുകൊണ്ടായിരുന്നു ചിത്രം സ്വീകരിച്ചു പണം തന്നതു്. കേവലം ചായവിലയായി നൂറുരൂപാ മാത്രമാണ് ഞാൻ വാങ്ങിയതു്. ഈ ചിത്രം കോട്ടയം പഴയസെമിനാരിയിൽ കമ്മിറ്റി മാളികമുറിയിൽ ആദരപൂർവ്വം വയ്ക്കപ്പെട്ടു. പിന്നീട് അവ എന്റെ വേറെ ചില ചിത്രങ്ങളോടൊരുമിച്ച് കോട്ടയത്തുതന്നെ മുട്ടമ്പലം 'ദേവലോകം' കാതോലിക്കേറ്റ് അരമനയിലേക്കു മാറ്റി.'

ചിത്രമെഴുത്തു കെ. എം. വർഗ്ഗീസിന്റെ പുത്രനും പ്രമുഖ ചരിത്രകാരനുമായ ജോർജ്ജ വർഗീസ് മദ്രാസിൽ നിന്ന് അയച്ചുതന്ന ഒരു കത്തിൽ ഇങ്ങനെ പറയുന്നു:— '1935-ൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ തിരുമേനിയുടെ രണ്ടുവലിയ എണ്ണച്ഛായ ചിത്രങ്ങൾ — ഒന്നു കോട്ടയം പഴയ സെമിനാരിയിലേക്കും മറ്റൊന്നു തഴക്കര ഇംഗ്ലീഷ് സ്കൂളിലേക്കും — എന്റെ പിതാവ് എഴുതിക്കൊടുത്തു. സെമിനാരിക്കു കൊടുത്ത ചിത്രമാണ് ഇപ്പോൾ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ കോൺഫറൻസു ഹാളിൽ വച്ചിരിക്കുന്നതു്. ഈ ചിത്രം പല വലിയ കലാകാരന്മാരേയും വിദേശിയ സന്ദർശകരെയും ആകർഷിച്ചിട്ടുള്ളതാണ്. 1110 കുംഭം 10-നു മാരാമണ്ണു പള്ളിയിൽ വച്ചുനടന്നതായ എന്റെ മൂത്തസഹോദരിയുടെ വിവാഹത്തിനു ക്ഷണിക്കപ്പെട്ടിരുന്ന മാവേലിക്കര കൊട്ടാരത്തിലെ

ചിത്രമെഴുത്തു രാമവർമ്മ തമ്പുരാൻ (രവിവർമ്മ കോയിത്തമ്പുരാന്റെ പുത്രൻ) വിവാഹദിവസത്തിനു രണ്ടുദിവസം മുമ്പ് എന്റെ വീട്ടിലേക്ക് ഒരു വിശേഷപ്പെട്ട കുതിരവണ്ടിയിൽ എഴുന്നെള്ളി വരികയും, തദവസരത്തിൽ അന്നവിടെ പൂർത്തിയാക്കിവച്ചിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ മേൽപറഞ്ഞ ചിത്രം കണ്ടു സന്തുഷ്ടനായി പിതാവിനെ ശ്ലാഘിച്ച് പലതും പിതാവിനോടു പറയുകയും ചെയ്തു എന്നുള്ളത് എന്റെ സ്മൃതിപഥത്തിൽ ഇന്നും മായാതെ നിൽക്കുന്നു. കൂടാതെ രാമവർമ്മരാജാ വധുവിനു് വിലയേറിയ പട്ടുവസ്ത്രങ്ങൾ അപ്പോൾ സമ്മാനമായിക്കൊടുക്കയും ചെയ്തു എന്നതു് വിശേഷവിധിയായി ഇവിടെ പ്രസ്താവിക്കുന്നു. രാമവർമ്മ വലിയരാജാ ചിത്രകലാ സംബന്ധമായ കാര്യങ്ങളിലും എന്റെ പിതാവിനെ സംബന്ധിക്കുന്ന മററു ചില കാര്യങ്ങളിലും പിതാവിനു സഹായവും തുണയും നൽകിയിരുന്നു. ആശ്രിതവത്സലനായ ആ മഹാനുഭാവൻ എന്റെ പിതാവിനെ വളരെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തിരുന്നു. തമ്പുരാൻ, എന്റെ വീട്ടിൽ അല്ലാതെ മാവേലിക്കര മററൊരു ക്രൈസ്തവ ഭവനത്തിലും അതിനുമുമ്പോ പിമ്പോ പോയിട്ടുള്ളതായി കേട്ടിട്ടില്ല.'

വഞ്ചിപ്പുഴത്തമ്പുരാന്റെ ആദരം

1084-ാമാണ്ടു് ഒടുവിൽ മുകുന്ദൻ തമ്പിയോടൊരുമിച്ച് വർഗീസ് ചെങ്ങന്നൂർ വഞ്ചിപ്പുഴ മഠത്തിൽ കളിപ്പുര മാളികയിൽ താമസിച്ചുകൊണ്ടു് ഗുരുവിന്റെ ഹാൻഡ് ക്യാമറായുടെ സഹായത്തോടെ ഫോട്ടോഗ്രാഫി സംബന്ധിച്ച വേല ചെയ്തിരുന്നു. വഞ്ചിപ്പുഴ 'ഉഴത്തിരരുതമ്പുരാ'നെ ആയിടെ ഇംഗ്ലീഷ് പഠിപ്പിച്ചുകൊണ്ടിരുന്നതു് ആർ. കളത്തു അയ്യർ ആയിരുന്നു. ആ നാളുകളിൽ കളത്തു അയ്യരെ പരിചയപ്പെടാനും, തന്മൂലം തമ്പുരാന്റെ ഒരു ചിത്രം എഴുതിക്കൊടുപ്പാനും ചിത്രമെഴുത്തിനു കഴിഞ്ഞു. അതിനു പ്രതിഫലമായി തമ്പുരാൻ മുപ്പതു രൂപാ സമ്മാനം കൊടുത്തു. ഇതു കഴിഞ്ഞു് ശ്രീകൃഷ്ണന്റെ ഒരു ചിത്രം കൂടി വർഗീസ് എഴുതി തമ്പുരാനു കൊടുത്തു. തമ്പുരാൻ വളരെ സന്തോഷിക്കയും വർഗീസിന്റെ ആവശ്യമനുസരിച്ച് പെരുവന്താനം മലയിൽ നിന്നു് മുപ്പതു ടൺ തേമ്പാവ് തടി മുറിച്ചെടുക്കുവാൻ വർഗീസിനെ അവകാശപ്പെടുത്തിക്കൊണ്ടു് മുദ്രപ്പത്രത്തിൽ ഒരു ലൈസൻസ് വറുഗീസിനു ദാനം ചെയ്കയും ചെയ്തു. എന്നാൽ പെരുവന്താനം മലയിൽ പോയി തടിമുറിപ്പിച്ചുകൊണ്ടു വരുന്നതിനുള്ള പ്രയാസത്തേയും പണച്ചെലവിനെയും പററി ശരിയായി മനസ്സിലാക്കിയതോടെ പാസ് വഞ്ചിപ്പുഴമഠം വക പെരുവന്താനം വനം കുപ്പ്, ലേലത്തിൽ പിടിച്ചിരുന്ന കൊല്ലക്കാരൻ ഹസ്മാൻപിള്ള എന്ന മഹമ്മദീയനു് സാമാന്യം ഒരു

നല്ല തുകയ്ക്കു് കൊടുത്തു. തമ്പുരാൻ കോന്നിവനത്തിൽ നിന്നു തടിമുറിച്ചെടുക്കാൻ പാസുതരുമെന്നായിരുന്നു വർഗീസ് വിചാരിച്ചിരുന്നതു്, അറിയിച്ചതും അങ്ങനെയായിരുന്നു, എന്നാൽ ഒടുവിൽ പററിയതു ഈ വിധത്തിലുമായിരുന്നു എന്നു ചിത്രമെഴുത്തു് ഓർമ്മക്കുറിപ്പുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്.

കലാകുബേരന്റെ കലാസൃഷ്ടികൾ— മഹാത്മഗാന്ധിയുടെ പ്രശംസ

1101 ൽ [1926] ചങ്ങനാശേരി ആനന്ദാശ്രമത്തിലേക്കു് ശ്രീനാരായണ ഗുരുസ്വാമികളുടെ ഒരു പൂർവ്വകാല എണ്ണച്ഛായ ചിത്രം വർഗീസ് എഴുതിക്കൊടുത്തു. മഹാത്മഗാന്ധി തിരുവിതാംകൂർ സന്ദർശിച്ച സമയം പ്രസ്തുത ചിത്രം കണ്ടു് വളരെ സന്തോഷിക്കയും ചിത്രകാരനെ വളരെ പ്രശംസിച്ചു സംസാരിക്കുകയും ചെയ്തു. ഈ വാർത്ത അന്നത്തെ വർത്തമാനപ്പത്രങ്ങളിൽ റിപ്പോർട്ടു ചെയ്തിരുന്നു.

തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള പല പൊതു സ്ഥാപനങ്ങളിലേക്കും വർഗീസ് ചിത്രങ്ങൾ എഴുതിക്കൊടുത്തിട്ടുണ്ടു്. തമ്പുരാക്കന്മാർ, സമുദായ നേതാക്കന്മാർ, ഹൈന്ദവ മതഗുരുക്കന്മാർ, വലിയ ജന്മികൾ, സഭാദ്ധ്യക്ഷന്മാർ, ഭൂസ്വത്തുടമസ്ഥന്മാർ, വിദ്വൽ കേസരികളായ മഹാന്മാർ, യൂറോപ്യന്മാർ, ഗവ: ഡിപ്പാർട്ടുമെന്റ് മേലധികാരികൾ, സ്വന്തം

സഭാവിഭാഗത്തിലെ പല ഉയർന്ന പട്ടക്കാർ, സുഹൃത്തുക്കൾ തുടങ്ങിയ പല മഹനീയ വ്യക്തികൾ അദ്ദേഹത്തെക്കൊണ്ടു ചിത്രങ്ങൾ എഴുതിച്ചിട്ടുണ്ടു്.

മുറിമിററത്തു മാർ ഈവാനിയോസ് (ഒന്നാം കാതോലിക്കാ) വാകത്താനത്തു മാർ പീലക്സിനോസ് (2-ാം കാതോലിക്കാ), മാർ ഔഗേൻ തീമോത്തിയോസ് (നാലാം കാതോലിക്കാ) പരുമല പുണ്യവാളൻ മാർ ഗ്രീഗോറിയോസ് (ചാത്തുരുത്തി) മെത്രാപ്പോലീത്താ, മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ, അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ, പുത്തൻകാവിൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ, അന്ത്യോക്യാ പ്രതിനിധി മാർ ഒസ്താത്യോസ് മെത്രാൻ, റോമൻ കത്തോലിക്ക—മാർത്തോമ്മാ—സി. എസ്. ഐ. സഭകളിലെ ബിഷപ്പന്മാർ, തിരു: സാനിട്ടറിക്കമ്മീഷണർ ജേക്കബ് ചാണ്ടി (മററിത്ര) അദ്ദേഹത്തിന്റെ പിതാവ് ജോൺ ചാണ്ടി കോതമംഗലത്തു നിയമസഭാ മെമ്പർ തര്യതു കുഞ്ഞിത്തൊമ്മന്റെ മാതാപിതാക്കൾ, ഡോക്ടർ കര്യാളശ്ശേരി, മാർത്തോമ്മാ മെത്രാൻ, മൂലൂർ എസ്. പത്മനാഭപ്പണിക്കർ, കോട്ടയം സി. എം. എസ്. കോളജ് പ്രിൻസിപ്പൽ സി. കെ. തോമസ്, റവ: ഡബ്ളൂ. ജെ. എഡ്മണ്ട് സായ്പ് (LMS) തിരുനൽവേലി ഡോക്ടർ വെസ്റ്റൺ ബിഷപ്പിന്റെ സഹോദരി മിസ്സ് വെസ്റ്റൺ മദാമ്മ, വാളക്കുഴി മാർ സേവേറിയോസ് മെത്രാപ്പോലീത്താ, മലയാള മനോരമ പത്രാധിപർ കണ്ടത്തിൽ വറുഗീസ് മാപ്പിള,

അദ്ദേഹത്തിന്റെ ഭാര്യ, ഉമ്പർകാട്ട് കുശാണ്ഡസ്വാമികൾ, ചെങ്ങന്നൂർ പെരിങ്ങാലാ കുളമുള്ളതിൽ ശ്രീധര സന്യാസി, ഇലഞ്ഞിക്കൽ കുഞ്ഞിത്തൊമ്മന്റെ സഹോദരന്റെ ഭാര്യ, തിരുവിതാംകൂർ അഞ്ചൽ സൂപ്രണ്ടു് പത്മനാഭ അയ്യർ, തിരുവിതാംകൂർ ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് കെ. കെ. ലൂക്കോസ്, ഭാര്യ സർജൻ ജനറൽ മിസ്സീസ് പുന്നൻ ലൂക്കോസ്, കള്ളിവയലിൽ പാപ്പൻ, ആലുംമൂട്ടിൽ കൊച്ചുകുഞ്ഞു ചാന്നാർ (വെട്ടിക്കൊല്ലപ്പെടുന്നതിനു മുമ്പ്) കീരിക്കാട്ട് ആലപ്പുറത്തു് നമ്പൂതിരി, കാഞ്ഞിരപ്പള്ളിയിൽ പൊട്ടൻകുളത്തു സ്കറിയാ, അനുജൻ തൊമ്മച്ചൻ, ജെ. ആർ. വിൻസെന്റ് സായ്പ്, ചങ്ങനാശേരി ബിഷപ്പ് ഡാക്കർ കാളാശ്ശേരി, ഇന്ത്യാ ഗവ: സെക്രട്ടറി പി. സി. മാത്യു, ഐ. സി. എസ്, അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ, കേരള ചീഫ് സെക്രട്ടറി കെ. പി. കെ. മേനോന്റെ മാതാവ്, പാലാമ്പടം പി. ററി. തോമസ് വക്കീൽ, പാലാമ്പടം കുടുംബാംഗങ്ങൾ, ആലുവാ കോളജ് പ്രിൻസിപ്പൽ എ. എം. വർക്കി, എന്നുതുടങ്ങി നൂററി എഴുപതോളം പ്രശസ്ത വ്യക്തികളുടെയും സാത്വികന്മാരുടെയും ഛായാചിത്രങ്ങൾ കെ. എം. വർഗ്ഗീസ് എഴുതിക്കൊടുത്തിട്ടുള്ളതു് അത്രയും കലാവൈദഗ്ധ്യത്തിന്റെ മകുടോദാഹരണങ്ങളായി കലാലോകത്തിൽ ഇന്നും ഉയർന്നു പരിലസിക്കുന്നു.

രണ്ടാം ലോക മഹായുദ്ധത്തിൽ സേവനം അനുഷ്ഠിച്ച ഒരു ഉയർന്ന ബ്രിട്ടീഷ് മിലിട്ടറി

ഉദ്യോഗസ്ഥൻ കർണ്ണൽ W. S. ഒലിവ് എന്ന ദേഹത്തിന്റെ അപേക്ഷപ്രകാരം ചിത്രമെഴുത്ത് എഴുതിക്കൊടുത്ത ബ്രിട്ടീഷ് പ്രധാന മന്ത്രി സർ വിൻസ്റ്റൺ ചർച്ചിലിന്റെ ഒരു ബസ്റ്റ് എണ്ണഛായ ചിത്രം കണ്ടു കർണ്ണൽ വളരെ പ്രശംസിക്കുകയും, പ്രസ്തുത പോർട്രയിറ്റ് അദ്ദേഹം ലണ്ടനിലേക്കു കൊണ്ടുപോകയും ചെയ്തു. 'The Crouching Lion' എന്നായിരുന്നു ചിത്രത്തിനു കൊടുത്തപേർ. 1944 മേയ് മാസത്തിലാണു് ചിത്രം കൊടുത്തതു്. കൂടാതെ, ക്ലേബിയസ്സ് എന്നൊരു അമേരിക്കൻ സൈനികോദ്യോഗസ്ഥന്റെ ചിത്രം വർഗീസ് എഴുതിക്കൊടുത്തതു് അദ്ദേഹം അമേരിക്കയിലേക്കു കൊണ്ടുപോയതും പ്രശംസയാർജിച്ചിട്ടുള്ള പടമാണു്.

എബ്രഹാം സഫ്രഗൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ഒരു ചിത്രം മാവേലിക്കര തഴക്കര മാർത്തോമ്മാ പള്ളിക്കാർ വറുഗീസിനെക്കൊണ്ടു എഴുതിപ്പിച്ചതു് പള്ളിസ്കൂളിൽ വച്ചിട്ടുണ്ടു്. കലാപ്രണയികളുടെ തന്നെയും പ്രശംസ പിടിച്ചു പറ്റിയിട്ടുള്ള പ്രസ്തുത പെയിൻറിംഗ് ഇന്നും മാർത്തോമ്മാ സഭയ്ക്കു ഒരലങ്കാരമെന്നോണം പരിലസിക്കുന്നു.

പാലാമ്പടം ഫാമിലി ചിത്രം

1956-ൽ പാലാമ്പടം കുടുംബചിത്രം കെ. എം വർഗീസ് എഴുതിക്കൊടുത്തു. പാലാമ്പടം പി. റ്റി. തോമസ് വക്കീൽ, ഭാര്യ, പുത്രൻ ഡാ: പി. റ്റി. തോമസ്, (Ex. MLA) അനുജൻ ഈപ്പച്ചൻ,

കനിഷ്ഠൻ അവറാച്ചൻ, എന്നിവരെ കൂടാതെ, സഹോദരികളായ മിസ്സസ് കുഞ്ഞൻകുട്ടി, മിസ്സസ് പി. സി. കോശി ഉൾപ്പെടെ ഏഴുപേരാണു് ഈ ചിത്രത്തിൽ അടങ്ങിയിട്ടുള്ളതു്. പല ഫോട്ടോ ഗ്രാഫുകൾ ഗ്രൂപ്പായിട്ടു വർഗീസ് ക്രമീകരിച്ചാണു് ചിത്രം എഴുതിയതു്. 'എന്റെ അറിവിൽ കേരളത്തിൽ മറ്റു യാതൊരു വ്യക്തിയും ഇങ്ങനെയൊരു കുടുംബചിത്രം എഴുതിച്ചിട്ടില്ല. മറ്റൊരു ചിത്രകാരനും എഴുതീട്ടില്ല. ഫ്രെയിം ഉൾപ്പെടെ 63''×55'' നീളം വീതിയാണു്. 3½'' വീതം ഫ്രെയിമിനു വീതിയുണ്ടു്.'' എന്നു വർഗീസ് രേഖപ്പെടുത്തിയിട്ടുണ്ടു്. ഈ ചിത്രം പാലാമ്പടം ഫാമിലിയുടെ എന്നു മാത്രമല്ല, വളരെയധികം കലാ പ്രേമികളുടെയും ആദരാതിശയം പിടിച്ചു പറ്റിയിട്ടുള്ളതാണു്. ചിത്രം കോട്ടയത്തു പാലാമ്പടം ബംഗ്ലാവിൽ സൂക്ഷിച്ചിരിക്കുന്നു.

കെ. സി. മാമ്മൻ മാപ്പിളയുടെ ചിത്രം

മലയാള മനോരമ പത്രാധിപർ കെ. സി. മാമ്മൻ മാപ്പിളയുടെയും ഭാര്യയുടെയും ഛായാ ചിത്രത്തെപ്പറ്റി 1954 ആഗസ്റ്റ് 18-ലെ മലയാള മനോരമ ഒരു വാർത്ത പ്രസിദ്ധപ്പെടുത്തിയതു താഴെ ഉദ്ധരിക്കുന്നു:—

കോട്ടയം, 2-1-1130

"ശ്രീ കെ. സി. മാമ്മൻ മാപ്പിളയുടെയും ഭാര്യയുടെയും എണ്ണഛായാ ചിത്രങ്ങൾ ഒരേ സ്ട്രെച്ചിൽ ഒരുമിച്ചു നിൽക്കുന്നതായി എഴുതി

ഏല്പിക്കുന്നതിലേക്കു മനോരമ മാനേജ്മെന്റിൽ നിന്നു് ചിത്രമെഴുത്തു് കെ. എം. വർഗീസ് അവർകൾക്കു് ഓർഡർ കൊടുത്തതനുസരിച്ചു് ചിത്രം അതിഭംഗിയായി എഴുതി ഏൽപിച്ചിരിക്കുന്നു. ചിത്രകലയിൽ ദീർഘകാലത്തെ പരിചയവും കലാ വൈദഗ്ധ്യവുമുള്ള മി. വറുഗീസ് എഴുതിയിട്ടുള്ള ചിത്രങ്ങൾ ലണ്ടനിലും അമേരിക്കയിലും സിലോണിലും ഇരിപ്പുണ്ടെന്നുള്ളതു് പ്രത്യേകം പ്രസ്താവ യോഗ്യമാണ്."

വി: കന്യകമറിയാമിന്റെ ചിത്രം

കല്ലിശ്ശേരി ക്നാനായ പള്ളിയിൽ ഇരിപ്പുള്ള ദൈവമാതാവായ വി. കന്യക മറിയാമിന്റെ ഒരു പഴക്കമേറിയ ഛായാചിത്രം മിക്കവാറും ജീർണ്ണാവസ്ഥ പ്രാപിച്ചിരുന്നതു് കേടുപാടുകൾ പോക്കി പുതുതായി എഴുതിക്കൊടുക്കണമെന്നു പള്ളിക്കാർ ചിത്രമെഴുത്തിനോടു അഭ്യർത്ഥിച്ചതനുസരിച്ചു് അദ്ദേഹം കല്ലിശ്ശേരിപള്ളിയിൽ താമസിച്ചു് ചിത്രം നന്നാക്കി വീണ്ടും പുതുതായി എഴുതിക്കൊടുത്തു. ഇതു സംബന്ധിച്ചു് 1109 (1933) ഇടവം 6-നു ശനിയാഴ്ച മലയാള മനോരമ പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടു താഴെ ഉദ്ധരിക്കുന്നു.

1109 ഇടവം-6

"ചിത്രം അനാച്ഛാദനം ചെയ്തു.

(ഒരു ലേഖകൻ)

'പുരാതനമായ കല്ലിശ്ശേരി ക്നാനായ സുറിയാനിപ്പള്ളിയിൽ സ്ഥാപിച്ചിരുന്നതും ഏകദേശം മുന്നൂറുകൊല്ലത്തെ പഴക്കമുള്ളതും, അന്നത്തെ പള്ളിവികാരിയായിരുന്ന ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ അവർകൾ പറങ്കികളോടു വിലയ്ക്കുവാങ്ങിയതുമായ വി: കന്യക മറിയാമിന്റെ ഒരു ഛായാപ്പടം ചിത്രമെഴുത്തു് കെ. എം. വർഗീസ് അവർകൾ ഭംഗിയായി എഴുതിശരിപ്പെടുത്തുകയും അതു പ്രസ്തുത ഇട്ടിത്തൊമ്മൻ കത്തനാരവർകളുടെ ചരമ ദിനമായ മേടം 27-നു ക്നാനായ ഇടവകയുടെ നി. വ. ദി. ശ്രീ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ അവർകൾ അനാച്ഛാദനം ചെയ്കയും ചെയ്തിരിക്കുന്നു. ഇതു സംബന്ധിച്ചു കൂടിയ യോഗത്തിൽ വച്ചു മി. വർഗീസിന്റെ ചിത്രകലാ കുശലതയെ അഭിനന്ദിച്ചു് അദ്ദേഹത്തിനു് പ്രസ്തുത ഇടവകക്കാരുടെ വകയായി ഒരു സ്വർണ്ണമെഡൽ സമ്മാനിക്കുകയുണ്ടായി."

പുരാതന കാലത്തെ ചിത്രങ്ങൾ

ചിത്രകലയെ സംബന്ധിച്ചു് കെ. എം. വർഗീസ് രേഖപ്പെടുത്തിയിട്ടുള്ള ഒരു കുറിപ്പിൽ പറയുന്നു:— "ചിത്രങ്ങൾ ധർമ്മം, സന്തുഷ്ടി, നിർവൃതി എന്നിവയിലേക്കു നമ്മെ നയിക്കുന്നു. ക്രിസ്തുവിനു പിമ്പു്, 4-ാം നൂറ്റാണ്ടിൽ നിർമ്മിതമായ 'വിഷ്ണുപുരാണ'ത്തിൽ 8-ാം അദ്ധ്യായം ചിത്രമെഴുത്തിനെ സംബന്ധിച്ചാണു്.

ചാലൂക്യ വംശത്തിലെ സോമദേവൻ മൂന്നാമൻ 12-ാം ശതാബ്ദത്തിൽ എഴുതിയ "അഭിലാഷിതാർത്ഥ ചിന്താമണി", കേരളീയനായ ശ്രീകുമാരൻ നിർമ്മിച്ച "ശില്പരത്നാകരം" എന്നീ ഗ്രന്ഥങ്ങളിലും ഇന്ത്യൻ ചിത്രമെഴുത്തിനെ സംബന്ധിച്ചു് പലതും പ്രസ്താവിച്ചിട്ടുണ്ടു്. കൗടില്യന്റെ അർത്ഥശാസ്ത്രം, വാല്മീകി രാമായണം, ഭരതന്റെ നാട്യശാസ്ത്രം, ഭാസന്റെ സ്വപ്നവാസവദത്തം, കാളിദാസന്റെ മാളവികാഗ്നിമിത്രം, വിശാഖദത്തന്റെ മുദ്രാ രാക്ഷസം, ഭവഭൂതിയുടെ ഉത്തര രാമചരിതം എന്നീ ഗ്രന്ഥങ്ങളിൽ പൂർവ്വിക ചിത്രകലാവാസനയ്ക്കു് ധാരാളം ഉദാഹരണങ്ങൾ ഉണ്ടു്.

കാമസൂത്ര ഗ്രന്ഥ വ്യാഖ്യാതാവായ യശോധരൻ ചിത്രകലയുടെ മൂലതത്വങ്ങളായി രൂപഭേദം, പ്രമാണം, ഭാവം, ലാവണ്യസംയോജനം, സാദൃശ്യം, വാർണ്ണികഭംഗം എന്നിങ്ങനെ വ്യവഹരിക്കുന്നു. ആന്ധ്രാ രാജാക്കന്മാരുടെ പ്രതാപകാലത്തു്—ക്രിസ്തുവിനുമുമ്പു് രണ്ടാം നൂറ്റാണ്ടിൽ—അജന്താ, ബാഘ്, ബാദാമി, സിത്താന്നവാശൽ, കാഞ്ചീപുരം, തഞ്ചാവൂർ, എല്ലോറാ [ഗുഹകളിൽ], നാർത്തമല്ലാ, സോമാപാളയം, തിരുമല, പത്മനാഭപുരം എന്നീ സ്ഥലങ്ങളിലെ പുരാതന ഭിത്തിച്ചിത്രങ്ങൾ പ്രശസ്തങ്ങളാണു്. ചുവപ്പു്, മഞ്ഞ, നീലം, വെളുപ്പു്, കറുപ്പു് ഇവ തനിനിറങ്ങൾ, ചായില്യം, മനയോല, അമരിച്ചെടി നീലം, ചപ്പങ്ങക്ഷായം ഇവകൾ പണ്ടു് ഉപയോഗിച്ചിരുന്നു."

രവിവർമ്മ പാരമ്പര്യം

"ചിത്രമെഴുത്തിൽ—മനുഷ്യരുടെ ഛായാചിത്രലേഖനത്തിൽ—ഞാൻ ദീർഘകാലം ഉപയോഗിച്ചു് വിശ്വാസസ്ഥൈര്യം സമ്പാദിച്ചിട്ടുള്ള എണ്ണച്ചായങ്ങളെ സംബന്ധിച്ചു് ഇവിടെ രണ്ടു വാക്കു പറയേണ്ടതുണ്ടു്. ഓയിൽ കളേഴ്സ് എന്നു ഇംഗ്ലീഷിൽ പേർ പറയുന്ന എണ്ണച്ചായങ്ങൾ നൂററമ്പതു നിറങ്ങളോളം ഇപ്പോൾ നിർമ്മാതാക്കൾ പ്രചരിപ്പിച്ചിട്ടുണ്ടു്. ചുവപ്പു്, പച്ച, മഞ്ഞ, നീലം, ഊതം എന്നിത്യാദി നിറങ്ങളിൽത്തന്നെ അനേകം ഉപനിറങ്ങൾ ഉള്ളതാണു്. ഇതിൽത്തന്നെ യാതൊരുവിധമായ ശീതോഷ്ണസ്ഥിതികൊണ്ടും നിറവ്യത്യാസം സംഭവിക്കാതെ ദീർഘകാലം യഥാസ്ഥിതിയിൽ നിറം നിൽക്കുന്ന സ്ഥിര ചായങ്ങളും, എഴുതി കുറച്ചുകാലം കഴിയുമ്പോൾ നിറംമാറി വേറെ നിറമായി പകർന്നുപോകുന്ന ചായങ്ങളും, എഴുതി കുറച്ചു് കഴിഞ്ഞശേഷം ഇരുണ്ടു് കറുത്തുപോകുന്ന ചായങ്ങളുമുണ്ടു്. ലോഹങ്ങൾ, മണ്ണു്, ഇത്യാദികളിൽനിന്നു് ഉല്പാദിപ്പിക്കപ്പെടുന്ന ചായങ്ങൾ എല്ലാം തന്നെ ഒന്നുപോലെ സ്ഥിരനിറമുള്ളവയായിരിക്കയില്ല. മനുഷ്യനിറങ്ങൾ കൂട്ടുവാൻ ഉപയോഗിക്കുന്ന ചായങ്ങൾ തന്നെയും ഈ രണ്ടിനത്തിലും പെട്ടിട്ടുണ്ടു്. ചായങ്ങളുടെ രാസസംബന്ധമായ സ്ഥിരതയെപ്പററി അനുഭവ വിജ്ഞാനവും ആഴമായ പരിചയവും സമ്പാദിച്ചിട്ടില്ലാത്തവർ നിറങ്ങളുടെ താൽക്കാലിക മേന്മകണ്ടു് കഥയറിയാതെ

ഉപയോഗിക്കയും, ഒടുവിൽ കുറച്ചുകാലം കഴിയുമ്പോൾ ചിത്രത്തിന്റെ യഥാർത്ഥ പ്രതിഭാസത്തിനു് ന്യൂനത സംഭവിക്കുകയും ചെയ്യുന്നു. ഇംഗ്ലണ്ടിൽ ഉണ്ടാകുന്ന എണ്ണച്ചായങ്ങളാണു് ഞാൻ ഇത്രകാലവും ഉപയോഗിച്ചു പോന്നിട്ടുള്ളതു്. ഇവയിൽ പഠിപ്പുകൊണ്ടും ദീർഘ പരിചയം കൊണ്ടും പ്രസിദ്ധ ചിത്രമെഴുത്തുകാരുടെ ഉപയോഗ സമ്പ്രദായത്തെക്കുറിച്ചുള്ള അറിവുകൊണ്ടും ഗുരുവിന്റെ ഉപദേശപ്രകാരവും മനുഷ്യനിറങ്ങൾ കൂട്ടുന്നതിനായി ഞാൻ ഉപയോഗിക്കുന്ന ചായങ്ങളുടെ ഇംഗ്ലീഷ് നാമധേയങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും താഴെ ചേർക്കുന്നു:—

1. Flake White നമ്പർ 1. [ഫ്ളേക്കു വൈറ്റ്]

Flake White നമ്പർ 2. [എണ്ണ കൂടുതൽ ചേർത്തു് കട്ടപ്പം അൽപം കുറച്ചതുമുണ്ടു്]

2. Yellow Ochre — എല്ലോ ആക്കർ

3. Light Red — ലൈറ്റ് റെഡ്

4. Rose Madder — റോസ് മേഡർ

5. New Blue — ന്യൂ ബ്ളൂ

6. Alizarin Crimson — അലിസാറിൻ ക്രിംസൻ

7. Cobalt Blue — കോബാൾട്ടു ബ്ളൂ

8. Vermilion — വെർമില്യൻ

9. Vandyke Brown — വാൺഡേക്കു് ബ്രൗൺ [തലമുടി എഴുതുവാൻ മാത്രം]

10. Burnt Umber — ബൺഡ് അമ്പർ

ബാക്കു് ഗ്രൗണ്ടു്—അഥവാ—പശ്ചാത്തലം എഴുതുവാൻ Raw Umber ഉപയോഗിക്കുന്നു. റോ അമ്പർ, Oxide of Chromium [ഓക്സൈഡ് ഓഫ് ക്രോമിയം], ഐവറി ബ്ലാക്കു്, ഫ്ളെക്കു വൈറ്റ്, Cobalt Blue [കോബാൾട്ടു ബ്ലൂ] എന്നിവ ഡിഗ്രി കൂട്ടിയും കുറച്ചും യഥായുക്തം ഉപയോഗിക്കുന്നു. ചിത്രത്തിന്റെ പകുതി പ്രാധാന്യം ബായ്ക്കു് ഗ്രൗണ്ടിനാണു്. സാധാരണ വെള്ളനിറം, ഇരുനിറം എന്നിവയോടുകൂടിയ മനുഷ്യനിറത്തെ സംബന്ധിച്ചു് —സാധാരണ രീതിക്കുള്ള ബായ്ക്കു് ഗ്രൗണ്ടിനെ സംബന്ധിച്ചാണു് ഇവിടെ പറഞ്ഞതു്.

റോ അമ്പർ, എല്ലോ ആക്കർ, ഓക്സൈഡ് ഓഫ് ക്രോമിയം, ബൺഡ് അമ്പർ, ലാമ്പു് ബ്ലാക്കു്, കോബാൾട്ടുഗ്രീൻ, വൈറ്റ് എന്നീ ചായങ്ങൾ യഥായുക്തം ഡിഗ്രി കൂട്ടിയും കുറച്ചും ഉപയോഗിക്കുന്നു, പശ്ചാത്തലം എഴുതുവാൻ.

മനുഷ്യനിറം കൂട്ടുവാൻ ഉപയോഗിക്കുന്ന ചായങ്ങളുടെ കൂട്ടത്തിൽ Brown Madder, Purple Madder എന്നീ ചായങ്ങളും ബ്രൌൺ നിറം വരേണ്ടതായ കണ്ണിന്റെ സ്ഥാനങ്ങളിൽ ഉപയോഗിക്കാറുണ്ടു്. അലിസാറിൻ ക്രിംസൻ, കോബാൾട്ടു ബ്ലൂ, ലൈറ്റ് റെഡ് എന്നിവ കൊണ്ടും ഈ ചായത്തിന്റെ സ്തോഭം ഉണ്ടാക്കാം. ഇവയാണു് കൂടുതൽ ഉത്തമം.

ചിത്രമെഴുത്തു കോയിത്തമ്പുരാൻ [രാജാരവിവർമ്മ] ഉപയോഗിച്ചിരുന്ന ചായങ്ങൾ മുകളിൽ ഞാൻ കുറിച്ചതു തന്നെയാണു്.

അദ്ദേഹത്തിന്റെ പുത്രൻ രാമവർമ്മ രാജാ ഉപയോഗിക്കുന്ന ചായങ്ങൾ താഴെ ചേർക്കുന്നു:—

1. Flake White — 5. Vermilion

2. Yellow Ochre — 6. Burnt Umber

3. Light Red — 7. French Ulteramarine

4. Rose Madder — 8. Purple Madder

സ്വർണ്ണ നിറത്തിനും കസവിനും—(1) നേപ്പിൾസ് എല്ലോ, (2) കാഡ്മിയം എല്ലോ, (3) നേപ്പിൾസ് എല്ലോ ഫ്രഞ്ചും ഉപയോഗിക്കാം. ന്യൂ ബ്ലൂ, കോബാൾട്ടു് ബ്ലൂ എന്നിവയുടെ സ്ഥാനത്താണു് ഫ്രഞ്ചു് അൾട്രാ റാമറയിൻ ഉപയോഗിക്കുന്നതു്.

"സാധാരണയായി രണ്ടു് കോട്ടിംഗും, ഫൈനൽ ടച്ചും കൊണ്ടും ചിത്രം പൂർത്തിയാക്കുന്നു. ആദ്യമായി [അത്യാവശ്യമുള്ളപക്ഷം] ബ്രൗൺ മേഡർ, ലൈറ്റ് റെഡ് എന്നീ ചായങ്ങൾ മാത്ര അനുസരിച്ചു് ചേർത്തു് ക്യാൻവസ്സിൽ പെൻസിൽകൊണ്ടു് ഔട്ട്ലൈൻ ഇട്ടഭാഗത്തും കട്ടിയായി ഷെയിഡ് ഉള്ള ഭാഗത്തും തെളിയിക്കുന്നു. ഈ നിലയിൽ ചിത്രം രണ്ടുദിവസം വച്ചിരുന്ന ശേഷം ഫസ്റ്റ് കോട്ടിംഗ് [First coating] ചായം വയ്ക്കുന്നു. ഒന്നാമത്തെ കോട്ടിംഗിനു് ചൂടുള്ളവയും കട്ടിയുള്ളവയും പരുപരുപ്പുള്ളവയുമായ എല്ലോ ആക്കർ, ലൈറ്റ് റെഡ്, ന്യൂ ബ്ലൂ, ഫ്ളെക്കു് വൈറ്റ് എന്നിവ മാത്രം ഉപയോഗിക്കുന്നു. രണ്ടാമത്തെ കോട്ടിംഗിനു് ഫ്ളെക്കു് വൈറ്റും, എല്ലോ ആക്കറും, ലൈറ്റ് റെഡും, കോബാൾട്ടു

ബ്ളൂവും റോസ് മേഡറും ഉപയോഗിക്കുന്നു. [പെൻസിൽ കൊണ്ടു് ഔട്ട്ലൈൻ ഇട്ടതിന്മേൽ ചായംകൊണ്ടും ഔട്ട്ലൈൻ ഇടണമെന്നു പറഞ്ഞതു് ആദ്യഘട്ടങ്ങളിൽ തെറ്റു വരാതിരിപ്പാൻ മാത്രമാണു്. കുറച്ചു പരിചയം വന്നാൽ പിന്നീടു് ഇവ ആവശ്യമില്ല.]

പ്രയോഗ രീതി:

ഒന്നാമത്തെ കോട്ടിംഗിനു് ന്യൂബ്ളൂവുംവെള്ളയും ചേർത്തു് ഗ്രേ നിറം ഉണ്ടാക്കിവക്കുന്നു. അടുത്തായി ഫ്ളേക്കു് വൈറ്റും എല്ലോ ആക്കറും ചേർത്തു് അതിൽ ആവശ്യാനുസാരം ലൈറ്റ് റെഡും ചേർത്തു് ചായപ്പലകയിൽ വയ്ക്കുന്നു. രണ്ടാമതു പറഞ്ഞ നിറത്തോടു് ഗ്രേകളർ കട്ടപ്പം കൂട്ടിയും കുറച്ചും ചേർത്തു് ഒന്നാമത്തെ കോട്ടിംഗു് ചെയ്യുന്നു. ഷെയിഡ് [shade] അധികമായി ആവശ്യമുള്ള സ്ഥാനത്തു് ന്യൂ ബ്ളൂവും ലൈറ്റ് റെഡും മാത്രം ആവശ്യാനുസരണം ചേർത്തു് ഉപയോഗിക്കണം. ഷെയിഡ്ു് അധികമുള്ള എല്ലാ ഭാഗങ്ങളിലും ഇവവേണം ഉപയോഗിപ്പാൻ. ഒന്നാമത്തെ കോട്ടിംഗിനു് ഉപയോഗിക്കുന്ന നിറത്തിൽ (ഫ്ളെക്കു് വൈറ്റ്, എല്ലോ ആക്കർ, ലൈറ്റ് റെഡ്) ഗ്രേ കലത്തുന്തോറും നിറം ഇരുണ്ടു വരുന്നതാണു്.

ഒന്നാമത്തെ കോട്ടിംഗു് ചായം വെച്ചശേഷം മൂന്നുനാലു ദിവസം കഴിഞ്ഞു് ചായം നല്ലതിനുമണ്ണം ഉണങ്ങിക്കഴിഞ്ഞിട്ടു മാത്രം രണ്ടാംകോട്ടിംഗ് ചായം വയ്ക്കുന്നു.

രണ്ടാമത്തെ കോട്ടിംഗിലാണു് സാക്ഷാൽ വരുത്തേണ്ടതായ മനുഷ്യനിറം വരുത്തേണ്ടതു്. സാക്ഷാൽ വരുത്തേണ്ടതായ മനുഷ്യനിറം ഏതോ ആ നിറത്തേക്കാൾ ഇരുൾച്ച കൂടിയ നിറമായിരിക്കണം ഒന്നാം കോട്ടിംഗിനു വയ്ക്കേണ്ടതു്.

രണ്ടാം കോട്ടിംഗു് വേലയ്ക്കു് ഫ്ളെക്കു് വൈററ്, എല്ലോ ആക്കർ, ലൈററ് റെഡ്, കോബാൾട്ടു ബ്ളൂ, റോസ് മേഡർ എന്നിവ മാത്രം ഉപയോഗിക്കുന്നു. കോബാൾട്ടു ബ്ളൂവും, റോസ് മേഡറും നേരിയ [Transparent Colour] ചായങ്ങളാണു്. അതായതു് ഏതൊരു ചായപ്പണിയുടെ മീതെ ഈ ചായം വയ്ക്കുന്നുവോ, അടിയിൽ കിടക്കുന്ന ചായം മീതെ വയ്ക്കുന്ന ചായത്തിലൂടെ ദൃശ്യമാകുന്നുവെന്നു താൽപര്യം.

കോബാൾട്ടു ബ്ളൂവും ഫ്ളെക്കുവൈററും ചേർത്തു് ഗ്രേകളർ ഉണ്ടാക്കി യഥാർത്ഥ നിറമായി ഉദ്ദേശിക്കുന്ന ത്വക്കു് വർണ്ണത്തിന്റെ സമീപത്തും ആ ഒരു നിറത്തിൽ കലത്തിയും ഉപയോഗിക്കുക. ഈ ഗ്രേ കളറിൽ റോസ് മേഡർ ചേർത്തും കണ്ണിന്റെ സ്ഥാനത്തും ഇരുൾച്ച വേണ്ട ഭാഗത്തും തേക്കുന്നു. മനുഷ്യനിറത്തിന്റെ യാഥാർത്ഥ്യ പ്രകാശനത്തിനു് ഒന്നാമത്തെ കോട്ടിംഗിനു് ന്യൂ ബ്ളൂ കൊണ്ടും, രണ്ടാമത്തെ കോട്ടിംഗിനു് കോബാൾട്ടു ബ്ളൂവു് കൊണ്ടുമുള്ള വേലയാണു് ആവശ്യം.

കണ്ണിന്റെ സ്ഥാനത്തു് കറുപ്പുനിറം വരുത്തുന്നതു് പലതരത്തിൽ ദോഷകരമാണു്. കോബാൾട്ടു

ബ്ളൂവിൽ വൈറ്റ് ചേർത്തുണ്ടാക്കുന്ന ഗ്രേകളറിൽ എല്ലോ ആക്കറും റോസ് മേഡറും ചേർത്തു് കണ്ണിന്റെ പരിസരങ്ങളും ദൃഷ്ടിയും എഴുതുക. അതിൽതന്നെ അൽപംകൂടി ഇരുൾനിറം വരുത്തുന്നതിനു് റോസ് മേഡറിന്റെ സ്ഥാനത്തു് അലിസാറിൻ ക്രിംസൺ ചേർക്കുക എന്നിവയാണു് അത്യുത്തമം.

ഒന്നാം കോട്ടിംഗ് നല്ലതിനുമണ്ണം ഉണങ്ങിക്കിട്ടുന്നതിനുമുമ്പു് രണ്ടാം കോട്ടിംഗു് ചായം വെച്ചാൽ ചിത്രം പിൽക്കാലത്തു് പൂപ്പു് പിടിച്ചതായിത്തീരുന്നതാണു്.

ചായത്തിൽ ലിൻസിഡ് ഓയിൽ നിവൃത്തിയുള്ള പക്ഷം ചേർക്കരുതു്. ചായം ക്യാൻവസ്സിൽ കട്ടിയായി വീണാലും ലിൻസിഡ് ഓയിൽ ചേർത്തു് ചായം ചാലിച്ചു് തേച്ചാലും പഴക്കത്തിനു ചായം കറക്കുന്നതാണു്. ബാക്കു് ഗ്രൗണ്ടു് എഴുതുമ്പോഴോ, ഉണക്കു നിമിത്തം ചായത്തിനു വേണ്ടത്ര അലിവു കിട്ടാത്തപ്പോഴോ അൽപം ലിൻസിഡ് ഓയിൽ തൊടുകയെ ചെയ്യാവൂ. ലിൻസിഡ് ഓയിലിനു പകരം "പപ്പോമാ മീഡിയ"മാണെങ്കിൽ നിർഭയം ഉപയോഗിക്കാം. ലിൻസിഡ് ഓയിലിന്റെ ഉപയോഗം എത്രയും കുറയുന്നുവോ അത്രയും നല്ലതു്. ഓയിൽ പെയിൻറിംഗിനു് 'പപ്പോമാ മീഡിയം' മാത്രമേ അമേരിക്കൻ ചിത്രകാരന്മാർ ഉപയോഗിക്കാറുള്ളു.

ഒരു നിറത്തെ യാഥാർത്ഥ്യമായി തോന്നിപ്പിക്കുന്നതു് അതിന്റെ സമീപത്തു വിഴുന്ന നിറംകൊണ്ടു കൂടിയാണെന്നുള്ള തത്വം ഒരിക്കലും

വിസ്മരിക്കരുതു്. ബാക്കു് ഗ്രൗണ്ടിന്റെ സ്ഥിതികൊണ്ടാണു് നിറത്തിനു യാഥാർത്ഥ്യം തോന്നിപ്പിക്കുന്നതും. ഐവറി ബ്ളാക്കു്, റാവു സിയന്നാ, ബൺഡ് സിയന്നാ, ക്രിംസൺലേക്കു് എന്നീ ചായങ്ങൾ മനുഷ്യനിറത്തിനു് ഉപയോഗിക്കയെ ചെയ്യരുതു്. ഇവയെല്ലാം പഴക്കത്തിനു് നിറം കെട്ടു മറെറാന്നായി പരിണമിക്കും. പ്രഷ്യൻ ബ്ളൂവും ഇങ്ങനെതന്നെ.

മനുഷ്യനിറത്തിനുവേണ്ടി ചായങ്ങൾ സമ്മിശ്രപ്പെടുത്തുമ്പോഴും ചായങ്ങൾ ക്യാൻവസിൽ വിന്യസിക്കുമ്പോഴും ഏതേതു ചായം ഉപയോഗിച്ചാലും ശരി, അവയുടെ വിന്യാസത്തിൽ 'ടോൺ' ശരിപ്പെട്ടിരിക്കണമെന്നു പ്രത്യേകം കരുതേണ്ടതാണു്.

കട്ടനിറം, മുഴച്ചുനിൽക്കുന്ന ഔട്ട് ലൈൻ, കട്ടികൂടിയ ഷെയിഡ്, കൃഷ്ണമണിക്കു് കറുപ്പ്, മുഖത്തേക്കാൾ ഇതരഭാഗത്തിനു തെളിച്ചം കൂട്ടുക, വേലചെയ്ത ചായം നല്ലതിനുമണ്ണം ഉണങ്ങുന്നതിനു മുമ്പു് പച്ചയ്ക്കു പച്ചയായി ചായം പിന്നെയും പുറമേ തേക്കുക. (ഇതുകൊണ്ടാണു് ചിത്രം പൂക്കുക) പുരികത്തിനു കറുപ്പു് വർദ്ധിപ്പിക്കുക, ലിൻസിഡ് ഓയിൽ ഒഴിച്ചുകൂടാത്ത അത്യാവശ്യത്തിൽകവിഞ്ഞു് ഉപയോഗിക്കുക, എന്നിവയെല്ലാം എണ്ണച്ചായാ ചിത്രമെഴുത്തിൽ വർജ്ജനീയമത്രെ.

എത്രയും കുറച്ചു് ചായങ്ങൾകൊണ്ടു് ഫലസിദ്ധി ഉണ്ടാക്കുകയല്ലാതെ, ചായങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ ശ്രമിക്കരുതു്. വൈയിററ്, എല്ലോ

ഓക്കർ, ലൈറ്റ് റെഡ്, കോബാൾട്ടു ബ്ലൂ, റോസ് മേഡർ, വെർ മില്യൻ എന്നിത്രയും ചായങ്ങൾകൊണ്ടു് ഏതു മനുഷ്യ നിറവും ഉണ്ടാക്കുവാൻ കഴിയും.

ചിത്രങ്ങൾ എഴുതിത്തീർന്നശേഷം ഒരു ആറു മാസമെങ്കിലും കഴിഞ്ഞേ വാർണിഷ് വയ്ക്കാവൂ. ഉടനെ തന്നെ വച്ചാൽ കട്ടവെടിച്ചു് കീറുന്നതുപോലെ ചായം വിണ്ടു വെടിക്കും. എത്രമാത്രം കട്ടികുറച്ചു് വയ്ക്കാമോ അത്ര ലോലമായിട്ടു മാത്രമേ വാർണീഷ് വയ്ക്കാവൂ കൂടുതൽ കട്ടിയായി വാർണ്ണീഷ് ഇട്ടാൽ ഒടുവിൽ വാർണീഷ് തന്നെ വിരിഞ്ഞു് വെടിച്ചു് പൊരിയും. പിന്നീടു അവ മാറ്റുവാൻ സാദ്ധ്യമല്ല. ചിത്രം ആകപ്പാടെ മങ്ങിപ്പോകും. പഴക്കമുള്ള ചിത്രങ്ങൾ വാർണീഷ് വയ്ക്കുന്നതിനുമുമ്പു് സ്പഞ്ചു് പെട്രോളിൽ മുക്കിതുടച്ചാൽ അഴുക്കും പൊടിയും നിശ്ശേഷം നീങ്ങും.'

എണ്ണച്ചായ ചിത്രമെഴുത്തിൽ കെ. എം. വർഗീസ് അപാര പാണ്ഡിത്യം നേടിയിരുന്നുവെന്നു് ചിത്രകലാ നിരൂപകന്മാർ കൂടിയും സമ്മതിച്ചിട്ടുള്ളതാണു്. 1985 മെയ് 14-ലെ മലയാള മനോരമയിൽ മാവേലിക്കരയെപ്പറ്റി എഴുതിയ ഒരു ലേഖനത്തിൽ മാവേലിക്കര മുനിസിപ്പൽ ചെയർമാൻ എസ്. എസ്. പിള്ള ഈ വസ്തുത തുറന്നു പറയുന്നു. ജോർജ് വർഗീസ് മദ്രാസിൽ നിന്നു് എഴുതുന്നു:—
'ചിത്രമെഴുത്തു കെ. എം. വർഗീസിന്റെ ചിത്രകലാരചനയുടെ ഒരു സവിശേഷത എന്താണെന്നുവച്ചാൽ, മനുഷ്യന്റെ മുഖഛായാ

ലേഖനത്തിൽ ഒരിക്കലും ഔട്ട് ലൈൻ ചിത്രത്തിൽ തെളിഞ്ഞു നിന്നിരുന്നില്ല. ഒരു അംഗത്തിന്റെ ഔട്ട് ലൈൻ എവിടെ ആരംഭിച്ചു എന്നും എവിടെ അവസാനിച്ചു വെന്നും, അങ്ങനെ തന്നെ ലൈറ്റ് ആയിരുന്നാലും ഷെയിഡായിരുന്നാലും, ഗ്രേനിറമായിരുന്നാലും, ഹൈലൈറ്റായിരുന്നാലും, ഒരു നിറം എവിടെ ആരംഭിച്ചു എവിടെ അവസാനിച്ചു എന്നു് ആർക്കു തന്നെയും പറവാൻ കഴിയാത്തവിധമായിരുന്നു അദ്ദേഹത്തിന്റെ എഴുത്തിന്റെ രീതി. അകന്നു നിന്നു ചിത്രത്തിൽ നോക്കുമ്പോൾ ഔട്ട് ലൈനും തോന്നും, പ്രത്യേകപ്രത്യേക നിറങ്ങളും തോന്നും. അടുത്തുനിന്നു നോക്കിയാൽ ഒന്നിന്റെയും അറുതി കാണുകയില്ല. ഒന്നും മുഴച്ചു നിൽക്കുന്നതായി തോന്നുകയില്ല. അടുത്തു നോക്കുമ്പോൾ കാണുന്ന നിറവും ഔട്ട്ലൈനും ആയിരിക്കയില്ല അകന്നു നിന്നുള്ള നോട്ടത്തിൽ ദൃശ്യമാവുന്നതു്. അകന്നു നിന്നുള്ള കാഴ്ചയ്ക്കു് എന്തു് പ്രതിഭാസമാണോ കാഴ്ചക്കാർ ഉദ്ദേശിക്കുന്നതു്, ആയതിലേക്കുവേണ്ടി അടുത്തുനിന്നു ക്യാൻവസ്സിൽ ചിത്രകാരൻ വേല ചെയ്യുക മാത്രമായിരുന്നുള്ളു. ഈ വിശേഷ എഴുത്തു സമ്പ്രദായം ഗുരു മുകുന്ദൻ തമ്പിയുടെ ശിക്ഷണത്തിൽനിന്നും ദീർഘകാലത്തെ പരിചയത്തിൽനിന്നും അദ്ദേഹത്തിനു കൈവന്നതാണു്. അദ്ദേഹത്തിന്റെ ചിത്രകലാഭാവന, കലാത്മകത്വം എന്നിവയെപ്പറ്റി ഇവിടെ പ്രസ്താവിക്കുന്നില്ല."

ഇംഗ്ലണ്ടിൽ നിർമ്മിച്ച ചിത്രമെഴുത്തു് സാമഗ്രികൾ —വിശേഷിച്ചു്, ചായങ്ങൾ, ബ്രഷുകൾ, ക്യാൻവസ്— അദ്ദേഹത്തിന്റെ ചിത്രരചനാ വൈഭവത്തിനു് മാറ്റു വർദ്ധിപ്പിച്ചിരുന്നു. രവിവർമ്മ ഗുരുകുലപാരമ്പര്യമാണു് അദ്ദേഹത്തിനു ലഭിച്ചിരുന്നതു്. കെ. എം. വർഗീസിന്റെ ഗുരു മുകുന്ദൻ തമ്പി രവിവർമ്മയുടെ പ്രധാന ശിഷ്യനായിരുന്നുവല്ലൊ. വർഗീസിന്റെ ചിത്രകലാ വൈഭവത്തിന്റെ ആഴവും അഴകും ശരിയായി മനസ്സിലാക്കിയിരുന്നവർ തിരുവിതാംകൂർ കൊച്ചി രാജകുടുംബങ്ങളിൽ ഉൾപ്പെട്ടിരുന്ന കലാഭക്തന്മാർ, ഹൈന്ദവ-ക്രൈസ്തവ സമുദായങ്ങളിലെ കലാപ്രണയികൾ എന്നിങ്ങനെ സൂക്ഷ്മഗ്രാഹികളായ കുറെപ്പേർ മാത്രമായിരുന്നു. കലാരാധകന്മാർ എല്ലായ്പ്പോഴും അദ്ദേഹത്തെ അഭിനന്ദിക്ക മാത്രമേ ചെയ്തിട്ടുള്ളു. അദ്ദേഹം ഇന്ത്യയിലെ ഒരു "ജോഷ്വാ റെയ്നാൾഡ്" തന്നെയായിരുന്നുവെന്നു അതിശയോക്തി കൂടാതെ പറയാം. റെയ്നാൾഡ് ഇംഗ്ലണ്ടിലെ പ്രശസ്ത ചിത്രമെഴുത്തു (Portrait Painter) കാരനായിരുന്നുവല്ലൊ.

4

ഗദ്യകവി

മലയാള ഭാഷാ സാഹിത്യ ചക്രവാളത്തിൽ ഗദ്യകവിത എന്നൊരു പുതിയ പ്രസ്ഥാനത്തിലൂടെ കവിതാ രചന ചെയ്തതു് ചിത്രമെഴുത്തു കെ. എം. വർഗീസായിരുന്നു. അതിനു മുമ്പു് കവിതകളെല്ലാം പദ്യത്തിലായിരുന്നുവല്ലോ. ഗദ്യത്തിൽ കവിതയെഴുതാമെന്നു് ആരും തന്നെ ഉദ്ദേശിച്ചിരുന്നില്ല. ഈ നിലയിൽ 1094 തുലാം ലക്കം 'ആത്മപോഷിണി' മാസികയിൽ "സുഖസ്വപ്നാമൃതം" എന്നൊരു ഗദ്യകവിത അദ്ദേഹം എഴുതി. ഈ പുതിയ പ്രസ്ഥാനത്തെ പലരും അഭിനന്ദിച്ചു. ഇതിനെത്തുടർന്നു് 1094 മീനം-മേടം ലക്കം ഭാഷാ പോഷിണിയിൽ "ആ ചെറിയ വഴിത്താര" എന്നൊരു ഗദ്യകവിതയും അദ്ദേഹം എഴുതി. ഈ നവീനമായ പ്രസ്ഥാനത്തിൽ അദ്ദേഹത്തിനു് ഉറപ്പു നൽകിക്കൊണ്ടു് മഹാകവി ഉള്ളൂർ പരമേശ്വരയ്യരും (11-11-1094), അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ടു സമദർശിപ്പത്രാധിപർ കുന്നത്തു ജനാർദ്ദന മേനവനും 1094 മിഥുനം 9-ാനു ചിത്രമെഴുത്തിനു് ഓരോ കത്തയച്ചു. അതിൽ പിന്നീടു് 1103 ധനുവിൽ തൃശ്ശിവപേരൂർവെച്ചും, 1112 ധനുവിൽ തിരുവനന്തപുരത്തുവെച്ചും നടത്തപ്പെട്ട

സമസ്ത കേരള സാഹിത്യ പരിഷത് സമ്മേളനങ്ങളിൽ "പ്രസ്ഥാന സുധാലഹരി", "ജഗന്മണാളൻ" എന്നീ ഗദ്യകവിതകൾ ചിത്രമെഴുത്തുതന്നെ പാരായണം ചെയ്തു. "ചെങ്കോലും മുരളിയും" എന്ന ചിത്രമെഴുത്തിന്റെ ഗദ്യകവിതകളിൽ പതിനൊന്നെണ്ണം ചേർത്തു 1116-ൽ തിരുവനന്തപുരം കലാവിലാസിനി പ്രസിദ്ധീകരണശാലക്കാർ ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. പുസ്തകത്തിന്റെ മുഖവുരയിൽ ഗ്രന്ഥത്തിന്റെ സാക്ഷാൽനാമം "ചെങ്കോലും മുരളിയും" എന്നാണു് ഗ്രന്ഥകർത്താവു് രേഖപ്പെടുത്തിയതെങ്കിലും ഈ ഗദ്യകവിതകൾക്കു കേരളമെങ്ങും സിദ്ധിച്ചിട്ടുള്ള വമ്പിച്ച പ്രചാരത്തെ മുൻനിറുത്തി മേല്പടി പ്രസിദ്ധീകരണശാലക്കാർ ഗ്രന്ഥത്തിനു് "ചിത്രമെഴുത്തിന്റെ ഗദ്യ കവിതകൾ" എന്നാണു് പേരിട്ടതു്. ഈ ഗ്രന്ഥത്തിൽ ആദ്ധ്യാത്മിക ദർശനങ്ങളായി ജഗന്മണാളൻ, സുഖസ്വപ്നാമൃതം, പ്രസ്ഥാനസുധാലഹരി, ചെങ്കോലും മുരളിയും, കവിതാ ദേവി എന്നിങ്ങനെ അഞ്ചു കവിതകളും, പ്രേമാലാപങ്ങളായി, പ്രേമാഭ്യർത്ഥനം, ആ ചെറിയ വഴിത്താര, പ്രേമ സായൂജ്യം, വിരഹദാഹം, പ്രേമാഭിഷേകം, സൗന്ദര്യാരാധനം എന്നിങ്ങനെ ആറു കവിതകളും ഉൾപ്പെടെ പതിനൊന്നു ഗദ്യകവിതകൾ ചേർത്തു.

'ജഗന്മണാളൻ' എന്ന ഗദ്യകവിത 1113 ചിങ്ങം 20-ലെ മലയാള മനോരമ വാരികയിൽ ആദ്യമായി പ്രസിദ്ധപ്പെടുത്തി. "വിരഹദാഹം" എന്ന ഗദ്യകവിത

തിരുവല്ലായിൽനിന്നു കെ. ഐ. മാത്തുള്ള മാപ്പിളയുടെ പത്രാധിപത്യത്തിൽ പുറപ്പെട്ടിരുന്ന 'ഭാഷാചന്ദ്രിക'യുടെ 1097 ധനു മകരം പുസ്തകം ലക്കം 5-6-ൽ പ്രസിദ്ധപ്പെടുത്തി. മറ്റുള്ള ഗദ്യകവിതകൾ ഭാഷാപോഷിണി, ആത്മപോഷിണി (കുന്നംകുളം) മലയാള മനോരമ തുടങ്ങിയ മാസികകളിലും പത്രങ്ങളിലുമാണു് ആദ്യമായി വെളിച്ചം കണ്ടതു്.

മലയാളത്തിൽ ഗദ്യകവിതയുടെ പ്രോദ്ഘാടകനാണു് ചിത്രമെഴുത്തു്. ജി. ശങ്കരക്കുറുപ്പിന്റെ 'നിമിഷം' എന്ന കവിതാ സമാഹാരത്തിനു് കേസരി ബാലകൃഷ്ണപിള്ള എഴുതിയ അവതാരികയിൽ ഈ കാര്യം പരാമർശിച്ചിട്ടുണ്ടു്. ഗദ്യകവിതാ ഗ്രന്ഥത്തിന്റെ മുഖവുരയിൽ ചിത്രമെഴുത്തു പറയുന്നു:— "സുമാർ 25 കൊല്ലം മുമ്പാണു് ഞാൻ നവീനമായ ഈ പ്രസ്ഥാനത്തിൽ ആദ്യമായി പാദസ്പർശനം ചെയ്തതു്. അക്കാലത്തു് ഈ രീതിയിൽ സ്വതന്ത്രമായി കവിതാ നിർമ്മാണം ചെയ്വാൻ കേരളീയരിൽ മറ്റാരും തന്നെ ഉദ്യമിച്ചിരുന്നില്ലെന്ന വാസ്തവം വളരെ താഴ്മയോടുകൂടി ഉച്ചരിപ്പാൻ ഞാൻ ഈ സന്ദർഭം വിനിയോഗിച്ചുകൊള്ളട്ടെ. പലതുകൊണ്ടും ഈ രീതി അപജയത്തിൽ കലാശിപ്പാനാണു് ഇടയുള്ളതെന്നു് ആയിടയ്ക്കു് പലരും ഉപദേശിച്ചു. മാത്രമല്ല, ഈ പ്രസ്ഥാനത്തിൽ, എന്നെയും എന്റെ ഗദ്യകവിതകളേയും കണക്കിലധികം അധിക്ഷേപിക്കുന്നതായ ഒരു

ദീർഘ മുഖവുരയോടുകൂടി "ഭാവി കേരള ടാഗോർ" എന്നൊരു കല്പിത ലേഖകൻ 1098 [പുസ്തകം 4 ലക്കം 11] ലെ വിദൂഷകൻ മാസികയുടെ 289, 290, 291 എന്നീ പുറങ്ങളിൽ "എന്റെ ഗദ്യകവിത" എന്ന തലക്കെട്ടിൽ കേവലം അനുകരണാഭാസമായ ഒരു "ഗദ്യ കവിത" പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

എന്നാൽ കവിതാപഥത്തിൽ ഒരു സഹയാത്രികനും പ്രസിദ്ധകവിയുമായ വരിക്കോലിൽ കെ. കേശവനുണ്ണിത്താൻ, എം. എം. സാമുവേൽ ബി. എ. [കോഴഞ്ചേരി ഹൈസ്കൂൾ ടീച്ചർ] എന്നീ പ്രിയ സുഹൃത്തുക്കൾ ഈ നവീന പ്രസ്ഥാനത്തെ സസന്തോഷം സ്വാഗതം ചെയ്തുവെന്നുള്ളതു് പ്രാരംഭഘട്ടത്തിൽ എന്റെ സ്വാശ്രയശക്തിയെ ഊഷ്മളീകരിക്കുക തന്നെ ചെയ്തു. ഇതിനും പുറമെ മഹാകവികളായ ഉള്ളൂരും വള്ളത്തോളും, നിശിത വിമർശക വീരനും സാഹിത്യരസജ്ഞനുമായ കുന്നത്തു ജനാർദ്ദനമേനവൻ അവർകളും ഈ രീതിയെ ആത്മാർത്ഥമായി അനുമോദിച്ചതും ആദ്യകാലത്തു് എനിക്കു് പലതുകൊണ്ടും പ്രോത്സാഹജനകമായിരുന്നു."

"ചിത്രമെഴുത്തിന്റെ ഗദ്യകവിതകൾ" എന്ന ഗ്രന്ഥത്തിനു അവതാരിക എഴുതിയിട്ടുള്ളതു് പണ്ഡിതാഗ്രണിയും വിമർശകവിചക്ഷണനും തിരുവനന്തപുരം മഹാരാജാസ് കോളജ് സംസ്കൃതഭാഷാ സൂപ്രണ്ടുമായ ഡാക്ടർ കെ. ഗോദവർമ്മ രാജാ ആണു്. ഡോ. ഗോദവർമ്മ

അവതാരികയിൽ ഇങ്ങനെ പറയുന്നു:— "കവന കലയുടെ ഹൃദയവിലാസങ്ങളാൽ അനുഗൃഹീതങ്ങളായ ഇതിലെ ഗദ്യ പ്രബന്ധങ്ങൾ വിചാരത്തേയും വികാരത്തേയും ഒന്നുപോലെ ഉദ്ദീപിപ്പിക്കുന്നതിനു് പ്രഗല്ഭങ്ങളായിരിക്കുന്നു. നിർമ്മലമായ ഹൃദയവും സുന്ദരമായ ഭാവനയും ആനന്ദസാന്ദ്രമായ ആത്മാവും ആണു് ഈ കൃതിയിൽ സാർവ്വത്രികമായി പരിസ്ഫുരിക്കുന്നതു്....മി. വർഗ്ഗീസിന്റെ ഭാഷാരീതി പ്രതിപാദ്യ വിഷയത്തിനു് അനുഗുണമായി പ്രസന്നവും പ്രൗഢവുമാണു്. വിഷയകാഠിന്യംകൊണ്ടു് ചില ഭാഗങ്ങൾ അവ്യക്തങ്ങളായിരിക്കാമെങ്കിലും വിശിഷ്ടങ്ങളായ ഭാവനാ കല്ലോലങ്ങളാണു് ഏതൊരിടത്തും പ്രസരിക്കുന്നതെന്നു് അറിയുവാൻ വൈഷമ്യമില്ല. മിസ്റ്റർ വർഗീസിനെപ്പോലെ പ്രതിഭാശാലിയായ ഒരാൾക്കല്ലാതെ അക്ഷതമാംവണ്ണം സുന്ദരങ്ങളായ ശബ്ദാർത്ഥങ്ങളുടെ സമായോജനംകൊണ്ടു് ഏതാദൃശമായ ഒരു നവീന പ്രസ്ഥാനത്തെ പരിപോഷിപ്പിക്കുക സുശകമല്ല."

ഈ ഗദ്യ കവിതാ ഗ്രന്ഥത്തെക്കുറിച്ചു് പ്രസിദ്ധ സാഹിത്യകാരനും ഗ്രന്ഥ കർത്താവുമായിരുന്ന ഈ. എം. കോവൂർ, ബി. എ. ബി. എൽ. 1117 മകരം 27നു ചിത്രമെഴുത്തിനു് അയച്ച കത്തു വായിക്കുക.

"ആദ്ധ്യാത്മികത്വം എവിടെ അവസാനിക്കുന്നു; ശാരീരികത്വം എവിടെ വിജ്രംഭിക്കുന്നു; ശൃംഗാരത്വം എവിടെ ഇല്ലാതിരിക്കുന്നു: ലാളിത്യവും പ്രയോഗ

ചതുരതയും എവിടെ അദൃശ്യമായി ഭവിക്കുന്നു; ബുദ്ധിയും അനുഭവ കുബേരത്വവും എവിടെ കുറയുന്നു, ഭാവനയും പദഘടനാ പാടവവും എവിടെ ചുവടിടറുന്നു, ജീവിതത്തിന്റെ തന്നെയും അസ്തിവാരങ്ങളിൽ എവിടെവിടെ പിടി മുറുകാതെ കാണുന്നു, എന്നുതുടങ്ങി നിരവധി, നിരവധി, മർമ്മസ്ഥാന കേന്ദ്രങ്ങളിലേക്കു ഹൃദയത്തേയും, ധിഷണയേയും, സങ്കൽപത്തെയും, വിമർശനശക്തിയേയും ഒന്നുപോലെ തിരിക്കുവാനും, തിരിപ്പിക്കുവാനും, അല്ല അവയിൽ ലയിപ്പിക്കുവാൻ തന്നെയും, അന്തർശക്തിയും ബാഹ്യഭംഗിയും നവീനത്വവും പ്രതിഭാ പ്രസരിപ്പും ഉള്ള ഒരു സമ്മോഹന ഗ്രന്ഥത്തിന്റെ കർത്താവാകുവാനുള്ള സൗഭാഗ്യം കൈവരിച്ച പ്രിയ സുഹൃത്തായുള്ളോവേ, അഭിപ്രായർത്ഥം നിങ്ങൾ അയച്ച പുസ്തകം എന്റെ കൈത്തലത്തിൽ എത്തിച്ചേർന്നു.

'അതിലെ ഭാഷാ രീതിയുടെ പ്രചോദന ശക്തിയിൽ താൽക്കാലികമായിട്ടെങ്കിലും പെട്ടിരിക്കുന്ന എന്റെ കാര്യം പറഞ്ഞാൽ, പ്രിയതമയുടെ കാളിമ പൂണ്ട തഴച്ചു തൂങ്ങുന്ന കുന്തളഭാരത്തിലും, ചന്ദ്രക്കലയെ ബന്ധനം ചെയ്തതിൽ വിജയവൈജയന്തി പാറിപ്പറപ്പിച്ചു് സമുല്ലസിക്കുന്ന അളകങ്ങളിലും, അങ്ങു താഴെത്താഴെ, രവിവർമ്മയുടെ ഹംസസേവിതമായ ദമയന്തിയുടെ പാദാംഗുലികളെ സ്മരിപ്പിക്കുന്ന ചേവടിത്താരുകളിലും, അവിടെയും ഇവിടെയും,

എല്ലാത്തിലും, എല്ലാം, ഏക കാലത്തു്, എത്തി,
മുത്തി, മുഴുകി, മുങ്ങി വിലയം പ്രാപിക്കുവാൻ
വെമ്പിക്കുഴയുന്ന ഒരു പ്രേമ ഭിക്ഷുവിന്റെ
ഏതാണ്ടൊരവസ്ഥയത്രെ അതിലെ ആശയ
വിശേഷങ്ങളിലും നിശ്ശബ്ദസംഗീത ഹർഷം
പൊഴിക്കുന്ന വിപഞ്ചികാതന്ത്രികളെ ഓർമിപ്പിക്കുന്ന
വാചകഘടനാ സമ്പ്രദായങ്ങളിലും രസിച്ചു് ത്രസിച്ചു്,
അതിലെ ഒന്നും കാണാതെ, എന്നാൽ എല്ലാം കണ്ടു്
താളുകൾ അവിടേയും ഇവിടേയും വായിച്ചു് മറിച്ചു്,
ചിലേടത്തു് 'ബാലേ' പറഞ്ഞു്, ചിലേടത്തു്
അരഞ്ഞാണിനു പൊൻകമ്പി നീട്ടുന്ന വിദ്യ
കുറെക്കൂടിപ്പോയില്ലേ എന്നു സംശയിച്ചു്,
വിശ്വഭാരതീ മിത്രത്തോടു കടപ്പെട്ടിട്ടുണ്ടോയെന്നു
സംശയിച്ചു ചുഴിഞ്ഞു നോക്കുന്ന എന്റേതു്— 'ഇതു്
മലയാള സാഹിത്യത്തിനു് ഒരു നേട്ടമാണെന്നു
പറവാൻ ഞാൻ വേണ്ടാ. ചിത്രമെഴുത്തിന്റെ
ആദ്ധ്യാത്മിക പരിണാമത്തിന്റെ ഒരു നല്ല രേഖാ
തെളിവാണിതെന്നു് നിങ്ങളെ
അടുത്തറിയാവുന്നവരോടു് പറയണമെന്നില്ല.
ശലോമോന്റെ സുപ്രസിദ്ധ സംഗീതങ്ങളിലെ
സ്വാതന്ത്ര്യസീമകളെ പ്രാപിക്കുവാൻ ഒരു മലങ്കര
ക്രൈസ്തവൻ പ്രഥമായി മുതിർന്നു ധൈര്യപ്പെട്ടതു
കൊണ്ടാണു് എനിക്കു കൂടുതൽ രസം.
പൂർണ്ണാഭിപ്രായം ഇനിയും വേണമെങ്കിൽ
അറിയിക്കണേ'

സ്വന്തം കോവൂർ

പത്തനംതിട്ട

26-6-1117

മഹാകവി ഇടയാറന്മുള കെ. എം. വർഗീസ് 1956 ഡിസംബർ 2നു കോട്ടയം 'ദീപിക'യിൽ 'ചിത്രമെഴുത്തിന്റെ ഗദ്യകവിതകൾ' എന്ന ഗ്രന്ഥത്തെക്കുറിച്ചു് ഇങ്ങനെ എഴുതി.

'ശ്രീ ചിത്രമെഴുത്തിന്റെ ഗദ്യ കവിതകളിൽ 'ജഗന്മണാളൻ' 'ചെങ്കോലും മുരളിയും' എന്നിവ അതിപ്രശസ്തങ്ങളാണു്. മലയാള സാഹിത്യത്തിലെ മിസ്റ്റിക് കവിതകളുടെ കൂട്ടത്തിൽ അവ എന്നും തലയുയർത്തിത്തന്നെ നിൽക്കും. ഭാവശില്പത്തിലും രൂപശില്പത്തിലും അവയ്ക്കൊരു ആഢ്യത്വമുണ്ടു്. പ്രേമത്തിന്റെയും ആദ്ധ്യാത്മിക ചിന്തകളുടെയും ഒത്തിണക്കം അവയിൽ കാണാം. ഭോഗതൃഷ്ണയുടെ ദുർഗ്ഗന്ധം ലവലേശം അവയ്ക്കില്ല. ശ്രീ വർഗ്ഗീസിന്റെ ഗദ്യ കവിതകൾക്കു് ഒന്നിനും ഇല്ല ആ ദോഷം. ടാഗോർ പ്രസ്ഥാനത്തിന്റെ ഛായയിലാണു് അവയുടെ നിർമ്മിതി. എന്നാൽ സൂക്ഷ്മമായി പരിശോധിച്ചാൽ അവയുടെ അന്തർ മണ്ഡലം മികവും ക്രൈസ്തവവുമാണെന്നു വ്യക്തമാകും. ബൈബിളിലെ സങ്കീർത്തനങ്ങളുടെയും ഉത്തമഗീതത്തിന്റെയും ഒരു സംസ്കാര വിശേഷം അവയ്ക്കുണ്ടു്. ക്രിസ്തുവിനെയും മണവാട്ടിയായ സഭയെയും, ആ ഗദ്യ കവിതകളിൽകൂടി ഒരു ക്രൈസ്തവ സഹൃദയനു് കാണുവാൻ വിഷമമില്ല. ഔപനിഷദാംശങ്ങളുമായി നല്ല പരിചയം സിദ്ധിച്ചവർക്കു മാത്രമേ ടാഗോറിന്റെ ഗീതാഞ്ജലി തുടങ്ങിയ കൃതികളുടെ

അഗാധതലങ്ങളിലേക്കു് കടക്കുവാൻ സാധ്യമാകൂ. അതുപോലെ ശ്രീ വർഗ്ഗീസിന്റെ കവിതകൾ ശരിക്കു മനസ്സിലാക്കുവാനും, രസിക്കുവാനും ഒരു ക്രൈസ്തവ സംസ്കാരം തന്നെ വേണം. ദാവീദിന്റെ ദിവ്യദർശനകവനങ്ങളും, ശലോമോന്റെ പ്രേമഗാനങ്ങളും സുഭാഷിതങ്ങളും, സുവിശേഷങ്ങളും ഒക്കെ ഉരുവിട്ടുണ്ടായ ഒരു വിശിഷ്ട സംസ്കാരമാണു് ആ കവിതകളുടെയെല്ലാം ഉറവിടം'

ചിത്രകലയിൽ നിന്നു് സാഹിത്യത്തിലേക്കു്

റവ: ഉമ്മൻ മാമ്മൻ പാദ്രിയുടെയും മുകുന്ദൻ തമ്പിയുടെയും സഹവാസവും പുതിയകാവ് ക്ഷേത്രത്തിലെ കഥകളിയുമാണു് തന്നെ സാഹിത്യകാരനാക്കിയതെന്നു ചിത്രമെഴുത്തു തന്നെ രേഖപ്പെടുത്തീട്ടുണ്ടു്.

കുടുംബചരിത്രത്തിൽ ചിത്രമെഴുത്തു പറയുന്നു: — 'പല കലകളിൽ ഛിന്നഭിന്നവും അപൂർണ്ണവുമായ പരിചയം സമ്പാദിക്കുന്നതിനേക്കാൾ ഏതെങ്കിലും ഒരു സുകുമാരകലയിൽ പ്രായോഗിക വിഷയത്തിൽ പരിപൂർണ്ണ പാടവം സമ്പാദിക്കുന്നതാണു് വിജയകരം. കലകളിൽ പരിപൂർണ്ണ പാടവം സിദ്ധിക്കുന്നതിലേക്കു് സംസ്കൃതഭാഷാ പരിചയം അത്യന്താപേക്ഷിതമാണു്. സംസ്കൃതഭാഷാ പരിചയം സമ്പാദിച്ചിട്ടുള്ള ഒരുവന്റെ കലാ പ്രകടനത്തിൽ അനന്യ ലഭ്യമായ ഒരു സംസ്കാരഛായ കലർന്നിരിക്കും. സുറിയാനി ക്രിസ്ത്യാനികൾ ഹൈന്ദവ നാട്യകലയായ

കഥകളിയിൽ പ്രായേണ വിമുഖന്മാരാണു്. കഥകളിയിൽ വേഷം കെട്ടി ആടീട്ടുള്ള ഒരൊറ്റ നസ്രാണിയുടെ പേർ മാത്രമെ ഞാൻ കേട്ടിട്ടുള്ളു. അതിവിശിഷ്ടമായ ഈ കേരളീയ കലയ്ക്കു് ഭാവിയിൽ ഇന്ത്യയിൽ പൊതുവയും ഭൂലോകമെങ്ങും പ്രചാരവും പ്രശസ്തിയും വർദ്ധിക്കുമെന്നുള്ളതു് നിശ്ചയം തന്നെ. നാട്യകലയിൽ എനിക്കു് കഥകളിയോളം പ്രിയതരമായി മറെറാന്നില്ല. 1095-ാമാണ്ടു് മാവേലിക്കര പൗരസമത്വ വാദ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ബി. എച്ച്. ഹൈസ്കൂളിൽ വെച്ചു് നടത്തപ്പെട്ടതായ വിവിധ വിനോദ പ്രദർശനത്തിൽ രാവണ വിജയം കഥകളിയിൽ രാവണന്റെ ഒരു ഭാഗം ഞാൻ അഭിനയിക്കുകയുണ്ടായി. കഥകളിയിൽ കേരളം മുഴുവൻ സുപ്രസിദ്ധി സമ്പാദിച്ച പരേതനായ കരിപ്പുഴ വേലുപ്പിള്ളയുടെ പുത്രനും ഒരു കഥകളി നടനുമായ കുട്ടപ്പൻ പിള്ളയായിരുന്നു എന്റെ മുഖത്തു് ചുട്ടികുത്തിയതും ആട്ടക്കോപ്പുകൾ അണിയിച്ചതും ആ യുവാവു് തന്നെയായിരുന്നു. ചെണ്ട, മൃദംഗം, പിറകുപാട്ടു്, ചങ്കിടി മുതലായവക്കു് വേണ്ട ആളുകളേയും അയാൾ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. മാവേലിക്കര പൗര സമത്വവാദ സംഘത്തിന്റെ കമ്മിറ്റിക്കാരായിരുന്നു ഇതിലേക്കു് അയാൾക്കു് പ്രതിഫലം നൽകിയതു്. കിരീടം ഞാൻ കരുതിയിരുന്നതുപോലെ അത്രതന്നെ ഭാരമുള്ളതായിരുന്നില്ല. ആട്ടക്കോപ്പു് എല്ലാം അണിയിച്ചശേഷം ഞാൻ കർട്ടനുള്ളിൽ നിന്നുകൊണ്ടു് ഒരു ദൊഗപ്പാ അലറി കാര്യം ഒരുവിധം പററിക്കാമെന്നതന്നെ എനിക്കു

ധൈര്യമുണ്ടായിരുന്നു. നേരത്തെ പ്രസിദ്ധപ്പെടുത്തിയിരുന്ന നോട്ടീസുകളിലും പത്രപ്പരസ്യങ്ങളിലും ഞാൻ രാവണന്റെ വേഷം അഭിനയിക്കുന്നതാണെന്നു് ചേർത്തിരുന്നതിനാൽ, കാർത്തികപ്പള്ളി, കായംകുളം, ചെങ്ങന്നൂർ മുതലായ സ്ഥലങ്ങളിൽ നിന്നു് വളരെയാളുകൾ വിവിധ വിനോദപ്രദർശനം കാണ്മാൻ ഹാളിൽ ടിക്കറ്റു വാങ്ങി നേരത്തെ സ്ഥലംപിടിച്ചിരുന്നു. തിരപ്പുറപ്പാടിനു് ഞാൻ ഒരു പതിനഞ്ചു മിനിട്ടിൽ കുറയാതെ എടുത്തുകാണും. ജ്വാലാശിഖകൾ ചലിപ്പിച്ചുകൊണ്ടു് നാലുപാടും കത്തിജ്വലിക്കുന്ന ആട്ടവിളക്കിന്റെ സമീപത്തേക്കു് ചിരാഭ്യാസം സിദ്ധിച്ച ഒരു ആട്ടക്കാരന്റെ ഭാവത്തിൽ ഞാൻ മുഖം തന്നെ അടുപ്പിച്ചു് രാവണന്റെ പ്രതാപ ഗാംഭീര്യം അഭിനയിച്ചു. മുദ്രകളെ സംബന്ധിച്ചു് ആവശ്യമായ പരിജ്ഞാനം എനിക്കു ഒട്ടുംതന്നെ ഇല്ലെങ്കിലും രാവണന്റെ വീര്യപരാക്രമങ്ങൾ അഭിനയിക്കുന്ന വിഷയത്തിൽ അറിയാവുന്ന ചില മുദ്രകളുടെ സഹായത്തോടെ ചില ഭാവങ്ങൾ പ്രദർശിപ്പിച്ചു. വിവിധ വിനോദ പ്രദർശനം അവസാനിച്ച ശേഷം സ്ഥലത്തെ ഒരു പ്രധാന സർക്കാർ ഉദ്യോഗസ്ഥൻ അഭിനയത്തെ സംബന്ധിച്ചു് വളരെ പ്രശംസിച്ചു് സംസാരിക്കയുണ്ടായി.

പുതിയകാവ് അമ്പലത്തിലെ കഥകളി

ചിത്രമെഴുത്തു തുടരുന്നു:— 'എന്റെ പിതാവ് ചെറുപ്പകാലത്തു് 'നൂറെറാന്നു കലം' സംബന്ധിച്ചുള്ള ഉത്സവ ദിവസങ്ങളിൽ നടത്തുമാറുള്ള കഥകളി

കാണ്മാൻ എന്നെ പുതിയകാവ് ക്ഷേത്രത്തിൽ കൊണ്ടു പോകുമായിരുന്നു. എട്ടു വയസ്സുമുതൽ ഞാൻ എല്ലാകൊല്ലവും ഇങ്ങനെ നൂറെറാന്നു കലം ഉത്സവദിവസങ്ങളിലെ 'എതിരേല്പും കഥകളിയും' കാണുമാറുണ്ടായിരുന്നു.

ഒരിക്കൽ ആട്ടം കണ്ടുകൊണ്ടിരിക്കവെ രംഗത്തു് വന്നു് അഭിനയിച്ച ഒരു സ്ത്രീവേഷം കണ്ടു് അതിയായി ഭ്രമിച്ചു. ഒരു പുരുഷൻ സ്ത്രീവേഷം കെട്ടിയതാണെന്നു് എനിക്കു അറിഞ്ഞുകൂടായിരുന്നു. ആ സ്ത്രീവേഷത്തിന്റെ സൗന്ദര്യവും വിലാസ സാരസ്യങ്ങളും എന്നെ ക്രമത്തിലധികം ആകർഷിക്കുകയാൽ 'ആ പെണ്ണിനെ നമുക്കു് വീട്ടിൽ വിളിച്ചോണ്ടു പോരണം' എന്നു് പലവുരു അപ്പനെ നിർബന്ധിക്കയുണ്ടായി. കഥകളിയിലുള്ള രസം നിമിത്തം ആദ്യം അപ്പൻ ഇതത്ര ശ്രദ്ധിച്ചില്ല. എന്റെ നിർബന്ധം വർദ്ധിച്ചപ്പോൾ 'എന്തിനാ അവളെ വിളിച്ചോണ്ടു് പോകുന്നതെന്നു് അപ്പൻ ചോദിച്ചു. 'എനിക്കു് ആ പെണ്ണിനെ കെട്ടണം' എന്നായിരുന്നു മറുപടി. 'ഫൂ വിഡ്ഢി, 'മായാ' എന്നായിരുന്നു അപ്പന്റെ മുഖത്തുനിന്നു് തൽക്ഷണം പുറപ്പെട്ട ശകാരം. വാസ്തവത്തിൽ ഞാൻ വളരെ വിഡ്ഢിയായി. അത്രയധികം സൗന്ദര്യമുള്ള ഒരു ഭാര്യയോടുകൂടി ജീവിക്കണമെന്നുള്ള താല്പര്യവും, വൈവാഹിക ചിന്തയും, അപ്പൻ വിചാരിച്ചാൽ ആ സ്ത്രീയെ അതേ വേഷഭാവത്തിൽ വീട്ടിൽ കൊണ്ടുപോയി നിർത്തുവാൻ കഴിയുമെന്നുള്ള വിശ്വാസവും എനിക്കു് ആ പത്താം വയസ്സിൽ

ഉണ്ടായതിനെ സംബന്ധിച്ചു് പിൽക്കാലത്തു് ഞാൻ വളരെ അത്ഭുതപ്പെട്ടിട്ടുണ്ടു്.

അക്കാലത്തെ പ്രധാന കഥകളിക്കാരനായ കരിപ്പുഴ വേലുപ്പിള്ളയെ പിന്നീടു് ചിത്രമെഴുത്തു പഠിക്കുന്ന കാലത്തു് മുകുന്ദൻ തമ്പിയദ്ദേഹത്തിന്റെ ചിത്രമെഴുത്തു ശാലയിൽ വച്ചു് പരിചയപ്പെടുവാനും പലപ്പോഴും സംഭാഷിപ്പാനും എനിക്കു സൗകര്യം ലഭിക്കയുണ്ടായി. കേരളമെങ്ങും സുപ്രസിദ്ധി സമ്പാദിച്ചിരുന്ന വേലുപ്പിള്ളയുടെ നരസിംഹവേഷം കാണേണ്ട ഒന്നു തന്നെയായിരുന്നു. ഇത്രയധികം വേഷച്ചേർച്ചയും അഭിനയ പാടവവും കലാ ഭാവനയും തികഞ്ഞ ഒരു ആട്ടക്കാരനെ പിന്നീടു് എനിക്കു് കാണ്മാൻ സാധിച്ചിട്ടില്ല. വീതികൂടിയ കൺപോളയുള്ള കണ്ണും മനോഹരമായ അധരവും വേലുപ്പിള്ളയുടെ ഒരു പ്രത്യേകതയായിരുന്നു. ചെറുപ്പം മുതൽക്കുള്ള ഈ കഥകളി പ്രാസക്തിയായിരുന്നു എന്റെ ലളിത കലാ വാസനയെ ഉജ്ജ്വലിപ്പിച്ചതു് എന്നു നിസ്സംശയം പറയാവുന്നതാണു്.

സാഹിത്യ പരിഷത്തിന്റെ കീർത്തി മുദ്ര

ആയിരത്തിയൊരുനൂററി മൂന്നു് ധനുവിൽ തൃശൂർ നടന്ന സാഹിത്യ പരിഷത്തിന്റെ ദ്വിതീയ വാർഷിക സമ്മേളനത്തിൽ വച്ചു് ചിത്രമെഴുത്തു് എഴുതിയ 'പ്രസ്ഥാന സുധാ ലഹരി' എന്ന ഗദ്യ കവിത പരിഷത്തിന്റെ മുക്തകണ്ഠമായ പ്രശംസയ്ക്കു് പാത്രീഭവിക്കയുണ്ടായി. ഗദ്യ സാഹിത്യത്തിനുള്ള അക്കൊല്ലത്തെ മെഡൽ ചിത്രമെഴുത്തിനാവും

എന്നു അടുത്ത ദിവസത്തെ പത്രങ്ങൾ പ്രവചിച്ചു. പരിഷത്തോടു് അനുബന്ധിച്ചതായ സാഹിത്യ കലാ പ്രദർശനത്തിൽ മലങ്കര മെത്രാപ്പോലീത്താ ആറാം മാർത്തോമ്മാ വലിയ മാർ ദീവന്നാസ്യോസ് 952-ാ മാണ്ടിടയ്ക്കു എഴുതിച്ചിട്ടുള്ളതായ ഒരു സുറിയാനി സഭാ ചരിത്രവും (ഗദ്യം-താളിയോല ഗ്രന്ഥം), കോട്ടയത്തു കൊന്നയിൽ കൊച്ചുകുഞ്ഞു റൈട്ടർ എന്ന പ്രസിദ്ധ കവി എഴുത്തച്ഛനെ അനുകരിച്ചെഴുതീട്ടുള്ളതായ മുപ്പത്തിനാലു വൃത്തവും, വൈയാകരണൻ ഗീവറുഗീസ് കത്തനാരുടെ എല്ലാ കൃതികളും മററുചില സാഹിത്യ കൃതികളും ഉൾപ്പെടെ പതിമൂന്നു ഗ്രന്ഥങ്ങൾ ചിത്രമെഴുത്തു് പ്രദർശിപ്പിച്ചിരുന്നു. ('ആധുനിക മലയാളത്തിന്റെ ആദ്യ മാതൃകകൾ അഥവാ വൈയാകരണൻ ഗീവറുഗീസ് കത്തനാരും അദ്ദേഹത്തിന്റെ ഗദ്യ കൃതികളും' എന്ന ശീർഷകത്തിൽ 1928 ജൂലൈ മാസം ചിത്രമെഴുത്തു കെ. എം. വർഗീസ് മലയാള മനോരമയിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനം കാണുക) പ്രദർശന ശാലയിൽ പ്രവേശിച്ച അനേകശതം അക്രൈസ്തവ സഹോദരങ്ങൾ ഇവയെ സശ്രദ്ധം പരിശോധിക്കയുണ്ടായി എന്നു മേൽപ്പറഞ്ഞ ലേഖനത്തിൽ രേഖപ്പെടുത്തീട്ടുണ്ടു്. ഈ പ്രദർശനത്തിനു് പരിഷത്തിന്റെ വകയായി ഒരു സ്വർണ്ണമെഡൽ കൊച്ചിമഹാരാജാവിനെ പ്രതിനിധാനം ചെയ്തുകൊണ്ടു് രാമവർമ്മ അപ്പൻ തമ്പുരാൻ ചിത്രമെഴുത്തിനു് അയച്ചു കൊടുക്കയുണ്ടായി. ഇതു സംബന്ധിച്ചു് അപ്പൻ

തമ്പുരാന്റെ രണ്ടു കത്തുകളിൽനിന്നു പ്രസക്ത ഭാഗങ്ങൾ താഴെ ഉദ്ധരിക്കുന്നു:—

I

അയ്യന്തോൾ കോവിലകം
28-5-1104

ശ്രീ

'സാഹിത്യ പരിഷത്തിന്റെ ദ്വിതീയ സമ്മേളനത്തെ സംബന്ധിച്ചുണ്ടായ സാഹിത്യ കലാ പ്രദർശനത്തിനു നിശ്ചയിച്ചിരുന്ന കീർത്തി മുദ്ര മി. വർഗീസിനു തരുവാനാണു ഭാരവാഹികൾ തീർച്ചയാക്കിയിരിക്കുന്നതു്. കോട്ടക്കൽ പരിഷത്തിൽ സന്നിഹിതനാകാഞ്ഞതുകൊണ്ടു് അതു് ഇവിടെയിരിക്കുന്നേയുള്ളു. ആ മെഡൽ ഞാൻ അങ്ങോട്ടു് അയച്ചു തരണമൊ? അതോ ഇവിടെ വന്നു് തൃക്കൈയ്യിൽനിന്നു വാങ്ങിക്കണോ? എങ്ങിനെയാണു് വേണ്ടതു് എന്നു് അറിയുവാൻ കൽപിച്ചിരിക്കുന്നു. മുദ്രയിൽ കൊല്ലവും പേരും എഴുതിയിട്ടില്ല. അതെഴുതേണ്ടിവരും. ഉടനെ മറുപടി അയക്കുവാൻ അപേക്ഷ.

എന്നു കൽപനപ്രകാരം
സി. കെ. രാമവർമ്മ
അപ്പൻ തമ്പുരാൻ (ഒപ്പ്)

II

അയ്യന്തോൾ കോവിലകം
9-6-1104

ശ്രീ

ധനു 30-നു എഴുതിയതായി കാണുന്ന എഴുത്തു് ഇന്നലെയാണു് കിട്ടിയതു്. അതിൽ ആവശ്യപ്പെട്ടപോലെ പ്രദർശനത്തിനുള്ള കീർത്തി മുദ്ര രജിസ്ട്രാക്കി വേറെ അയച്ചിരിക്കുന്നു. മുദ്രയിൽ ഒരു വശത്തു് 'സാഹിത്യ പരിഷത്തു്, തൃശ്ശിവപേരൂർ' എന്നും പെരുമ്പടപ്പു സ്വരൂപത്തിലെ രാജചിഹ്നങ്ങളും കൊത്തിയിട്ടുണ്ടു്. മറുവശത്തു് പ്രദർശനം എന്നു മാത്രമേ ചേർത്തിട്ടുള്ളു. ബാക്കി സ്ഥലം ഒഴിച്ചിട്ടിരിക്കയാണു്. അതിൽ പരിഷത്തിന്റെ കൊല്ലവും ഇഷ്ടംപോലെ സ്വന്തം പേരും ചേർക്കുവാൻ വിരോധമില്ല. അക്കാര്യത്തിൽ വേണ്ടതു പ്രവർത്തിക്കുമല്ലൊ. മുദ്ര അയയ്ക്കുന്നതോടുകൂടി മി. വർഗീസിന്റെ ഭാവി ശ്രേയസിന്നായിക്കൊണ്ടുള്ള എന്റെ പ്രാർത്ഥനകളും മനസ്സിൽ പൊതിഞ്ഞു് അടക്കം ചെയ്തിട്ടുണ്ടു്. അതു കണ്ണുകൊണ്ടു കാണാവുന്നതാണെങ്കിലും ഫലം കൊണ്ടു് കാണുവാൻ സംഗതിയാകുമെന്നു് ആശിക്കയും ചെയ്യുന്നു.

എന്നു് കൈരളീ വിധേയൻ (ഒപ്പ്)
രാമവർമ്മ അപ്പൻ തമ്പുരാൻ

സാഹിത്യ കുബേരൻ

മലയാളഭാഷാ സാഹിത്യത്തിൽ സാധാരണമായ വാസനാ വൈഭവവും വൈദഗ്ധ്യവും പ്രകടിപ്പിച്ചു് ഭാഷാസാഹിത്യ വല്ലരിയിൽ സുഗന്ധം പരത്തുന്ന ശബ്ദാലങ്കാര കുസുമങ്ങൾ അത്ര ധാരാളമായി സൃഷ്ടിച്ചു്, അര ശതാബ്ദക്കാലം മലയാളഭാഷയെ പരിപോഷിപ്പിച്ചു് സാഹിതീസേവനം അനുഷ്ഠിച്ച ഒരു

സാഹിത്യ നായകനായിരുന്നു ചിത്രമെഴുത്തു് കെ. എം. വർഗീസ്. 'പ്രത്യേകമായ ഒരു ശൈലിയും രചനാ സാമർത്ഥ്യവും കൈവശമാക്കിയിരുന്ന അദ്ദേഹത്തിന്റെ ലേഖനങ്ങൾക്കുണ്ടായിരുന്ന ആസ്വാദ്യത പ്രതിയോഗികളുടെപോലും പ്രശംസയ്ക്കു് പാത്രമായിട്ടുണ്ടു്' എന്നാണു് 'മലയാള മനോരമ' 1962 ജൂലൈ 22-ൽ എഴുതിയ മുഖപ്രസംഗത്തിൽ ചിത്രമെഴുത്തിന്റെ സാഹിതീസേവനത്തെ വിലയിരുത്തുന്നതു് 'ദക്ഷിണഭാരതി' പത്രം 1953 ജൂലൈ 16 നു് എഴുതിയ മുഖപ്രസംഗത്തിൽ സാഹിത്യാന്തരീക്ഷത്തിലെ അക്ഷയ തേജോഗോളങ്ങളാണു് ചിത്രമെഴുത്ത് കെ. എം. വർഗീസ്, എൻ. ഗോപാലപിള്ള, ശൂരനാട്ടു കുഞ്ഞൻപിള്ള, എസ്. ഗുപ്തൻനായർ, പി. കെ. നാരായണപിള്ള എന്നിവർ എന്നു് പ്രസ്താവിച്ചു.

ചിത്രമെഴുത്തു് പ്രശസ്തനായ ഗദ്യകാരനും, ഗദ്യകവിയും, ചരിത്രപണ്ഡിതനും, പ്രഭാഷകനും, ഉപന്യാസകർത്താവും നിരൂപകനും ആയിരുന്നു. അദ്ദേഹത്തിന്റെ ഭാഷാശൈലി പ്രൗഢവും, സുന്ദരവും തേജസ്കരവുമായിരുന്നു.

ഇരുപതാം നൂറ്റാണ്ടിൽ മലയാള സാഹിത്യവേദിയിൽ വ്യക്തമായ സംഭാവനകൾ നൽകിയിട്ടു് അന്തരിച്ചുപോയ ഏതാനും പ്രമുഖ സാഹിത്യകാരന്മാരിൽ ഒരാൾ ചിത്രമെഴുത്തു കെ. എം. വർഗീസ് ആണെന്നും, വാക്കുകൾകൊണ്ടു് ചിത്രം രചിക്കുവാനുള്ള അദ്ദേഹത്തിന്റെ കഴിവ്

നിസ്സീമമായിരുന്നുവെന്നും, ഗദ്യത്തെ കവിതാമയമാക്കുന്നതിനു് അദ്ദേഹത്തിനു് കഴിഞ്ഞിരുന്നുവെന്നും പ്രശസ്ത നിരൂപകനായ ഡോ. കെ. എം. തരകൻ 'ഇരുപതാം നൂറാണ്ടിലെ മലങ്കര സഭ' (*) എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്.

* 'ഇരുപതാം നൂറാണ്ടിലെ മലങ്കരസഭ'- പ്രസാധകർ ഫാ: ടി. ജി. സഖറിയ, കെ. വി. മാമ്മൻ, പേജ്. 335.

മലങ്കര ഓർത്തഡോക്സ് സഭയിലെ ഒരു പ്രശസ്ത വൈദികശ്രേഷ്ഠനും, സാഹിത്യകാരനും പണ്ഡിതനുമായ ദിവ്യ ശ്രീ കെ. ഗീവർഗീസ് അഞ്ചൽ ചിത്രമെഴുത്തിന്റെ പുത്രൻ ജോർജ് വർഗീസിനു് 1986 ജൂൺ 19-നു അയച്ചുകൊടുത്ത ഒരു കത്തിൽ പറയുന്നു:— 'ചിത്രമെഴുത്തു് പ്രഗൽഭനായ സാഹിത്യകാരൻ മാത്രമായിരുന്നില്ല, പ്രബലനായ സമുദായസ്നേഹിയുമായിരുന്നു. അദ്ദേഹത്തിന്റെ കൃതികൾ പുതുമവിടാതെ ഇനിയും നൂറാണ്ടുകൾ നിലനിൽക്കുന്നതാണു്. പ്രസ്തുത ലേഖനങ്ങളും കുറിപ്പുകളും മലയാളഭാഷയ്ക്കും മലങ്കരസഭയ്ക്കും ഈടേറിയ നിക്ഷേപമാണു്....'ചിത്രമെഴുത്തിന്റെ ലേഖനങ്ങളും കുറിപ്പുകളും ഇപ്പോൾ കൈവശമുള്ളതെങ്കിലും ഇനി സൂക്ഷിക്കണമെ. അതിൽ ചിതൽ പററുകയോ എലി വെട്ടുകയോ അതുപോലെ മറെറന്തെങ്കിലും സംഭവിക്കയോ ചെയ്താൽ അതു് വി: സഭയോടും സാഹിത്യത്തോടും ലോകത്തോടും ചെയ്യുന്ന ഘോരാപരാധമായിട്ടേ ചിന്തിക്കുന്ന മനുഷ്യൻ

ഗണിക്കയുള്ളു. ഇനി എന്നാണു് ഒരു 'ചിത്രമെഴുത്തു്' ജനിക്കുക!!.... അദ്ദേഹത്തിന്റെ ഓരോ വാക്കിലും സമുദായാഭിമാനം വിജൃംഭിച്ചു നിൽക്കുന്നതായി കാണാം... മുഖപക്ഷം നോക്കാതെ മർമ്മ സ്പർശകങ്ങളായ യാഥാർത്ഥ്യങ്ങളെ മറ കൂടാതെ വെട്ടിത്തുറന്നു് പ്രൗഢമായ ഭാഷയിൽ പ്രഖ്യാപിക്കുന്നതു് ചിത്രമെഴുത്തിന്റെ ഒരു സ്വഭാവമായിരുന്നു. തലനാരിഴ കീറി പഠിച്ചു് പരിശോധിച്ചു് ഉത്തമബോദ്ധ്യത്തോടെയുള്ള അദ്ദേഹത്തിന്റെ വസ്തുനിഷ്ഠമായ അഭിപ്രായങ്ങളേയും വാദഗതികളേയും ഫലപ്രദമായി എതിർക്കാൻ ആർക്കും കഴിയുമായിരുന്നില്ല തന്മൂലം കുറെ ശത്രുക്കൾ ഉണ്ടായി. എങ്കിലും ആ ഗവേഷണ ചതുരൻ ആജീവനാന്തം അക്ഷയഭാസ്സോടെ ഉന്നതശീർഷനായിത്തന്നെ ജീവിച്ചു.'

സാഹിത്യരസികനും പ്രസംഗകനുമായ മൂവാറ്റുപുഴ അഡ്വ. കെ. വി. ചാക്കോ 1945 ജൂലൈ മാസം ചിത്രമെഴുത്തിനു് അയച്ച ഒരു കത്തിൽ ഇങ്ങനെ പറയുന്നു:— 'ഞാൻ താങ്കൾക്കു് അപരിചിതനാണു്. അതിലൊട്ടും അതിശയവുമില്ല. എന്നാൽ അങ്ങെനിക്കു് അഭിമുഖപരിചിതനാണു്. സുചരിതനായ താങ്കളെനിക്കു് സുപരിചിതനാണെന്നു് ഞാനഭിമാനിക്കുന്നില്ല. താങ്കളുടെ നിർഗ്ഗളവും നിസർഗ്ഗജവുമായ ഗദ്യശൈലി എനിയ്ക്കു് സുപരിചിതമാണു്. ആ കവിതാവാഹിനിയുടെ സുന്ദരമന്ദയാനം ഭാഷാസാഹിത്യ ഗാത്രത്തിൽ ചാർത്തിയ

പുളകങ്ങളായ ഓളങ്ങളും, ഇളക്കിവിട്ട ചെറുവീചികളും എന്റെ ഹൃദയത്തിലും ചില നേരിയ അലകൾ ഉളവാക്കിയിട്ടുണ്ടു്. ആ വാസനാനുഗൃഹീതമായ തൂലികയെ ഞാൻ മനസാ ആരാധിച്ചിട്ടുണ്ടു്. അതിനു് ഞാൻ നമോവാകം ചെയ്തിട്ടുണ്ടു്. ചിലപ്പോൾ ആ ദിവ്യവാസനയെ അസൂയാപൂർവ്വം ഉപാസിക്കയും ചില ചില ദിവാസ്വപ്നങ്ങൾ കാണുകയുമുണ്ടായിട്ടുണ്ടു്. സമുദായ കററിക്കാടുകളിലും പെരുംകോട്ടകളിലും സ്വൈരവ്യാഹാരം ചെയ്തിരുന്ന ചില സൃഗാലവേദാന്തികളുടെ മോങ്ങലുകളും ഓളംവിളികളുമുളവാക്കിയ ചെപ്പാടുകളും ഞാനോർക്കുന്നു അതങ്ങനെ.'

സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ് പ്രസിഡണ്ട് റവ. ഡോ: സി. ററി. ഈപ്പൻ, 1954 ഡിസംബർ 5-ാനു അമേരിക്കയിൽ ഇവാൻസ്റ്റണിലെ (ഇല്ലിനോയി) നോർത്തു വെസ്റ്റേൺ യൂണിവേഴ്സിററിയിൽനിന്നു ചിത്രമെഴുത്തിനു് അയച്ചുകൊടുത്ത ഒരു കത്തിൽ പറയുന്നു:— 'മി. വറുഗീസിനെ ഞാൻ കൂടെക്കൂടെ ഓർക്കാറുണ്ടു്. അനേക കലകളിൽ അതിനിപുണനായ ഒരാൾക്കു്, വിദൂരസ്ഥനായ ഒരു പഴയ പരിചയക്കാരനെ ഓർക്കാനുള്ള സമയവും അവസരവും ഉണ്ടാകുമോയെന്നു ഞാൻ സംശയിക്കുന്നു. ഞാൻ മി. വറുഗീസിനെ ഓർത്തുവെന്നുപറയുന്നതു് അതിശയോക്തിയല്ല. മി. വറുഗീസിനെപ്പോലെ ഗദ്യരചനയിലും ചിത്രകലയിലും ഒരുപോലെ വൈദഗ്ധ്യമുള്ള ഒരാൾ

ഈ അമേരിക്കൻ കരയിലൊന്നെത്തിയെങ്കിൽ സാദ്ധ്യതകൾ എന്തെല്ലാമായിരുന്നേനെയെന്നാണു് ഞാൻ ചിന്തിക്കുന്നതു്. മി. വറുഗീസിന്റെ കഴിവുകൾ മനസ്സിലാക്കി പ്രോൽസാഹിപ്പിക്കുവാൻ ധാരാളം ആളുകൾ ഉണ്ടായേനെ ഇവിടെ ആയിരുന്നെങ്കിൽ മലയാള ഭാഷയുടെ കുടുസ്സായ പരിധികൾ വിട്ടിട്ടു് ഷെക്സ്പീയറുടെ ഭാഷയിലും വമ്പിച്ച കൈയേററങ്ങൾ നടത്തുന്നതിനു് മി. വറുഗീസിനു് സാധിക്കുമെന്നാണു് ഞാൻ വിചാരിക്കുന്നതു്. മലയാളത്തിൽ ഗദ്യപദ്യം രചിക്കാൻ കഴിവുള്ള ആളിനു് ഇംഗ്ലീഷിലും അതു് സാദ്ധ്യമാണു്. മലയാളത്തിൽ മി. വറുഗീസ് എഴുതുന്നതുപോലെ കോമള സുന്ദരമായ ഭാഷയിൽ ഇംഗ്ലീഷിൽ ഒരു ലേഖനം ഇവിടത്തെ ഒരു പത്രത്തിൽ എഴുതാമെങ്കിൽ മി. വർഗീസിനെപ്പററിയുള്ള തിക്കും തിരക്കുമെന്താണെന്നു കാണാം. മി. വർഗീസിന്റെ ചില ചില്ലറ പ്രയാസങ്ങൾ ഒരൊററദിവസംകൊണ്ടവസാനിക്കും.'

ഇരുപത്തി രണ്ടാം വയസിലാണു് ചിത്രമെഴുത്തു് കെ. എം. വർഗീസ് എഴുത്താരംഭിച്ചതു്. മാന്നാനത്തുനിന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന 'നസ്രാണി ദീപിക'യിലായിരുന്നു അദ്ദേഹം ആദ്യകാലങ്ങളിൽ ലേഖനങ്ങൾ എഴുതി പരിശീലിച്ചിരുന്നതു്. പിന്നീടു പശ്ചിമതാരക (ആലപ്പുഴ) നവഭാരതി (തിരുവല്ലാ) പ്രാചീനതാരക, കേരളീയാഭിമാനി (മാവേലിക്കര), ഭാഷാപോഷിണി മാസിക, ആത്മപോഷിണി മാസിക, സുറിയാനി

സഭാകാഹളം (കുന്നംകുളം) സുജന മിത്രം, കേരള കാഹളം (തിരുവല്ലാ) ദേശബന്ധു, മലയാള മനോരമ, പൗരപ്രഭ (കോട്ടയം) പൗരധ്വനി (കോട്ടയം) മലബാർ മെയിൽ (എറണാകുളം) ദേശാഭിമാനി (കൊല്ലം), കേരള ഭൂഷണം (കോട്ടയം) കേരള കേസരി, മലങ്കരസഭ മാസിക (കോട്ടയം) മലയാള രാജ്യം, മനോരമ എന്നിവയുടെ വിശേഷാൽ പ്രതികൾ, വാർഷികപതിപ്പുകൾ, ദേശബന്ധു വിശേഷാൽ പ്രതി, ചർച്ചവീക്കിലി (കോട്ടയം) എന്നീ പ്രസിദ്ധീകരണങ്ങളിൽ ധാരാളം എഴുതി. സാഹിത്യം, ചരിത്രം, മതം, സമുദായം, സഭാകാര്യങ്ങൾ, രാഷ്ട്രീയം, ചിത്രകല എന്നിങ്ങനെ വിവിധ വിഷയങ്ങളെ സംബന്ധിച്ചാണു് അദ്ദേഹം ലേഖനങ്ങൾ എഴുതിയിരുന്നതു്. രാഷ്ട്രീയ ലേഖനങ്ങൾ തിരുവിതാംകൂറിലെ അസമത്വ സമുദായ വിഭാഗങ്ങളെ സ്പർശിക്കുന്നതായിരുന്നു. ചിത്രമെഴുത്തിന്റെ തൂലികയിൽനിന്നു പ്രവഹിച്ച ഉഗ്രശരവർഷങ്ങൾ തിരുവിതാംകൂർ ഗവണ്മെൻറിന്റെ കണ്ണു തുറപ്പിച്ചു് അസമത്വങ്ങൾ നീക്കാൻ പര്യാപ്തമായിരുന്നു.

ചിത്രമെഴുത്തിന്റെ "ചിട്ടിത്തലയാൾ" എന്ന ചെറു നോവലിനു് ഒരു ആമുഖം എഴുതീട്ടുള്ള ദേഹവും സുറിയാനി മഹാജനസഭാ സെക്രട്ടറിയും പണ്ഡിതനും പ്രശസ്ത നിരൂപക സാഹിത്യകാരനുമായിരുന്ന ജോർജ്ജ് വള്ളക്കാലിൽ പറയുന്നു:— "ശ്രീമാൻ ചിത്രമെഴുത്തിന്റെ സാഹിത്യ സംരംഭങ്ങളുമായി ഞാൻ ആദ്യമായി

പരിചയപ്പെട്ടതു് എന്റെ ഹൈസ്കൂൾ വിദ്യാഭ്യാസ കാലത്താണു്. അക്കാലത്തു് അദ്ദേഹം 'മലയാള മനോരമ'യിൽ ഖണ്ഡശ: പ്രസിദ്ധം ചെയ്തിരുന്ന "വലിയ മാർ ദീവന്നാസ്യോസും തരണനല്ലൂർ നമ്പൂരിപ്പാടും", "തച്ചിൽ മാത്തുത്തരകന്റെ തങ്കക്കൊമ്പൻ", "നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചി", "മാർ മാത്യൂസ് അത്താനാസ്യോസിന്റെ പഞ്ചകല്യാണി", "വേണാടിന്റെ നടുത്തൂൺ-അഥവാ-പുണ്യവാളനായ ശൗര്യാർ" മുതലായ ചരിത്രകഥകൾ മറനേകം സഹൃദയങ്ങളിൽ എന്നപോലെ എന്നിലും ഉളവാക്കിയ ആനന്ദാനുഭൂതി ഇന്നും എന്നിൽ സജീവമായിത്തന്നെ ഇരിക്കുന്നു. പിൽക്കാലത്തെ അദ്ദേഹത്തിന്റെ ഗദ്യകവിതാ തല്ലജങ്ങളും സാഹിത്യ ലോകത്തിൽ അദ്ദേഹത്തിന്റെ സ്ഥാനത്തെ അനശ്വരമാക്കിത്തീർത്തിട്ടുണ്ടു്.

"അഗാധമായ ചരിത്ര പാണ്ഡിത്യം, അനിതര സാധാരണമായ ചിത്രീകരണപാടവം, പ്രൗഢഗംഭീരമായ ഭാഷാശൈലി ഇവ ചിത്രമെഴുത്തിന്റെ പ്രത്യേകതകളാണു്."

"സംഗീത സദസ്സിൽ സമാധിപൂണ്ട സർപ്പ ശ്രേഷ്ഠൻ" എന്ന ശീർഷകത്തിൽ 1952 ഡിസംബറിൽ 'മലയാള മനോരമ'യിൽ എഴുതിയ ചിത്രമെഴുത്തിന്റെ ഒരു ലേഖന (സംഭവകഥ) ത്തെപ്പററി പ്രസിദ്ധ സാഹിത്യകാരനും വൈദിക ശ്രേഷ്ഠനുമായ ഫാ. കെ. ഗീവർഗീസ് അഞ്ചൽ, ചിത്രമെഴുത്തിന്റെ പുത്രൻ ജോർജ്ജ് വർഗീസിനു്

1986 നവംബർ 7-ാനു അയച്ചു കൊടുത്ത ഒരു കത്തിൽ പറയുന്നു:—

സാഹിത്യ സമ്രാട്ട്

"സസ്നേഹം അയച്ച എഴുത്തും ലേഖനവും കിട്ടി. നന്ദി. ആ ലേഖനം (സംഗീത സദസ്സിൽ സമാധി പൂണ്ട സർപ്പശ്രേഷ്ഠൻ) ഒരേ ഇരുപ്പിൽ ഇരുന്നുതന്നെ രണ്ടു പ്രാവശ്യം ഞാൻ വായിച്ചു. ഈ ലേഖനം— സർപ്പത്തിന്റെ സംഗീത പ്രേമകഥ—പണ്ടെങ്ങോ വായിച്ചതായി ഒരു നേരിയ ഓർമ്മയുണ്ടു്. ഒരു ചെറിയ സംഭവം. പക്ഷേ അതു് ശ്രീ ചിത്രമെഴുത്തിന്റെ അനുഗൃഹീതവും അത്ഭുതാവഹവുമായ തൂലികയിൽകൂടി പ്രവഹിച്ചപ്പോൾ ഓജസ്സും തേജസ്സും മുറ്റിയ ഒരു അനന്യ സാധാരണ കാവ്യശില്പമായി.

"അർത്ഥപുഷ്ടങ്ങളായ സുന്ദര പദങ്ങൾ അനായാസം അണിനിരത്തി അനുവാചക ഹൃദയങ്ങളിൽ വിചാര വികാരങ്ങളുടെ മധുരമനോഹരമായ വേലിയേറ്റങ്ങളുടെ അനസ്യൂതമായ തരംഗപരമ്പരകൾ ഇടതടവില്ലാതെ ഒഴുക്കുകയാണു്. കളകളംപാടി ഓടുന്ന കാട്ടാറുകളുടെ അകൃത്രിമ രമണീയതയോടെ കൊഴുത്തു് മുഴുത്തുയർന്നമർന്നടക്കുന്ന സാഹിത്യ മഹാസാഗരത്തിന്റെ മനം കവരുന്ന ഓളപ്പാത്തികളിൽ ഒന്നു് വിശ്രമിക്കുന്നതിനു് ആരാണു് കൊതിച്ചു പോകാത്തതു്. നിത്യനൂതനങ്ങളായ ഈദൃശ കലാസൃഷ്ടികൾ മറേറതൊരു തൂലികയ്ക്കാണു് സഹൃദയ

ലോകത്തിനു് സംഭാവന ചെയ്യുവാൻ
സാധിക്കുന്നതു്! ഒരു വാചകം ഉദ്ധരിക്കട്ടെ.
"ശാരീരഗുണം തികഞ്ഞ മധുര കണ്ഠത്തിൽനിന്നു
കോകിലനാദ തുല്യമായി പുറപ്പെടുന്ന
സ്വരമാധുര്യത്തോടും മധുരഗാംഭീര്യത്തിൽനിന്നു
മധുരലാളിത്യത്തിലേക്കും മധുര മന്ദ്ര
നിനദത്തിൽനിന്നു മഹേന്ദ്ര ഗരി
പ്രഭാവാഡംബരതയിലേക്കും പരസ്പരം
പരിവർത്തനം ചെയ്തു പ്രവഹിക്കുന്ന
ആരോഹണാവരോഹണങ്ങളോടുകൂടിയ ആ
സംഗീതസുധാ നിർത്ധരി സുന്ദരശാസ്ത്രികളെ
കോൾമയിർ പ്രളയത്തിൽ ആഴ്ത്തി."

എത്ര സുന്ദരമായ ഒരു വാചകം. സരസ ഗംഭീരം. പ്രൗഢോജ്വലം. ഇതു ഈ വാചകത്തിനു് മാത്രമുള്ള പ്രത്യേകതയല്ല. എല്ലാം ഒന്നുപോലെ സാഹിത്യാമൃത പൂർണ്ണകുംഭവാഹികൾ തന്നെ.

ചിത്രമെഴുത്തിനെ അർഹമായ നിലയിൽ അഭിനന്ദിയ്ക്കുവാൻ—പ്രയോജനപ്പെടുത്തുവാൻ—പ്രോത്സാഹിപ്പിക്കുവാൻ—മലങ്കര മഹാസഭാ മാതാവേ! നിന്റെ മക്കൾക്കു് സാധിക്കാഞ്ഞതിൽ അവരിന്നെങ്കിലും പശ്ചാത്തപിക്കുന്നുണ്ടോ? ഇനി എന്നാണു് ഭവതിയുടെ കുക്ഷിയിൽ ഒരു "ചിത്രമെഴുത്തു്" രൂപം കൊള്ളുന്നതു്?

സംഗീതം, സാഹിത്യം, മനശാസ്ത്രം, പ്രായോഗിക പരിജ്ഞാനം എന്നീ വിവിധ വിഷയങ്ങളുടെ വിവിധ ശാഖകളിലുള്ള ആഴമേറിയ ജ്ഞാനം ഈ കൊച്ചു ലേഖനത്തിൽ തെളിഞ്ഞു നിൽക്കുന്നു. ഇന്നത്തെ

സാഹിത്യകാരന്മാർ എന്നു വിളിക്കപ്പെടുന്ന പലരും ആ ജ്ഞാനപാരാവാരപ്പരപ്പിന്റെ മുമ്പിൽ പിച്ചവച്ചു് നടക്കുന്ന കൊച്ചു കുട്ടികൾ മാത്രമായിത്തോന്നിപ്പോകാം.

സമുന്നതനും സമാദരണീയനുമായ ആ സാഹിത്യ സാമ്രാട്ടിന്റെ സമക്ഷത്തിൽ അഭിനന്ദനാദരങ്ങളോടെ നമ്രശിരസ്കനായി നിൽക്കയാണു്."

മഹാകവി കുമാരനാശാന്റെ പ്രശംസ

ആയിരത്തി ഒരുനൂററി നാലിൽ മഹാകവി കുമാരനാശാൻ ചിത്രമെഴുത്തു് കെ. എം. വർഗ്ഗീസിനെപ്പററി അഭിപ്രായപ്പെട്ടു: "ഇന്നു ക്രൈസ്തവ സമുദായത്തിൽ ജീവിച്ചിരിപ്പുള്ള പ്രശസ്ത സാഹിത്യകാരൻ ചിത്രമെഴുത്തു് കെ. എം. വർഗീസാണു്. അദ്ദേഹത്തിന്റെ ചരിത്രകഥകൾ, ക്രൈസ്തവസമുദായത്തിനു് ഏററവും അഭിമാനകരവും പ്രചോദനകരവുമാണു്."

ഭാഷാപോഷിണിയിൽ 'ചിത്രമെഴുത്തു് കെ. എം. വർഗീസ്: ഒരനുസ്മരണം' എന്ന ശീർഷത്തിൽ പ്രൊഫ. കോശി തലയ്ക്കൽ എഴുതിയ ലേഖനത്തിൽ പറയുന്നു:— "താരതമ്യേന വിവാദരഹിതമായ ആധുനിക മലയാള സാഹിത്യ വേദിയിൽ നിന്നുകൊണ്ടു് ഒരു നാലഞ്ചാറു് ദശാബ്ദങ്ങൾ പിന്നോക്കം നോക്കിയാൽ വ്യക്തമാകുന്ന ഒരു വസ്തുതയുണ്ടു്. ഇന്നേക്കാളുമൊക്കെ എത്ര പ്രക്ഷുബ്ധമായിരുന്നില്ല അന്നത്തെ സാഹിത്യമണ്ഡലം. മഹാകവിത്രയവും

ഗദ്യസാഹിത്യ മഹാരഥന്മാരും
പ്രകാരഭേദങ്ങൾകൊണ്ടു് കേരളാന്തരീക്ഷത്തെ
ധന്യമാക്കിക്കൊണ്ടിരിക്കുമ്പോൾത്തന്നെയാണു
സാഹിത്യത്തിലെ ആ 'ചാവേറു സമര'ങ്ങളൊക്കെ
ഇവിടെ അരങ്ങേറിയിട്ടുള്ളതും. ഉന്നതശീർഷരായ
പണ്ഡിതന്മാരുടെ ഉജ്ജ്വല തൂലികകളാൽ
മുഖരിതമായിരുന്നു, അന്നു് നമ്മുടെ സാഹിത്യവേദി.
'ആ' സമരവ്യൂഹത്തിന്റെ മുന്നണിയിൽ നിന്നു വാളും
പരിചയും സമർത്ഥമായി കൈകാര്യം ചെയ്ത ഒരു
പ്രതിഭാശാലിയായിരുന്നു, ചിത്രമെഴുത്തു് കെ. എം.
വർഗീസ്.

5

മശലന മറിയവും ചിത്രമെഴുത്തും

മശലന മറിയം എന്ന വള്ളത്തോളിന്റെ വിശ്വമനോഹരമായ ഖണ്ഡകാവ്യത്തിനു് അവതാരിക എഴുതുകവഴി ചിത്രമെഴുത്തു കെ. എം. വറുഗീസും വള്ളത്തോൾ നാരായണ മേനോനും ഒരുപോലെ സമുന്നതമായ സാഹിത്യ ചക്രവാളത്തിൽ കൂടുതൽ പ്രഭ ചൊരിയുകയും അതിലുപരി ബഹുമാനിതരായി പ്രശോഭിക്കുകയും ചെയ്തു എന്നുള്ളതിനു രണ്ടു പക്ഷമില്ല. മനംകവരുന്ന മശലന മറിയത്തിന്റെ സൗന്ദര്യം ആസ്വദിക്കാനോ ആ കവിതാ തരംഗിണിയുടെ കരയെങ്കിലും സന്ദർശിക്കാനോ ശ്രമിച്ചിട്ടില്ലാത്ത ബഹുഭൂരിപക്ഷം സുറിയാനി ക്രിസ്ത്യാനികളുടെ അറിവിനുവേണ്ടി ആ സ്വർഗ്ഗീയ കാവ്യഗംഗയുടെ ഉറവിടത്തെപ്പറ്റി ചിന്താർഹമായ ചില ചരിത്ര സംഭവങ്ങൾ ഇവിടെ പകർത്തിയശേഷം ചിത്രമെഴുത്തിന്റെ അനുപമ സുന്ദരമായ അവതാരികാ പ്രവാഹത്തിലേക്കു പ്രവേശിക്കാമെന്നു കരുതുന്നു.

വിദേശജോലികളിലും റബറിലും തെങ്ങിലും കുരുമുളകിലും ഏലത്തിലും അവയുടെ

കച്ചവടത്തിലും മാത്രം കണ്ണുവച്ചു കാലംകഴിക്കുന്ന ക്രിസ്ത്യാനികൾക്കു സാഹിത്യസാഗരത്തിലെ രത്നങ്ങൾ തിരിച്ചറിയാൻ കഴിവില്ലെന്നുള്ളതു് ഒരു രഹസ്യമല്ല. ക്രിസ്ത്യാനികൾ വാങ്ങി വായിച്ചു ആസ്വദിച്ചില്ലെങ്കിലും മഗ്ദലന മറിയത്തിന്റെ ഒരു കോപ്പിപോലും ഇന്നു ബുക്കു ഡിപ്പോകളിൽ ഇല്ലെന്നുള്ളതാണു വസ്തുത. ഇതര മനുഷ്യർ പുസ്തകം വാങ്ങി വായിക്കുകയും അമൂല്യ നിധിപോലെ കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണു വള്ളത്തോൾ മഗ്ദലന മറിയത്തിലൂടെ ഒരു പുതിയ മിഷനറി പ്രവർത്തനം നടത്തിയിരിക്കുന്നുവെന്നു ക്രാന്ത ദർശിയായ ചിത്രമെഴുത്തു അവതാരികയിൽ അഭിപ്രായപ്പെട്ടിരിക്കുന്നതു്.

പ്രമുഖസാഹിത്യകാരനും ഈ ജീവചരിത്ര പുസ്തകത്തിന്റെ അവതാരികാകാരനും പത്രപ്രവർത്തന രംഗത്തെ എന്റെ സീനിയർ സഹപ്രവർത്തകനുമായ പി. സി. കോരുതു് രചിച്ച 'മഗ്ദലന മറിയം ഉത്ഭവ ചരിത്രം' എന്ന പുസ്തകത്തിലെ പ്രസക്തമായ ഭാഗങ്ങളാണു ചുവടെ ചേർക്കുന്നതു്.

മഗ്ദലനമറിയം ഉൽഭവചരിത്രം

മഹാകവി വള്ളത്തോൾ 'മഗ്ദലനമറിയം' എന്ന വിശിഷ്ടവും സുന്ദരവുമായ ഖണ്ഡകാവ്യം എഴുതിയിട്ടു് 72 വർഷം പൂർത്തിയാകുന്നു. 1921-ലാണു് മഗ്ദലനമറിയത്തിന്റെ ആദ്യപതിപ്പു് കുന്നംകുളം എ. ആർ. പി. പ്രസ്സിൽനിന്നു്

പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശൻ പ്രസിദ്ധപ്പെടുത്തിയതു്. മഹാകവിയുടെ ചെറുതും വലുതുമായ ഇതരകൃതികളുടെ മേലേക്കിടയിൽ നിൽക്കുന്നതെന്നു് സഹൃദയലോകത്തിന്റെ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ള ക്രൈസ്തവ ഇതിവൃത്ത പ്രധാനമായ ഈ കാവ്യാമൃതത്തിന്റെ ഉൽഭവ കഥ രസകരമാണ്. ഈ ഗ്രന്ഥരചനയ്ക്കു് മഹാകവിയെ പ്രേരിപ്പിച്ച യശ്ശ:ശരീരനായ പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശ്ശനിൽ [അന്നു് അദ്ദേഹം റീത്ത് പ്രസ്ഥാനത്തിൽ ചേർന്നു റമ്പാനായി കഴിഞ്ഞിരുന്നു] നിന്നു നേരിട്ടറിയുവാനിടയായ വസ്തുതകളാണ് ഇവിടെ പ്രസ്താവിക്കുന്നതു്.

1938 സെപ്റ്റംബർ 10-നു ശനിയാഴ്ച സർ സി. പി. രാമസ്വാമി അയ്യരുടെ തിരുവിതാംകൂർ ഗവർമെന്റ് മലയാള മനോരമ കണ്ടുകെട്ടുകയും പ്രസ്സും ഓഫീസും മുദ്രവച്ചു് പോലീസ് കാവലിലാക്കുകയും ചെയ്തു. കെ. സി. മാമ്മൻമാപ്പിളയുടെ നാലാമത്തെ പുത്രനായ കെ. എം. വറുഗീസ് മാപ്പിള ആയിരുന്നു മനോരമയുടെ മാനേജർ. മനോരമ കണ്ടുകെട്ടിയ വിവരമറിഞ്ഞു്, വറുഗീസ് മാപ്പിളയുടെ ഭാര്യാസഹോദരനും കുന്നംകുളം എ. ആർ. പി. പ്രസ്സിന്റെ ഉടമസ്ഥനുമായ പുലിക്കോട്ടിൽ പി. ഐ. ഇട്ടൂപ്പ് കോട്ടയത്തു് ഓടിയെത്തി. മനോരമയുടെ പ്രസിദ്ധീകരണത്തിനു മുടക്കം ഉണ്ടാകാതിരിക്കാൻ പത്രം കൊച്ചി സംസ്ഥാനത്തു് കുന്നംകുളത്തുള്ള തന്റെ പ്രസ്സിൽനിന്നു പ്രസിദ്ധപ്പെടുത്താമെന്നു സമ്മതിച്ചു.

അങ്ങനെ 1938 സെപ്റ്റംബർ 13-ാം തീയതി ചൊവ്വാഴ്ച എ. ആർ. പി. പ്രസ്സിൽനിന്നു് മനോരമ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. മനോരമ, കുന്നംകുളത്തുനിന്നു പ്രസിദ്ധപ്പെടുത്തുന്നതിനുവേണ്ടി, അന്നു പത്രാധിപ സമിതിയിലുണ്ടായിരുന്ന എൻ. എം. എബ്രഹാമും ഈ ലേഖകനും അങ്ങോട്ടുപോയി. പി. ഐ. ഇട്ടൂപ്പിന്റെ സഹോദരനായ യൗസേഫ് ശെമ്മാശൻ തികഞ്ഞ സഹൃദയനും നല്ലൊരു സാഹിത്യ പ്രേമിയുമായിരുന്നു. അദ്ദേഹം കോട്ടയം പഴയ സെമിനാരിയിൽ ശെമ്മാശനായി വൈദിക പഠനം നടത്തി താമസിച്ചിരുന്ന കാലംമുതൽ ഞങ്ങൾ തമ്മിൽ പരിചയമായിരുന്നതിനാൽ കുന്നംകുളത്തെ എന്റെ താമസം റമ്പാച്ചന്റെ വസതിയോടനുബന്ധിച്ചുള്ള ചാപ്പലിന്റെ ഒരു ഭാഗത്തെ മുറിയിൽ ആയിരുന്നു. ഞങ്ങൾ തമ്മിൽ സാഹിത്യ സംബന്ധമായ പല കാര്യങ്ങളും പറഞ്ഞ കൂട്ടത്തിൽ മശലന മറിയവും സംഭാഷണ വിഷയമായി. അതിനു് ഒരു കാരണവുമുണ്ടായി.

കുന്നംകുളം മനോരമ

മനോരമ കുന്നംകുളത്തുനിന്നു പ്രസിദ്ധപ്പെടുത്തി അഞ്ചെട്ടുദിവസം കഴിഞ്ഞപ്പോൾ, പത്രം തിരുവിതാംകൂറിൽ പ്രചരിപ്പിക്കുന്നതിനെ സർ സി. പി. നിരോധിച്ചു. യൗസേഫ് റമ്പാച്ചനെ അതു് ചൊടിപ്പിച്ചു. സി. പി. യുടെ നയവൈകല്യത്തെ പുരസ്കരിച്ചു് റമ്പാച്ചന്റെ നിർദ്ദേശപ്രകാരം ഞാനൊരു പുസ്തകമെഴുതി. 'ഇരുമുനവാൾ' എന്ന

ആ പുസ്തകത്തിൽ സർ സി. പി. യുടെ ഒരു
പശ്ചാത്താപ പ്രാർത്ഥനയുണ്ടു്.
മശലനമറിയത്തിൽനിന്നു റമ്പാച്ചൻ തന്നെ
പറഞ്ഞുതന്ന വിധം ഒരു ഹാസ്യാനുകരണമായി
നാലു വരി അതിൽ ഉദ്ധരിച്ചു—

'നാഥാ, തവാജ്ഞകൾ കേട്ടു നടക്കാതെ
നാനാപരാധങ്ങൾ ചെയ്തുപോയ് ഞാൻ
ശാസിതാവായോനെ സർവ്വം ക്ഷമിച്ചുനിൻ
ദാസനെ തൃക്കാൽക്കൽ നിർത്തണമേ'

'ദാസിയെ' എന്നതു ദാസനെ എന്നാക്കി എന്നൊരു
വ്യത്യാസമേയുള്ളു. ഏതായാലും
പുസ്തകമിറങ്ങിയതിന്റെ നാലാം ദിവസം
തിരുവിതാംകൂർസർക്കാർ അതു കണ്ടുകെട്ടി.
ഇങ്ങനെയാണു് വള്ളത്തോളിനെയും
മശലനമറിയത്തെയും പററി ഞങ്ങളുടെ
സംഭാഷണവേളയിൽ പരാമർശമുണ്ടായതു്.

യൗസേഫ് റമ്പാച്ചൻ ശെമ്മാശനായിരുന്ന
കാലത്ത് 'കഥാമാലിക' എന്നൊരു
ചെറുകഥാമാസികയും 'ആത്മപോഷിണി' എന്നൊരു
സാഹിത്യമാസികയും നടത്തിയിരുന്നു.
കഥാമാലികയുടെ പത്രാധിപർ, ശെമ്മാശനും
ആത്മപോഷിണിയുടെ പത്രാധിപർ
തിരുവിതാംകൂറിൽനിന്നു നാടുകടത്തപ്പെട്ട
സ്വദേശാഭിമാനി കെ.
രാമകൃഷ്ണപിള്ളയുമായിരുന്നു. അയൽ
സംസ്ഥാനത്തുനിന്നു നാടുകടത്തപ്പെട്ട ഒരു

തീവ്രവാദിയെ കൊച്ചി സംസ്ഥാനത്ത് ഒരു പത്രാധിപരായി വച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി കൊച്ചിയിലെയും തിരുവിതാംകൂറിലെയും ഉന്നത സ്ഥാനങ്ങളിൽ എതിരഭിപ്രായമുണ്ടായി. ആയിടയ്ക്കു് ബി. കല്യാണി അമ്മയ്ക്കു് പാലക്കാട്ടു് തരവത്തു് അമ്മാളുഅമ്മയുടെ പരിശ്രമംമൂലം അദ്ധ്യാപികയായി ഉദ്യോഗം ലഭിക്കയാൽ രാമകൃഷ്ണപിള്ള ആത്മപോഷിണിയുടെ പത്രാധിപത്യമുപേക്ഷിച്ചു് മലബാറിലേയ്ക്കുപോയി. തത്തുല്യനായ ഒരു പത്രാധിപരെ ശെമ്മാശൻ അന്വേഷിച്ചുകൊണ്ടിരിക്കവെയാണു് വള്ളത്തോളിനെ ലഭിക്കുവാനിടയായതു്. അതു് യാദൃച്ഛികമായിട്ടായിരുന്നു.

കേരളോദയം

വള്ളത്തോൾ അന്നു തൃശ്ശൂർനിന്നു പുറപ്പെട്ടിരുന്ന കേരളോദയം മാസികയുടെ പത്രാധിപരായിരുന്നു. മഹാകവി പള്ളത്തുരാമന്റെ അച്ഛനായിരുന്നു കേരളോദയത്തിന്റെ ഉടമസ്ഥൻ എന്നാണോർമ്മ. മഹാകവി കുമാരനാശാന്റെ 'ലീല'യെ നഖശിഖാന്തം വിമർശിച്ചുകൊണ്ടു്, മഹാകവി വള്ളത്തോൾ ഒരു നിരൂപണം കേരളോദയത്തിൽ പ്രസിദ്ധപ്പെടുത്തി. ഇതു് ആ മാസികയുടെ ഉടമസ്ഥനെ അതൃപ്തനാക്കി. അതേത്തുടർന്നു വള്ളത്തോൾ കേരളോദയവുമായുള്ള ബന്ധം ഉപേക്ഷിച്ചു് കുന്നംകുളത്തേക്കു താമസംമാറി. ആ സന്ദർഭം ശെമ്മാശൻ ശരിക്കും ഉപയോഗപ്പെടുത്തി. ആത്മപോഷിണിയുടെ പത്രാധിപരായി

വള്ളത്തോളിനെ നിയമിച്ചു. അന്നത്തെ നിലയ്ക്കു് നല്ലൊരു മുദ്രണാലയമായിരുന്ന എ. ആർ. പി. (അക്ഷര രത്ന പ്രകാശിക) പ്രസ്സിന്റെ ഉടമസ്ഥന്മാരുമായുള്ള ബന്ധം മറ്റുവിധത്തിലും പ്രയോജനപ്പെടുത്താമെന്നു മഹാകവിയും മഹാകവിയുമായുള്ള ബന്ധത്തിൽനിന്നു മുതലെടുക്കാമെന്നു ശെമ്മാശനും ആശിച്ചു. വള്ളത്തോൾ എഴുതി പൂർത്തിയാക്കിവച്ചിരുന്ന 'ശിഷ്യനും മകനും' എന്ന ഖണ്ഡകാവ്യം ഈ ഘട്ടത്തിലാണു് എ. ആർ. പി. പ്രസ്സിൽനിന്നു് പി. ഐ. ഇട്ടൂപ്പ് പ്രസാധകനായി പുറത്തു വന്നതു്.

ഒരു കാര്യംകൂടെ എടുത്തുപറയേണ്ടതുണ്ടു്. വള്ളത്തോളും യൗസേഫ് ശെമ്മാശനും നേരത്തെതന്നെ സുഹൃത്തുക്കളായിരുന്നു. 'കുട്ടൻ മേനോൻ' എന്നാണു് ശെമ്മാശനും സഹോദരനായ ഇട്ടൂപ്പും സ്നേഹപൂർവ്വം അദ്ദേഹത്തെ വിളിച്ചുവന്നതു്. 'കുട്ടൻ' എന്നതു് മഹാകവി വള്ളത്തോൾ നാരായണമേനോന്റെ ഓമനപ്പേരായിരുന്നു.

പ്രുമിയോൻ

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തയുടെ സഹോദരീപുത്രനും സുറിയാനി ഭാഷാ പണ്ഡിതനുമായ ചെറുവത്തൂർ കുറിയാക്കോസ് കത്തനാരെക്കൊണ്ടു് ശെമ്മാശൻ സുറിയാനി ക്രിസ്ത്യാനികളുടെ പ്രാർത്ഥനാഗ്രന്ഥമായ 'പീഡാനുഭവ ആഴ്ചയിലെ പ്രുമിയോൻ' മലയാളത്തിൽ തർജ്ജമ

ചെയ്യിച്ചിരുന്നു. എന്നാൽ ഉല്പതിഷ്ണുവായ ശെമ്മാശനു് അതു തൃപ്തികരമായില്ല. ആ പരിഭാഷ മഹാകവിയെക്കൊണ്ടു് പരിഷ്കരിപ്പിക്കാമെന്നു് അദ്ദേഹം വിചാരിച്ചു. മഹാകവി പരിഭാഷ വായിച്ചുനോക്കി. അദ്ദേഹത്തിനും അതു തീരെ ഇഷ്ടമായില്ല. ഒടുവിൽ ശെമ്മാശനും കുറിയാക്കോസ് കത്തനാരുംകൂടി വള്ളത്തോളിന്റെ അടുത്തിരുന്നു മൂലഗ്രന്ഥത്തിലെ ആശയം അദ്ദേഹത്തിനു വിവരിച്ചുകൊടുത്തു. വള്ളത്തോൾ അങ്ങനെ മറെറാരു പരിഭാഷ തയ്യാറാക്കി. മൂന്നുനാലു മാസംകൊണ്ടാണു് വള്ളത്തോൾ അതു പൂർത്തിയാക്കിയതു്. മൂലഗ്രന്ഥത്തിലെ ദുർഗ്രഹങ്ങളായ ഭാഗങ്ങൾ പോലും സ്വന്തം പ്രതിഭാശക്തി ഉപയോഗിച്ചു് മഹാകവി സുന്ദരമായി ആശയാവിഷ്കരണം നിർവഹിച്ചു. ഇങ്ങനെ പ്രുമിയോൻ പരിഭാഷ പൂർത്തിയായപ്പോൾ വള്ളത്തോളിൽ പുതിയ ഒരാശയം ഉദിച്ചു.

പ്രുമിയോനിലെ കഥ

പാപിനിയായ ഒരു സ്ത്രീ യേശുവിന്റെ പാദത്തിൽ പരിമളതൈലം പൂശുന്നതും സ്വന്തം പാപങ്ങളെപ്പററി ഏററുപറയുന്നതും യേശു അവൾക്കു് പാപമുക്തി നൽകുന്നതുമായ ഒരു ഭാഗം പ്രുമിയോനിലുണ്ടു്. അതു് ഒരു കവിതയ്ക്കു് ഇതിവൃത്തമായി സ്വീകരിച്ചാലെന്തു് എന്നൊരു ആശയം മഹാകവിയിലുദിച്ചു. ശെമ്മാശ്ശനും ആ ആശയത്തെ അനുകൂലിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തു. മഹാകവി പത്തുനാൽപതു വരി വരുന്ന ഒരു

ഖണ്ഡകൃതി എഴുതി. 'പശ്ചാത്താപം പ്രായശ്ചിത്തം' എന്ന പേരിൽ. 'നാഥാ, തവാജ്ഞകൾ കേട്ടു നടക്കാതെ' എന്ന വരി മുതൽ 'പൊയ്ക്കൊൾക പെൺകുഞ്ഞേ' എന്ന അവസാന പാദംവരെ.

ആയിടയ്ക്കു് തൃശ്ശൂരിൽ ഡേവീസ് സിനിമാ എന്നോ മൂക്കൻ മൂവീസ് എന്നോ പേരുള്ള ടൂറിംഗ് സിനിമാക്കാർ പ്രദർശനം നടത്തിയിരുന്നു. അന്നു വെറും മൂക ചിത്രങ്ങളേയുള്ളു. അവിടെ ക്രിസ്തുചരിത്രം പ്രദർശിപ്പിക്കുന്നതറിഞ്ഞു് യൗസേഫ് ശെമ്മാശനും, വള്ളത്തോളും, ഉക്രു എന്നൊരാളുടെ വില്ലുവണ്ടിയിൽ കുന്നംകുളത്തുനിന്നു് എട്ടുപത്തു മൈൽ യാത്ര ചെയ്തു് തൃശ്ശൂരെത്തി. ബധിരനായിരുന്ന മഹാകവിക്കു്, മൂകചിത്രം നല്ലതുപോലെ രസിച്ചു. ധനികനായ ശീമോന്റെ മാളികയും അവിടെ യേശുവിനെ ഉദ്ദേശിച്ചു നടത്തിയ സൽക്കാരവും, പാപിനിയായ ഒരു താരുണ്യ സുഭഗ കന്യാപുത്രന്റെ പാദത്തിൽ 'മഹാർഹതൈലം' പൂശി നീണ്ട തലമുടികൊണ്ടതു തുടയ്ക്കുന്നതും കരഞ്ഞുകൊണ്ടു് പശ്ചാത്താപ പ്രാർത്ഥന നടത്തുന്നതും യേശു അവൾക്കു പാപമോചനം നൽകുന്നതുമെല്ലാം ചിത്രത്തിൽ കണ്ടതു് മഹാകവി വള്ളത്തോളിന്റെ ഭാവനയെ ഉണർത്തി. ഒരു അസ്ഥിക്ഷണം കിട്ടിയാൽ അതിനു മജ്ജയും മാംസവും ചൈതന്യവും നൽകി ഒരു മദാലസയെ സൃഷ്ടിക്കുവാൻ കഴിവുള്ള വള്ളത്തോളിന്റെ ഭാവനയ്ക്കു് ആ മൂകചിത്രം ഉത്തേജനം നൽകി. തിരികെ കുന്നംകുളത്തുവന്നു് ആറോ ഏഴോ

ദിവസം കൊണ്ടു് മഹാകവി ആ കാവ്യം എഴുതിത്തീർത്തു. നേരത്തെ എഴുതിവച്ചിരുന്ന പശ്ചാത്താപ പ്രാർത്ഥന ഒടുവിലും ചേർത്തു. കാവ്യം പൂർത്തിയാക്കുന്നതിനു് അദ്ദേഹംതന്നെ ഗദ്യത്തിൽ തർജ്ജമ ചെയ്ത പ്രുമിയോൻ വളരെയധികം പ്രയോജനപ്പെട്ടു.

പ്രുമിയോനിൽ മഹാകവി ഗദ്യരൂപത്തിൽ പരിഭാഷപ്പെടുത്തിയതും, കാവ്യനിർമ്മാണത്തിനു് ഉപയോഗിച്ചതുമായ ഒരു ഖണ്ഡിക ഇവിടെ ഉദ്ധരിക്കാം:— '....അശുദ്ധമായ വ്യഭിചാരവൃത്തിയാൽ പങ്കിലയായ ആ പാപിസ്ത്രീയുടെ അടുക്കലേക്കു് നിന്തിരുവടിയുടെ കരുണ അഭിമുഖമായിച്ചെന്നു.... അവൾ മഹാർഹമായ തൈലത്തോടും പരിശുദ്ധമായ പശ്ചാത്താപത്തോടും ഊഷ്മളഭക്തിയോടുംകൂടി, നിന്തിരുവടിയുടെ അടുക്കലേക്കു പാഞ്ഞുചെന്നു. അവൾ നിന്തിരുവടിയുടെ അനുഗ്രഹദ്വാരത്തിൽ ലജ്ജകൂടാതെ മുട്ടിവിളിച്ചു, ശീമോന്റെ ഭവനത്തിൽ അങ്ങയുടെ സന്നിധിയിലേക്കു് അവൾ നിശ്ശങ്കം പ്രവേശിച്ചു. അമൂല്യമായ-അധർമ്മമായ ദുർവ്യാപാരത്താൽ സമ്പാദിച്ചതായ-മൂറോൻ തൈലം അവൾ നിന്തിരുവടിയുടെ ശിരസ്സിൽ, തിരുമെയ്യിൽ ഒഴുക്കി. എല്ലാ ലോകത്തിന്റെയും പാപം സ്വദേഹത്തിൽ വഹിപ്പാൻ ത്രാണിയുള്ള നിന്തിരുവടിയുടെ പരിശുദ്ധങ്ങളായ തൃപ്പാദങ്ങളെ അവൾ അശുദ്ധങ്ങളാക്കിയ കൈകൾകൊണ്ടു പിടിച്ചു് യാതൊരു മാലിന്യവുമില്ലാത്ത ഊഷ്മള സ്നേഹം നിമിത്തം കരഞ്ഞുകൊണ്ടു് അശുചിയായ

അധരങ്ങൾകൊണ്ടു് ചുംബിച്ചു ദു:ഖം നിറഞ്ഞ
കണ്ണുകൾകൊണ്ടു് അവയെ അഭിഷേചിച്ചു.
തുവാലയ്ക്കു പകരം തലമുടികൊണ്ടു തോർത്തി.
സ്വദേഹത്തിന്റെ പാപമോചനത്തെയും
പരിശുദ്ധിയേയും പ്രാർത്ഥിച്ചു് ഉണർത്തിച്ചു.'

കവിതയിലായപ്പോൾ

ഈ പ്രുമിയോൻ ഖണ്ഡികയെ ആലംബമാക്കി വള്ളത്തോൾ, ഇങ്ങനെ എഴുതി,

'സാധ്വി ഗൃഹത്തിനകത്തു കടന്നു താ-
നോർത്ത സങ്കേതത്തിലെത്തിച്ചേർന്നു

.....

.....

പങ്കമകന്ന കണ്ണീരാൽ കഴുകിയ
തങ്കത്തൃക്കാൽകളെത്താഴ്മയോടെ
നേർത്തപട്ടിനു നേർകൊണ്ട വാർകുന്തലാൽ
തോർത്തിത്തുടച്ചവ രണ്ടിൻമേലും
ചെമ്പവിഴങ്ങൾ പതിക്കയായ് കാമിനി
തൻപരിപേലവ വായ്മലരാൽ

.....

.....

പിന്നീടു താൻ കൊണ്ടുവന്ന പാത്രത്തിലെ
ധന്യമഹാർഹ സുഗന്ധതൈലം
തൂകിനാൾ...!'

പ്രുമിയോനിലെ 'മഹാർഹതൈലം' എന്ന വാക്കു കവിതയിലും മഹാകവി സ്വീകരിച്ചിരിക്കുന്നു. എന്നാൽ അശുചിയായ അധരംകൊണ്ടു ചുംബിച്ചു എന്നതു് 'പരിപേലവ വായ്മലരാൽ' എന്നു മാററിയിട്ടുണ്ടു്.

പശ്ചാത്താപ പ്രാർത്ഥന

പാപിനിയായ ആ സ്ത്രീയുടെ പ്രാർത്ഥന പ്രുമിയോനിൽനിന്നും, മഗ്ദലന മറിയത്തിൽനിന്നും ഉദ്ധരിക്കാം:— പ്രുമിയോനിൽനിന്നു്— 'എന്റെ നാഥാ, മരുഭൂമിയിലെ കൊള്ളരുതാത്ത കൊള്ളക്കാരന്റെ കൈയിൽപെട്ടിരിക്കുന്നവളും തൃക്കൈകൊണ്ടു സൃഷ്ടിക്കപ്പെട്ടവളുമായ ഈ ദാസിയെ നിന്തിരുവടി കടാക്ഷിക്കേണമെ.

കൊത്തിവലിക്കുന്ന കഴുകനിൽനിന്നും, ചതിവലയുടെ കുടുക്കിൽനിന്നും, സൂത്രക്കാരനായ പ്രാപ്പിടിയന്റെ അടുക്കൽനിന്നും ഈ ദാസിയെ വീണ്ടെടുക്കേണമെ, അതിനെ നിന്തിരുവടിയുടെ പഞ്ജരത്തിൽ സാക്ഷാൽ പെൺപിറാവും, നിന്തിരുവടിയുടെ ഭവനത്തിൽ പാതിവ്രത്യമുള്ള ചങ്ങാലിപ്പിടയും.... ആക്കിത്തീർക്കേണമേ. പാപസമുദ്രത്തിലും ദോഷക്കയത്തിലും മുങ്ങിക്കിടക്കുന്ന ഇവളെ ഉദ്ധരിക്കേണമെ. നികൃഷ്ടയായ ഇവളെ അശുദ്ധക്കുണ്ടിൽനിന്നും, ചെളി നിറഞ്ഞ കാമക്കുഴിയിൽ നിന്നും കരകയറേറണമെ.... എന്റെ നാഥാ, വിളിച്ചുകൊള്ളുവിൻ ഞാൻ തുറക്കുമെന്നും യാചിച്ചുകൊള്ളുവിൻ കിട്ടുമെന്നും നിന്തിരുവടി

അരുളിച്ചെയ്തിട്ടുണ്ടല്ലോ. ഇതാ ഞാൻ
നിന്തിരുവടിയുടെ വാതിൽക്കൽ മുട്ടുന്നു,
വിളികേൾക്കണമെ, ഞാൻ അടിമപ്പെട്ടതുകൊണ്ടു്
എന്റെ സർവാപരാധവും ക്ഷമിക്കേണമെ.... എന്നെ
നിന്തിരുവടിയുടെ ആലയിലേക്കു് തിരിക്കണമെ....'

'മശലനമറിയ'ത്തിൽനിന്നു്

'നാഥാ, തവാജ്ഞകൾ കേട്ടുനടക്കാതെ
നാനാപരാധങ്ങൾ ചെയ്തുപോയ് ഞാൻ
ശാസിതാവായോനെ സർവം ക്ഷമിച്ചു തൻ
ദാസിയെ തൃക്കാൽക്കൽ നിർത്തണമെ
മുട്ടുവിൻ വാതിൽ തുറക്കുമെന്നങ്ങുന്നു
പട്ടാങ്ങമായ്ച്ചൊന്നതോർത്തുകൊണ്ടേ
താവകാനുഗ്രഹദ്വാരത്തിൽ മുട്ടുമി-
പ്പാവത്തിനേകുകിങ്ങുൾ പ്രവേശം
ലീലയാകണ്ടു ചിരിപ്പാനായ് വഞ്ചകൻ
മേലേ വിരിച്ചിട്ട മുൾപ്പരപ്പിൽ
മേയാനായ് ചെന്നൊരു പെൺമാൻ നിരാലംബ
യായിതാ വീണുപോയ് മുൾക്കുഴിയിൽ
ചെയ്യരുതാത്തതു ചെയ്തവളെങ്കിലു
മീയെന്നെ തള്ളൊല്ലെ തമ്പുരാനെ
തീയിനെപ്പോലും തണുപ്പിക്കുമ തൃ—
ക്കയ്യിനാൽ തീർത്തവളല്ലൊ ഞാനും
ദുഷ്ടപ്പരുന്തിന്റെ വായിൽനിന്നിഗ്ഗതി—
കെട്ട കപോതിയെ ദീനബന്ധോ

അഞ്ജസാ വീണ്ടെടുത്തെൻ തിരുമേനിതൻ

പഞ്ജരം തന്നിലണയ്ക്കേണമെ.

പ്രുമിയോനിൽനിന്നു്—സ്ത്രീയെ പൊയ്ക്കൊൾക, നിന്റെ വിശ്വാസം നിന്നെ ജീവിപ്പിച്ചു. നിനക്കു് എങ്കൽ അതിയായ ഭക്തി തോന്നിയല്ലോ' അതിനാൽ നിന്റെ പാപങ്ങളെ ഞാൻ ക്ഷമിച്ചിരിക്കുന്നു'.

'മഗ്ദലന'മറിയത്തിൽ നിന്നു്

'പൊയ്ക്കൊൾക പെൺകുഞ്ഞേ! ദു:ഖം വെടിഞ്ഞു നീ

ഉൾക്കൊണ്ട വിശ്വാസം കാത്തുനിന്നെ

അപ്പപ്പോൾ പാതകം ചെയ്തതിനൊക്കെയു—

മിപ്പശ്ചാത്താപമെ പ്രായശ്ചിത്തം'.

മഹാകവി പരമസുന്ദരമായ ആ കാവ്യം പൂർത്തിയാക്കി. 'പശ്ചാത്താപം പ്രായശ്ചിത്തം' എന്ന പേരുമിട്ടു. പക്ഷേ യൗസേഫ് ശെമ്മാശനു് ആ പേരിൽ തൃപ്തിതോന്നിയില്ല. 'മറിയ' എന്നു മാത്രം പേരിട്ടാലോ?- തീരെ പററുകയില്ല. മഗ്ദലനമറിയമാണു് ക്രിസ്തുപാദത്തിൽ തൈലാഭിഷേകം നടത്തിയതെന്നു നാലു സുവിശേഷങ്ങളിലും പ്രുമിയോനിലും ഇല്ല. എങ്കിലും ആ പേർ തന്നെയായിരിക്കട്ടെ എന്നു നിശ്ചയിച്ചു.

ചിത്രമെഴുത്തു കെ. എം. വറുഗീസിനു് യൗസേഫ് ശെമ്മാശനുമായി പലവിധത്തിൽ വിധേയത്വമുണ്ടായിരുന്നു. ചിത്രമെഴുത്തിന്റെ ഗദ്യ ശൈലിയെക്കുറിച്ചു ശെമ്മാശനു വലിയ മതിപ്പായിരുന്നതിനാൽ, അദ്ദേഹത്തെക്കൊണ്ടാണു്

മശലനമറിയത്തിനു് അവതാരികയും ടിപ്പണിയും എഴുതിച്ചതു്.

അങ്ങനെ പീഡാനുഭവാഴ്ചയിലെ പ്രുമിയോൻ 1918ലും, മശലനമറിയം 1921ലും, പുലിക്കോട്ടിൽ യൗസേഫ് ശെമ്മശൻ പ്രസാധകനായി പ്രസിദ്ധപ്പെടുത്തി. രണ്ടു പുസ്തകങ്ങളും അഞ്ഞൂറുകോപ്പി വീതമേ അന്നു് അച്ചടിച്ചുള്ളു.

വിമർശനം

മശലനമറിയം പ്രസിദ്ധപ്പെടുത്തി കുറച്ചു കഴിഞ്ഞപ്പോൾ, മറ്റത്തിൽ കുര്യൻ കത്തനാർ (പിന്നീടു സാഹിത്യ കുശലൻ ഫാ. സി. കെ. മറ്റം) കൊല്ലത്തിനടുത്തുള്ള ചവറയിൽനിന്നു് പുറപ്പെട്ടിരുന്ന കേരള കത്തോലിക്കൻ എന്ന മാസികയിൽ നിർദ്ദാക്ഷിണ്യമായ ഒരു വിമർശനം പ്രസിദ്ധപ്പെടുത്തി. 'ക്രിസ്തുവാം കൃഷ്ണന്റെ ധർമ്മോപദേശമാം' 'അമ്പാടിതന്നിലെ ചെങ്ങാതിമാരൊന്നിച്ചമ്പാളും ഗോവിന്ദനെന്നപോലെ'—മുതലായ പ്രയോഗങ്ങൾ ക്രൈസ്തവർക്കു ദഹിക്കുന്നതല്ലെന്നും മറ്റും വിമർശകൻ എടുത്തുകാണിച്ചു. കുറെ കഴിഞ്ഞു് ആവക വിമർശനങ്ങൾ കെട്ടടങ്ങി. കുറെക്കൂടെ ഗുരുതരമായിരുന്ന മറെറാരു ആരോപണം: മശലനമറിയം എന്ന ഖണ്ഡകാവ്യത്തിൽ, പുസ്തകത്തിന്റെ പേരല്ലാതെ, മശലനമറിയമെന്നോ, മറിയമെന്നോ, കഥാനായികയുടെ പേരില്ല, രണ്ടുമൂന്നു പതിപ്പുകൾ കഴിഞ്ഞു് ആരോ

ചൂണ്ടിക്കാണിച്ചപ്പോൾ വള്ളത്തോളിനും അതു ബോധ്യമായി.

'കേഴുക കേഴുക കേഴമാൻ കണ്ണാളെ

കേഴുവോർക്കാശ്വാസ,....

എന്നതു്, മഹാകവി,—

'കേഴുക കേഴുക മാന്യേമറിയമെ'

എന്നുമാററി. ആ മാററം അരോചകമാണെങ്കിലും, അതു് അങ്ങനെതന്നെ ഇന്നും പുതിയ പതിപ്പുകളിൽ വരുന്നു.

തൈലം പൂശിയതും പാപമുക്തി നേടിയതും മഗ്ദലനമറിയമാണോ? ബഥാന്യയിലെ ലാസറിനു് മാർത്ത, എന്നും മറിയ എന്നും രണ്ടു സഹോദരിമാരുണ്ടായിരുന്നു. അവരിൽ മറിയ രണ്ടു പ്രാവശ്യം തൈലസേചനം നടത്തിയതായി യോഹന്നാന്റെ സുവിശേഷത്തിൽ പറയുന്നുണ്ടു്. അതിങ്ങനെയാണു്:— 'മറിയയുടെയും അവളുടെ സഹോദരി മാർത്തയുടെയും ഗ്രാമമായ ബഥാന്യയിലെ ലാസർ എന്നൊരുവൻ ദീനമായിക്കിടന്നു. ഈ മറിയയായിരുന്നു കർത്താവിനെ പരിമളതൈലം പൂശി തലമുടികൊണ്ടു് അവന്റെ കാൽ തുടച്ചതു്. അവളുടെ സഹോദരനായ ലാസർ ആണു ദീനമായി കിടന്നതു്.' (യോഹന്നാന്റെ സുവിശേഷം 11-ാം അദ്ധ്യായം ഒന്നും രണ്ടും വാക്യങ്ങൾ)

യറുശലേമിൽനിന്നു രണ്ടു നാഴിക അകലെയാണു് ബഥാന്യ ഗ്രാമം. യോഹന്നാൻ 12-ാം

അദ്ധ്യായത്തിന്റെ ആരംഭഭാഗത്തു് ഇങ്ങനെ പറയുന്നു.

'യേശു മരിച്ചവരിൽനിന്നു് ഉയിർപ്പിച്ച ലാസർ പാർത്ത ബഥാന്യയിലേക്കു് യേശു പെസഹായ്ക്കു് ആറു ദിവസം മുമ്പു വന്നു. അവിടെ അവനുവേണ്ടി ഒരു അത്താഴവിരുന്നൊരുക്കി. മാർത്ത ശുശ്രൂഷ ചെയ്തു. പന്തിയിൽ ഇരുന്നവരിൽ ലാസറും ഉൾപ്പെട്ടിരുന്നു. അപ്പോൾ മറിയ വിലയേറിയ സ്വച്ഛജടാമാംസി തൈലം ഒരു റാത്തൽ എടുത്തു് യേശുവിന്റെ കാലിൽ പൂശി തലമുടികൊണ്ടു് കാൽ തുവർത്തി. തൈലത്തിന്റെ സൗരഭ്യംകൊണ്ടു വീടു നിറഞ്ഞു.'

അങ്ങനെ രണ്ടു പ്രാവശ്യം—ലാസർ ദീനമായി കിടക്കുന്നതിനു വളരെ നാൾ മുമ്പും, ലാസറിനെ പുനരുജ്ജീവിപ്പിച്ചശേഷം കുറെ ദിവസങ്ങൾ കഴിഞ്ഞും—മറിയ തൈലം പൂശി തലമുടികൊണ്ടു തുടച്ചു എന്നാണു കാണുന്നതു്. ആദ്യത്തെ 'പൂശൽ' ശീമോന്റെ മേടയിൽ വച്ചാണെന്നു് പറയുന്നില്ല. രണ്ടാമത്തേതു ലാസറിന്റെ ഗൃഹത്തിൽവച്ചാണെന്നു വ്യക്തമായി പ്രസ്താവിക്കുന്നുണ്ടു്.

തൈലം പൂശിയ മറിയ

മത്തായിയുടെ സുവിശേഷം 26-ാം അദ്ധ്യായത്തിലും മർക്കോസ് 14-ാം അദ്ധ്യായം ആദ്യഭാഗത്തും കുഷ്ഠരോഗിയായിരുന്ന ശീമോന്റെ വസതി ബഥാന്യയിലാണെന്നു പറയുന്നുണ്ടു്. അവിടെവച്ചു് തൈലസേചനം ചെയ്ത സ്ത്രീയുടെ പേരില്ല, ഒരു സ്ത്രീ എന്നേ പറയുന്നുള്ളു.

ബഥാന്യയിലെ ലാസറിന്റെ വീട്ടിൽവച്ചും ശീമോന്റെ വീട്ടിൽവച്ചും തൈലം പുരട്ടിയപ്പോൾ ഈ തൈലം വിററ തുക ദരിദ്രർക്കു കൊടുക്കാമായിരുന്നല്ലോ എന്നു ശിഷ്യന്മാർ പരിഭവിക്കുന്നതായും അതു തന്റെ ശവസംസ്കാരത്തിനു മുമ്പുള്ള ഒരു ചടങ്ങായി കരുതിയാൽ മതി എന്നു ക്രിസ്തു പറയുന്നതായും കാണുന്നു. അങ്ങനെയെങ്കിൽ ലാസറിന്റെ സഹോദരിയായ ബഥാന്യയിലെ മറിയ തന്നെ ആയിരിക്കണം തൈലം പൂശിയ പാപിയായ സ്ത്രീ. പക്ഷേ അവൾ പാപിയാണെന്നോ അധർമ്മ മാർഗ്ഗത്തിൽ ചരിച്ചിരുന്നവളാണെന്നോ സുവിശേഷങ്ങളിൽ കാണുന്നില്ല.

എന്നാൽ ലൂക്കോസിന്റെ സുവിശേഷം 8-ാം അദ്ധ്യായം രണ്ടാം വാക്യത്തിൽ മഗ്ദലനമറിയത്തെപ്പററി പറയുന്നതു് ശ്രദ്ധാർഹമാണു്. ഏഴു ഭൂതങ്ങൾ വിട്ടുപോയ മഗ്ദലക്കാരത്തി മറിയം എന്നാണു് അവിടെ പറയുന്നതു്. ഈ മറിയം ക്രിസ്തുവിന്റെ പാദത്തിലോ തലയിലോ തൈലം പൂശിയതായോ, അവൾ വ്യഭിചാരിണി ആയിരുന്നതായോ, ബൈബിളിലും പ്രുമിയോനിലും കാണുന്നില്ല. വള്ളത്തോൾ അതുകൊണ്ടാണു് തന്റെ കാവ്യത്തിൽ ഒരിടത്തും നായികയുടെ പേരു പറയാതിരുന്നതു്. പക്ഷേ പുസ്തകത്തിനു മഗ്ദലനമറിയം എന്നു പേരിട്ട യൗസേഫ് ശെമ്മാശനു് ഒരു ദുർബല നിമിഷത്തിൽ ആ പേരു് ശരിയെന്നു തോന്നി പീലാത്തോസ് പറഞ്ഞതുപോലെ എഴുതിയതു് എഴുതി.

മശലനമറിയത്തിനു മലയാള സാഹിത്യത്തിൽ ശാശ്വത പ്രതിഷ്ഠ ലഭിക്കയും ചെയ്തു.

മഹാകവി വള്ളത്തോൾ നാരായണമേനോന്റെ 'മശലന മറിയം' ഖണ്ഡകാവ്യത്തിനു് അവതാരികയും ടിപ്പണിയും എഴുതിയതിനെപ്പററി ചിത്രമെഴുത്തു് തന്റെ ഓർമ്മക്കുറിപ്പുകളിൽ ഇങ്ങനെ പറയുന്നു.

'സുപ്രസിദ്ധ മഹാകവിയായ വള്ളത്തോൾ നാരായണ മേനവൻ എഴുതിയതായ' 'മശലനമറിയം' എന്ന ചൊൽക്കൊണ്ട ഖണ്ഡകാവ്യത്തിനു് അവതാരികയും ടിപ്പണിയും എഴുതണമെന്നു് വള്ളത്തോൾ എന്നോടു് ആവശ്യപ്പെടുകയും 1097-ൽ എന്റെ അവതാരികയോടും ടിപ്പണിയോടും കൂടി പ്രസ്തുത ഗ്രന്ഥം പുറത്തിറങ്ങുകയും ചെയ്തു. ഞാൻ എഴുതിയതായ അവതാരികയും ടിപ്പണിയും മഹാകവിയുടെ ഗ്രന്ഥത്തിനു് ഒരു വമ്പിച്ച ഭൂഷണമാണെന്നു് ഗ്രന്ഥ കർത്താവും സാഹിത്യലോകം മുഴുവനെയും ഏക കണ്ഠമായി അഭിപ്രായപ്പെട്ടു. മശലന മറിയം ഖണ്ഡകാവ്യത്തിന്റെ കൈയെഴുത്തുപ്രതി മാവേലിക്കര തെക്കേക്കര വരിക്കോലിൽ കേശവൻ ഉണ്ണിത്താൻ വശമാണു് അവതാരിക എഴുതിക്കിട്ടുവാനായി ഇവിടെ എത്തിച്ചതു്. കാവ്യത്തിലെ പല സ്ഖലിതങ്ങളും ഞാൻ നാരായണ മേനവനെ ചൂണ്ടിക്കാണിക്കുകയും അദ്ദേഹം അവ സന്മനസ്സോടെ തിരുത്തുകയും ചെയ്തു. ഗ്രന്ഥത്തിനു് ഗ്രന്ഥകർത്താവു് നൽകിയ പേർ 'ഒരു തേവിടിശ്ശിയുടെ പശ്ചാത്താപം' എന്നായിരുന്നു.

മഗ്ദലനമറിയയെ ക്രൈസ്തവ ലോകം മുഴുവൻ ഒരു പുണ്യവതിയായി ഇപ്പോൾ മാനിച്ചു പോരുന്ന സ്ഥിതിക്കു് 'തേവിടിശ്ശി' പ്രയോഗത്തിൽ ഔചിത്യ ദോഷമുണ്ടെന്നു് ഞാൻ ചൂണ്ടിക്കാണിക്കയുണ്ടായി. മാത്രമല്ല, 'മഗ്ദലനമറിയം' എന്ന പേരാണു് ഗ്രന്ഥനാമധേയമായി സ്വീകരിക്കേണ്ടതെന്നു് നിർദ്ദേശിക്കയും ചെയ്തു. മഹാകവി നാരായണ മേനവൻ എന്റെ അഭിപ്രായവും നാമനിർദ്ദേശവും സാദരം സ്വീകരിച്ചു് ആ നിലയിൽ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി.' (കുടുംബ ചരിത്രം - പുറം 213 - 214)

ആയിടയ്ക്കു് കുന്നംകുളത്തുനിന്നു പ്രസിദ്ധപ്പെടുത്തിപ്പോന്ന ആത്മപോഷിണി മാസികയുടെ പത്രാധിപത്യം വഹിച്ചിരുന്ന പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശൻ 1096 മിഥുനം 28-ാനു (1922) ചിത്രമെഴുത്തിനു് അയച്ച കത്തിൽ പറഞ്ഞിരുന്നു:— 'മഗ്ദലന മറിയം' അച്ചടിച്ചു തുടങ്ങിക്കഴിഞ്ഞു. ടിപ്പണി അത്യന്തം മനോഹരമായിട്ടുണ്ടു്. വള്ളത്തോളിന്റെ ഈ ഖണ്ഡകൃതിക്കു് അനുയോജ്യമായ ഒരു ടിപ്പണി നിങ്ങളുടെ പേനത്തുമ്പിൽ നിന്നേ ഇറങ്ങാൻ സാധിക്കൂ എന്ന ബോദ്ധ്യം തന്നെയാണു് സാഹസമെന്നു നിങ്ങൾ പറയുന്ന ആ കൃത്യത്തിനായി അപേക്ഷിപ്പാൻ ഞങ്ങളെ നിർബന്ധിതരാക്കിയതു്. കവിത എന്തെന്നു് മനസ്സിലാക്കീട്ടുള്ള ഏക നസ്രാണി നിങ്ങൾ ഒരാൾ

മാത്രം എന്നു വള്ളത്തോളിനു്
അനുഭവവേദ്യവുമായി.

മശലന മറിയം, അവതാരിക

ഇന്നത്തെ സാക്ഷാൽ കേരള കാളിദാസനായ മഹാകവി വള്ളത്തോൾ നാരായണ മേനവനവർകളുടെ ഈ ഖണ്ഡകൃതിക്കു് ഒരു അവതാരിക എഴുതുക എന്നതു് എന്റെ പേരിൽ ക്ഷന്തവ്യമല്ലാത്ത ഒരപരാധമായിരിക്കും, നിശ്ചയം. എന്നാൽ ഈ വിശിഷ്ട കാവ്യത്തിന്റെ ടിപ്പണിക്കാരൻ, പ്രസാധകൻ എന്നീ സ്ഥാനങ്ങൾ വഹിപ്പാൻ എനിക്കു ഭാഗ്യം സിദ്ധിച്ചതിനാൽ, അവതാരികാ ലേഖനവും എന്റെ കർത്തവ്യമായിത്തീർന്നുപോയി.

ഒരു യഥാർത്ഥ കവിക്കു, സ്വവ്യക്തിക്കു യാതൊരു വ്യാവർത്തനവും കൂടാതെ ഭൂലോകത്തിലെ വിവിധ ചര്യകളിൽപ്പെട്ട ഏതൊരു മനുഷ്യ വ്യക്തിയായും, എതൊരു മതസ്ഥനായും രൂപാന്തരപ്പെടുവാൻ കഴിയുമെന്നതിനു് ഒരുത്തമ ലക്ഷ്യമായി മേനവനവർകളുടെ മേധാപുടത്തിൽനിന്നു കേരളീയ ക്രിസ്ത്യൻ സമുദായത്തിനു ക്രിസ്തുമതസംബന്ധമായി ലഭിച്ചിട്ടുള്ള ഗാനാമൃത നിർഝരിയാണു് 'മശലന മറിയം.' ക്രിസ്തീയലോകം മുഴുവൻ ഒരു പരിശുദ്ധയായി ഗണിച്ചിട്ടുള്ള 'മശലന മറിയം' ശ്രീയേശുക്രിസ്തുവിന്റെ, പാപശാന്തിക്കായി അനുഷ്ഠിച്ച പശ്ചാത്താപ പരിയാഗമാണു ഈ കൃതിയിലെ ഇതിവൃത്തം. കഥാവസ്തുകൊണ്ടും, രീതിസംസ്കരണംകൊണ്ടും ശ്രീ മേനവനവർകളുടെ

മറെറല്ലാ ഖണ്ഡകൃതികളെക്കാളും മീതെയാണു് പ്രസ്തുതഖണ്ഡകൃതി എന്നുകൂടി ഞാൻ വിചാരിക്കുന്നു.

ഈ കേരളത്തിലെ ശ്രേഷ്ഠഹിന്ദുക്കളിൽനിന്നു ഒന്നാം നൂററാണ്ടിൽ മതപരിവർത്തനം ചെയ്തവരായ കേരളീയ നസ്രാണികൾക്കു് അവരുടെ പാരായണ ഗ്രന്ഥമായ ബൈബിളിനെ ആസ്പദിച്ചു് ഈ ഇരുപതാം നൂററാണ്ടിൽക്കൂടിയും പറയത്തക്ക യാതൊരു പദ്യകൃതിയും ലഭിച്ചിട്ടില്ലെന്നുള്ളതു് ഏററവും വ്യസനഹേതുവായിരിക്കുന്നു. ഈ ദു:സ്ഥിതിയിൽനിന്നു നസ്രാണി സമുദായത്തെ ഉദ്ധരിപ്പാൻ ചില ക്രിസ്ത്യൻ കവികൾ ശ്രമിച്ചിട്ടുണ്ടെങ്കിലും, അതൊന്നും തന്നെ ഇതപര്യന്തം ഫലവത്തായി പരിണമിച്ചിട്ടില്ലെന്നു സലജ്ജം സമ്മതിക്കേണ്ടിയിരിക്കുന്നു.

ഒരു ജനസമുദായത്തിന്റെ പുരോഗതിയിൽ സാഹിത്യ ഗ്രന്ഥങ്ങൾക്കും, വിശേഷിച്ചു് പദ്യഗ്രന്ഥങ്ങൾക്കും, ഗണനീയമായ ഒരു സ്ഥാനമുണ്ടു്. രാഷ്ട്രീയമായും സാമുദായികമായും സിദ്ധിക്കേണ്ട സർവവിധ സ്വാതന്ത്ര്യോൽക്കർഷത്തിനുമായി അക്ഷീണയത്നം ചെയ്വാൻ മനുഷ്യഹൃദയത്തിന്റെ അന്തർഭാഗത്തു നിശ്ശബ്ദമായി പററിക്കൂടി മനുഷ്യവർഗ്ഗത്തെ അനവരതം പ്രേരിപ്പിക്കുന്നശക്തി അതൊന്നു മാത്രമാണു്. സാന്മാർഗ്ഗികമായും ആദ്ധ്യാത്മികമായും മനുഷ്യ സമുദായത്തിന്മേൽ

അതിനു് ഒരു വമ്പിച്ച അധികാരമുണ്ടു്. സംസാരബന്ധത്തിൽനിന്നും നിന്ദ്യതരമായ ജീവിതചര്യയിൽനിന്നും സ്വയംവിമുക്തി ലഭിക്കുന്നതിനു മനുഷ്യലോകത്തെ പ്രേരിപ്പിക്കുന്നതായ അന്ത:കരണ വ്യാപാരങ്ങളുടെ ഉള്ളിലൂടെ ഒരു വൈദ്യുതതന്ത്രിക്കൊപ്പം അതു സ്വശക്തിയെ സദാ പ്രചലിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഇതിനെപ്പററി ഗാഢവിചിന്തനം ചെയ്യുന്നതായാൽ, കേരള ഭാഷാ സാഹിത്യത്തിന്റെ ഗതിക്കും വളർച്ചയ്ക്കും അനുരൂപമായി ക്രിസ്തുമതാദർശങ്ങൾക്കു പ്രചുരപ്രചാരം സിദ്ധിക്കുന്നില്ലെങ്കിൽ അതു മലയാള പദ്യ സാഹിത്യലോകത്തിൽ ക്രിസ്തുമതത്തിനു ഇന്നേവരേയ്ക്കും പറയത്തക്ക യാതൊരു സ്ഥാനവും സിദ്ധിച്ചിട്ടില്ലെന്നുള്ളതുകൊണ്ടു മാത്രമാണു്. ഈ സംഗതി ഇയ്യിടെയ്ക്കെങ്കിലും, സാഹിത്യഭീരുക്കളായ ചില ക്രൈസ്തവ മിഷനറിമാരുടെ മണ്ഡയിൽ കടന്നുകൂടിയിട്ടുള്ളതു് വലിയ ഭാഗ്യം തന്നെ!

യേശുക്രിസ്തുവിന്റെ ജീവചരിത്രത്തെയോ, അഥവാ ബൈബിളിലെ ഇതിവൃത്തങ്ങളെയോ വിഷയീകരിച്ചു ഏതാനും പദ്യകൃതികൾ ഉണ്ടായാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിച്ചു തുടങ്ങിയിട്ടു കാലമേറെയായി. ഈ സംഗതി എന്റെ ഒരു മാന്യമിത്രവും ഒരു പ്രസിദ്ധഗദ്യകാരനും 'ആത്മപോഷിണി' മാനേജരുമായ ദിവ്യശ്രീ പുലിക്കോട്ടിൽ യൗസേഫ് ശെമ്മാച്ചനവർകളോടും,

'സത്യനാദം' പത്രാധിപർ എറണാകുളം കെ. പി. പീററരവർകളോടും മററു പല മാന്യ സ്നേഹിതന്മാരോടും, ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. സഹൃദയ ശിരോമണിയും ജാത്യഭിമാനിയുമായ യൗസേഫ് ശെമ്മാച്ചനവർകളുടെയും മററു പല ക്രിസ്ത്യൻ സുഹൃത്തുക്കളുടെയും നിർബന്ധ പൂർവ്വമായ അപേക്ഷ ഒന്നുകൊണ്ടുമാത്രമാണ്, ശ്രീമാൻ നാരായണമേനവനവർകളിൽനിന്നു് ഈ വിശിഷ്ടകൃതി നസ്രാണി സമുദായത്തിനു ലഭിപ്പാൻ ഭാഗ്യമുണ്ടായതു്. മഹാമനസ്സനും ഭക്തകവിയുമായ മേനവനവർകൾ സ്വഭാഷാ സാഹിത്യോൽക്കർഷത്തോടൊപ്പം തന്നെ ക്രിസ്തുമത സാഹിത്യാഭ്യുദയത്തെയും ഉദ്ദേശിച്ചു് ഈ ഉൽകൃഷ്ടകൃതിയെ നസ്രാണി സമുദായത്തിനു ദാനംചെയ്വാൻ സന്നദ്ധനായതിൽ കൃതജ്ഞതാധനന്മാരായ നസ്രാണികൾ മേനവനവർകളോടു് എല്ലാ കാലത്തും കൃതജ്ഞന്മാരായിരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

ബൈബിളിലെ ഇതിവൃത്തങ്ങളെ വിഷയീകരിച്ചു ചില നസ്രാണി യുവ കവികൾ ഈയിടയ്ക്കു ചില കവിതകൾ രചിച്ചിട്ടുണ്ടെങ്കിലും അതുകളിൽ സാഹിത്യരസം കണികാണാൻ കൂടി ഇല്ലാത്തതിനാൽ, അവയെ ആരും തന്നെ കൊണ്ടാടാറില്ല. എന്നാൽ പ്രസ്തുതകൃതിയാകട്ടെ, ക്രിസ്തുമതതത്വങ്ങൾക്കും തദനുരൂപങ്ങളായ ആശയങ്ങൾക്കും മൂലകഥയിലെ

വിവക്ഷിതാർത്ഥത്തിനും ലേശവും ഹാനി സംഭവിക്കാതെ നിർമ്മിക്കപ്പെട്ടിരിക്കുന്ന ഒന്നായതിനാൽ, പദ്യസാഹിത്യ വിഷയത്തിൽ ശ്രമിക്കുന്ന നസ്രാണി യുവകവികൾക്കു് ഒരു മാർഗ്ഗോപദേഷ്ടാവായി പരിണമിച്ചിട്ടുണ്ടു്.

ആകപ്പാടെ നോക്കുന്നതായാൽ മിസ്റ്റർ നാരായണ മേനവൻ ഒരു പുതിയതരം മിഷനറി വേലയത്രെ ക്രിസ്ത്യൻ സമുദായത്തിനു കാണിച്ചുകൊടുത്തിരിക്കുന്നതു്. ഈ മാർഗ്ഗത്തെ ക്രിസ്ത്യൻ സമുദായം അവജ്ഞയോടുകൂടി നോക്കിക്കാണുന്ന കാലത്തോളം, ഉൽക്കർഷോന്മുഖമായ ഹിന്ദുസാഹിത്യമണ്ഡലത്തിൽ സ്വച്ഛന്ദം സഞ്ചരിപ്പാൻ ക്രിസ്തുമതത്തിനു യാതൊരു പ്രകാരത്തിലും സാധിക്കുന്നതല്ലെന്നു നിശ്ചയമാണ്.

കാരണ മാനുഷനായ യേശുക്രിസ്തുവിന്റെ ദയാശീതളമായ പരിശുദ്ധ ഹൃദയത്തെ അതിഭംഗിയായി പ്രകാശിപ്പിച്ചിരിക്കുന്ന പ്രസ്തുത ഖണ്ഡകൃതിയെ കേരളീയ ക്രിസ്ത്യൻ സമുദായം സ്വാഗതപൂർവ്വം സ്വീകരിക്കുമെന്നും, ഒരു സ്വന്തം പുത്രനാൽ വിരചിതമായ ഒരു ശ്രേഷ്ഠ പദ്യസാഹിത്യകൃതി കണ്ടു കണ്ണുനീർ തുടപ്പാൻ ഭാഗ്യമില്ലാത്ത നസ്രാണിവർഗ്ഗ മാതാവിന്റെ കദനഭാരത്തെ ശമിപ്പിപ്പാൻ തക്കവണ്ണം ഈ കൃതി ക്രിസ്ത്യൻ സമുദായത്തിൽ ഒരുണർച്ചയെ ഉണ്ടാക്കുമെന്നും എനിക്കു ദൃഢനിശ്ചയമുണ്ടു്.

മലയാളി ടാഗോർ എന്നു സുപ്രസിദ്ധനായ മിസ്റ്റർ മേനവന്റെ ഈ മധുരഗംഭീരമായ പദ്യകൃതിക്കു ഞാൻ എഴുതിച്ചേർത്തിട്ടുള്ള ടിപ്പണി ഒട്ടും പര്യാപ്തമല്ലെന്നു് എനിക്കറിയാം. എന്നാൽ യാതൊരർത്ഥ വിവരവും കൂടാതെ പുറത്തിറക്കിയാൽ, ഇതിന്റെ വൈശിഷ്ട്യം എന്റെ സഹോദര ഹൃദയങ്ങളിൽ മിക്കപേർക്കും തീരെ അജ്ഞാതമായിത്തന്നെ ഇരിക്കുമെന്ന ഭയമാണു് എന്നെ ഇതിനു പ്രേരിപ്പിച്ചതു്. എന്റെ കുറിപ്പു് വായനക്കാരിൽ ചിലർക്കെങ്കിലും ഉപകരിച്ചാൽ ഞാൻ കൃതാർത്ഥനായി.

ഭക്തിസംവർദ്ധകവും സദാചാര പ്രദർശകവുമായ ഈ നവകാവ്യം എന്റെ സഹോദരർ നിത്യ പാരായണം ചെയ്തു വിശുദ്ധിയെ സമ്പാദിക്കുമാറാകട്ടെ എന്നു ഞാൻ ഹൃദയപൂർവ്വം ആശിക്കുന്നു.

മാവേലിക്കര

1096 മിഥുനം 5 (1921 ജൂൺ)

ചിത്രമെഴുത്തു്

കെ. എം. വറുഗീസ്

ചിത്രമെഴുത്തു കെ. എം. വറുഗീസ് എത്ര പുസ്തകങ്ങൾക്കു അവതാരികകൾ എഴുതിയിട്ടുണ്ടെന്നുള്ളതിനു തിട്ടമില്ല. കാവ്യഭംഗി നിറഞ്ഞ അവതാരികകൾ മിക്കതും ചിന്താബന്ധുരങ്ങളുമാണ്. ഉദാഹരണത്തിനു ഒന്നു രണ്ടെണ്ണം മാത്രം ചേർക്കുന്നു. മഹാകവി കെ. വി. സൈമന്റെ വേദവിഹാരത്തിനു് അദ്ദേഹം

എഴുതിയിട്ടുള്ള അഭിപ്രായം അത്യുജ്ജ്വലവും അതുല്യമനോഹരവുമാണ്. അതുപോലെ തന്നെ ആശയ നിർഭരമാണു് ജോസഫ് ചെറുവത്തൂരിന്റെ അശ്രുധാരയെ അലങ്കരിക്കുന്ന അവതാരികയും.

വേദ വിഹാരം

മഹാകവി കെ. വി. സൈമന്റെ പ്രസിദ്ധമായ 'വേദ വിഹാരം' മഹാകാവ്യത്തിനു ചിത്രമെഴുത്തു എഴുതിയ അഭിപ്രായം.

മലയാള പദ്യസാഹിത്യത്തിൽ ശിരസ്സുയർത്തി നിൽക്കുന്ന "വേദവിഹാരം" എന്ന മഹാകാവ്യം രചിക്കുന്നതിനു മഹാകവി കെ. വി. സൈമൺ അവർകളെ പ്രേരിപ്പിച്ചതു കെ. സി. മാമ്മൻമാപ്പിളയും ചിത്രമെഴുത്തുമായിരുന്നു. പ്രസ്തുത ഗ്രന്ഥത്തിൽ ഗ്രന്ഥകർത്താവിന്റെ മുഖവുരയിൽ ഈ കാര്യം അസന്ദിഗ്ദ്ധമായി പ്രസ്താവിച്ചിട്ടുണ്ടു്. സൈമൺ പറയുന്നു:— "എന്റെ ഒരു മാന്യസുഹൃത്തും സാഹിത്യരസജ്ഞനുമായ ചിത്രമെഴുത്തു കെ. എം. വർഗീസ് അവർകളും മലയാള മനോരമപ്പത്രാധിപർ ശ്രീമാൻ കെ. സി. മാമ്മൻ മാപ്പിള, ബി. എ. അവർകളും എന്നെ നിർബ്ബന്ധിച്ചുണർത്തുന്നതുവരെ മൃത്തികാ നിഗൂഢമായ ആ വിത്തു മുളപ്പാൻ സന്നദ്ധമായിരുന്നില്ല എന്നു പറഞ്ഞുകൊള്ളുന്നു."

പ്രസ്തുത കാവ്യഗ്രന്ഥത്തിൽ സരസകവി മൂലൂർ എസ്. പത്മനാഭപ്പണിക്കർ ഈ വിധം പ്രസ്താവിച്ചിരിക്കുന്നു:— "മാമ്മൻ മാപ്പിള

അവർകൾ ഇങ്ങനെ അവസരാനുസാരം നിർബ്ബന്ധിച്ചതുകൊണ്ടും, ചിത്രമെഴുത്തു കെ. എം. വറുഗീസ് കവിയെ ഗ്രന്ഥനിർമ്മാണത്തിനു പലപ്പോഴും പ്രേരിപ്പിച്ചതുകൊണ്ടും "വേദവിഹാരം" എന്ന ഈ വിസ്താരമേറിയ കാവ്യം ഇത്ര വേഗത്തിൽ പുറത്തുവരാൻ സംഗതിയായതാണു്."

"വേദ വിഹാര"ത്തിനു അഭിപ്രായം എഴുതിയിട്ടുള്ള മഹാന്മാർ ആറു പേരാണു്. ഈ ആറു പേരിൽ ഒരാളാണു് ചിത്രമെഴുത്തു്. മററെ അഞ്ചുപേർ (1) മഹാകവി വള്ളത്തോൾ (2) പണ്ഡിതനായ ഐ. സി. ചാക്കോ, ബി. എ., ബി. എസ് സി., എം. ആർ. സി. എസ് (ലണ്ടൻ) (3) പ്രഥസർ പി. ശങ്കരൻ നമ്പ്യാർ, എം. എ. (ഓണേഴ്സ്) (4) ബ്രഹമശ്രീ പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ (5) റവ: വി. പി. മാമ്മൻ, ബി. എ എന്നിവരാണു്.

'വേദ വിഹാര'ത്തിനു നൽകിയ അഭിപ്രായത്തിൽ ചിത്രമെഴുത്തു പറയുന്നു:— "ശ്രീപരശുരാമ ക്ഷേത്രമായ മലബാർ തീരത്തെ പുരാതന മാർത്തോമ്മാ നസ്രാണികൾ ഇവിടത്തെ സവർണ്ണ ഹിന്ദുക്കളായ നമ്പൂരിമാരുടെയും, നായന്മാരുടെയും ഔരസ സന്താനങ്ങൾ എന്ന നിലയിൽ ഈ രാജ്യത്തോടു തികച്ചും രക്തബന്ധം അർഹിക്കുന്നുവെന്നു ചരിത്രം സ്പഷ്ടമായി തെളിയിക്കുന്നു. ശരീര ഘടന, ആചാരങ്ങൾ, വേഷം, ഭാഷ, സംസ്കാരം, ചിന്തന ഗതി എന്നിവയിൽ ഈ ഹൈന്ദവ ക്രിസ്ത്യാനികൾ ഇന്നും

പച്ച കേരളീയത്വത്തെത്തന്നെ പ്രകാശിപ്പിച്ചു പോരുന്നു.

കേരളത്തോടെന്നതിനുമുന്നും ദ്രാവിഡഭാഷയോടും കേരള ഭാഷാ സാഹിത്യത്തോടും അവർക്കുള്ള ബന്ധം അതിപുരാതനവും ദൃഢതരവുമത്രേ. സാമുദായിക വ്യക്തി ചിന്തകൂടാതെ പച്ച ഹൈന്ദവ മനസ്ഥിതിയോടുകൂടി അവർ തങ്ങളുടെ സവർണ്ണ സഹോദരങ്ങളുമായി കേരള ഭാഷാ സാഹിത്യക്കളരിയിൽ ബഹുകാലം സമ്മേളിച്ചു പോന്നിരുന്നതായി ചരിത്രം നമ്മെ വ്യക്തമായി ചൂണ്ടിക്കാണിക്കുന്നു. സുറിയാനി ക്രിസ്ത്യാനികൾ നായർ ഗുരുക്കന്മാരുടെ അടുക്കൽ വാക്യം, പരല്പേരു്, അമരകോശം, സിദ്ധരൂപം, കാവ്യങ്ങൾ മുതലായവ പഠിച്ചിരുന്നതിനൊപ്പം നായന്മാർ തുടങ്ങിയുള്ളവർ നസ്രാണി ആശാന്മാരുടെ അടുക്കൽ അതേവിധം അഭ്യസനം തന്നെ നടത്തിവന്നിരുന്നുവെന്നു മാത്രമല്ല നസ്രാണി ഗുരുക്കന്മാർ തങ്ങളുടെ കളരികളിൽ വിദ്യാദേവതയായി പ്രതിഷ്ഠിച്ചിരുന്ന ഗണപതി വിഗ്രഹത്തേയും പൂജിക്കുകയും ചെയ്തുപോന്നു. (Acts of the synod of Diamper convened by Arch Bishop Menezes in 1599, Session 9, Decree 13). ഇന്നും ചില പഴയ നസ്രാണി ആശാന്മാർ ഓല വാർന്നു മുറിച്ചു് ഹരി:ശ്രീഗണപതയെ നമ: എന്നിങ്ങനെ മംഗളാചരണം ദീക്ഷിച്ചുപോരുന്നതു് ഇതിന്റെ ഒരു അവശിഷ്ട ലക്ഷ്യമാണു്.

സുറിയാനി ക്രിസ്ത്യാനികളെ ഹൈന്ദവ സാഹിത്യ രംഗത്തുനിന്നു് ആട്ടിപ്പായിക്കുന്നതിനു അവരുടെ പ്രബല ശത്രുക്കളായിരുന്ന പോർട്ടുഗീസുകാർ ഫലപ്രദമാംവണ്ണം പരിശ്രമിച്ചുവെന്നുള്ളതു പ്രസിദ്ധമാണല്ലൊ. ഇതു മതിയാവാഞ്ഞിട്ടെന്നപോലെ, പതിനഞ്ചു നൂറ്റാണ്ടുകാലത്തെ അവരുടെ സാമുദായിക സമ്പത്തായിരുന്ന മതപരവും സാഹിത്യപരവുമായ ഗ്രന്ഥങ്ങൾ രാജശക്തിയാൽ ശേഖരിച്ചു് ഉദയമ്പേരൂർ പള്ളിമുറ്റത്തു കുന്നായിക്കൂട്ടി ചുട്ടുകളയുകയും പറങ്കികൾ സഞ്ചരിച്ചതായ എല്ലാ പ്രധാന സ്ഥലത്തുമുള്ള ക്രൈസ്തവ ഗൃഹങ്ങളിൽനിന്നും ഗ്രന്ഥങ്ങൾ ശേഖരിച്ചു അഗ്നിക്കിരയാക്കിത്തീർക്കുകയും ചെയ്തു. എന്നാൽ ഇതുപോലെയുള്ള ഒരു സാഹിത്യ നഷ്ടം ഹിന്ദുക്കൾക്കു യാതൊരു കാലത്തും സംഭവിച്ചിട്ടില്ലായ്കയാൽ ഹൈന്ദവ കവികളെ സംബന്ധിച്ചും അവരുടെ സാഹിത്യ കൃതികളെ സംബന്ധിച്ചും നമുക്കു വ്യക്തമായി ഗ്രഹിപ്പാൻ കഴിയുന്നതുപോലെ, ക്രൈസ്തവ കവികളെയും, അവരുടെ കൃതികളെയും സംബന്ധിച്ചു് എന്തെങ്കിലും ഗ്രഹിക്കുക പ്രയാസമായിത്തീർന്നിരിക്കുന്നു.

സംസ്കൃത സാഹിത്യാചാര്യന്മാരായ ആലങ്കാരികന്മാരുടെ നിബന്ധനകളെ അതിലംഘിച്ചു മലയാളഭാഷയിൽ ആദ്യമായും അതിസ്വതന്ത്രമായും ഒരു പ്രഹസനം നിർമ്മിക്കുകയും അതു് അഭിനയിക്കുകയും ചെയ്തവർ പതിനഞ്ചാം ശതാബ്ദത്തിലെ മലനാട്ടു

നസ്രാണികളായിരുന്നുവെന്നു കാണുന്നതുതന്നെ ക്രിസ്ത്യാനികൾക്കു ഭാഷാ സാഹിത്യത്തോടുള്ള ചാർച്ചയേയും വേഴ്ചയേയും ഏതാണ്ടു ലക്ഷ്യപ്പെടുത്തുന്നു. (The Land of the Perumals P. 232) ഞാൻ ഇത്രയും ഇവിടെ പ്രസ്താവിച്ചതു് കേരളീയ നസ്രാണികളുടെ ക്രൈസ്തവത്വത്തിനും, കൈരളീദേവിക്കും ഏതാണ്ടു് ഇയ്യിടയ്ക്കു മാത്രമാണു് പൊരുത്തം ആരംഭിച്ചിട്ടുള്ളതെന്നു് ചിലർ ഭ്രമിച്ചുപോരുന്നതിന്റെ അടിസ്ഥാനരാഹിത്യത്തെ വിശദീകരിപ്പാൻ മാത്രമാണു്.

കേരളീയ ക്രൈസ്തവ സമുദായത്തിനു നിത്യപാരായണത്തിനു പര്യാപ്തമാവുമാറു കവിതാ പരിപൂർണ്ണമായ ഒരു മഹാ ഗീത ഉണ്ടായാൽ കൊള്ളാമെന്നു ഹൃദയപൂർവ്വം ആഗ്രഹിച്ചു മൺമറഞ്ഞ സഹൃദയരായ അനേകം നസ്രാണി പ്രമാണികളുടെ ആത്മാക്കളെ ആനന്ദവാരിധിയിൽ തുടിപ്പിച്ചുകൊണ്ടു് മ: രാ-രാ. കെ. വി. സൈമന്റെ തൂലികാധരത്തിൽ നിന്നു വർഷിക്കുന്ന സ്വർഗ്ഗീയ ഗാനാമൃത പ്രവാഹമാണു് എന്റെ ശ്രോത്രപുടത്തിൽ പതിക്കുന്നതു്. വിവിധ വർണ്ണോജ്വലത്തായ സ്വർഗ്ഗസദനത്തിന്റെ കനക കൽപടികളിൽനിന്നു ഭൂതലത്തിലേക്കും, പാതാളഗർത്തത്തിന്റെ അടിത്തട്ടിൽനിന്നു പർദൈസായിലെ സുവർണ്ണോദ്യാനത്തിലേക്കും നീട്ടപ്പെട്ടിരിക്കുന്നതായ ഈ കാവ്യ കനക ഗോവണിയിലൂടെ വേദവിഹാരികളായ മനുഷ്യാത്മാക്കളും, ദേവദൂതഗണങ്ങളും ഇടകലർന്നു് ആനന്ദ നർത്തനം

ചെയ്യുന്നതായി ഞാൻ കാണുന്നു.
ഉൾപ്രവേശനത്തിനായി കൊതിച്ചു സ്വർഗ്ഗമണി
സദനത്തിന്റെ കനക കവാടം കാത്തുനിന്നിരുന്ന
കണ്ടത്തിൽ വർഗീസുമാപ്പിളയ്ക്കും, നിധിയിരിക്കൽ
മാണിക്കത്തനാർക്കും നിങ്ങളുടെ ഗാനാമൃത
നിർത്ഥരി ഒന്നുകൊണ്ടു മാത്രം ഇതാ ഈ
നിമിഷത്തിൽ സ്വർഗ്ഗപ്രാപ്തി ഉണ്ടായിരിക്കുന്നു.
നസ്രാണി സമുദായ മാതാവിന്റെ കണ്ണുനീർ
തുവർന്നു. അവളുടെ കുചകലശം
ചുരന്നൊഴുകുന്നുവല്ലോ.

ഭോ! കവിവര്യാ, ഉദ്ദണ്ഡശാസ്ത്രിയെ തോൽപിച്ചു്
കേരളത്തിന്റെ അഭിമാനം നിലനിർത്തുന്നതിനായി
ഒരു കാക്കശ്ശേരി ഭട്ടതിരി ഉണ്ടായതിനൊപ്പം
സുറിയാനി സമുദായ ജനനിയുടെ ശിരസ്സ്
എക്കാലവും ഉയർത്തിപ്പിടിക്കുന്നതിലേക്കു
വേദസ്വരൂപനായ വിശ്വൈകമൂർത്തി നിങ്ങളെ ഒരു
മൂർച്ചയേറിയ ആയുധമാക്കിത്തീർക്കുവാൻ ഞാൻ
സർവ്വേശ്വരനെ സർവ്വാത്മനാ പ്രാർത്ഥിക്കുന്നു.
വേദവ്യാസനും, വാല്മീകിയും, ജയദേവരും,
എഴുത്തച്ഛനും സാധിച്ചതു എന്തെന്നൊ അതുതന്നെ
ഭവാനും സാധിച്ചിരിക്കുന്നു. അതുകൊണ്ടു് എന്റെ
സമുദായം നിങ്ങളുടെ വിശിഷ്ടനാമത്തെ
എന്നേക്കും അഭിമാനപൂർവ്വം കീർത്തിക്കും.
ഞാനോ, നിങ്ങളെ അതിജീവിക്കുന്ന പക്ഷം
(നിങ്ങൾ ചിരംജീവിയായി വർത്തിപ്പാൻ ജഗദീശ്വരൻ
കടാക്ഷിക്കട്ടെ) നിങ്ങളുടെ ശവകുടീരത്തിനു ചുറ്റും
അഭിമാനാശ്രുക്കൾ പൊഴിക്കുകയും കൃതജ്ഞതാ
നിശ്വാസപരമ്പരയാൽ അതിന്മേൽ

അദൃശ്യപുഷ്പഹാരങ്ങൾ ചാർത്തുകയും ചെയ്യും. ഞാൻ മാത്രമല്ല, പാവലിനും പടവലത്തിനും വെള്ളം കോരി, ഇളന്തോളുകൾ തളർന്നുകുഴഞ്ഞ പൂമൃദുമേനികളായ നസ്രാണി യുവതികൾ, സർവ്വത്ര പാൽക്കതിർ പരത്തുന്ന പൂനിലാവിൽ, നിങ്ങളുടെ ധന്യശരീരം നിത്യവിശ്രമം കൊള്ളുന്നതായ ആ കന്മാടത്തിന്റെ മുമ്പിൽ
പച്ചവിരിപ്പുൽക്കംബളത്തിലിരുന്നു്
'വേദവിഹാര'ത്തിലെ കവിതാകീർത്തനങ്ങൾ അതിമൃദുവായി ആലാപിക്കുകയും,
വ്യവസായവീരന്മാരും സഹൃദയന്മാരുമായ ക്രൈസ്തവ യുവാക്കൾ ഹൃദയശാന്തിക്കായി വിശുദ്ധവിചാരത്തോടെ വിഹരിക്കയും ചെയ്യും.'

സുപ്രസിദ്ധ കവിയായിരുന്ന കുന്നംകുളം ജോസഫ് ചെറുവത്തൂരിന്റെ 'അശ്രുധാരയ്ക്കു' ചിത്രമെഴുത്തു് എഴുതിയ അവതാരികയാണു് ചുവടെ ചേർക്കുന്നതു്. സഭാ ചരിത്ര കാര്യങ്ങളിൽ അതീവ തല്പരനായ പുലിക്കോട്ടിൽ അഡ്വക്കേറ്റ് പി. സി. മാത്യുവാണു് എന്റെ അഭ്യർത്ഥന പ്രകാരം ഇതു കണ്ടെടുത്തു് അയച്ചു തന്നതു്.

അഭിപ്രായം

ആനന്ദാശ്രുവിൽ അന്തർഗ്ഗർഭിതമായ മനുഷ്യ ജീവിതം ചരമാശ്രുധാരയായി പ്രകൃതിയിൽ എന്നെന്നും വിലയം പ്രാപിക്കുന്നു. 117 കന്നി 4-ാം തീയതി സ്വകുടുംബങ്ങളെയും
ബന്ധുമിത്രാദികളേയും എന്നല്ല മലങ്കര സുറിയാനി സമുദായത്തെ ഒന്നാകെ ശോകാബ്ധിയിൽ

ആഴ്ത്തി മൺമറഞ്ഞ ഒരു മഹാത്മാവിന്റെ അകാല ചരമ വൃത്താന്തം ഒരു പ്രസിദ്ധ കവിയായ മി. ജോസപ്പ് ചെറുവത്തൂരിന്റെ കലാതൂലികയിലൂടെ ഒരിക്കലും വറ്റിപ്പോകാത്തതായ 'അശ്രുധാരാ' വർഷമായി ഇതാ സഹൃദയഹൃദയങ്ങളിലേക്കു് പ്രവഹിക്കുന്നു.

ഒരു യഥാർത്ഥ സഭാ സേവകൻ, കർത്തവ്യധർമ്മനിരതനായ ഒരു വൈദികോത്തമൻ, വിദ്വജ്ജനസമ്മതനായ ഒരു വേദശാസ്ത്ര പണ്ഡിതൻ, സമുദായ സ്നേഹികളായ അനേകായിരങ്ങളുടെ കണ്ണിലുണ്ണി, കുന്നംകുളം മഹാനഗരത്തിലെ ഭാവി പൗരസഞ്ചയത്തിന്റെ ജീവിത വിജയോൽക്കർഷത്തിനായി കനകസോപാനം പടുത്തിണക്കിയ പരമഭാഗവതനായ ഒരു അദ്ധ്യാപക സത്തമൻ, എന്നീ നിലകളിൽ സുറിയാനി സമുദായത്തിന്റെ അനന്തമായ സ്നേഹബഹുമാനാദരങ്ങളെ അത്ര തികച്ചും സമാർജ്ജിച്ചിരുന്ന ഒരു മഹിതാത്മാവായിരുന്നു സ്മര്യപുരുഷൻ.

കവിക്കു് അദ്ദേഹത്തോടുള്ള സ്നേഹം അഗാധവും ആത്മാർത്ഥമവുമത്രെ. സ്മര്യപുരുഷന്റെ ജീവിതത്തിൽ അന്യൂനമായി പ്രകാശിച്ചിരുന്ന ഓരോ ഗുണവിശേഷങ്ങളും കവിയുടെ ഹൃദയകേന്ദ്രത്തിൽ വികാര പ്രവാഹത്തെ തിരതല്ലിക്കുന്നുവെന്നു് 'അശ്രുധാര'യിലെ ഓരോ പദ്യങ്ങളും തെളിയിക്കുന്നു. ഏതു കഠിനഹൃദയന്റെയും കണ്ണുകളിൽ കണ്ണുനീർ

തുള്ളികൾ അങ്കുരിപ്പിക്കത്തക്കവണ്ണം
വികാരതീക്ഷ്ണതയോടെ കവി യാഥാർത്ഥ്യത്തെ
അതിഭംഗിയായി ചിത്രണം ചെയ്തിരിക്കുന്നുവെന്നു്
കാണാം. ഭാവനാസമ്പന്നനായ കവിയുടെ
കലാനിരീക്ഷണശക്തിയെ ആവിഷ്കരിക്കുന്ന പല
പദ്യങ്ങളിൽ സ്മര്യപുരുഷന്റെ നിര്യാണഘട്ടത്തെ
വർണ്ണിക്കുന്ന ചില ശ്ലോകങ്ങൾ ഇവിടെ
ഉദാഹരിക്കാവുന്നവയാണു്.

'തുറന്നകൺ ശാശ്വതമായടഞ്ഞു
പറന്നുപോയ് കൂടു വെടിഞ്ഞു ജീവൻ
അരക്ഷണത്തിന്റെ യളുക്കിനുള്ളിൽ
അനന്തതത്വങ്ങളൊതുങ്ങി നിന്നു.
നിലച്ചു നിശ്വാസമുറച്ചു രക്തം
ജ്വലിച്ച തീക്കട്ട ദഹിച്ചു നീറായ്
തണുത്തുപോയ് മേനി, വിളർത്തു മുമ-
ത്തെടുത്ത പാഴ്ചിപ്പി സമം കിടപ്പൂ.
സൗശീല്യവും താഴ്മയുമൊത്തിണക്കി
വാർത്തുള്ള കണ്ണാടി തകർന്നു ചിന്നി
പരോപകാരത്തെളിതേനെഴും പൂ
വിരിഞ്ഞുടൻ ഹന്ത! കരിഞ്ഞു വീണു.'

കലാമർമ്മജ്ഞനും വാസനാകുബേരനുമായ ഒരു അനുഗൃഹീത കവിയാണു് മി. ജോസപ്പ് ചെറുവത്തൂർ എന്നു് അദ്ദേഹത്തിന്റെ പല കൃതികളും ഇതിനകം തെളിയിച്ചു കഴിഞ്ഞിട്ടുണ്ടു്. 'അശ്രുധാര'യാവട്ടെ കാവ്യലക്ഷ്മി അദ്ദേഹത്തിന്റെ കണ്ഠതലത്തിൽ

ചാർത്തീട്ടുള്ള ഒരു വിശിഷ്ടഹാരമായിത്തന്നെ പരിലസിക്കുന്നു.

കഥാനായകനായ റവ. ഫാദർ ററി. കെ. തോമസ് ബി. ഡി. അവർകളുടെ സുകൃതിനിയും പരിപാവനശാലിനിയുമായ സഹധർമ്മണി ഏകപുത്രനോടൊരുമിച്ചു് ഈ മഹാബലി പട്ടണത്തിൽ സ്വപിതാവായ വിലനിലത്തു് ദിവ്യശ്രീ മത്തായി കത്തനാർ അവർകളുടെ വസതിയിൽ വിശ്രമിക്കുന്നു. സ്മര്യപുരുഷന്റെ അകാലചരമത്തെക്കുറിച്ചുള്ള ചിന്താഭാരത്താൽ സമാകുലമായ ഈ ബഹുമാന്യ കുടുംബത്തിന്റെ കണ്ണുകളിൽനിന്നു് നിരർഗ്ഗളനിർഗ്ഗളനം ചെയ്യുന്നതായ 'അശ്രുധാരാ' തീർത്ഥത്തെ ആകാശസമീരണൻ ആദരപൂർവ്വം സ്വഹസ്തത്തിലേന്തി അതിദൂരസ്ഥമായ ആർത്താററു പള്ളിയിലെ മൃതജനനിദ്രാവേദിയിൽ നിത്യം ആരാധനാർപ്പണം ചെയ്യുമാറുണ്ടെങ്കിലും, മനോവാക്കായ കർമ്മങ്ങളിൽ ഒന്നുപോലെ ആർജ്ജവത്വം കൈക്കൊണ്ടിരുന്ന ആ ആദർശപുരുഷനായ വൈദികപുംഗവന്റെ ജീവിത മഹത്വത്തിന്റെ മാറെറാലി, അദ്ദേഹത്തിന്റെ അരുമസന്താനത്തിന്റെ കണ്ണുകളിൽ ഒരു കാലത്തു് ആനന്ദാശ്രുക്കളെ അങ്കുരിപ്പിക്കുവാൻ പര്യാപ്തമാകുമാറു് ആ ആരാധ്യ ശവകുടീരം ഒരു അഭിമാന സമ്പത്തായി പരിലസിക്കുമെന്നു് അവർക്കു് ധാരാളം കൃതാർത്ഥത അടയാവുന്നതാണു്. അതല്ലയോ വാസ്തവമായ പിതൃധനം. അതല്ലയോ പ്രകാമ്യമായ ഭർതൃസമ്പത്തി.

മി. ജോസപ്പ് ചെറുവത്തൂരിന്റെ ഈ ഖണ്ഡകൃതിക്കു ഞാൻ സർവ്വ ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു.

17-1-118

മാവേലിക്കര

കെ. എം. വറുഗീസ്
(ചിത്രമെഴുത്ത്)

6

സാഹിത്യ ലേഖനങ്ങളും ചരിത്ര കഥകളും

ചിത്രമെഴുത്തിന്റെ സാഹിത്യകൃതികളും ലേഖനങ്ങളും പരിശോധിച്ചാൽ അവയിലധികവും ചരിത്രവുമായി ബന്ധപ്പെട്ടവയാണെന്നു കാണാം. "വലിയ മാർ ദീവന്നാസ്യോസും തരണനല്ലൂർ നമ്പൂരിപ്പാടും" [1927], "നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചി" [1927], "തച്ചിൽ മാത്തു തരകന്റെ തങ്കക്കൊമ്പൻ" [1926], "വേണാടിന്റെ നടുത്തൂൺ—അഥവാ പുണ്യവാളനായ ശൗര്യാർ" [1928], "മാർ മാത്യൂസ് അത്താനാസ്യോസിന്റെ പഞ്ചകല്യാണി" [1926] എന്നീ അഞ്ചു ചരിത്രകഥകൾ ആദ്യം മലയാളമനോരമയിൽ പ്രസിദ്ധപ്പെടുത്തി. മനോരമക്കമ്പനി പിന്നീടു പകർപ്പവകാശം വിലയ്ക്കു വാങ്ങി പ്രസ്തുത ചരിത്രകഥകൾ പുസ്തകരൂപത്തിൽ അച്ചടിച്ചിറക്കി. മന്ദത്തു പത്മനാഭപിള്ളയുടെ പഞ്ചകല്യാണീ നിരൂപണത്തിനു ചിത്രമെഴുത്തു കൊടുത്ത മറുപടി—"കേരളീയ നസ്രാണികളുടെ രാഷ്ട്രീയ സേവനം" എന്ന ലേഖന പരമ്പര, ശ്രീ. കെ. സി. മാമ്മൻ മാപ്പിള പത്രാധിപ മുഖപ്രസംഗത്തോടുകൂടി ആദ്യം മനോരമയിൽ ഖണ്ഡശ്ശ: പ്രസിദ്ധപ്പെടുത്തി (1935).

പിന്നീടു് ജോൺ പീററർ തോട്ടത്തിന്റെ പ്രസാധകത്വത്തിൽ അതു തിരുവനന്തപുരം കലാവിലാസിനി പ്രസ്സിൽ പുസ്തകമായി മുദ്രണം ചെയ്തു പ്രസിദ്ധപ്പെടുത്തി. "സുറിയാനി ക്രിസ്ത്യാനികളും അവരുടെ രാജ്യരക്ഷാ പുരുഷത്വവും" [1932], "ചെങ്കോലും മുരളിയും" ["ചിത്രമെഴുത്തിന്റെ ഗദ്യകവിതകൾ"] (1941), എന്ന ഗദ്യ കവിതാ സമാഹാരം, "സുചരിതമുകുരം" (1950) എന്ന ചെറു കഥാ സമാഹാരം, "ചിട്ടിത്തലയാൾ" (1946) എന്ന ചെറു നോവൽ, "അഞ്ചാം മാർ തോമ്മായുടെ പീഡാനുഭവം —അഥവാ ഡച്ചുകാരുടെ പന്തീരായിരം" (1987) എന്ന ചരിത്രകഥ ഇവയാണു് ചിത്രമെഴുത്തിന്റെ മററു പുസ്തകങ്ങൾ. അദ്ദേഹം പത്രങ്ങളിലും മാസികകളിലും വിശേഷാൽ പ്രസിദ്ധീകരണങ്ങളിലും മററും അര ശതാബ്ദക്കാലത്തിനുമേൽ എഴുതിയിട്ടുള്ള രാഷ്ട്രീയ-ചാരിത്രിക-സാഹിത്യ ലേഖനങ്ങൾ മുന്നൂറോളം എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. സുചരിതമുകുരം പ്രസാധനം ചെയ്തതു മാവേലിക്കരയിലെ അഡ്വ. കെ. ഒ. മാത്യു വള്ളക്കാലിയാണ്. ഈ ഗ്രന്ഥത്തിന്റെ ലാഭം സിറിയൻ ക്രിസ്ത്യൻ കോൺഗ്രസിന്റെ ജീവകാരുണ്യ പ്രവർത്തനത്തിനു നൽകി.

വേണാടിന്റെ നടുത്തൂണിനു് കെ. സി. മാമ്മൻ മാപ്പിളയും സുചരിത മുകുരത്തിനു് ഇന്ത്യാ ഗവണ്മെന്റ് സെക്രട്ടറിയും പ്രധാനമന്ത്രി

ജവഹർലാൽ നെഹ്രുവിന്റെ ക്യാബിനറ്റ് സെക്രട്ടറിയുമായിരുന്ന പി. സി. മാത്യു ഐ. സി. എസ്. അവർകളും, ചിട്ടിത്തലയാൾ നോവലിനു ഈ. എം. കോവൂരുമാണു് അവതാരിക എഴുതീട്ടുള്ളതു്. "ചിട്ടിത്തലയാൾ" ആദ്യമായി പ്രസിദ്ധപ്പെടുത്തിയതു മലയാള മനോരമയിലായിരുന്നു. പിന്നീടു് അതു പുളിക്കീഴ് ഭാഗ്യോദയം പ്രസ്സ് ഉടമയായിരുന്ന പി. സി. കോരുതു് പകർപ്പവകാശം വിലയ്ക്കു വാങ്ങി പുസ്തകമായി പ്രസിദ്ധപ്പെടുത്തി. തച്ചിൽ മാത്തുത്തരകന്റെ തങ്കക്കൊമ്പൻ, പഞ്ചകല്യാണി, വലിയ മാർ ദീവന്നാസ്യോസും തരണനല്ലൂർ നമ്പൂരിപ്പാടും എന്നീ കൃതികൾ 1987-ൽ കോട്ടയത്തെ എം. ഒ. സി. പബ്ലിക്കേഷൻസ് പുന:പ്രകാശനം ചെയ്തു. കൂടാതെ "അഞ്ചാം മാർ തോമ്മായുടെ പീഡാനുഭവം-അഥവാ-ഡച്ചുകാരുടെ പന്തീരായിരം" എന്ന തലക്കെട്ടിൽ കോട്ടയം പൗരപ്രഭയിൽ എഴുതിയ ലേഖന പരമ്പര (ചരിത്ര കഥ) പ്രസ്തുത പ്രസിദ്ധീകരണങ്ങൾ തന്നെ 1987-ൽ പുസ്തകരൂപത്തിൽ അച്ചടിപ്പിച്ചു.

പുസ്തക രൂപത്തിൽ വന്നിട്ടില്ലാത്ത ഒട്ടുവളരെ സാഹിത്യ-ചാരിത്രിക ലേഖനങ്ങൾ ചിത്രമെഴുത്തിന്റേതായുണ്ടു്. "ചിത്രമെഴുത്തിന്റെ ഗദ്യകവിതകൾ" എന്ന ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള ഗദ്യകവിതകൾ ഒഴിച്ചാൽ കണ്ടുകിട്ടിയിട്ടുള്ള സാഹിത്യ-ചാരിത്രിക ലേഖനങ്ങളിൽ ഒൻപതു് എണ്ണം പോൾ മണലിൽ 1992 ജൂണിൽ കോട്ടയത്തുനിന്നു പ്രസിദ്ധപ്പെടുത്തിയ "ചിത്രമെഴുത്തിന്റെ

തെരഞ്ഞെടുത്ത രചനകൾ" എന്ന ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളതാണു്.

ബൂബിലി-അഥവാ-നിസർഗ്ഗ പൗരോഹിത്യം, മാരാമൺ കൺവെൻഷൻ, അസ്വാതന്ത്ര്യ തമസ്സ്, പാപ്പാച്ചി-അഥവാ ഭക്തഭിക്ഷു, ക്രിസ്തുദാസനും സത്യദാസനും എന്നീ അഞ്ചു ചെറുകഥകളാണു്, സുചരിതമുകുരത്തിലെ ഉള്ളടക്കം. ഇവയിൽ 'അസ്വാതന്ത്ര്യ തമസ്സ്' ഒഴിച്ചാൽ മറെറല്ലാം തന്നെ മനോരമയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയാണു്.

സാഹിത്യപരമായ ലേഖനങ്ങളിൽ ഗദ്യകവിതാ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള ഗദ്യകവിതകളെ കൂടാതെ—

1 ഭാഷാപോഷിണിയിലെ ഇരുപതു മഹാന്മാർ

2 മലയാള ഭാഷയെ സംബന്ധിച്ച ഒരഭിപ്രായം—ദീപിക 16-3-1917

3 ആധുനിക മലയാളത്തിന്റെ ആദ്യ മാതൃകകൾ—അഥവാ—വൈയാകരണൻ ഗീവറുഗീസു കത്തനാരും അദ്ദേഹത്തിന്റെ ഗദ്യകൃതികളും. ദേശാഭിമാനി-1928 ജൂലൈ

4 ഞാൻ കണ്ട കോഴഞ്ചേരി മഹായോഗം. [1933 മാർച്ച് 11-നു മാരാമൺ മണൽപ്പുറത്തു നടന്ന നിവർത്തന രാഷ്ട്രീയ മഹാസമ്മേളനത്തെപ്പററി എഴുതിയ ലേഖനം. സാഹിത്യ ലോകത്തിൽ വളരെ പ്രശസ്തി ആർജ്ജിച്ചിട്ടുള്ള ഈ ലേഖനം മുഴുവൻ കാണാപ്പാഠം പറയുന്ന യുവാക്കൾ അന്നു

ചെങ്ങന്നൂരിൽ ഉണ്ടായിരുന്നതായി ചിത്രമെഴുത്തു രേഖപ്പെടുത്തീട്ടുണ്ടു്]

5 പ്രതികാര വെള്ളിടി (ചെറുകഥ) മനോരമ മാർച്ച് 1957

6 നവഭാരതിക്കുഞ്ഞു (തൂലികാ ചിത്രം) നവഭാരതി 1953 മാർച്ച് 23

7 കറുത്തേടത്തു തോമസ് ശാസ്ത്രികളുടെ ഇരുപത്തൊന്നു വൃത്തം— 'കേരളഭൂഷണം'—1956 ഒക്ടോബർ 7, 13

8 സംഗീത സദസ്സിൽ സമാധിപൂണ്ട സർപ്പശ്രേഷ്ഠൻ (സംഭവകഥ) മനോരമ 25-12-52

9 ആനന്ദ ഭൈരവി (ചെറുകഥ. ദേശബന്ധു വിശേഷാൽ പ്രതി)

10 തുപ്പൂത്താറാട്ടു് (ചെറുകഥ. ചെങ്ങന്നൂർ കല്ലേലിൽ കുഞ്ചുപിള്ള എന്ന ഒരു ഗൃഹസ്ഥന്റെ സഹധർമ്മിണി കാർത്തിയാനിയമ്മയെ വിഷയീകരിച്ചു് 1094 കർക്കടകം 1095 ചിങ്ങം ലക്കം ആത്മപോഷിണിയിൽ എഴുതിയതു്. 1953 ഒക്ടോബർ 2-ാനുയിലെ ദേശബന്ധു വിശേഷാൽ പ്രതിയിൽ ഈ കഥ വീണ്ടും പ്രസിദ്ധപ്പെടുത്തി)

11 ഇന്നലെയും ഇന്നും നാളെയും (ഗദ്യകവിത നവഭാരതി 1098)

12 മാതൃസന്നിധിയിൽ (ഗദ്യകവിത)

13 വിവാഹ മംഗളം (ഗദ്യകവിത)

14 എന്റെ കൺ മുമ്പിൽ—ആലപ്പുഴ ഓർത്തഡോക്സ് സിറിയൻ ചർച്ച് (1124)

15 ഒരു ആസ്വാദനം (കെ. ബി. സുന്ദരാംബാളിന്റെ സംഗീതത്തെപ്പററി) 1109

16 പോഷിണീഭാഷണം (ററി. വി. ശ്രീനിവാസ ശാസ്ത്രിയെ വിമർശിച്ചെഴുതിയതു്— ആത്മപോഷിണി മാസിക. 1097 ഇടവം, മിഥുനം ലക്കങ്ങൾ)

17 അഭിനവ പരശുരാമന്റെ കേരളോദ്ധാരണം. [മന്ദത്തു പത്മനാഭന്റെ വിമോചന സമരത്തെപ്പററി എഴുതിയ ഗദ്യ കവിത— മ: മനോരമ ആഴ്ചപ്പതിപ്പ് 1960 ഡിസംബർ 17]

18 കഥകളി നടൻ കരിപ്പുഴ വേലുപ്പിള്ള ആശാൻ (തൂലികാ ചിത്രം—മനോരമ ആഴ്ചപ്പതിപ്പ്—1957 ഒക്ടോബർ 26)

19 ഐ. സി. ചാക്കോ [തൂലികാ ചിത്രം—മനോരമ ആഴ്ചപ്പതിപ്പ്—1961 ഫെബ്രുവരി]

20 നമ്മുടെ ഏററവും പുതിയ എം. പി. [തൂലികാചിത്രം—ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളിയെ സംബന്ധിച്ചെഴുതിയതു് പൗരധ്വനിപത്രം 1953 ഡിസംബർ 5]

21 പരസ്യപ്പട അണികൾ—അതിൽ ചിലർ വലിച്ചു വാരിക്കെട്ടുന്ന ഇരവൽ പണ്ടങ്ങൾ (കേരളഭൂഷണം 1945 മാർച്ച്)

22 മഹാകവി കെ. വി. സൈമന്റെ "ക്രിസ്തീയ സംഗീത രത്നാവലി"ക്കെഴുതിയ 'അവതാരിക'.

23 മഹാകവി കെ. വി. സൈമൺ അവർകളുടെ "വേദ വിഹാരം" മഹാകാവ്യത്തിനെഴുതിയ അഭിപ്രായം

24 മഹാകവി വള്ളത്തോളിന്റെ "മശ്ദലന മറിയം" ഖണ്ഡകാവ്യത്തിനു എഴുതിയ അവതാരിക

25 ആർച്ചു ഡീക്കൻ മുല്ലമംഗലത്തു കോശിയുടെ മലയാള ഭാഷാ പരിചരണം—

തുടങ്ങിയ എല്ലാ ലേഖനങ്ങളും സഹൃദയ ലോകത്തിന്റെയും ഭാഷാ സാഹിത്യ പ്രണയിനികളുടെയും പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ളതാണു്. ഈ ലേഖനങ്ങൾ സാഹിത്യ മകരന്ദ നിർഝരികളാണു്. അവയുടെ പുതുമ എക്കാലവും നിലനിൽക്കുന്നതാണു്.

ബ്രഹ്മശ്രീ കുഞ്ഞൻപിള്ള ചട്ടമ്പി സ്വാമികളുടെ ഉറ്റ സുഹൃത്തായിരുന്നു ചിത്രമെഴുത്തു്. സ്വാമികളുടെ ശതവത്സര ജയന്തി പ്രമാണിച്ചു് 1129 ചിങ്ങം 24-ാനു പ്രസിദ്ധപ്പെടുത്തിയ സ്മാരകഗ്രന്ഥത്തിൽ 71 സാഹിത്യകാരന്മാരുടെ ലേഖനങ്ങളുണ്ടു്. ചിത്രമെഴുത്തിന്റെ ലേഖനം കൂടാതെ മറെറാരു അഹിന്ദുവിന്റെ ലേഖനം അതിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഗ്രന്ഥത്തിലെ ഏററവും മികച്ച ലേഖനം ചിത്രമെഴുത്തിന്റേതാണെന്നു് 1953 ആഗസ്റ്റ് 30-ാനു പത്മനയിൽ നടത്തിയ ചട്ടമ്പി സ്വാമി ജയന്തി സമ്മേളനത്തിൽ മള്ളൂർ ഗോവിന്ദപ്പിള്ള പ്രസംഗിച്ചു. മള്ളൂരിന്റെ പ്രസംഗം അന്നത്തെ 'മലയാളമനോരമ' റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. "ചട്ടമ്പി സ്വാമികളുടെ

സ്മാരകഗ്രന്ഥത്തിലെ ഏറ്റവും യുക്തിയുക്തവും മികച്ചതുമായ ലേഖനം ചിത്രമെഴുത്തു കെ. എം. വർഗീസിന്റേതാണു്. ചട്ടമ്പിസ്വാമികൾ ബ്രാഹ്മണ പുരോഹിത മേധാവിത്വത്തെ തല്ലിത്തകർത്തു എന്നുള്ള കാര്യം അതിൽ പ്രത്യേകം സ്മരിച്ചിട്ടുണ്ടു്."

'മാരാമൺ കൺവൻഷൻ' എന്ന ചെറുകഥയിലെ രണ്ടുമൂന്നു ഖണ്ഡികകൾ താഴെ ഉദ്ധരിക്കുന്നതു ശ്രദ്ധിച്ചാലും:— 'മലങ്കരെ മാർത്തോമ്മാസഭയുടെ അന്തർഹൃദയത്തിൽ അനുനിമിഷം അലതല്ലുന്ന കർത്തവ്യധർമ്മ ചിന്താതന്തുക്കളെ അടിയോളവും തഴുകിത്തണുപ്പിക്കുമാറു്, മദ്ധ്യതിരുവിതാംകൂറിന്റെ മരതക മണിമാറിൽ കുഴഞ്ഞു മാഴ്കിമീളുന്ന സർവ്വസുഭിക്ഷ പ്രദായിനിയായ പമ്പാദേവിയുടെ പാർശ്വതലത്തിൽ പരന്നു് പാറുന്ന വെൺപട്ടുസാരിക്കൊപ്പം എങ്ങെങ്ങും മാനമാണ്ട മാരാമൺ മധുരച്ചരൽപ്പരപ്പ് ശിശിരകാലശുഭ്രതയിൽ, കണ്ണെത്താദൂരം കുളിർമ്മയാർന്നു് തെളതെളിമ ചിന്തി വിളങ്ങുന്നു. അൻപതിനായിരം, അല്ല, അറുപതിനായിരം, അതുമല്ല; എൺപതിനായിരം പോരാ; ഒരുലക്ഷത്തിലധികം ജനങ്ങൾക്കു് ഒരേസമയം പരസ്പര സ്പർശനംകൂടാതെ ഒരുമിച്ചിരുന്നു് ആത്മ സംശോധനം ചെയ്യത്തക്കവണ്ണം വിരിഞ്ഞു് കിരുകിരുത്തു് വിസ്താരമാർന്ന മണൽപ്പുറത്ത് എണ്ണമറ്റ തൂണുകളിൽ തലയണച്ചമരുന്ന സുവിസ്തൃതമായ തട്ടു പന്തലിൻകീഴിൽ എത്രയെത്ര മനുഷ്യഹൃദയങ്ങൾ ഈശ്വര മുഖം ദർശിച്ചിട്ടില്ല! എത്രയെത്ര പാതകികൾ പശ്ചാത്താപ

പരിമർദ്ദനത്താൽ പാവനാത്മാക്കളായി
പരിണമിച്ചിട്ടില്ല! എത്രയെത്ര പാപപങ്കിലകൾ
പരമദയാവത്സലന്റെ പാദപങ്കേരുഹങ്ങളെ സ്വന്തം
കണ്ണുനീർ പ്രളയത്താൽ കഴുകിത്താലോലിച്ചിട്ടില്ല.
എത്രയെത്ര മനുഷ്യജീവികൾ പരിവർത്തന
വ്യവസ്ഥിതിയിൽ പരിത്രാണത്തിന്റെ പരമകാഷ്ഠയെ
പ്രാപിച്ചിട്ടില്ല!

'അങ്ങനെ ഒരാഴ്ചവട്ടം മുഴുവൻ മനുഷ്യൻ സ്വന്തം
ജീവിതചര്യകളെ ഈശ്വര സന്നിധിയിൽ
അഗ്നിസ്ഫുടം ചെയ്തു് വിശുദ്ധീകരിപ്പാൻ —
ദുർമ്മാർഗത്തിന്റെ ചെളിക്കുഴിയിൽനിന്നു്
സന്മാർഗ്ഗത്തിന്റെ മണിമന്ദിരത്തിലേക്കു്,
അന്ധതമസ്സിൽനിന്നു് ആദ്ധ്യാത്മിക
ജ്യോതിഷ്പ്രവാഹത്തിലേക്കു്,
പൈശാചികത്വത്തിന്റെ മ്ളേച്ഛരൂപങ്ങളിൽനിന്നു്
സ്വർഗ്ഗീയ സൗന്ദര്യപ്രഭാവത്തിലേക്കു് —ഓരോ
വ്യക്തിയേയും കുതികൊള്ളിക്കുന്നതായ
പരിപാവനതയുടെ ഒരു ഉജ്ജ്വല പ്രചോദനാതരംഗത
ആ പന്തൽ കീഴ് മുഴുവൻ ആദ്ധ്യാത്മിക വൈദ്യുതി
പ്രസരിപ്പിക്കുന്നു.

സാത്വിക ജീവിത പരിപാടികളിൽ അടിയുറച്ച
പുണ്യശ്ലോകരായ പ്രസിദ്ധ മതപണ്ഡിതന്മാർ
പരിഷ്കൃത ഭൂഖണ്ഡങ്ങളിലെ വൈജ്ഞാനിക
കേന്ദ്രങ്ങളിൽനിന്നു, ശ്രീ യേശുക്രിസ്തുവിന്റെ
സുപരിചിത ഘോഷണത്തിനായി ആ
മണൽപ്പുറത്തു് പ്രതിവർഷം എത്തിച്ചേരുന്നു.
അവിടെ പ്രതിദിനം വന്നുകൂടുന്ന വർദ്ധമാനമായ

ജനസമൂഹമാവട്ടെ, മറ്റു് ലോക രാഷ്ട്രങ്ങളുടെ ഏതൊരു കോണിലും തടിച്ചു് പെരുകിച്ചേരുന്ന മറേറതൊരു ജനസമൂഹത്തെയുംകാൾ അസംഖ്യേയമത്രെ. അങ്ങനെ ചരിത്രം, മതം, ശാസ്ത്രം, തത്വശാസ്ത്രം രാജ്യമീമാംസ, എന്നിവയെ മുൻനിറുത്തി ശ്രീയേശുക്രിസ്തുവിന്റെ ജീവിതചര്യാ വിശുദ്ധിയുടെ നാനാവശങ്ങളെയും ആ സുവിശേഷ ഘോഷകർ ആ വമ്പിച്ച ജനസംഘത്തിന്റെ മുമ്പിൽ മലർത്തപ്പെട്ട ഒരു മഹാഗ്രന്ഥം കണക്കു് തുറന്നുവയ്ക്കുന്നു. ഹൃദയപരിവർത്തനത്തിന്റെ വർണ്ണിക്കാവതല്ലാത്ത കൊടുംവിപ്ളവമാണിവിടെ അപ്പോൾ. ധാർമ്മികമായ ഒരു മഹായുദ്ധത്തിന്റെ മാനസിക മാറെറാലികൾ, സാത്വിക മഹാ പ്രബുദ്ധതയുടെ ഒരു പിടിച്ചുയരൽ ('സുചരിത മുകുര'ത്തിൽനിന്നു്) 'ചിത്രമെഴുത്തിന്റെ ഗദ്യകവിതകൾ' എന്ന ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 'കവിതാദേവി' എന്ന ഗദ്യകവിത:—

കവിതാ ദേവി

നവരത്ന ഖചിതങ്ങളായ കനക കങ്കണങ്ങളുടെ മഞ്ജുശിഞ്ജിതങ്ങൾ രാത്രികാല നിശബ്ദതയെ ഭേദിച്ചു് എന്റെ സമീപത്തേയ്ക്കു പാഞ്ഞുവന്നു. വിസ സുകുമാരമായ ആ നേരിയ സ്വരവിശേഷം എന്റെ കർണ്ണപുടത്തിൽ മധുര മസൃണങ്ങളായ നറുതേൻ തുള്ളികളെ പൊഴിച്ചു. അന്തരാൽമാവിനെ അത്യന്തം നിർവൃതിപ്പെടുത്തുന്ന ഒരോമൽ പരിമളം എന്റെ നാസാരന്ധ്രങ്ങളിൽ പ്രവേശിച്ചു.

ഞാൻ കണ്ണുതുറന്നു് അത്യുൽക്കണ്ഠയോടുകൂടി നോക്കി. അതു് അത്യാശ്ചര്യകരമായ ഒരു കാഴ്ചയായിരുന്നു. ആകാശമണ്ഡലത്തെ അവർണ്ണ്യവർണ്ണ്യ പ്രഭാമണ്ഡിതമാക്കിക്കൊണ്ടു കനക കാന്തിയോടുകൂടിയ ഒരു മനോഹരരൂപം എന്റെ സമീപത്തേക്കു മന്ദം മന്ദം വരുന്നുണ്ടായിരുന്നു. മൃദുല മൃണാളനാളോപങ്ങളായ രണ്ടു പൊൻകൈകൾ എന്റെ മുമ്പിലേയ്ക്കു് അനുകമ്പാപൂർവം നീട്ടപ്പെട്ടിരുന്നു.

അതിനിബിഡമായി ചുരുണ്ടിരുന്ന ആ കുന്തളഭരം അവിടത്തെ തങ്കത്തോളുകളെ അലസമായി ആശ്ലേഷിച്ചു നൃത്തം വച്ചുകൊണ്ടിരുന്നു. അവിടത്തെ സ്മിതസ്മേര മുഖത്തുനിന്നു പ്രതിനിമിഷം മിനുമിനുങ്ങി വഴിയുന്ന സുവർണ്ണകിരണങ്ങൾ അംബരമാർഗ്ഗത്തെ തങ്കദ്രാവകത്തിൽ കഴുകി ഭാസ്മാനമാക്കിത്തീർത്തു. വിലോല വിശാലങ്ങളായ ആ തൃക്കണ്ണുകളോ, ഹ! സ്വച്ഛ കൃപാമൃതപൂരത്തെ എല്ലാ ദിഗന്തങ്ങളിലും വർഷിച്ചുകൊണ്ടു ലഘു താമ്രകാന്തിയോടു കൂടിയ കൺകുഴികളിൽ കടാക്ഷമാധുര്യത്താൽ സ്മേര വിലീനങ്ങളായി മിന്നിയൊളിയുന്ന, ആ നീലിമകോലുന്ന തൃക്കണ്ണുകളാൽ അവിടുന്നു് ആ വെൺകുളിർ നിലാവിനെ പ്രേമപൂർവ്വം അനുഗ്രഹിച്ചിരുന്നു. തൃക്കയ്യിൽ അവിടത്തെ സ്വർണ്ണമുരളിയുമുണ്ടായിരുന്നു. ഞാൻ ആശ്ചര്യവിവശയായി ചോദിച്ചു:— 'പ്രഭോ, ചന്ദ്രികാസുന്ദരമായ ഈ മനോഹര രാത്രിയിൽ

ആകാശമാർഗ്ഗത്തൂടെ കടന്നുവരുന്ന അങ്ങു ആരാണു്?'

'ചെറിയ ചെന്താമര പുഷ്പമേ, ഞാൻ നിന്റെ ജീവദായകനല്ലയോ!'

'എന്റെ ജീവദായകനോ?'

'അതെ! എന്റെ ഉള്ളംകൈകളുടെ ശോണിമയേയും മൃദുലതയേയും നിനക്കായി പ്രദാനം ചെയ്തിരിക്കുന്ന നിന്റെ ജീവദായകനല്ലാതെ മററാരാണു് ഞാൻ?'

'മൽപ്രഭോ, ക്ഷമിക്കണെ; ഈ കല്ലോല മാലകളിൽ അൽപനേരത്തേയ്ക്കുണ്ടായ സന്തോഷ നൃത്തംകൊണ്ടു് അതിപരവശയായിരിക്കുന്ന ഞാൻ അങ്ങയെ തിരിച്ചറിവാൻ ശക്തയായില്ല.'

തിരുമേനിയുടെ മുഖം മന്ദസ്മിതത്താൽ വികസിച്ചു. തൃക്കണ്ണുകളിൽനിന്നു പ്രവഹിച്ച കൃപാ ലഹരിയാൽ എന്റെ സർവ സംശയങ്ങളും അവസാനിച്ചു. അവിടുന്നു സർവചരാചര സ്രഷ്ടാവും എന്റെ ജീവദായകനുമാണെന്നു് എനിക്കു ബോധം വന്നു.

നടനവിലാസത്താൽ ശിഥില വസ്ത്രയായ നിശാദേവിയുടെ പോർകൊങ്കകൾക്കിടയിൽ നക്ഷത്രങ്ങൾ പളുങ്കുമാലകൾ കണക്കു തൂങ്ങി പ്രകാശിച്ചിരുന്നു. ആയാസത്താൽ നെടുവീർപ്പിടുന്ന ആ മോഹനാംഗിയുടെ തൃഷ്ണാശമനത്തിനായി അംബരപീഠത്തിൽ വെയ്ക്കപ്പെട്ടിരുന്ന വെള്ളിപ്പാൽ പാത്രം കമഴ്ന്നു പോയതിനൊപ്പം ശീതാംശുബിംബം

പച്ച പുൽമെത്തകളിലും വൃക്ഷ ശിഖരങ്ങളിലും ക്ഷീരധാരയൊഴുക്കി എങ്ങെങ്ങും സമുല്ലസിച്ചു.

പൂഞ്ചോലയിലെ ചെറു കല്ലോലങ്ങൾ അപ്പോൾ എന്റെ ജീവദാതാവിന്റെ സുവർണ്ണ പ്രഭയേററു ഉരുക്കിയൊഴിച്ച തനിത്തങ്കം പോലെയായിത്തീർന്നു. അതിദീപ്തി മത്തുകളായ കസവു പാളങ്ങളാലും, അന്തരാളത്തിൽ മർമ്മര ശബ്ദത്തോടുകൂടി തിളങ്ങുന്ന കനകത്തൊങ്ങലുകളാലും അലംകൃതമായി അവിടത്തെ ചെന്നീരാളകഞ്ചുകം, അഗ്നിജ്വാലകൾക്കിടയിൽ കാണുന്ന ചെന്തീക്കനൽ പൊരിപോലെ, വെള്ളത്തിൽ ഇടയിട്ടു പ്രതിബിംബിച്ചു. തിരുമാറിൽ തൂങ്ങി ആഞ്ഞുലയുന്ന തങ്കപ്പതങ്ങളുടെയും മുത്തുമാല്യങ്ങളുടെയും ശോഭാ വൈപുല്യം, ഈഷച്ഛോണവർണ്ണം കലർന്ന പട്ടാംബരോത്തരീയത്തിന്മേൽ ഒരു വിചിത്ര കാന്തിയെ വിതറിക്കൊണ്ടിരുന്നു.

ഞാൻ ആഹ്ളാദ പുളകിതയായി ചാഞ്ചാടി.

പകൽ സമയം മുഴുവൻ എനിക്കു തുലോം ഉന്മേഷപ്രദമായിരുന്നു. പക്ഷി വർഗ്ഗങ്ങളുടെ കർണ്ണാനന്ദകരമായ കളനിനദം എന്റെ ചുററും പ്രവഹിക്കുകയും മധുരഗാംഭീര്യത്തോടുകൂടിയ ശംഖനാദങ്ങൾകൊണ്ടു മത്തഭൃംഗങ്ങൾ എന്നെ ആരാധിക്കുകയും ചെയ്തു. സമീപത്തുള്ള പുലമാടത്തിൽനിന്നു കൃഷിപ്പണിക്കായി പാടത്തുപോയ അച്ഛനമ്മമാരുടെ വരവും കാത്തു ഇളയ കുഞ്ഞിനെ കാൽത്തണ്ടുകളിൽ കിടത്തി താലോലിച്ചുറക്കാൻ ശ്രമിക്കുന്ന പുലക്കിടാങ്ങളുടെ

മൂളിപ്പാട്ടുകൾ ആകാശമണ്ഡലത്തിൽ
അതിമൃദുവായ ഒരു സംഗീതത്തെ
വിന്യസിച്ചുകൊണ്ടിരുന്നു.

എന്റെ പ്രിയ കാമുകനായ സായാഹ്നന മാരുതൻ
അനുരാഗമധുരങ്ങളായ ചില ശൃംഗാര ഗീതങ്ങളെ
പാടിക്കൊണ്ടു് എന്നെ ആശ്ലേഷിപ്പാനായി അടുത്തു
വരുമ്പോൾ, ഞാൻ ലജ്ജാ നമ്രമുഖിയായി
തരംഗപട്ടാംബരങ്ങളിൽ മാറിടത്തെ മറയ്ക്കുകയും,
പ്രണയ കലഹത്തിലെ നെടുവീർപ്പോടുകൂടി
അദ്ദേഹം മുഖവും വീർപ്പിച്ചു കടന്നുപോവുമ്പോൾ,
ഞാൻ വിജയ ഹർഷത്തോടുകൂടി തല പൊന്തിച്ചു
തീക്ഷ്ണകടാക്ഷ വിക്ഷേപങ്ങൾകൊണ്ടു്
അദ്ദേഹത്തെ ആകർഷിക്കുകയും,
ആശാബദ്ധനായി അടുത്തുവരുമ്പോൾ ഞാൻ
വീണ്ടും വഞ്ചിക്കുകയും ചെയ്തു. എന്റെ
അധരപുടം പീയൂഷകണങ്ങളാൽ
പരിഭൂഷിതമായിരിക്കുന്നുവെന്നു
കീർത്തിക്കുന്നതായ ഒരു ചെറുകവിത
അദ്ദേഹത്തിന്റെ മുഖത്തുനിന്നു പുറപ്പെട്ടു. ആ
ദയനീയമായ ഗീതവിശേഷത്തെ ഉള്ളുരുക്കുന്ന
വിരഹാർത്തിയോടും നെഞ്ചിടിപ്പോടും കൂടി അദ്ദേഹം
ചിത്രശലഭങ്ങളുടെ കർണ്ണപുടങ്ങളിൽ ദീർഘനേരം
സമർപ്പിച്ചു കൊണ്ടിരുന്നു.

രാജസദനങ്ങളിലെ നൃപകുമാരിമാർ തങ്ങളുടെ
രത്നമയ മഞ്ചങ്ങളെ അലങ്കരിപ്പാൻ
താമരപുഷ്പങ്ങൾക്കായി ഒരു ചെറുതോണിയിൽ
കയറി പൂഞ്ചോലയിലേക്കു വന്നിരുന്നു.

സ്തനകുംഭങ്ങളുടെ വിജൃംഭണോത്തുംഗതയെ ആവിഷ്ക്കരിച്ചുകൊണ്ടു് ആ ഇളം തോളുകളിലൂടെ ഞാത്തിയിരുന്ന പൂഞ്ചെലകൾകൂടി അവർക്കു് അതിഭാരമായിത്തോന്നുകയാൽ, അവയെ മാറിടത്തിൽനിന്നു നീക്കി, തോണിപ്പടികളിലും വക്കുകളിലും തൂക്കിയിരുന്നു. അങ്ങനെ ആ പൊൻചേലാഞ്ചലങ്ങൾ താമരയിലകളെയും, കല്ലോല നൃത്തങ്ങളേയും അനുഗ്രഹിച്ചുകൊണ്ടു തോണിയോടൊപ്പം മന്ദഗതിയിൽ മുന്നോട്ടിഴഞ്ഞിരുന്നു. അസ്തമയ സൂര്യന്റെ ലഘുകടാക്ഷങ്ങൾക്കു് അവരുടെ മാറിടങ്ങൾ അപ്പോൾ വിഹാര രംഗമായിത്തീർന്നു. അദ്ദേഹം ചെങ്കതിർപ്പാണികൾകൊണ്ടു് ആ മനോഹര വക്ഷസ്സിൽ കുങ്കുമപ്പൊടിയണിയിച്ചു. പൂഞ്ചോലയിലെ അധിദേവതയായ കവിതാദേവിയും ഇതെല്ലാം സസന്തോഷം നോക്കിക്കൊണ്ടിരുന്നു.

ഹാ, മനുഷ്യ ജീവിതം എത്ര പരമാനന്ദമയമാണെന്നു് എനിക്കപ്പോൾ തോന്നി. സൃഷ്ടികർത്താവിന്റെ നിർമ്മാണ ചാതുര്യത്തെ ഓർത്തു ഞാൻ അത്ഭുതപ്പെട്ടു. രാജസദനത്തിലെ സർവ്വവിധ സൗഭാഗ്യങ്ങളും അനുഭവിക്കത്തക്ക ഒരു രാജകുമാരിയായി ഞാൻ ജനിച്ചുവെങ്കിൽ—പക്ഷെ എന്റെ കവിതാ ദേവിയെ വിട്ടുപിരിയുന്ന കാര്യം: അതു എനിക്കു വിചാരിക്കുടി വയ്യ. ഞാൻ ആ മാതാവിന്റെ ചെല്ലപ്പിള്ളയായിട്ടാണു വളർന്നതു്. നിദ്രാ സമയത്തുപോലും എന്റെ ഉത്തമാംഗം ആ സൗഭാഗ്യവതിയുടെ ഭുജോപധാനത്തിൽ

വിശ്രമിച്ചിരുന്നു. എന്റെ അംഗങ്ങളുടെ പ്രശാന്ത ചലനങ്ങളെ അവൾ അത്യന്തം കൗതുകത്തോടെ അവലോകനം ചെയ്തു. എന്റെ ഓരോ ദയാ വിശേഷത്തെയും അവൾ ഉൽക്കണ്ഠാ പൂർവ്വം നിരീക്ഷിച്ചു. എന്നെ കൂടാതെ ഒരു നിമിഷംപോലും ജീവിച്ചിരിപ്പാൻ അവൾക്കു ശക്തിയില്ല. എന്റെ ജനനത്തിനു വളരെ മുമ്പുതന്നെ അവൾ ആ പൂഞ്ചോലയിൽ വാസം ഉറപ്പിച്ചിരുന്നു. മന്ദവായുവിൽ ജലശീകരങ്ങളെ മുത്തുമണികളാക്കുന്നതും, ചെറുതരംഗങ്ങളുടെ മൃദംഗധ്വനികൾക്കിടയിൽ മൃണാളതന്ത്രികളിൽനിന്നു വീണാനാദത്തെ പുറപ്പെടുവിക്കുന്നതും, മഴവില്ലിനെ വിവിധ വർണ്ണങ്ങളായ പുഷ്പങ്ങൾകൊണ്ടു് അലങ്കരിക്കുന്നതും, താമരയിലകളിൽ കെട്ടിനിൽക്കുന്ന ജലശകലങ്ങളിൽ വെള്ളിപ്പൊടികൾ കലർത്തുന്നതും ദേവിയുടെ നർമ്മലീലകളാണു്. പൂഞ്ചോലയിലെ സർവ്വ ജീവജാലങ്ങളെയും നിർവൃതിപ്പെടുത്തുന്ന ആ സുകുമാരരൂപിണിയെ വിട്ടുപിരിഞ്ഞു പോകയെന്നുള്ളതു് എനിക്കു് ഏറ്റവും മർമ്മഭേദകമാകുന്നു.

എങ്കിലും മനുഷ്യ ജീവിതത്തിൽ എനിക്കു് അസൂയ തോന്നി. ആ നൃപകുമാരികളുടെ ചേതോഹര വക്ഷസ്സുകളിൽ തുള്ളിത്തുളുമ്പുന്ന കാന്തി പ്രഭാവത്തിൽ ഞാൻ തികച്ചും അൽഭുതപ്പെട്ടു. ആ പൃഥുലോന്നത മാർവിടങ്ങൾ കവിതാ ദേവിയുടെ ആനന്ദനർത്തനോൽഘോഷങ്ങളാൽ അനവരതം അനുഗൃഹീതങ്ങളായിരിക്കുമെന്നുകൂടി ഞാൻ

വിശ്വസിച്ചു. എന്റെ ഈ അനുഗ്രഹത്തെ ഞാൻ ഇനി എന്റെ ജീവദാതാവിൽനിന്നു് എന്തിനു മറച്ചുവെയ്ക്കുന്നു? അവിടുന്നു സാക്ഷാൽ കാമദായകനായ മഹാത്മാവാണല്ലോ? സർവ്വ ജീവരാശികളെയും രൂപാന്തരപ്പെടുത്തുന്ന വിശ്വപിതാവാണല്ലൊ.

തിരുമേനിയുടെ കാഞ്ചന മുരളിയിൽനിന്നു തഴച്ചു കൊഴുത്ത ഒരു മധുരസ്വരം പുറപ്പെട്ടു് ആ പൂനിലാവിൽ സർവ്വത്ര പറക്കാൻ തുടങ്ങി. ആ പൂന്തേനൊലിക്കുന്ന സരള സംഗീതത്താൽ സർവ ജീവജാലങ്ങളും ഉണർന്നുവശായി. കവിതാ ദേവിയുടെ ലളിത കളേബരംകൂടി പുളകനിചോളിതമായിച്ചമഞ്ഞു ഞാൻ ദത്തശ്രദ്ധയായി അനങ്ങാതെ നിന്നു.

'പ്രഭോ. വായിച്ചാലും! വായിച്ചാലും! ദിവ്യമാധുരി പൂരിതമായ ആ സംഗീത വിശേഷം എനിക്കേറെറവും പ്രിയതരമായിരിക്കുന്നു. അങ്ങയുടെ രാഗാലപ വൈദഗ്ധ്യം അവർണ്ണനീയം തന്നെ. ഹൃദയത്തെ ദിവ്യാമൃത പ്രവാഹത്താൽ പ്രസേചനം ചെയ്യുന്നതായ അങ്ങയുടെ മുരളീശബ്ദം എത്ര സുന്ദരതരം. അചേതനങ്ങൾക്കും ചൈതന്യം നൽകുന്ന ഈ സുവർണ്ണ മുരളിയുടെ നിഴലിൽ ഞാൻ ആജീവനാന്തം വിശ്രമിച്ചുകൊള്ളട്ടെയോ?

പക്ഷെ, ഞാൻ അങ്ങെയ്ക്കെന്താണു് പ്രതിഫലം നൽകേണ്ടതു്. മൃണാളവലയങ്ങൾകൊണ്ടു ഞാൻ ചില വിശിഷ്ട കടകങ്ങൾ നിർമ്മിച്ചു തൃപ്പാദങ്ങളിൽ സമർപ്പിക്കട്ടെയോ? പുഷ്യരാഗ പരിഭൂഷിതമായ

തിരുമനസ്സിലെ കനകരഥത്തിന്റെ
ചെറുചക്രങ്ങൾക്കു് നിർബ്ബാധം ഉരുണ്ടു
പോവുന്നതിനു് ആകാശവീഥികളെ ഞാൻ എന്റെ
ചെറുദളങ്ങൾകൊണ്ടു അലങ്കരിക്കട്ടെയോ?

അയ്യോ! കല്പിക്കണേ! കല്പിക്കണേ!! കൃതജ്ഞതാ
പ്രവാഹത്താൽ എന്റെ ഹൃദയം ഇതാ
അത്യാർദ്രമായിരിക്കുന്നു. അങ്ങയുടെ
ബിംബാധരത്തിൽ നിന്നും, പ്രസാദ
സുധാരസത്തിന്റെ ഒരു ചെറുതുള്ളി എന്റെ വരണ്ട
നാവിലേക്കു പ്രക്ഷേപിക്കുന്നതുവരേയ്ക്കും, എന്റെ
പ്രാണദാതാവേ, ഭൂലോകത്തിലെ ഏതൊരു അമൂല്യ
സാധനത്തെയാണു് ഞാൻ അങ്ങയുടെ പുണ്യ
ചരണങ്ങളിൽ അർപ്പിക്കേണ്ടതു്? ഏതൊരു
ഭംഗിയേറിയ പദാർത്ഥത്തെയാണു് ഞാൻ
തേടിപ്പോകേണ്ടതു്? ഇതാ, എന്റെ ഹൃദയം
അജ്ഞതയാൽ അതിവേദനപ്പെടുന്നു. എന്റെ
അന്തർമർമ്മങ്ങൾ ഉൽക്കണ്ഠ തീവ്രതയാൽ
പിളർന്നു പോവുന്നു.

എങ്കിലും, എന്റെ ജീവനാഥനായുള്ളോവേ,
എനിക്കു തൃപ്തിയാകുവോളം വായിക്കേണമേ!
ഞാൻ അത്യാനന്ദത്താൽ ഒരു ചെറു
മയക്കത്തോടുകൂടി ഈ സലില മണിമഞ്ചത്തിൽ
വീഴുവോളം ഈ ഗീതാലാപത്തെ
തുടർന്നുകൊണ്ടിരിക്കേണമേ! അങ്ങു കടന്നു
പോകാതിരിപ്പാനായി ഞാൻ തൃപ്പാദയുഗത്തെ ഈ
മൃണാളനാളങ്ങളോടു ചേർത്തു താമരനൂലുകൾ
കൊണ്ടു ബന്ധിച്ചുകൊള്ളട്ടെയോ? തൃപ്പാദങ്ങളിൽ

ചേർപ്പാൻ ഈ ഇള നൂലുകൾക്കു മൃദുത്വം പോരെങ്കിൽ, നക്ഷത്രങ്ങളിൽനിന്നു നാലുപാടും ചിതറുന്ന കിരണകന്ദളങ്ങൾകൊണ്ടു ഞാൻ ഭവൽപ്പാദങ്ങളെ ബന്ധിക്കട്ടെയോ? പക്ഷെ അവയും മാർദ്ദവരഹിതങ്ങളാണെങ്കിൽ, മന്ദവായുവിനെ സ്നിഗ്ധതന്തുക്കളായി നൂത്തു തൃക്കാലുകളിൽ ചുറ്റിക്കൊള്ളട്ടെയോ?

അഹോ, ഉഗ്രവാതത്തെ മന്ദീഭവിപ്പിക്കുകയും, വൃക്ഷചലനങ്ങളെ പ്രശാന്തമാക്കുകയും, താമരമൊട്ടുകളിൽ തേൻ തുള്ളികൾ നിറയ്ക്കുകയും, ആൺകുയിലുകളുടെ കണ്ഠനാളങ്ങളിൽ വീണക്കമ്പികൾ നിർമ്മിക്കുകയും ചെയ്യുന്ന അങ്ങയുടെ ഗാനമാധുര്യം നിസ്തുല്യമല്ലോ!

മൽ പ്രഭോ, നമസ്ക്കാരം! അങ്ങയുടെ മുരളീ ശബ്ദത്തിനായി നമസ്ക്കാരം!! അങ്ങയുടെ ഗീതപരമ്പരകൾക്കായി നമസ്ക്കാരം!!!

തിരുമേനിയുടെ അധരോഷ്ഠങ്ങളിൽ ഒരു മന്ദഹാസപ്രഭ കളിയാടി. അവിടുത്തെ ദന്തമുത്തുകളിൽനിന്നും ചിതറുന്ന ധവളരശ്മി ജാജ്ജ്വല്യമാനമായ ഒരു രജത ദീപ്തിയാൽ പൂനിലാവിനെ തലോടി ആശ്ലേഷിച്ചു.

തൃപ്പാദങ്ങൾ എന്റെ സമീപത്തേയ്ക്കു ചേർന്നടുത്തു. സുഗന്ധ ബാഷ്പ പ്രവാഹത്താൽ ആകാശമണ്ഡലം മുഴുവൻ പരിമള പരിപൂർണ്ണമായി.

മധുരസ്വരത്തിൽ തിരുമേനി ഇങ്ങനെ ചോദിച്ചു:—
"എന്റെ ഓമനക്കെന്താണു് ആവശ്യം?"

"പ്രാണ ദാതാവേ, അടിയനെ അനുഗ്രഹിച്ചാലും!
ആ ഭാഗ്യ പരിപൂർണ്ണമായ മനുഷ്യ
ജീവിതത്തിലേയ്ക്കു് അടിയനെ പ്രവേശിപ്പിച്ചാലും!"

തിരുമേനി നല്ലതിന്മണ്ണം ഒന്നു ചിരിച്ചു.
തൃക്കൈകൾ നീട്ടി അവിടുന്നു് എന്നെ അനുഗ്രഹിച്ചു.

"കടന്നു പൊയ്ക്കൊൾക" എന്നൊരു ശബ്ദാമൃത
കണിക എന്റെ ശ്രോത്രപുടത്തെ കുളിർപ്പിച്ചു.

ഞാൻ ഒരു സ്വപ്നദശയിലായി. തൃപ്പാദങ്ങൾ
ആകാശത്തിലേയ്ക്കുയർന്നു. വിസ്തൃതങ്ങളായ
ഒരുക്കൂട്ടം കനകമേഘങ്ങളിൽ അവിടുത്തെ
രഥവിശേഷത്തിന്റെ സുവർണ്ണ ചക്രങ്ങൾ സ്ഥിതി
ചെയ്യുന്നതായി ഞാൻ കണ്ടു. പാതങ്ങൾ എല്ലാം
തന്നെ പുഷ്പമയങ്ങളായി. ഏതാനും ദിവ്യാംഗനാ
രത്നങ്ങൾ കരപങ്കജങ്ങളിൽ സ്വർണ്ണവീണകളും,
പുഷ്പമാല്യങ്ങളും, ചെറുതപ്പുകളുമേന്തി
തിരുമേനിയുടെ ചുറ്റും നൃത്തം വെച്ചു. അവരുടെ
മുഖചന്ദ്രനിൽനിന്നും സ്വർണ്ണാഭരണ സഞ്ചയങ്ങളിൽ
നിന്നും നിർഗ്ഗമിച്ചിരുന്ന തേജസ്സ്
ആകാശമണ്ഡലത്തിൽ കണ്ണഞ്ചിക്കുന്ന ഒരു
പ്രഭാപടലത്തെ പരത്തി. അവരുടെ
നൃത്തഘോഷങ്ങളും സ്തോത്ര ഗാനങ്ങളും വളരെ
ദൂരത്തിൽ കേൾക്കുമാറായി. അവരുടെ
ജഘനഭരങ്ങളെ ചുംബിച്ചുകൊണ്ടു പുറം
ചേവടികളിൽ പററി നീണ്ടു കിടന്നിഴയുന്ന
പൂനീരാളാഞ്ചലങ്ങൾ ഇടയിട്ടു മിന്നുന്ന ഒരു വിദ്യുൽ

കാന്തിയോടുകൂടി ആകാശവീഥിയെ അതിമൃദുവായി തഴുകി. കവിതാ ദേവിയും കുറച്ചു ദൂരം അവരുടെ പിന്നാലെ പോയി. ഒരു കനക ധൂമപടലത്താൽ മൂടപ്പെടുന്നതു വരെയ്ക്കു ഞാൻ അർദ്ധ നിമീലിതാക്ഷിയായി ആ കാഴ്ചയെ നോക്കിക്കണ്ടു. ഒടുവിൽ ഞാൻ അറിയാതെ തന്നെ നിദ്രാദേവതയുടെ കൈകളിൽ വീണു. എങ്കിലും "കടന്നു പൊയ്ക്കൊൾക" എന്നുള്ള എന്റെ ജീവദാതാവിന്റെ മധുരസ്വരം എന്റെ അന്തരാത്മാവിൽ ദീർഘനേരം മുഴങ്ങി.

II

ഞാൻ ഭൂലോകത്തിലെ ഒരു ചെറിയ സ്വർഗ്ഗത്തിൽ —ഒരു രാജമന്ദിരത്തിൽ—ഒരു മനുഷ്യജീവിയായി കാണപ്പെട്ടു. ഞാൻ അവിടെ എങ്ങനെ ചെന്നു ചേർന്നുവെന്നു് എനിക്കറിഞ്ഞു കൂടാ. പൂന്തോട്ടത്തിൽ ചരിക്കുന്ന മന്ദവായുവിനോടു ഞാൻ അതിനെപ്പററി ചോദിച്ചു. എന്നാൽ മന്ദഹാസത്തോടുകൂടി അദ്ദേഹം ഒന്നും പറയാതെ കടന്നുപോക മാത്രം ചെയ്തു. വീണാനാദങ്ങളും സംഗീതഘോഷങ്ങളും എന്റെ ചുററും കേൾക്കപ്പെട്ടിരുന്നു. എന്റെ പരിചാരികമാരുടെ മുറികളിൽനിന്നു സ്വർണ്ണാഭരണ സമൂഹങ്ങളുടെ മൃദുല സംഘട്ടനങ്ങൾ പുറപ്പെട്ടു് നാലുപാടും മാറെറാലികൊണ്ടു. സുഗന്ധദ്രവ്യങ്ങളും സൂര്യപടച്ചാവട്ടകളുംകൊണ്ടു് എന്റെ വില്ലൂസ് മെത്ത അത്യന്തം കമനീയമായിരുന്നു. ആസ്വാദ്യതരങ്ങളായ മധുരദ്രവ്യങ്ങളും മനോഹരങ്ങളായ

മധുരഫലങ്ങളുംകൊണ്ടു് എന്റെ സമീപത്തുള്ള സുവർണ്ണമേശ നിറയപ്പെട്ടിരുന്നു. അച്ഛന്റെ മരണാനന്തരം രാജ്യാവകാശം എനിക്കാണെന്നു സൂചിപ്പിക്കുന്ന സ്ഥാനോപാധികളും സ്ഥാന മുദ്രകളും കൊണ്ടു മന്ത്രിസഭക്കാർ എന്റെ ശൈശവ പ്രതാപത്തെ പ്രവൃദ്ധമാക്കി. ഞാൻ പൗരജനങ്ങളുടെ കണ്ണിലുണ്ണിയായിത്തീർന്നു.

എന്റെ ശൈശവദശ വേഗത്തിൽ അവസാനിച്ചു. ഞാൻ ഒരു യുവതിയായിത്തീർന്നു. എന്റെ കവിൾത്തടങ്ങളുടെ ശോണവർണ്ണം പ്രതിദിനം വർദ്ധിച്ചുതുടങ്ങി. എന്റെ ജഘനഭരത്തിന്റെ വൈപുല്യവും അങ്ങനെതന്നെ. എന്റെ സ്തനകലശങ്ങളുടെ കഠിന വിജൃംഭണവും, തദഗ്രഭാഗങ്ങളുടെ താമ്രകോമളിമയും-ഹ! അതു പറവാൻ എനിക്കുതന്നെ നാണമാകുന്നു. അങ്ങനെ യുവലോകത്തിനു നയനാനന്ദകരമായ ഒരു ദിവ്യവിഗ്രഹമായി ഞാൻ വളർന്നുവന്നു. 'കമലം' എന്നപേർ എനിക്കു ഏറ്റവും യോജിച്ചതാണെന്നു കാണികൾ ഒന്നുപോലെ അഭിപ്രായപ്പെട്ടു.

പക്ഷെ എന്റെ കവിതാദേവി എവിടെയാണു്? എന്റെ അംബ എവിടെയാണു്? ദേവിയുടെ കഥ ഇപ്പോൾ മാത്രം—ഈ യൗവനദശയിൽ മാത്രമാണല്ലോ ഞാൻ ഓർമ്മിച്ചതു്. അയ്യോ, കവിതാദേവി, എന്റെ അംബ എവിടെയായിരിക്കും? ദേവി ആ പൂഞ്ചോലയിൽ തന്നെ ആയിരിക്കുമോ? ആ ദിവ്യവിഗ്രഹം ചിത്രശലഭങ്ങളുടെ ചിറകുകളിൽ പററിയിരുന്നു ചന്ദ്രമണ്ഡലത്തിലേക്കു

പറന്നുപോയിരിക്കുമോ? അതല്ലെങ്കിൽ ആ പരമാനന്ദദായിനി പച്ചക്കുതിരപ്പുറത്തു കയറി നന്ദനോദ്യാനത്തിലേക്കു എഴുന്നള്ളിയിരിക്കുമോ?

അംബ, അവിടുന്നു് ഏതൊരവസ്ഥയിലും അമ്മയുടെ വാൽസല്യനിധിയായ ഈ ഓമനയോടൊരുമിച്ചുണ്ടാവുമെന്നു ഞാൻ വൃഥാ വിശ്വസിച്ചുവല്ലോ!

ഹാ! അംബികേ, അവിടുന്നു് ഈ മണിമാളികയുടെ വല്ലൊരു കോണിലും സ്ഥിതിചെയ്യുന്നുണ്ടായിരിക്കുമോ? സിംഹാസനത്തിന്റെ വല്ല സ്ഥാനത്തും അവിടുന്നു് ഒളിച്ചിരിക്കയായിരിക്കുമോ? രാജകിരീടത്തിലെ വല്ല വിശിഷ്ട രത്നങ്ങളിലും അവിടുന്നു് പററിക്കൂടിയിരിക്കുമോ? രാജകീയ ഗായകസംഘത്തിന്റെ സംഗീത പ്രകടനതന്ത്രങ്ങളുടെ ഇടയിൽ കിടന്നു അവിടുന്നു പ്രശാന്തനിദ്ര ചെയ്കയായിരിക്കുമോ?

ഇല്ല, ഇല്ല, അതൊന്നും അമ്മയ്ക്കു് ആവശ്യമില്ല. അവയ്ക്കൊന്നിനും അമ്മയുടെ ഒററ മന്ദഹാസത്തോളം വിലപിടിക്കുന്നതല്ല. പുലക്കിടാങ്ങളുടെ പിത്തളക്കാൽച്ചിലങ്കകളുടെ കിലുക്കത്തോളം,—ഉഴവുചാലുകളിൽ നെന്മണി വിതച്ചു് ഇളന്തോളുകൾ തകർന്ന ലാവണ്യശാലികളായ പുലയുവതികളുടെ നീലിമ വിലസുന്ന കഠിന സ്തനങ്ങളിൽ അണിനിരക്കുന്ന സ്വേദകണങ്ങളോളം—ഇതൊന്നും അമ്മയ്ക്കു സന്തോഷപ്രദമായിരിക്കയില്ല.

അംബ, കവിതാദേവി, ഞാൻ എന്റെ അംബികയെ കാണ്മാനായി ഇതാ പൂഞ്ചോലയിലേക്കു തിരിച്ചുവരുന്നു. അമ്മയെ കൂടാതെയുള്ള യാതൊരു ജീവിതത്തിലും എനിക്കാകാംക്ഷയില്ല. അമ്മയുടെ മാറിടത്തെ വിട്ടൊഴിഞ്ഞുള്ള യാതൊരു ജീവിത വിശേഷത്തിലും സുഖമുണ്ടായിരിയ്ക്കയില്ല.

ലോകപിതാവേ, ഈ പൂനിലാവിൽ അവിടുന്നു് ഒരിക്കൽകൂടി ആവിർഭവിച്ചാലും! ദയയുണ്ടായി എന്നെ കവിതാദേവിയുടെ വാസസ്ഥലമായ ആ പൂഞ്ചോലയിലേക്കു കൂട്ടിക്കൊണ്ടുപോയാലും! ദു:ഖകരമായ ഈ മനുഷ്യജീവിതത്തിൽനിന്നു് എന്നെ വിമുക്തമാക്കിയാലും!

ആകാശമണ്ഡലത്തിൽ പരിലസിക്കുന്ന ചന്ദ്രബിംബത്തിൽനിന്നു് അതിമൃദുവായി പ്രവഹിക്കുന്ന പൂങ്കുളിർ നിലാവിൽ ഞാൻ കവിതാദേവിയുടെ മനോഹര മാറിടത്തിൽ പററിക്കിടന്നു നക്ഷത്രഗോളങ്ങളുടെ നിശബ്ദഗീതങ്ങളെ ശ്രവിച്ചുകൊള്ളട്ടെ! മിനുക്കിയെടുത്ത വെള്ളി നറുക്കുകൾക്കൊത്തു തിളങ്ങിവിളങ്ങുന്ന കല്ലോല തരംഗങ്ങളിൽ ഞാൻ കവിതാദേവിയോടൊരുമിച്ചു് ഒരു സംഗീത നൃത്തം ചെയ്തുകൊള്ളട്ടെ!!

ജഗൽ പിതാവേ, ചെന്താമരപ്പൂവിനോളം മാഹാത്മ്യമുള്ളതായി ലോകത്തിൽ മറെറന്താണുള്ളതു്? അതിന്റെ ഇതളുകൾ അവിടത്തെ വിമലഹസ്താംഗുലികളെ മനുഷ്യലോകത്തിനു കാട്ടിക്കൊടുക്കുന്നുവല്ലോ

അതിന്റെ നവ്യ ശോണിമ അങ്ങയുടെ
കവിൾത്തടങ്ങളുടെ ദിവ്യ പ്രകാശത്തെ
വഹിക്കുന്നുവല്ലോ. അതിന്റെ ലളിത കോമളിമ
ആകാശമണ്ഡലത്തിൽ സുവർണ്ണ വർണ്ണക്കതിർ
ചാർത്തുന്നതായ അങ്ങയുടെ തിരുമുഖത്തെ
ലക്ഷ്യപ്പെടുത്തുന്നുവല്ലോ. അതിനുള്ളിൽ
നിറഞ്ഞിരിക്കുന്ന മകരന്ദമാവട്ടെ, തിരുമനസ്സിലെ
കാരുണ്യാമൃതത്തിന്റെ ദിവ്യ മാധുരിയെ
സദൃശീകരിക്കുന്നുവല്ലോ. മൃദുലനീലിമയോടു കൂടിയ
ഇലകളാവട്ടെ തിരുമേനിയുടെ
ദിവ്യതാലവൃന്തങ്ങളെയല്ലാതെ മറെറന്തിനെയാണു്
സമീകരിക്കുന്നതു്?

അതിനാൽ ദയാലോ, എന്നെ ഒരു
ചെന്താമരപ്പൂതന്നെയായി രൂപാന്തരപ്പെടുത്തിയാലും!
തിരുസിംഹാസനത്തിനു ചുററും സമുൽഗളിക്കുന്ന
പരിശുദ്ധങ്ങളായ ഗീതസ്വരങ്ങൾകൊണ്ടു
കവിതാദേവി എന്നെ താലോലിയ്ക്കുന്നതിനായി, ആ
ദിവ്യ സ്വരൂപിണിയുടെ ശോണാധരത്തിൽ ഞാൻ
സ്നേഹവൈവശ്യത്തോടുകൂടി ചുംബിച്ചു
കൊള്ളട്ടെ!

തീരപ്രദേശങ്ങളിൽ വിഹരിക്കുന്ന ഇളം
പുല്ലുകൾക്കായി വെൺനുരകളെക്കൊണ്ടു
ശ്വേതകഞ്ചുകം നിർമ്മിക്കുന്ന
ശില്പകലാകുശലനായുള്ളോവേ, മന്ദവായുവിനെ
മത്തഭൃംഗങ്ങളുടെ പാർശ്വഭാഗങ്ങളിൽ ബന്ധിച്ചു്
ആകാശ ഗമനം ചെയ്യുന്ന പാവന രത്നമേ, ഝില്ലീ
സമൂഹങ്ങളുടെ വീണപ്പെട്ടികളിൽ

സപ്തസ്വരോൽപാദനം ചെയ്യുന്ന സംഗീത വിദഗ്ധയായുള്ളോവേ, ഞാൻ എന്റെ അമ്മയുടെ ദിവ്യസൗന്ദര്യത്തെ കാണുമാറാവട്ടെ! അമ്മയുടെ താരാട്ടു പാട്ടുകളെ കേൾക്കുമാറാവട്ടെ!

ഞാൻ ഇതാ ചന്ദ്രികാ ശീതളമായ ഈ മനോഹര രാത്രിയിൽ എന്റെ മാർബിൾ കൊട്ടാരത്തെ ഉപേക്ഷിച്ചിരിക്കുന്നു. എന്റെ നവരത്ന മാല്യങ്ങളെ കനകനീരാളമെത്തയിലേക്കു വലിച്ചെറിഞ്ഞിരിക്കുന്നു. എന്റെ അമൂല്യ ധനങ്ങളേയും രാജകിരീടത്തെത്തന്നെയും എന്റെ ഭ്രാതജന്മലബ്ധിയ്ക്കായി കൈവെടിഞ്ഞിരിക്കുന്നു.

പ്രഭാത വേളകളിൽ ബാലാർക്ക കിരണങ്ങളെ ചുഴന്നു നിൽക്കുന്ന ഭാസുരശോണിമയെ ആരാധിപ്പാനും മദ്ധ്യാഹ്ന സമയങ്ങളിൽ പൂഞ്ചോല വക്കിൽ പററിയിരുന്നു വിശ്രമ സൗഖ്യം അനുഭവിയ്ക്കുന്ന മദോന്മത്തകളായ പെൺതാറാവുകളുടെ പക്ഷയുഗത്തിൽനിന്നു കൊഴിഞ്ഞു വീണ വെള്ളത്തൊത്തുകൾകൊണ്ടു് കവിതാ ദേവിയുടെ മഹനീയ കിരീടത്തിൽ വെൺതൂവാലി ചാർത്തുന്നതിനും, ആകാശത്തട്ടിൽ ശൃംഗാരനടനം ചെയ്യുന്ന കാമകലാകുശലരായ ചിത്രശലഭ മിഥുനങ്ങളുടെ പക്ഷവിക്ഷേപവിലാസങ്ങളിൽ വിലീനമായിരിക്കുന്ന മൃദുഗീതത്തെ ശ്രവിയ്ക്കുന്നതിനു്, രാത്രിയിലെ നിശ്ശബ്ദതയിൽ — മായാദീപ പ്രദർശനത്തിൽ കാണുന്ന മങ്ങിയിരുണ്ട ഭൂഭാഗചിത്രംപോലെ തെങ്ങോലകൾ അസ്പഷ്ടപരിധികളോടും

അതീവശാന്തതയോടുംകൂടി നഭോരംഗത്തിൽ പററിനിന്നു ലോകസ്രഷ്ടാവിനെ ആരാധിക്കുന്ന ഗാഢാന്ധകാരത്തിൽ—അന്തരീക്ഷ മണ്ഡലത്തിൽ പ്രകാശിക്കുന്ന തേജ:പുഞ്ജങ്ങളോടു കുശാഗ്രങ്ങൾ ഒരുമിച്ചു് മുത്തുമണികൾക്കായി കേഴുന്ന അർദ്ധരാത്രിയിൽ-ജീവലോകത്തിന്റെ നേരെ തുറന്നിട്ടിരിയ്ക്കുന്ന നക്ഷത്രവാതായനങ്ങളിലൂടെ സ്വർഗ്ഗസദനത്തിന്റെ സ്ഫടികത്തളിമങ്ങളെ എന്റെ അമ്മയുടെ ചുമലുകളോടു ചേർന്നു നോക്കിക്കാണുന്നതിനും ഞാൻ അത്യാകാംക്ഷയുള്ളവളായിരിക്കുന്നു.

അതിനാൽ അംബികേ, പരമാനന്ദദായിനി, നിർവൃതി സ്വരൂപിണി, അടുത്തു വന്നാലും! അടുത്തു വന്നാലും!

അതാ, അതാ, പീയൂഷ വർഷം ചെയ്യുന്ന ആ മധുര സ്വരം! ദിവ്യഗാന സംപൂർണ്ണമായ ആ മുരളീ ശബ്ദം! കനകക്കാൽ ചിലമ്പുകളുടെ ഘിണിഘിണി നിനദം! കസവു നീരാളങ്ങളുടെ കരകര സ്വരങ്ങൾ! കനകമേഘകംബളങ്ങളുടെ കാന്തിപ്രസരം! കനക രഥത്തിന്റെ ചെറുചക്രാരവങ്ങൾ! ഹാ! ഹാ! എന്റെ ജീവിത ദാതാവിന്റെ ആഗമനോൽസവ കോലാഹലം എത്ര രമണീയമായിരിക്കുന്നു!

അല്ലയൊ വ്യക്താവ്യക്ത നിർമ്മാതാവേ, അക്ഷയാനന്ദദാതാവേ, അനുഗ്രഹാകരമേ, അടിയനെ അനുഗ്രഹിച്ചാലും! സൗഭാഗ്യ സമ്പൂർണ്ണമായ ആ പൂഞ്ചോലയിലേക്കു വഴി കാണിച്ചു തന്നാലും!

'കടന്നു പൊയ്ക്കൊൾക' എന്നൊരു സംഗീത ശബ്ദം ആകാശവീഥിയിൽ നിന്നു് എന്റെ കർണ്ണപുടത്തിൽ പതിച്ചു.

ഒരു കൊച്ചു കാറ്റടിച്ചു. കസ്തൂരികാ ഗന്ധം പരന്നു. നക്ഷത്ര പ്രഭ മങ്ങി. ഞാൻ ചെറുതായൊന്നുറങ്ങി, ഉന്മേഷത്തോടുകൂടി ഉണർന്നു. എന്റെ കാലടികൾ പൂഞ്ചോലയുടെ വക്കത്തായി.

'അമ്മേ, കവിതാദേവി, നിന്തിരുവടി എവിടെയാണു്?' എന്നു ഞാൻ ഉച്ചത്തിൽ ചോദിച്ചു.

'എന്റെ ഓമനേ, ഇതാ, ഇതാ, ഞാൻ ഇവിടെയുണ്ടു, വരിക തന്നെ' എന്നു് ആ മന്ദവായുവിലൂടെ മൃദുവായി ശബ്ദിച്ചുകൊണ്ടു് സർവ്വജന വിമോഹിനിയായ ദേവി ലളിതമനോഹരങ്ങളായ കൈത്തണ്ടകൾ നീട്ടി എന്നെ ആശ്ലേഷിച്ചു.

തൽക്ഷണം ഞാൻ പരമാനന്ദമാത്രനായ ജഗദീശ്വരന്റെ തൃപ്പാദയുഗ്മത്തിലെ ശോണവർണ്ണം പൂണ്ടു പരിലസിക്കുന്ന ഒരു ചെന്താമരപ്പൂവായി കവിതാ ദേവിയുടെ പാർശ്വഭാഗത്തിൽ എന്നെന്നേയ്ക്കുമായി പറ്റിച്ചേർന്നു.

7

രാഷ്ട്രീയ പ്രവർത്തനങ്ങൾ

പൗര സമത്വവാദം

രാഷ്ട്രീയമായും ചരിത്രപരമായും സഭാപരമായും ചിത്രമെഴുത്തു് ഒട്ടുവളരെ ലേഖനങ്ങൾ എഴുതീട്ടുണ്ടു്. തിരുവിതാംകൂറിൽ ദേവസ്വം വകുപ്പും റവന്യൂ വകുപ്പും യോജിച്ച നിലയിൽ ഭരണം നടത്തിയിരുന്നതിനാൽ ഈ രാജ്യത്തെ ക്രൈസ്തവർക്കു് റവന്യൂ വകുപ്പിൽ ഉദ്യോഗം നൽകുവാൻ സർക്കാർ തയ്യാറില്ലായിരുന്നു. ക്രൈസ്തവർ, ഈഴവർ, മഹമ്മദീയർ തുടങ്ങിയുള്ള അഹിന്ദുക്കളും അവർണ്ണ ഹിന്ദുക്കളും ഈ വിഷയത്തിൽ വളരെ അസമത്വം അനുഭവിച്ചു. ഈ നയത്തിനെതിരെ തിരുവിതാംകൂറിലെ അസമത്വ വർഗ്ഗങ്ങൾക്കു് റവന്യൂ വകുപ്പിൽ പ്രവേശനം അനുവദിക്കണമെന്നു് സംഘടിതമായ ഒരു വാദം ആദ്യമായി ആരംഭിച്ചതു് പുതിയ കാവിൽ പടിഞ്ഞാറെത്തലക്കൽ ജേക്കബ് കുര്യനായിരുന്നു. ജേക്കബ് കുര്യന്റെ വക പത്രമായ 'കേരളീയാഭിമാനി'യിൽ ഇതു സംബന്ധിച്ചു് തുടരെ ലേഖനങ്ങൾ, മുഖപ്രസംഗങ്ങൾ മുതലായവ പ്രസിദ്ധപ്പെടുത്തിവന്നു. ഈ ലേഖനങ്ങളും

മുഖപ്രസംഗങ്ങളും അധികവും വറുഗീസിന്റെയും ജേക്കബ് കുര്യന്റെയും വകയും.

റവന്യൂവും ദേവസ്വവും ഒന്നുപെട്ടു കിടക്കുന്നതിനാൽ അഹിന്ദുക്കൾക്കും അവർണ്ണ ഹിന്ദുക്കൾക്കും റവന്യൂ വകുപ്പിൽ പ്രവേശനം നൽകുവാൻ പാടില്ലെന്നും, തിരുവിതാംകൂർ രാജ്യം മാർത്താണ്ഡവർമ്മ മഹാരാജാവു് ശ്രീ പത്മനാഭസ്വാമിക്കു് 'അർപ്പിക്കപ്പെട്ടു പോയ'തിനാൽ ഒന്നുപെട്ടുകിടക്കുന്ന ഒരു തുറയിൽ ഒരു പുതിയ ഭരണരീതി കൈവരുത്തുവാൻ ആർക്കും തന്നെ അധികാരമില്ലെന്നും, നായർ സമുദായം വകയായ ഒരു പത്രമൊഴിച്ചു് മററുള്ള നായർ പത്രങ്ങൾ എതിർവാദം മുഴക്കി. 'സമദർശി' (തിരുവനന്തപുരം) മാത്രം ഈ വാദം അന്യായമാണെന്നു പറഞ്ഞു. ഈ അർപ്പണവാദത്തിന്റെ കഥയില്ലായ്കയെ ചാരിത്രികമായി വെളിപ്പെടുത്തി അതിന്റെ നട്ടെല്ലു് തകർക്കുവാൻ ക്രൈസ്തവപത്രങ്ങൾക്കൊന്നിനും കഴിഞ്ഞില്ല.

'പൗരസമത്വവാദം' ജേക്കബ്കുര്യന്റെയും കേരളീയാഭിമാനിപ്പത്രത്തിന്റെയും വകയായിരുന്നതിനാൽ 'മലയാള മനോരമ' പ്രാരംഭകാലത്തു് ഈ വിഷയത്തിൽ മൗനം അവലംബിക്കയാണു് ചെയ്തതു്. ശേഷിച്ച ക്രൈസ്തവ പത്രങ്ങളായ 'നസ്രാണി ദീപിക', 'നവഭാരതി' മുതലായവ ഗവണ്മെൻറിനോടു് ഒരു അസാദ്ധ്യകാര്യത്തിൽ മത്സരിക്കേണ്ട എന്ന മട്ടിൽ മൗനം പാലിക്കയും ചിലപ്പോൾ പൗരസമത്വവാദത്തെ

അനുകൂലിച്ചു് ചിലതെല്ലാം എഴുതുകയും ചെയ്തിരുന്നു. എന്നിരിക്കിലും രാജ്യസമർപ്പണ വാദത്തെ തകർക്കുവാൻ ആരും മുന്നോട്ടുവന്നില്ല. ഈ പരിതസ്ഥിതിയിൽ രാജ്യസമർപ്പണ വാദത്തിൽ നായർ പത്രങ്ങൾ അവതരിപ്പിച്ചിരുന്ന ന്യായവാദങ്ങളെ ഖണ്ഡിച്ചു് 1093 മേടം 12-ാനു [കേരളീയാഭിമാനി പുസ്തകം 5-ലക്കം 32-ൽ] പൗരാവകാശ സമത്വവാദം എന്ന തലക്കെട്ടിൽ ചിത്രമെഴുത്തു് ഒരു ദീർഘലേഖനം പേരുവച്ചു് പ്രസിദ്ധപ്പെടുത്തി. ഈ ലേഖനം പുറത്തിറങ്ങിയതോടെ നായർ പത്രങ്ങൾ ആ ഒരു കഥയില്ലാ വാദത്തിൽനിന്നു് പിന്തിരിഞ്ഞു. പൗരസമത്വവാദം ഉച്ചപ്പെട്ടു് അതു് ഒരു അഖില തിരുവിതാംകൂർ പ്രശ്നമായിത്തീരുമെന്നുള്ള പ്രതീതി ഉണ്ടായതോടുകൂടിയാണു് ടി. കെ. മാധവൻ (ഈഴവൻ), പി. എസ്. മുഹമ്മദ് മുതലായവരും പരസ്യമായി പൗരസമത്വവാദത്തെ അനുകൂലിച്ചതു്. ജേക്കബ് കുര്യൻ മുന്നണിയിൽനിന്നു് ഈ കാര്യത്തിൽ പേനാകൊണ്ടും രചനകൊണ്ടും പലതും പ്രവർത്തിച്ചിട്ടുണ്ടു്. ചിത്രമെഴുത്തും പേരുവെക്കാതെയും പേരുവെച്ചും പല ലേഖനങ്ങളെഴുതി ഈ പ്രസ്ഥാനത്തെ സഹായിച്ചു.

ദിവാൻ രാഘവയ്യായുടെ ഭരണത്തെ അപജയപ്പെടുത്തുന്നതിനായി 1095-ൽ തിരുവനന്തപുരം കേന്ദ്രമാക്കിയുള്ള ഒരു ഉപജാപക സംഘം കോളജ് വിദ്യാർത്ഥികളെ ആയുധമാക്കി മുന്നോട്ടു ഉന്തിവിട്ടു. പട്ടാളത്തെ ഉപയോഗിച്ചു്

ദിവാൻ വിദ്യാർത്ഥി ബഹളം അമർത്തി. പല വിദ്യാർത്ഥികൾക്കും പരുക്കേറ്റു. ഈ വിഷയത്തിൽ ക്രിസ്ത്യൻ സമുദായം സ്വീകരിക്കേണ്ട നയം എന്താണെന്നു് അറിയാതെ ക്രൈസ്തവ പത്രങ്ങൾ പരുങ്ങിനിൽക്കവെ, 'ഞങ്ങൾ എന്തുകൊണ്ടു വിദ്യാർത്ഥിലഹളയെ അനുകൂലിക്കുന്നില്ല' എന്ന തലക്കെട്ടിൽ ഒരു ദീർഘലേഖനം 'കേരളീയാഭിമാനി' പത്രത്തിൽ ചിത്രമെഴുത്തു് എഴുതി. പിന്നീടു മാത്രമാണു് ക്രൈസ്തവ പത്രങ്ങൾ ഈ വിഷയത്തെ സംബന്ധിച്ചു് അഭിപ്രായ പ്രകടനം ചെയ്തതു്. 1094-ലെ മാവേലിക്കര പൗരസമത്വവാദയോഗത്തിൽ 'പൗരൻ' പത്രാധിപർ ജി. രാമൻ മേനോൻ ഈ വിഷയത്തിൽ ഗവണ്മെൻറിനെതിരായി ഒരു പ്രമേയം കൊണ്ടുവന്നു. വറുഗീസ് എതിർത്തു. പ്രസ്തുത സംഗതിയെ സംബന്ധിച്ചു് കേരള കൗമുദിയിലെ മുഖപ്രസംഗം (1097-വൃശ്ചികം 8-ാനു) താഴെ ഉദ്ധരിക്കുന്നു:— 'വിദ്യാർത്ഥി ബഹളത്തെയും അനന്തര സംഭവങ്ങളെയും കുറിച്ചു് അന്വേഷണം നടത്തുവാൻ ഒരു കമ്മിറ്റി ഏർപ്പെടുത്തണമെന്നു് ഉള്ള വാദത്തിൽ എന്തുകൊണ്ടു് ക്രിസ്ത്യാനികൾ സംബന്ധിക്കുന്നില്ല എന്നു വിശദീകരിച്ചു് ചിത്രമെഴുത്തു് കെ. എം. വർഗീസ് ദീർഘവും രസകരവുമായ ഒരു ലേഖനം കേരളീയാഭിമാനിയിൽ എഴുതിയിരിക്കുന്നു. മാവേലിക്കര വച്ചു കൂടിയ പൗരസമത്വവാദ യോഗത്തിൽ കമ്മിറ്റി ഏർപ്പെടുത്തേണ്ട ആവശ്യകതയെ കാണിച്ചു് ജി. രാമൻ മേനോൻ ഹാജരാക്കിയ നിശ്ചയത്തെ എതിർത്തതു് വർഗീസാകയാൽ അതിനുള്ള

ന്യായങ്ങളെ വിശദീകരിക്കാനുള്ള ചുമതലയും അദ്ദേഹത്തിനുണ്ടായിരുന്നു. വർഗീസ് കേരള കൗമുദിയെക്കുറിച്ചും സന്ദർഭവശാൽ അല്പമൊന്നു സൂചിപ്പിച്ചിട്ടുണ്ടു്. കൗമുദി എന്തുകൊണ്ടു കമ്മിറ്റി വേണമെന്നു പറയുന്നു എന്നു് ഇനിയും ആവർത്തിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. വിദ്യാർത്ഥി ലഹള സംബന്ധിച്ചു് കേസ് നടക്കുന്നതുകൊണ്ടു കേസുകളുടെ തീരുമാനത്തിൽനിന്നു് സത്യം വെളിപ്പെടുന്നതാകയാൽ സത്യാന്വേഷണത്തിനു് ഒരു പ്രത്യേക കമ്മിറ്റിയും വിസ്താരവുമൊന്നും ആവശ്യമില്ലെന്നു് വർഗീസ് പറയുന്നതിൽ ഞങ്ങൾക്കു് അത്ര വിശ്വാസം വരുന്നില്ല.

കോടതികളുടെ ജഡ്ജ്മെൻറുകൾ ചിലപ്പോൾ സത്യം മുഴുവൻ വെളിപ്പെടുത്തിയില്ലെന്നും, സത്യത്തിനു വിപരീതമായിരുന്നു എന്നും വരാവുന്നതാണു്. ഞങ്ങളുടെ സ്നേഹിതൻ വർഗീസ് ഇതു സമ്മതിക്കുമോ, ഞങ്ങളെ തർക്കിച്ചുതോല്പിക്കുമോ എന്നു തീർച്ചപറവാൻ തരമില്ല....'

പൗരസമത്വവാദ മഹായോഗം

1094 കന്നി 24-ാനു ഇലഞ്ഞിക്കൽ ജോൺ വക്കീലിന്റെയും നിധിയിരിക്കൽ ജോൺ വക്കീലിന്റെയും അദ്ധ്യക്ഷതകളിൽ മാവേലിക്കര ആറാട്ടു കടവ് സി. എം. എസ്. പള്ളിയുടെ വടക്കുവശംവെച്ചു് നടത്തിയ പൗരസമത്വവാദ മഹായോഗത്തിന്റെ പ്രധാന പ്രവർത്തകന്മാർ പി.

ജേക്കബ് കുര്യൻ, കെ. ഐ. വർഗീസ് മാപ്പിള (പുതുമഠം), കെ. എം. വർഗീസ് എന്നീ മൂന്നു പേരായിരുന്നു.

ഒടുവിൽ കോട്ടയംകാർ പൗരസമത്വവാദ ശിശുവിനെ കൈയിൽ ഏന്തുകയും 'മനോരമ' മുന്നിട്ടുനിന്നു് പ്രവർത്തിപ്പാൻ തയ്യാറാവുകയും ചെയ്തു. ആ നിലയിൽ കോട്ടയത്തു് ഒരു പൗരസമത്വ മഹായോഗം കൂടുകയും [ക്രൈസ്തവ മഹാജന സഭ] ഒരു കമ്മിറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തു. ജോൺ ചാണ്ടിയായിരുന്നു സെക്രട്ടറി. പൗരസമത്വവാദത്തെ തൂലികകൊണ്ടു പരിപോഷിപ്പിക്കുവാൻ ക്രൈസ്തവ സമുദായത്തിൽ പേരെടുത്ത എഴുത്തുകാരുടെ സഹായം ആവശ്യപ്പെടണമെന്നു് പൗരസമത്വവാദക്കമ്മിറ്റി തീരുമാനിച്ചതനുസരിച്ചു് സെക്രട്ടറിമാരായ ജോൺ ചാണ്ടി (മറ്റിത്ര—കോട്ടയം), പി. കെ. കൊച്ചീപ്പൻ തരകൻ എന്നിവർ 1094 വൃശ്ചികം ഒന്നിനു് ചിത്രമെഴുത്തിന്റെ പേർക്കു് രജിസ്റ്റർ ചെയ്തു് ഒരു കത്തയച്ചു. അതോടുകൂടി പൗരസമത്വവാദത്തിന്റെ വിജയത്തെയും ക്രൈസ്തവ സമുദായത്തിന്റെ അഭിമാനം ഉൽക്കർഷം എന്നിവയെയും മുൻനിറുത്തി പല ലേഖനങ്ങളും അദ്ദേഹം എഴുതി. മലയാള മനോരമ, നവഭാരതി, കോട്ടയം 'പ്രതിദിനം', കേരള സേവകൻ [കേരള സേവകന്റെ പ്രാരംഭഘട്ടത്തിൽ മാത്രം] എന്നീ പത്രങ്ങളിലും പല ലേഖനങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ടു്....ഇതിനെ തുടർന്നു് 'വലിയ മാർ

ദീവന്നാസ്യോസും തരണനല്ലൂർ നമ്പൂരിപ്പാടും', 'നെല്ലിമൂട്ടിലമ്മച്ചി', 'തച്ചിൽ മാത്തുത്തരകന്റെ തങ്കക്കൊമ്പൻ', 'മാർ മത്യൂസ് അത്താനാസ്യോസിന്റെ പഞ്ചകല്യാണി', 'വേണാടിന്റെ നടുത്തൂൺ—അഥവാ— പുണ്യവാളനായ ശൗര്യാർ' എന്നിത്രയും ചരിത്രകഥകൾ ചിത്രമെഴുത്ത് മലയാള മനോരമയിൽ എഴുതി. മനോരമ പ്രവർത്തകർ അവ പുസ്തകരൂപത്തിൽ പിന്നീടു പ്രസിദ്ധപ്പെടുത്തി.

മന്നത്തു പത്മനാഭപിള്ളയുടെ നിരൂപണം

മേൽപറഞ്ഞ ചരിത്രകഥകൾ അഞ്ചും ക്രൈസ്തവ സമുദായത്തിന്റെ അഭിമാനവീര്യത്തെ വളരെ ഉത്തേജിപ്പിക്കതന്നെ ചെയ്തു. എന്നാൽ ഇതു് നായർ സമുദായത്തിൽ ഒരു പക്ഷത്തിനു് ഒട്ടുംതന്നെ രസിച്ചില്ല. തൽഫലമായി മാർ മത്യൂസ് അത്താനാസ്യോസിന്റെ പഞ്ചകല്യാണി എന്ന ചരിത്രകഥയെ നിരൂപണം ചെയ്തുകൊണ്ടു് നായർ സമുദായ നേതാവും നായർ സർവ്വീസ് സൊസൈറ്റി പ്രസിഡൻറുമായ മന്നത്തു പത്മനാഭപിള്ള ഒരു പുസ്തകം തന്നെ പ്രസിദ്ധപ്പെടുത്തി.

നിരൂപണകലയുടെ സദ്ധർമ്മങ്ങളേയും അവഹേളിക്കുന്നതായ ഒന്നായിരുന്നു പ്രസ്തുത നിരൂപണ കൃതി. വ്യക്തിപരമായ ശകാരം, ഭീഷണി എന്നിവയുടെ നഗ്നനൃത്തം ഇതിൽ കാണാം. ഈ നിരൂപണകൃതിയെ വിമർശിച്ചു് 'കേരളീയ നസ്രാണികളുടെ രാഷ്ട്രീയ സേവനം' എന്നപേരിൽ 1111 ൽ ചിത്രമെഴുത്തു് ഒരു ഗ്രന്ഥം

പ്രസിദ്ധപ്പെടുത്തി. ഈ മറുപടി പ്രസിദ്ധപ്പെടുത്തുന്നതിനു സിംഗപ്പൂരിൽ കോലാലമ്പൂർ എന്ന സ്ഥലത്തുണ്ടായിരുന്ന സുറിയാനി ക്രിസ്ത്യാനികളായ യുവജനങ്ങൾ അഞ്ഞൂറു രൂപായോളം ചിത്രമെഴുത്തിനു സംഭാവന നൽകി. ഈ മറുപടി പുറത്തിറങ്ങിയതോടെ മന്നത്തു പത്മനാഭപിള്ളയുടെ ചാരിത്രിക വാദഗോപുരം ഒന്നോടെ തകർന്നു വീഴുകയും അദ്ദേഹത്തിന്റെ പൊട്ടയുക്തികളുടെ കഥയില്ലായ്ക സർവർക്കും കരതലാമലകതുല്യം സ്പഷ്ടീഭവിക്കയും ചെയ്തു. രണ്ടു വാല്യമായിട്ട് മേൽപ്പറഞ്ഞ 'പഞ്ചകല്യാണി നിരൂപണ'ത്തിനു മറുപടി എഴുതണമെന്നാണു് ചിത്രമെഴുത്തു നിശ്ചയിച്ചിരുന്നതു്. ശ്രീ പത്മനാഭപിള്ള പഞ്ചകല്യാണി നിരൂപണത്തിൽ അവതരിപ്പിച്ചിട്ടുള്ള ചരിത്രപരമായ എല്ലാ വാദമുഖങ്ങളേയും സഹസ്രശ: ഖണ്ഡിപ്പാൻ തക്കമാറു് ആവശ്യമായ ചരിത്രരേഖകളോടുകൂടി നോട്ടുകൾ മുഴുവൻ ചിത്രമെഴുത്തു് തയ്യാറാക്കിയെങ്കിലും ഒന്നാം വാല്യം [കേരള നസ്രാണികളുടെ രാഷ്ട്രീയ സേവനം] പുറത്തിറങ്ങിയതോടെ പത്മനാഭപിള്ളയും നായർ പത്രങ്ങൾ പൊതുവെയും ഒരു അക്ഷരമെങ്കിലും, മറുപടി പറയുകയൊ നിരൂപണത്തിനു പുറപ്പെടുകയോ ചെയ്യായ്കയാൽ രണ്ടാം വാല്യത്തിന്റെ ആവശ്യം കൂടാതെതന്നെ കാര്യം നേടി.

മന്നത്തിന്റെ നിരൂപണ ഗ്രന്ഥത്തിനുള്ള ചിത്രമെഴുത്തിന്റെ മറുപടി പുറത്തിറങ്ങുന്നതിലേക്കു് അൽപം കാലതാമസം നേരിടുകയാൽ 'സുറിയാനി

ക്രിസ്ത്യാനികളും അവരുടെ രാജ്യരക്ഷാ പുരുഷത്വവും' എന്നപേരിൽ ചിത്രമെഴുത്തിന്റെ ഒരു ചെറിയ ചരിത്ര ഗ്രന്ഥം സാനിട്ടറി കമ്മീഷണർ ജേക്കബ് ചാണ്ടിയുടെ അവതാരികയോടുകൂടി ചെങ്ങന്നൂർ ജോൺ മെമ്മോറിയൽ പ്രസ്സിൽനിന്നു 1107 ൽ പുറത്തിറങ്ങി.

മത്യൂസ് മാർ അത്താനാസ്യോസിന്റെ പഞ്ചകല്യാണി എന്ന ചരിത്രകഥയെ നിരൂപണം ചെയ്തുകൊണ്ടുള്ള മന്നത്തു പത്മനാഭപിള്ളയുടെ മറുപടി നായർ സമുദായനാവായ 'സർവീസ്' എന്ന പ്രതിദിനപ്പത്രത്തിൽ മുടങ്ങാതെ ആറുമാസക്കാലം കൊണ്ടാണു് പ്രസിദ്ധപ്പെടുത്തി അവസാനിപ്പിച്ചതു്. ഈ നിരൂപണകൃതി വെളിക്കായതോടെ തിരുവിതാംകൂറിൽ നായർ സമുദായവും ക്രൈസ്തവ സമുദായവും തമ്മിൽ വല്ലാതെ സംഘർഷം കൊടുമ്പിരി കൊണ്ടു. നായർ പത്രങ്ങൾ ചിത്രമെഴുത്തിനെയും മനോരമയേയും അതികർശനമായി ശകാരിച്ചു തുടങ്ങി. മാത്രമല്ല, നായന്മാർ പല സ്ഥലങ്ങളിലും മനോരമയുടെനേരെ അഭ്യവകർഷണം ആരംഭിക്കയും ചെയ്തു. തന്നിമിത്തം മനോരമ ഈ സംരംഭത്തിൽനിന്നു് പാടെ പിന്മാറി. അതിനാൽ വറുഗീസിന്റെ മറുപടി ഒരു വർഷത്തോളം സൂര്യപ്രകാശം കാണാതെ കഴിച്ചുകൂട്ടി. ഒടുവിൽ ക്രൈസ്തവർ നിവർത്തന പ്രസ്ഥാനം [ഗവണ്മെൻറിന്റെ നേരെ] ആരംഭിച്ചതോടെ മനോരമപ്പത്രാധിപർ മാമ്മൻ മാപ്പിള, വറുഗീസിന്റെ മറുപടി ആവശ്യപ്പെടുകയും, ഒരു മുഖപ്രസംഗത്തോടുകൂടി ആയതു്

മനോരമയിൽ തുടർച്ചയായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. പിന്നീടു മാത്രമാണു് അതു പുസ്തകരൂപത്തിൽ തിരുവനന്തപുരം കലാവിലാസിനി പ്രസ്സിൽനിന്നു് പുറപ്പെട്ടതു്.

മന്നത്തു പത്മനാഭപിള്ളയുടെ 'പഞ്ചകല്യാണി നിരൂപണ'ത്തിനു് ചിത്രമെഴുത്തു്, 'കേരളീയ നസ്രാണികളുടെ രാഷ്ട്രീയ സേവനം' എന്ന പ്രത്യാഖ്യാന ഗ്രന്ഥത്തിൽ കൂടി നൽകിയ മറുപടിയെ സംബന്ധിച്ചു് ആയിരത്തി ഒരുനൂറിപ്പതിനൊന്നു് കുംഭം 17-ാനയിലെ 'നവഭാരതി'പ്പത്രത്തിലും (തിരുവല്ലാ) മലയാള മനോരമയിലും തൽ ഭാരവാഹികൾ എഴുതിയിരുന്ന പുസ്തകാഭിപ്രായം താഴെ ഉദ്ധരിക്കുന്നു:—

'കേരളീയ നസ്രാണികളുടെ രാഷ്ട്രീയ സേവനം'

(ഒന്നാം ഭാഗം)

'ചരിത്രാന്വേഷിയും സാഹിത്യാദി സുകുമാരകലാ വ്യവസായിയും പ്രശസ്ത ഗദ്യകാരനുമായ ചിത്രമെഴുത്തു് കെ. എം. വറുഗീസ് അവർകൾ പലപ്പോഴായി പ്രത്യേകോദ്ദേശ്യത്തോടുകൂടി മലയാള മനോരമയിൽ ഖണ്ഡശ്ശ:പ്രസിദ്ധീകരിച്ച ചരിത്ര പരമ്പരയുടെ സമാഹരണമാണു് പ്രസ്തുത കൃതി എന്നു് അവതാരികകൊണ്ടു് സ്പഷ്ടമാകുന്നതാണു്. കേരളീയ ക്രൈസ്തവർ വിശിഷ്യ, സെൻറ്തോമസ് ക്രിസ്ത്യാനികളായ നസ്രാണികൾ വിവിധ വശങ്ങളിൽകൂടി കേരളത്തിൽ രാഷ്ട്രീയ സേവനം ചെയ്തു് അഭിമാനപൂർവ്വം ജീവിതം നയിച്ചിരുന്നു എന്നു് ഗ്രന്ഥകാരൻ സ്വദേശികളും വിദേശികളുമായ

ചരിത്രകാരന്മാരുടെ കൃതികളിൽനിന്നു് വേണ്ടുവോളം ഭാഗങ്ങൾ ഉദ്ധരിച്ചു് സ്വമതസ്ഥാപനം പരിപൂർണ്ണമായും സാധിച്ചിരിക്കുന്നു എന്നു് ഈ കൃതി ഒരാവർത്തി വായിക്കുന്ന നിർമ്മത്സര ബുദ്ധികളായ ചരിത്ര പണ്ഡിതന്മാർ നിസ്തർക്കം അഭിപ്രായപ്പെടുമെന്നുള്ളതിനു് രണ്ടു പക്ഷമില്ല. രാഷ്ട്രത്തിന്റെ ക്ഷേമൈശ്വര്യങ്ങൾക്കും സമാധാന സംപ്രാപ്തിക്കുമായി രാജ്യവാസികളിൽ ഏതൊരുവനും ചെയ്യുന്ന സൽകാര്യങ്ങളും ചിന്തകൾ തന്നെയും രാഷ്ട്രീയ സേവനമാണെന്നു് ആധുനിക ഭരണ മീമാംസകർ അഭിപ്രായപ്പെടുന്നുണ്ടു്. ചാതുർവർണ്ണ്യത്തിന്റെ പ്രാരംഭകാലത്തു് രാഷ്ട്രീയോദ്ധാരണത്തിനും രാഷ്ട്ര സംരക്ഷണത്തിനുമായി ചതുർവർണ്ണങ്ങളാൽ ചെയ്യപ്പെട്ട ഈശ്വരാരാധനം, യുദ്ധം, കൃഷി, വാണിജ്യങ്ങൾ ആദിയായവയും അവർക്കു സഹായമായി ഉപവർണ്ണങ്ങളാൽ കൃതങ്ങളായിരുന്ന ഇതര വൃത്തികളും സമപ്രധാനങ്ങളും തന്നിമിത്തം ഓരോന്നും പൊതുവേയും അതിന്റെ സ്ഥാനത്തു് മഹത്വസംപൂർണ്ണങ്ങളുമായിരുന്നു എന്നു പ്രാചീന ഗ്രന്ഥകാരന്മാർ സമ്മതിക്കുന്ന വാസ്തവമാണു്. ശയ്യാ വിശേഷം കൊണ്ടോ അകൃത്രിമ സുന്ദരങ്ങളായ പദങ്ങളുടെ ഘടന കൊണ്ടോ സംഗീതാത്മകമായ ഗദ്യരീതിയുടെ മാധുര്യത്താലൊ ആശയങ്ങളുടെ നൂതനത്വവും സൗഷ്ഠവവും കൊണ്ടോ പ്രതിപാദനരീതിയുടെ വൈശിഷ്ട്യത്താലൊ അഥവാ എല്ലാംകൂടി യോജിച്ചിട്ടുള്ളതുകൊണ്ടോ എന്തോ മി.

വർഗീസിന്റെ കൃതികൾ വായിക്കാൻ ആരംഭിച്ചാൽ അതവസാനിക്കാതെ പുസ്തകം താഴത്തു വയ്ക്കുന്നതു് പലർക്കും അരോചകമായിരിക്കും. ഗ്രന്ഥത്തിന്റെ ഒടുവിൽ രാഷ്ട്രീയ സേവകന്മാരായ അനേകം നസ്രാണികളുടെ പേരുകൾ അദ്ദേഹം പറഞ്ഞുപോകുന്നുണ്ടു്. അവരെപ്പറ്റിയുള്ള യഥാർത്ഥ ചരിത്രങ്ങൾ മി. വർഗീസുതന്നെ പത്രങ്ങൾ മുഖാന്തരം ജിജ്ഞാസുക്കളായ പൊതുജനങ്ങളെ അറിയിക്കുന്നതു് ഉത്തമമായിരിക്കും. ക്രൈസ്തവരിൽ അധ:കൃതർ ഇല്ലാതിരിക്കെ അധ:കൃത ക്രിസ്ത്യാനികൾ എന്ന പ്രയോഗം പലരേയും വിഷമിപ്പിക്കുന്നതാണു്. അതുപോലെ 'ജ്ഞാന സ്നാനന്മാർ എന്ന പ്രയോഗവും പ്രയോഗക്ഷമമായിത്തീർന്നിട്ടില്ല. (ജ്ഞാന സ്നാതന്മാർ എന്നതിലെ 'ത' അച്ചുനിരത്തുകാർ ന എന്നാക്കിയതാണു്-K. M. V.) മി. വർഗീസിന്റെ ഈ കൃതി മലയാളഭാഷാ യോഷയ്ക്കു് അനുഗൃഹീതമായ ഒരു കണ്ഠാഭരണവും കേരളീയ ക്രൈസ്തവർക്കു് അവരുടെ രാഷ്ട്രീയ സേവനത്തിന്റെ അപ്രതിഷേധ്യമായ ഒരു ചരിത്ര പ്രമാണവുമാണെന്നു് നിസ്സംശയം പറയാവുന്നതാണു്. ചരിത്ര ലക്ഷ്യങ്ങൾ ശേഖരിച്ചു് സ്വ സമുദായത്തിന്റെ പൂർവ്വ ചരിത്ര മാഹാത്മ്യത്തെ അത്ഭുതകരമായ വിധത്തിൽ പ്രത്യക്ഷപ്പെടുത്തുന്നതിൽ മി. വർഗീസ് പ്രദർശിപ്പിച്ചിട്ടുള്ള അനാദൃശബുദ്ധിശക്തിയും രചനാ സാമർത്ഥ്യവും വേണ്ടവിധത്തിൽ വിലമതിപ്പാനും അവയെപ്പറ്റി കൃതജ്ഞത പ്രദർശിപ്പിക്കുവാനും

ഇക്കാലത്തു് ജീവിച്ചിരിക്കുന്ന സമുദായാംഗങ്ങൾക്കു കഴിഞ്ഞില്ലെന്നു വരുന്നതു് ഭാവി തലമുറയിലെ ആളുകൾ അവരുടെപേരിൽ ഒരു വലിയ ന്യൂനതയായി
പരിഗണിക്കുന്നതാണെന്നുള്ളതിനെപ്പറ്റി ഞങ്ങൾക്കു് അൽപംപോലും സംശയമില്ല. മി. വർഗീസ് ന്യായമായി അർഹിക്കുന്ന പ്രോത്സാഹനം സ്വസമുദായത്തിൽ നിന്നും
സിദ്ധിക്കാതിരിക്കയില്ലെന്നും വിശ്വസിക്കുന്നു. അവതാരികയിലെ ഈ അഭിപ്രായത്തോടു ഞങ്ങൾ പൂർണ്ണമായി യോജിക്കുകയും മി. വർഗീസിനു് സർവ ഭാവുകങ്ങളും ആശംസിക്കുകയും രണ്ടാം ഭാഗം കഴിയുന്നത്ര വേഗം മുദ്രണം ചെയ്യപ്പെടുമെന്നു് വിശ്വസിക്കുകയും ചെയ്യുന്നു. 'കലാവിലാസിനി ബുക്ക് ഡിപ്പോ' തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ അപേക്ഷിച്ചാൽ ഒരു രൂപാ വിലക്കു് ഈ പുസ്തകം ലഭിക്കുന്നതാണു്.'

മലയാളമനോരമയിലെ "പുസ്തകാഭിപ്രായം"

കോട്ടയം
30-9-1111

'കേരളീയ നസ്രാണികളുടെ രാഷ്ട്രീയ സേവനം'

ഒന്നാംഭാഗം

ഗ്രന്ഥകർത്താ—ചിത്രമെഴുത്തു് കെ. എം. വർഗ്ഗീസ്

ഈ പുസ്തകത്തിൽപെട്ട മിക്ക ഉപന്യാസങ്ങളും ഈ പത്ര പംക്തികളിൽ
പ്രസിദ്ധപ്പെടുത്തിയിരുന്നുവെന്നുള്ളതും ഈ

പ്രബന്ധപരമ്പരയ്ക്കു് ഹേതുഭൂതമായ പരിതസ്ഥിതികളെക്കുറിച്ചു് അക്കാലത്തു് ഞങ്ങൾ സവിസ്തരം പ്രസ്താവിച്ചിരുന്നു എന്നുള്ളതും ആലോചിക്കുമ്പോൾ ഇതിനെക്കുറിച്ചു് ഇപ്പോൾ വിശേഷവിധിയായി ഒന്നും പറയേണ്ടതായിട്ടില്ല. എന്നാൽ പത്രപംക്തികളിൽ പലപ്പോഴായി പ്രത്യക്ഷപ്പെടുന്ന ഉപന്യാസഖണ്ഡങ്ങളെ ഒരുമിച്ചുചേർത്തു് ഇതുപോലെ പുസ്തക രൂപത്തിൽ വായിക്കുമ്പോൾ മാത്രമേ പ്രതിപാദ്യവിഷയത്തിന്റെ യഥാർത്ഥരൂപം ഗ്രഹിക്കുവാനും അവയിലെ യുക്തി പ്രദർശനങ്ങളെയും സമർത്ഥനങ്ങളെയും യഥോചിതം വിലമതിക്കുവാനും സാധ്യമാകയുള്ളുവെന്നു് ഈ ഗ്രന്ഥം പാരായണം ചെയ്യുന്നവർക്കും ബോദ്ധ്യപ്പെടുന്നതാകയാൽ ചരിത്രസംബന്ധമായ ഒരു ഉല്പാദന ഗ്രന്ഥമെന്ന നിലയിൽ ഇതിനെ വീക്ഷിച്ചു് ഇതിന്റെ ഗുണ ദോഷങ്ങളെക്കുറിച്ചു് ചില ചർച്ചകൾ ചെയ്യുന്നതു് അനുചിതമായിരിക്കയില്ലെന്നു് വിശ്വസിക്കുന്നു. കേരളീയ നസ്രാണികളുടെ സൈനികവൃത്തി സംബന്ധമായ രാഷ്ട്രീയ സേവനം കേവലമൊരു ആകാശകുസുമമോ ശശശൃംഗമോ ആണെന്നു് 'മാർ മത്യൂസ് അത്താനാസ്യോസിന്റെ പഞ്ചകല്യാണിയും ചിത്രമെഴുത്തു കെ. എം. വർഗ്ഗീസും' എന്ന ഗ്രന്ഥത്തിൽ നായർ സർവ്വീസ് സൊസൈറ്റി സിക്രട്ടറിയായ മന്നത്തു പത്മനാഭപിള്ള പ്രസ്താവിച്ചിട്ടുള്ളതു് യാഥാർത്ഥ്യത്തിനു വിരുദ്ധമാണെന്നു് അനേകം ചരിത്രകാരന്മാരുടെ സാക്ഷ്യങ്ങളിലും സമർത്ഥിക്കുകയാണു് ഈ

ഗ്രന്ഥത്തിൽ ചെയ്തിരിക്കുന്നതു്. പാശ്ചാത്യ
ചരിത്രകാരന്മാരുടെ പ്രസ്താവനകൾക്കു പുറമെ
തിരുവിതാംകൂർ സ്റേറ്റ് മാനുവലിൽ മി. വി.
നാഗമയ്യയും കൊച്ചീ രാജ്യ ചരിത്രത്തിൽ മി. കെ. പി.
പത്മനാഭമേനവനും, കുഞ്ചൻ നമ്പ്യാർ,
കുഞ്ഞിക്കുട്ടൻ തമ്പുരാൻ മുതലായ
കാവ്യകാരന്മാരും നസ്രാണി സൈന്യങ്ങളെക്കുറിച്ചു്
വാച്യമായും സൂച്യമായും കൊടുത്തിട്ടുള്ള പല
ലക്ഷ്യങ്ങളും ഈ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്. ഈ
ലക്ഷ്യങ്ങൾ വ്യാജ നിർമ്മിതങ്ങളോ മേല്പറഞ്ഞ
ഗ്രന്ഥകാരന്മാർ വർഗ്ഗീയ ചിന്തകളാൽ
പ്രേരിതന്മാരോ, വല്ല പ്രത്യേക
ഉദ്ദേശ്യസാധ്യത്തിനായി പൂർവോക്ത
പ്രസ്താവനകൾ ചെയ്തിട്ടുള്ളവരോ
അല്ലെന്നുള്ളതു് സ്ഫടിക സ്ഫുടമാകയാൽ
നസ്രാണികളുടെ സൈനികസേവനം യഥാർത്ഥ
ചരിത്ര സംഭവം തന്നെയാണെന്നു് സിദ്ധിക്കുന്ന
വാസ്തവം ഇങ്ങനെയിരിക്കെ ഇതിനെ നിഷേധിച്ചു്
ഒരു ഗ്രന്ഥം തന്നെ നിർമ്മിക്കുവാൻ ഒരാൾ ഒരുങ്ങി
പുറപ്പെട്ടതു് ചരിത്രവിഷയത്തിലുള്ള
അജ്ഞതയാലോ പരഗുണ ദർശിത്വത്തിന്റെ
അഭാവത്താലോ ആയിരിപ്പാനേ ഇടയുള്ളു.
ഏതായാലും പുരോഭാഗികളുടെ അടിസ്ഥാന
രഹിതങ്ങളായ ആക്ഷേപങ്ങളെ ശാന്തസ്വരത്തിൽ
പ്രതിഷേധിച്ചു് സത്യസ്ഥിതി വെളിപ്പെടുത്തി
ഉപരിപ്ലവബുദ്ധികളായ വായനക്കാരുടെ
തെറ്റിദ്ധാരണകളെ നീക്കുന്നതിനു് ഈ ഗ്രന്ഥം

പര്യാപ്തമായിരിക്കുന്നുവെന്നാണു് ഞങ്ങളുടെ ദൃഢവിശ്വാസം.

വർഗ്ഗീയ വിഷയമായ ഈ മാതിരി വാദപ്രതിവാദങ്ങളിൽ ഗ്രന്ഥകാരന്മാർ സ്വപക്ഷ സ്ഥാപന സംരംഭത്താലും, സ്വാഭിമാന വിജൃംഭണത്താലും രൂക്ഷസ്വരത്തിൽ അത്യന്തം അയുക്തങ്ങളായ വാചകരീതികൾ പ്രയോഗിക്കുവാൻ ഇടയുള്ളതാണു്. ഈ ആക്ഷേപത്തിനു് ഇടവരാത്തവിധത്തിൽ പ്രതിപക്ഷ ബഹുമാനത്തോടു കൂടിയും പുരുഷ ദ്വേഷവർജ്ജനത്തിൽ നിഷ്ക്കർഷയോടു കൂടിയും ചെയ്യുന്ന സിദ്ധാന്ത സ്ഥാപനങ്ങൾ മാത്രമെ പണ്ഡിതലോകത്തിനു് രുചിക്കുകയുള്ളു. മി. വർഗ്ഗീസ് ഈ വിഷയത്തിൽ സംരംഭ ത്യാഗവും ആത്മ നിയന്ത്രണവും എത്രത്തോളം പ്രദർശിപ്പിച്ചിട്ടുണ്ടെന്നുള്ളതായിരിക്കും നിഷ്പക്ഷ കക്ഷികളുടെ ഹൃദയത്തിൽ ലേഖകനെക്കുറിച്ചു് ബഹുമാനം ജനിപ്പിക്കുവാൻ കാരണമായിത്തീരുന്നതു്. നിരൂപണത്തിനു വിഷയീഭവിച്ചിട്ടുള്ള ഗ്രന്ഥത്തിലെ 142-ഉം 143-ഉം വശങ്ങളിലുള്ള ഒരു ഖണ്ഡികയും, 10-ാം വശത്തു് അന്ത്യഭാഗത്തിലുള്ള ഒരു വാക്യത്തിലെ ചില പദപ്രയോഗങ്ങളും ഈ നിലയിൽ നോക്കുമ്പോൾ അയുക്തങ്ങളാണെന്നുള്ള അഭിപ്രായവും ജനിച്ചേക്കാം. എന്നാൽ ഇവയ്ക്കു് കാരണമായി തീർന്നിട്ടുള്ള പ്രതിപക്ഷ പ്രസ്താവനകളുടെ സ്വരവും പദപ്രയോഗവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവയെക്കുറിച്ചു് ഒരു ക്ഷമാപണത്തിനു

ആവശ്യമില്ലെന്നു തോന്നുകയും ചെയ്യും. ഒരു ചരിത്ര ഗ്രന്ഥത്തിന്റെ ഔൽകൃഷ്ട്യത്തിനു് ഹാനികരമായ തത്താദൃശ പ്രസ്താവനകളെ ഈ ഗ്രന്ഥത്തിന്റെ അടുത്ത പതിപ്പുകളിൽ നിന്നു് നീക്കം ചെയ്യുന്നുവെങ്കിൽ അതു അനുചിതമായിരിക്കുകയില്ല. അതിരമ്പുഴ സെൻറ് മേരീസ് പ്രസ്സിൽ അച്ചടിച്ചു് തിരുവനന്തപുരം കലാവിലാസിനി പ്രസിദ്ധീകരണ ശാലയിൽ നിന്നു് പുറപ്പെടുവിച്ചിട്ടുള്ളതുമായ ഈ ഗ്രന്ഥത്തിനു് ഒരു രൂപാ വില നിശ്ചയിച്ചിരിക്കുന്നു.'

രാഷ്ട്രീയ ലേഖനങ്ങൾ

പൗരസമത്വവാദം സംബന്ധിച്ചും തിരുവിതാംകൂറിലെ ക്രൈസ്തവരുടെ രാഷ്ട്രീയാവകാശങ്ങൾ സംബന്ധിച്ചും ചിത്രമെഴുത്തു പല ലേഖനങ്ങൾ പത്രങ്ങളിൽ എഴുതീട്ടുണ്ടു്. കൊല്ലം 1110 മിഥുനം 32-ാനുയിലെ 'ഭാരത പത്രിക'യിൽ എഴുതിയ 'വഴിപിഴച്ച വൈസ്രായി മെമ്മോറിയൽ', 1093 മേടം 13-നു-യിലെ 'കേരളീയാഭിമാനി'യിൽ പൗരസമത്വവാദം സംബന്ധിച്ചെഴുതിയ 'തിരുവിതാംകൂർ ഗവൺമെൻറ് ഒരു ഹൈന്ദവ ഗവൺമെൻറോ?', 1095 കന്നിയിൽ ദീപികയിൽ എഴുതിയ 'പൗരസമത്വവാദവും രാജോൽക്കർഷവും', 1919 നവംബർ 26നു-യിലെ 'കേരളീയാഭിമാനി'യിൽ എഴുതിയ 'ലോക സംസ്കാരവും പൗരാവകാശ സ്ഥാപനവും', 1932 ജനുവരി 15-ാനു 'നവഭാരതി'യിൽ എഴുതിയ 'തിരുവിതാംകൂറിനുവേണ്ടി രക്തം ഒഴുക്കിയവർ

ആരൊക്കെയായിരുന്നു', 1936 മെയ് 23ലെ 'മലയാള രാജ്യ'ത്തിൽ എഴുതിയ 'അക്കൗണ്ടാഫീസറും ക്രിസ്ത്യൻ സമുദായവും', 1109 ഇടവം 6നു-യിലെ 'ദക്ഷിണഭാരതി'യിൽ എഴുതിയ 'അക്കൗണ്ട് ആഫീസർ നീലകണ്ഠപ്പിള്ളയുടെ നേരെ' എന്നു തുടങ്ങിയ സരസവും ആശയ ഗംഭീരവും ചിന്തോദ്ദീപകവുമായ രാഷ്ട്രീയ ലേഖനങ്ങൾ തിരു: ഗവൺമെൻറിന്റെ അപകടകരമായ രാഷ്ട്രീയ നയത്തിൽ വ്യതിയാനങ്ങൾ സൃഷ്ടിച്ചവയാണു്.

ആദ്യകാല ലേഖനങ്ങൾ

ചിത്രമെഴുത്തു് ആദ്യകാലങ്ങളിൽ പത്രങ്ങളിൽ എഴുതിയ ലേഖനങ്ങളിൽ ചിലതു മാത്രമേ കണ്ടു കിട്ടീട്ടുള്ളു. അവ, 'രാമയ്യൻ ദളവാ' (പശ്ചിമതാരക—1913 ജൂലൈ 5), 'ഇതെന്റെ നഷ്ടജാതകമാണല്ലൊ' (പ്രാചീന താരക-1913 ജൂൺ 21), 'ബുൾപ്പട്ടിക്കു വെച്ചകാടി' (പ്രാചീനതാരക—1913 ഫെബ്രുവരി 15), 'ഛായാകർഷണ വിദ്യ' (നസ്രാണി ദീപിക 1913 ജൂലൈ 11), 'കേരളത്തിലെ യാചകന്മാർ' (കേരളീയാഭിമാനി-1915 ആഗസ്റ്റ് 18), 'ഒരു ഐതിഹ്യം - അഥവാ - രാമയ്യൻ ദളവാ' (കേരളീയാഭിമാനി - 1913 ഒക്ടോബർ 4), 'വിക്കു്' (ദീപിക 1915 സെപ്റ്റംബർ 15), 'ചിത്രമെഴുത്തിൽ ആര്യന്മാർക്കുണ്ടായിരുന്ന ആശയ വിശേഷങ്ങൾ' (ദീപിക 1913 ഫെബ്രുവരി), 'ആഖ്യായികളിൽ ചിത്രങ്ങൾ എന്തിനു്

ചേർക്കണം' (ദീപിക 1914 ഒക്ടോബർ 20), 'കേരളീയ ചിത്രകലയും അഭിവൃദ്ധി മാർഗ്ഗവും' (ദീപിക 1914) എന്നിവയാകുന്നു. ലേഖനങ്ങൾ മിക്കവാറും എല്ലാം തന്നെ സുദീർഘമാണു്.

ക്രൈസ്തവ മഹാജനസഭയുടെ ബഹുമതി

രാഷ്ട്രീയമായും ചരിത്രപരമായും സാഹിത്യപരമായും ശ്രീ ചിത്രമെഴുത്തു് അനുഷ്ഠിച്ചിട്ടുള്ള വിലയേറിയ സേവനങ്ങളെ അഭിനന്ദിച്ചു് 1107 മേടം 4-ാനു (1932) തിരുവല്ലായിൽ കൂടിയ സമസ്ത കേരള ക്രൈസ്തവ മഹാജന സഭയുടെ ദ്വിതീയ വാർഷിക യോഗത്തിൽവെച്ചു് മൂന്നര പവൻ തൂക്കത്തിൽ ഒരു സ്വർണ്ണ കീർത്തിമുദ്ര യോഗാദ്ധ്യക്ഷനായ ദിവാൻ ബഹദൂർ ഡോ: വർഗീസ് അവർകൾ ചിത്രമെഴുത്തിനു നൽകി. കേരള ക്രൈസ്തവ സമുദായത്തിൽ അതതുകാലം സാഹിത്യവിഷയത്തിൽ ഏറ്റവും പ്രശസ്തനായി ഒരു കമ്മിറ്റി സമ്മതിക്കയും, നിർദ്ദേശിക്കയും ചെയ്യുന്ന ഒരു സാഹിത്യകാരനു് സുപ്രസിദ്ധനായ മനോരമപ്പത്രാധിപർ കെ. ഐ. വർഗ്ഗീസ് മാപ്പിളയുടെ സ്മാരകമായി ഒരു കീർത്തിമുദ്ര നൽകുവാൻ ഒരു കവിയും നാടകകൃത്തും സാഹിത്യകാരനുമായ പി. കെ. കൊച്ചീപ്പൻ തരകൻ ചുമതല ഏറ്റിരുന്നു. റാവു സാഹിബ് ഓ. എം. ചെറിയാൻ, ടി. കെ. ജോസഫ്, ഐ. സി. ചാക്കോ, കെ. വി. സൈമൺ, പി. ജേക്കബ് കുര്യൻ, കെ. സി.

മാമ്മൻ മാപ്പിള, കെ. എൻ. ഡാനിയേൽ, എം. പി. വർക്കി, കെ. എം. മാത്തുള്ള മാപ്പിള, ഈ. ററി. തോമസ്, കെ. എം. കൊച്ചീപ്പൻ മാപ്പിള എന്നിങ്ങനെ കുറെ ഏറെ പേർ ചേർന്ന ഒരു കമ്മിററിയെയായിരുന്നു ക്രിസ്ത്യൻ സേവക സമിതി ഇതിലേക്കായി ചുമതലപ്പെടുത്തിയിരുന്നതു്. ഇതനുസരിച്ചു് 'കെ. ഐ. വർഗ്ഗീസ് മാപ്പിള മെമ്മോറിയൽ മെഡൽ' 1931-ൽ ചെങ്ങന്നൂർവെച്ചു് മഹാകവി കെ. വി. സൈമൺ എഴുതിയതായ 'വേദ വിഹാരം' മഹാകാവ്യത്തെ പുരസ്കരിച്ചു് ശ്രീ.

സൈമണു് നൽകപ്പെട്ടു. അടുത്ത വർഷത്തെ മെഡൽ ചിത്രമെഴുത്തിനു കൊടുക്കണമെന്നു കമ്മിററി ഏകകണ്ഠമായി അഭിപ്രായപ്പെട്ടതനുസരിച്ചാണു് 1107 മേടം 4-ാനു നാലാമത്തെ യോഗത്തിൽവെച്ചു മഹാജനസഭ കീർത്തിമുദ്ര ചിത്രമെഴുത്തിനു് സമ്മാനിച്ചതു്. സമ്മാനദാനത്തിനുമുമ്പായി ഓ. എം. ചെറിയാൻ, കൊച്ചീപ്പൻ തരകൻ, ഡോ. വർഗ്ഗീസ് എന്നിവർ ചിത്രമെഴുത്തിന്റെ സാഹിത്യ-സമുദായ-രാഷ്ട്രീയ സേവനങ്ങളെ പ്രകീർത്തിച്ചു പ്രസംഗിക്കയുണ്ടായി. ഒന്നേകാലേ അരയ്ക്കാൽ ഇഞ്ചു് വ്യാസമുള്ളതായ പ്രസ്തുത കീർത്തിമുദ്രയുടെ ഒരു വശത്തു് 'Presented to K. M. Varughese by Kocheeppen Tharakan' എന്നും മറുവശത്തു് "K. I. V. M" Memorial Medal—C. S. L ഭാഷാസാഹിത്യം-1932' എന്നും രേഖപ്പെടുത്തിയിരുന്നു.

www.powathikunnel.com

ഇരുപതിനായിരത്തോളം ക്രൈസ്തവർ അന്നത്തെ മഹായോഗത്തിൽ സംബന്ധിച്ചിരുന്നു.

പ്രസ്തുത നാലാം ദിവസത്തെ മഹായോഗത്തിന്റെ റിപ്പോർട്ട് ചേർത്തിട്ടുള്ള മലയാള മനോരമ [1107 മേടം 6-ാനു]യിലെ ഒരു ഖണ്ഡിക താഴെ ഉദ്ധരിക്കുന്നു:— "പിന്നീടു് പരേതനായ വർഗീസ് മാപ്പിള അവർകളുടെ സ്മാരകമായി മി. പി. കെ. കൊച്ചീപ്പൻ തരകൻ തയ്യാറാക്കിക്കൊണ്ടു വന്നിരുന്ന സ്വർണ്ണമെഡൽ പ്രസിദ്ധ ഗദ്യകാരനായ മി. ചിത്രമെഴുത്തു് കെ. എം. വർഗ്ഗീസിനു അദ്ധ്യക്ഷൻ അവർകൾ സമ്മാനിക്കുകയും, മി. വർഗീസ് കൃതജ്ഞതാസൂചകമായ പ്രസ്താവനയോടുകൂടി അതു് സ്വീകരിക്കയും സദസ്യർ ഹസ്തതാഡനങ്ങളോടുകൂടി തങ്ങളുടെ സന്തോഷത്തെ പ്രദർശിപ്പിക്കയുമുണ്ടായി എന്നുള്ളതും പ്രസ്താവ്യമാണു്."

സമസ്ത കേരള ക്രൈസ്തവ മഹാജന സഭ പിന്നീടു് അഖില കേരള ക്രിസ്ത്യൻ സേവക സമിതിയായി രൂപാന്തരപ്പെടുകയും ഒന്നോ രണ്ടോ വാർഷിക മഹായോഗങ്ങൾ നടത്തുകയും ചെയ്കയുണ്ടായി. എങ്കിലും സുസമ്മതനായ ഒരു സാഹിത്യകാരന്റെ പേർ നിർദ്ദേശിപ്പാൻ കമ്മിറ്റി മുതിർന്നില്ല.

തന്റെ തലമുറയിൽ ചിത്രകലകൊണ്ടും സാഹിത്യകലകൊണ്ടും ജഗദീശൻ അനുഗ്രഹിച്ചിരുന്ന ഒരു വലിയ മനുഷ്യനായിരുന്നു 'ചിത്രമെഴുത്തു്.' വിശിഷ്യ, കേരള ക്രൈസ്തവ

സമുദായ ചരിത്രത്തിലും സുറിയാനി സഭാ ചരിത്രത്തിലും അദ്ദേഹം കേരളം ഒട്ടുക്കു് മേലേക്കിടയിൽ സൽകീർത്തി സമ്പാദിച്ചിരുന്നു. അദ്ദേഹത്തിന്റെ തലമുറയിൽ ജീവിച്ചിരുന്ന ക്രൈസ്തവ സാഹിത്യകാരന്മാരിൽ പലരിലും അദ്ദേഹം മുന്നണിയിൽ തന്നെ നിന്നിരുന്നുവെന്നുള്ളതു് പരക്കെ സമ്മതിക്കപ്പെട്ടിട്ടുള്ളതാണു്.

ഭൂനികുതിയുടെ അടിസ്ഥാനത്തിൽ വോട്ടവകാശം നൽകിക്കൊണ്ടുള്ള തിരുവിതാംകൂർ നിയമസഭാ പരിഷ്ക്കാരത്തിനെതിരായി ക്രൈസ്തവ-ഈഴവ-മുസ്ലീം സമുദായങ്ങളുടെ സാർവ്വത്രികമായ പ്രതിഷേധം പ്രകടിപ്പിക്കുന്നതിനു 1933 മാർച്ച് നാലാം തീയതി മൂന്നുമണിക്കു കോഴഞ്ചേരി മണപ്പുറത്തു ചേർന്ന വമ്പിച്ച രാഷ്ട്രീയ സമ്മേളനത്തെപ്പററി 1933 മാർച്ച് 11 നു ചിത്രമെഴുത്തു കെ. എം. വറുഗീസ് മനോരമയിൽ എഴുതിയ സമ്മേളനാവലോകനമാണു ചുവടെ ചേർക്കുന്നതു്. എഴുത്തുകാരന്റെ അതി സുന്ദരവും അർത്ഥനിർഭരവും ഭാവനയും ഭാഷാശൈലിയും ആ സമ്മേളനത്തിന്റെ ആവേശത്തെയും ചൈതന്യത്തെയും എത്രമാത്രം ആവാഹിച്ചു എന്നു ഈ കാവ്യാത്മകമായ അത്യുജ്ജ്വല വിവരണം വിശദമാക്കുന്നുണ്ടു്.

1933 മാർച്ച് 6 നു മലയാള മനോരമ പ്രസിദ്ധപ്പെടുത്തിയ കോഴഞ്ചേരി സമ്മേളനത്തിന്റെ തലക്കെട്ടും ചുവടെ ചേർക്കുന്നു.

കോഴഞ്ചേരി സംയുക്ത രാഷ്ട്രീയ മഹാ സമ്മേളനം

പതിനായിരത്തിൽപരം ജനങ്ങൾ യോഗത്തിൽ സംബന്ധിച്ചു

കക്ഷിഭേദമെന്യേ ക്രൈസ്തവ നേതാക്കന്മാരുടെ ഏകോപിച്ചുള്ള സാന്നിദ്ധ്യം

കേരളത്തിൽ നടന്നിട്ടുള്ളതിലേക്കും വലിയ രാഷ്ട്രീയ മഹാ സമ്മേളനം

രാജസഭാ ഭൂഷണൻ കെ. ചാണ്ടി അവർകളുടെ ഉത്തേജക സന്ദേശം

നിവർത്തന പ്രമേയം സർവ സമ്മതമായി പാസ്സാക്കപ്പെട്ടു.

പ്രത്യേക റിപ്പോർട്ടർ
കോഴഞ്ചേരി, കുംഭം 21 ശനി

ഞാൻ കണ്ടതായ കോഴഞ്ചേരി രാഷ്ട്രീയ മഹായോഗം

സർവലോക പ്രസിദ്ധമായ മാരാമൺ കൺവൻഷൻ കഴിഞ്ഞു മദഭരമടങ്ങി മൗനമാണ്ട മാരാമണ്ണു മണൽപ്പരപ്പു കണക്കു്, മധുരച്ചരൽ നിറന്നു മിനുങ്ങിയ മറെറാരു മാരാമണ്ണു മണൽപ്പുറം. ഗംഭീര വാഹിനിയായ പമ്പയുടെ പൂർവ്വ ശിഖാവേദിയിൽ തങ്ങിയ വെൺപാറക്കൂട്ടങ്ങൾ പൊട്ടിയുരഞ്ഞു പൂമതകെട്ടി കത്തിയൊലിച്ചു തള്ളുന്ന നുരമലരി പ്രവാഹം പോലെ — അന്തർ ഗർഭത്തിൽ സദാ ഇടിമുഴക്കം തുടിതുടിപ്പിച്ചു്

ഈററുനോവു കെട്ടി വിങ്ങിവീർത്തു നിലകൊള്ളുന്ന
വഞ്ചി രാജ്യ വെസൂവിയസ്സായ കറിയന്നൂർ ഗിരി
മകടം പൊട്ടിപ്പിളർന്നു നാനാ-വഴിക്കും
പായാവുന്നതായ പഴുത്തുവെളുത്ത ലാവാപോലെ—
പതിനയ്യായിരത്തിലധികം ക്ഷുബ്ധ
ശിരസ്സുകളുയർന്ന ഒരു മഹാജന പ്രവാഹം.
മാർഗ്ഗഭ്രംശിതയായ ഒരു മഹാശക്തിയുടെ
പൈശാചികമായ മദത്തുടിപ്പിന്റെ നേരെ,
അവജ്ഞാവീക്ഷണം ചൊരിയുന്ന എണ്ണമററ
പൗരമുഖങ്ങൾ. അടിമത്തത്തിന്റെയും
അത്യാസുരമായ ഏകവർഗ്ഗീയ
മേധാവിത്വത്തിന്റെയും നേരെ അഗ്നി
സ്ഫുലിംഗവർഷം ചൊരിയുന്ന സംഖ്യാതീതങ്ങളായ
നേത്രാഗ്നി കലശങ്ങൾ സഹന ശക്തിയുടെയെന്നല്ല
പ്രതിബന്ധ വിദ്വേഷതയുടെയും,
പൗരുഷത്തിന്റെയെന്നല്ല നിർഭയതയുടെയും,
രാജഭക്തിയുടെയെന്നല്ല. രാജ്യഭക്തി
പ്രചുരിമയുടെയും വീറിന്റെ യെന്നല്ല,
വീരോചിതമായ അജയ്യശക്തിപ്പെരുമയുടെയും ഒരു
മഹത്തായ ചൈതന്യ നർത്തനം, ഒരു
ആവിഷ്കരണ വൈദ്യുത കിരണ പ്രസരം,
അന്തരീക്ഷ മണ്ഡലത്തെ എന്തെന്നില്ലാതെ
വിറവിറപ്പിക്കുന്ന ഒരു ഉജ്വല പ്രതിഫലനം, ഒരു
വിങ്ങൽ. ഹൃദയം ഹൃദയത്തിൽ മുട്ടി
സൂക്ഷ്മാകാശത്തിൽ ലയിക്കുന്ന ഒരു നിഗൂഢ
സ്പന്ദനം. അമ്പമ്പോ, വിചാര വ്യാപാര ശക്തിയുടെ
അത്യുഷ്മളതയാൽ പാറക്കെട്ടുകളെ
പാഴ്ചരലുകളാക്കിത്തീർക്കത്തക്ക സന്നദ്ധതാ

വൈഭവം തികച്ചും പ്രകാശിപ്പിക്കുന്ന ആ വമ്പിച്ച ജനൗഘം നേതൃസ്ഥാനത്തു ബന്ധിച്ചിട്ടുള്ള നിയന്ത്രണച്ചങ്ങലയെപ്പോലും പിടിച്ചു കുലുക്കുന്നതായിരുന്നു. അലയടിച്ചുലഞ്ഞു പതയുന്ന കടൽത്തീരം കണക്കു് എണ്ണമറവു ഉരുകി ജ്വലിക്കുന്ന ഈ മഹാസംഘത്തെ ആർ പ്രശാന്തമാക്കും! ആർ നിയന്ത്രിക്കും!

മണിമൂന്നരയായി, മാരാമൺ സുറിയാനിപ്പള്ളിയുടെ വെൺമാടശവകുടീരത്തിൽ നിത്യ വിശ്രമം അരുളുന്ന മലയാളത്തിന്റെ പുരോഹിത സമ്രാട്ടായിരുന്ന ആ ചൈതന്യ മൂർത്തി —മാർ മത്യൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ വീര്യ വികാരോത്തേജകമായ മൃതദേഹാണുക്കളെ ഓരോ ക്രൈസ്തവ നാഡിയിലും ഉൾപ്രവേശിപ്പിച്ചുകൊണ്ടു് സായന്തന മാരുതൻ സാരംഗ (യുദ്ധം) രാഗം ആലപിച്ചു് വട്ടമടിച്ചു. സിംഹള ചൈതന്യം മൂർത്തീഭവിച്ച ടി. കെ. മാധവന്റെ ധീരാത്മാവു് ആകാശതലത്തിൽ ആനന്ദ തുന്ദിലനായി അദൃശ്യനടനം ചെയ്തു. അക്ബറുടെ നീതിയും ആറംഗസീബിന്റെ വീര്യവും ഹൃദയ തലത്തിൽ പേറിക്കൊണ്ടു മഹമ്മദീയത്തലയാളിയായ കഴക്കൂട്ടം ബാവായുടെ അന്ത:ചൈതന്യം അംബര പാർശ്വത്തിൽ പററിക്കണ്ട അർദ്ധചന്ദ്രന്റെ മുകളിൽ പ്രകാശിച്ചിറങ്ങി. നിമിഷങ്ങൾ ഓരോന്നും ഒരു മഹത്തായ സംഭവത്തിന്റെ ശുഭപര്യവസായിയായ നാന്ദിയെ പ്രതീക്ഷിച്ചു പിടപിടയുന്നതായിത്തോന്നി.

ആർപ്പുവിളി പൊന്തി. ബാൻറുവാദ്യം മുഴങ്ങി.
ചീയേഴ്സ് വിളി ആകാശതലം ഭേദിച്ചു.
അലുക്കമിന്നുന്ന മുത്തുക്കുട നിരകളുടെ കീഴിലായി
സുറിയാനി സമുദായത്തിന്റെ അഭിവന്ദ്യ
നേതാക്കന്മാരായ മഹാരഥന്മാർ, സ്വീകരണ
സംഘാംഗങ്ങളാൽ അനുഗതരായി സാഗര
വിശാലമായ ആരംഗഭൂവിലേക്കു പ്രവേശിച്ചു. ഹാ,
ആരാധ്യതമങ്ങളായ നരച്ച തലകൾ,
ബുദ്ധിസമ്പത്തിന്റെ മികച്ച ഭണ്ഡാഗാരങ്ങൾ,
ആലോചനാശക്തിയുടെ
അത്യുൽകൃഷ്ടകേന്ദ്രങ്ങൾ, സംസ്കാരത്തിന്റെ
സമുൽകൃഷ്ട കേദാരങ്ങൾ, അന്ത:ശക്തി
പ്രഭാവത്തിന്റെ അവതാര മൂർത്തികൾ അല്ലയോ
നസ്രാണി സമുദായ ജനനി, അനവധി
ശതാബ്ദങ്ങളായി കഠാരകൾ കൈയിലേന്തി
പരസ്പരം യുദ്ധോദ്യുക്തരായി വർത്തിച്ചിരുന്ന
ഭവതിയുടെ വീരസന്താനങ്ങൾ, അമ്മയുടെയെന്നല്ല,
സഹോദര സമുദായങ്ങളുടെയും കാൽചങ്ങല
കണ്ടിപ്പാനായി അവയെ ആകാശ
മണ്ഡലത്തിലേക്കു് ഉയർത്തിക്കൊണ്ടു തോളോടു
തോൾ ചേർത്തു് കവിളോടു കവിളണച്ചു പരസ്പരം
അശ്രുസേചനം ചെയ്തു, ഒരേ മാതാവിന്റെ
ഗർഭപാത്രത്തിൽ അവകാശം ഏൽക്കുന്നവരായി
ഒരേ മാറിടത്തിലെ സ്തന്യാമൃതം രുചിച്ചവരായി,
ഇനി ഒരിക്കലും ഒന്നുകൊണ്ടും ഭേദിക്കാൻ പററാത്ത
ദൃഢപ്രേമശൃംഖലയാൽ സുബന്ധിതരായി
കൈയോടു കൈ ചേർത്തു് ആ മഹാജന വീഥിയിൽ
പ്രത്യക്ഷപ്പെട്ടതായ ആ ഒരു പ്രതിഭാസം

ശതാബ്ദപരമ്പരകൾക്കു പിമ്പിലായി
മാതൃസന്നിധിയിൽ സംഭവിച്ച അതിമഹത്തരമായ
ഒരു സുവർണ്ണ സംഘടന- അഹോ! അതു നോക്കി
കാൺമാൻ ആണത്തവും അഭിമാനവും
ഉജ്വലിക്കുന്ന മാർ മത്യൂസ് അത്താനാസ്യോസ്
മെത്രാപ്പോലീത്തായുടെ മൃതകളേബരത്തിനു
വഴിതെളിപ്പാൻ ആ ദേവാലയ ഭിത്തികൾ
എന്തുകൊണ്ടു പൊട്ടിപ്പിളർന്നില്ല. സ്വന്തം
യശശ്ചന്ദ്രികയിൽ താറടിപ്പാൻ താറുരുത്ത ചില
നായർ പ്രഹസന കർത്താക്കളുടെ നേരെ ഒരൊറ്റ
ഫൂൽക്കാരത്തിനു താംബൂല നിഷ്ഠീവം അസ്ത്രം
പോലെ പായിച്ചുകൊണ്ടു പുഛഭാവത്തിൽ
അനുകമ്പാഹാസം വർഷിച്ചു പറുദീസാ
വാതിൽക്കൽ നില്ക്കുന്ന ആ സ്വരാജ്യ
സംരക്ഷകന്റെ വഞ്ചിരാജ കുടുംബത്തിനു അതിന്റെ
അത്യാപൽ ഘട്ടത്തിൽ ഹസ്താവലംബം നൽകിയ
ആ പരമ കുബേരനായ തച്ചിൽ മാത്തൂത്തരകൻ
മുതലാളിയുടെ – അന്തർനേത്ര വീക്ഷണങ്ങൾക്കു്
എന്തുകൊണ്ടു് മേഘമണ്ഡലം വഴി മാറിയില്ല.
മഹാനായ കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ
മാർബിൾ കല്ലറയിൽ ഒരു മധുര മന്ദഹാസവർഷം!
നിധിയിരിക്കൽ മാണി കത്തനാരുടെ കനക
രേഖാങ്കിത ശവകുടീരത്തിൽ ഒരു അഭിനന്ദന
ഗാനാലാപം!

എന്തൊരു മായാ മന്ത്രം! എന്തൊരു ഇന്ദ്രജാലം!
ജനതാ വിതാനത്തിനു മേലുയർന്നതായ ആ നരച്ച
വരശിരസ്സുകൾ കണ്ട മാത്രയിൽ കൊടുങ്കാറ്റമർന്ന
നിശബ്ദതയിലാണ്ട കാനനപ്പടപ്പു് പോലെ

അലയടിച്ചു നിറന്ന ആ മഹാ സമുദ്രം ഒന്നാകെ പ്രശാന്തമായി. സർവത്ര നിശ്ശബ്ദത തന്നെ. പല നിലകളിലും സ്ഥിതിയിലും ജീവിക്കുന്ന അഭിപ്രായ ധീരന്മാരായ നസ്രാണി യുവാക്കന്മാർക്കു നേതാക്കന്മാരോടുള്ള പരിപൂർണ്ണ വിധേയത്വത്തിന്റെയും ഭക്തി വൈവശ്യത്തിന്റെയും ഒരു മുദ്രയടിപ്പാണു് അവിടെ കണ്ടതു്. തങ്ങളുടെ ജീവനെയും സ്വത്തിനെയും സ്വാതന്ത്ര്യത്തെയും അവകാശത്തെയും സംരക്ഷിക്കുന്നതിലേക്കു് നീതിപൂർവം നടത്തുന്ന ധർമ്മ സമരത്തിൽ വിജയം വിദൂരസ്ഥമല്ലെന്നു് ആയിരമായിരങ്ങളായ നസ്രാണി യുവാക്കന്മാരുടെ ഈ നായകഭക്തി വേണ്ടോളം വിശദമാക്കി.

അദ്ധ്യക്ഷപീഠത്തിന്റെ വലത്തുവശത്തു് എല്ലാറ്റിലും മുമ്പിലായി കണ്ടതു രാജശ്രീ കെ. സി. മാമ്മൻമാപ്പിള ബി. എ. അവർകളായിരുന്നു. ഇരുട്ടടഞ്ഞ ഗുഹാഗർഭം വിട്ടു തീർത്തും പുറത്തുചാടി കരിനരതിരണ്ട സടാ പടലചാമരം പാറിച്ചുകൊണ്ടു ഗർജ്ജനം ചെയ്തമർന്ന ഒരാൺസിംഹം ചപല ശിഥിലമായ വെള്ളക്കമ്പി കെട്ടിപ്പിണഞ്ഞു ഇടതൂർന്നു് കുത്തനെ തൂങ്ങുന്ന പൊന്തൻ പുരികക്കാട്ടിനിടയിലൂടെ അപ്പോഴും ആലോചനാ മധുരങ്ങളായ നേത്രമണികളെ ഭൂനിക്ഷിപ്തമാക്കിച്ചെയ്തിരുന്നു. ആരെയും തന്നെയും അറിയിക്കാതെയും ആരാലും അറിയപ്പെടാൻ മനസ്സില്ലാതെയും യവനികക്കു പിമ്പിൽ മാത്രം സന്നിധാനം ചെയ്യുന്ന ഈ മേധാരഥൻ, കൂട്ടിക്കൊളുത്തിപ്പോയാൽകൊണ്ടു

മിന്നുന്ന എൻജിൻ വണ്ടി കണക്കു് അവിടെ
നിശ്ചേഷ്ടനായി വർത്തിച്ചു. അടുത്തുകണ്ടതു്
അഞ്ഞൂറു കണ്ടി തേമ്പാവു തടി തന്നെയും
ആയംകാട്ടിയ ഒരൊററത്തള്ളിനു്
ആററുവക്കത്തേക്കു മറിപ്പാൻ ഉൾക്കരുത്തെഴുന്ന
കുറവിലങ്ങാട്ടെ വലിയ ബാലകൃഷ്ണൻ രാജശ്രീ
ജോൺ നിധിയിരി ബി. എ., ബി. എൽ
അവർകളായിരുന്നു. അന്തസ്സുററ സ്വന്ത
ഊന്നുവടിയുടെ തലക്കൽ താടിയണച്ചു
കമ്പളങ്ങാക്കുരു തെളിയുമാറു് അഭിമാനഹാസം
തൂകി ഒരു പഴകിയ താപ്പാന അവിടെ മസ്തകമാട്ടി
സ്ഥിതിചെയ്തു. ആഴ്വാഞ്ചേരി തമ്പ്രാക്കളോടൊപ്പം
രക്ത സംസ്കാരമാർന്നു് വംശപാരമ്പര്യമുറച്ചു
നമ്പൂരിക്കലിപ്പു് മിനുങ്ങുന്ന നടുവത്തുശേരിയേയും
തെള്ളിയേയുമാണു് അടുത്തു കണ്ടതു്.
മണിമുററത്തു മാൻ കുട്ടികൾ, പടക്കളത്തിൽ
പഞ്ചാനനൻ, സമുദാഭിമാനം സ്പർശിച്ചാൽ
ഉഗ്രവ്യാഘ്രങ്ങൾ, രാഷ്ട്രീയാവശത തട്ടിയാൽ
യുധിഷ്ഠരാർജ്ജുനന്മാർ. രാജശ്രീ എൻ. വി.
ജോസഫ് അവർകൾ അക്ഷൗഹിണിയുടെ പിമ്പിൽ
ആയോധനരീതിയെ സംബന്ധിച്ചു മൗനമായി
ആലോചിച്ചുകൊണ്ടിരുന്നു. രാജശ്രീ ററി. ജെ.
മാത്യുവാകട്ടെ, മുപ്പത്തഞ്ചു മൈൽ ദൂരം പാഞ്ഞു
മറെറാനെ മണത്തറിഞ്ഞു പിടിക്കുന്ന
'ബ്ലഡ്ഹൗണ്ടിന്റെ' മുഖഭാവത്തെയാണു
പ്രകാശിപ്പിച്ചതു്. അടുത്തതു വെള്ളാപ്പള്ളി
ആയിരുന്നു. ഉണ്ണുനീലി സന്ദേശകാവ്യത്തിലെ 236—
ശ്ലോകങ്ങളും ഒരൊററ വീർപ്പിൽ

ആലോചിച്ചുതള്ളുന്ന രസികാഗ്രേസനായ മി. ജോസഫ് അലാവുദിന്റെ അത്ഭുതമാർന്ന മണിവിളക്കത്തെന്നതുപോലെ പടപരന്നു കണ്ട പതിനായിരങ്ങളെ നോക്കി ആശ്ചര്യ സ്തബ്ധനായി വർത്തിച്ചു. കുമ്മായം പുരണ്ട പൊൻപണം പോലെ പ്രകാശിക്കുന്ന ശ്രീമാൻ കെ. എം. മാമ്മൻ മാപ്പിളയാവട്ടെ ലഗാനിലൊതുങ്ങാതെ ബാൻറു ശബ്ദംകേട്ടു മുന്നോട്ടു കുതിക്കുന്ന അറബിക്കുതിരയുടെ മട്ടിലാണു കാണപ്പെട്ടതു്. കീചകന്റെ മുമ്പിൽ പതിച്ച ധർമ്മപത്നിയെ നിർന്നിമേഷനായി നോക്കിയിരുന്നുപോയ ഭീമനെപ്പോലെ—ഹനുമാന്റെ വാൽ പൊക്കി മാററി അപ്പുറം കടക്കാമെന്നു കരുതിയെങ്കിലും കാര്യം മുറുകിയപ്പോൾ കരുമന തിരിച്ചറിഞ്ഞ ഗദാധാരിയായ ഭീമസേനനെപ്പോലെ കെ. ഐ. കൊച്ചീപ്പൻ മാപ്പിള അവർകൾ എന്തിനും നെഞ്ചുകൊടുപ്പാൻ സന്നദ്ധനായി ശാന്തനായി വർത്തിച്ചു.

തറവാട്ടു കാരണവന്മാർ ആലോചിച്ചു നിശ്ചയിച്ചു് അധികാരത്തിൽ ശ്രീമാൻ ഏ. സി. കുറിയാക്കോസിനെ അദ്ധ്യക്ഷസ്ഥാനത്തേക്കു് അധിരോഹണം ചെയ്യിച്ചു. തിരയ്ക്കുമേൽ ഉയർന്ന ജലസ്തംഭം കണക്കു മേശപ്പുറത്തു നെട്ടായം കൊണ്ടുനിന്ന മി. കുറിയാക്കോസു നാലുവശത്തേക്കും പീരങ്കി മുഖം വച്ചു ശിവ! ശിവ! പമ്പയുടെ തീരമണൽത്തിട്ടകളെ തട്ടിപ്പൊളിക്കുമാറു്, ഇടിമുഴക്കം കണക്കു്, പ്രവഹിച്ചതായ അരമണിക്കൂർ നേരത്തെ ആ സുപഥസ്ഥിതമായ

യുദ്ധപടഹം, ആ മഹാജന സംഘത്തെ എന്തൊന്നിനു സന്നദ്ധമാക്കിയില്ല? എങ്ങും പ്രബുദ്ധത വിങ്ങി. ആറ്റുമണലിൽ ഉറഞ്ഞ ഉരുളൻപാറകൾപോലും ഉണർച്ചയേറ്റു തുമ്മിവശായി.

രണ്ടാം അങ്കമായി. ധീരോദാത്തനും ധീരവീരനും ധീരശാന്തനുമായ നായകൻ മി. എൻ. വി. ജോസഫ് മേശപ്പുറത്തു് എഴുന്നേറ്റു നിന്നു. അഗ്നിപർവ്വതം പൊട്ടിപ്പിളരുന്നതിനുള്ള ആസര സന്ദർഭമായി. കണ്ണു കണ്ടിട്ടില്ലാത്തതാം സ്വന്തരക്തത്തെ—സ്വന്തം അസ്ഥിയെ—സ്വന്തം മാംസത്തെ—ആ സ്വന്ത സഹോദരങ്ങളെ—ദർശിച്ചവാറു ആ നേതാവിന്റെ മുഖം വിവിധ വികാരങ്ങളാൽ വിവർണ്ണമായി. കഴിഞ്ഞ പത്തൊൻപതു ശതവർഷക്കാലത്തെ സമുദായ ചരിത്രത്തിനു് ഉത്തേജിപ്പാൻ കഴിവുള്ളിടത്തോളം അഭിമാന തൈഷ്ണ്യം ഒന്നായി അദ്ദേഹത്തിന്റെ ശരീരത്തിൽ ഇരച്ചു കയറി. വാക്കുകൾ—മഹായുദ്ധത്തിനു തുല്യമായ പദങ്ങൾ—അടിമത്തത്തിന്റെ ഭയങ്കരത, അവകാശത്തിന്റെ ന്യായത, പുരോഗതിക്കായി ചെയ്യാനുള്ള പരിപാവനശ്രമം, ഭൂതത്തിന്റെയും വർത്തമാനത്തിന്റെയും അതിവിസ്തൃതമായ ഒരു ആവിഷ്കരണത്തിന്റെ ഒരു പ്രതിഫലനം. തിരമാലകൾ ഉയരുന്ന മാതിരി ജനഹൃദയങ്ങൾ ഇളകിത്തുടങ്ങി. വായുമണ്ഡലത്തെ ഒട്ടാകെ ചുട്ടു പഴുപ്പിക്കുമാറു ആഗ്നേയാസ്ത്ര പരമ്പരകളുടെ അത്യുഷ്ണം നിറഞ്ഞ അഗ്നിസ്ഫുലിംഗങ്ങളുടെ

ചിന്നിച്ചിതറൽ. ജനസഞ്ചയം ഒന്നായി കേൾക്കേണ്ടതു കേട്ടു കാണേണ്ടതു കണ്ടു. അജ്ഞത വ്യുൽപത്തിയായി. സംശയം ദൃഢനിശ്ചയമായി. ഭീരുത്വം ധീരതയായി. ചാഞ്ചല്യം പ്രഗാഢ പ്രതിജ്ഞയായി. അഭിനന്ദനോൽഘോഷം ഉദ്വമിച്ചു. ഹസ്ത താഡനപടഹം മുഴങ്ങി.

പതിനയ്യായിരങ്ങളുടെ ഹൃദയത്തെ—ആലോചനാ ശക്തിയെ പരിപൂർണ്ണ സമിതിയെ ഒന്നാകെ ഉള്ളംകൈയിൽ വാങ്ങിക്കൊണ്ടു് പടക്കുതിരയുടെ പാർശ്വതലം പററി ഇറങ്ങിയ നെപ്പോളിയനെപ്പോലെ മി. ജോസഫ് കൃതകൃത്യനായി താഴത്തുചാടി. ഇരുമ്പുകോട്ടയുടെ പണി പകുതി കഴിഞ്ഞു. ഭരണപരിഷ്കാരത്തിന്റെ ഇപ്പോഴത്തെ രീതിക്കുള്ള ഓരോ അശുഭഫലങ്ങളെയും ചൂണ്ടിക്കാണിച്ചു ശാസ്ത്രീയമായും പ്രായോഗികമായും അഭ്യസിപ്പിക്കുന്നതായ മി. ലോയ്ഡ് ജോർജിന്റെ ഒരു പഠിപ്പിക്കൽ_ഒരു രാഷ്ട്രീയ പരിശീലന ക്ലാസ്സ് ആയിരുന്നു അവിടെ നടന്നതു്. ബ്രിട്ടീഷ് ഗവൺമെൻറു വ്യവസ്ഥവിട്ടു കപ്പം ആവശ്യപ്പെട്ട സംഗതിയിൽ, ഇംഗ്ലീഷ് ജാതിയും സുറിയാനി ക്രിസ്ത്യാനികളും ഒരേ മതക്കാരാണെന്നുള്ള ഏകകാരണത്തെ മുൻനിറുത്തി വേലുത്തമ്പി ദളവായും കൊച്ചിയിലെ മന്ത്രിപുംഗവനുംകൂടി പടിഞ്ഞാറെ കടൽതീരത്തേക്കു കൂട്ടമായി കൊണ്ടുപോയി കൈകാലുകൾ കെട്ടി അറേബ്യൻ കടലിൽ എറിഞ്ഞു കൊല്ലിച്ച കളങ്കമില്ലാത്ത മുപ്പതിനായിരം നസ്രാണികളുടെ പുണ്യാത്മാക്കൾ ആകാശമണ്ഡലത്തിൽനിന്നു അദൃശ്യപുഷ്പവർഷം

ചെയ്തു. രക്തസാക്ഷികളായ ദേവസഹായംപിള്ള ആശിർവചസ്സുരച്ചു; ഉമ്മിണിത്തമ്പി ദളവായുടെ കനിഷ്ഠസോദരൻ ശമുവേൽത്തമ്പി അഭിനന്ദനഗാനം പാടി.

പ്രമേയാവതരണ സന്ദർഭമായി. പൗരുഷത്തിന്റെയും ഉന്മേഷത്തിന്റെയും നിർഭയതയുടെയും ഒരു സുസ്ഫുട പ്രകാശനരംഗം. രാജഭക്തികൊണ്ടു് ഉൾക്കുളം കുളിർക്കവെ അനീതിയുടെ നേരെയുള്ള ഒരു ഉഗ്ര വീക്ഷണം. തിരുവിതാംകൂറിലെ നിരാശ്രയന്മാരും കൈവിടപ്പെട്ടവരും പിടിപാടില്ലാത്തവരുമായ-പുറത്തു തള്ളപ്പെട്ടവരായ_നാൽപതു ലക്ഷങ്ങളുടെ ഏക രക്ഷാമാർഗ്ഗം, പ്രാണരക്ഷണോപായം, എന്നല്ല അവരുടെ സർവത്തിലും സർവവും, അവരുടെ സന്താനങ്ങളുടെ ശ്വാസോച്ഛ്വാസ സ്വാതന്ത്ര്യം സർവഥാ സമാശ്രയിക്കുന്നതായ നിവർത്തനം ഒന്നുമാത്രമാണെന്നു ജനസമൂഹം ഒന്നാകെ ആക്രോശിച്ചു. ഇരുമ്പഴിയോ, വിലങ്ങോ, ലാത്തിയോ എന്നുവേണ്ട അനീതിയും മൃഗീയത്വവും ഗർഭംധരിച്ചു പ്രസവിക്കുന്നതായ പൈശാചികമായ യാതൊരു ചണ്ഡായുധങ്ങളെയും തങ്ങൾക്കു ഭയപ്പെടാനില്ലെന്നു നാലുഭാഗത്തുനിന്നും പ്രതിധ്വനി ഉണ്ടായി.

സർ സി. പി. യെ തിരുവിതാംകൂറിൽനിന്നു പറഞ്ഞയയ്ക്കണമെന്നുള്ള ഒടുവിലത്തെ പ്രമേയാവതരണം, പതിനയ്യായിരങ്ങൾ ചേർന്നു നടത്തിയ ഒരു സാമുദായിക വിജയസ്തംഭ

പ്രതിഷ്ഠയുടെ പ്രാരംഭകർമ്മമായിരുന്നു. ഒരു ചെറിയ ശരീരത്തിൽ കുടുങ്ങിയ ഒരു വലിയ മനുഷ്യനായിരുന്നു അതു് അവതരിപ്പിച്ചതു്. പോർട്ടുഗീസ് ഗവർണ്ണറായ മെനെസിസിനേക്കാൾ വലിയ സി. പി. കേരളത്തിൽ കാലുകുത്തീട്ടില്ലെന്നു ജനസമൂഹം മുരണ്ടു. ക്രൈസ്തവ സമുദായ പീഡനത്തിനായി വാൾ, കത്തി, കുന്തം, ചവണ, ഉരുകിത്തിളച്ച ലോഹദ്രാവകം, സിംഹദംഷ്ട്രം, കീൽ, അഗ്നിക്കനൽ, ആണി എന്നീ സംഹാരോപകരണങ്ങളെ ലോഭമില്ലാതെ പന്താടിച്ച സാമ്രാജ്യ ചക്രവർത്തികളുടെ പരാജയ പര്യവസായിയായ പൂർവ്വ ചരിത്രങ്ങൾ തങ്ങൾക്കു ഹൃദിസ്ഥമാണെന്നു് ഓരോ മുഖങ്ങളും പ്രദ്യോതിപ്പിച്ചു. രാജ്യത്തു സമാധാനവും സമുദായങ്ങൾക്കു ഐശ്വര്യവും രാജകുടുംബത്തിനു സൗഭാഗ്യവും സ്വന്തം ഗവണ്മെൻറിനു് അഭിമാനവും കൈവളർത്തുന്ന വിഷയത്തിൽ പ്രതിഫലേച്ഛാരഹിതമായി തിളയ്ക്കുന്ന രാജഭക്തിയോടുകൂടി ശതാബ്ദങ്ങളെ പിന്നിട്ടു പ്രവർത്തിച്ചിട്ടുള്ളവരാണു തങ്ങളെന്നു മുപ്പതിനായിരം അഗ്നി നേത്രങ്ങൾ തീർത്തും പ്രകടിപ്പിച്ചു. സർ സി. പി യല്ല, കരുണാനിധിയായ കുലശേഖരപ്പെരുമാളാണു തങ്ങളുടെ അന്നദാതാവെന്നു ഒരു അഭാഷിത ഭാഷണം അവിടെ കേൾക്കയായി. മി. ഒ. സി. നൈനാന്റെ വദന മണ്ഡലത്തിൽ ഒന്നുരണ്ടു മണിക്കൂർ നീണ്ടുനിന്ന വമ്പിച്ച ഇടിമുഴക്കം അങ്ങനെ അവസാനിച്ചു. പ്രമേയം പാസ്സായി.

കോട്ടയത്തിന്റെ വൈദ്യുതശക്തി കോഴഞ്ചേരിയിൽ തിരയടിച്ചു കയറി. രണ്ടു മഹായോഗങ്ങളും ഉൽക്കർഷപഥത്തിലേക്കു പറന്നുയരുന്ന നാല്പതു ലക്ഷത്തിന്റെ വിസ്താരമാർന്ന രണ്ടു വെള്ളിച്ചിറകുകളായിരുന്നു. ക്രൈസ്തവ സമുദായത്തെ സംബന്ധിച്ചു മാത്രം പറയുന്ന പക്ഷം കഴിഞ്ഞ 279 വർഷങ്ങൾക്കുള്ളിൽ മൺമറഞ്ഞിട്ടുള്ള മാനശാലികളായ പൂർവ്വ നസ്രാണികൾ കാണ്മാൻ കണ്ണുകൊതിച്ചു കണ്ണുനീരൊഴുക്കിയതായ ഒരു മഹദൈക്യമാണു ഈ നൂറാറാണ്ടിൽ സംഭവിച്ചിട്ടുള്ളതു്. ക്രൈസ്തവ ജനത ഒന്നാകെ അതിന്റെ ശക്തിയുടെ മർമ്മകേന്ദ്രം ദർശിച്ചു കഴിഞ്ഞു. അതു് അതിന്റെ കരുത്തു കണ്ടറിഞ്ഞു. 1599നു ശേഷമുള്ള നാലു ശതാബ്ദക്കാലത്തെ വളർച്ച ഒന്നായി അതു് കൈവശപ്പെടുത്തിയിരിക്കുന്നു. ഉണർന്നെഴുന്നേറ്റ വീര യോദ്ധാവിനെപ്പോലെ അതു് അതിന്റെ കാൽപാദങ്ങളിൽ ഉയർന്നിരിക്കുന്നു. ഇനി ഒരടിപോലും പിമ്പോട്ടുവയ്ക്കാൻ നിവൃത്തിയില്ലാത്തവണ്ണം അതിന്റെ സാഹചര്യങ്ങൾ അത്ര വിഷമതരമായിരിക്കുന്നു. അതിനു് ഇനി ഒരിക്കലും ഭിന്നിപ്പാൻ കഴിവില്ല കാലം ഈ പ്രേമബന്ധത്തെ സുദൃഢമാക്കിയേ മതിയാവൂ. അതിനു ദ്വേഷമില്ല, ഉൾപ്പകയില്ല. സഹോദര സമുദായങ്ങളുടെയെന്നല്ല സവർണ്ണ സമുദായങ്ങൾ യാതൊന്നിന്റെയും അഭിവൃദ്ധിയിൽ അതിനു് അസൂയയില്ല.

ഏതു സമുദായത്തിന്റെയും ന്യായമായ അവകാശങ്ങളെ സമ്മതിപ്പാൻ അതു തയ്യാറാണു്.

മതം ഉറങ്ങിയെടത്തും രാഷ്ട്രം ഉണർന്നു: മതത്തിനു കഴിയാത്തതിനെ രാഷ്ട്രം സാധിച്ചു. രാഷ്ട്രം യോജിപ്പിച്ചു. രാഷ്ട്രം യോജിപ്പിച്ചതിനെ രാഷ്ട്രം വളർത്തിയേ മതിയാവൂ. രാഷ്ട്രീയാവലംബ രാഹിത്യംകൊണ്ടും തൊഴിലില്ലായ്മ കൊണ്ടും ദാരിദ്ര്യത്തിൽ ആണ്ടിട്ടുള്ള ക്രൈസ്തവ സമുദായത്തെ പാർശ്വതലത്തിൽ ഒരു മുള്ളാക്കി വെച്ചു കൊണ്ടു് ഇവിടത്തെ യാതൊരു സമുദായങ്ങൾക്കും സുഖം അനുഭവിപ്പാൻ കഴിയുന്നതല്ലെന്നു വിവേകശാലികൾ മനസ്സിലാക്കേണ്ടകാലം വൈകിയിരിക്കുന്നു. ഒരു സമുദായം വേറൊരു സമുദായത്തിന്റെ പുറത്തു ആന കളിച്ചു പുളയ്ക്കാനുള്ള കാലം കഴിഞ്ഞിരിക്കുകയാണു്. രാഷ്ട്രം ഒരുമിച്ചേ താഴൂ; ഒരുമിച്ചേ ഉയരൂ.

ഈഴവ മുസ്ലീം ക്രൈസ്തവ സമുദായങ്ങളെ വർഗ്ഗീയ മേധാവിത്വ കോയ്മയ്ക്കു ബലിനൽകുവാനായി അവകളെ ചെരിപ്പിനടിയിൽ അമർത്തിയിട്ടുകൊള്ളാമെന്നുള്ള വ്യാമോഹത്തിൽനിന്നു തിരുവിതാംകൂർ സർക്കാർ വിരമിക്കേണ്ട കാലം അത്യാസന്നമായിരിക്കുന്നുവെന്നുള്ള നൂറ്റാണ്ടിന്റെ ഒരു ചുട്ടെഴുത്തായിരുന്നു കോട്ടയം-കോഴഞ്ചേരി മഹായോഗങ്ങൾ. പ്രക്ഷുബ്ധമായിരുന്നെങ്കിലും നിയന്ത്രണത്തിന്റെയും

അസഹിഷ്ണുതാദ്യോതകമെങ്കിലും
മിതത്വത്തിന്റെയും ഉദ്വേഗജനകമെങ്കിലും
പക്വബുദ്ധിയുടെയും അതിരുകളെ ലവലേശം
അതിലംഘിക്കാതെ നാൽപതു ലക്ഷത്തിന്റെ
പ്രതിനിധികളായ പതിനയ്യായിരങ്ങൾ തങ്ങളുടെ
ജന്മാവകാശ സ്ഥാപനത്തിനായി അമ്പുവാരിയ
അർജ്ജുനനെപ്പോലെ ധർമ്മക്ഷേത്രത്തിന്റെ നാലു
കോണുകളിലേക്കും അപരാങ്മുഖരായി ഉഗ്ര
നിരീക്ഷണം ചെയ്തു് എഴുന്നേറ്റു. അസ്തമയ
മേഘത്തിൽ ആരൂഢനായ അന്നത്തെ സൂര്യനും
പ്രഭാതവീഥിയിലേക്കു എഴുന്നള്ളി.

8

ക്രൈസ്തവ സമുദായ-സഭാ സേവനങ്ങൾ

മലങ്കര ക്രൈസ്തവ സമുദായ സംബന്ധമായിട്ടും, റോമൻ കത്തോലിക്ക്—മാർത്തോമ്മാ—ഓർത്തഡോക്സ് സഭകൾ സംബന്ധമായിട്ടും ചിത്രമെഴുത്തു സമകാലികന്മാരായ വിദ്വൽ കേസരികളുമായും സഭാദ്ധ്യക്ഷന്മാരുമായും അതതു കാലങ്ങളിൽ വളരെ അധികം എഴുത്തുകുത്തുകൾ നടത്തുകയും, തദ്വിഷയകമായി പല ലേഖനങ്ങളും ഉപന്യാസങ്ങളും വാദപ്രതിവാദങ്ങളും പത്രദ്വാരാ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. എഴുത്തുകളിൽ വളരെയധികം ഇന്നു നഷ്ടപ്പെട്ടു പോയെങ്കിലും ചില സുപ്രധാന കത്തുകളും ലേഖനങ്ങളും സൂക്ഷിച്ചിട്ടുണ്ട്. 'എളിയവനായ എന്റെ ജീവിതത്തിൽ ഗണ്യമായ ഒരംശം മുഴുവൻ കേരള രാഷ്ട്രത്തിൽ ക്രൈസ്തവ വർഗ്ഗത്തിന്റെ അഭിമാനവും അവകാശവും ഉറപ്പിക്കുവാൻ വ്യയം ചെയ്തിരുന്നു' എന്നു് ചിത്രമെഴുത്തു് കുടുംബ ചരിത്ര കൈയെഴുത്തു ഗ്രന്ഥത്തിൽ പറയുന്നു.

മലങ്കര സുറിയാനി സഭാചരിത്ര രചനാ സംബന്ധമായി ഹൈക്കോടതി ജഡ്ജ് മി. കെ. കെ.

ലൂക്കോസ് ബി. എ., ബി. എൽ ചിത്രമെഴുത്തിനു് അയച്ച രണ്ടു കത്തുകൾ ഇവിടെ പ്രസക്തമാണു്.

നവനഗർ, തിരുവനന്തപുരം, 1115 മേടം 15

Dear Mr. Varghese, മീനം 29-ാനു അയച്ച എഴുത്തു കിട്ടി. ഞാൻ സർക്ക്യൂട്ടിൽ ആയിരുന്നതിലാണു് ഇതുവരെയ്ക്കും മറുപടി അയപ്പാൻ സാധിക്കാതെ പോയതു്.

സഭയുടെ ചരിത്ര നിർമ്മാണ കാര്യത്തിൽ നിങ്ങൾക്കു അത്യധികം താൽപര്യം ഉണ്ടെന്നും, നിങ്ങളാൽ കഴിവുള്ള സഹായം ചെയ്യുവാൻ തയ്യാറാണെന്നും, നിങ്ങളുടെ എഴുത്തിൽനിന്നു ഞാൻ മനസ്സിലാക്കുന്നു.

അതിനു നിങ്ങളെ അനുമോദിക്കയും അതിനുവേണ്ടി മുമ്പുകൂട്ടി നന്ദി പറകയും ചെയ്യുന്നു.

ഞാൻ ചെയ്യാൻ പോകുന്നതു് (നിങ്ങൾ അവസാനത്തിൽ അഭിപ്രായപ്പെടുന്നതുപോലെ തന്നെ) മററു മതക്കാർ എല്ലാവരും അവരവരുടെ ചരിത്രങ്ങൾ എഴുതുമ്പോൾ 'യാതൊരു ശ്രമവും കൂടാതെ നാം കഴിച്ചുകൂട്ടുന്നതു വളരെ വ്യസനകരമായിട്ടുള്ളതാണു്' എന്നുള്ള കുറവിനെ പരിഹരിക്ക എന്നുള്ളതാണു—കുറെക്കൂടി വ്യക്തപ്പെടുത്തിപ്പറകയാണെങ്കിൽ മി. ഇ. എം. ഫിലിപ്പിന്റെ ഇംഗ്ലീഷു ഗ്രന്ഥത്തെ അതേപടി ഇംഗ്ലീഷിൽ അച്ചടിപ്പിക്കയും, എന്നാൽ അദ്ദേഹം എഴുതീട്ടില്ലാത്ത ഇദാനീന്തനഭാഗം പ്രത്യേകമായും പുതുതായും കൂട്ടിച്ചേർത്തു്—ചരിത്രത്തെ up to date

ആക്കുകയും ആണു് ഞാൻ തല്ക്കാലം ഉദ്ദേശിക്കുന്നതു്.

ഈ രണ്ടാം ഭാഗത്തിൽ മി. ഫിലിപ്പിന്റെ അഭിപ്രായത്തെ ബലപ്പെടുത്തുന്ന ഏതെങ്കിലും രേഖകൾ [ഡച്ചുകാരുടെയോ, നാട്ടിലെ ചരിത്ര രേഖയൊ, കൈയെഴുത്തുരേഖയൊ, പ്രാദേശിക ചരിത്രമോ, ഇതിഹാസമോ ഉണ്ടായിരുന്നാൽ, അവയെ പ്രതിപാദിക്കുന്നതു് സന്ദർഭോചിതം ആയിരിക്കും] മി. ഇ. എം. ഫിലിപ്പിന്റെ മലയാളചരിത്രം നിങ്ങൾ വായിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ മനോഗതത്തിനു് അനുരൂപമായി, [എന്നാൽ അദ്ദേഹത്തിനു അറിവാൻ സാധിച്ചിട്ടില്ലാത്തതായി] ഏതെങ്കിലും രേഖകൾ അന്വേഷിച്ചു തന്നാൽ അതു വളരെ ഉപകാരപ്രദമായിരിക്കും. അവ പ്രതികൂലമായിരുന്നാൽ, അവയെ ഒരു അനുബന്ധം ആയി ചേർക്കയല്ലാതെ ഗത്യന്തരം ഉണ്ടോ എന്നു സംശയിക്കുന്നു.

എന്നാൽ സാമുദായികമായും, സംസ്കാരപരമായുമുള്ള സംഗതികൾ ഈ കൃതിയിൽ ചേർക്കുന്നതു ഭംഗിയായിരിക്കയില്ല— എന്നു് ഇപ്പോൾ തോന്നുന്നു. ഏതായാലും നിങ്ങൾക്കു ആഗ്രഹം ഉള്ള ഭാഗങ്ങൾ ചേർത്തു ഒരു മലയാളഗ്രന്ഥം എഴുതിയാൽ നന്നായിരിക്കും. എന്നാൽ പരമാർത്ഥങ്ങൾ മാത്രമെ അടിസ്ഥാനപ്പെടുത്താവൂ എന്നു പ്രത്യേകം

ഓർമ്മപ്പെടുത്തേണ്ട ആവശ്യമില്ലല്ലൊ. കഴിവുള്ള സഹായം ഞാനും ചെയ്യാം.

എന്റെ ഉദ്യമം, ഇംഗ്ലീഷ് ഭാഷാഭിജ്ഞന്മാരുടെ ഉപയോഗത്തിനു സ്വസമുദായത്തിൽനിന്നു ഒരു സുറിയാനി സഭാ ചരിത്രം നിർമ്മിക്കുക എന്നു മാത്രമെ ഉള്ളു—പരമാർത്ഥം അറിവാൻ നിവൃത്തിയില്ലാത്ത ഘട്ടങ്ങളിൽ, സമുദായത്തിന്റെ പരമാർത്ഥമായ ബോധം എങ്ങിനെ എന്നുകൂടി കാണിക്കാം—അവ എല്ലാം സസന്തോഷം സ്വീകരിക്കയും ചെയ്വാൻ തയ്യാറാണു്. ഗ്രന്ഥം മലയാളത്തിൽ ആയിരുന്നാൽ, നിങ്ങളെപ്പോലെ ഫലപ്രദമായി എഴുതുവാൻ ശക്തിയുള്ളവർ സമുദായത്തിൽ ഉണ്ടോ എന്നു ഞാൻ ശങ്കിക്കുന്നതു കൊണ്ടു, അതിനു നിങ്ങൾ ഉദ്യമിക്കാതെ ഇരിക്കയില്ലെന്നു വിശ്വസിക്കുന്നു.

ഈ കാര്യങ്ങൾ എല്ലാം രഹസ്യങ്ങളാണെന്നു പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

Yours Sincerely

K. K. Lukose

സുറിയാനി സാമൂഹിക സമ്മേളനത്തിലെ അദ്ധ്യക്ഷപ്രസംഗത്തെ സംബന്ധിച്ചു ജസ്റ്റീസ് കെ. കെ. ലൂക്കോസ് ചിത്രമെഴുത്തിനു അയച്ച മറെറാരു കത്തു്:—

Nawa Nagar, Trivandrum, 3-2-1120

Dear Mr. ചിത്രമെഴുത്തു് വർഗീസ്, സുറിയാനി സമ്മേളനം 9-ാനു യാണെന്നു് അറിയാമല്ലൊ. അന്നു സന്നിഹിതനാകുമെന്നും വിശ്വസിക്കുന്നു.

എന്റെ അദ്ധ്യക്ഷ പ്രസംഗത്തിന്റെ പ്രൂഫ് (ബുക്കുപോസ്റ്റു് ആയി) ഇതിനോടുകൂടിത്തന്നെ അയക്കുന്നു. അവസാന (final) കോപ്പി, ഇതു തയ്യാർ ആയിട്ടില്ലാത്തതു കൊണ്ടാണു്, പ്രൂഫ് അയക്കുന്നതു്. അതിനു മുമ്പേ തന്നെ, നിങ്ങൾ, ഇതു പഠിക്കുമെന്നുള്ള ആശയിന്മേൽ ആണു് ഇതും അയക്കുന്നതു്. സമ്മേളനത്തിന്റെ ധൃതിയിൽ ഇതു ശരിയായി പഠിക്കുവാനോ, അതിനെപ്പററി നിരൂപണം ചെയ്യാനോ സാധിക്കയില്ലല്ലോ.

ഒരു ശ്രോതാവിന്റെ നിലയിൽ ആണു്, ഇതിനെ വിമർശിക്കേണ്ടിയതു്. ഇതു് ഔപചാരികമായി പരസ്യം ചെയ്യാതെ നമ്മുടെ സുറിയാനി കുടുംബത്തിലേക്കു മാത്രം എന്നുള്ള (for private circulation) നിലയിൽ ആണു, ഇതു അച്ചടിച്ചിട്ടുള്ളതു്.

ശാസ്ത്രീയ ചരിത്രത്തിന്റെ ആത്മാവുള്ള നിങ്ങൾക്കു, ഇതിന്റെ 'രസം'—ആസ്വാദ്യത—മനസ്സിലാകുമെന്നു വിശ്വസിക്കുന്നു. അനിഷേധ്യരേഖ ആയിരിക്കണമെന്നുള്ള കരുതലോടു കൂടിയും, സത്യചരിത്രത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയും, എന്നാൽ ഇതിനു മുമ്പു (വേറെ) കണ്ടിട്ടില്ലാത്തതും, ആയുള്ള പല ചരിത്ര 'രഹസ്യങ്ങൾ' ഇതിൽ വെളിപ്പെടുന്നുണ്ടെന്നു നിങ്ങൾക്കു മനസ്സിലാക്കാം. പ്രത്യേകിച്ചു, നമ്മുടെ

'മുപ്പിരിപ്പാൾ' ബന്ധം, ഉറഹായിലെ മാർ തോമ്മാശ്ലീഹാ ബന്ധം, പൊതു സഹദായുടെ ബന്ധം, നമ്മുടെ പ്രധാന പള്ളികൾ (പുതുപ്പള്ളി, മാവേലിക്കര, നിരണം, അങ്കമാലി etc.) മുഖാന്തരം ഉള്ള തെളിവുകൾ (സാഹചര്യങ്ങൾ വഴി) മുതലായവ നമ്മുടെ സഭാ ചരിത്രത്തിനു മറവും അമൂല്യങ്ങളാണു്, എന്റെ വിശ്വാസം. പിന്നെ, എങ്ങിനെ ഒക്കെയൊ? നിങ്ങൾ അനുമാനിക്കുന്നതു് എന്തു എന്നറിവാൻ കാത്തിരിക്കുന്നു. സാധിക്കുമെങ്കിൽ, പ്രസംഗത്തിന്റെ പിറെറ ദിവസം തന്നെ നിങ്ങൾ 'പൗര പ്രഭ'ക്കോ, മറേറാ— നിങ്ങൾക്കു സത്യമായി തോന്നുന്ന വിധത്തിൽ, ഒരു നിരൂപണം അയച്ചു പ്രസിദ്ധപ്പെടുത്തിയാൽ, സമ്മേളനത്തിനും, സുറിയാനി സഭക്കും, നമ്മുടെ വിശ്വാസികളുടെ മനസ്സാക്ഷിക്കും നന്നായിരിക്കുമെന്നു് തോന്നുന്നതിനാൽ ആണു് ഞാൻ ഇതു ആവശ്യപ്പെടുന്നതു്. ഒരു സഭക്കും 'അനിഷ്ടം' വന്നുകൂടാ. മുഴുവൻ സത്യങ്ങളും ഞാൻ വെളിപ്പെടുത്തിട്ടില്ല, എന്നും സമ്മതിക്കുന്നു. പക്ഷേ സംയോജിപ്പിനു അതു പ്രതിബന്ധം ആകാമല്ലോ. എന്നാൽ പറഞ്ഞിട്ടുള്ളതു എല്ലാം മുഴുവൻ സത്യവും രേഖകൾകൊണ്ടു തെളിയിക്കാവുന്നതുമാണു്.

മറുപടി അയക്കണമെന്നില്ല. അയക്കുന്നു എങ്കിൽ, അതു

C/o Mr. P. M. Jacob, M. D. Seminary, Kottayam

Yours Sincerely Sd. K. K. Lukose

മലങ്കര മെത്രാപ്പോലീത്താ-മലങ്കര സഭാഭാസുരൻ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസു സഭാ വിഷയമായി ചിത്രമെഴുത്തിനു അയച്ച കത്തുകൾ

I

നമ്പർ 1210 — 1098 വൃശ്ചികം 23.

'മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തയിൽ നിന്നും:— നമുക്കു എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ചിത്രമെഴുത്തു കെ. എം. വറുഗീസിനു് ദൈവത്തിൽ നിന്നു് കൃപയും വാഴ്വും വർദ്ധിച്ചിരിക്കട്ടെ.

പ്രിയനേ, ഈ മാസം 13-ാനു അയച്ച എഴുത്തു കിട്ടി. വായിച്ചു കണ്ടതിൽ നമുക്കു് വളരെ സന്തോഷമുണ്ടായി. നമ്മേ സംബന്ധിച്ചു് പലരും പല വിധത്തിൽ അഭിപ്രായപ്പെടുകയും എഴുതുകയും ചെയ്യാറുണ്ടു്. ചിലർ തങ്ങളുടെ ഹൃദയത്തിലെ പരമാർത്ഥത്തിൽ നിന്നും ചിലർ ദുരുദ്ദേശ്യത്തോടു കൂടിയും ആണു്, അങ്ങിനെ പ്രവർത്തിക്കുന്നതു്. ഹൃദയപരമാർത്ഥതയിൽ നിന്നു് പ്രവർത്തിക്കുന്നവരെക്കുറിച്ചു നമ്മുടെ ഹൃദയത്തിൽ യാതൊരു ദ്വേഷ വിചാരവും ഉണ്ടാകുന്നില്ല. ദുരുദ്ദേശ്യത്തോടുകൂടെ പ്രവർത്തിക്കയാണെന്നുള്ള അഭിപ്രായം നമുക്കു് ഉണ്ടാകുന്ന പക്ഷം അവരെ സംബന്ധിച്ചു് ഒരു വേദനയുണ്ടാകാവുന്നതു് സഹജമാണല്ലോ നമ്മുടെ പ്രിയനിൽ നിന്നുണ്ടായതു് യാതൊരു ദുരുദ്ദേശ്യത്തോടുകൂടിയും അല്ലെന്നു് രേഖാമൂലം ഇപ്പോൾ വെളിപ്പെടുത്തിയിരിക്കുന്നതിനാൽ നമ്മുടെ

ദു:ഖം സന്തോഷമായിട്ടു് മാറുകയാണു ഇപ്പോൾ ചെയ്തിരിക്കുന്നതു്. അറിവോടും അറിവു കൂടാതെയും മനസ്സോടും മനസ്സു കൂടാതെയും ഉള്ള നമ്മുടെ കുററങ്ങളെയും കുറവുകളെയും ക്ഷമിക്കണമെന്നു് സർവ്വശക്തനോടു് പ്രാർത്ഥിച്ചുവരുന്ന ബലഹീനനായ നമ്മോടു് വല്ലവരും വല്ലതും പ്രവർത്തിക്കുന്നതായാൽ അവരോടും ക്ഷമിക്കണമെന്നാണു് നാം പ്രാർത്ഥിച്ചു വരുന്നതു്. അതിനാൽ നമ്മുടെ ഹൃദയത്തിൽ ഇങ്ങനെയുള്ള യാതൊന്നും ആരുടെ നേരെയും (പ്രത്യേകം നമ്മുടെ ഒരു കുടുംബാംഗത്തിന്റെ നേരെ) ദ്വേഷമായി ഇരിക്കുന്നതല്ലെന്നു് പൂർണ്ണമായി വിശ്വസിച്ചു കൊൾക. നാം ഒരു ബലഹീനനെങ്കിലും ഒരു സഭയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ സഭയെ സംബന്ധിച്ചു് ചില ചുമതലകൾ ഉള്ള ആളാകയാൽ സ്വന്ത ബഹുമാനത്തേക്കാൾ സഭയുടെ നന്മയെ ആണല്ലോ നാം കരുതേണ്ടതു്. ആ കരുതലോടു കൂടി നാം പറകയും പ്രവർത്തിക്കയും ചെയ്യുന്ന സന്ദർഭങ്ങളിൽ നാം വെളിപ്പെടുത്തിക്കൊള്ളുന്നു. അതിനാൽ നമ്മുടെ കുറവുകളേക്കുറിച്ചോ കുററങ്ങളെക്കുറിച്ചോ വല്ലവർക്കും അതൃപ്തിതോന്നുന്ന പക്ഷവും അവർ അതുകളെ നമ്മുടെ സഭയുടെ കുററമെന്നു കരുതി സഭയെ പൊളിച്ചു കളയുന്നതിനു് ഉത്സാഹിക്കാതെ അതുകളെ നമ്മുടെ കുറവുകളാക്കി ഗണിച്ചാൽ കൊള്ളാമെന്നു് ഏവരോടും നമുക്കു് ഒരു അപേക്ഷയുണ്ടു്. അതായതു നമ്മുടെ കുററങ്ങളെ നമ്മുടെ കുററങ്ങളായിട്ടല്ലാതെ നമ്മുടെ

എപ്പിസ്ക്കോപ്പാ സ്ഥാനത്തിന്റെ കുററങ്ങളായി ഗണിക്കരുതെന്നും ആ സ്ഥാനം മാലിന്യമില്ലാത്തതാണെന്നു് നമ്മുടെ വിശുദ്ധസഭ വിശ്വസിച്ചു പോരുന്ന പ്രകാരം വിശ്വസിച്ചു കൊള്ളണമെന്നും അത്രെ. നമ്മുടെ പ്രിയൻ നമ്മുടെ ഒരു കുടുംബാംഗവും കൂടെയാണെന്നു് അറിഞ്ഞതിൽ നമുക്കു വളരെ സന്തോഷമുണ്ടു്. ഈ വിവരം നാം അറിഞ്ഞിരുന്നില്ല. വിവരം വെളിപ്പെടുത്തി അറിയിച്ചു തന്നാൽ കൊള്ളാം. ശേഷം വഴിയെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു് 1922-നു് കൊല്ലം 1098 വൃശ്ചികം 23-ാനു തിരുവനന്തപുരം സുറിയാനി പള്ളിയിൽനിന്നും

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്)

II

No. 661 — 1099 ചിങ്ങം 6

'മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായിൽ നിന്നു— നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ കെ. എം. വറുഗീസിനു വാഴ്ച്ച പ്രിയനെ, കഴിഞ്ഞ മാസം 29-ാനു അയച്ച എഴുത്തു കിട്ടി. നാം പുത്തൻകാവിലേക്കു പോയിരുന്നു. ഇന്നലെയാണു തിരികെ എത്തിയതു്. സി. ജെ. കുര്യനെ തലോടിക്കൊണ്ടു ആലോചന നടത്തിയാൽ വല്ലവിധത്തിലും സമാധാനം ഉണ്ടാകുമെന്നായിരുന്നു നമ്മുടെ കിരിയാച്ചന്റെ

അഭിപ്രായമെന്നു തോന്നുന്നു. ആ വിധത്തിലൊന്നും സമാധാനം ഉണ്ടാകുന്നതല്ലെന്നു ഇപ്പോഴെങ്കിലും നമ്മുടെ കിരിയാച്ചൻ മനസിലാക്കിയെങ്കിൽ നന്നായിരുന്നു. സി. ജെ. കുര്യൻ മരിച്ചുപോയതുകൊണ്ടു് ഇനി ശേഷമുള്ളവർ സമാധാനത്തിനു വഴിപ്പെട്ടേക്കുമെന്നും നമുക്കു അഭിപ്രായമില്ല. സി. ജെ. കുര്യന്റെ അടുത്ത ആലോചനക്കാരനായ ചാക്കോ തരകൻ സി. ജെ. കുര്യനെക്കാൾ ദുർവ്വാശിയും ഹൃദയകാഠിന്യവും ഉള്ള ആളാണു്. ഇപ്പോൾ ആ ഭാഗക്കാരുടെ പ്രധാന ആലോചനക്കാരൻ ചാക്കോ തരകനാണു്. നമ്മുടെ സഹോദരന്മാരായ മെത്രാച്ചന്മാരുടെ സ്ഥാനവും ആത്മവരവും സാധുവായിട്ടുള്ളതല്ലെന്നു ഇലവിനാമണ്ണിൽ മീഖായേൽ മുതലായ എതിർ ഭാഗത്തെ വൈദികപണ്ഡിതന്മാർ പരസ്യമായും വളരെ ശക്തിയായും പ്രസംഗം നടത്തിയവരാണു്. നമ്മുടെ നേരെ അവർ ഉപയോഗിച്ച പ്രധാന ആയുധം ഇതുതന്നെയാണു്. നമ്മുടെ മെത്രാച്ചന്മാരെ ഏതെങ്കിലും വിധത്തിൽ ഒന്നു തലകുനിപ്പിക്കാത്തപക്ഷം മേൽപറഞ്ഞവർ അറിവില്ലാത്തവരോ വ്യാജ ഉപദേഷ്ടാക്കന്മാരോ ആണെന്നു വന്നുകൂടും. പാത്രിയർക്കീസു ബാവായെക്കുറിച്ചു എങ്ങിനെയെല്ലാം അഭിപ്രായപ്പെട്ടാലും തങ്ങളുടെ അഭിമാനത്തിനു യാതൊരു കുറവും വരുത്തിക്കൂടായെന്നാണു് ഇലവിനാമണ്ണിയുടേയും മറ്റും അഭിപ്രായം. വേറെയും പല കാരണങ്ങൾ ഉണ്ടു്. ദൈവ ഇഷ്ടംപോലെ സകലവും നടക്കട്ടെയെന്നു കരുതി

നമുക്കു ആശ്വസിക്കാം. നമുക്കു സർവ്വശക്തന്റെ തൃക്കൈകളിൽ നമ്മെ ഭരമേൽപ്പിക്കാം. താൻ നമ്മെ വേണ്ടവിധത്തിൽ നടത്തിച്ചുകൊള്ളും. സമുദായ പ്രധാനികളിൽ പലർക്കും ഓരോ ആഗ്രഹം ഉണ്ടു്. ആ വിധത്തിലുള്ള ഒരു ആഗ്രഹം നമ്മുടെ കിര്യാച്ചനും ഉണ്ടു്. ആ ആഗ്രഹം നിർമ്മലമാണോ എന്നു നമുക്കു മുമ്പേ തന്നെ സംശയമുള്ളതാണു്. നിങ്ങളിൽ ആർക്കുംതന്നെ അതിൽ സംബന്ധമുള്ളതായി നമുക്കു അഭിപ്രായം ഉണ്ടായിരുന്നില്ല. ഇപ്പോഴും ഇല്ല. ഈ മാസം ഒന്നാം തീയതി പാണമ്പടിക്കൽ വച്ചു അവരുടെ ഒരു മാനേജിംഗ് കമ്മറ്റി കൂടുകയുണ്ടായി. അധികം ആളുകൾ കൂടിയിരുന്നില്ല. കൂടിയവർ യോജിപ്പായിട്ടല്ലാ പിരിഞ്ഞതു്. ഇതു നിയമാനുസരണമായ ഒരു യോഗവുമല്ല. അവരിൽ ചിലരുടെ അഭിപ്രായ പ്രകാരം ഒന്നു കാട്ടിക്കൂട്ടിയെന്നെയുള്ളു. പൗലോ വക്കീൽ പിണങ്ങി പിരികയാണു ചെയ്തതു്. പാലാമ്പടത്തു വക്കീലിനേയും മറ്റും അടിയന്തിരത്തിനു പോലും ക്ഷണിക്കയുണ്ടായില്ല. ദൈവകൃപയാൽ ഞങ്ങൾ സുഖമായിരിക്കുന്നു. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്നു 1923-നു കൊല്ലം 1099 മീനം 6-ാനു
പരുമല സിമ്മനാരിയിൽ നിന്നും

ഗീവറുഗീസ് മാർ ദീവന്നാസ്യോസ് (ഒപ്പ്)

സഭാ കാര്യങ്ങളെ സംബന്ധിച്ചു് കൊല്ലം ഇടവകയുടെ മാർ തേവോദോസ്യോസ്

മെത്രാപ്പോലീത്താ, ഒ. ഐ. സി. തിരുമേനി അയച്ച കത്തു്:—

The Most Rev. Mar Theodosios, O. I. C., The Orthodox Syrian Metropolitan of Quilon

Bethany Asram, Vadaserikara

13-8-1122

'നമുക്കു് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ചിത്രമെഴുത്തു് കെ. എം. വറുഗീസിനു് വാഴ്ച് പ്രിയനെ, ഏതാനും നാളുകളായി തമ്മിൽ ഒന്നു കാണണമെന്നു് നാം അതിയായി ആഗ്രഹിച്ചുകൊണ്ടിരിക്കയാണു്. എത്രയും വേഗം അതു സാധിച്ചാൽ കൊള്ളാമെന്നു് നമുക്കു താല്പര്യവുമുണ്ടു്. ചർച്ച് വീക്കിലിയിൽ നാം എഴുതിയിരുന്ന 'മലങ്കര സഭാ സ്വാതന്ത്ര്യവാദം' എന്ന ലേഖന പരമ്പര വായിച്ചിരിക്കുമല്ലോ. അതിനെ നിരൂപണം ചെയ്തു് മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ജോലിയായിരിക്കുന്ന അബ്രഹാം ശെമ്മാശനും മാർച്ച് 23 ലെ ചർച്ച് വീക്കിലിയിൽ തൈക്കാട്ടു് തോമസ് മാത്യു ബി. എ എൽ ടി.യും എഴുതിയിരുന്ന ലേഖനങ്ങളും വായിച്ചിരിക്കുമല്ലോ. അത്രയും മിതമായ സ്വരത്തിലും ആരെയും മുറിപ്പെടുത്താതെയും എന്നാൽ കാര്യങ്ങൾ തുറന്നു പറഞ്ഞും ഈ വിമർശനങ്ങൾക്കു് ഒരു മറുപടി എഴുതേണ്ടതു് ഓർത്തഡോക്സുകാരായ നമ്മുടെ സുരക്ഷിതാവസ്ഥയ്ക്കു് അത്യന്താപേക്ഷിതമാണു്. നാം തന്നെ പത്ര പംക്തികളിൽ ഒരു വാദപ്രതിവാദ സംരംഭം ഉത്ഘാടനം ചെയ്യുന്നതു് നമ്മുടെ

വിലയ്ക്കു നല്ലതല്ലെന്നു തോന്നുന്നു. സഭാചരിത്ര ജ്ഞാനംകൊണ്ടും മറ്റും അതിനു പറ്റിയ ആൾ നമ്മുടെ പ്രിയനാണെന്നു് അത്രേ നമ്മുടെ അഭിപ്രായം. മറ്റുള്ളവരെ മുറിപ്പെടുത്തുന്ന വാചകങ്ങളിൽ ലേഖനം എഴുതാതെയിരുന്നാൽ കൊള്ളാം. എന്നാൽ കാര്യഭാഗങ്ങൾ നിശിത അമ്പുപോലെ ഇരിക്കുകയും വേണം.

പ്രിയന്റെ പക്കൽ 'ചർച്ചുവീക്കിലി' ഇല്ലാത്തപക്ഷം മാവേലിക്കര പലർക്കുള്ളതായി അറിയുന്നു-നമ്മുടെ ലേഖനപരമ്പരയും അബ്രഹാം ശെമ്മാശന്റെ ലേഖനവും മാർച്ച് 23 ലെ തോമസു മാത്യുവിന്റെ എല്ലാം ഒന്നു പ്രത്യേകം ശ്രദ്ധയിരുത്തി വായിക്കണം. ചർച്ചു വീക്കിലിയുടെ പഴയ ലക്കങ്ങൾ കിട്ടാത്ത പക്ഷം വിവരം അറിയിച്ചാൽ നാം അയച്ചുതരാം.

ഇതിൽ അടക്കം ചെയ്തിരിക്കുന്നതു് ചർച്ചു വീക്കിലി പത്രാധിപർ എൻ. എം. ഏബ്രഹാമിനു് നാം അയയ്ക്കുന്ന ഒരു കൽപനയുടെ പ്രതിയാണു്. പ്രിയൻ ലേഖനം എഴുതുന്നതിനു മുൻപായി നാം തമ്മിൽ കണ്ടു് ഈ കാര്യത്തെപ്പറ്റി ഒന്നു ചർച്ച ചെയ്താൽ കൊള്ളാമെന്നുണ്ടു്. ഈ ശനിയാഴ്ച നാം പുനലൂർ വാളക്കോട്ടു പള്ളിയിൽ എത്തേണ്ടിയിരിക്കുന്നു. കാലിനു് അൽപ സ്വൽപ കേടുകൾ ഉണ്ടു്. അതു തീർന്നുകിട്ടിയാൽ നാം ശനിയാഴ്ച ഉച്ചക്കു് മുൻപായി മാവേലിക്കര വരികയും അവിടെവച്ചു തമ്മിൽ കാണുകയും ചെയ്യാം. അതുകൊണ്ടു് ശനിയാഴ്ച നമുക്കുവേണ്ടി കാത്തിരിക്കണം. വല്ല സംഗതിവശാലും അന്നു്

നമുക്കു് അവിടെ വരുവാൻ സാധിക്കാത്ത പക്ഷം പിന്നീടുള്ള പ്രോഗ്രാം പുറകെ അറിയിച്ചുകൊള്ളാം. ശനിയാഴ്ച നാം മാവേലിക്കര വന്നു തമ്മിൽ കാണാതെയിരുന്നാൽ പ്രിയൻ അന്നുതന്നെ നമ്മുടെ പേർക്കു് ഒരു എഴുത്തു് ഇവിടത്തെ മേൽവിലാസത്തിൽ അയയ്ക്കണം. നോമ്പു വീടുന്നതുവരെ നാം ഇവിടെ ഉണ്ടായിരിക്കും. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കട്ടെ.

Sd xx Mar Thevedosios, O.I.C

മൂക്കാഞ്ചേരി മാർ പത്രോസ് ഒസ്താത്യോസ് മെത്രാപ്പോലീത്താ ശെമ്മാശനായിരിക്കുമ്പോൾ 1920 ഡിസംബർ 6-ാംനു ചിത്രമെഴുത്തിനയച്ച ഒരു കത്തു്.

Rev M. P. Petros, BA, BD, LT.

Madanapalle

S. India, 6. 12. 1920

Dear Mr. Varghese, ഈ എഴുത്തു എഴുതുന്നതു് 'ആരാധന സ്വഭാഷയിൽ' എന്ന വിഷയത്തെ സംബന്ധിച്ചു് 'സുറിയാനി സഭ'യിൽ നിങ്ങൾ ഒരു ഉപന്യാസം എഴുതണമെന്നു് അപേക്ഷിക്കുന്നതിനാണു്. നമ്മുടെ സഭയിലെ ആരാധന ക്രമങ്ങൾ അച്ചന്മാർ അർത്ഥം അറിയാതെ ചൊല്ലിക്കൂട്ടുന്ന ലജ്ജാവഹമായ ഏർപ്പാടു മാറേറണ്ടതാണെന്നുള്ള അഭിപ്രായം നിങ്ങൾക്കും ഉണ്ടായിരിക്കുമെന്നാണു് എന്റെ വിശ്വാസം. നാമെല്ലാവരും ഒത്തൊരുമിച്ചു പ്രയത്നിച്ചു്

നമ്മുടെ സഭയെ ജീവനുള്ള ഒന്നാക്കിത്തീർപ്പാൻ ശ്രമിക്കേണ്ട കാലം ഇതാണു്.

'സുറിയാനി സഭ'യിലെ നിങ്ങളുടെ മുമ്പത്തെ ലേഖനം എനിക്കു വളരെ രസകരമായിത്തോന്നി. 'കണ്ടറ മനസ്സ്' എന്നൊരു പുതിയ വാക്കു മലയാളത്തിൽ നിങ്ങൾ അവതരിപ്പിച്ചിരിക്കയാൽ ഭാഷാഭിമാനികൾ നിങ്ങളോടു എന്നേക്കും കടപ്പെട്ടിരിക്കേണ്ടതാണു്!! കുറെ കടന്നുപോയി എന്നു ചിലർക്കു അഭിപ്രായം ഉണ്ടായേക്കാമെങ്കിലും, മാമൂലിനാൽ അടിമപ്പെട്ടു് മുൻഗതിക്കു ആവശ്യമായ പരിഷ്ക്കാരങ്ങളോടു മറുത്തുനിൽക്കുന്നവരുടെ കണ്ണു തുറക്കുന്നതിനു ശക്തിയേറിയ പേനകൾ തന്നെ പ്രയോഗിക്കണം.

നിങ്ങൾക്കു സൌഖ്യമെന്നു വിശ്വസിക്കുന്നു. മറുപടി അയയ്ക്കണം. എന്നു് സ്നേഹിതൻ Deacon M. P. Petros (Sd)

മലങ്കര സഭയിലെ കേസുകൾ- ചിത്രമെഴുത്തിന്റെ സഹായ സഹകരണങ്ങൾ

1913 മുതൽ 1928 ജൂലൈ നാലുവരെ തിരുവനന്തപുരം ജില്ലാ കോടതിയിലും ഹൈക്കോടതിയിലും നടന്ന വട്ടിപ്പണക്കേസ് സംബന്ധമായി അന്നത്തെ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ്, സമുദായ ട്രസ്റ്റി സി. ജെ. കുര്യൻ, മററു സമുദായ പ്രധാനികൾ മുതലായവരുമായി ചിത്രമെഴുത്തു വളരെ എഴുത്തുകുത്തുകൾ

നടത്തിയിട്ടുണ്ടു്. കൂടാതെ പാത്രിയർക്കീസ് ഭാഗത്തിന്റെ അപലപനീയമായ നീക്കങ്ങളെയും നയത്തെയും സംബന്ധിച്ചു് ചിത്രമെഴുത്തു പല ലേഖനങ്ങളും പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തി. 1099 മകരം 24-നു കുന്നംകുളത്തുനിന്നു പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശന്റെ പത്രാധിപത്യത്തിൽ പുറപ്പെട്ടിരുന്ന 'സുറിയാനി സഭാ കാഹളം' എന്ന പത്രത്തിൽ 'മി. സി. ജെ. കുര്യനോടു് ചില ചോദ്യങ്ങൾ' എന്ന തലക്കെട്ടിൽ ചിത്രമെഴുത്തു് ഒരു ദീർഘലേഖനം പ്രസിദ്ധപ്പെടുത്തി. കുര്യൻ അന്നത്തെ സമുദായ ട്രസ്റ്റികളിൽ ഒരാളും മെത്രാപ്പോലീത്തായ്ക്കെതിരായി പ്രവർത്തിച്ചയാളുമായിരുന്നു.

1938 മാർച്ച് 10 മുതൽ 1943 ജനുവരി 18 വരെ കോട്ടയം ജില്ലാക്കോടതിയിലും തുടർന്നു് 1943 ആഗസ്റ്റ് 18 മുതൽ 1946 ആഗസ്റ്റുവരെ ഹൈക്കോടതിയിലും, പിന്നീടു് 1951 ഡിസംബർ വരെ ഹൈക്കോടതി റിവ്യൂവരേയും നടന്ന 'സമുദായക്കേസിലും, കാതോലിക്കാ ഭാഗത്തേക്കു വേണ്ടി ചിത്രമെഴുത്തു് എഴുത്തുകുത്തുകളിൽകൂടിയും ലേഖന പ്രസിദ്ധീകരണങ്ങൾ വഴിയും വളരെ മികച്ച സേവനം അനുഷ്ഠിച്ചിട്ടുള്ളതു് ആരാലും നിരാകരിക്കാൻ സാദ്ധ്യമല്ല. ചിത്രമെഴുത്തിന്റെ സഭാചരിത്ര പാണ്ഡിത്യമാണു് ഇതിലേക്കു സഹായകരമായിരുന്നതു്. ഈ എഴുത്തുകുത്തുകൾ ഉൾപ്പെട്ട റിക്കാർട്ടുകൾ അധികപങ്കും ഇന്നു്

നഷ്ടപ്പെട്ടുപോയി എങ്കിലും ചുരുക്കം ചില സുപ്രധാന കത്തുകൾ തേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടു്.

സമുദായക്കേസിൽ കാതോലിക്കാ ഭാഗത്തേക്കു കോടതിയിൽ ചിത്രമെഴുത്തു് സാക്ഷി മൊഴികൊടുക്കണമെന്നു മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ നിർബന്ധിക്കുന്ന ചില എഴുത്തുകൾ താഴെ ചേർക്കുന്നു. തദ്വിഷയകമായി ബാവായും ചിത്രമെഴുത്തും തമ്മിൽ വളരെ വർഷങ്ങൾ എഴുത്തുകുത്തുകൾ നടത്തിപ്പോന്നു. ചിത്രമെഴുത്തിന്റെ സഭാചരിത്ര പാണ്ഡിത്യം കാതോലിക്കോസും സമുദായവും അംഗീകരിക്കുന്നതായി ഈ കത്തുകൾ വിളിച്ചു പറയുന്നു.

I

'നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ചിത്രമെഴുത്തു വറുഗീസിനു് വാഴ്ച്:— പ്രിയനെ, അയച്ച എഴുത്തു കിട്ടി....സേവേറിയോസ് ഏല്പിച്ചിട്ടുള്ള ചില പടങ്ങൾ ഉണ്ടല്ലൊ. അതു് ഇതുവരെയും തീർത്തു കിട്ടീട്ടില്ല. കണ്ടറ ഇരിക്കുന്ന പടങ്ങൾക്കു Varnish ഇട്ടു നന്നാക്കണം. വലിയ മെത്രാച്ചന്റെ (വട്ടശ്ശേരി തിരുമേനിയുടെ) ചരിത്രം, സഭാ ചരിത്രം മുതലായവ എഴുത്തിനെ സംബന്ധിച്ചു് പലപ്പോഴും നാം പറഞ്ഞിട്ടുണ്ടല്ലൊ. അതിനുംകൂടി ഉത്സാഹിക്കണം. സമയം കടന്നുപോകുന്നു. ഒരു മനുഷ്യന്റെ ആയുസ്സു് ചുരുക്കവും വേല

അധികവുമാണു്. അതിനാൽ ഉടൻ ചെയ്യാൻ ശ്രമിക്കണം. ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ, എന്നു്, 1939 നു് കൊല്ലം 1114 മകരം 28-ാനു കോട്ടയം സെമിനാരിയിൽ നിന്നും.

(മാർ ബസ്സേലിയോസ് (ഒപ്പ്)

II

'നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ചിത്രമെഴുത്തു വറുഗീസിനു വാഴ്വ് പ്രിയനെ, അയച്ച എഴുത്തുകിട്ടി. മറുപടി അയയ്ക്കുന്നതിനു് തീരെ സമയം ഇല്ലായിരുന്നു. ഏതായാലും അവരുടെ കണിയിൽ നിന്നും ദൈവം നമ്മെ രക്ഷിച്ചു. ഇനിയും കാത്തു സൂക്ഷിക്കും എന്നു് വിശ്വസിക്കുന്നു. കോടതി തുറന്നാൽ ഉടൻ കേസു നടത്തണം. നിങ്ങളെക്കൂടെ ഒരു സാക്ഷിയായി വയ്ക്കുന്നുണ്ടു്. ചരിത്രം തെളിയിക്കുന്നതിനായിട്ടാണു്. നമ്മുടെ മലയാളത്തെ ചരിത്രം ആണു് പറയേണ്ടതു്. ഇട്ടൂപ്പിന്റെയും മററും ചരിത്രം ആണു്. ഇട്ടൂപ്പിന്റെയും മററും ചരിത്രം വച്ചാണു് റോയൽ കോർട്ടു് കേസ് വിധിച്ചിരിക്കുന്നതു്. അതു് അസത്യം ആണെന്നുള്ളതു് തെളിയിക്കേണ്ട ഭാരം നമുക്കുണ്ടു്.

ചരിത്രത്തിനു് ഏറെ സാക്ഷികൾ ആരും ഇല്ലാത്തതുകൊണ്ടു് നല്ലതുപോലെ ഒരുങ്ങിപ്പോകണം. ശേഷം പിന്നാലെ.

ദൈവം അനുഗ്രഹിക്കട്ടെ.

എന്നു് 1941-നു് കൊല്ലം 1116 മേടം 3-ാനു കോട്ടയം സുറിയാനി സെമിനാരിയിൽ നിന്നും

(Sd. xx) ബസ്സേലിയോസ് മാർ ഗീവറുഗീസ് ദ്വിതീയൻ

III

'നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ചിത്രമെഴുത്തു വറുഗീസിനു് വാഴ്വ്.

പ്രിയനെ, അയച്ച എഴുത്തുകിട്ടി. നമ്മുടെ മലയാളത്തെ സഭാ ചരിത്രം വളരെ പേർക്കു് നിശ്ചയം ഉള്ളതല്ല. മാർത്തോമ്മാ ശ്ലീഹാതൊട്ടു് ഇങ്ങോട്ടു് ഉള്ള ചരിത്രങ്ങൾ ഓരോരുത്തർ ഓരോ തരത്തിൽ പറയുന്നു. ഇട്ടൂപ്പു മുതലായവരുടെ ചരിത്രങ്ങൾ ഒന്നും ഇല്ലാത്തതാണു്. മാർത്തോമ്മാ മെത്രാന്മാർ, അവരുടെ പട്ടം കൊട, അന്ത്യോഖ്യായും കാതോലിക്കായും ആയുള്ള ബന്ധങ്ങൾ ഇവയെല്ലാം ആണു് തെളിയിക്കേണ്ടതു്. പിന്നെ വേണ്ടപ്പെട്ടതു് എന്താണെന്നു് നിങ്ങൾക്കൊക്കെത്തന്നെ അറിയാം. വേണ്ടതുപോലെ അതിനെ സംബന്ധിച്ചെല്ലാം തിരക്കി അറിഞ്ഞു് പഠിച്ചു് മൊഴി കൊടുക്കണം. എം. പി. വർക്കിക്കു് ശീമ ചരിത്രം അറിയാമെങ്കിൽ അതിനേക്കാൾ നാട്ടു ചരിത്രം ആണല്ലോ വേണ്ടതു്. എം. പി. വർക്കിയെ കൊള്ളാമെങ്കിൽ അദ്ദേഹത്തെയും ഒരു സാക്ഷിയായി വയ്ക്കാം. ചരിത്രം തെളിയിക്കേണ്ടതാണു് നമുക്കു് അത്യാവശ്യം. അതിനു് രണ്ടോ മൂന്നോ സാക്ഷികൾ ഉള്ളതു് നല്ലതാണു്. ആകയാൽ നിങ്ങൾക്കു് ഒഴികഴിവില്ല. ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ എന്നു് 1941-നു് കൊല്ലം 116 മേടം 11-നു കോട്ടയം സുറിയാനി സെമിനാരിയിൽ നിന്നും.

(Sd. xx) ബസ്സേലിയോസ് മാർ ഗീവറുഗീസ് ദ്വിതീയൻ

IV

'നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ചിത്രമെഴുത്തു വറുഗീസിനു വാഴ്വ്.

പ്രിയനെ, സമാധാന ആലോചനകൾ എല്ലാം വിഫലമായിത്തീർന്നു. ഇനിയും കേസ് നടത്തുകയാണു് വേണ്ടതു്. അതിനു പണം ഇല്ല. നിങ്ങളേയും സാക്ഷിപ്പട്ടികയിൽ ചേർക്കുന്നുണ്ടു്. അതിനാൽ ഇത്രടം വരണം. സാക്ഷി എഴുതേണ്ട സംഗതികൾ എല്ലാം വക്കീലന്മാരുടെ അടുക്കൽ ഇരുന്നു പഠിക്കണമല്ലോ ശേഷം കാഴ്ചയിൽ, ദൈവം അനുഗ്രഹിക്കട്ടെ, എന്നു് 1941-നു് കൊല്ലം 116 ഇടവം 13-നു കോട്ടയം സുറിയാനി സെമിനാരിയിൽ നിന്നും.

(Sd. xx) ബസ്സേലിയോസ് മാർ ഗീവറുഗീസ് ദ്വിതീയൻ

V

'നമ്മുടെ ചിത്രമെഴുത്തു വറുഗീസിനു വാഴ്വ്.

പ്രിയനെ, സാക്ഷി എഴുതുന്നതിനെ സംബന്ധിച്ചു് മുമ്പു് നാം പറകയും എഴുതി അയയ്ക്കുകയും ചെയ്തിട്ടുണ്ടല്ലോ. മലയാളത്തെ ചരിത്രം തെളിയിക്കാനാണു് നിങ്ങളെ ആവശ്യപ്പെടുന്നതു്. ചിങ്ങ മാസത്തിൽ എഴുതാം എന്നു പറഞ്ഞിട്ടുണ്ടല്ലോ. അതിനു വേണ്ടവണ്ണം ഒരുങ്ങിക്കൊള്ളണം. അബ്ദൽഹാദ് റമ്പാന്റെ ലഘുലേഖയും മററും കണ്ടിരിക്കുമല്ലോ. നമ്മുടെ കൂട്ടത്തിൽ ആരും എഴുതാൻ ഇല്ലാതായി എല്ലാവരും

മൗനവും നിരാശയും ആയെന്നു തോന്നുന്നു. രാജി അവസാനിച്ച കാര്യം പത്രം കൊണ്ടറിയാമല്ലോ. പാത്രിയർക്കീസിന്റെ കല്പന എന്നു പറഞ്ഞു് പത്രത്തിൽ പരസ്യം ചെയ്കയും പാണമ്പടി റിപ്പോർട്ടിൽ വ്യക്തമാക്കയും ചെയ്തിട്ടുണ്ടല്ലോ. യൂലിയോസ് ഉള്ള കാലത്തു് സമാധാനം ഉണ്ടാകയില്ല. ശേഷം പിന്നാലെ.

ദൈവം അനുഗ്രഹിക്കട്ടെ.

എന്നു് 1941 നു് കൊല്ലം 1116 കർക്കടകം 16 നു കോട്ടയം സുറിയാനി സെമിനാരിയിൽ നിന്നും

Sd. xx ബസ്സേലിയോസ് മാർ ഗീവറുഗീസ് ദ്വിതീയൻ

VI

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ചിത്രമെഴുത്തു വറുഗീസിനു് വാഴ്ു്.

പ്രിയനെ, അയച്ച എഴുത്തുകിട്ടി. രാജി കാര്യത്തിൽ എല്ലാവരോടും ആലോചിക്കാതെ ഒന്നും ചെയ്യുന്നതല്ല. ഈ മാസത്തിൽ തന്നെ മാനേജിംഗ് കമ്മിറ്റി കൂടി അതേപ്പറ്റി വേണ്ടതു ചെയ്യുന്നതാണു് ദൈവം നമ്മുടെ ഭോഷത്വങ്ങളെ ജ്ഞാനമാക്കിതീർക്കും. നമ്മുടെ ബുദ്ധിയിലോ, ജ്ഞാനത്തിലോ ആശ്രയിച്ചുകൊണ്ടു് ഒന്നും ചെയ്യുന്നതല്ല. ശേഷം പിന്നാലെ.

ദൈവം അനുഗ്രഹിക്കട്ടെ.

എന്നു് 1946 നു് കൊല്ലം 1122 ചിങ്ങം 6-നു കോട്ടയം മാങ്ങാനം എബ്നേസർ ദയറായിൽ നിന്നും

ബസ്സേലിയോസ് ഗീവറുഗീസ് (ഒപ്പ്)

മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന 6-ാം മാർത്തോമ്മാ വലിയ മാർ ദീവന്നാസ്യോസിന്റെ സഭാ ചരിത്ര ഗ്രന്ഥം കോട്ടയം 'ചർച്ചു വീക്കിലി' യിൽ ഖണ്ഡശ: പ്രസിദ്ധപ്പെടുത്തുകയും അനന്തരം അതു പുസ്തക രൂപത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്ന വിഷയത്തെ സംബന്ധിച്ചു് മലയാള മനോരമപ്പത്രാധിപരും ചർച്ചു വീക്കിലിപ്പത്രാധിപരും കൂടിയായിരുന്ന എൻ. എം. ഏബ്രഹാമും ചിത്രമെഴുത്തും തമ്മിൽ എഴുത്തുകുത്തുകൾ നടത്തിയിരുന്നു. ഏബ്രഹാമിന്റെ കത്തുകളിൽ രണ്ടെണ്ണം താഴെ ചേർക്കുന്നു.

I

Kottayam 22-5-1958

My dear Mr. Varghese, ഹൃദയംഗമായ അഭിനന്ദന സൗജന്യങ്ങൾ പ്രദാനം ചെയ്തുകൊണ്ടു് സദയം അയച്ച കാർഡു കിട്ടി. അനർഹമായ പലതും അതിലുണ്ടെന്നു് എനിക്കറിയാം എങ്കിലും മി. വർഗീസിന്റെ കത്തുകൾ വായിക്കുന്നതു് ആനന്ദ പ്രദമാണു് പ്രോത്സാഹ ജനകമാണു്. മറുപടി അയയ്ക്കുവാൻ കാർഡു കിട്ടിയ ദിവസം മുതൽ ആഗ്രഹിച്ചതാണു്. കൃത്യാന്തര വ്യാപൃതനായി ഇതുവരെ നീട്ടിച്ചു. സദയം ക്ഷമിക്കണം.

ആറാം മാർത്തോമ്മായുടെ സഭാ ചരിത്രം ചർച്ച് വീക്കിലിയിൽ പ്രസിദ്ധപ്പെടുത്തുന്നതു് എനിക്കു സന്തോഷമുള്ള കാര്യമാണു്. എന്നാൽ മി. വറുഗീസ് അർഹിക്കുന്ന പ്രതിഫലം തരുന്നതു് എനിക്കൊരു

പ്രശ്നമായി അവശേഷിക്കുന്നു. കഴിവുകേടു മാത്രം; മനസ്സുകേടല്ല.

'പ്രതികാര വെള്ളിടി' നമ്പർ 2. ജിജ്ഞാസപൂർവം കാത്തിരിക്കുന്നു. ക്ഷേമാശംസകളോടെ.

Yours Sincerely

(ഒപ്പ്) N. M. Abraham

'പ്രതികാര വെള്ളിടി' എന്നു മേൽ പറഞ്ഞിരിക്കുന്നതു് 1957 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ ചിത്രമെഴുത്തു് മലയാള മനോരമയിൽ പ്രസിദ്ധപ്പെടുത്തിയ 'പ്രതികാര വെള്ളിടി' എന്ന ഒരു ചെറുകഥയെ സംബന്ധിച്ചാണു്.

II

Kottayam, 4 Sep. 1959

സുഹൃത്തെ, ആറാം മാർത്തോമ്മായുടെ ചരിത്രം ചർച്ചു വീക്കിലിയിൽ പ്രസിദ്ധപ്പെടുത്താമെന്നു് വിചാരിച്ചു അതിന്റെ പ്രഥമ നടപടികൾ എല്ലാം ചെയ്തു കഴിഞ്ഞിരിക്കയാണല്ലോ. അതു പുസ്തകമാക്കണമെന്നുള്ള നിർദ്ദേശത്തെപ്പററി വ്യക്തമായി ഒന്നും പറയാൻ എനിക്കു കഴിയുന്നില്ല.

പുസ്തക പ്രസിദ്ധീകരണം സംബന്ധിച്ചു് ചർച്ചു വീക്കിലി പുതിയ പ്രസ്ഥാനങ്ങൾ സ്വീകരിക്കണമെന്നുള്ളതു് ഒരു സ്വപ്നമായി മാത്രം ഇന്നും അവശേഷിക്കുകയാണു്. രണ്ടാമത്തെ കാര്യം ചർച്ചു വീക്കിലിയിൽ തുടർച്ചയായി ഈ ചരിത്രം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള അനുവാദത്തിനു് മി. വറുഗീസിനു് എന്തെങ്കിലും പ്രതിഫലം

തരണമെന്നുള്ള കാര്യം എന്റെ മനസ്സിൽ ഒരു പ്രശ്നമായി നിൽക്കുന്നു. മനസ്സുകേടിന്റെയല്ല, കഴിവുകേടിന്റെ പ്രശ്നം. ഏതായാലും ഇതു സംബന്ധിച്ചു് വ്യക്തമായ ഒരു ധാരണ ഉണ്ടായിരിക്കണമെന്നാഗ്രഹിക്കുന്നു.

വിമോചന സമര കാലത്തു പ്രതിദിനം ഞാൻ എഴുതിക്കൊണ്ടിരുന്ന മുഖലേഖനങ്ങൾക്കും പ്രത്യേകിച്ചു ഞായറാഴ്ച ലേഖനങ്ങൾക്കും അഭിനന്ദനപൂർവ്വം അയച്ച സൗഹൃദ പ്രകടനങ്ങൾക്കും എന്റെ കൃതജ്ഞത.

സ്നേഹപൂർവ്വം

Yours Sincerely,
N. M. Abraham (Sd)

കൊല്ലം ഭദ്രാസന ഇടവകയുടെ അസിസ്റ്റൻറ് മെത്രാപ്പോലീത്താ നി. വ. ദി. ശ്രീ മത്യൂസ് മാർ കൂറിലോസ് (ഇപ്പോഴത്തെ പൗരസ്ത്യ കാതോലിക്കാ മാർ ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ ബാവാ), സിറിയൻ ക്രിസ്ത്യൻ കോൺഗ്രസിന്റെ മാനേജിംഗ് കമ്മിറ്റിയംഗമായ ചിത്രമെഴുത്തു കെ. എം. വർഗീസിനു് 1955 നവംബറിലും, 1956 സെപ്റ്റംബറിലും അയച്ചുകൊടുത്ത രണ്ടു കത്തുകൾ സഭാ വിഷയമായി പ്രാധാന്യത്തെ അർഹിക്കുന്നു. കത്തുകൾ താഴെ:—

I

THE ORTHODOX SYRIAN CHURCH

The Rt. Rev. Mathews Mar Coorilos, Asst. Bishop of Quilon

Syrian Seminary, Kundara

മുദ്ര

'എത്രയും നമുക്കു് സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ സിറിയൻ കോൺഗ്രസ് മാനേജിംഗ് കമ്മറിയംഗമായ ചിത്രമെഴുത്തു് കെ. എം. വർഗീസിനു് വാഴ്വ്.

പ്രിയനെ, സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ് വളരെ ഉണർന്നു് പ്രവർത്തിക്കേണ്ട സമയങ്ങളാണല്ലോ ഇതു്. അതു് ഒന്നും പ്രവർത്തിക്കുന്നുമില്ല. നിങ്ങൾ കമ്മറിക്കാരെയെല്ലാവരെയുംകൂടി ഒന്നു കണ്ടാൽ കൊള്ളാമെന്നു് നമുക്കു് ആഗ്രഹം ഉണ്ടു്. അതിനാൽ ഈ ഡിസംബർ 4-ാം തീയതി ഞായറാഴ്ച വൈകിട്ടു് മൂന്നുമണിയോടുകൂടി മാവേലിക്കര പുതിയകാവു പള്ളിയിൽ വരെ വരണമെന്നു് താൽപര്യപ്പെടുന്നു.

ശേഷം കാഴ്ചയിൽ. ദൈവം അനുഗ്രഹിക്കട്ടെ.

23-11-1955, കായങ്കുളം പള്ളിയിൽനിന്നും.

മാത്യൂസ് കൂറിലോസ് (ഒപ്പ്)

II

Mathews Mar Coorilos, Syrian Seminary, Kundara

'എത്രയും നമുക്കു് സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ചിത്രമെഴുത്തു് കെ. എം. വർഗീസിനു് വാഴ്വ്.

പ്രിയനെ, സിറിയൻ കോൺഗ്രസിനെ ശക്തിപ്പെടുത്തുവാൻ ആവശ്യമായ മാർഗ്ഗങ്ങളെക്കുറിച്ചു് ആലോചിപ്പാനായി അതിന്റെ അഭ്യുദയകാംക്ഷികളുടെ ഒരു സമ്മേളനം ഈ ഒക്ടോബർ 7-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്കുശേഷം മൂന്നുമണിയോടുകൂടെ മാവേലിക്കര പുതിയകാവുപള്ളി ജൂബിലി സ്മാരക ഹാളിൽവച്ചു് സമ്മേളിക്കുന്നതിനു ആഗ്രഹിക്കുകയാൽ ആ സമ്മേളനത്തിൽ നമ്മുടെ കെ. എം. വറുഗീസ് കൂടെ സന്നിഹിതനാകണമെന്നു് താൽപര്യപ്പെടുന്നു.

ശേഷം പിന്നാലെ ദൈവം അനുഗ്രഹിക്കട്ടെ

27-9-56, കുണ്ടറ സെമിനാരിയിൽ നിന്നും.

മാത്യൂസ് കൂറിലോസ്

മേൽ കാണുന്ന മാർ കൂറിലോസിന്റെ കത്തുകളെ സംബന്ധിച്ചു് ചിത്രമെഴുത്തു രണ്ടാം കത്തിന്റെ അടിയിൽ താഴെ ചേർക്കുന്ന കുറിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു:— ['സഭയിൽ പുരോഗമനപരങ്ങളായ കാര്യങ്ങൾ മുറക്കു് നടത്തിക്കൊണ്ടിരിക്കുന്നുവെന്നു് നാടകീയമായ വിധത്തിൽ ബഹുക്കളെ മനസ്സിലാക്കുന്നതിനുള്ള ഒരു ശ്രമമാണു് ഈ കത്തിൽ ഒളിഞ്ഞിരിക്കുന്നതു്. സമസൃഷ്ടങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി അയ്മേനികൾ വല്ല സംഘടനയും ഉണ്ടാക്കി പ്രവർത്തിച്ചു തുടങ്ങുമ്പോൾ ഈ മെത്രാന്മാർ അതിന്റെ നേതൃത്വവും കടിഞ്ഞാണും കൈക്കലാക്കുന്നതിനായി കല്പനയെഴുതിത്തുടങ്ങും.

ചെറുവിരൽ കൊണ്ടുപോലും അവർ ഒന്നും പ്രവർത്തിക്കയില്ല. പേരും അവസ്ഥയും മാനവും എല്ലാം തങ്ങളിലേക്കു് ഒഴുകിച്ചേർന്നു കൊള്ളണംതാനും. എത്രതന്നെ തിരിച്ചാലും മറിച്ചാലും യാക്കോബായ ഓർത്തഡോക്സ് സഭകളിലെ മെത്രാന്മാർക്കു് രണ്ടു സംഗതികൾ മാത്രമെ ജനങ്ങളോടു പറവാനുള്ളു, 'കുമ്പസാരിച്ചു കുർബ്ബാന കൊണ്ടോ. നോമ്പു നോറേറാ.' ഇതുതന്നെ പല്ലവി. ജനങ്ങളുടെ വിവിധങ്ങളും വിഷമതരങ്ങളുമായ സാമുദായിക ജീവിത പ്രശ്നങ്ങളെ സംബന്ധിച്ചു് ഈ മെത്രാന്മാക്കു് ഒരു അന്വേഷണവുമില്ല. അതേപ്പററി ഒന്നും പറവാനില്ല. അതേപ്പററി ഒരു ചിന്തയുമില്ല. ക്രിസ്തുവിന്റെയും കൂദാശകളുടെയും മോക്ഷത്തിന്റെയും പേർ പറഞ്ഞുകൊണ്ടു് ചൂഷണബുദ്ധ്യാ നല്ല കാര്യങ്ങളുടെയൊക്കെ നേതൃത്വവും പണവും സുഖവും ജനബഹുമാനവും തട്ടി എടുത്തു ഭദ്രാസനത്തിലും സിംഹാസനത്തിലും ഇരുന്നു് വിലസണമെന്നല്ലാതെ മെത്രാന്മാർക്കു് മറെറാന്നിനെപ്പററിയും അറിഞ്ഞുകൂടാ. മെത്രാന്മാരുടെ നാടകീയ സേവനങ്ങൾ നിലയ്ക്കാൻ കാലമായില്ലെ.]

കെ. സി. മാമ്മൻ മാപ്പിളയുടെ രണ്ടുകത്തുകൾ

I

കോട്ടയം
1.12.1952

"രാ-രാ-ചിത്രമെഴുത്തു കെ. എം. വറുഗീസ്
അവർകൾക്കു് മാവേലിക്കര

നിരണത്തു പള്ളിയെപ്പററി നിങ്ങൾ ചെറിയ പുസ്തകമൊ ലഘുലേഖയോ എഴുതി കൊടുക്കുന്നപക്ഷം തയ്യിൽ കുടുംബത്തെപ്പററി അതിൽ എന്തെങ്കിലും ഉണ്ടായിരിക്കണമെന്നു എനിക്കാഗ്രഹമില്ലെന്നു ഞാൻ പറഞ്ഞതു വെറും ഭംഗിയല്ല, യഥാർത്ഥമാണു്. പള്ളിക്കാരിൽ പലർക്കും രസിക്കാതെ വന്നേക്കാം. അവരെ വിഷമിപ്പിച്ചു് എന്തെങ്കിലും ഒരു (മെന) എടുക്കണമെന്നു എനിക്കാഗ്രഹമില്ല. ഒന്നാമതു ഈ വക വലിപ്പങ്ങൾ എല്ലാം എനിക്കു് കഥയില്ലാത്തവയാണെന്നാണു് എന്റെ ഇപ്പോഴത്തെ അഭിപ്രായം. രണ്ടാമതായി എനിക്കു വേണമെന്നിരുന്നാൽ ആവശ്യമുള്ളതെല്ലാം എന്റെ ആത്മകഥാ കഥനത്തിൽ ഉൾപ്പെടുത്താവുന്നതുമാണല്ലൊ.

കണിയാന്ത്ര കുഞ്ഞേനാച്ചന്റെ കൈവശം ഒരു ഗ്രന്ഥവരിയുണ്ടല്ലോ. അതിന്റെ ഒരു പ്രതി നിങ്ങളുടെ കൈവശമുണ്ടെന്നറിയുന്നു. ആ ഗ്രന്ഥവരി മുഴുവനായി അച്ചടിപ്പിച്ചാൽ കൊള്ളാമെന്നു തോന്നുന്നു. നിങ്ങളുടെ അഭിപ്രായം പറഞ്ഞാൽ കൊള്ളാം. നിരണത്തുപള്ളിയെപ്പററി പല കാര്യങ്ങളും അതിൽ ഉണ്ടെന്നാണു് കുഞ്ഞേനാച്ചൻ പറയുന്നതു്.

അതു കൂടാതെ പെരിപ്ലസ് എന്ന ഗ്രീക്കു ഗ്രന്ഥത്തിലും മററു ചില ഗ്രന്ഥങ്ങളിലും

നാക്കിടയെപ്പററിയും മററും പറയുന്നുണ്ടെന്നു മി. ടി. കെ. ജോസഫ് പറയുന്നു. ഇങ്ങനെയുള്ള ഭാഗങ്ങൾ എല്ലാം കൂട്ടിച്ചേർത്തു ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധപ്പെടുത്തിയാൽ തരക്കേടില്ലെന്നു തോന്നുന്നു. ഏതായാലും എല്ലാററിനും കൂടി സമയമില്ല. തയ്യിൽ കുടുംബത്തെപ്പററി നിങ്ങൾ മററുള്ളവർക്കു് അസുഖകരമായി ഒന്നും എഴുതാതിരിക്കണമെന്നു ഒന്നുകൂടി ഓർമ്മിപ്പിക്കാനായി ഈ എഴുത്തു എഴുതുന്നതാണു്.

Yours Sincerely,
കെ. സി. മാമ്മൻ മാപ്പിള (ഒപ്പ്)

II

K. C. Mammen Mappillai, Chief Editor, Malayala Manorama

Kottayam
3-9-1952

"മാ-രാ-രാ-ചിത്രമെഴുത്തു കെ. എം. വറുഗീസ് അവർകൾക്കു് മാവേലിക്കര

നിങ്ങൾ സദയം അയച്ചു തന്ന ലേഖനം ഞാൻ സശ്രദ്ധം വായിച്ചു. വളരെ വളരെ രസകരമായി തോന്നി. എന്നാൽ മനോരമയിൽ ഇതു പ്രസിദ്ധപ്പെടുത്തുന്നതു ഉചിതമായിരിക്കയില്ലെന്നു എനിക്കു തോന്നുന്നു. ഈ ദീയസ്കോറോസിന്റെ ഏവം വിധം മർദ്ദനങ്ങൾ ക്ഷമയോടെ സഹിച്ച കൂട്ടരുടെ സന്താനങ്ങളാണല്ലൊ ഇപ്പോഴുമുള്ളതു്. ഇവരിൽ പലർക്കും പരദേശത്തെ ബാവാമാരെപ്പററി ഇങ്ങനെ പറയുന്നതു ഇപ്പോഴും

ദുസ്സഹമായിരിക്കുന്നതാണു്. മനോരമയുടെ 50 വർഷത്തെ പ്രചരണംകൊണ്ടു ഒരു ഭാഗമാളുകളുടെ അഭിപ്രായം മാറിവീണിട്ടുണ്ടെന്നു പറയാൻ പാടുള്ളു. വടക്കുള്ള അണ്ണന്മാർക്കിതു സഹിക്കയില്ല. അവരെ പടിപടിയായി ഇങ്ങോട്ടു ആകർഷിക്കണമെന്നാണു് എന്റെ ആഗ്രഹം. പൊടുന്നനവെ അവരെ ക്ഷോഭിപ്പിക്കുന്ന ഒന്നാണു് നിങ്ങളുടെ ലേഖനമെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ അഭിപ്രായം തെറ്റാണെന്നു വന്നേക്കാം. ഏതായാലും എന്റെ ഉത്തമ വിശ്വാസമനുസരിച്ചു് പ്രവർത്തിക്കയല്ലാതെ ഗത്യന്തരമില്ലല്ലൊ. മടക്കി അയക്കണമെന്നപക്ഷം ലേഖനം വേറെ കവറിൽ മടക്കി അയക്കാം.

Yours Sincerely,
Sd/- കെ. സി. മാമ്മൻ മാപ്പിള

സാഹിത്യപരമായ ലേഖനങ്ങൾ കൂടാതെ, ചിത്രമെഴുത്തു്, മതപരമായും സുറിയാനി സമുദായപരമായും, സഭാപരമായും എഴുപത്തഞ്ചോളം സുദീർഘ ലേഖനങ്ങളെഴുതി പത്രദ്വാരാ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നാണു് കണക്കാക്കീട്ടുള്ളതു്. അവയിൽ കുറെയെണ്ണത്തിന്റെ ഒരു പട്ടികയും ഏതാനും ലേഖനങ്ങളും ചുവടെ ചേർക്കുന്നു. പല ലേഖനങ്ങളും പരമ്പരകളാണു്. ഇവയെല്ലാം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാൻ അർഹതയുള്ളതാണു്.

1 കത്തനാരോ, കർദ്ദിനാളോ (നസ്രാണി ദീപിക— 1920 ജൂലൈ 13)

2 പട്ടക്കാരൻ—ഒരു മറുപടി — 1920 ഒക്ടോബർ—23

3 വൈക്കോൽ കെട്ടിലെ തീക്കട്ട (സുറിയാനി സഭാ കാഹളം-1099 കന്നി 10)

4 അമ്മക്കാര്യം (കേരളീയാഭിമാനിപ്പത്രം-1922 ജൂലൈ 28)

5 പുരാതന നസ്രാണികളുടെ വിവാഹാഡംബരം (കേരളീയാഭിമാനി-1919 Sep. 24)

6 മി. സി. ജെ. കുര്യനോടുള്ള ചില ചോദ്യങ്ങൾ (സുറിയാനി സഭാകാഹളം—1099 മകരം 24)

7 സുപ്രസിദ്ധമായ ഒരു പഴയ രേഖ (ദീപിക 1094 മേടം)

8 മലങ്കര സഭയും ക്രൈസ്തവ തുക്കികളും (മനോരമ 1931—ജൂലൈ 21)

9 ഒരു ധർമ്മ നിഷ്ഠ (മലയാള മനോരമ-1928 ആഗസ്റ്റ് 1)

10 ധീരാത്മാവായ മാർ മത്യൂസ് അത്താനാസ്യോസ് (മനോരമ—1103 മകരം-മിഥുനം)

11 പെരുമ്പടപ്പ് നസ്രാണികളും ശക്തൻതമ്പുരാനും (മനോരമ—1932-ഏപ്രിൽ 30)

12 മെച്ചുരു തരകൻ (ദീപിക 1094 മിഥുനം 20)

13 ബുദ്ധനും വിഷ്ണുവും—കുണ്ടറ വലിയ പള്ളിയിലെ പുരാതന ശില്പകലാ പ്രതിമകൾ (പൗരപ്രഭ—കോട്ടയം—1940 ജനുവരി)

14 ക്രിസ്ത്യാനികളുടെ ക്ഷേത്രപ്രവേശം-അഥവാ-തിരുവാർപ്പ് ക്ഷേത്രം റോഡ് (പൗരപ്രഭ—1927 നവംബർ)

15 മലങ്കര നസ്രാണികളും പൂർവ്വചരിത്ര സ്മരണകളും (ദീപിക 1919—നവംബർ-14)

16 ഉണ്ണി നയിനാർ പടത്തരകൻ (കേരളീയാഭിമാനി 1095 തുലാം 9)

17 പുരാതന സുറിയാനിക്കാരുടെ യുദ്ധവൈദഗ്ദ്ധ്യം (ദീപിക—1093)

18 ഉഷപ്രകാശം (ഗദ്യകവിത) (മനോരമ—1938 ഏപ്രിൽ 7)

19 കാതോലിക്കാ സ്ഥാനാവരോധ മഹോത്സവത്തിലെ ചില പ്രത്യേക ഘട്ടങ്ങൾ (കേരള കേസരി-1104 മേടം—1)

20 വിജയോപഹാരം (ഗദ്യകവിത) (പൗരപ്രഭ വിശേഷാൽ പ്രതി 1115 മേടം-24)

21 എന്റെ അമ്മ—അഥവാ സുറിയാനി സഭാ മാതാവ് (പ്രതിദിനം—1929—ജനുവരി—14) ഗദ്യകവിത

22 മാർപാപ്പായും ഉദയപുരി ക്ഷേത്ര ഭിത്തിയും (മനോരമ-1933 ജനുവരി—13)

23 അഞ്ചാം മാർതോമ്മാ (പൗരപ്രഭ, കോട്ടയം-1946 സെപ്റ്റംബർ)

24 കടമറ്റത്തച്ചന്മാരുടെ മന്ത്രതന്ത്രങ്ങൾ (മനോരമ)

25 സമാധാനമാർഗ്ഗം—അന്ത്യോക്യാ പാത്രിയർക്കീസിന്റെ കർത്തവ്യം (പൗരപ്രഭ 1937 സെപ്റ്റംബർ)

26 മലങ്കര സഭാ വിശ്വാസം – അഥവാ—ഞാനും കെ. എൻ ദാനിയേലും തമ്മിൽ നടത്തിയ എഴുത്തുകുത്തുകൾ (മലങ്കരസഭ മാസിക 1948)

27 ഉദയമ്പേരൂർ സുന്നഹദോസ് (മനോരമ 1937)

28 നിലയ്ക്കൽ നിന്നുള്ള കുടിമാറ്റം (മനോരമ 1957 മാർച്ച്)

29 പണ്ടത്തെ നസ്രാണി ജഡ്ജിമാർ (പൗരപ്രഭ 1947)

30 കാരാഗൃഹത്തിൽ നിന്നു വിമുക്തനായ അഞ്ചാം മാർതോമ്മാ മെത്രാപ്പോലീത്താ (മനോരമ 1128 ഇടവം 2)

31 പരിമലത്തിരുമേനിയുടെ സാത്വിക പ്രഭാവം (ചർച്ച് വീക്കിലി)

32 കറുത്തേടത്തു തോമസ് ശാസ്ത്രികളുടെ ഇരുപത്തൊന്നു വൃത്തം (കേരള ഭൂഷണം 1956 ഒക്ടോബർ)

33 മലങ്കര അസോസിയേഷനെ മരപ്പാവയാക്കുവാനുള്ള കാതോലിക്കാ കക്ഷിയുടെ എപ്പിസ്ക്കോപ്പസീയം (പൗരധ്വനി, കോട്ടയം—1954—ഡിസംബർ 21, 27)

34 മാർ മത്യൂസ് അത്താനാസ്യോസിന്റെ ജീവിതവും അന്ത്യഘട്ടവും [ചരിത്രകഥ] ലേഖന പരമ്പര — പൗരപ്രഭ—1940—ആഗസ്റ്റ് 17-1940 ഡിസംബർ)

35 അഞ്ചാം മാർത്തോമ്മാ (ചരിത്രകഥ) പൗരപ്രഭ, കോട്ടയം 1946-സെപ്റ്റംബർ—ഒക്ടോബർ)

36 പുരാതന കൈയെഴുത്തു ബൈബിൾ (മനോരമ-1960 നവംബർ 16)

37 മലങ്കര സുറിയാനി സമുദായത്തിന്റെ ഈടുവയ്പും, പുരാതന കൈയെഴുത്തു ബൈബിളും (മനോരമ 1959 ഏപ്രിൽ 12)

38 മലങ്കര സുറിയാനിസഭ—സമാധാനത്തിനുള്ള വഴിയെന്തു? (പൗരപ്രഭ—1940-മെയ്—28)

39 ആകാശ മണ്ഡലത്തിൽ നടന്ന അത്ഭുത സംഭവം (മനോരമ—1937—സെപ്റ്റംബർ—17)

40 മാപ്പിള (പൗരപ്രഭ—1944 ഡിസംബർ 23, 30, ജനുവരി 30)

41 ചെമ്പുപട്ടയം—ക്നായിത്തൊമ്മനു് നൽകിയ 72 പദവികൾ (പൗരപ്രഭ—1945 ഫെബ്രുവരി 13)

42 മത്തിച്ചിറപ്പൻ (മനോരമ-വിശേഷാൽ പ്രതി 1960)

43 മലങ്കര സുറിയാനി സഭാ ഭരണനിയമത്തിന്റെ കരടുബിൽ (സുറിയാനി സഭാ മാസിക, തിരുവനന്തപുരം-1096)

44 എന്റെ കൺമുമ്പിൽ ആലപ്പുഴ ഓർത്തഡോക്സ് സിറിയൻ ചർച്ച് (1124)

45 കടമറ്റത്തു കത്തനാരുടെ കുടുംകൈ (മനോരമ വാർഷിക വിശേഷാൽ പ്രതി—1953)

46 കേരളത്തിൽ മാർഗ്ഗവഴിയുടെ അവസ്ഥ (മനോരമ-1097—മകരം 20)

47 നസ്രാണി സമുദായത്തിന്റെ രാജകീയ പദവികൾ (മനോരമ-1099 മീനം)

48 കേരള രാജാക്കന്മാരുടെ നസ്രാണി സൈന്യങ്ങൾ

ബഥനിയുടെ മാർ തേവോദോസിയോസിന്റെ മെത്രാൻ സ്ഥാനാഭിഷേകം പ്രമാണിച്ചു 1938 ഏപ്രിൽ ഏഴിനു മനോരമ പ്രസിദ്ധപ്പെടുത്തിയ വിശേഷാൽ പ്രതിയിൽ 'ഉഷ:പ്രകാശം' എന്ന ഒരു ഗദ്യകവിതയും തോമ്മാ മാർ ദീവന്നാസ്യോസിന്റെ മെത്രാൻ സ്ഥാനാഭിഷേകം സംബന്ധിച്ചുള്ള 1940 മെയ് 6 ലെ പൗരപ്രഭയുടെ വിശേഷാൽ പ്രതിയിൽ 'വിജയോപഹാരം' എന്ന ഗദ്യ കവിതയും ചിത്രമെഴുത്തു് എഴുതി. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാബാവായുടെ സ്ഥാനാരോഹണത്തോടനുബന്ധിച്ചു 1929 മാർച്ച് 23 നു 'കേരള കേസരി'യിൽ ചിത്രമെഴുത്തു പ്രസിദ്ധപ്പെടുത്തിയ കാതോലിക്കാ സ്ഥാനാവരോധ മഹോത്സവത്തിലെ ചില പ്രത്യേക ഘട്ടങ്ങൾ എന്ന ലേഖനം സർവ ക്രൈസ്തവരും വായിച്ചിരിക്കേണ്ടതാണു്. ഈ മൂന്നു രചനകളും ചിത്രമെഴുത്തിന്റെ അടിയുറച്ച സഭാസ്നേഹ പ്രതീകങ്ങളാണു്. വിസ്തരഭയത്താൽ ഈ മൂന്നു കാവ്യാത്മക ലേഖനങ്ങളും ചേർക്കാതെ വിടുകയാണു്.

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ ജീവചരിത്ര രചന

(പാലക്കുന്നത്തു് മത്യൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ അപദാനങ്ങളെ പ്രകീർത്തിച്ചു് അനേകം ലേഖനങ്ങൾ എഴുതിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ചിത്രമെഴുത്തു ശ്രീ. കെ. എം. വറുഗീസിന്റെ പേർക്കു്, ഒരു ഉത്തമ മെത്രാപ്പോലീത്തായെന്നു നാനാ പ്രകാരേണയും അറിയപ്പെട്ടിരിക്കുന്ന കാലംചെയ്ത വട്ടശേരിൽ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഒരു ചരിത്രമെഴുതാൻ ഉദ്യമിക്കരുതോയെന്നു് 21 വർഷം മുമ്പു് ചാന്നാനിക്കാട്ടു ശ്രീ. ഡബ്ളിയു. സി. മാണി എഴുതി ചോദിച്ചതിനു് ശ്രീ. വറുഗീസ് അയച്ച മറുപടിക്കാർഡിൽ ഇപ്രകാരം എഴുതിയിരുന്നു.)

ശ്രീമാൻ, കത്തു കിട്ടി. മറുപടിക്കു നേരിട്ട അമാന്തത്തെ സദയം ക്ഷമിപ്പാറാകണം. നിങ്ങളുടെ പൂർവപക്ഷങ്ങൾക്കു പറവാനുള്ള സമാധാനം ചുവടെ ചേർക്കുന്നു.

1. മാർ മത്യൂസ് അത്താനാസ്യോസിൽ താഴ്ചകളും വീഴ്ചകളും കണ്ടേക്കും. ശരിതന്നെ. പക്ഷേ ഞാൻ അദ്ദേഹത്തെ അളക്കുവാൻ ഉപയോഗിക്കുന്ന മാനദണ്ഡം അദ്ദേഹത്തിന്റെ വീരാപദാനങ്ങൾ മാത്രമാണു്.

2. നാട്ടുകാരായ കുല ദ്രോഹികളെ സംബന്ധിച്ചു നിങ്ങൾ എന്തെല്ലാം പറഞ്ഞിരുന്നാലും ഡച്ചുകാരുടെ കാലത്തിന്നിപ്പുറം ശീമക്കാരും ആ

വെള്ളക്കിരാതന്മാരുടെ പണക്കൊതിയും,
അധികാരഭ്രമവും മാത്രമാണു് സഭയിൽ
കലാപങ്ങൾക്കും കലഹങ്ങൾക്കും ബീജാവാപം
ചെയ്തിട്ടുള്ളതെന്നു് ചരിത്രം സ്പഷ്ടമായി
തെളിയിക്കുന്നു. ഇതിനു പുറമെ വേറൊന്നു് വടക്കു്
വിദ്യാഭ്യാസത്തിനു് സൗകര്യം
ചുരുങ്ങിപ്പോയെന്നുള്ളതുമാണു്.

3. വട്ടശ്ശേരി മെത്രാച്ചന്റെ
ജീവിതചരിത്രമെഴുതുവാൻ കാലം തികഞ്ഞിട്ടില്ല.
എഴുതുവാനുള്ള ആളും ജനിച്ചിട്ടില്ല. ആ മഹാകാര്യം
നിവർത്തിപ്പാൻ ഈ പുഴവും പൂഴിയുമാവുന്ന ഞാൻ
ശക്തനല്ല. ഇയ്യിടയ്ക്കു കാതോലിക്കാബാവാ
പലപ്പോഴും ഇക്കാര്യം പറയുകയും എന്നെ
ഉത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ
സ്മര്യപുരുഷന്റെ നിസ്തുലമായ ഗുണവിശേഷവും
മഹത്വവും എന്റെ അൽപത്വവും ഓർമ്മിച്ചു ഞാൻ
പിന്മാറിക്കളയുകയാണു ചെയ്തിട്ടുള്ളതു്.
അദ്ദേഹത്തിന്റെ ചരിത്രം എഴുതുവാൻ
സാമാന്യയോഗ്യതയുള്ള മൂന്നുപേർ ഇന്നു
ജീവിച്ചിരിപ്പുണ്ടു്. മെ. കെ. സി. മാമ്മൻമാപ്പിള, ഓ.
എം. ചെറിയാൻ, എം. പി. വർക്കി. ഇവരുടെ
ചെരിപ്പിന്റെ വാറഴിപ്പാൻ ഞാൻ യോഗ്യനല്ല. കാലം
ആ മഹാപുരുഷന്റെ ചരിത്രം
പുറത്തിറക്കിക്കൊള്ളും. അത്രതന്നെ.

വിനീതവിധേയൻ
കെ. എം. വറുഗീസ്

പൗവത്തിക്കുന്നു്

മാവേലിക്കര, 20-4-1116

ചർച്ചുവീക്കിലി 1962 ഓഗസ്റ്റ് 26.

ചിത്രമെഴുത്തിന്റെ നോട്ടത്തിൽ യോഗ്യരായ മൂന്നുപേർക്കും ജീവചരിത്രം രചിക്കാൻ കഴിഞ്ഞില്ല. വർഷങ്ങൾ കഴിഞ്ഞു് സെഡ്. എം. പാറേട്ടാണു വട്ടശ്ശേരിൽ തിരുമേനിയുടെ ജീവചരിത്രം എഴുതി മലങ്കര സഭയെ ധന്യമാക്കിയതു്. പ്രായാധിക്യം മൂലം മരിക്കുന്നതിനു മുമ്പു് ഈ ജീവചരിത്രം എഴുതാൻ സാധിക്കണമെന്നു പാറേട്ട പ്രാർത്ഥിക്കുമായിരുന്നു. പാറേട്ടു തിടുക്കത്തോടു കൂടിയാണു 'മലങ്കര നസ്രാണികൾ' എന്ന പുസ്തകങ്ങളുടെ ഒടുവിലത്തെ വാല്യങ്ങളും എഴുതിയതു്. ഇക്കാര്യം സംഭാഷണ വേളയിൽ എന്നോടു് അദ്ദേഹം നേരിട്ടു പറഞ്ഞിട്ടുള്ളതാണു്.

എന്തായാലും ചിത്രമെഴുത്തു പ്രവചിച്ചതുപോലെ 'കാലം ആ മഹാപുരുഷന്റെ ചരിത്രം പുറത്തിറക്കി'

ചേപ്പാട്ടു മാർ ദീവന്നാസ്യോസ്
മെത്രാപ്പോലീത്തായുടെ ഒരു ജീവചരിത്രം
രചിക്കുന്നതിനുവേണ്ടി
ചിത്രമെഴുത്തിനോടഭ്യർത്ഥിക്കാൻ ചേപ്പാട്ടു പള്ളിവികാരി ഏവൂരത്തു കിഴക്കേതിൽ ഫാ. ഐ. ഡാനിയേൽ വർഷങ്ങൾക്കു മുമ്പു് ഒരിടവക യോഗം വിളിച്ചു കൂട്ടി. പ്രസ്തുത യോഗത്തിൽ പ്രത്യേക ക്ഷണപ്രകാരം ചിത്രമെഴുത്തും റിട്ട. ജഡ്ജി പി. എ. ഉമ്മനും സംബന്ധിച്ചിരുന്നു. ജീവചരിത്ര രചനയെ സംബന്ധിച്ച അഭ്യർത്ഥന ചിത്രമെഴുത്തു നിരസിക്കുകയും തുടർന്നു പി. എ. ഉമ്മൻ

ജീവചരിത്രം എഴുതുകയുമാണുണ്ടായതു്. മത്യൂസ് മാർ അത്താനാസ്യോസിനെപ്പററി വളരെ മതിപ്പുണ്ടായിരുന്നതു കൊണ്ടാണു് അത്താനാസ്യോസിനെ എതിർത്ത ചേപ്പാട്ടു മെത്രാപ്പോലീത്തായുടെ ജീവചരിത്രം ചിത്രമെഴുത്തു് രചിക്കാഞ്ഞതെന്നു് അന്നു പലർക്കും അറിവില്ലായിരുന്നു. ഒരു തത്വത്തിന്റെ അടിസ്ഥാനത്തിലാണു ചിത്രമെഴുത്തു് ജീവചരിത്ര രചനാഭ്യർത്ഥന നിരസിച്ചതു്. ഇക്കാര്യം ചേപ്പാട്ടു മാർ ദീവന്നാസ്യോസ് എന്ന പുസ്തകത്തിന്റെ മുഖവുരയിൽ പി. എ. ഉമ്മൻ സൂചിപ്പിച്ചിട്ടുണ്ടു്

അഞ്ചാം മാർതോമ്മാ—ചിത്രമെഴുത്തിന്റെ ശക്തിയേറിയ തൂലിക

ശ്രീ ചിത്രമെഴുത്തിന്റെ ശക്തിയേറിയ തൂലിക ഏതു കഠിന ഹൃദയനേയും കണ്ണുനീരൊഴിപ്പിക്കാൻ പര്യാപ്തമായിരുന്നു. 'അഞ്ചാം മാർത്തോമ്മായുടെ പീഡാനുഭവം—അഥവാ—ഡച്ചുകാരുടെ പന്തീരായിരം' എന്ന ശീർഷകത്തിൽ ചിത്രമെഴുത്തു 1946 ൽ കോട്ടയം 'പൗരപ്രഭ'യിൽ എഴുതിയ ലേഖന പരമ്പര കാതോലിക്കേററിൽ നിന്നു പുസ്തക രൂപത്തിൽ അച്ചടിച്ചിറക്കുന്നതിനു മാർ ബസേലിയോസ് മാർതോമാ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനി അതിന്റെ പേപ്പർ കട്ടിംഗ് ജോർജ് വർഗീസിൽ നിന്നു വരുത്തി വായിച്ചപ്പോൾ അദ്ദേഹം ഏങ്ങലടിച്ചു കരഞ്ഞുപോയി. ഇതേക്കുറിച്ചു MOC പബ്ളിക്കേഷൻ സെക്രട്ടറി ഫാ. ററി. ജി. സഖറിയാ 25-7-87 ൽ ജോർജ് വർഗീസിനു അയച്ച കത്തിൽ

ഇപ്രകാരം എഴുതിയിരുന്നു:—'അഞ്ചാം
മാർതോമ്മായുടെ ബുക്കു് പ: ബാവാ വായിച്ചു. പല
അവസരങ്ങളിലും തിരുമേനി വായിച്ചു് ഏങ്ങലടിച്ചു
കരഞ്ഞു പോയി എന്നും തദവസരത്തിൽ കതകിനു
കുററിയിടുകയായിരുന്നു മററാരും അതു
കാണാതിരിക്കുന്നതിനു് എന്നും തിരുമേനി
കല്പിച്ചു....ചിത്രമെഴുത്തു് ഇത്ര മഹാനായിരുന്നു
എന്നു് ഇതു (ചരിത്ര കഥകളും മററും)
വായിച്ചപ്പോഴാണു് തിരുമേനിക്കു കൂടുതൽ
മനസ്സിലായതു് എന്നു പറഞ്ഞു'

9

സഭാ പരിവർത്തനം

മാവേലിക്കര പുതിയകാവുപള്ളിയിൽ 1951 ജൂലൈ 21നു ചേർന്ന പള്ളി പ്രതിപുരുഷന്മാരുടെ സമ്മേളനം കഴിഞ്ഞു് ഏതാനും മാന്യ വ്യക്തികളുമായി കുശലം പറഞ്ഞുകൊണ്ടിരുന്ന ചിത്രമെഴുത്തു് കെ. എം. വർഗീസിന്റെ സമീപത്തു പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ എത്തി 'നീ നേരു കെട്ടവനാണു്' എന്നു രണ്ടു തവണ പറഞ്ഞു. കാര്യം എന്താണെന്നു് മനസ്സിലാകാതെ മറ്റുള്ളവരുടെ മുമ്പിൽ വറുഗീസ് വളരെ പരിഹാസ്യനായി പകച്ചുനിന്നുപോയി. ഈ നിന്ദ്യമായ വാക്കുകൾ വറുഗീസിനെ വല്ലാതെ മുറിപ്പെടുത്തി. പണക്കാരനല്ലെങ്കിലും ധന്യനും സമുന്നത സാഹിത്യകാരനും സത്യസന്ധനും സമുദായത്തിന്റെ അഭിമാന ഭാജനവുമായ വർഗീസിനു തന്റെ സഭാദ്ധ്യക്ഷന്റെ ഈ ആക്ഷേപ വാക്കുകൾ സഹിക്കാനോ ക്ഷമിക്കാനോ കഴിഞ്ഞില്ല.

ഈ സംഭവത്തിന്റെ പശ്ചാത്തലം അറിയുമ്പോഴെ ചിത്രമെഴുത്തിന്റെ നിരപരാധിത്വം വ്യക്തമാകുകയുള്ളു. വട്ടശ്ശേരിൽ ദീവന്നാസ്യോസ് തിരുമേനിയുടെ ഒരു ചിത്രം കുണ്ടറ സെമിനാരിയിൽ

വച്ചിരുന്നു. വറുഗീസ് വരച്ച പ്രസ്തുത ചിത്രം അൽപംകൂടി ചായം തേച്ചു മോടിപിടിപ്പിച്ചുകൊടുക്കണമെന്നു ബാവാ നേരത്തെ വറുഗീസിനോടു പറയുകയും അദ്ദേഹം സമ്മതിക്കുകയും ചെയ്തതാണു്. എന്നാൽ വൃദ്ധനായ വറുഗീസിനു ബസിൽ കയറി കുണ്ടറയിൽ ചെന്നു വലിയ ചിത്രം എടുത്തുകൊണ്ടു വന്നു മാററി വരയ്ക്കാൻ സാധിച്ചില്ല. ചിത്രം തന്റെ റോഡു സൈഡിലുള്ള വീട്ടിൽ എത്തിക്കുമെന്നാണു വറുഗീസ് കരുതിയതു്. ആഴ്ചതോറും മാവേലിക്കരവഴി കാറിൽ പോകുന്ന ബാവായ്ക്കു് ഈ ചിത്രം ഡ്രൈവർ മുഖേന മടക്കയാത്രയിൽ മാവേലിക്കരയിൽ എത്തിക്കാൻ പ്രയാസവുമില്ലായിരുന്നു. അങ്ങനെ ഏതാനും മാസങ്ങൾ കഴിഞ്ഞു. അപ്പോഴാണു ബാവാ മാവേലിക്കര പള്ളിയങ്കണത്തിൽവച്ചു വറുഗീസിനെ കാണുന്നതും 'നീ നേരു കെട്ടവനാണെന്നു' രണ്ടു തവണ പറഞ്ഞതും.

സമുദായക്കേസു സംബന്ധിച്ച ചരിത്ര വിവരങ്ങൾക്കും മററും ചിത്രമെഴുത്തിനോടു പലപ്പോഴും സഹായം അഭ്യർത്ഥിച്ചു വന്ന തന്റെ സഭാദ്ധ്യക്ഷന്റെ ഈ ആക്ഷേപവാക്കുകൾ ആത്മാഭിമാനത്തെ സംബന്ധിച്ചിടത്തോളം ഒരിഞ്ചു വിട്ടുകൊടുക്കാത്ത വറുഗീസിനു് ഒരിക്കലും മറക്കാൻ സാധിച്ചില്ല.

ചിത്രമെഴുത്തു് പിന്നീടു് ബാവായിക്കു ഇതു സംബന്ധിച്ചു ഒരു കത്തയച്ചതിൽ തന്നെ പരസ്യമായി

മാന്യ വ്യക്തികളുടെ മദ്ധ്യേ വച്ചു ആക്ഷേപിച്ചതിൽ വളരെ കുണ്ഠിതമുണ്ടെന്നു് അറിയിക്കുകയും മറുപടി പ്രതീക്ഷിക്കുന്നില്ലെന്നു സൂചിപ്പിക്കുകയും ചെയ്തു. എന്നാൽ ബാവാ അതിനു മറുപടിയായി അയച്ച കൽപനയാണു ചുവടെ ചേർക്കുന്നതു്.

നമ്പർ

കൽപന

The Orthodox Syrian Church of the East

നമുക്കു് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ചിത്രമെഴുത്തു വറുഗീസിനു് വാഴ്ു്.

പ്രിയനെ, അയച്ച എഴുത്തുകിട്ടി. മറുപടി അയക്കേണ്ടാ എന്നു് എഴുത്തിൽ ഉണ്ടെങ്കിലും മറുപടി അയപ്പാനായി നമുക്കുതന്നെ നിർബന്ധം തോന്നുന്നു. നാം അവിടെവച്ചു നിങ്ങളോടു പറഞ്ഞതു കളിയായിട്ടായിരുന്നു. അവിടെ നിന്നവരും മററും നിങ്ങളും അത്രമാത്രമേ മനസ്സിലാക്കിയിരുന്നുള്ളു എന്നും മററുമാണു് നാം വിചാരിച്ചതു്. അതല്ല, നമ്മുടെ വാക്കുകൾ നിങ്ങളെ മുറിപ്പെടുത്തിയെങ്കിൽ ക്ഷമ ചോദിച്ചുകൊള്ളുന്നു, ക്ഷമിക്കണമെന്നു് അപേക്ഷിക്കുകയും ചെയ്യുന്നു. മേലാൽ ഇങ്ങനെ വരാതിരിപ്പാൻ നിങ്ങളുമായിട്ടുള്ള സംസർഗ്ഗം വേണ്ടാ എന്നും വച്ചിരിക്കുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

എന്നു്, 1951 ജൂലൈ 30-ാം തീയതി
കോട്ടയം സെമിനാരിയിൽ നിന്നു (ഒപ്പ്)

ഈ കത്തിലെ 'മേലാൽ ഇങ്ങനെ വരാതിരിപ്പാൻ നിങ്ങളുമായിട്ടുള്ള സംസർഗ്ഗം വേണ്ട എന്നും വച്ചിരിക്കുന്നു' എന്ന വാചകം ചിത്രമെഴുത്തിനെ കൂടുതൽ വേദനിപ്പിച്ചു. ഒരു സഭാദ്ധ്യക്ഷൻ തന്റെ സഭയെ ജീവനുതുല്യം സ്നേഹിക്കുന്ന ഒരംഗത്തിനു് ഇങ്ങനെ എഴുതിയതിനാൽ ക്ഷമാപണത്തിനു് ഒട്ടും ആത്മാർത്ഥതയില്ലെന്നു ചിത്രമെഴുത്തിനു മനസ്സിലായി. ചിത്രമെഴുത്തു് മറുപടി നൽകാതെ ബാവായുടെ കൽപനയുടെ പുറത്തു ഇങ്ങനെ എഴുതിവച്ചു. 'ധനപ്രബലന്മാരെ നിലവിട്ടു് പൂജിക്കുകയും വെള്ളമുണ്ടിനു തടുക്കിട്ടു് പരിചയിക്കുകയും ചെയ്തിട്ടുള്ള ക്രിസ്തു ഭക്തന്മാരായ മെത്രാന്മാർക്കു് അവരുടെ ഈ ഭൗതികമായ പെരുമാറ്റ ദോഷങ്ങളെക്കുറിച്ചു പശ്ചാത്തപിപ്പാൻ കാലമായിട്ടില്ല. ദൈവദാസനാണെന്നു് അഭിമാനിക്കുകയും പുകഴുകയും ചെയ്യുന്ന കാതോലിക്കാ ബാവാ തിരുമേനി പണത്തിന്റെയും പണക്കാരന്റെയും പാദദാസിത്വം വഹിക്കുന്നതു് എത്രയോ കഷ്ടമാണു്. ഇങ്ങനെയുള്ള ധനമാത്ര പൂജകന്മാരോടു് മേലിൽ സംസർഗ്ഗം ചെയ്യാതിരിക്കുകയാണു് എനിക്കും സുഖകരം; ഉപദ്രവമില്ല' പരിശുദ്ധനെന്നു പരിഗണിക്കപ്പെടുന്ന ബാവായുടെ ക്ഷമാപണത്തിലെ ആത്മാർത്ഥതാരാഹിത്യം പ്രകടമാക്കുന്ന അവസാന വാചകം തിരുത്തുമോ എന്നു നോക്കി ആ സഭാസ്നേഹി ഏഴുവർഷം കാത്തിരുന്നു. എന്നാൽ ഒരു ഫലവും ഉണ്ടായില്ല ചിത്രമെഴുത്തിന്റെ സഭാസ്നേഹത്തെ വില മതിച്ചുകൊണ്ടു

കാതോലിക്കാബാവ 1948-ൽ അയച്ച ഒരു കത്താണു ചുവടെ ചേർക്കുന്നതു്.

നമ്പർ,

The Orthodox Syrian Church of The East

ശ്ലീഹായുടെ പൗരസ്ത്യസിംഹാസനത്തിന്റെ രണ്ടാമത്തെ ഗീവറുഗീസായ ബസ്സേലിയോസ് കാതോലിക്കാ

മുദ്ര

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ചിത്രമെഴുത്തു വറുഗീസിനു വാഴ്ച്ച്.

പ്രിയനേ, അയച്ച എഴുത്തുകിട്ടി, ഇന്നു പടം മനോരമയിൽനിന്നും ഇവിടെ കൊണ്ടുവന്നു. പടം കണ്ടതിൽ എല്ലാവർക്കും വളരെ സന്തോഷമുണ്ടു്. നല്ലപോലെ ഒത്തെന്നാണു എല്ലാവരും പറയുന്നതു്. നമ്മുടെ അഭിപ്രായവും അങ്ങിനെതന്നെയാണു്. നിങ്ങളുടെ വേലയെ അനുഗ്രഹിക്കുന്നതിനു നാം പ്രാർത്ഥിക്കുന്നു. നിങ്ങളുടെ സഭാസ്നേഹത്തേയും പ്രത്യേകിച്ചു നമ്മോടുള്ള താൽപര്യത്തേയും നാം വിലമതിക്കുന്നു. പടം ഉടനെ ലേലം ചെയ്യുവാൻ സാധിക്കയില്ല. അതിന്റെ സമയത്തു ലേലം ചെയ്തുകൊള്ളാം. ഇപ്പോൾ 150 രൂപായുടെ ഒരു ചെക്കു് അയയ്ക്കുന്നു. പടം ലേലം ചെയ്യുന്ന പക്ഷം നാം ആ പണം തിരികെ എടുത്തുകൊള്ളാം. ലേലം ചെയ്യാത്ത പക്ഷം ബാക്കി വില പുരോഗമന ആഫീസിൽ ഏൽപിച്ചുകൊള്ളാം. ശേഷം പിന്നാലെ,

ദൈവം നിങ്ങളെയും കുടുംബത്തെയും
അനുഗ്രഹിക്കട്ടെ.

എന്നു് 1948-നു് കൊല്ലം 1123 മിഥുനം 24-ാംനു
കോട്ടയം
സുറിയാനി സെമിനാരിയിൽനിന്നും
(ഒപ്പ്)

ഓർത്തഡോക്സു സഭയിലെ വൈദിക ദുഷ്പ്രഭുത്വം, സഭാദ്ധ്യക്ഷന്റെ സ്ഥാനോചിതമല്ലാത്ത നിലപാടു് എന്നിവയുടെ വെളിച്ചത്തിൽ സാമൂഹികമായ ഒരു പിൻ ബലത്തിനുവേണ്ടി മാർത്തോമ്മാ സഭയിൽചേർന്ന ചിത്രമെഴുത്തു് മരണംവരെയും ഓർത്തഡോക്സ് വിശ്വാസി ആയിരുന്നു എന്നു് അദ്ദേഹത്തിന്റെ ജീവിതവും രചനകളും സാക്ഷിക്കുന്നുണ്ടു്.

തന്റെ സഭാ പരിവർത്തനത്തെപ്പറ്റി ചിത്രമെഴുത്തു് കുടുംബ ചരിത്രത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

''മലങ്കര 'യാക്കോബായ' അഥവാ ഓർത്തഡോക്സ് സഭയിലെ ഒരു പ്രമുഖാംഗമായി ഞാൻ കഴിഞ്ഞു വരവെ, ജനങ്ങൾക്കു് സഭാ ഭരണത്തിൽ പരമ്പരയാ സിദ്ധിച്ചിട്ടുള്ള അധികാരാവകാശങ്ങൾ ഇല്ലായ്മ ചെയ്തു്— അതായതു് അന്ത്യോഖ്യാ പാത്രിയർക്കീസായ പത്രോസും മലങ്കരയിലെ എട്ടു മെത്രാന്മാരും മലങ്കര പള്ളികളുടെ പ്രതിപുരുഷന്മാരും ചേർന്നു് നടത്തിയ മുളന്തുരുത്തി സുന്നഹദോസിന്റെ സഭാ ഭരണകാര്യമായ നിശ്ചയങ്ങളെ—തീർപ്പു

നിശ്ചയങ്ങളെ—അവഗണിച്ചു് വൈദികന്മാരുടെ പരമാധികാരത്തിനു് ജനങ്ങളുടെ അധികാരാവകാശങ്ങളെ ആഹുതിചെയ്തു് ഒരു പുതിയ 'എപ്പിസ്ക്കോപ്പൽ' ഭരണരീതി മലങ്കര സഭയിൽ നടപ്പിൽ വരുത്തുന്നതിനു് കാതോലിക്കാബാവാ (റോമൻ മാർ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ) ശ്രമം തുടങ്ങിയതിനെ ഞാൻ പരസ്യമായി എതിർത്തു തുടങ്ങി. സഭയുടെയും കൂദാശയുടെയും പേരിൽ—പട്ടത്വത്തിന്റെ വലുപ്പത്തിൽ ജനകീയാവകാശങ്ങളെ കൈയടക്കി സഭാംഗങ്ങളെ കേവലം ബലിമൃഗങ്ങളായി രൂപാന്തരപ്പെടുത്തുവാനുള്ള ബഹുവിധ ശ്രമങ്ങളെ ഞാൻ ശക്തിയായി എതിർത്തു. എപ്പിസ്ക്കോപ്പൽ ഭരണരീതി ഈ സഭയിലുണ്ടായിരുന്നില്ലെന്നും, മെത്രാനും പട്ടക്കാരനും അയ്മേനിയും ചേർന്നാണു് ഇവിടെ ഭരണം നടത്തിപ്പോന്നതെന്നും ഞാൻ വാദിച്ചു. എന്റെ വിമർശനങ്ങൾ സഹിക്കവയ്യാതായപ്പോൾ കാതോലിക്കാ ബാവാ എന്റെ നേരെ അസംതൃപ്തനും അസന്തുഷ്ടനുമായി ചമഞ്ഞു. മേലിൽ ഞാനുമായി സംബന്ധം വേണ്ടെന്നു് കാതോലിക്കാബാവാ എനിക്കു് കത്തയച്ചു. ഒരു ക്രിസ്തീയ സഭാദ്ധ്യക്ഷനു് ചേർച്ചയല്ലാത്ത ഈ കത്തു പിൻവലിക്കുമോ എന്നു് പ്രതീക്ഷിച്ചു് ഏഴുകൊല്ലം ഞാൻ ക്ഷമിച്ചു പാർത്തു. ഏഴാം കൊല്ലത്തിൽ ഞാൻ കാതോലിക്കാബാവായുടെ കീഴിൽനിന്നു മാറി മാർത്തോമ്മാ സഭയിൽ ചേർന്നു. ജനസമൂഹത്തിന്റെ അധികാരത്തെയും

അവകാശങ്ങളെയും ദൈവത്തിന്റെയും കൂദാശകളുടെയും പേരിൽ തട്ടിപ്പറിച്ചെടുക്കുന്ന ഒരു ക്രിസ്തീയ സഭയിൽ എനിക്കു സ്ഥാനമില്ല. സഭയെന്നു പറയുന്നതു് അയ്മേനികളും പട്ടക്കാരും മെത്രാനോ മെത്രാന്മാരോ ആയിട്ടുള്ളവരും ചേർന്ന ഒരു സംഘടിത സമൂഹമാണു്. അയ്മേനികളെ കൂടാതെ വൈദികന്മാർക്കു മാത്രം ഒരു സഭയായി നിൽക്കുവാൻ അർഹതയില്ല. സഭയാണു് പട്ടം കൊടുക്കുന്നതു്. സഭയാണു് ഭരിക്കുന്നതു്. സഭയാണു് മുടക്കുന്നതു്. പൗരസ്ത്യക്രിസ്തീയ സഭകളുടെ വേദശാസ്ത്രം ഇങ്ങനെയാണു്. വൈദിക പ്രഭുത്വം റോമൻ കത്തോലിക്കാ സഭയ്ക്കു മാത്രമുള്ളതാണു്. ആ രീതി മലങ്കര സുറിയാനി സഭയിൽ പകർത്തി മാർപാപ്പാ എന്നു പേരുമാത്രമില്ലാത്ത ഒരു റോമ്മാ സഭയായി മലങ്കര സഭയെ വാർത്തെടുക്കുന്നതിനുള്ള ഇന്നത്തെ എപ്പിസ്ക്കോപ്പൽ പ്രസ്ഥാനത്തെ ഞാൻ സർവ്വശക്തിയോടുംകൂടി പ്രതിഷേധിക്കുന്നു.''

സ്വന്തം സമുദായത്തിലുള്ള എഴുത്തുകാരെയും സാഹിത്യകാരന്മാരെയും പ്രോൽസാഹിപ്പിക്കുകയോ അവരുടെ പുസ്തകങ്ങൾ വാങ്ങിയും വായിച്ചും പ്രചരിപ്പിച്ചും മററും പ്രബുദ്ധരാക്കുകയോ ചെയ്യാത്ത ഒരു ജനവിഭാഗമാണു സുറിയാനി ക്രിസ്ത്യാനികൾ. വൈദികരും മേലദ്ധ്യക്ഷന്മാരും നല്ല പുസ്തകങ്ങൾ വാങ്ങി വായിക്കുകയും സഭാംഗങ്ങളോടു് അവ വായിച്ചുവളരണമെന്നാവശ്യപ്പെടുകയും ആധുനിക ചിന്താഗതികൾ വായിച്ചു ഉൾക്കൊള്ളുകയും ചെയ്യാത്ത കാലത്തോളം ക്രൈസ്തവരായ

എഴുത്തുകാർക്കു ഭാവിയില്ലെന്നുള്ളതിനു സംശയമില്ല. എന്നാൽ ക്രൈസ്തവരുടെ ഇടയിലും, സാഹിത്യസേവനം ചെയ്യുന്നവരെ അപൂർവമായി മനസ്സിലാക്കി സഹായിക്കുന്നവരുണ്ടെന്നുള്ളതു് പലർക്കും അജ്ഞാതമായിരിക്കും.

അരനൂറ്റാണ്ടോളം അക്ഷരലോകത്തു പയറ്റിയ ചിത്രമെഴുത്തു കെ. എം. വറുഗീസിനെ ഹൈന്ദവ നേതാക്കളിൽ പലരും പ്രോത്സാഹിപ്പിച്ചിട്ടുണ്ടു്. എന്നാൽ തന്റെ സമുദായമോ സമ്പന്നരായ വ്യക്തികളോ സാമ്പത്തികമായി എന്തെങ്കിലും പ്രോൽസാഹനം നൽകിയിട്ടുള്ളതായി രേഖകൾ കാണുന്നില്ല. ഒരു മാർത്തോമ്മാക്കാരനും പ്രധാനമന്ത്രി നെഹ്റുവിന്റെ പ്രൈവറ്റ് സെക്രട്ടറിയുമായിരുന്ന എം. ഒ. മത്തായി 32 വർഷം മുമ്പു് ചിത്രമെഴുത്തിന്റെ പ്രശസ്ത സേവനങ്ങളെ മുൻനിറുത്തി 10000 രൂപ നൽകിയെന്നുള്ള സംഗതി ഒരുപക്ഷേ പലർക്കും അജ്ഞാതമായിരിക്കും, ഇതു സംബന്ധിച്ചുള്ള മത്തായിയുടെ കത്തു് ചുവടെ ചേർക്കുന്നു.

15 Ferozshah Road
New Delhi – 1
1st July 1961

My dear Chitramezhuth, I was happy to meet you in Kottayam and listen to your talk. I do believe that a distinguished writer, painter and social worker like you should be supported by

the State and public bodies in your difficulties and old age.

As a recognition of your significant contribution to public good over a long period of years, I have great pleasure in sending you a token sum of Rs. 10,000/-. I am enclosing a Bank draft for this amount which comes from the Chechamma Memorial Trust. No publicity should be given to this.

Please sign the attached Receipt and return it to me.

With kind regards,

Yours very sincerely,
Signature
M. O. Mathai
Trustee
Chechamma Memorial Trust

Encl.

Chitramezhuth Shri K. M. Varghese, Mavelikara P. O., Kerala State.

ഈയിടെ അന്തരിച്ച മഹാകവി പുത്തൻകാവു മാത്തൻ തരകൻ 17-9-58-ൽ പത്തനംതിട്ട നിന്നു ചിത്രമെഴുത്തിനു് അയച്ച ഒരു കത്താണു ചുവടെ ചേർക്കുന്നതു്. കോളജിൽനിന്നു പിരിഞ്ഞ പ്രിൻസിപ്പൽ നൈനാൻ ഏബ്രഹാമിന്റെ പടം

ചിത്രമെഴുത്തു വരച്ചതു സംബന്ധിച്ച കാര്യമാണു കത്തിൽ ആദ്യം പറയുന്നതു്.

പത്തനംതിട്ട

17-9-58

രഹസ്യം

My dear Keevarchen, അയച്ച കത്തുകൾ കിട്ടി. ഫോട്ടോയിക്കുള്ള പണപ്പിരിവു തുടങ്ങി. താമസിയാതെ തന്നെ പടം അവിടെനിന്നും കൊണ്ടുവന്നുകൊള്ളാം. കൊതുകു്, മൂട്ട, കടന്നൽ, തേള്, പഴുതാര എന്നിങ്ങനെ ക്ഷുദ്രജീവികൾ നിറഞ്ഞ ഒരു സ്ഥലത്തു് താമസിക്കാൻ നിർബന്ധിതരായ ഒരു ജനക്കൂട്ടത്തിന്റെ അവസ്ഥയിലാണു് കോളജിലെ ഒരു വമ്പിച്ച ഭൂരിപക്ഷം ഇപ്പോൾ കഴിച്ചുകൂട്ടുന്നതു്. കോളജിനു പുറത്തുള്ളവർക്കു ഈ ജീവിതത്തിന്റെ ഭാരത്തെക്കുറിച്ചു് ചിന്തിക്കാൻ പ്രയാസം. ഇതിന്റെയെല്ലാം മൂലകാരണക്കാർ ദുഷിച്ച പൗരോഹിത്യവും അതിന്റെ പാദം നക്കിക്കിടക്കുന്ന ഇപ്പോഴത്തെ പ്രിൻസിപ്പാളുമാണു്. കഴിഞ്ഞ ഏതാനും വർഷത്തെ എന്റെ അനുഭവത്തിൽ വിശ്വസിക്കുവാൻ കൊള്ളാവുന്ന ഒരൊറ്റ സമുദായ പ്രമാണിയും സഭയിലില്ല. അസൂയയുടെയും ആത്മ വഞ്ചനയുടെയും മൂർത്തീകരണങ്ങളായിട്ടാണു് ഞാൻ പലരേയും കണ്ടിട്ടുള്ളതു്. നമ്മെ ആരെയും ഉയർത്തണമെന്നു് നമ്മുടെ കൂട്ടത്തിൽ ആരും വിചാരിക്കാറില്ല. വിചാരിക്കയുമില്ല. ഇത്രയും പ്രായമായതിനു ശേഷം ഒരു വിപ്ലവകാരിയായി

മാറാൻ എനിക്കു വൈമുഖ്യം. അതുകൊണ്ടു് കഴിയുന്നതും സഹിച്ചു നോക്കാം. ദൈവമാണു് എന്നെ ഇത്രയും ഉയർത്തിയതു്. ഉയർച്ചയിൽ ഞാൻ വന്ന ശേഷവും അഹങ്കരിച്ചിട്ടില്ല. ദൈവത്തിന്റെ ഇഷ്ടം നടക്കട്ടെ.

കീവർച്ചൻ മാർത്തോമ്മാ സഭയിൽ ചേരുന്നതിൽ എനിക്കു് താല്പര്യമില്ല. അതൊരു പരാജയ മനസ്ഥിതിയല്ലേ എന്നു് ഞാൻ സംശയിക്കുകയാണു്. ഓർത്തഡോക്സ് സഭ നമ്മുടെ ഓരോരുത്തരുടെയും വകയാണല്ലോ. അതിൽ തന്നെ നിന്നു് അതിന്റെ കേടുപാടുകൾ നീക്കാൻ ശ്രമിക്കുകയല്ലേ നല്ലതെന്നു് എനിക്കു തോന്നുന്നു. എനിക്കു ചിലപ്പോൾ തോന്നിയിട്ടുണ്ടു് ഹൈന്ദവമതം സ്വീകരിച്ചാലെന്താണെന്നു്. പക്ഷെ ആരോടു പിണങ്ങിയാണു്. നമ്മോടു തന്നെ അതോർക്കുമ്പോൾ ഞാൻ ശാന്തനാകും. അതുകൊണ്ടു് നമുക്കു് ഒരുമിച്ചു നിൽക്കാം. പറയാനുള്ള കാര്യങ്ങൾ പറയാൻ വഴി ഉണ്ടാക്കാം. വളരെ എഴുതാനുണ്ടു് നിർത്തുന്നു. ശേഷം അടുത്തതിൽ

എന്നു് സ്വന്തം
മാത്തൻ തരകൻ

ചിന്താർഹമായ ഒരു കത്തു്

തിരുവല്ലാ ബാലികാമഠം ഹൈസ്കൂളിൽവച്ചു ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ 1958 ഏപ്രിൽ 24നു നടന്ന കനകജൂബിലി സാഹിത്യ

സാംസ്കാരിക സമ്മേളനത്തിൽ
പ്രസംഗിക്കുന്നതിനു ചിത്രമെഴുത്തു കെ. എം.
വറുഗീസിനെ ക്ഷണിച്ചുകൊണ്ടു് അന്നത്തെ ജനറൽ
സെക്രട്ടറി ഡീക്കൻ പി. എസ്. ശമുവേൽ 1958
മാർച്ച് 8നു് അയച്ച കത്തിനു മറുപടിയായി
ചിത്രമെഴുത്തു് ഇങ്ങനെ എഴുതി: 'സുറിയാനി
വിദ്യാർത്ഥി സംഘം എന്ന പേരിൽ, ഇംഗ്ലീഷ്
പഠിച്ചവരും പഠിക്കുന്നവരുമായ യുവാക്കന്മാരെ
മാത്രം അംഗങ്ങളായി ചേർത്തും മലയാളം
പഠിച്ചിട്ടുള്ള യുവാക്കന്മാരെ നിസ്സാരന്മാരായി പുറം
തള്ളിയും നടത്തിപ്പോന്ന ഒരു സംഘമാണു അതിന്റെ
ജൂബിലി ആഘോഷിപ്പാൻ പോകുന്നതു്. കുർബ്ബാന
ചൊല്ലുകയും പട്ടം കൊട നടത്തുകയും
പള്ളികൾക്കു കല്പന എഴുതുകയും ചെയ്യുന്നതാണു
ക്രിസ്തീയ സഭാ സേവനം എന്നു ധരിച്ചുവച്ചിട്ടുള്ള
മെത്രാന്മാർക്കും പരീക്ഷാ ബിരുദം സമ്പാദിച്ചിട്ടുള്ള
വൈദിക പ്രമുഖന്മാർക്കും സഭയിൽ അയ്മേനി
സമുദായത്തിന്റെ മേലുള്ള സ്വാധീനശക്തിയുടെ
തുരുമ്പു കളഞ്ഞു മിനുക്കി വയ്ക്കുന്നതിനും
നിത്യാരാധകന്മാരായി സമുദായത്തെ കസ്റ്റഡിയിൽ
വച്ചു കൊണ്ടിരിക്കുന്നതിനും വേണ്ടിയാണു് ഓരോ
വർഷവും ഉത്സവാഘോഷവും പള്ളിവേട്ടയും
ഇങ്ങനെ നടത്തിപ്പോരുന്നതു് ഇപ്പോൾ
ആറാട്ടുത്സവത്തിനുള്ള പുറപ്പാടുമാണു്. അയ്മേനി
സമുദായത്തെ സംബന്ധിച്ചിടത്തോളം
സൃഷ്ടിപരമായി ഈ വിദ്യാർത്ഥി പ്രസ്ഥാനക്കാർ
ഇത്രയും കാലമായിട്ടു് എന്തൊന്നു പ്രവർത്തിച്ചു.
സാമൂഹികമായിട്ടോ തൊഴിൽ പരമായിട്ടോ

സാമ്പത്തികമായോ സമുദായത്തിൽ—
സമുദായത്തിലെ പാവപ്പെട്ടവനു വേണ്ടി എന്തു
പ്രവർത്തിച്ചു ഇവർ!

പോകട്ടെ കലാപരമായി ഇവർ എന്തു
പ്രവർത്തിച്ചു. ഇത്രയും കാലമായിട്ടും ഈ
മെത്രാന്മാർക്കും കത്തനാരന്മാർക്കും രണ്ടു
പ്രശ്നങ്ങൾ മാത്രമേ കൈകാര്യം ചെയ്യാൻ
ഇന്നേവരെ കഴിഞ്ഞിട്ടുള്ളു. 1 കുമ്പസാരിച്ചോ 2
കുർബാന കൊണ്ടോ? നോമ്പുനോറേറാ ഇത്രമാത്രം
ഇതിൽ കവിഞ്ഞ പ്രശ്നമൊന്നും സമുദായത്തിനു്
ആവശ്യമുള്ളതായി ഇവർ കാണുന്നില്ല.
തൊഴിലില്ലാത്തവർ, കിടപ്പാടമില്ലാത്തവർ,
ഫീസുകൊടുപ്പാൻ നിവൃത്തിയില്ലാത്ത
വിദ്യാർത്ഥികൾ, സ്ത്രീധനം കൊടുപ്പാൻ
നിവൃത്തിയില്ലായ്കയാൽ വിവാഹ ബന്ധത്തിനു
മാർഗ്ഗമില്ലാതെ കന്യകമാരായി കഴിഞ്ഞുകൂടുന്ന
യുവതികൾ, കടം കൊണ്ടു വലയുന്നവർ, വ്യവഹാരം
മൂലം കഷ്ടത യനുഭവിക്കുന്നവർ,
എന്നിങ്ങനെയുള്ളവരെപ്പറ്റി ഈ മെത്രാനാവട്ടെ
കത്തനാർ ആവട്ടെ, വിദ്യാർത്ഥി പ്രസ്ഥാനക്കാർ
ആവട്ടെ യാതൊരു ചിന്തയുമില്ല. പള്ളികൾ
പണിയിക്കുന്നതിലും അരമനകൾ
നിർമ്മിക്കുന്നതിലും രാജകീയാഡംബരങ്ങളിൽ
വിലസുന്നതിനും ചുളുവിലക്കു് മോക്ഷം
വിൽക്കുന്നതിനുമാണു് മെത്രാന്മാരുടെ ശ്രദ്ധ. ഈ
വക കാരണങ്ങളാൽ ഞാൻ ഈ കത്തിൽ കാണുന്ന
ക്ഷണം നിരസിച്ചു കത്തയച്ചു.

കെ. എം. വറുഗീസ്

11—3—1958

ഈ കനക ജൂബിലി സമ്മേളനം സംബന്ധിച്ച സുവനീർ എഡിററു ചെയ്തു പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ചുമതല എനിക്കായിരുന്നു.

ചങ്ങനാശ്ശേരി ബിഷപ്പായിരുന്ന ജയിംസ് കാളാശ്ശേരിയുടെ ആവശ്യാനുസരണം ഒരു എണ്ണച്ഛായ ചിത്രം വരച്ചുകൊണ്ടു് അതു നൽകാനായി ഒരിക്കൽ ചിത്രമെഴുത്തു കെ. എം. വറുഗീസ് അരമനയിൽ എത്തി. ചിത്രം കണ്ടു സന്തുഷ്ടനായ ബിഷപ്പ് ചിത്രമെഴുത്തിനെപ്പററിയും പത്രങ്ങളിൽ വരുന്ന ലേഖനങ്ങളെപ്പററിയും ശ്ലാഘിച്ചു പറഞ്ഞശേഷം ''മി. വറുഗീസ് നിങ്ങളെ നിങ്ങളുടെ സമുദായം ഒരു ദിവസം കറിവേപ്പില പോലെ എടുത്തെറിയും. നിങ്ങളും കുടുംബവും റോമൻ കത്തോലിക്കാ സഭയിൽ ചേരുക. നിങ്ങളുടെ ഭാവി, മക്കളുടെ ഉന്നത പഠനം എന്നിവ ഞങ്ങൾ ഏറെറടുക്കാം. കൂടാതെ നസ്രാണി ദീപിക, കർമ്മലകുസുമം മാസിക എന്നിവയുടെ പത്രാധിപസമിതിയിൽ നിയമിച്ചു നല്ല പ്രതിഫലവും തരാം'' എന്നു പറഞ്ഞു. അതിനു മറുപടിയായി വറുഗീസ് ഇങ്ങനെ പറഞ്ഞു. ''കൂനൻ കുരിശു സത്യപ്രതിജ്ഞയുടെ കാലം മുതൽ ഞങ്ങൾ പാലിക്കുന്ന സത്യവിശ്വാസം അൽപസ്വൽപ ആദായത്തിനു വേണ്ടി വിൽക്കുന്നതല്ല.''

മാവേലിക്കര കല്ലുമലയിൽ ബഥനിയുടെ മാർ ഈവാനിയോസ് ഒരു ചാപ്പൽ പണിയിച്ചിരുന്നു. അദ്ദേഹം റീത്തിൽ ചേർന്നശേഷം ആരോ കുബുദ്ധികൾ മദ്ബഹായുടെ തെക്കുവശത്തു തീയിട്ടു് അൽപം കേടുവരുത്തി. അടുത്ത ദിവസം മെത്രാച്ചൻ സഹോദരൻ മത്തായി പണിക്കരുമൊന്നിച്ചു ഒരു കാറിൽ പള്ളി കാണാൻ എത്തി. റോഡു സൈഡിലുള്ള സ്വന്തം വീട്ടുമുറ്റത്തുനിന്ന ചിത്രമെഴുത്തു കെ. എം. വറുഗീസിനെ കണ്ട ഉടൻ മെത്രാച്ചൻ കാറു നിറുത്തി നിർബ്ബന്ധപൂർവ്വം വർഗീസിനെയും കാറിൽ കയറ്റി പള്ളിയിൽ ചെന്നു തീവച്ച ഭാഗങ്ങൾ കണ്ടു. തുടർന്നു മെത്രാച്ചൻ കാറിൽവച്ചുതന്നെ വറുഗീസിനോടു് ഇങ്ങനെ പറഞ്ഞു. ''മി. വറുഗീസ് ഇങ്ങനെ അനീതി കാണിക്കുന്ന ഒരു സഭയിൽ നിന്നു പിരിഞ്ഞു റീത്തു സഭയിൽ ചേരുക. നിങ്ങളുടെ കുഞ്ഞുങ്ങളുടെ ഉന്നതവിദ്യാഭ്യാസം, അതിനുള്ള ചെലവ് എന്നിവ ഞാൻ ഭരമേൽക്കുന്നതാണു്. പത്രങ്ങളിൽ ലേഖനം എഴുതിയകൊണ്ടും പുസ്തകങ്ങൾ രചിച്ചതുകൊണ്ടും എന്തു പ്രയോജനം? ആലോചിച്ചു് ഉറപ്പു വരുത്തുക.''

വറുഗീസ് അപ്പോൾ മറുപടി ഒന്നും പറഞ്ഞില്ല. വീട്ടിൽ എത്തിയ ശേഷം പിറേറന്നു് മെത്രാച്ചനു് ഒരു കത്തയച്ചു. ''ഞാൻ എന്റെ വിശ്വാസത്തെ കാശിനും അൽപം ആദായത്തിനും വിൽക്കുന്നതല്ല.''

സ്വസമുദായത്തിന്റെ പുകഴ്ചയ്ക്കും കീർത്തിക്കും അന്തസ്സിന്റെ പരിപാലനത്തിനുംവേണ്ടി

ജീവിതം മുഴുവൻ പല ഗവേഷണങ്ങൾ നടത്തുകയും ശക്തമായി തൂലിക ചലിപ്പിക്കുകയും ചെയ്ത ചിത്രമെഴുത്തു കെ. എം. വറുഗീസിനെ ജീവിത സായാഹ്നത്തിൽ സ്വസമുദായം ആക്ഷേപിച്ചു് ആട്ടിയോടിച്ചു. തന്റെ സമുദായത്തിൽനിന്നു് ആ ആത്മാഭിമാനി ആറടി മണ്ണുപോലും ആഗ്രഹിക്കാതെ മരണശേഷം മാവേലിക്കര മാർത്തോമ്മാപ്പള്ളിയിൽ സംസ്കരിക്കണമെന്നു അന്നത്തെ വികാരിയോടു് നേരത്തെ രേഖാമൂലം ആവശ്യപ്പെട്ടിരുന്നു.

10

ബഹുമുഖ പ്രതിഭ

'ആത്മപോഷിണി' പത്രാധിപർ എന്ന നിലയിൽ ചിത്രമെഴുത്തു അനുഷ്ഠിച്ച സേവനങ്ങൾ ശ്രദ്ധേയമാണു്. മഹാകവി വള്ളത്തോൾ നാരായണ മേനവന്റെ പത്രാധിപത്യത്തിൽ പുറപ്പെട്ടിരുന്ന 'ആത്മപോഷിണി' മാസികയുടെ ഒരു അഭ്യുദയകാംക്ഷി എന്ന നിലയും കവിഞ്ഞു് പ്രസ്തുത മാസികയുടെ പത്രാധിപത്യംകൂടി ചിത്രമെഴുത്തു് ഭരമേൽക്കണമെന്നു് ഭാരവാഹികൾ നിർബന്ധിച്ചു. അതനുസരിച്ചു് 1097 മേടംമുതൽ 1099 മേടം വരെ [രണ്ടു വർഷം] അദ്ദേഹം പ്രസ്തുത ജോലി ചെയ്തു. ഈ കാലഘട്ടത്തിനുള്ളിൽ പത്രാധിപാഭിപ്രായമായി എഴുതീട്ടുള്ള 'പോഷിണീ ഭാഷണ'വും ഗദ്യഗ്രന്ഥങ്ങളെ നിരൂപണം ചെയ്തു് അദ്ദേഹം എഴുതീട്ടുള്ള 'ഗ്രന്ഥവിഹാര'വും സാഹിത്യലോകത്തിൽ കുറച്ചൊരൊച്ചപ്പാടിനു് കാരണമായിത്തീർന്നു. [പദ്യസാഹിത്യ ഗ്രന്ഥ നിരൂപണം എഴുതുന്നതിനുള്ള ചുമതല തലവടി കൃഷ്ണപിള്ള ശാസ്ത്രിയെയാണു് ഏൽപിച്ചിരുന്നതു്. പിന്നീടു പുതുക്കോട്ട ദിവാൻജിയായിത്തീർന്ന സർദാർ കെ. എം. പണിക്കരുടെ [ചാലയിൽ] നൂർജഹാൻ എന്ന നാടക

കൃതിയെ നിരൂപണം ചെയ്തുകൊണ്ടു് 1098 കന്നി—തുലാം ആത്മപോഷിണി ലക്കത്തിൽ [പുസ്തകം 13, ലക്കം 6-7. പു. 168] വറുഗീസ് എഴുതിയ ഗ്രന്ഥവിഹാരം ആ സാഹിത്യകാരന്റെ നീരസത്തിനുകൂടി അദ്ദേഹത്തെ പാത്രനാക്കി.

വാദപ്രതിവാദങ്ങൾ

സാഹിത്യരംഗത്തു് ചിത്രമെഴുത്തു ഉയർത്തിയ വാദപ്രതിവാദങ്ങൾ ആഴമേറിയ ചാരിത്രിക വിജ്ഞാനത്തിൽനിന്നും യുക്തിചിന്തയിൽ നിന്നും ഉടലെടുത്തവയാണു്. പണ്ഡിതലോകം അദ്ദേഹത്തിന്റെ പ്രതിപക്ഷ ബഹുമാനത്തോടുകൂടിയ സമർത്ഥനങ്ങളെ എല്ലായ്പോഴും അംഗീകരിച്ചിരുന്നു. മന്നത്തു പത്മനാഭപിള്ളയുടെ പഞ്ചകല്യാണീ നിരൂപണകൃതിക്കു് പ്രത്യാഖ്യാനമായി എഴുതിയ 'കേരളീയ നസ്രാണികളുടെ രാഷ്ട്രീയ സേവനം' എന്ന ചരിത്ര ഗ്രന്ഥം ചിത്രമെഴുത്തിന്റെ അഗാധമായ ചരിത്ര പാണ്ഡിത്യത്തെയും വ്യക്തിമാഹാത്മ്യത്തെയും ഉച്ചൈസ്തരം ഘോഷിക്കുന്ന ഒരു സമുന്നത ചരിത്രരേഖയാണു്.

പ്രൊഫ: കോശി തലയ്ക്കൽ പറയുന്നു:—'രാജവാഴ്ചയിലെന്നപോലെ സാഹിത്യത്തിലും കൊട്ടാരം കൊടികുത്തി വാഴുന്ന കാലം. കേരളവർമ്മ വലിയ കോയിത്തമ്പുരാനേയും, ഏ. ആർ. തമ്പുരാനെയുമെല്ലാം സാഹിത്യസാർവ്വഭൗമന്മാരായി പൂവിട്ടു പൂജിക്കുകയാണു്, മലയാളം ഒന്നടങ്കം. അപ്പോഴാണു്

ആ ശബ്ദമുയർന്നതു്. കേരള കാളിദാസൻ എന്ന അഭിധയ്ക്കു് വലിയ കോയിത്തമ്പുരാനേക്കാളും അർഹൻ വള്ളത്തോൾ നാരായണമേനോനാണു്. വിളിച്ചു പറഞ്ഞതോ ചിത്രമെഴുത്തും. മാത്രമല്ല, ചങ്കുററത്തോടുകൂടി നിന്നും വാദിക്കുകയുമായി, അദ്ദേഹം. പലരും പറയാൻ ഭയപ്പെട്ടിരുന്ന അക്കാര്യം ചിത്രമെഴുത്തു തുറന്നു പ്രഖ്യാപിച്ചപ്പോൾ അനുകൂലികളും പ്രതികൂലികളും രംഗത്തിറങ്ങി തുറന്ന സമരമായി. വിമർശനങ്ങളും വിഡംബനങ്ങളും നിശിതമായപ്പോൾ വള്ളത്തോൾതന്നെ ഇടപെട്ടു് കാര്യങ്ങൾ ഒതുക്കിത്തീർക്കുകയായിരുന്നു.'

'1096-ൽ ആണെന്നു തോന്നുന്നു. അന്നത്തെ പ്രശസ്ത ഗദ്യകാരൻ ആർ എന്നതിനെച്ചൊല്ലി മറെറാരു വാദപ്രതിവാദം നടന്നതു്. അതിന്റെയും തിരി കൊളുത്തി വിട്ടതു് നമ്മുടെ കഥാപുരുഷൻ തന്നെയായിരുന്നു. മയ്യനാട്ടു് സി. വി. കുഞ്ഞുരാമനാണു് സുപ്രശസ്ത ഗദ്യകാരനെന്നു് ചിത്രമെഴുത്തു് വറുഗീസ് വിളിച്ചു പറഞ്ഞപ്പോൾ, അന്നു് ആ അഭിപ്രായത്തെ പലരും എതിർക്കുകയുണ്ടായി. പക്ഷേ, ദുർബലവാദങ്ങളുമായി രംഗത്തുവന്നവർ പിന്നീടു് ശാഖാ ചംക്രമണം ചെയ്തു പിന്മാറുകയായിരുന്നു.

'മനോരമയിലൂടെയും നടന്ന ഈ വിധം ഒരു വാദം. ആദ്യകാല മലയാള ഗദ്യകാരനേക്കുറിച്ചുള്ളതായിരുന്നു, ആ വിവാദം. പണ്ഡിതശിരോമണി ഗീവറുഗീസ് കത്തനാരെ ആ

സ്ഥാനത്തു് ചിത്രമെഴുത്തു്
അവരോധിച്ചതോടെയാണു് എതിർപ്പു് തുടങ്ങിയതു്.
എതിർ നേതാവാകട്ടെ ശങ്കരയ്യർ ബി. എ. ബി. എൽ-
ഉം. ചൂടുപിടിച്ച വാദപ്രതിവാദം തന്നെ നടന്നു.
ഭാഷയിലെ ഗദ്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കൾ
ക്രൈസ്തവ മിഷനറിമാരും ഇന്നാട്ടിലെ അവരുടെ
അനുയായികളും ആണെന്നു വന്നതോടെ
ശങ്കരയ്യരും സമരമുഖത്തുനിന്നു് ഒഴിഞ്ഞു
മാറുകയാണുണ്ടായതു്. [ആധുനിക മലയാളത്തിന്റെ
ആദ്യമാതൃകകൾ—അഥവാ വൈയാകരണൻ
ഗീവറുഗീസു കത്തനാരും അദ്ദേഹത്തിന്റെ ഗദ്യ
കൃതികളും—മനോരമ [1928 ജൂലൈ 6, 7, 9, 11,
12, 14]

ഈദൃശ സംഭവങ്ങളോടുകൂടി ആത്മപോഷിണി
സഹൃദയ ലോകത്തിന്റെ ശ്രദ്ധയെ
ആകർഷിക്കുവാൻ തുടങ്ങി. റാവു സാഹിബ്, ഓ.
എം. ചെറിയാൻ, മഹാകവി കെ. വി. സൈമൺ,
ജോസഫ് മുണ്ടശ്ശേരി എന്നീ പണ്ഡിതന്മാർ
പദ്യകൃതികളെ സംബന്ധിച്ചും മറ്റുമുള്ള
ചിത്രമെഴുത്തിന്റെ അഭിപ്രായങ്ങൾ
ആധികാരികമായി പരിഗണിച്ചു തുടങ്ങിയതു് ഈ
കാലത്താണു്. താൻ നടത്തിയിട്ടുള്ള
വാദപ്രതിവാദങ്ങളെപ്പറ്റി പിൽക്കാലത്തു്
ചിത്രമെഴുത്തു വറുഗീസ് ശാന്തമായി
വിലയിരുത്തുന്നതു് ശ്രദ്ധിക്കുക:— 'എന്റെ
സാഹിത്യജീവിതത്തിലധികവും
വാദപ്രതിവാദങ്ങളായിട്ടാണു്

കഴിഞ്ഞുകൂടിയിട്ടുള്ളതു്. മതപരമായും, ചരിത്രപരമായും, രാഷ്ട്രീയമായും, സാഹിത്യപരമായുമുള്ള വാദപ്രതിവാദങ്ങളിൽ ഞാൻ ഏർപ്പെട്ടിട്ടുണ്ടു്. ജയേച്ഛയോടുകൂടി നേർവഴി വിട്ടു് ഞാൻ ഒരിക്കലും വാദപ്രതിവാദങ്ങളിൽ ഏർപ്പെട്ടിട്ടില്ലെന്നുള്ളതു് എനിക്കിപ്പോഴും ചരിതാർത്ഥ്യജനകമാണു്. സത്യമെന്നും, യഥാർത്ഥമെന്നും ഞാൻ വിശ്വസിക്കുന്നതിനുവേണ്ടിയാണു് വാദം നടത്തിയിട്ടുള്ളതു്. എതിരാളികളുടെ വാദങ്ങളെ പരിഹസിക്കുക, അതിനെ കണ്ടില്ലെന്നു വയ്ക്കുക, എതിർ വാദങ്ങളുടെ മുഖത്തു് ചർമ്മമുഖം കെട്ടിവച്ചു് അവയ്ക്കു മറുപടി പറഞ്ഞു് വിജയം കൈവരിച്ചെന്നു് ഭാവിക്കുക, എതിർ വാദിയെ വ്യക്തിപരമായി നിന്ദിക്കുക, അസത്യമായി ന്യായനിർമ്മാണം ചെയ്യുക, കള്ളരേഖ നിർമ്മിക്കുക എന്നിങ്ങനെ ഒന്നും ചെയ്യരുതെന്നു് എനിക്കാദ്യം മുതൽ നിർബന്ധമുണ്ടായിരുന്നു.'

ഇന്നത്തെ സാഹിത്യ കുതുകികൾക്കു് അജ്ഞേയമായ ആശാൻ-വള്ളത്തോൾ സംഘട്ടനങ്ങളുടെ ശ്രദ്ധേയവും നിഗൂഢവുമായ പല അറിവുകളും ചിത്രമെഴുത്തിന്റെ ഓർമ്മക്കുറിപ്പുകളിലുണ്ടു്....

സ്വസമുദായത്തിന്റെ ആത്മസത്തയ്ക്കു് കോട്ടം വരുത്തുന്ന ഏതു ചിന്താഗതികളേയും സയുക്തികം ചിത്രമെഴുത്തു് എതിർത്തിരുന്നു. അസഹിഷ്ണുതയല്ല, യുക്തിവിചാരമാണു്

ഇക്കാര്യത്തിൽ അദ്ദേഹത്തെ നയിച്ച നിയാമക ഘടകം. പക്ഷേ ഇതു മനസ്സിലാക്കിയവർ ചുരുക്കമായിരുന്നു. അതുകൊണ്ടു് ചിലർ അദ്ദേഹത്തെ സങ്കുചിത മനസ്സായ ഒരു സമുദായവാദിയായി നിർഭാഗ്യവശാൽ കണ്ടുപോയിട്ടുണ്ടു്.

കേരളത്തിലെ നസ്രാണികളുടെ പാരമ്പര്യത്തിലും ഔൽകൃഷ്ട്യത്തിലും വിശ്വസിച്ചിരുന്ന അദ്ദേഹം ജീവിതം മുഴുവൻ ഒരുവിധത്തിൽ സമുദായപ്രചരണത്തിനുവേണ്ടി ഉഴിഞ്ഞുവയ്ക്കുകയായിരുന്നു. കേരള നസ്രാണികളുടെ യുദ്ധപ്രവൃത്തിയേയും രാഷ്ട്രീയ സേവനത്തേയും പുരസ്കരിച്ചു് ഒട്ടേറെ ലേഖനങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ടു്.

മലയാളം ലക്സിക്കൻ

തിരുവിതാംകൂർ സർവകലാശാലയുടെ വകയായി ശൂരനാട്ടു കുഞ്ഞൻപിള്ളയുടെ അദ്ധ്യക്ഷതയിൽ 1955-ൽ ആരംഭിച്ച മലയാളം ലക്സിക്കന്റെ നിർമ്മാണത്തിനായി ചിത്രമെഴുത്തു്, യൂണിവേഴ്സിറ്റിയുടെ അപേക്ഷയനുസരിച്ചു് എണ്ണൂറോളം പദങ്ങൾ ശേഖരിച്ചു കൊടുത്തു. ഇതു സംബന്ധിച്ചു ശ്രീ. കുഞ്ഞൻപിള്ള 27-7-55, 4-8-75, 18-10-56, 22-10-57, 26-10-57 തീയതികളിൽ ചിത്രമെഴുത്തിനു് കത്തുകൾ അയച്ചിരുന്നു. സർവ്വകലാശാല ചിത്രമെഴുത്തിന്റെ സംഭാവനയെ ശ്ലാഘിച്ചു. ലക്സിക്കന്റെ ആദ്യ വാല്യത്തിൽ ഇങ്ങനെ പദങ്ങൾ സംഭാവനചെയ്ത

സാഹിത്യകാരന്മാരുടെ പട്ടികയിൽ
ചിത്രമെഴുത്തിന്റെ പേരും കാണാം. നിഘണ്ടുക്കളിൽ
മുമ്പു വന്നിട്ടില്ലാത്തവയും,
ക്രിസ്ത്യാനികളുടെയിടയിൽ പ്രത്യേകം
പ്രയോഗത്തിലുള്ളതുമായ പദങ്ങളാണു്
ചിത്രമെഴുത്തു് ശേഖരിച്ചയച്ചുകൊടുത്തതു്. ഇതു
സംബന്ധിച്ചു യൂണിവേഴ്സിറ്റിയുടെ ചെലവിൽ
അദ്ദേഹം പലതവണ തിരുവനന്തപുരത്തിനുപോയി
സംഭാഷണം നടത്തിയിരുന്നു. നിഘണ്ടു
തയ്യാറാക്കാനുള്ള ചുമതല തിരുവിതാംകൂർ
സർവകലാശാല ഏറെറടുത്തതിനെ
ശ്ലാഘിച്ചുകൊണ്ടു് 'ദക്ഷിണ ഭാരതി' പത്രം 1953
ജൂലൈ 16-നു എഴുതിയ മുഖപ്രസംഗത്തിൽ,
സാഹിത്യാന്തരീക്ഷത്തിലെ അക്ഷയ
തേജോഗോളങ്ങളാണു്, എൻ. ഗോപാലപിള്ള,
ശൂരനാട്ടു കുഞ്ഞൻപിള്ള, ചിത്രമെഴുത്തു കെ. എം.
വറുഗീസ്, കെ. ദാമോദരൻ, എസ്. ഗുപ്തൻനായർ,
പി. കെ. നാരായണപിള്ള എന്നിവരെന്നു
പ്രസ്താവിച്ചിട്ടുണ്ടു്. നിഘണ്ടു നിർമ്മാണത്തിൽ
ഏർപ്പെട്ടിരിക്കുന്ന പദനിർമ്മാണ വിചക്ഷണർ
ഇതിലൂടെ മാതൃഭാഷയോടും നാടിനോടും വലിയൊരു
സേവനമാണു് കാണിക്കുന്നതെന്നും
അഭിപ്രായപ്പെട്ടു. അന്നത്തെ പണ്ഡിതസമൂഹം
ചിത്രമെഴുത്തിനെ ഏതു നിലയിലാണു
പരിഗണിച്ചിരുന്നതെന്നു ദക്ഷിണ ഭാരതിയുടെ
മുഖപ്രസംഗം വ്യക്തമാക്കുന്നുണ്ടു്.

വില്ലേജു കോടതി ജഡ്ജി

മാവേലിക്കര രാജകീയ ഇംഗ്ലീഷ് ഹൈസ്കൂളിൽ മൂന്നാം ഫാറം വരെ മാത്രമേ ചിത്രമെഴുത്തു പഠിച്ചിരുന്നുവെങ്കിലും സ്ഥിരോൽസാഹവും അക്ഷീണ പരിശ്രമവുംകൊണ്ടു് ഇംഗ്ലീഷിലും മലയാളത്തിലും അദ്ദേഹം പാണ്ഡിത്യം നേടി. ചെറുപ്പം മുതൽക്കേ ഇംഗ്ലീഷിൽ ഇറങ്ങിയ ചരിത്ര ഗ്രന്ഥങ്ങൾ തേടിപ്പിടിച്ചു വായിച്ചും പഠിച്ചും, ആവശ്യമായ ഭാഗങ്ങൾ തർജ്ജമ ചെയ്തും, ഇംഗ്ലീഷിൽ വ്യുൽപത്തി നേടി. ജെയിംസ് ഹഫ്, എഡ്വേർഡ് ഗിബ്ബൺ, ഗെഡീസ്, ഹവ്വാർഡ്, തോമസ് വൈററൂസ്, ബുക്കാനാൻ, മിൽനിറേ്യ, മക്കൻസി തുടങ്ങിയവരുടെ ഇംഗ്ലീഷ് ചരിത്ര ഗ്രന്ഥങ്ങൾ അദ്ദേഹം വായിച്ചു. ഗാഢമായ ചരിത്രവിജ്ഞാനവും ഇംഗ്ലീഷ് ഭാഷാ പ്രയോഗവിജ്ഞാനവും സമ്പാദിച്ചു കുടുംബ ചരിത്രത്തിൽ ചിത്രമെഴുത്തു രേഖപ്പെടുത്തിയിരിക്കുന്നു:— 'ചിത്രമെഴുത്തു പഠിക്കുന്ന കാലത്തുതന്നെയും പുസ്തകങ്ങൾ വായിക്കുന്നതിനു് അതിയായ കൗതുകം ജനിച്ചു. കൈയിൽ കിട്ടുന്നതെല്ലാം വായിപ്പാൻ തുടങ്ങി.... സഭാ ചരിത്രപരമായും മററും ഇംഗ്ലീഷിൽനിന്നു് ആശയങ്ങൾ മനസ്സിലാക്കുവാൻ ഞാൻ പിൽക്കാലത്തു് എത്രയോ അധികം ക്ലേശിച്ചിരിക്കുന്നു. എങ്കിലും ഞാൻ ഇംഗ്ലീഷ് പഠിച്ചിട്ടില്ലെന്നു് ആർക്കു തന്നെയും പറവാൻ കഴിയുമായിരുന്നില്ല. ആരുതന്നെയും അങ്ങനെയൊന്നു ഇതേവരെക്കു് വിചാരിച്ചിട്ടുമില്ല.

അത്രയധികം ആശയങ്ങൾ ഞാൻ ഇംഗ്ലീഷ് ഭാഷാ ഗ്രന്ഥങ്ങളിൽനിന്നു കൈവശപ്പെടുത്തിയിരിക്കുന്നു.'

ചിത്രമെഴുത്തിന്റെ പാണ്ഡിത്യവും പക്വതയും പ്രാഗല്ഭ്യവും കണക്കിലെടുത്തു് തിരുവിതാംകൂർ ഗവണ്മെൻറ് അദ്ദേഹത്തെ 1115 കന്നി 5-നു് മാവേലിക്കര വില്ലേജ് കോടതി ജഡ്ജിയും രണ്ടാം ക്ലാസ് മജിസ്ട്രേട്ടുമായി രണ്ടു വർഷത്തേക്കു നിയമിച്ചു.

സംഗീത ജ്ഞാനി

കർണ്ണാടക ശാസ്ത്രീയ സംഗീതത്തിൽ ചിത്രമെഴുത്തിനു് വളരെയധികം ശ്രവണജ്ഞാനമുണ്ടായിരുന്നുവെന്നു മാത്രമല്ല കർണ്ണാടക സംഗീതശാസ്ത്രത്തിൽ ആഴമായ അറിവും ഉണ്ടായിരുന്നു. വലിയ സംഗീതപ്രേമിയുമായിരുന്നു. രാഗ വിസ്താരാരംഭത്തിൽ തന്നെ അതു ഇന്ന രാഗമാണെന്നു പറവാൻ തക്കവണ്ണം ജ്ഞാനം പരിപക്വമായിരുന്നു. ചിത്രമെഴുത്തിന്റെ പുത്രൻ ജോർജു വറുഗീസ് മദ്രാസിൽനിന്നു അയച്ചുതന്ന ഒരു കത്തിൽ പറയുന്നു;— 'മാവേലിക്കര ശ്രീകൃഷ്ണ സ്വാമിക്ഷേത്രത്തിൽ ആണ്ടുതോറും ഉൽസവനാളുകളിൽ, വിശേഷിച്ചും, 9-ഉം, 10-ഉം ഉൽസവ ദിനങ്ങളിൽ തമിഴ്നാട്ടിൽനിന്നു പ്രസിദ്ധ നാഗസ്വര വിദ്വാന്മാരായ മധുര പൊന്നുസ്വാമിപിള്ള, ടി. എൻ. രാജരത്നം പിള്ള തുടങ്ങിയവർ നാഗസ്വരക്കച്ചേരികൾ നടത്തുമായിരുന്നു. രാത്രികാല നാഗസ്വര വായനകളിൽ

പൊതുജനങ്ങൾക്കു സംബന്ധിപ്പാൻ തക്കവണ്ണം ക്ഷേത്ര നടയിൽ നിന്നു സുമാർ ഒരു ഫർലോംഗു ദൂരം കിഴക്കായി നില്ക്കുന്ന അരയാൽത്തറയോടു ചേർന്ന പീഠത്തിൽവച്ചായിരിക്കും നാഗസ്വരക്കച്ചേരി. വിഗ്രഹത്തെ എഴുന്നള്ളിച്ചു ആനപ്പുറത്തിരുന്നു ഘോഷപ്രകടനങ്ങൾ ചെയ്യുന്ന സമയമാണു് ഈ കച്ചേരികൾ ആരംഭിക്കുന്നതു്. എന്റെ പിതാവു് ബാലന്മാരായ എന്നെയും മൂത്ത സഹോദരനെയും അവിടേക്കു കൂട്ടിക്കൊണ്ടുപോയി രാത്രി വെളുക്കുവോളം ഈ നാഗസ്വര വായന കേൾപ്പിക്കുമായിരുന്നു.

മനുഷ്യഹൃദയത്തെ സംസ്കരിക്കുന്ന സുകുമാര കലകളിൽവച്ചു് സൗകുമാര്യമേറിയതാണല്ലൊ സംഗീതം. സംഗീതം ഈശ്വരന്റെ ഭാഷയാണെന്നത്രെ കാർലൈൽ പറയുന്നതു്. ക്ഷേത്രങ്ങളിൽ നടത്താറുള്ള വായ്പാട്ടു്. ഉപകരണസംഗീതം, നൃത്തം എന്നിവ മൂന്നുംവഴി ഈശ്വരനു് അഞ്ജലി അർപ്പിക്കയാണു്. വീണവായനയുടെ തത്വം ശ്രുതി, താളം ഇവ പഠിപ്പിച്ചവർക്കു് മോക്ഷമുണ്ടെന്നു യാജ്ഞവൽക്യൻ പറഞ്ഞിട്ടുണ്ടെന്നു വള്ളത്തോൾ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. സംഗീത ജ്ഞാനം ഭക്തിമാർഗ്ഗമാണെന്നു് ത്യാഗരാജ സ്വാമികൾ പാടി ദൃഢപ്പെടുത്തുകയുണ്ടായി. ശ്രുതി, രാഗം, ഭാവം, അഥവാ രസം, ലയചമൽക്കാരം, താളം എന്നിവയുടെ ഏകോൽഭവ സ്ഥിതിവിശേഷമാണു് കർണ്ണാടക സംഗീതം. കർണ്ണാടക സംഗീതത്തിലെ ശുദ്ധസ്വരങ്ങൾ രി. ഗ. മ. ധ. നി എന്നീ സ്വരങ്ങളുടെ ശബ്ദം കുറഞ്ഞ തരങ്ങളാണു്. മറ്റുള്ളവ വികൃത

സ്വരങ്ങളത്രേ. 72 മേള കർത്താക്കൾ
രസജ്ഞാനപരവും യുക്തിശാസ്ത്രപരവുമായ
അടിസ്ഥാനത്തെ ആധാരമാക്കിയാണു്
കെട്ടിപ്പടുത്തിട്ടുള്ളതു്. മിശ്രമേളങ്ങളെന്ന ആശയം
രത്നാകരന്റെ സങ്കീർണ്ണ ജതികളിൽ
സൂചിപ്പിച്ചിട്ടുള്ളതിനാൽ സാദ്ധ്യമായ മിശ്രമേളങ്ങൾ
5184 വരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ശുദ്ധ
—മിശ്ര മേളങ്ങളുടെ ഘടന, അതിൽ ഉൾപ്പെടാത്ത
സ്വരങ്ങൾ കണ്ടെത്താൻ ലോകത്തിലെ ഒരു സംഗീത
ശാസ്ത്രജ്ഞനും കഴിയാത്ത വിധം
സമഗ്രമാണെന്നും, ഈ ഘടനയിൽ പാശ്ചാത്യ
സംഗീതത്തിന്റെ പരിമാണം 1604-ാമത്തെ
മേളമാണെന്നു് സംഗീത ശാസ്ത്രജ്ഞന്മാർ
പറയുന്നുവെന്നും, എഴുപത്തിരണ്ടു
മേളകർത്താക്കളിൽ നിന്നു ന്യായമായി
ആവിഷ്കരിക്കാൻ സാധിക്കുന്ന ജന്യരാഗങ്ങളുടെ
എണ്ണം 1,27,008 (ഒരു ലക്ഷത്തി
ഇരുപത്തേഴായിരത്തി എട്ടു്) ആണെന്നു
കണക്കാക്കപ്പെട്ടിരിക്കുന്നുവെന്നും ഞാൻ എന്റെ
പിതാവിൽനിന്നു കേട്ടിട്ടുണ്ടു്. അദ്ദേഹത്തിന്റെ
പഠനം;- കർണ്ണാടക രാഗ സമ്പ്രദായം
യുക്തിസഹവും, സമഗ്രവുമാണു്. അതിലെ
സ്വരങ്ങൾ നൈസർഗികങ്ങളും, പാദികസ്ഥാനങ്ങൾ
ഷഡ്ജ പഞ്ചമ ന്യായങ്ങളിൽനിന്നും
ഉടലെടുത്തവയും, അതിന്റെ പരിമാണങ്ങൾ ഗണിത
ശാസ്ത്ര പരമായി പരിമാണസംഗീതമെന്നു
വിളിക്കാവുന്നതുമാണു്. എഴുപത്തിരണ്ടു
മേളകർത്താ രാഗങ്ങളിൽ മുപ്പത്തി ആറു എണ്ണം

ശുദ്ധമാധ്യമവും മുപ്പത്തിആറു എണ്ണം പ്രതിമദ്ധ്യരാഗങ്ങളും ശേഷമുള്ളതെല്ലാം അവയുടെ ജന്യരാഗങ്ങളുമാണു് തോടി, ധേനുക, രത്നാംഗി, കരഹരപ്രിയ, ഗാനമൂർത്തി, ശങ്കരാഭരണം. കീരവാണി, ഗൗരീമനോഹരി, ഹരികാംബോധി, കാംബോധി, പന്തുവരാളി, മായാമാളവഗൗളം, മധ്യമാവതി എന്നിവ ശുദ്ധ മദ്ധ്യമ രാഗങ്ങളിൽ ഉൾപ്പെടുന്നു. പ്രതിമദ്ധ്യമത്തിൽ, കല്യാണി, ഹേമാവതി, വാചസ്പതി രസികപ്രിയ, ജ്യോതി സ്വരൂപിണി, സിംഹേന്ദ്രമദ്ധ്യമം, ഷൺമുഖപ്രിയ, വരാളി, ലതാംഗി തുടങ്ങിയവയും ഉൾപ്പെടുന്നു.

സംഗീത കലാനിധികളായ ശെമ്മങ്കുടി ആർ. ശ്രീനിവാസ അയ്യർ, ആര്യക്കുടി രാമാനുജയ്യങ്കാർ, മുസ്സരി സുബ്രഹ്മണ്യയ്യർ, എം. എസ്. സുബ്ബുലക്ഷ്മി, ഡി. കെ. പട്ടമ്മാൾ, ആലത്തൂർ ബ്രദേഴ്സ്, ചിറ്റൂർ സുബ്രഹ്മണ്യപിള്ള, മധുര മണിഅയ്യർ, ജി. എൻ. ബാലസുബ്രഹ്മണ്യം തുടങ്ങിയ പ്രസിദ്ധ സംഗീത വിദ്വൽ ശിരോമണികളുടെ സംഗീത കച്ചേരികളിൽ, തിരുവനന്തപുരം, ചെങ്ങന്നൂർ, ആറന്മുള, കൊല്ലം മാവേലിക്കര മുതലായ സ്ഥലങ്ങളിൽ വെച്ചും മ്യൂസിക് അക്കാദമിയിൽ വെച്ചും, വിശേഷിച്ചു മദ്രാസിലെ വിവിധ സഭകളിൽവെച്ചും എന്റെ പിതാവു് എന്നോടൊരുമിച്ചു സംബന്ധിച്ചു രസിച്ചിട്ടുണ്ടു്. ചില അപൂർവ്വ രാഗങ്ങൾ ഒഴിച്ചാൽ, ആത്മാനുഭൂതിയിൽ ആഴ്ത്തുന്നതും സംഗീത ലോകത്തിൽ സ്ഥിര പ്രതിഷ്ഠ ലഭിച്ചിട്ടുള്ളതുമായ രാഗങ്ങൾ, കീർത്തനങ്ങൾ എല്ലാം തന്നെ

അദ്ദേഹത്തിനു പ്രിയംകരമായിരുന്നു. വളരെയധികം രാഗങ്ങൾ കൂടാതെ പലകീർത്തനങ്ങൾ അദ്ദേഹത്തിനു നിശ്ചയമായിരുന്നു. ത്യാഗരാജൻ, മുത്തുസ്വാമി ദീക്ഷിതർ, ശ്യാമാശാസ്ത്രി, സ്വാതിതിരുനാൾ എന്നിവരുടെ കീർത്തനങ്ങൾ അദ്ദേഹത്തെ ഭ്രമിപ്പിക്കുമായിരുന്നു. ബിലഹരി, കല്യാണി ഭൈരവി, ആനന്ദഭൈരവി, തോടി, മോഹനം, വരാളി, കാംബോധി, ഹരികാംബോധി, ശങ്കരാഭരണം, ആരഭി, ആഭോഗി, ശ്രീരഞ്ജിനി, ജനരഞ്ജിനി, മുഖാരി, പന്തുവരാളി, നാട്ട, ഹംസധ്വനി, മദ്ധ്യമാവതി, വാചസ്പതി, കീരവാണി, മായാ മാളവ ഗൗള, പൂർവ്വ കല്യാണി, കരഹരപ്രിയ കമാസ്, സാവേരി, ബേഗട, വസന്ത, സരസ്വതി, വസന്ത ഭൈരവി, ശുദ്ധസാവേരി എന്നീ ഘനരാഗങ്ങളും, ശ്യാമ, കല്യാണവസന്തം, ദേവഗാന്ധാരി, കർണ്ണാടകദേവഗാന്ധാരി നളിനകാന്തി, സഹാനാ, കാനടാ, അഠാനാ, സുരുട്ടി, നാട്ടക്കുറിഞ്ചി, ബേഹാഗ്, തരംഗിണി, ദ്വിജാവന്തി, ഹിന്ദോളം മുതലായ ഹൃദയസ്പർശിയും ആനന്ദാനുഭൂതി ഉളവാക്കുന്നതുമായ ലളിത മനോജ്ഞ രാഗങ്ങളും എന്റെ പിതാവിനു ഏറ്റം പ്രിയംകരമായിരുന്നു.

കർണ്ണാടക സംഗീത ലോകത്തിലെ രണ്ടു മഹാ മേരുക്കളാണു് എം. എസ്സ്. സുബ്ബുലക്ഷ്മിയും, ഡി. കെ. പട്ടമ്മാളും. സുബ്ബുലക്ഷ്മിയുടെ ഗാനാലാപം ആഴമായ ശാസ്ത്രീയ ജ്ഞാനാധിഷ്ഠിതമായി, പീയൂഷ നിഷ്യന്ദിയായ ശ്രുതി മധുരത്തോടുകൂടി അഖണ്ഡ ദയാസ്വരൂപനായ പരബ്രഹ്മത്തിൽ ആണ്ടു

ലയിക്കുന്ന മൃദുല കല്ലോലങ്ങളാണെങ്കിൽ—
മനോജ്ഞമായ ഗംഗാ പ്രവാഹം പോലെ മധുരമായ
കോകില കണ്ഠാമൃത നിർത്ഥരിയാണെങ്കിൽ—
പട്ടമ്മാളുടേതു് അവ്വണ്ണം തന്നെയോ, അതോ
അതിലുമധികമോ വിദ്വൽ സമ്പൂർണ്ണവും,
പക്വപട്ടത്വസ്ഥിതവും, മൗലിക പ്രമാണങ്ങളിൽ നിന്നു
വ്യതിചലിക്കാതെ, ഗുരുകുല പാരമ്പര്യത്തെ
നിലനിറുത്തി, അനന്യ സാധാരണമായ
മധുരസ്വരത്തിൽ, അവരോഹണത്തിന്റെ
അഗാധതലത്തിൽ നിന്നു് വീണാനികാണ
മധുരിമയോടുകൂടി, അതിമൃദുവായി അലയടിച്ചു്
ആരോഹണത്തിന്റെ മഹാമേരുവിലേക്കു്
ഉയർന്നുയർന്നു പോകുന്ന സാക്ഷാൽ ഗാനാമൃത
പ്രവാഹമാണെന്നാണു് എന്റെ പിതാവിനു് എന്നും
ഉണ്ടായിരുന്ന അഭിപ്രായം. 'പല്ലവി പട്ടമ്മാൾ'

എന്ന വിശേഷണത്താൽ സുപ്രസിദ്ധയായ
പട്ടമ്മാളുടെ പല്ലവി പാടൽ ആനന്ദസാഗരത്തിൽ
ആറാടിക്കുന്നവല്ലോ. സുബ്ബലക്ഷ്മിക്കാണെങ്കിൽ
'കോകില ഗാന ഇശൈവാണി' ബിരുദത്തിനു പുറമെ
'സംഗീത കലാനിധി', 'ഡോക്ടറേറ്റ്' മുതലായ
ബിരുദുകളും അവാർഡുകളും ലഭിച്ചിട്ടുള്ളതാണു്.
ഈ വാർദ്ധക്യ ദശയിലും ആ മഹതിയുടെ
സംഗീതാലാപനം യൗവ്വനത്തിലെപ്പോലെ
തന്നെയാണു്. ക്ഷേമസംവർദ്ധകമായ നാദബ്രഹ്മം
തന്നെ. !!

സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതർ,
സംഗീത രത്നം കാർത്തികപ്പള്ളി മാമ്മൻ ഭാഗവതർ

എന്നിവരുമായി ചിത്രമെഴുത്തു് ഉറ്റ മൈത്രീ ബന്ധം പുലർത്തിയിരുന്നു. മാമ്മൻ ഭാഗവതർ ചിത്രമെഴുത്തിന്റെ വീട്ടിൽ വരുമ്പോഴൊക്കെ അവിടെ ഒരു ചെറിയ സംഗീത സദസ്സായിരിക്കും നടക്കുക. ഭാഗവതരെ ചിത്രമെഴുത്തു് വളരെയധികം പ്രോത്സാഹിപ്പിച്ചും സഹായിച്ചിട്ടുമുണ്ടു്.

കുമാരനാശാന്റെ 'കരുണ' നാടകം അഭിനയിപ്പാൻ കുഞ്ഞുകുഞ്ഞു ഭാഗവതർ മാവേലിക്കര വരുന്ന അവസരങ്ങളിൽ അവർ തമ്മിൽ സന്ദർശനം നടത്തുകയും നർമ്മ സംഭാഷണത്തിൽ ഏർപ്പെടുകയും ചെയ്യുമായിരുന്നു. അധികവും നാടക വിഷയമായിരുന്നു. 'കരുണയിൽ' ഉപഗുപ്തനായിട്ടാണു് സെബാസ്റ്റ്യൻ അഭിനയിച്ചിരുന്നതു്. ഓച്ചിറ സി. വേലുക്കുട്ടി എന്ന അനുഗൃഹീത നടനായിരുന്നു കരുണയിൽ 'വാസവദത്ത'യായി സ്ത്രീവേഷം കെട്ടിയിരുന്നതു്. വേലുക്കുട്ടി പട്ടുടയാടയണിഞ്ഞു് സർവ്വാഭരണ വിഭൂഷിതയായി നാടക വേദിയിൽ പ്രത്യക്ഷപ്പെട്ടാൽ അവൾ സൗന്ദര്യവതിയായ ഒരു അപ്സര സ്ത്രീയെന്നേ തോന്നുമായിരുന്നുള്ളു. സ്ത്രീയുടെ എല്ലാ ഭാവങ്ങളും ചൈതന്യങ്ങളും വേലുക്കുട്ടിയിൽ ഇണങ്ങിയിരുന്നു. നാടകമെല്ലാം കഴിഞ്ഞു കെ. എം. വറുഗീസ് സ്റ്റേജിനുള്ളിൽ ചെന്നു് ആ നായർ യുവാവിനെ അഭിനന്ദിച്ചു് ആശീർവദിക്കയുണ്ടായി. ചിത്രമെഴുത്തിന്റെ ഒരു സുഹൃത്തും, പൊതുകാര്യ പ്രസക്തനും, സ്ഥലത്തെ ഒരു ധനാഢ്യനുമായിരുന്ന 'ഷാപ്പിൽ കുഞ്ഞുകുഞ്ഞു്' എന്നയാളായിരുന്നു.

സെബാസ്റ്റ്യന്റെ കരുണ, അനാർക്കലി നാടകങ്ങൾ അക്കാലത്തു മാവേലിക്കരെ ഏർപ്പാടുചെയ്തു ക്രമീകരിച്ചു നടത്തിയിരുന്നതു്.

പത്തനംതിട്ട താലൂക്കു നിവാസികളുടെ വകയായി 1115 മേടം 6-നു സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞുഭാഗവതർക്കു് സമർപ്പിക്കുന്നതിലേക്കു് ഒരു മംഗള പത്രം തൽഭാരവാഹികളുടെ അപേക്ഷയനുസരിച്ചു് ചിത്രമെഴുത്തു് എഴുതിക്കൊടുത്തു. മംഗള പത്രത്തിൽ പൊതു ജനങ്ങളെ പ്രതിനിധാനം ചെയ്തതു് (1) റവ. എം. ഫിലിപ്പ് മുതലാളി, തെക്കേ വീട്ടിൽ തേരകത്തു് [2] കെ രാഘവൻ നായർ, തടിയിൽ [3] പി. സി. ജോർജ്, ബി. എ. പറമ്പിൽ, [4] എൻ നാരായണൻ വക്കീൽ [5] കെ. എം. ഇസ്മാൽ മീരാ, മർച്ചന്റ്. (6) എം. ഡി. ജോൺ, ഉഴവത്തു എന്നീ ആറു പ്രമുഖ വ്യക്തികളാണു്.

ഫൈൻ ആർട്സ് സൊസൈറ്റി

തിരുവനന്തപുരം കേന്ദ്രമാക്കി ആർട്ടിസ്റ്റ് കെ. ആർ. രവിവർമ്മ കോയിത്തമ്പുരാൻ (പ്രസിഡന്റ്) സ്കൂൾ ഓഫ് ആർട്ട്സ് സൂപ്രണ്ട് ടി. എസ്. ശേഷാദ്രി, ബി. ഏ., ട്രയിനിംഗ് കോളജ് ചിത്രകലാദ്ധ്യാപകൻ ഏ. പത്മനാഭൻ, ബി. ഏ., മുതലായവർ ചേർന്നു 1957-ൽ 620-ാം നമ്പരായി രജിസ്റ്റർ ചെയ്ത 'കേരള ഫൈൻ ആർട്ട്സ് സൊസൈറ്റി'യുടെ ഗവണിംഗ് ബോർഡിൽ ചിത്രമെഴുത്തു കെ. എം.

വർഗീസിനെക്കൂടി കമ്മിററിക്കാർ 25. 5. 57-ൽ നോമിനേററു ചെയ്തു.

ജോൽസ്യ വിദഗ്ധൻ

ലക്ഷണശാസ്ത്രത്തിലും, ഹസ്തരേഖാ ശാസ്ത്രത്തിലും, ഗ്രഹനില നിർണ്ണയിച്ചു് ജാതകം ഗണിക്കുന്നതിലും ചിത്രമെഴുത്തു വിദഗ്ധനായിരുന്നു, ജാതക ഗണനാവിഷയത്തിൽ അദ്ദേഹം ബ്രഹ്മശ്രീ പുലിയൂർ പി. എസ്. പുരുഷോത്തമൻ പോററിയുടെ ശിഷ്യനായിരുന്നു. ചിത്രമെഴുത്തു് ഗണിച്ച ഹോറോസ്കോപ്പ് അനുസരിച്ചുള്ള ഫലസിദ്ധികൾക്കു വളരെപ്പേർ സാക്ഷ്യം വഹിച്ചിരുന്നു. അദ്ദേഹം കുറിച്ചുകൊടുത്ത ജാതകാനുഭവങ്ങൾ മിക്കവാറും എല്ലാം തന്നെ ജാതകക്കാരനു് അനുഭവമായിട്ടുണ്ടു്.

'എന്റെ മാതാപിതാക്കൾ' എന്ന ഗ്രന്ഥത്തിൽ ഗ്രന്ഥകർത്രിയായ ഡോ. ലളിതാ ജോർജ്ജ (വെള്ളക്കാലിന്റെ പുത്രി) ഏബ്രഹാം എഴുതുന്നു;— "മലയാള സാഹിത്യത്തിൽ ഒരു പ്രത്യേക ശൈലിയുടെ ഉടമയും ഞങ്ങളുടെ ഒരു കുടുംബ സുഹൃത്തുമായിരുന്ന ശ്രീ ചിത്രമെഴുത്തു് കെ. എം. വർഗീസ്, എന്റെ ജാതകം ഒരു ബയൻഡു ചെയ്ത ബുക്കിൽ ദീർഘമായി എഴുതി അപ്പായെ ഏൽപിച്ചിരുന്നതു് പുസ്തകങ്ങളുടെ കൂട്ടത്തിൽ കാണാം. ജാതകം, ജ്യോതിഷം, രാഹു, ശകുനം മുതലായ കാര്യങ്ങളിൽ അശേഷം ശ്രദ്ധിക്കാത്ത അപ്പാ, എന്റെ ജാതകത്തിലും ശ്രദ്ധിച്ചതായി

തോന്നിയിട്ടില്ല. ഏതായാലും അതിൽ കാണുന്ന മിക്കവാറും കാര്യങ്ങൾ നടന്നതായി അനുഭവപ്പെടുന്നു." (പുറം 52) ചിത്രമെഴുത്തു കുറിച്ചിട്ടുള്ള അനേക ജാതകങ്ങൾ ജീവിതത്തിൽ ഫലിച്ചിട്ടുള്ളതായിട്ടറിയാം.

ലക്ഷണ ശാസ്ത്രത്തെ സംബന്ധിച്ചാണെങ്കിൽ, വിവാഹമാർഗ്ഗേണ ഒരു കുടുംബത്തിൽ പ്രവേശിക്കുവാൻ കൊള്ളരുതാത്ത പെൺകുട്ടികളുടെ അംഗലക്ഷണങ്ങൾ എന്തൊക്കെയാണെന്നു് ചിത്രമെഴുത്തു കുടുംബചരിത്രത്തിൽ അക്കമിട്ടു് രേഖപ്പെടുത്തിയിട്ടുണ്ടു്.

അസ്വീകാര്യമായ അംഗലക്ഷണങ്ങൾ മനസ്സിലാക്കുന്ന പക്ഷം യോഗ്യരായ വധുക്കളെ ഒരു വലിയ പരിധി വരെ തെരഞ്ഞെടുക്കാൻ കഴിയുമെന്നാണു് ലക്ഷണശാസ്ത്രത്തിന്റെ ചുരുക്കം. കുടുംബ ചരിത്രത്തിൽ ചിത്രമെഴുത്തു് ഇങ്ങനെ പറയുന്നു.

പെൺകുട്ടിയുടെ കുടുംബം, പ്രത്യേകിച്ചു് മാതാവ്, പിതൃമാതൃ കുടുംബങ്ങൾ, പെൺകുട്ടി എന്നീ കാര്യങ്ങളെ സംബന്ധിച്ചു് ചുരുങ്ങിയ പക്ഷം ഒരു ആറുമാസത്തെ അറിവും പരിചയവും സമ്പാദിച്ചശേഷം മാത്രമെ വിവാഹാലോചനയിൽ പ്രവേശിക്കാവൂ. നിവൃത്തിയുള്ള പക്ഷം സഹോദരങ്ങളുള്ള പെൺകുട്ടികളെ വേണം വിവാഹം കഴിപ്പാൻ.

മെലിഞ്ഞ സ്ത്രീകളോ വളരെ തടി ഇല്ലാത്ത സ്ത്രീകളോ വിശേഷിച്ചു് യാതൊരു കാരണവും കൂടാതെ പെട്ടെന്നു് തടിച്ചു കൊഴുത്തു് വണ്ണിക്കുന്നതായി കണ്ടാൽ അവരുടെ ഭർത്താക്കൻമാർക്കു് കഷ്ടകാലമോ മരണമോ അടുത്തുവെന്നു് വിചാരിക്കപ്പെടുന്നു. ഇതു് ചിലരുടെ അനുഭവത്തിലും ശരിക്കു കണ്ടിട്ടുള്ളതാണു്. സ്ത്രീകളുടെ അകാരണമായ ഈ ശാരീരിക വൃദ്ധി കണ്ടു തുടങ്ങിയാൽ ഗ്രഹപ്പിഴ ശാന്തിക്കായി ദൈവത്തെ മുറുകെ പിടിച്ചു കൊള്ളണം. സ്ത്രീകൾക്കും പുരുഷന്മാർക്കും പെട്ടെന്നുള്ള ശരീര വൃദ്ധിയും അകാരണമായി പെട്ടെന്നുണ്ടാവുന്ന ശരീരശോഷണവും രണ്ടും ദോഷകരമാണെന്നു് ഓർമ്മ വെക്കണം.

മതവിശ്വാസഭ്രഷ്ടരായ ഇതര വർഗ്ഗക്കാരിൽ നിന്നും ഹിന്ദുക്കൾ മുഹമ്മദീയർ മുതലായവരിൽനിന്നും എന്റെ പിൻഗാമികൾ യാതൊരു കാലത്തും വിവാഹം ചെയ്യരുതു്. അസ്ഥാനപ്രേമം, ധനലാഭം, സൗന്ദര്യം എന്നിവയാൽ പ്രേരിതരായി അത്തരം മിശ്രവിവാഹങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവർ പിൽക്കാലത്തു് വളരെയധികം മനസ്താപപ്പെട്ടിട്ടുള്ളതായി പല അനുഭവ കഥകൾ പറവാനുണ്ടു്. സ്വവർഗ്ഗത്തിൽ നിന്നല്ലാതെ സംസ്കാര വൈജാത്യമുള്ള ഇതര ക്രൈസ്തവ വർഗ്ഗങ്ങളിൽ നിന്നുപോലും വിവാഹം ചെയ്വാൻ ഇച്ഛിക്കരുതു്.

അതിസുന്ദരമായ ഒരു തരുണീമണി വർണ്ണന നോക്കുക: 'നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചി' എന്ന പുസ്തകത്തിൽ നിന്നെടുത്തതാണിതു്.

അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവു് ബാലനായിരിക്കുമ്പോൾ എട്ടു വീട്ടിൽ പിള്ളമാരെയും മറവും ഭയന്നു് ഒളിച്ചു നടക്കുന്ന കാലം. വൃദ്ധനായ ഒരു ബ്രാഹ്മണൻ, കൊച്ചി രവി എന്ന നായർ പ്രമാണി എന്നിവരോടു കൂടി കുന്നത്തൂർ താലൂക്കിലെ അടൂരിലുള്ള തച്ചുണ്ടയിൽ തരകന്റെ വീട്ടിൽ പൈദാഹ ശമനത്തിനായി മൂവരും കയറുന്നു. എന്നാൽ തരകന്റെ ഭാര്യ ആണ്ടാച്ചിയമ്മ വാടിത്തളർന്ന ബാലനോടും മറവും ദയാശൂന്യമായി പെരുമാറി....വൈകാതെ അവർ മറെറാരു സമ്പന്നകുടുംബമായ നെല്ലിമൂട്ടിൽ എത്തി. ഗൃഹനായികയായ ഉണ്ണുണ്ണിയമ്മ കാരുണ്യപൂർവ്വം അവരെ സ്വീകരിച്ചു് അവർക്കു വേണ്ടതെല്ലാം നൽകി പരിചരിച്ചു.

ഈ ബാലൻ മാർത്താണ്ഡവർമ്മ മഹാരാജാവായി അധികാരം ഏറെറടുത്തശേഷം ആണ്ടാച്ചിയമ്മയുടെ പഴയ സ്വഭാവത്തിൽ എന്തെങ്കിലും മാററം വന്നിട്ടുണ്ടോ എന്നൊന്നു പരീക്ഷിക്കാൻ ഒരു വൃദ്ധനെ സന്ധ്യകഴിഞ്ഞു അവരുടെ വീട്ടിലേയ്ക്കു അയച്ചു. പടിയ്ക്കൽ എത്തിയ വൃദ്ധനോടു് ആണ്ടാച്ചിയമ്മയുടെ വേലക്കാരനായ പോത്ത 'മൂപ്പിന്നെ എന്തിനാനിക്കുന്നെ, പടിപ്പുര അടക്കാൻ പോവവാ' എന്നുപറഞ്ഞു വൃദ്ധൻ:— 'ഒരു

വഴിക്കാരനാണു്. രാത്രി ഒന്നു കഴിച്ചു കൂട്ടാൻ ഒരു പായ് തരണമപ്പീ.

മാളികയിലേക്കുള്ള കോണിപ്പടിയുടെ മുകളിലായി ഈ അവസരത്തിൽ പൊൻ തണ്ടകളുടെ തരിമണി കിലുക്കം ഒരു താളമാത്ര ഒപ്പിച്ചു ചിലമ്പി മുഴങ്ങുകയും 'അതാ കൊച്ചമ്മ താഴത്തേക്കു വരുന്നു' വെന്നു പറഞ്ഞു പോത്ത ഒരു ഭാഗത്തേക്കു ഒതുങ്ങി നിൽക്കുകയും ചെയ്തു.

'സുഭഗകോമളമായ ഇടക്കൈ വണ്ണയിൽ വീരാളിപ്പൊടിപ്പു് ഞാത്തി ചുററികെട്ടിയിട്ടുള്ള ചെമ്പട്ടു ചരടിനെ തികച്ചും ഉള്ളിൽ താഴ്ത്തി, കൊഴുത്തു തുടുത്തു പൊന്തിനിൽക്കുന്ന മാംസള സുന്ദരമായ ബാഹുമൂല സമീപത്തിൽ ചരടു കഴിമറയുമാറുപററി ചേർന്നു നിൽക്കുന്ന തങ്കക്കുടദാശികളുടെ സമീപത്തുകൂടി മാർവ്വു് മറച്ചു വലംതോളിലേക്കു ചാർത്തിയിരിക്കുന്ന കമ്പിക്കരയൻ തോർത്തു്, ഉത്തുംഗ ഗംഭീരമായ വക്ഷോജ മഹാശൈലം മുഴുവൻ പൊതിഞ്ഞുപററി നിൽപാൻ തക്ക നീളമില്ലാതെ അത്യഗാധമായ സാനു പ്രദേശങ്ങളിലേക്കു് ഇഴഞ്ഞു് ഇഴഞ്ഞു വീണു പോകവെ, ആ വസ്ത്രത്തുമ്പിനെ വലം തോളിലേക്കു വീണ്ടും വീശിപ്പിടിക്കാൻ വൃഥാ ശ്രമം ചെയ്തുകൊണ്ടു് മുമ്പിൽ പിടിപ്പിച്ചിട്ടുള്ള വെള്ളിക്കോൽ വിളക്കിന്റെ പിന്നാലെ ആണ്ടാച്ചിയമ്മ വെള്ളിവിളക്കത്തു് ഒരു സ്വർണ്ണ വിളക്കായി കോണിപ്പടി വാതിൽ വിട്ടു് അതി മൃദുവായി മുന്നോട്ടേക്കു നടന്നു വന്നു'.

സ്നേഹിതവൃന്ദം – കത്തുകൾ

ചിത്രകലാവ്യവസായം, സാഹിത്യം, ചരിത്രം, സഭാചരിത്രം, സമുദായ കാര്യങ്ങൾ, മലങ്കര സഭാവിശ്വാസം, മലങ്കര നസ്രാണിവർഗ്ഗത്തിന്റെ പൂർവ്വ മഹിമകളെ പ്രതിപാദിക്കുന്ന വിഷയങ്ങൾ, ചരിത്രാംശങ്ങൾ, തിരു—കൊച്ചി—മലബാർ രാജ്യ ചരിത്രങ്ങൾ, മലങ്കര ഓർത്തഡോക്സ് സഭയിലെ വ്യവഹാരങ്ങൾ, സമാധാന യജ്ഞങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങളെ സംബന്ധിച്ചു പല അവസരങ്ങളിൽ കേരളത്തിനകത്തും പുറത്തും ഉള്ള ഉന്നതവ്യക്തികൾ, പണ്ഡിതന്മാർ, ഉദ്യോഗസ്ഥ മേധാവികൾ, പത്രാധിപന്മാർ മുതലായവർ ചിത്രമെഴുത്തിനു കത്തുകൾ അയച്ചിട്ടുണ്ടു്; അദ്ദേഹവുമായി എഴുത്തുകുത്തുകൾ നടത്തീട്ടുമുണ്ടു്. അരശതാബ്ദക്കാലത്തെ കത്തുകൾ ഏറിയപങ്കും നഷ്ടപ്പെട്ടു പോയെങ്കിലും സുപ്രധാനമായ പലതും ഇന്നും സൂക്ഷിച്ചിട്ടുണ്ടു്. കത്തുകൾ അയച്ചവരുടെ പേരു വിവരം.

മലയാള മനോരമ പത്രാധിപർ കെ. സി. മാമ്മൻ മാപ്പിള, വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ, ഡോ: പി. ജെ. തോമസ്, ആലുവാ യു. സി. കോളജു പ്രിൻസിപ്പൽ എ. എം. വർക്കി, രാജസഭാ ഭൂഷണൻ മൈസൂർ കെ ചാണ്ടി, സി. പി. മാത്യു, എം. പി., ദിവാൻ സർ സി. പി. രാമസ്വാമി അയ്യർ, പ്രൈവറ്റു സെക്രട്ടറി എസ്. ചിദംബരം, മഹാരാജാവിന്റെ പ്രൈവറ്റ് സെക്രട്ടറി എൻ. കൃഷ്ണമൂർത്തി, മന്നത്തു പത്മനാഭൻ,

സാഹിത്യകാരനായ കൈനിക്കര കുമാരപിള്ള, സമുദായക്കേസ് വാദിച്ചതിൽ സഹായിച്ച ഇ. ജെ. ഫീലിപ്പോസ് വക്കീൽ, ഇന്ത്യാ ഗവ: സെക്രട്ടറി ഡോ: പി. സി. അലക്സാണ്ടർ, ഇൻഡ്യാ ഗവ: സെക്രട്ടറി പി. സി. മാത്യു, മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ, തിരു: ഗവ; ചീഫ് സെക്രട്ടറി ഡോ: എൻ. കുഞ്ഞൻപിള്ള, ദിവാൻ പി. ജി, നാരായണൻ ഉണ്ണിത്താൻ, ലാക്കോളേജ് പ്രിൻസിപ്പൽ പത്രോസ് മത്തായി, ശൂരനാട്ടു കുഞ്ഞൻപിള്ള, റാവു സാഹേബ് ഒ. എം. ചെറിയാൻ, കൊച്ചി അപ്പൻ തമ്പുരാൻ സി. കെ. രാമവർമ്മ, ചിത്രമെഴുത്തു മുകുന്ദൻ തമ്പി, ജസ്റ്റീസ് കെ. കെ. ലൂക്കോസ്, ഭാര്യ സർജൻ ജനറൽ പുന്നൻ ലൂക്കോസ്, കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, കുന്നത്തു ജനാർദ്ധന മേനോൻ, ഡോ: കെ. എം. ജോർജ്ജ്, സരസകവി മൂലൂർ എസ്. പത്മനാഭപ്പണിക്കർ, മഹാകവി പുത്തൻകാവു മാത്തൻ തരകൻ, ഇടവഴിക്കൽ ഈ. പി. മാത്യു, കുന്നംകുളം പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശൻ, അമ്പലപ്പുഴ മഹാദേവശർമ്മ, വിദ്വാൻ ഏ. ഡി. ഹരിശർമ്മ, തലവടി കൃഷ്ണപിള്ള (സാഹിത്യകാരൻ), ചരിത്രകാരനായ കെ. എൻ. ദാനിയേൽ, ഭൂഗർഭ ശാസ്ത്രജ്ഞനും പണ്ഡിതനുമായ ഐ. സി. ചാക്കോ, പാട്ടാശ്ശേരി പൗലൂസ് മാപ്പിള, തിരു: അഞ്ചൽ സൂപ്രണ്ടുമാരായ പത്മനാഭയ്യർ, ടി. ജോസഫ്, ചരിത്രകാരൻ ഫാ: ബർണാദ് ടി. കെ. ജോസഫ്, മഹാകവി കെ. വി. സൈമൺ, മഹാകവി ഇടയാറന്മുള കെ. എം.

വർഗീസ്, ഭാഷാ ചന്ദ്രിക മാനേജർ കെ. എം. മാത്തുള്ള മാപ്പിള, സാഹിത്യകാരനായ കൊട്ടപ്പുറ്റ, കുറവിലങ്ങാട്ടു വി. സി. ജോർജ്, സാഹിത്യ തിലകൻ ഫാ. സി. കെ. മറ്റം, കാരൂർ നീലകണ്ഠപ്പിള്ള, ഗവ. സെക്രട്ടറി സി. തോമസ്, വേദശാസ്ത്ര പണ്ഡിതൻ എം. ടി. ഇട്ടിരാ മൽപാൻ, പുളിക്കീഴ പി. സി. കോരുതു്, മൂവാറ്റുപുഴ എം. സി. ജോർജു വക്കീൽ, നെടുകുന്നം എം. ഓ. ജോസഫ്, മദ്രാസ് ക്രിസ്ത്യൻ കോളജു പ്രഫസർ ടൈറ്റസ് വറുഗീസ്, തിരു: സാനിട്ടറിക്കമ്മീഷണർ മറ്റിത്ര ജേക്കബ് ചാണ്ടി, പി. ഓ. ഏബ്രഹാം [മനോരമ], മനോരമ ചീഫ് എഡിറ്റർ കെ. എം. ചെറിയാൻ, കണ്ടത്തിൽ കെ. സി. ഈപ്പൻ, വിദ്വാൻ ടി. എം. ചുമ്മാർ, കെ. ഐ. വറുഗീസു മാപ്പിള, (പുതുമഠം), മനോരമ എഡിറ്റർ എൻ. എം. ഏബ്രഹാം, കണ്ടത്തിൽ കെ. എം. വർഗീസ് മാപ്പിള, സി. എം. സ്റ്റീഫൻ, സി. ഐ. നൈനാൻ ബി. എച്ച്. സ്കൂൾ ഹെഡ്മാസ്റ്റർ, പോളച്ചിറക്കൽ പി. സി. ഉമ്മൻ, ഹെഡ്മാസ്റ്റർ, ചരിത്രകാരനായ അക്കൗണ്ടാഫീസർ കെ. എം. മാണി, കെ. കെ. കുരുവിള, ഡോ. പോൾ വറുഗീസ് [പിന്നീടു പൗലോസ് മാർ ഗ്രീഗോറിയോസ്], മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്യോസ്, വരിക്കോലിൽ കേശവൻ ഉണ്ണിത്താൻ, പാലാ ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളി, ഡോ: സി. റ്റി. ഈപ്പൻ, ഈ. എം. കോവൂർ, പാലാമ്പടം ഡോ: പി. റ്റി. തോമസ്, പത്രാധിപർ മയ്യനാട്ടു സി. വി. കുഞ്ഞുരാമൻ, വിദ്യാഭ്യാസ ഡയറക്ടർ ഏ. നാരായണൻ തമ്പി, പൊൻകുന്നം വർക്കി,

പത്രാധിപർ സെഡ്. എം. പാറേട്ടു്, മാർത്തോമ്മാ സഭയിലെ യൂഹാനോൻ മെത്രാപ്പോലീത്താ, ഓർത്ത: സഭയിലെ മെത്രാന്മാർ, ചങ്ങനാശ്ശേരി ബിഷപ്പ് ഡോ: തോമസ് കുര്യാളശ്ശേരി, സി. എസ്. ഐ യിലെ ബിഷപ്പ് സി. കെ. ജേക്കബ്, മള്ളൂർ ഗോവിന്ദപ്പിള്ള, മഹാകവി വള്ളത്തോൾ നാരായണമേനോൻ, മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, പ്രധാനമന്ത്രി പണ്ഡിത നെഹ്റുവിന്റെ പ്രിൻസിപ്പൽ പ്രൈവറ്റ് സെക്രട്ടറി എം. ഓ. മത്തായി എന്നിങ്ങനെ പോകുന്നു അവരുടെ നീണ്ട പട്ടിക.

ചിത്രമെഴുത്തിന്റെ ഗ്രന്ഥശേഖരത്തിൽ പ്രസിദ്ധ ഗ്രന്ഥകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും ചരിത്ര-സാഹിത്യ ഗ്രന്ഥങ്ങൾ, പുരാതന കൈയെഴുത്തു പ്രതികൾ, ഓലഗ്രന്ഥങ്ങൾ തുടങ്ങിയ എഴുനൂറിൽപരം പുസ്തകങ്ങൾ ഉണ്ടായിരുന്നു. ആറാം മാർത്തോമ്മാ വലിയ മാർ ദീവന്നാസ്യോസിന്റെ സഭാ ചരിത്ര ഗ്രന്ഥത്തിന്റെ ഒരു കൈയെഴുത്തു പ്രതി, ഗിബ്ബണിന്റെ "Decline & fall of the Roman Empire" ഗ്രന്ഥത്തിന്റെ 1787-ലെ മൂലപതിപ്പു് ഗ്രന്ഥം, മൈക്കിൾ ഗെഡീസിന്റെ മലങ്കര സഭാചരിത്രം (1694-ൽ എഴുതിയതിന്റെ മൂലപ്രതി), എന്നിവ അതിൽ ഉൾപ്പെട്ടിരുന്നു. ഈ ചരിത്ര റിക്കാർട്ടുകൾ എല്ലാം തന്നെ ചില തൽപ്പര കക്ഷികൾ, ചിത്രമെഴുത്തിന്റെ കാലശേഷം, കൈവശപ്പെടുത്തി. എന്നിരിക്കിലും ആ വിജ്ഞാന

ഭണ്ഡാഗാരത്തിൽ സംഭരിച്ചുവെച്ചിരുന്ന രേഖകളിൽ കുറെ എണ്ണം കണ്ടുകിട്ടിയിട്ടുണ്ടു്.

പ്രാസംഗികൻ

ചിത്രമെഴുത്തിന്റെ പ്രഭാഷണങ്ങൾ എല്ലാംതന്നെ പണ്ഡിതോചിതവും സാഹിത്യരസം തുളുമ്പുന്ന ഭാഷാശൈലി നിറഞ്ഞതും ആയിരുന്നു. 1952 നവംബർ 11-ാംനു തിരുവനന്തപുരം വിക്ടോറിയാ ജൂബിലി ടൗൺ ഹാളിൽ വച്ചു് "രവിവർമ്മ കോയിത്തമ്പുരാന്റെ കലാ കൗബേരത്വം" എന്ന വിഷയത്തെ ആസ്പദമാക്കി അദ്ദേഹം ചെയ്ത പ്രസംഗം, റാവു സാഹേബ് ഓ. എം. ചെറിയാന്റെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ടു് മാവേലിക്കര ബി. എച്ച്. ഹൈസ്കൂളിൽവെച്ചു് 1944 ഫെബ്രുവരി 14-നു ചെയ്ത പ്രസംഗം, ജസ്റ്റീസ് കെ. കെ.

ലൂക്കോസിന്റെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ടു് 1120 മകരം 18-നു മാവേലിക്കരെ ചെയ്ത പ്രസംഗം കെ. സി. മാമ്മൻ മാപ്പിളയുടെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ടു 1954 ഫെബ്രുവരി ഒന്നിനു് കറാണത്തുവെച്ചു് ചെയ്ത പ്രസംഗം എന്നിവയെല്ലാം പത്രപംക്തികളിൽ വന്നിട്ടുള്ളതാണു്. നസ്രാണി പരിഷത്തിന്റെ ആറാമത്തെ യോഗം കോട്ടയം എം. ഡി. സെമിനാരി ഹൈസ്കൂളിൽവെച്ചു് ഡോ: പി. ജെ. തോമസിന്റെ അദ്ധ്യക്ഷതയിൽ നടന്നതിൽ, "സുറിയാനി ക്രിസ്ത്യാനികളുടെ കലാ വൈദഗ്ദ്ധ്യം" എന്ന

വിഷയത്തെ ആസ്പദമാക്കി ചെയ്ത പ്രസംഗം, സിറിയൻ ക്രിസ്ത്യൻ കോൺഗ്രസിന്റെ 58-ാമതു വാർഷികത്തോടനുബന്ധിച്ചു് പട്ടംതാണുപിള്ളയുടെ അദ്ധ്യക്ഷതയിൽ കറാണത്തുവെച്ചു് കൂടിയതും ഇരുപതിനായിരംപേർ സംബന്ധിച്ചിരുന്നതുമായ "സർവ്വ സമുദായ സൗഹാർദ്ദ സമ്മേളന"ത്തിൽ ചെയ്ത പ്രസംഗം [മലയാള മനോരമ റിപ്പോർട്ടു് 1946 ഏപ്രിൽ 26], "ഇസ്രായേൽ വംശം" മഹാകാവ്യത്തിന്റെ കർത്താവായ മഹാകവി പ്രവിത്താനം ദേവസ്യയെ അനുമോദിപ്പാൻ പാലായിൽവെച്ചു, വടക്കുംകൂർ രാജരാജവർമ്മയുടെ അദ്ധ്യക്ഷതയിൽ നടത്തിയ പൗരമഹായോഗത്തിൽ ചെയ്ത പ്രസംഗം [മനോരമ റിപ്പോർട്ടു് 1953 മെയ് 4] എന്നു തുടങ്ങിയവയെല്ലാം പണ്ഡിത ലോകത്തിന്റെ പ്രശംസ ആർജ്ജിച്ചിട്ടുള്ളവയാണു്.

11

കുടുംബ ജീവിതം

പ്രസിദ്ധ ചരിത്രകാരനും ആർക്കിയോളജി വിദഗ്ധനുമായ ടി. കെ. ജോസഫിന്റെ പിതൃസഹോദരനും, ചെങ്ങന്നൂർ തേരകത്തു കുടുംബത്തിൽ മുല്ലശേരി തറവാട്ടിലെ കൊച്ചിട്ടി വക്കീലിന്റെ ഇളയ പുത്രിയുമായ എം. കെ. സാറാമ്മയാണു് ചിത്രമെഴുത്തിന്റെ പ്രഥമ ഭാര്യ. അവർ മലയാളം പ്രൈമറിസ്കൂൾ ഹെഡ്മിസ്ട്രസ് ആയിരുന്നു. 'ആ ചെറിയ വഴിത്താര' എന്ന ഗദ്യകവിത സാറാമ്മയുടെ കാൽപാദങ്ങളുടെ മനോഹാരിതയെ വർണ്ണിച്ചുകൊണ്ടു എഴുതിയതാണു്. 1933-ൽ നാൽപതാം വയസ്സിൽ സാറാമ്മ അന്തരിച്ചു. ചിത്രമെഴുത്തിനു 22 വയസ്സും, സാറാമ്മയ്ക്കു 18 വയസ്സും ഉണ്ടായിരുന്നപ്പോഴായിരുന്നു വിവാഹം. ആ സ്ത്രീ രത്നം അക്കാലത്തു് ചെങ്ങന്നൂർ മലയാളം സ്കൂൾ ഏഴാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കയായിരുന്നു. സൽസ്വഭാവിയും വിനയശീലയുമായ ആ പെൺകുട്ടി 1087-ലെ ഏഴാം ക്ലാസ്സ് പരീക്ഷയ്ക്കു പ്രസ്തുത സ്കൂളിൽനിന്നു ജയിച്ച ഏക വിദ്യാർത്ഥിനിയും. ഏഴാം ക്ലാസ് ജയിച്ചപ്പോൾ വിദ്യാഭ്യാസ അസിസ്റ്റൻറു ഇൻസ്പെക്ടറസ് സാറാമ്മയ്ക്കു് അക്കാലത്തെ

രീതിയനുസരിച്ചു് ഒരു പട്ടു ഷാളും, ഒരു 'പാചകചിന്താമണി' പുസ്തകവും ഒരു ടൈംപീസും സമ്മാനിച്ചു. ഏറെ താമസിയാതെ 19-ാം വയസ്സിൽ സാറാമ്മ വഴുവാടി ഗവ. പ്രൈമറി ഗേൾസ് സ്കൂളിൽ അദ്ധ്യാപികയായി. ആ വർഷംതന്നെ (ഇടവം 6) ആ സ്കൂളിൽതന്നെ ഹെഡ്മിസ്ട്രസായിത്തീരുകയും ചെയ്തു.

1086 ചിങ്ങത്തിൽ നടന്ന വിവാഹത്തെപ്പറ്റി ചിത്രമെഴുത്തു രേഖപ്പെടുത്തുന്നു;— 'ഞങ്ങളുടെ വിവാഹം വളരെ മംഗളമായി കഴിഞ്ഞുകൂടി. എന്റെ ഗുരുവായ ചിത്രമെഴുത്തു മുകുന്ദൻ തമ്പിയദ്ദേഹത്തിന്റെ അഛനായ മണ്ണൂർ മഠത്തിന്റെ ഉദയവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് വിവാഹദിവസം ഒരു ബ്രാഹ്മണനെ ചെങ്ങന്നൂർക്കയച്ചു് കല്യാണപ്പന്തലിൽ വച്ചു് ഒരു ആശംസാ സന്ദേശവും രണ്ടുപേർക്കും രണ്ടു കസവുനേരിയതും രണ്ടു രാമായണപ്പുസ്തകവും സമ്മാനമായി നൽകി. ആ ബ്രാഹ്മണൻ തന്നെയാണു് ആശംസാ സന്ദേശം വായിച്ചതും. പ്രസ്തുത സന്ദേശം താഴെ പകർത്തുന്നു.

'കെ. എം. വറുഗീസിന്റെ വിവാഹാനുമോദനംകൊണ്ടു് മണ്ണൂർ മഠം കൊട്ടാരത്തിൽ അവിട്ടം തിരുനാൾ തമ്പുരാൻ എഴുതി അയയ്ക്കുന്ന മംഗള പത്രിക;— മേൽപറഞ്ഞ വറുഗീസ് നമ്മുടെ പുത്രശിഷ്യനാകയാലും, അതി ഭക്തനാകയാലും

നമ്മുടെ അപരിമിതമായ സന്തോഷത്തെ ഇന വിവാഹാവസരത്തിൽ കാട്ടുന്നതിനായി തൽക്കാലം ചെറുതായി ഒരു സമ്മാനം കൊടുത്തയക്കുന്നതു കൂടാതെ മേലാൽ വിദ്യാഭിവൃദ്ധിയോടും സന്തതി സമ്പൽസമൃദ്ധിയോടുംകൂടി നിങ്ങൾ വളരെക്കാലം ക്ഷേമമായിരിക്കുന്നതിനു് സർവശക്തനായ ഈശ്വരനോടു പ്രാർത്ഥിച്ചുകൊള്ളുന്നു എന്നു് മേൽപടി കൊട്ടാരത്തിൽ,

അവിട്ടം തിരുനാൾ തമ്പുരാൻ (ഒപ്പ്)

സാറാമ്മയുടെ മരണശേഷം ചിത്രമെഴുത്തു് കോടുകുളഞ്ഞിയിലെ പ്രസിദ്ധമായ ചേനത്തറ കുടുംബത്തിൽ കോശി വാദ്ധ്യാരുടെ പുത്രി സി. കെ. മേരിയെ വിവാഹം ചെയ്തു. അവർ പ്രൈമറിസ്കൂൾ അദ്ധ്യാപികയായിരുന്നു. 1972-ൽ 64-ാം വയസ്സിൽ അവർ നിര്യാതയായി.

ചിത്രമെഴുത്തിന്റെ പ്രഥമ വിവാഹത്തിലെ മൂത്ത മകൻ കെ. വി. മാത്യു, ഡെപ്യൂട്ടി കൺട്രോളർ ഓഫ് സ്റ്റേഷനറി ഉദ്യോഗത്തിൽ നിന്നു റിട്ടയർ ചെയ്തു തിരുവനന്തപുരത്തു താമസിക്കവെ 1989-ൽ ചരമം പ്രാപിച്ചു. രണ്ടാമത്തെ മകൻ കെ. വി. പുന്നൂസ് രണ്ടാം ലോകമഹായുദ്ധത്തിൽ സിംഗപ്പൂരിലുള്ള ലോർഡു ലൂയി മൗണ്ട്ബാറൻ പ്രഭുവിന്റെ (Supreme Commander S. E. Command) ഹെഡ്ക്വാർട്ടേഴ്സിൽ ഒരു വാർ ആർട്ടിസ്റ്റായി ജോലി ചെയ്ത ശേഷം സെക്കണ്ടറബാദിൽ മിലിട്ടറി എൻജിനിയറിംഗ് കോളജിൽ ചീഫ് ആർട്ടിസ്റ്ററും ഡിസൈനറുമായി (Designer) ജോലി ചെയ്തു.

സെൻട്രൽ ഗവ. സർവ്വീസിൽനിന്നു റിട്ടയർ ചെയ്തു. മൂന്നാമത്തെ മകൻ ജോർജുവറുഗീസ് രണ്ടാം ലോകമഹായുദ്ധത്തിൽ ഇൻഡ്യയിലും ബർമ്മയിലും സൈനിക സേവനം നടത്തിയശേഷം മദ്രാസ് സിവിൽ സർവീസിൽ പ്രവേശിച്ചു ട്രാൻസ്പോർട്ടു കമ്മീഷണറും സെൻട്രൽ റോഡ് ട്രാഫിക്കു് ബോർഡ് ചെയർമാനുമായ പി. സി. മാത്യു, ഐ. സി. എസിന്റെ പേഴ്സണൽ അസിസ്റ്റൻറും പിന്നീടു് ആഫീസ് സീനിയർ സൂപ്രണ്ടുമായി റിട്ടയർ ചെയ്തു. നാലാമത്തെ പുത്രൻ മേജർ പി. വി. വറുഗീസ് ആർമിയിൽ ഒരു മേജർ ആയി റിട്ടയർ ചെയ്തു. അഞ്ചാമത്തെ പുത്രൻ ഡോ. കെ. വി. ജേക്കബ് മദ്രാസ് ട്രാൻസ്പോർട്ടു കോർപ്പറേഷനിൽ സെക്ഷൻ ആഫീസറായി റിട്ടയർ ചെയ്തു.

പെൺമക്കൾ—ശോശാമ്മയാണു് പ്രഥമ സന്താനം. അവരെ മാരാമണ്ണു കലത്താക്കൽ കുടുംബത്തിൽപെട്ട പൂവത്തൂർ തോട്ടത്തിൽ അക്കൗണ്ടു ജനറൽ ഓഫീസ് അക്കൗണ്ട് ആഫീസർ ഏ. സി. പെരുമാൾ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ കെ. വി. തങ്കമ്മയെ മാവേലിക്കര വെട്ടിയിടത്തു പറമ്പിൽ ജോൺ വാദ്ധ്യാരുടെ മകൻ ജോൺ വിവാഹം ചെയ്തു. ഈ മകൾ മരിച്ചുപോയി.

ദ്വിതീയ വിവാഹത്തിലെ 4 ആൺമക്കളിൽ മൂത്തയാൾ കെ. വി. ജോൺ വറുഗീസ് മാവേലിക്കര ഒരു ബാങ്കിൽ ജോലി ചെയ്യുന്നു. രണ്ടാമത്തെ പുത്രൻ കെ. വി. വറുഗീസ് ടെക്സാസിൽ (യു. എസ്) ജോലി ചെയ്തുവരുന്നു. മൂന്നാമത്തെ മകൻ

തോമസ് വർഗീസ് കേരള ഇലക്ട്രിസിറ്റി ബോർഡിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറായി പ്രവർത്തിക്കുന്നു. നാലാമത്തെ മകൻ കോശി വർഗീസ് എയർഫോഴ്സിൽനിന്നു റിട്ടയർ ചെയ്തു മാവേലിക്കര താമസിക്കുന്നു. പുത്രിമാരിൽ സാറാമ്മ ഉമ്മൻ മദ്രാസിൽ എയർപോർട്ടിന്റെ കാർഗോ സെക്ഷനിൽ ജോലി ചെയ്യുന്നു. രണ്ടാമത്തെ മകൾ സൂസൻ ഡൽഹിയിൽ മിലിട്ടറി വെഹിക്കിൾസ് ഡിപ്പോയിൽ അപ്പർ ഡിവിഷൻ ക്ലാർക്കാണു്.

ശ്രീ ചിത്രമെഴുത്തു് കെ. എം. വറുഗീസ്

കേന്ദ്ര ഗവ. 50 രൂപാ പെൻഷൻ അനുവദിച്ചു.

മാവേലിക്കര, ജൂൺ 23-നു രവിവർമ്മ ഗുരുകുലത്തിൽ ഈ കഴിഞ്ഞ 50 വർഷക്കാലം വിദഗ്ധമായി ചിത്രമെഴുത്തു നടത്തി കേരളത്തിലും മദ്രാസിലും വിദേശങ്ങളിലും പ്രസിദ്ധി സമ്പാദിച്ച ശ്രീ. ചിത്രമെഴുത്തു കെ. എം. വറുഗീസിനു് ഇന്ത്യാ ഗവണ്മെൻറിൽനിന്നു മാസം 50 രൂപാവീതം പെൻഷൻ അനുവദിച്ചിരിക്കുന്നു. സാഹിത്യപരമായും ചരിത്രപരമായും രാഷ്ട്രീയമായും മററു മികച്ച പല പ്രബന്ധങ്ങളും ഗ്രന്ഥങ്ങളും എഴുതിയിട്ടുള്ള ശ്രീ വറുഗീസ് മലയാള ഭാഷയിൽ ഗദ്യകവിതാ പ്രസ്ഥാനത്തിന്റെ പ്രയോക്താവെന്ന നിലയിലും പ്രകീർത്തിതനാണു്. അദ്ദേഹത്തിനു 74 വയസ്സു് പ്രായമുണ്ടായിരുന്നു.

(പ്ര. ല.)

മലയാളരാജ്യം റിപ്പോർട്ടു്

ചിത്രമെഴുത്തിന്റെ അന്ത്യം


1962 ജൂലൈ ഇരുപത്തൊന്നാം തീയതിയാണു് ചിത്രമെഴുത്തു അന്തരിച്ചതു്. അതിനു അഞ്ചു മാസങ്ങൾ മുമ്പു് അദ്ദേഹം സ്വഭവനത്തിൽ രാത്രി സമയം കാൽവഴുതി വീണതിനെ തുടർന്നു മാവേലിക്കരെ ഡോക്ടർ എം. പി. ഫിലിപ്പിന്റെ നേഴ്സിങ്ങ് ഹോമിൽ ഏതാനും ആഴ്ചകൾ ചികിത്സ കഴിഞ്ഞു. സുഖം പ്രാപിച്ചു വീട്ടിൽ മടങ്ങിയെത്തിയശേഷം വാർദ്ധക്യസഹജമായ രോഗങ്ങൾ ഇടവിട്ടു ബാധിച്ചു. രോഗം ഗുരുതരാവസ്ഥയിലായപ്പോൾ മാവേലിക്കരെ ഗവണ്മെൻറു ആശുപത്രിയിൽ പ്രവേശിപ്പിച്ചു ചികിൽസിച്ചു എങ്കിലും രോഗനിലയ്ക്കു മാറ്റം ഉണ്ടായില്ല. തുടർന്നു കുറെ ദിവസം പോളച്ചിറക്കൽ പി. സി. കോശിയുടെ സ്വകാര്യ നേഴ്സിങ്ങ് ഹോമിലും ചികിത്സിപ്പിച്ചു. വീണ്ടും ഗവ. ആശുപത്രിയിൽത്തന്നെ കിടത്തി ശുശ്രൂഷിച്ചു. ഈ ദിവസങ്ങളിൽ, മാവേലിക്കര വലിയരാജാ ചിത്രമെഴുത്തു രാമവർമ്മത്തമ്പുരാൻ, ഇസഡ്. എം. പാറേട്ട്, സമുദായ പ്രമുഖന്മാർ, വൈദികർ, ജാതിമത ഭേദമെന്യേ പൗരപ്രധാനികൾ, എല്ലാം അദ്ദേഹത്തെ സന്ദർശിച്ചിരുന്നു. 21-ാം നു മൂന്നു മണിയോടുകൂടി ആ പ്രതിഭ അസ്തമിച്ചു. മലയാള മനോരമ ചീഫ് എഡിററർ കെ. എം. ചെറിയാൻ പിറേറ ദിവസം രാവിലെ മാവേലിക്കരെ എത്തി മലയാള മനോരമയ്ക്കുവേണ്ടി മൃതദേഹത്തിൽ റീത്തു

സമർപ്പിച്ചു. മൃതദേഹം തഴക്കര മാർത്തോമ്മാപള്ളി സെമിത്തേരിയിലെ കല്ലറയിൽ സംസ്കരിച്ചു.

ശ്രീ ചിത്രമെഴുത്തു് കെ. എം. വറുഗീസ് ഇന്നലെ രാവിലെ നിര്യാതനായി

മാവേലിക്കര ജൂലൈ 20

പ്രസിദ്ധ ചിത്രകലാകാരനും ചരിത്ര ഗവേഷകനും സാഹിത്യകാരനുമായ ശ്രീ ചിത്രമെഴുത്തു കെ. എം. വറുഗീസ് ഇന്നു രാവിലെ 8 മണിക്കുശേഷം നിര്യാതനായിരിക്കുന്നു.



അദ്ദേഹത്തിനു 74 വയസ്സു് പ്രായമുണ്ടായിരുന്നു, ഏതാനും നാളുകളായി വാർദ്ധക്യ സഹജമായ അസുഖങ്ങൾ മൂലം ശ്രീ വറുഗീസ് രോഗശയ്യയിലായിരുന്നു.

തഴക്കര പവ്വത്തിക്കുന്നേൽ ശ്രീ മത്തായിയുടെ പുത്രനായ ശ്രീ വറുഗീസ് 1604 മേടം 11-ാം തീയതി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മാവേലിക്കര രാജകീയ ഇംഗ്ലീഷ് ഹൈസ്കൂളിൽ

ചേർന്നു എങ്കിലും സാമ്പത്തികശേഷി ഇല്ലാതിരുന്നതുകൊണ്ടു് തുടർന്നു പഠിക്കാൻ കഴിഞ്ഞില്ല. പഠനം നിറുത്തിയശേഷം മാവേലിക്കര ആർച്ചു് ഡീക്കനായിരുന്ന റവ. ഉമ്മൻ മാമ്മന്റെ ഗുമസ്ഥനായി കുറേനാൾ ജോലിനോക്കി.

ചിത്രകാരൻ

പഠിക്കുന്ന കാലത്തു തന്നെ ചിത്രരചനയിൽ അമിതമായ അഭിരുചി ഉണ്ടായിരുന്ന ശ്രീ വറുഗീസ് 1905-ൽ പ്രസിദ്ധ ചിത്രകാരനായിരുന്ന ശ്രീ പി. മുകുന്ദൻ തമ്പിയുടെ ശിഷ്യത്വം സ്വീകരിച്ചു. അദ്ദേഹത്തിന്റെ ആദ്യകാല ചിത്രങ്ങളിൽ പ്രധാനപ്പെട്ട ഒരെണ്ണം പുലിക്കോട്ടു് ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെതാണു്. തുടർന്നു് ഇക്കാലമത്രയും അദ്ദേഹം എഴുതിയിട്ടുള്ള ചിത്രങ്ങളുടെ കണക്കെടുക്കുക എളുപ്പമല്ല. കാതോലിക്കാ ബാവാ തിരുമേനി, കെ. സി. മാമ്മൻമാപ്പിള, രാജരാജവർമ്മരാജാ, കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, ഡബ്ളിയു. ററി. എഡ്മണ്ട്, ശ്രീമൂലം തിരുനാൾ, ശ്രീനാരായണഗുരുസ്വാമി, ഡോ. കുര്യാളശ്ശേരി, അബ്ദൽമിശിഹാ പാത്രിയർക്കീസ്, ഏബ്രഹാം മാർത്തോമ്മാ തുടങ്ങി ഒട്ടുവളരെ മഹാരഥന്മാരുടെ പ്രശസ്ത ചിത്രങ്ങൾ ശ്രീ വറുഗീസിന്റെ ചിത്രകലാ സാമർത്ഥ്യത്തിന്റെ മകുടോദാഹരണങ്ങളാണു്.

സാഹിത്യകാരൻ

റവ. ഉമ്മൻ മാമ്മൻ പാദ്രിയുടെയും മുകുന്ദൻ തമ്പിയുടെയും സഹവാസവും പുതിയകാവു അമ്പലത്തിലെ കഥകളിയുമാണു് തന്നെ സാഹിത്യകാരനാക്കിയതെന്നു് ശ്രീ വറുഗീസ് തന്നെ എഴുതിയിട്ടുണ്ടു്. ശ്രീ ചിത്രമെഴുത്തിന്റെ ആദ്യത്തെ ലേഖനം പ്രസിദ്ധപ്പെടുത്തിയതു മലയാള മനോരമയിലാണു്. പല പുസ്തകങ്ങളും ആദ്യം പ്രസിദ്ധീകരിച്ചതും മനോരമ തന്നെയാണു്. 'മാത്യൂസ് മാർ അത്താനാസ്യോസിന്റെ പഞ്ചകല്യാണി' എന്ന പുസ്തകം അതിൽ പ്രാധാന്യം അർഹിക്കുന്നു. ആ ഗ്രന്ഥത്തിനു ശ്രീ മന്നത്തു പത്മനാഭൻ ഒരു നീണ്ട വിമർശനം പ്രസിദ്ധപ്പെടുത്തി. അതിനു് മറുപടിയെന്നോണം എഴുതിയ ഒരു പുസ്തകമാണു് 'മലങ്കര നസ്രാണികളും രാജ്യരക്ഷാ പുരുഷത്വവും.' 'പുണ്യവാളനായ ശൗരിയാർ, സുചരിതമുകുരം, ചിട്ടിത്തലയാൾ, നെല്ലിമൂട്ടിലമ്മച്ചി തുടങ്ങി 11 ഗ്രന്ഥങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ടു്'' പവ്വത്തിക്കുന്നേൽ കുടുംബത്തിന്റെ ചരിത്രം കല്ലൂർ പീലിപ്പോസ് ആശാൻ തുടങ്ങി ചില പുസ്തകങ്ങൾ അദ്ദേഹം തീർത്തുവച്ചിരുന്നു.

വള്ളത്തോളിന്റെ മഗ്ദലന മറിയം, കെ. വി. സൈമന്റെ സംഗീതരത്നാവലി എന്നു തുടങ്ങി ഒരു ഡസൻ സമുന്നത ഗ്രന്ഥങ്ങൾക്കു് അദ്ദേഹം അവതാരിക എഴുതിയിട്ടുണ്ടു്.

മലയാള ഗദ്യകവിതാ പ്രസ്ഥാനത്തിനു ശ്രീ ചിത്രമെഴുത്തു നൽകിയിട്ടുള്ള സംഭാവനകൾ വിലപ്പെട്ടവയായിരുന്നു.

പത്രാധിപർ

രണ്ടു വർഷത്തോളം ആത്മപോഷിണി മാസികയുടെ പത്രാധിപത്യം ശ്രീ ചിത്രമെഴുത്തു വഹിച്ചിരുന്നു. തിരുവനന്തപുരത്തു നിന്നു പ്രസിദ്ധീകരണമാരംഭിച്ച സുറിയാനിസഭ എന്ന മാസികയുടെ പത്രാധിപ സമിതിയിലും വളരെക്കാലം അദ്ദേഹം പ്രവർത്തിച്ചിരുന്നു.

ഇരുപത്തിരണ്ടാമത്തെ വയസ്സിലാണു ശ്രീ ചിത്രമെഴുത്തു ആദ്യം വിവാഹം ചെയ്തതു്. പ്രസിദ്ധ ചരിത്രകാരനായ ശ്രീ ടി. കെ. ജോസഫിന്റെ സഹോദര പുത്രിയായ സാറാമ്മയായിരുന്നു അദ്ദേഹത്തിന്റെ ആദ്യപത്നി. അവർ മരിച്ചുപോയതിനുശേഷം ഒരു അദ്ധ്യാപിക കൂടിയായ ശ്രീമതി സി. കെ. മേരിയെ അദ്ദേഹം വിവാഹം ചെയ്തു. രണ്ടു ഭാര്യമാരിലുംകൂടി പന്ത്രണ്ടു മക്കൾ അദ്ദേഹത്തിനുണ്ടു്.

(സ്വ. പ്ര.)

1962 ജൂലൈ 22 ലെ മനോരമ

ശ്രീ ഇസെഡ്. എം. പാറേട്ട മാവേലിക്കര എത്തി മരണത്തിനു മുമ്പു ചിത്രമെഴുത്തിനെ സന്ദർശിച്ചു എഴുതി എടുത്തുകൊണ്ടുപോയതാണു് ഇതിലെ വസ്തുത.

OBITUARY

Kottayam, July 21

Mr. C. K. M. Varghese

Mr. Chithramezhuthu K. M. Varghese, well-known artist and writer, passed away at Mavelikara Hospital this morning, after a short illness. He was 74. The Kerala Government recently sanctioned a monthly allowance for Mr. Varghese in recognition of his contribution to art and literature....P. T. I.

The Hindu, Madras

മലയാള മനോരമയുടെ പ്രശംസ

ചിത്രമെഴുത്തു കെ. എം. വർഗ്ഗീസിന്റെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ടു് മലയാള മനോരമ 1962 ജൂലൈ 22-നു എഴുതിയ മുഖപ്രസംഗം.

'മലയാള സാഹിത്യത്തിലും ചിത്രമെഴുത്തിലും അനിതര സാധാരണമായ വാസനാ വൈഭവവും വൈദഗ്ധ്യവും വ്യക്തിപ്രഭാവവും പ്രകടിപ്പിച്ചിരുന്ന ഒരു കലാ ഭക്തനായിരുന്നു നിര്യാതനായ ചിത്രമെഴുത്തു കെ. എം. വർഗീസ്. വളരെയധികം പ്രശംസയ്ക്കും അഭിനന്ദനത്തിനും പാത്രീഭൂതമായിരുന്ന അദ്ദേഹത്തിന്റെ ചിത്രങ്ങൾ, കലാരംഗത്തോ രാഷ്ട്രീയ രംഗത്തോ ഒരു സംവാദ വിഷയമായിരുന്നില്ല. കലാരാധകന്മാർ അവയെ അഭിനന്ദിക്കുക മാത്രമെയുണ്ടായിട്ടുള്ളു. എന്നാൽ സാഹിത്യത്തിലുള്ള അദ്ദേഹത്തിന്റെ

പ്രവർത്തനങ്ങൾ കേവലം ഒരു കലാകാരന്റേതു മാത്രമായിരുന്നില്ല. തികഞ്ഞ ഒരു സമുദായാഭിമാനിയായിരുന്ന അദ്ദേഹത്തിന്റെ പല കൃതികളും തിരുവിതാംകൂറിലെ രാഷ്ട്രീയരംഗത്തു കോളിളക്കങ്ങൾ സൃഷ്ടിച്ചിട്ടുണ്ടു്. പ്രത്യേകമായ ഒരു ശൈലിയും, രചനാ സാമർത്ഥ്യവും കൈവശമാക്കിയിരുന്ന അദ്ദേഹത്തിന്റെ ലേഖനങ്ങൾക്കുണ്ടായിരുന്ന ആസ്വാദ്യത അദ്ദേഹത്തിന്റെ പ്രതിയോഗികളുടെ പോലും പ്രശംസയ്ക്കു പാത്രമായിട്ടുണ്ടു്. പ്രൈമറി സ്കൂളുകളിൽ നിന്നും വളരെ മുമ്പോട്ടു വിദ്യാലയങ്ങളിൽ പഠിച്ചിട്ടില്ലാത്ത ശ്രീ. വറുഗീസിനു് മലയാള സാഹിത്യത്തിൽ സമുന്നത സ്ഥാനവും ചരിത്രപരമായ ഗവേഷണങ്ങളിൽ അഗാധമായ താൽപര്യവും ഉണ്ടായിരുന്നു എന്നു പറയുമ്പോൾ എത്രമാത്രം സ്വപരിശ്രമംകൊണ്ടു് ഉയർന്നിട്ടുള്ള ഒരു കലാകാരനായിരുന്നു അദ്ദേഹമെന്നു മനസ്സിലാക്കാം. അദ്ദേഹത്തിന്റെ കലാവൈഭവം ഇൻഡ്യാ ഗവണ്മെൻറു അംഗീകരിച്ചു് അദ്ദേഹത്തിനു ഒരു പ്രതിമാസ പാരിതോഷികം നൽകിക്കൊണ്ടിരുന്നു. മലയാള മനോരമയ്ക്കു് ശ്രീ വറുഗീസുമായുള്ള ബന്ധം സുപ്രസിദ്ധമാണു്. അദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ കൃതികൾ മനോരമയിൽ ഖണ്ഡശ്ശ പ്രസിദ്ധപ്പെടുത്തിയവയാണു്. പല എണ്ണച്ചായ ചിത്രങ്ങളും മനോരമയ്ക്കുവേണ്ടി അദ്ദേഹം രചിച്ചിട്ടുണ്ടു്. അങ്ങനെ കലാപരമായി ഞങ്ങളുടെ ഏറ്റവും ഉറ്റ സുഹൃത്തുക്കളിൽ ഒരാളായ ശ്രീ. വറുഗീസിന്റെ നിര്യാണം കലാലോകത്തിനു

തന്നെയല്ല, ഞങ്ങൾക്കു പ്രത്യേകിച്ചും ഒരു നഷ്ടമാണു്.''

ചർച്ചു വീക്കിലി

ചിത്രമെഴുത്തിന്റെ നിര്യാണത്തെ തുടർന്നു 1962 ജൂലൈ 29ലെ ചർച്ചു വീക്കിലിയിൽ പത്രാധിപരായിരുന്ന എൻ. എം. ഏബ്രഹാം എഴുതിയ മുഖപ്രസംഗമാണു ചുവടെ ചേർക്കുന്നതു്.

ചിത്രമെഴുത്തു് കെ. എം. വറുഗീസ്

കലാരംഗത്തു് പ്രശസ്തി ആർജ്ജിച്ചിട്ടുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സംഖ്യ അംഗുലീപരിമിതമാണെന്നു് പറയാം. കല ഒരു വ്യവസായമോ വ്യാപാരമോ ആക്കാൻ കഴിയുമായിരുന്നെങ്കിൽ സുറിയാനിക്കാർ ആ രംഗത്തു് കൂടുതലായി പ്രവേശിക്കാമായിരുന്നു. കൃഷിയും കച്ചവടവും ചിട്ടിയും ഇപ്പോൾ കുറഞ്ഞ തോതിൽ വ്യവസായവും അവരെ ആകർഷിക്കും. നല്ല ആദായമുള്ള പള്ളികളിൽ പട്ടക്കാരാകുന്ന കാര്യത്തിലും അവർക്കു വലിയ വിരോധമില്ല. പള്ളിക്കൂടങ്ങൾ നടത്തി ലാഭമുണ്ടാക്കാൻ കഴിയുമെങ്കിൽ അതിലും അവർ പ്രവേശിക്കും. ഇങ്ങനെ ഉപജീവന മാർഗ്ഗങ്ങളെപ്പറ്റി ചിന്തിക്കുന്നതിനും പ്രയത്നിക്കുന്നതിനുമുള്ള ഒരു വാസന അവർക്കുണ്ടു്. എന്നാൽ കലാവാസന ചുരുക്കം ചിലർക്കേ കണ്ടിട്ടുള്ളു. സാഹിത്യത്തിലും ചിത്രകലയിലും അഭിരുചിയും വൈദഗ്ധ്യവും പ്രദർശിപ്പിച്ചു പ്രശസ്തനായിത്തീർന്ന ചിത്രമെഴുത്തു

ശ്രീ കെ. എം. വറുഗീസ് ആ വിധത്തിൽ സുസ്മരണാർഹനാണു്.

അദ്ദേഹത്തിന്റെ ചിത്രങ്ങളെപ്പററി കലാരാധകന്മാർ ഏകകണ്ഠമായ പ്രശംസകൾ അർപ്പിച്ചിട്ടുണ്ടു്. പ്രശസ്തരായ വ്യക്തികളുടെ എണ്ണച്ഛായാപടമെഴുതുന്നതിലാണു് അദ്ദേഹം കൂടുതൽ ശ്രദ്ധിച്ചിട്ടുള്ളതു്. എന്നാൽ അദ്ദേഹത്തിന്റെ സാഹിത്യപ്രവർത്തനങ്ങൾ ഒരു സംവാദവിഷയമായിത്തീർന്നു. തിരുവിതാംകൂറിന്റെ രാഷ്ട്രീയ ചരിത്രത്തിൽ അസുഖകരമായ സ്മരണകളെ ഉയർത്തുന്ന ഒന്നാണു് സമുദായമത്സരം. ആ മത്സരത്തിൽ മി. വറുഗീസിന്റെ തൂലിക മായാത്ത ചില വ്യക്തിമുദ്രകൾ പതിപ്പിച്ചിട്ടുണ്ടു്. ആ വിധത്തിലാണോ ഒരു കലാകാരന്റെ ആവേശം പ്രകടിപ്പിക്കേണ്ടിയിരുന്നതെന്നുള്ളതിനെക്കുറിച്ചു ധാർമ്മിക ദൃഷ്ട്യാ സംശയം തോന്നാം. പക്ഷെ വികാരങ്ങളെ ഇളക്കിമറിക്കാൻ സാഹിത്യത്തിനുള്ള കഴിവു് എത്രമാത്രമെന്നു് മി. വറുഗീസ് തികച്ചും വ്യക്തമാക്കിയിട്ടുണ്ടു്. അസാമാന്യമായ ഒരു രചനാ സാമർത്ഥ്യവും അനന്യസാധാരണമായ ശൈലിയും പദപ്രയോഗത്തിലുള്ള ഒരു പ്രത്യേക സാമർത്ഥ്യവും അദ്ദേഹത്തിനു വശമായിരുന്നു. സുറിയാനി സമുദായത്തിനു് സാമൂഹ്യ രംഗത്തുണ്ടായിരുന്നതും ഉണ്ടായിരിക്കേണ്ടതുമെന്നു അദ്ദേഹം ചിന്തിച്ച പലതിനെപ്പററിയും അദ്ദേഹം അഭിമാനം കൊണ്ടു. ആവേശം പൂണ്ടുഎഴുതി. അദ്ദേഹത്തിന്റെ ലേഖനങ്ങളും ഗ്രന്ഥങ്ങളും ഇവിടത്തെ നായർ

സമുദായത്തെ വെറുപ്പിച്ചെങ്കിൽ, സുറിയാനി സമുദായത്തെ ആക്ഷേപിച്ചവരോടു അങ്ങനെ ചെയ്യണമെന്നു അദ്ദേഹം വിചാരിച്ചു. അദ്ദേഹത്തോടു ആ അഭിപ്രായത്തിൽ യോജിക്കുന്നവർ പലരും കണ്ടേക്കാം. അങ്ങനെ ചിലർ എഴുതുകയും പറയുകയും ചെയ്യുന്നവർ സാമൂഹ്യരംഗത്തും രാഷ്ട്രീയ രംഗത്തും ഇപ്പോഴുമുണ്ടു്. എങ്കിലും ആത്യന്തികമായ അപഗ്രഥനത്തിൽ അവയുടെ പ്രയോജനങ്ങളെപ്പറ്റി സംശയം തോന്നാം.

ശ്രീ ചിത്രമെഴുത്തു വർഗീസ് ചർച്ചു് വീക്കിലിയുമായി ഉറ്റ സുഹൃദ്ബന്ധം പുലർത്തിയിരുന്നു. അതിലെ മുഖപ്രസംഗങ്ങളെയും പ്രതിവാര പ്രഭാഷണങ്ങളെയും പറ്റിയെല്ലാം അഭിനന്ദനപൂർവ്വം പലപ്പോഴും ഞങ്ങൾക്കെഴുതിയിട്ടുണ്ടു്. ഞങ്ങളുടെ അഭിപ്രായങ്ങളോടു എന്നും അദ്ദേഹം യോജിച്ചിരുന്നില്ല. എങ്കിലും, അദ്ദേഹം ഒരു മിത്രമായിത്തന്നെ വർത്തിച്ചു. അദ്ദേഹം മാർത്തോമ്മാ സഭാംഗമായിത്തീർന്നതിന്റെ ശേഷവും ആ സൗഹാർദ്ദബന്ധം തുടർന്നുപോന്നു. വിശ്വാസം സംബന്ധിച്ചു അദ്ദേഹത്തിനു ചില വ്യക്തമായ അഭിപ്രായങ്ങളുമുണ്ടായിരുന്നു. അവയിൽ പലതുമായി ഞങ്ങൾക്കു യോജിക്കുവാൻ സാദ്ധ്യമായിരുന്നില്ല.

ശ്രീ വറുഗീസ് ഞങ്ങൾക്കു പ്രസിദ്ധീകരണാർത്ഥം അയച്ചുതന്ന ഒരു ചരിത്രരേഖയും അദ്ദേഹത്തിന്റെ

വ്യാഖ്യാനങ്ങളും ഇന്നും ഞങ്ങളുടെ പക്കൽ ഉണ്ടു്.
അതു താമസിയാതെ
പ്രസിദ്ധപ്പെടുത്തിത്തുടങ്ങുന്നതാണു്.
അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ഞങ്ങൾ
പരിതപിക്കുന്നു. അദ്ദേഹത്തിന്റെ സന്തപ്ത
കുടുംബാംഗങ്ങളോടു ഞങ്ങൾ അനുശോചനം
രേഖപ്പെടുത്തിക്കൊള്ളുകയും ചെയ്യുന്നു.

12

നന്ദിപ്രകടനം

തന്റെ പിൻഗാമികൾക്കു ചിത്രമെഴുത്തു നൽകിയ സാരോപദേശങ്ങളിൽ, തന്നെ സഹായിച്ചവരോടു് എക്കാലവും നന്ദിയുള്ളവരായിരിക്കണമെന്നു അനുസ്മരിപ്പിച്ചിട്ടുണ്ടു്. നേരത്തെ തയ്യാറാക്കിയ കുടുംബചരിത്രത്തിൽനിന്നുള്ള ആ ഭാഗം ചുവടെ ചേർക്കുന്നു.

എന്റെ ഗുരുവും ആരാധനാപാത്രവുമായ മാവേലിക്കര കൊട്ടിലപ്പാട്ടു് പാലസ് ആർട്ടിസ്റ്റു പി. മുകുന്ദൻ തമ്പി, പിതാവായ മണ്ണൂർ മഠത്തിൽ സകലകലാ വല്ലഭൻ അവിട്ടംതിരുനാൾ ഉദയവർമ്മ രാജാ.


മുകുന്ദൻ തമ്പിയുടെ അടുക്കലേക്കു് എന്നെ ആദ്യമായി കൂട്ടിക്കൊണ്ടുപോയ കോലേലിൽ ജോസഫ് ഫർണാണ്ടസ്.

'എന്നെ സാഹിത്യലോകത്തിലേക്കു് ഹസ്താവലംബം നൽകി ഒരു മാന്യ സ്ഥാനത്തേക്കു് ആനയിച്ച മഹാ പുരുഷൻ നാടുകടത്തപ്പെട്ട കെ. രാമകൃഷ്ണപിള്ള, ബി. എ. ആയിരുന്നു. കുന്നംകുളം 'ആത്മപോഷിണി' മാസികയുടെ പത്രാധിപരായിരുന്ന ആ ധീര കേസരി എന്നെ ഉൽസാഹിപ്പിക്കയും എന്നെക്കൊണ്ടുതന്നെ എന്റെ

തെറ്റുകൾ തിരുത്തിച്ചു് ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയും എനിക്കു് മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആ ധീര ദേശാഭിമാനിയോടും അദ്ദേഹത്തിന്റെ സന്താന പരമ്പരകളോടും എന്റെ പിൻഗാമികൾ ഏറ്റവും നന്ദിയുള്ളവരായിരിക്കണം.

രാഷ്ട്രീയമായും ചരിത്രപരമായും ഞാൻ ലേഖനങ്ങൾ എഴുതി പരിചയിച്ചതു് മാന്നാനത്തുനിന്നു പുറപ്പെട്ടിരുന്ന നസ്രാണി ദീപികയിലായിരുന്നു. അക്കാലത്തു് അതിന്റെ പത്രാധിപത്യം വഹിച്ചിരുന്ന തെങ്ങുംമൂട്ടിൽ വർഗീസ് മാപ്പിളയുടെ പ്രോൽസാഹജനകമായ അഭിനന്ദനക്കത്തുകൾ ഈ പന്ഥാവിൽ എന്നെ വളരെയധികം ത്വരിപ്പിച്ചിരുന്നു.

'അടുത്തതായി പറയേണ്ട പേർ മലയാള മനോരമ പത്രാധിപർ കെ. സി. മാമ്മൻ മാപ്പിളയുടേതാണു്. എന്നെ തഴുകിത്താലോലിച്ചു് ഓമനിച്ചു വളർത്തിയതു് ആ മഹാ പുരുഷനാണു്. പണംതന്നും അഭിനന്ദിച്ചും പ്രോത്സാഹിപ്പിച്ചും ലാളിച്ചും എന്നെ സാഹിത്യലോകത്തിൽ ഉയർത്തിക്കാണിച്ചു എന്നെ ക്രൈസ്തവ സമുദായത്തിന്റെ ഒരു സമ്പത്താക്കിത്തീർത്ത ആ വിജ്ഞാന പാരാവാരത്തോടു് എനിക്കുള്ള കടപ്പാടു് വളരെയധികമാണു്. കേരള ഭൂമിയിലെ ഏറ്റവും വലിയ രാഷ്ട്രീയ ചിന്തകനും രാഷ്ട്രീയ വിമർശകനും വിദൂര വീക്ഷണ നിപുണനുമായ ആ ഒരു ശ്രേഷ്ഠ പുരുഷനോടും അദ്ദേഹത്തിന്റെ



കുടുംബത്തോടും സന്താന പരമ്പരകളോടും എന്റെ പിൻഗാമികൾ എക്കാലവും കൃതജ്ഞതയുള്ളവരായിരിക്കണം. അദ്ദേഹം ഇന്നും ദീർഘായുഷ്മാനായിത്തന്നെ വർത്തിക്കുന്നു.

'എന്റെ സാഹിത്യ ലേഖനങ്ങൾ വായിച്ചു് ആനന്ദ തുന്ദിലനായി പല പ്രസംഗവേദികളിൽ എന്നെ എപ്പോഴും കീർത്തിക്കുമായിരുന്ന മലയാള സാഹിത്യ ചക്രവർത്തിയായ ഓ. എം. ചെറിയാനോടും എന്നെ വളരെയധികം പ്രോൽസാഹിപ്പിച്ചിട്ടുള്ള സാഹിത്യകാരനും നാടക കർത്താവുമായ പി. കെ. കൊച്ചീപ്പത്തരകനോടും ഞാൻ അത്യധികം കൃതജ്ഞതയുള്ളവനാണു്. ഇവരുടെ പിൻഗാമികളോടും എന്റെ സന്താന പരമ്പരകൾ എന്നും നന്ദിയുള്ളവരായിരിക്കേണ്ടതാണു്. ഇവരിൽ റാവു സാഹേബ് ഓ. എം. ചെറിയാൻ ചരിത്ര സംബന്ധമായ ഗവേഷണങ്ങൾക്കായി എനിക്കു് ധനസഹായം നൽകീട്ടുണ്ടു്.
ഭാഷാപോഷിണിപ്പത്രാധിപർ എന്ന നിലയിൽ

കൊച്ചീപ്പത്തരകൻ എന്റെ ലേഖനങ്ങൾക്കു് പിടിപ്പതു് പ്രതിഫലം നൽകീട്ടുള്ളതാണു്.

ചിത്രകലാസംബന്ധമായ കാര്യങ്ങളിലും, എന്നെ സംബന്ധിക്കുന്ന മററു ചില കാര്യങ്ങളിലും എനിക്കു് സഹായവും തുണയും നൽകീട്ടുള്ള സമ്പൂജ്യനും ആശ്രിതവൽസലനുമായ മാവേലിക്കര വലിയ രാജാ ചിത്രമെഴുത്തു രാമവർമ്മ തമ്പുരാൻ (ചിത്രമെഴുത്തു കിളിമാനൂർ രവിവർമ്മ വലിയകോയിത്തമ്പുരാന്റെ മകൻ) തിരുമേനിയോടും നന്ദിയുള്ളവരായിരിക്കണം.

✦ ✦ ✦

ചിത്രമെഴുത്ത് കെ. എം. വറുഗീസ്

അതിപ്രശസ്തനായ ചിത്രമെഴുത്തുകാരൻ. അസാധാരണ ചിത്ര പ്രതിഭാവത്വം, കേരളത്തു, അസാധാരണമായ ചിത്രികത്തെ പാടവംകൊണ്ടും കവിനൃ പ്രതിഭാവത്തിനൽ നേടിയ പ്രകാശശോഭി മായെ സുലളിത പദവിനൃാസ പ്രയാതമായ ഭാഷശൈലി കൊണ്ടും അത്യാഹിതനായ സാഹിത്യകാരൻ, ശക്യകവിതാ ശാമ്രയുടെ ഉപജ്ഞാതാവായ', ഹനിശ്രുഷ്ഠകളകൈകൻ, പത്തു തോമുഴിൻെറ വിശൃപ്രസിദ്ധമായ 'മധലനരരിയത്തിന്' ' ആ ചോദ്യ അർക്കി അവരുതിക് എഴുതിയ സാഹിത്യ നാകകന്റ 'വേദവിനാശാ' രചിക്കാൻ മഹാകവി കെ. വി. സൈമണെ പ്രേരിപ്പിച്ച പ്രകനാ വ്യക്തി, കൈസുശരക്കം അമിതഗ്ന സാഹ കൃകകൻ, പാതസാഹ വാതത്തിലഹ മനോറിരചാരഭളി, സം സ്കൃതസസരായായ മലങ്കര സഭാമനൃകി, പത്രാന്തിപർ, നോ വലിസ്റ്റ്'', ചെറുകഥാകൃത്ത്'' ഇതങ്ങിയ നിലകളിൽ ഇതപ താം നൂറ്റാണ്ടിൻെർ മലയാളകക്കളിൽ നമുടെ സംസ്ഥാന ത്തിൻെർ സാംസ്കരിക-പിപരുത്തിലിത സ്ഥാനങ്ങളിൽ നിണായ നിന ഭാവസമ്പന്നനായ ചിത്രമെഴുത്ത് കെ. എം. വറുഗീ സിൻെർ ലഘു ജീവചരിത്രമാണിത്.



കെ. വി. മാമ്മൻ

ഭാഷാ സുനഭരൃാസധരകർക്കും ഭാഷാ സാ ഹിതു, സുമനിമാർക്ക് മാർഗ്ഗദർശനം നൽകുന്ന '' ചിത്രമെഴുത്ത് കെ. എം. വറുഗീസിനെ' ഞാൻ അക് ഷരവിദ്യാധികളളനെയ മലയാളികളുടെ കൈകളിൽ സസന്തോമം സമർപ്പിക്കുന്ന.

വില 45 രൂപ

പ്രസാധകർ:-
കോട്ടയ്ത്ത പബ്ളിഷേഴ്സ്,
മാങ്ങാനം, കോട്ടയം - 18